ദിവ്യബോധനം ഗ്രന്ഥാവലി – 22

# സഭയും സാമൂഹ്യപ്രതിബദ്ധതയും

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

**ദിവ്യബോധനം പബ്ലിക്കേഷൻസ്**
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 110.00

*(Malayalam)*

**Sabhayum Samoohya Prathibadhadayum**
(Church and Social responsibilities)

Dr. Geevarghese Mar Osthathios Metropolitan

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526 |
| First Published | : | April, 1997 |
| Second Edition | : | Aug. 2015 |
| Copyright reserved | | |
| Number of copies | : | 1000 |
| D.T.P. & Printing | : | Sophia Print House, Kottayam |

Price: **Rs. 110/-**

# പ്രസ്താവന

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഏറ്റവും അഭിമാനകരമായ 'ദിവ്യബോധനം' വിശ്വാസപഠനപദ്ധതി ഡിഗ്രി തലത്തിലേക്ക് ഉയർന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

ഓർത്തഡോക്സ് വൈദിക സെമിനാരി (പഴയസെമിനാരി) യിലെ പ്രഗൽഭരായ അദ്ധ്യാപകരുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി പ്രസിദ്ധീകരിക്കുന്ന ദിവ്യബോധനം പുസ്തകങ്ങൾ മലങ്കരസഭയിലും ഇതര സഭകളിലും വളരെയേറെ ഉപയോഗിക്കപ്പെടുന്നു എന്നത് നമുക്ക് അഭിമാനകരമാണ്. വിശുദ്ധ വേദപുസ്തകം, സഭയുടെ വിശ്വാസം, ആരാധന, ചരിത്രം, മിഷണറി ദൗത്യം, എക്യുമെനിസം, അജപാലന ശുശ്രൂഷ എന്നിവയെക്കുറിച്ചെല്ലാം ആധികാരികമായും അതേസമയം ലളിതമായും പ്രതിപാദിക്കുന്ന ഈ പുസ്തകങ്ങൾക്ക് ഇനിയും കൂടുതൽ പ്രചാരവും പ്രസക്തിയും ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല.

ദിവ്യബോധനം ഗ്രന്ഥാവലിയിലൂടെ നമ്മുടെ ജനങ്ങൾക്കെല്ലാം ആഴമായ വേദജ്ഞാനവും വിശുദ്ധ ജീവിതവും ക്രിസ്തീയ ജീവിതത്തിന്റെ ധാർമ്മികവും സാമൂഹികവുമായ വെല്ലുവിളികളെ സ്വീകരിക്കാനുള്ള മനസ്സൊരുക്കവും ലഭിക്കണമെന്ന് ഇതിന്റെ പ്രവർത്തകർ ആഗ്രഹിക്കുന്നു. അൽമായക്കാരുടെയും വിശിഷ്യ സ്ത്രീകളുടെയും വേദശാസ്ത്ര വിദ്യാഭ്യാസത്തിന് എക്യുമെനിക്കൽ തലങ്ങളിൽ പ്രത്യേക പ്രധാന്യം നൽകുന്നുണ്ട്. നമ്മുടെ മലങ്കര ഓർത്തഡോക്സ് സഭ ഇക്കാര്യം ഗൗരവമായി പരിഗണിച്ചാണ് ദിവ്യബോധനം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

ഓർത്തഡോക്സ് സെമിനാരി പ്രൊഫസറും നിരണം ഭദ്രാനാധ്യക്ഷനുമായിരുന്ന അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ രചിച്ച ഈ പഠനഗ്രന്ഥം ഡിഗ്രിതലത്തിൽ രണ്ടാമത് പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകമാണ്.

മലങ്കരസഭയുടെ ഭാരതത്തിലെ മിഷണറി ദൗത്യം താത്വികമായി രൂപപ്പെടുത്തുകയും പ്രായോഗികതലത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്ന മിഷണറി ബിഷപ്പായിരുന്നു അഭിവന്ദ്യ മാർ ഒസ്താത്തിയോസ് തിരുമേനി. ഓർത്തഡോക്സ് പാരമ്പര്യത്തിന് അനുയോജ്യമായ ഒരു മിഷണറി വേദശാസ്ത്രത്തിന്റെ രൂപരേഖകളാണ് പുസ്തകത്തിൽ അദ്ദേഹം നൽകുന്നത്. കുറെയാളുകളെ മതം മാറ്റുകയോ മാനസാന്തരപ്പെടുത്തുകയോ മാത്രം ചെയ്ത് സഭയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുക എന്ന പാശ്ചാത്യ മിഷണറി ധാരണ അദ്ദേഹം പൂർണമായും തിരുത്തുന്നു.

സുവിശേഷത്തിന്റെ പ്രഖ്യാപനത്തിലൂടെ സാമൂഹിക-സാമ്പത്തിക സമത്വവും വർഗ്ഗരഹിതമായ സാഹോദര്യവും മനുഷ്യർക്കിടയിൽ ഉണ്ടാകണം എന്ന ദർശനത്തിനാണ് തിരുമേനി മൂല്യം കൽപ്പിക്കുന്നത്. സകലത്തെയും പുതുതാക്കുന്ന ലോകരക്ഷകനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മുടെ സാമൂഹ്യഘടനകളെയും വ്യക്തിബന്ധങ്ങളെയും പൂർണ്ണമായി പുതുക്കാൻ നാം യത്നിക്കണം. ദാരിദ്ര്യവും, പീഡനവും ഈ ലോകത്തിൽ നിന്ന് നീങ്ങിപ്പോകണം. ദൈവരാജ്യം ഇവിടെ സന്നിഹിതമാവണം - ഇതൊക്കെയാണ് സുവിശേഷപ്രവർത്തനത്തിന്റെ വിവക്ഷകൾ.

പരിശുദ്ധ ത്രിത്വത്തിലുള്ള ആളത്തങ്ങളുടെ അതുല്യമായ പാരസ്പര്യവും, സ്നേഹത്തിന്റെ പങ്കാളിത്തവും, സമ്പൂർണ്ണ സമത്വവും നമ്മുടെ മനുഷ്യ സമൂഹത്തിന് മാതൃകയായിത്തീരണം എന്ന ഓർത്തഡോക്സ് ദർശനത്തിലാണ് ഈ പുസ്തകം ഊന്നിനിൽക്കുന്നത്. മുൻ ഗ്രന്ഥങ്ങളെപ്പോലെതന്നെ എല്ലാവരും ഇതിനെയും സഹർഷം സ്വാഗതം ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015
പഴയസെമിനാരി

# ആമുഖം

“സഭയും സാമൂഹ്യപ്രതിബദ്ധതയും” എന്ന ശീർഷകത്തിൽ ദിവ്യ ബോധനം പഠനപദ്ധതിയിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു കാണുന്ന തിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. ബലഹീനനായ എന്റെ വിവിധ ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവർക്കുപോലും എന്റെ സമഗ്ര വീക്ഷണം ഒരുമിച്ചു കാണുവാൻ ഈ 22-ാം പാഠാവലി സഹായിക്കും.

സഭാപിതാക്കന്മാരിൽ അഗ്രഗണ്യരായ വലിയ മാർ ബസേലിയോസും സ്വർണ്ണനാവുകാരനായ ഈവാനിയോസും ഇപ്രകാരം ഒരു ചിന്താസര ണിയിലേക്ക് എന്നെ തിരിച്ചുവിട്ടവരിൽ പ്രധാനന്മാരാണ്. ആമോസിന്റെ പ്രവചനം എന്റെ ചെറുപ്രായം മുതൽ എന്നെ ഉദ്ദീപിപ്പിച്ചിട്ടുണ്ട്.

മുതലാളിത്വ വ്യവസ്ഥിതിക്കാർക്ക് ഈ ഗ്രന്ഥപഠനം വെറുപ്പും മനഃ പ്രയാസവുമുണ്ടാക്കിയേക്കാം. കമ്മ്യൂണിസത്തിന്റെ സാമൂഹ്യനീതിയുടെ അടിസ്ഥാനം മാനുഷികമാണെങ്കിൽ ഈ ഗ്രന്ഥം പ്രതിപാദിക്കുന്നത് ത്രിത്വാധിഷ്ഠിതമായ സാമൂഹ്യപ്രതിബദ്ധതയാണ്.

ഒന്നാം യൂണിറ്റ് ആദ്യമായി പാലിച്ചെങ്കിൽ മാത്രമേ സഭയുടെ ദൈവ ശാസ്ത്രാടിസ്ഥാനത്തിലുള്ള സാമൂഹ്യപ്രതിബദ്ധത മനസ്സിലാകൂ. മത നിരപേക്ഷതയാകുന്ന സെക്കുലറിസമല്ല സഭയുടെ അടിസ്ഥാനം; പിന്നെയോ മനുഷ്യാവതാരവും, പരിശുദ്ധാത്മാവും വി. ത്രിത്വവിശ്വാസ വുമത്രെ.

മറ്റു മതങ്ങളുടെ പ്രേഷിതത്വവും ക്രിസ്തീയ പ്രേഷിതത്വവും തമ്മി ലുള്ള സാമ്യവും വ്യത്യാസവും രണ്ടാം യൂണിറ്റ് പഠിപ്പിക്കുന്നു. ലോകം ഒന്നാകുവാനുള്ള ഉത്ഘടമായ വാഞ്ഛ പാഠങ്ങളിൽ കാണാം. പഴയ ചിന്താ ഗതിയിൽ നിന്നും വിഭിന്നതയും പുതുമയും ഈ സമീപനത്തിലുണ്ട്.

‘വർഗരഹിത സമൂഹം’ എന്ന ഗ്രന്ഥത്തിലും ‘Sharing God and a Sharing world’ എന്ന നൂതന ഗ്രന്ഥത്തിലുമുള്ള വിശദാംശങ്ങൾ ആവർത്തി ച്ചിരിക്കുന്നത് വിരസത തോന്നാത്തവിധത്തിലാണ്.

നാലാം യൂണിറ്റ് വികസനത്തിന്റെ ഇന്നത്തെ പോക്ക് നിരൂപണ വിധേ യമാക്കിയിരിക്കുന്നു. സേവനത്തിന്റെ പ്രേരണയിലുള്ള പങ്കിടീലാണ് ശരി യായ വികസനം. അത് പ്രാദേശികമായും ദേശീയമായും അന്തർദേശീ യമായും ഉണ്ടാകണം.

‘സ്നേഹമാണ് അഖിലസാരമൂഴിയിൽ’ എന്ന പഴഞ്ചൊല്ല് ദൈവ ശാസ്ത്രാടിസ്ഥാനത്തിൽ തെളിയിക്കുന്ന ഒരു ഗ്രന്ഥമാണിത്. ലോകം ഒരു കുടുംബമായി പരിവർത്തനവിധേയമാകാനുള്ള ആഹ്വാനം ഇതിൽ

അടങ്ങിയിരിക്കുന്നു. ജന്മപാപം ഒന്നുണ്ടെങ്കിൽ അതു സ്വാർത്ഥതയാണ്. സ്വാർത്ഥത ജന്മവാസനയാണെന്നു സമ്മതിക്കാമെങ്കിലും ആദ്ധ്യാത്മികത അല്ല തന്നെ. 'ദൈവം സ്നേഹമാകുന്നു" എന്ന തിരുവചനം (1 യോഹ. 4:8, 16) അടിസ്ഥാനമാക്കി വി. ത്രിത്വം പഠിക്കാമെങ്കിൽ ദൈവീകരണം സാമൂഹീകരണമായി മാറും. ഇപ്പോൾ ഉട്ടോപ്യൻ എന്നു ചിലർ പുച്ഛിക്കുമെന്നറിഞ്ഞുകൊണ്ടു തന്നെയാണ് ഈ പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. നല്ല നാളെ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഇത് കൂലംകഷമായി പഠിക്കാതിരിക്കയില്ല.

ആഗ്രഹിക്കുന്നതിലും നിനയ്ക്കുന്നതിലും അധികമായ ഫലം ദിവ്യബോധന ഗ്രന്ഥാവലികൾ കൊണ്ടുണ്ടാക്കുവാൻ ത്രിയേക ദൈവം സഹായിക്കട്ടെ.

**ഗീവറുഗീസ് മാർ ഒസ്താത്തിയോസ്**

കോട്ടയം
1996 നവംബർ 27

# പ്രസാധകക്കുറിപ്പ്

അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ദിവ്യബോധനം സർട്ടിഫിക്കറ്റ് തലത്തിൽ "വിശ്വാസദീപ്തി"യും ഡിപ്ലോമാ തലത്തിൽ "ധർമ്മദീപ്തിയും" വളരെ പ്രസിദ്ധങ്ങളായ രണ്ടു ഗ്രന്ഥങ്ങളാണ്. മറ്റ് അനേകം ഗ്രന്ഥങ്ങൾ തിരുമേനിയുടേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. ദിവ്യബോധനം 'ഡിഗ്രി' കോഴ്സിലേക്ക് ഒരു ഗ്രന്ഥം എഴുതുവാനായി തിരുമേനിയോട് ആവശ്യപ്പെട്ടപ്പോൾ വലിയ ഒരു ഗ്രന്ഥ രചന അത്ര എളുപ്പമല്ലാത്തതിനാൽ, നേരത്തെ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നും, ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിന്നും ആവശ്യാനുസരണം തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുവാൻ ദിവ്യബോധനം കേന്ദ്ര കമ്മിറ്റിക്ക് തിരുമേനി അനുവാദം നൽകുകയായിരുന്നു.

ദിവ്യബോധനം പഠിതാക്കൾക്ക് ആവശ്യമായ നിലയിൽ വേണ്ടതെല്ലാം കൂടി തെരഞ്ഞെടുത്ത്, ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് ഈ ഗ്രന്ഥം. ഇതിലെ ആദ്യത്തെ രണ്ടു യൂണിറ്റുകൾ, 12 പാഠങ്ങളിലായി 'പ്രേഷിത വൃത്തിയുടെ വേദശാസ്ത്രം', 'പ്രേഷിതസമീപനങ്ങൾ' എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയാണ്. ദിവ്യബോധനം വിദ്യാർത്ഥികളെല്ലാവരും തന്നെ സഭയുടെ മിഷണറി പ്രവർത്തനത്തിൽ ഉത്സുകരാകത്തക്കവിധത്തിലാണ് ഈ പാഠങ്ങൾ തെരഞ്ഞെടുത്തത്.

ആധുനിക ദൈവശാസ്ത്ര മേഖലയിൽ, സമൂഹമായി ജീവിക്കുമ്പോഴുണ്ടാകുന്ന പ്രവണതകൾക്ക് ഊന്നൽ കൊടുക്കുന്ന സമീപനങ്ങളാണ് കണ്ടുവരുന്നത്. അപ്രകാരം 'വർഗ്ഗരഹിത സമൂഹം' എന്ന മൂന്നാമത്തെ യൂണിറ്റിൽ സമൂഹത്തോടുള്ള സഭയുടെ പ്രതിബദ്ധത വിലയിരുത്തുന്നുണ്ട്. നാലാമത്തെ യൂണിറ്റിൽ 'വികസനം' വിവിധ തലങ്ങളിലായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. സമൂഹത്തിന്റെ ശരിയായ വികസനത്തിന്, സഭയുടെ പങ്ക് എന്താണെന്ന് വിശദീകരിക്കുകയാണിവിടെ. ക്രിസ്തീയ കാര്യവിചാരകത്വം, പങ്കിടുന്ന വികസനം, വിമോചന ദൈവശാസ്ത്രം, പരിസ്ഥിതി ദൈവശാസ്ത്രം തുടങ്ങിയ പ്രധാനപ്പെട്ട വിഷയങ്ങൾ തിരുമേനി അവതരിപ്പിക്കുന്നത് വായനക്കാർക്ക് വളരെയേറെ പ്രയോജനകരമാണെന്നതിന് സംശയമില്ല.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഒ. തോമസ്, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, രജിസ്ട്രാർ റവ. ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, സെൻട്രൽ ഓർഗനൈസർ പ്രൊഫ. ഡോ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. യും അച്ചടിയും ഭംഗിയായി നിർവ്വഹിച്ച സോഫിയാ പ്രിന്റ് ഹൗസിനു നന്ദി. സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചു കൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

**ഫാ. ഡോ. നൈനാൻ കെ. ജോർജ്**

(രജിസ്ട്രാർ)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015
പഴയസെമിനാരി

# ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

മാവേലിക്കര ചെറുകോൽ മുണ്ടുവേലിൽ വൈദ്യൻ കൊച്ചിട്ടി കൊച്ചിട്ടിയുടെയും ഈഴേക്കടവിൽ മറിയാമ്മ കൊച്ചിട്ടിയുടെയും രണ്ടാമത്തെ മകൻ. ജനനം 1918 ഡിസംബർ 9-ന്.

ചെറുകോൽ സാൽവേഷൻ ആർമി സ്കൂളിൽ ഏഴാം ക്ലാസ്സ് വരെ പഠിച്ചു. പത്തിച്ചിറ സെന്റ് ജോൺസ്, മാവേലിക്കര ബി. എച്ച് എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം.

ശാസ്താംകോട്ട സെന്റ് ജോൺസ് റൂറൽ ബേസിക് ട്രെയിനിംഗ് സ്കൂളിൽ റ്റി.റ്റി.സി. (1941-43) പാസ്സായി. ഇടയാറന്മുള ഫ്രീ സ്കൂളിലും മാവേലിക്കര ബി. എച്ച് ഹൈസ്ക്കൂളിലും പത്തിച്ചിറ സെന്റ് ജോൺസ് സ്കൂളിലും അദ്ധ്യാപകൻ. മാവേലിക്കരയിൽ ഒരു വാടക കെട്ടിടത്തിൽ 1953-ൽ 'സുവിശേഷാലയം' ആരംഭിച്ചു. ജബൽപ്പൂർ ലിയോണാർഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും ബി. ഡിയും (1943-47) അമേരിക്കയിൽ ന്യൂജേഴ്സിയിലെ ഡ്രൂ (Drew) യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫിയിൽ എം.എ. യും ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്നും എസ്.റ്റി.എം. ഉം കരസ്ഥമാക്കി (1948-51). സെറാംമ്പൂർ സർവ്വകലാശാലയിൽ നിന്നും 1993-ൽ ഡോക്ടറേറ്റ് നേടി.

പ്രശസ്ത വേദശാസ്ത്രജ്ഞരായ പോൾ ടില്ലിക്ക് (Paul Tillich 1886-1965), റെനോൾഡ് നീബുർ (Reinhold Niebuhr1892-1971), ജോർജസ് ഫ്ളോറോവ്സ്ക്കി (Georges Florovsky 1893-1979), എഡ്വിൻ ലൂയിസ് (Edwin Lewis 1881-1959) എന്നിവരുടെ മുഖ്യ ശിക്ഷണത്തിൽ അമേരിക്കയിൽ വേദശാസ്ത്രം അഭ്യസിച്ചു. 1952 മുതൽ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ അദ്ധ്യാപകൻ (1952-2008).

1948 ആഗസ്റ്റ് 8-ന് ഔഗേൻ മാർ തീമോത്തിയോസിൽ നിന്ന് പഴയസെമിനാരിയിൽ വച്ച് കോറൂയോ പട്ടവും ദേവലോകം അരമനയിൽ വച്ച് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായിൽ നിന്നും 1956 മെയ് 9-ന് പൂർണ്ണശെമ്മാശുപട്ടവും മെയ് 10-ന് വൈദിക പട്ടവും ലഭിച്ചു. 1965 ഡിസംബർ 28-ന് കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ 'മെത്രാപ്പോലീത്താ സ്ഥാനത്തേക്ക്' തെരഞ്ഞെടുത്തെങ്കിലും സ്ഥാനം ലഭ്യമായില്ല. 1974 ഒക്ടോബർ 2-ന് നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് വീണ്ടും തെരഞ്ഞെടുത്തു. 1975 ഫെബ്രുവരി 15-ന് ശനിയാഴ്ച പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് റമ്പാൻ സ്ഥാനം നൽകി. 1975 ഫെബ്രുവരി 16-ന് ഞായറാഴ്ച നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ വച്ച് പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ, 'ഗീവറുഗീസ് മാർ ഒസ്താത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായാക്കി. 1976 ഏപ്രിൽ ഒന്നിന് നിരണം ഭദ്രാസനാധിപനായി ചുമതലയേറ്റു. 2005 ജൂലൈ മൂന്നിന് ഭദ്രാസന ഭരണത്തിൽനിന്നും വിരമിച്ചു. 2008 ജനുവരി 27 ന് പ. ബസ്സേലിയോസ് ദിദിമോസ്

പ്രഥമൻ കാതോലിക്കാ ബാവാ 'മലങ്കരസഭാരത്നം' ബഹുമതി നൽകി ആദരിച്ചു.

കോട്ടയം ഏലിയാ കത്തീഡ്രൽ, കൽക്കട്ട സെന്റ് ജോർജ്ജ്, ചങ്ങനാശ്ശേരി സെന്റ് തോമസ്, കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ, കുഴിമറ്റം സെന്റ് ജോർജ്ജ് എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവ്വഹിച്ചു. സൗദി അറേബ്യയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ കോൺഗ്രിഗേഷന്റെയും(1975) 'മരുഭൂമിയിലെ നീരുറവ' എന്ന സഹായനിധിയുടെയും സ്ഥാപകൻ.

അഖില ലോക സഭാ കൗൺസിൽ ഫെയ്ത്ത് ആൻഡ് ഓഡർ കമ്മീഷനിലും പ്രോ-ഓറിയന്റെ ഫൗണ്ടേഷനിലും അംഗമായിരുന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ച്സ്, ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറി, ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, സ്ലീബാദാസ സമൂഹം എന്നിവയുടെ പ്രസിഡന്റായിരുന്നു; ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ വൈസ് പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു.

അഖിലലോക സഭാകൗൺസിലിന്റെ വിവിധ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിവിധ രാജ്യാന്തര-ദേശീയ സമ്മേളനങ്ങളിൽ 1952 മുതൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു.

സാമൂഹിക ആതുര ശുശ്രൂഷാരംഗങ്ങളിൽ വിവിധ പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രാരംഭമിട്ടു. 1958-ൽ സെന്റ് പോൾസ് സുവിശേഷ സംഘവും 1959-ൽ പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും, 1978-ൽ കന്യാസ്ത്രീ മഠവും ആരംഭിച്ചു. മാവേലിക്കര സുവിശേഷാലയം 1979-ൽ, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററായി ഉയർത്തി, മലങ്കരസഭയിൽ മിഷൻ പഠനത്തിനും പ്രവർത്തനത്തിനും പുതിയ ദിശപകർന്നു. മലങ്കര ഓർത്തഡോക്സ് സഭയെ മിഷനറി സഭയാക്കി ഭാരതം മുഴുവൻ സുവിശേഷ പ്രവർത്തനം നടത്തുകയായിരുന്നു മുഖ്യലക്ഷ്യം. അതിനായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിരവധി സ്ഥാപനങ്ങൾക്ക് തുടക്കമിട്ടു.

ക്രിസ്തീയ വേദശാസ്ത്രത്തിലും ഇന്ത്യൻ ഫിലോസഫിയിലും അവഗാഹം നേടി. സ്നേഹത്തിലധിഷ്ഠിതമായ ത്രിത്വ വേദശാസ്ത്രത്തിന്റെ സിദ്ധാന്തവും പ്രയോഗവും ശാസ്ത്രീയമായി ആവിഷ്ക്കരിച്ചു. ഇത് സാമൂഹിക നീതിയിൽ അടിസ്ഥാനമിട്ട ദർശനമാണ്. പ്രമുഖ വേദശാസ്ത്രജ്ഞനും ദാർശനികനും എന്ന നിലയിൽ എക്യുമെനിക്കൽ രംഗത്ത് രാജ്യാന്തര പ്രശസ്തി നേടി. കൺവൻഷൻ പ്രസംഗങ്ങളിൽക്കൂടി അനേകരെ മിഷൻ പ്രവർത്തനങ്ങളിലേക്കും ആതുരശുശ്രൂഷാ രംഗത്തേക്കും വൈദിക ശുശ്രൂഷയിലേക്കും ആകർഷിച്ചു.

Theology of Classless society, The Sin of Being Rich in a Poor World, Sharing God and a Sharing World, One Religion of Love, അദ്വൈത വേദശാസ്ത്രം എന്നീ ഗ്രന്ഥങ്ങൾ അന്തർദ്ദേശീയ പ്രശസ്തി നേടി. ഇംഗ്ലീഷിലും മലയാളത്തിലുമായി 60 ലധികം ഗ്രന്ഥങ്ങളും ആയിരത്തിൽപ്പരം പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. 1979 മുതൽ മിഷൻ ബോർഡിന്റെയും 1984 മുതൽ നാഷണൽ അസോസ്സിയേഷൻ ഫോർ മിഷൻ സ്റ്റഡീസിന്റെയും പ്രസിഡന്റായി പ്രവർത്തിച്ചു.

2012 ഫെബ്രുവരി 16-നു നിത്യതയിൽ പ്രവേശിച്ചു. മാവേലിക്കര സെന്റ് പോൾസ് ചാപ്പലിൽ കബറടക്കി.

# ഉള്ളടക്കം


പ്രസ്താവന 3

ആമുഖം 5

പ്രസാധകക്കുറിപ്പ് 7


## യൂണിറ്റ് 1

## പ്രേഷിതവൃത്തിയുടെ വേദശാസ്ത്രം


1. ക്രിസ്തുവിജ്ഞാനീയവും പ്രേഷിതവൃത്തിയും 13
2. പ്രേഷിതവൃത്തി: പങ്കിടുന്ന വേദപുസ്തക വെളിച്ചത്തിൽ 20
3. പ്രേഷിതവൃത്തി: ദൈവശാസ്ത്ര വെളിച്ചത്തിൽ 30
4. പ്രേഷിതവൃത്തി: വി. ത്രിത്വവിശ്വാസാടിസ്ഥാനത്തിൽ 40
5. ക്രിസ്തുവിന്റെ മനുഷ്യാവതാരം: പ്രേഷിത മാതൃക 50
6. പരിശുദ്ധാത്മാവ്: പ്രേഷിതശക്തി 58


## യൂണിറ്റ് 2

## പ്രേഷിത സമീപനങ്ങൾ


1. ലോകമിഷൻ: ഒരു ചരിത്രാവലോകനം 66
2. ഡയലോഗ്: പ്രസക്തിയും ദൈവശാസ്ത്രാടിസ്ഥാനവും 73
3. പ്രേഷിത സമീപനം ഹൈന്ദവ സഹോദരങ്ങളോട് 82
4. പ്രേഷിത സമീപനം മുസ്ലീം സഹോദരങ്ങളോട് 90
5. പ്രേഷിതവൃത്തി സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ 99
6. പ്രേഷിതവൃത്തി: ആധുനിക സമീപനങ്ങൾ 107

## യൂണിറ്റ് 3

## വർഗ്ഗരഹിതസമൂഹം


| | | |
|---|---|---|
| 1. | വർഗ്ഗരഹിതസമൂഹം ഒരു അന്വേഷണം | 115 |
| 2. | വർഗ്ഗരഹിത ദൈവശാസ്ത്രം: ഒരു ബാഹ്യരേഖ | 124 |
| 3. | സമൂഹവും വ്യക്തിയും തനിമയും | 135 |
| 4. | ഗിരിപ്രഭാഷണം വർഗ്ഗരഹിത നീതിശാസ്ത്രം | 145 |
| 5. | വർഗ്ഗരഹിതസമൂഹം, അതിനുള്ള മാർഗ്ഗം | 153 |
| 6. | വർഗ്ഗരഹിത സമൂഹത്തിനായുള്ള ദൗത്യം | 166 |


## യൂണിറ്റ് 4

## സഭയും വികസനവും


| | | |
|---|---|---|
| 1. | വികസനം: വേദപുസ്തകാടിസ്ഥാനത്തിൽ | 173 |
| 2. | വികസനവും ക്രിസ്തീയ കാര്യവിചാരകത്വവും | 181 |
| 3. | വികസനം: പങ്കിടുക വഴി | 191 |
| 4. | വിമോചന ദൈവശാസ്ത്രം | 201 |
| 5. | വികസനം, പരിസ്ഥിതി, ദൈവശാസ്ത്രം | 211 |
| 6. | സഭയും ദരിദ്രരും | 219 |

# യൂണിറ്റ് 1

# പ്രേഷിതവൃത്തിയുടെ വേദശാസ്ത്രം

## പാഠം 1

## ക്രിസ്തുവിജ്ഞാനീയവും പ്രേഷിതവൃത്തിയും

16-ാം നൂറ്റാണ്ടിൽ സ്പാനിഷ് ആക്രമണവും മിഷൻ പ്രവർത്തനവും, ലാറ്റിൻ അമേരിക്കയിൽ അനേകരെ തോക്കു കാണിച്ച് ക്രിസ്തീയ സഭയിലേക്ക് ചേർക്കുവാൻ കാരണമായിക്കൊണ്ടിരുന്നു. പെറുവിലെ ആദ്യവംശജരായ ഇംകാസ് (IMCAS) ജാതിയെ നിർബന്ധിച്ചു മതം മാറ്റി. ഒരു ഫ്രാൻസിസ്കൻ സന്യാസി മതം മാറ്റുന്ന പട്ടാളക്കാരുമായി പെറുവിലെ ഒരു രാജാവിനെ ക്രിസ്ത്യാനി ആക്കുവാൻ നിർബന്ധിക്കവേ അദ്ദേഹത്തിന്റെ രണ്ടു കൈയും വെട്ടിക്കളഞ്ഞു. 'മാമോദീസാ മുങ്ങുക, നീ സ്വർഗ്ഗത്തിൽ പോകും' എന്നു രാജാവിനോടു പറഞ്ഞു. അപ്പോൾ മറുപടിയായി രാജാവ് പറഞ്ഞത് 'നിന്നെപ്പോലെ രണ്ടാമതൊരു ക്രിസ്ത്യാനി സ്വർഗ്ഗത്തിൽ കാണുമെന്നുള്ള കാരണം കൊണ്ടു തന്നെ എനിക്കാ സ്വർഗ്ഗം വേണ്ട' എന്നായിരുന്നു. ഇസ്ലാംമത പ്രചാരണത്തിനുവേണ്ടി വാളും തോക്കും ഉപയോഗിച്ചുള്ള ജീഹാദ് (മതമാറ്റയുദ്ധം) നല്ലതാണെന്നുള്ള തത്വം വെച്ചിരുന്നു. എന്നാൽ കരയും കടലും ചുറ്റി ആളുകളെ മതം മാറ്റി ഇരട്ടി നരകയോഗ്യരാക്കരുതെന്ന കർത്താവിന്റെ മതം ഇപ്രകാരം പ്രചരിപ്പിച്ചു എന്നതിൽ ക്രിസ്ത്യാനികൾ പൊതുവെ ലജ്ജയോടെ തല താഴ്ത്തേണ്ടതാണ്. ക്രിസ്ത്യാനികളാകാത്തവരെല്ലാം നരകത്തിൽ പോകുമെന്നുള്ള തെറ്റായ പഠിപ്പിക്കൽ വേദപുസ്തകത്തിലെ ഏതെങ്കിലും മുറിവാക്യം ഉദ്ധരിച്ചു സ്ഥാപിക്കുവാൻ കഴിഞ്ഞേക്കാം. ചിലരെ തീയിൽ നിന്നും വലിച്ചെടുത്തു രക്ഷിപ്പീൻ (യൂദാ 23) എന്ന വാക്യം ആസ്പദമാക്കി മാമോദീസാ ഏല്ക്കുന്നവർ അഗ്നിനരകത്തിൽ നിന്നും രക്ഷപെടുകയാണെന്നുള്ള വ്യാഖ്യാനം തെറ്റാണ്.

'മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപെട്ട വേറൊരു നാമവുമില്ല' (അ. പ്ര. 4:12) എന്ന പത്രോസിന്റെ പ്രസംഗം നിത്യ നരകത്തെക്കുറിച്ചൊന്നും പറയുന്നില്ല. 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല' (യോഹ. 14:16) എന്ന കർത്തൃവാക്യത്തിൽ തന്നിൽ വിശ്വസിക്കാത്തവൻ നരകത്തിൽ പോകുമെന്നു പറയുന്നില്ല. നിത്യനരകം എന്ന ആശയം തന്നെ വേദപുസ്തകത്തിന്റെ ആകമാന വിശ്വാസത്തിനോ യുക്തിക്കോ

ചേരുന്നതല്ല. ദൈവം മാത്രം നിത്യൻ, ആദ്യന്ത വിഹീനൻ. മനുഷ്യൻ ആരംഭമുള്ളവനാകയാൽ അവസാനമുള്ളവനെങ്കിലും ദൈവസാദൃശ്യമുൾക്കൊള്ളുന്നതിനാൽ ആത്യന്തികമായി നിത്യ സംസർഗ്ഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. എന്നാൽ സ്വാതന്ത്ര്യം ദൈവസാദൃശ്യത്തിന്റെ ഘടകമാകയാൽ ദൈവസാദൃശ്യം വിട്ട് നാശത്തിന്റെ വഴിയിൽ പോകാമെങ്കിലും അവിടെയും ദൈവസ്നേഹം അവനെ തേടി ചെല്ലും. അതിന്നായിട്ടായിരുന്നുവല്ലോ കർത്താവിന്റെ പാതാള പ്രവേശനം (1 പത്രോ. 3:19, 4:6).

യേശുക്രിസ്തു ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള ഏക മദ്ധ്യസ്ഥൻ എന്ന ക്രിസ്തുശാസ്ത്രം ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരുമായ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത വിലക്കുന്നില്ലല്ലോ. ഇതുപോലെ നമ്മുടെ കർത്താവ് ഏക രക്ഷകൻ എന്ന ആശയം, ഭാഗികമായ രക്ഷ മറ്റാരിൽ കൂടിയും വരുന്നില്ല എന്നു കാണിക്കുന്നില്ല. യഥാർത്ഥത്തിൽ ദൈവം മാത്രമാണ് രക്ഷയുടെ ഉറവ. 'സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കുമാകുന്നു' (റോമ. 11:36).

യേശുക്രിസ്തു ത്രിത്വത്തിൽ രണ്ടാമനാകയാലാണ്, മനുഷ്യനായി തീർന്ന ഏക ദൈവമാണെന്നും ഏക രക്ഷിതാവാണെന്നും സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും അവങ്കലേക്ക് ലോകത്തെ ചൂണ്ടിക്കാണിക്കുന്നതും. 'സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു' (കൊലോ. 1:16). ദൈവത്തിൽ നിന്നല്ലാതെ ഒരു നന്മയും ഒരിടത്തുമില്ല എന്ന് പറയുന്നതുപോലെ തന്നെ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലല്ലാതെ സമ്പൂർണ്ണ രക്ഷ മറ്റാരിലും ഇല്ലായെന്നു പഠിപ്പിക്കുവാൻ സഭയ്ക്ക് എപ്പോഴും ധൈര്യമുണ്ടായിരിക്കണം. ഇതിന്റെ അർത്ഥം ക്രിസ്തേതരർ നരകത്തിൽ പോകുമെന്നോ എല്ലാ ക്രിസ്ത്യാനികളും സ്വർഗ്ഗത്തിൽ പോകുമെന്നോ അല്ല. പിന്നെയോ രക്ഷയുടെ സമ്പൂർണ്ണ അളവുകോൽ ക്രിസ്തുവും ത്രിത്വത്തെ വെളിപ്പെടുത്തിയ ആളത്തവും പ്രവർത്തനവും പരിശുദ്ധാത്മാവിന്റെ അപ്രമാദിത്വത്തിലുള്ള വിശ്വാസവുമാണ്.

## തെറ്റായ ക്രിസ്തുശാസ്ത്രം

ഫ്രെഡറിക് ഷ്ളൈമാക്കർ (മരണം: 1834), ഡി. എഫ്. സ്ട്രോസ് (മരണം: 1874), അഡോൽഫ് ഹാർനാക്ക് (മരണം: 1930) മുതലായ ലിബറൽ ക്രൈസ്തവ ജർമ്മൻ ചിന്തകരെപ്പോലെ, യേശുക്രിസ്തുവിനെ മറ്റു മത സ്ഥാപകന്മാരേക്കാൾ ഉന്നതനെന്നു താരതമ്യം ചെയ്തു പഠിപ്പിക്കുന്നതല്ല ശരിയായ ക്രിസ്തുശാസ്ത്രം. യോഹ. 1:1–18 വരെ പറയുംപോലെ

നിത്യവചനത്തിന്റെ മനുഷ്യാവതാരമായി ക്രിസ്തുവിനെ എല്ലാം ഉൾക്കൊള്ളുന്നവനായി ഉയർത്തിക്കാണിക്കണം. ഈ വേദഭാഗത്ത് ആളത്തമെടുക്കാത്ത നിത്യവചനവും ആളത്തമെടുത്ത ക്രിസ്തുവും ഒന്നുതന്നെയാണ്. വചനമെന്ന നിലയിൽ സൃഷ്ടിക്കു മുമ്പും സൃഷ്ടിക്കു ശേഷവും എല്ലാ മതങ്ങളിലും മതങ്ങൾക്കു പുറത്തും ഉള്ള ദൈവികതയിൽ ക്രിസ്തു ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ അദ്വിതീയതയല്ല ആഗോളതയാണ് പ്രാധാന്യം. അവൻ ആൽഫയും ഒമേഗയും ആകുന്നു. യേശുക്രിസ്തു ലോകസ്ഥാപനത്തിനു മുമ്പ് കുരളറുക്കപ്പെട്ട കുഞ്ഞാടാകുന്നു (വെളി. 13:8 cf. റോമ. 16:24–26). ആർക്കും പൊട്ടിക്കാൻ കഴിവില്ലാത്ത മുദ്ര പൊട്ടിക്കുന്ന യഹൂദ്യയിലെ സിംഹത്തിന്റെ സ്ഥാനത്തു വരുന്ന അറുക്കപ്പെട്ട കുഞ്ഞാടാകുന്നു ക്രിസ്തു (വെളി. 5:1–14; എഫേ. 1:4). അവൻ ലോകസ്ഥാപനത്തിനു മുമ്പ് നമ്മെ അവനിൽ തെരഞ്ഞെടുത്തിരിക്കുന്നു (എഫേ. 1:14). അവൻ ദൈവജ്ഞാനമായ ക്രിസ്തുവാകുന്നു (1 കൊരി. 1:24–30). യഹൂദനും, യവനനും, ബർബരനും, ശകനും, ദാസനും എല്ലാം അവനിൽ ഒന്നാക്കപ്പെടുന്നു (ഗലാ. 3:28). സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നാകും എന്നതാണ് കാലസമ്പൂർണ്ണതയിലെ വ്യവസ്ഥ (എഫേ. 1:9–10). എല്ലാവർക്കും വേണ്ടി മറുവിലയായി കൊടുത്ത മദ്ധ്യസ്ഥനാണ് യേശുക്രിസ്തു (1 തീമോ. 2:6). അല്ലാതെ ക്രിസ്ത്യാനിയുടെ മാത്രം മദ്ധ്യസ്ഥനല്ല. സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപയാണ് ക്രിസ്തുവിലുദിച്ചത് (തീത്തോസ് 2:11). പൗലോസിന്റെ അഥേന പ്രസംഗത്തിൽ സധൈര്യം പറഞ്ഞതുപോലെ മറ്റുള്ളവർ അറിയാതെ പൂജിക്കുന്ന അജ്ഞാത ദേവർക്കുള്ള പൂജകൾ പരോക്ഷമായി ക്രിസ്തു തന്നെ സ്വീകരിക്കുന്നു. 'നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നെ ഞാൻ നിങ്ങളോട് അറിയിക്കുന്നു. അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. അവനെ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേൽപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറവ നൽകിയിരിക്കുന്നു (അ. പ്ര 17:22–31). അനേകം ഇടയന്മാരിൽ ഒരു ഇടയനായിട്ടല്ല മാനവരാശിക്ക് മുഴുവനായിട്ടുള്ള ഒരു ഇടയനായിട്ടത്രേ യേശുക്രിസ്തുവിനെ യോഹ. അദ്ധ്യായം 10-ൽ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അവൻ തന്നെ പറയുന്നു, 'ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്. അവയേയും ഞാൻ നടത്തേണ്ടതാകുന്നു' (യോഹ. 10:16). യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ (13:8).

യേശുക്രിസ്തുവിനെ രണ്ടാം ആദാം അഥവാ ഒടുവിലത്തെ ആദാം എന്നാണ് പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചിരിക്കുന്നത് (റോമ. 5:12–19, 1 കൊരി. 15:45–49), വീണ്ടെടുക്കപ്പെടുന്ന സകല ജാതിയുടെയും തല

ക്രിസ്തുവെന്നു കാണിക്കുവാൻ രണ്ടാം അബ്രഹാം എന്ന് വിളിച്ചിരുന്നുവെങ്കിൽ യഹൂദജനത്തിന്റെ പരിമിതി പോലെ ക്രിസ്തുവിനും പരിമിതി ഉണ്ടാകുമായിരുന്നു. എന്നാൽ ഒന്നാം ആദാം മാനവരാശിയെ ഉൾക്കൊള്ളുന്നതുപോലെ ക്രിസ്തുവിൽ ഇന്നുവരെ ജീവിച്ചിരുന്നവരും ജീവിക്കുന്നവരും ജീവിക്കാനിരിക്കുന്നവരുമായ ലോകം മുഴുവനുള്ള രക്ഷിതഗണത്തെ മുഴുവനും ഉൾക്കൊള്ളിച്ചിരിക്കുന്നു. ലോകാരംഭം മുതൽ ദൈവത്തിന്റെ നിത്യവചനത്തിന്റെ പ്രവർത്തനത്താൽ പല പ്രവാചകന്മാരിൽക്കൂടെയും പല മതനേതാക്കന്മാരിൽ കൂടെയും എല്ലാ നല്ല മനുഷ്യരിൽ കൂടെയും ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു (യോഹ. 1:9). ആ വചനമാണ് ക്രിസ്തുവിൽ ജഡമായിത്തീർന്നത് (യോഹ. 1:14). മോശ മുഖാന്തരം വന്നതുപോലെ മറ്റൊരു ന്യായപ്രമാണമല്ല യേശുവിൽകൂടി വന്നത്. പ്രത്യുത 'കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു.' അതിനാൽ എവിടെ കൃപയും സത്യവും ഉണ്ടോ അവിടെയെല്ലാം യേശുക്രിസ്തു പ്രത്യക്ഷമായോ പരോക്ഷമായോ ഉണ്ടെന്നുള്ളതാണ്. യേശുക്രിസ്തു ദൈവത്തിന്റെ ഏക വെളിപ്പാടാണെന്നാണ് നാം സാക്ഷിക്കുന്നതിന്റെ അർത്ഥം. മറ്റു വെളിപാടുമായി താരതമ്യപ്പെടുത്താനല്ല പിന്നെയോ എല്ലാ വെളിപ്പാടിനെയും ഉൾക്കൊള്ളുവാനാണ് ശ്രമിക്കേണ്ടത്. ഗൗതമബുദ്ധനോ, വിശ്വാമിത്രനോ, ശ്രീകൃഷ്ണനോ, ശ്രീരാമനോ, മുഹമ്മദുനബിയോ, ഗാന്ധിയോ, മാർക്സോ, മാവോയോ ഉൾക്കൊണ്ടിട്ടുള്ള നന്മ ഒന്നും തന്നെ ത്രിത്വത്തിന്റെയോ നിത്യപുത്രന്റെയോ പരിശുദ്ധാത്മാവിന്റെയോ പുറത്തല്ല, പിന്നെയോ അകത്താകുന്നു. എന്നാൽ ഇവ തമ്മിലുള്ള വ്യത്യാസം അവരിലെല്ലാം ഭാഗികമായി, മാനുഷികമായി മാത്രം വെളിപ്പെടുമെന്നും, യേശുവിൽ സമ്പൂർണ്ണമായും ദൈവികമായും ഏകപൂർണ്ണ ദൈവവും മനുഷ്യനുമായവനിൽ വെളിപ്പെടുമെന്നുള്ളതാകുന്നു. 'ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു' (യോഹ. 1:18) എന്ന വാക്യത്തിന്റെ അർത്ഥം അബ്രഹാമിനോ മോശയ്ക്കോ, മുഹമ്മദുനബിക്കോ ഒട്ടും വെളിപ്പെട്ടില്ല എന്നല്ല, പിന്നെയോ പൂർണ്ണമായി വെളിപ്പെട്ടില്ല എന്നത്രേ.

പഴയനിയമത്തിൽ ജ്ഞാനം ദൈവത്തോടു കൂടെയും ദൈവത്തിൽ നിന്നും പുറപ്പെടുന്നതാണ്. സദൃ. 8:22-31, ബാറാസീറാ 24:1-6, 9, ശലോമോന്റെ ജ്ഞാനം 2:24-26, 8:1-4; 9:4 പറഞ്ഞിരിക്കുന്നതുപോലെ വചനത്തെക്കുറിച്ചും ക്രിസ്തുവിനെ കുറിച്ചും പറയാവുന്നതാണ്. ഓരോ മനുഷ്യനുമുള്ള ദൈവത്തിന്റെ കണ്ണാണ് ഈ ജ്ഞാനം, വചനം, ദൈവസാദൃശ്യം (ബാറാസീറാ 17:11-13; കൊലോ. 1:15-16; എഫേ. 1:17-18). ന്യായ

പ്രമാണത്തിൽ പ്രത്യേകമായി ഈ ജ്ഞാനം വെളിപ്പെട്ടതായി പഴയ നിയമത്തിൽ കാണുന്നു (ബാറാസീറാ 24:8-11).

മനുഷ്യൻ ദൈവസാദൃശ്യമാണെന്നും ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമ അഥവാ സാദൃശ്യമാണെന്നും (കൊലോ. 1:15) പറഞ്ഞിരിക്കുന്നത് ഒരേ അർത്ഥത്തിലല്ല. സൃഷ്ടിക്കപ്പെട്ട ദൈവസാദൃശ്യമാണ് മനുഷ്യനെങ്കിൽ അദൃശ്യനായ ദൈവത്തിന്റെ സ്വയംഭൂവും നിത്യവുമായ പ്രതിമയാണ് ക്രിസ്തുവിന്റേത്. ആ പ്രതിമയിൽ അഥവാ സാദൃശ്യത്തിൽ മാനവരാശിയെ മുഴുവൻ ദൈവത്തിങ്കലേക്ക് വീണ്ടും നിരപ്പിക്കാനുള്ള പരമമായ മൂശ കാണാം. എല്ലാവർക്കുംവേണ്ടി ദൈവം സ്വയം നൽകിയിരിക്കുന്നു. ഈ മനുഷ്യാവതാര രഹസ്യം ത്യജിക്കുന്ന ജോൺ ഹിക്ക് എഡിറ്റ് ചെയ്ത 'ദൈവം മനുഷ്യനായി' എന്ന മിത്ത് (Myth of God Incarnate. Myth = ഗൂഢാർത്ഥ കഥ) ഏറ്റം അസ്വീകാര്യമായ ക്രിസ്തുവിജ്ഞാനീയത്തിന്റെ  ലിബറൽ ചിന്താഗതിയാണ്. ദൈവത്തിന്റെ മനുഷ്യാവതാരം യേശുക്രിസ്തുവിൽ ഒരിക്കലായി നടന്നുവെന്ന അടിസ്ഥാനപ്രമാണം കഴിഞ്ഞ 20 നൂറ്റാണ്ടായി സഭ മുറുകെ പിടിച്ചു. അത് പരിത്യജിക്കുന്നത് ആത്മഹത്യാപരമാണ്. 'ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയല്ലാതെ മറ്റൊന്നും അറിയാത്തവനായിരുന്ന' പൗലോസ് ശ്ലീഹായെപ്പോലുള്ളവർക്കേ ലോകസുവിശേഷവല്ക്കരണത്തിനുള്ള ആവേശം ഉണ്ടാകുകയുള്ളൂ. മറുവശത്ത് വലതുപക്ഷ ചിന്താഗതി ക്രിസ്തുവിനെയും സഭയേയും ഏതെങ്കിലും പരിമിതിയിൽ ഇട്ടശേഷം പുറത്തുള്ളവരെല്ലാം നശിച്ചുപോകുമെന്ന് പഠിപ്പിച്ചു പോന്നു. 1302-ൽ ബോണിഫസ് എട്ടാമൻ പാപ്പാ ഇപ്രകാരം Unan Sanctam എന്ന പേപ്പൽ പ്രഖ്യാപനത്തിൽ 'ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ ഒരു സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു. ... അതിനു പുറമെ രക്ഷയില്ല. ഓരോ മനുഷ്യസൃഷ്ടിയും റോമിലെ പാപ്പായ്ക്കു വിധേയപ്പെടേണ്ടത് രക്ഷയ്ക്ക് ആവശ്യമാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു." ഇന്നു റോമൻ കത്തോലിക്കാ സഭ ഈ നിലപാട് സ്വീകരിക്കുന്നില്ല. എങ്കിലും ചില പെന്തക്കോസ്തു ഗ്രൂപ്പുകൾ അവർ മാത്രമാണ് മണവാട്ടി സഭയെന്ന് പഠിപ്പിക്കുന്നു. ഇപ്രകാരമുള്ള ഇടുങ്ങിയ ചിന്തകൾ ഈ ഗ്രന്ഥകർത്താവിന് സ്വീകരിക്കാൻ പ്രയാസമുള്ള ക്രിസ്തുശാസ്ത്രത്തിൽ നിന്നും സഭാചരിത്രത്തിൽ നിന്നും കുടുസായ പ്രേഷിതശാസ്ത്രത്തിൽ നിന്നും ഉടലെടുക്കുന്നതാണ്. ജോൺ ഹിക്കിന്റെ ഇടതുപക്ഷ ചിന്താഗതി യേശുക്രിസ്തുവിനെ ഏറ്റവും ഉന്നതനായ ഒരു മാതൃകാപുരുഷനായി മാത്രം കാണിക്കുമ്പോൾ വലതുപക്ഷ ചിന്താഗതി മറ്റു മതങ്ങളോടും ആശയങ്ങളോടും അസഹിഷ്ണുത കാണിക്കുകയും തങ്ങൾ മാത്രം ശരി എന്ന് വാദിക്കുകയും ചെയ്യാറുണ്ട്. ഈ രണ്ടു ക്രിസ്തുവിജ്ഞാനീയവും ഭാഗികമാക

യാൽ അസ്വീകാര്യമാണ്. പൂർണ്ണമായ ക്രിസ്തുവിജ്ഞാനീയത്തിൽ ക്രിസ്തു ദൈവമെന്ന നിലയിൽ പാപം ഒഴികെ എല്ലാം ഉൾക്കൊള്ളുന്നവനാണെന്നും അതേസമയം ചരിത്രകേന്ദ്രത്തിലെ പ്രത്യേക മനുഷ്യൻ എന്ന നിലയിൽ ഏക വിശ്വസനീയ അളവുകോൽ ആണെന്നും നാം അംഗീകരിക്കണം. പാരീസിൽ ഇരിക്കുന്ന മീറ്റർ മറ്റു മീറ്ററുകളുടെ മാനദണ്ഡമായിരിക്കുന്നതുപോലെയും ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിലെ കണക്കു വിഭാഗത്തിൽ ഇരിക്കുന്ന ഗജകോൽ മറ്റു ഗജകോലുകളുടെ മാനദണ്ഡമായിരിക്കുന്നതുപോലെയും യേശുക്രിസ്തുവിൽ മറ്റെങ്ങും ഇല്ലാത്ത വിശ്വസ്തതയുണ്ട്. ആദ്യം പറഞ്ഞതുപോലെ ക്രിസ്തു മാത്രമാണ് പൂർണ്ണതയുള്ള മാനദണ്ഡം എന്ന ഉറപ്പുംചേർത്ത് ക്രിസ്തുശാസ്ത്രത്തിനു പുതിയ മുഖച്ഛായ കൊടുക്കുന്നത് അത്യന്താപേക്ഷിതമാണ്. ഇടതിന്റെയോ വലതിന്റെയോ ഏതെങ്കിലും ഒരു ചേരിയിൽ ചേരാതെ ക്രിസ്തുവിന്റെ ആഗോള പ്രാധാന്യം മറ്റു മതക്കാർക്കു കൂടി മനസ്സിലാകത്തക്ക വണ്ണം പ്രാവർത്തികമാക്കേണ്ടതാണ്. പ്രേഷിതവേലയുടെ ഉദ്ദേശ്യം വ്യക്തിപരം മാത്രമോ സാമൂഹികം മാത്രമോ ആകാൻ പാടില്ല. പുറത്തുള്ള സത്യത്തെ അസത്യമായി കാണുവാനും പാടില്ല. ഒരു മതം എന്ന നിലയിൽ മറ്റു മതങ്ങളുടേതുപോലുള്ള പാളിച്ചകൾ ക്രിസ്തുമതത്തിനും വന്നിട്ടുണ്ടെന്നു സമ്മതിക്കുവാനുള്ള സ്വയംവിമർശനവും താഴ്ചയും അതേസമയത്ത് എല്ലാവർക്കും വേണ്ടിയുള്ള സുവിശേഷവും ക്രിസ്തു നമ്മെ ഭരമേല്പ്പിച്ചിരിക്കുന്നുവെന്ന് എല്ലാവരെയും അറിയിക്കുവാനുള്ള ആത്മധൈര്യവും സുവിശേഷകന്മാർക്കുണ്ടായിരിക്കണം. കാൾ റാണർ, പോൾ റ്റിലിക്ക് മുതലായ ദൈവശാസ്ത്രജ്ഞന്മാർ മറ്റു മതങ്ങളിലെ യാഥാർത്ഥ്യത്തിൽ ക്രിസ്തുവിനെ കണ്ടുവെന്നുള്ളത് സ്വീകരിക്കുകയും അതേസമയത്ത് ക്രിസ്തുവിൽ വെളിപ്പെട്ട സമ്പൂർണ്ണത ലഭിപ്പാൻ സഭാംഗത്വത്തിലേക്ക് ആഗ്രഹിക്കുന്നവരെ ക്ഷണിക്കുവാനുള്ള കടമയും, എല്ലാ വിശ്വാസികൾക്കും പ്രേഷിത പ്രവർത്തകർക്കും ഉള്ളതാണ്. ബഹുത്വം ഒരു യാഥാർത്ഥ്യം ആയിരിക്കുന്നതുപോലെ ബഹുത്വത്തെ യോജിപ്പിക്കുന്ന ക്രിസ്തുവിലുള്ള ഏകത്വവും ഒരു യാഥാർത്ഥ്യമാണ്. സകലരുടെയും മനുഷ്യത്വം പുത്രൻ സ്വീകരിച്ചത് എക്കാലത്തുമുള്ള എല്ലാവർക്കും ദൈവത്വം പങ്കിടുവാനാണെന്നു നാം വിശ്വസിക്കണം.

മേല്പറഞ്ഞ വൈരുദ്ധ്യാധിഷ്ഠിതമായ ക്രിസ്തുവിജ്ഞാനീയം പ്രേഷിതവൃത്തിക്കാവേശം കുറയ്ക്കുന്നതല്ല. ശരിയായ ക്രിസ്തുശാസ്ത്രത്തിന്റെ പ്രസ്തുത വശങ്ങൾ രണ്ടും സന്തുലിതമായി കൊണ്ടുപോകണം. യാഥാസ്ഥിതികത്വവും ഉൽപതിഷ്ണുത്വവും വലതുപക്ഷ ചിന്താഗതിയും ഇടതുപക്ഷ ചിന്താഗതിയും ഒരുമിച്ചുകൊണ്ടുപോകാൻ സാധിക്കും. 'വൈവിധ്യമുള്ള ലോകത്തെ ഉൾക്കൊള്ളത്തക്കവണ്ണം അനേക

രക്ഷിതാക്കൾ ഉണ്ടെന്ന് ഇടതുഭാഗത്തുള്ള എന്റെ സ്നേഹിതന്മാർ പറയുന്നതും അവരുടെ വിശ്വാസം പങ്കിടുന്നവർ മാത്രമേ ഒടുവിൽ രക്ഷ പ്രാപിക്കുകയുള്ളു എന്ന് വലതുഭാഗത്തുള്ള സ്നേഹിതന്മാർ പറയുന്നതും ഒരുപോലെ തെറ്റാണ്. 'അവരുടെ വശത്ത് സുവിശേഷത്തിന്റെ സത്യമല്ല.' കാൾ ഇ. ബ്രാറ്റന്റെ ഈ അഭിപ്രായം സ്വീകാര്യമാണ്.

ക്രിസ്തുവിജ്ഞാനീയം പരിശുദ്ധാത്മശക്തിയാൽ ഇന്നും വളർന്നുകൊണ്ടാണിരിക്കുന്നത്. ഇൻക്വിസിഷന്റെ കാലത്ത് പോപ്പിന്റെ കോടതിയിൽ വിശ്വാസികളെ വിസ്തരിക്കുകയും, ശിക്ഷിക്കുകയും, രക്ഷിക്കുകയും ചെയ്ത കാലം ഇനിയും തിരികെ വരുമെന്ന് തോന്നുന്നില്ല. ചരിത്രവും ദൈവശാസ്ത്രവും പ്രേഷിതവൃത്തിയും കാലാനുസരണമായി നിയന്ത്രിക്കുകയും രൂപീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ഇന്നും സജീവമായി പ്രവർത്തിക്കുന്നു. എല്ലാ ക്രിസ്തീയ സഭകളും പ്രേഷിത പ്രവർത്തനത്തിൽ ഇന്ന് മുന്നേറിക്കൊണ്ടിരിക്കുകയാണല്ലോ. അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് വിളിക്കുക (1 പത്രോസ് 2:9) എന്ന ഒരു വശം സുവിശേഷവേലയ്ക്കില്ലായെന്നല്ല ഇതിന്റെ വ്യാഖ്യാനം. ആ അന്ധകാരം സഭയ്ക്കകത്തും പുറത്തും ഉണ്ടെന്നുള്ള യാഥാർത്ഥ്യത്തെ അംഗീകരിച്ചുകൊണ്ട് ക്രിസ്തുവിന്റെ പൂർണ്ണതയിലേക്ക് സഭയേയും ലോകത്തേയും നയിക്കുകയെന്നതായിരിക്കണം ലക്ഷ്യം. ക്രിസ്തേതരർ അന്ധകാരത്തിലാണെന്നും നാം മാത്രം വെളിച്ചത്തിലാണെന്നുമുള്ള ചിന്താഗതി മാറ്റേണ്ടത് ഇന്നിന്റെ പ്രത്യേക ആവശ്യമാണ്. ചെറിയ വെളിച്ചത്തിൽ നിന്നു വലിയ വെളിച്ചത്തിലേക്ക് എത്തുന്ന സമീപനമാണ് ഇന്ന് ആവശ്യം.

പഴയ പ്രേഷിത സമ്പ്രദായം നമ്മുടെ കർത്താവിന്റെ അന്ത്യശാസനത്തിന്റെ ആഴം ഗ്രഹിക്കാതെ ചിലരെ സുവിശേഷം ഉപദേശിച്ച് മാമ്മോദീസാ മുക്കി സഭയിൽ ചേർക്കുകയായിരുന്നു. 'സകലജാതികളെയും (Nations) ശിഷ്യരാക്കി കൊൾവിൻ' എന്ന കല്പനയുടെ അർത്ഥം എന്താണ്? 'സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു' എന്ന അടിസ്ഥാനത്തിൽ അന്ത്യശാസനം പാലിക്കുമ്പോൾ എല്ലാ രാഷ്ട്രങ്ങളും തന്റേതാകണമെന്ന സത്യം മറക്കാവതല്ല. 'പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ച്' എന്ന നിർദ്ദേശം മാമോദീസാ നൽകുന്ന സമയത്തെ വാചകം ത്രിത്വ ഫോർമുലാ ആയിരിക്കണമെന്നതിലധികം അർത്ഥവ്യാപ്തിയുള്ളതാണ്. പിതാവും, പുത്രനും, പരിശുദ്ധാത്മാവും സ്നേഹം നിത്യമായി പങ്കിട്ട് ഒന്നായിരിക്കുന്നതുപോലെ ശിഷ്യസമൂഹം സ്നേഹം സമമായും സമൃദ്ധമായും പങ്കിടാതെ 'നാമം' നാമമാത്രമായി ചൊല്ലിയാൽ പോരാ.

എപ്രകാരമാണ് ദൈവപുത്രൻ ത്രിത്വസ്നേഹം ലോകവുമായി പങ്കിട്ടത്? അതേ മാതൃകയിലേക്ക് മിഷൻ നീങ്ങണം.

(a) ദൈവം ജഡധാരണം ചെയ്തു മനുഷ്യത്വത്തെ ദൈവീകരിച്ചു. അതുപോലെ ദേശീയതയെ ഉൾക്കൊണ്ടു അതിനെ വിശുദ്ധമാക്കണം (യോഹ. 1:14).

(b) ധനവാൻ ദരിദ്രരുമായി അവരുടെ ദാരിദ്ര്യം പങ്കിട്ട് അവരെ ധനവാന്മാരാക്കിയതുപോലെ പ്രേഷിതർ താണിറങ്ങി താണവരെ ഉയർത്തണം (2 കൊരി. 8:9).

(c) മനുഷ്യാവതാരം പ്രേഷിതത്വം മാത്രമല്ല ലോകവുമായുള്ള ദൈവത്തിന്റെ ഡയലോഗിന്റെ ആത്യന്തിക മാനദണ്ഡമായിരുന്നു.

(d) 'യിസ്രായേലിൽ കൂടി ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല' (മത്താ. 8:10) എന്ന് വിജാതീയനാകുന്ന ശതാധിപന്റെ വിശ്വാസം കർത്താവ് തിരിച്ചറിഞ്ഞതുപോലെ ക്രിസ്തേതരരിലുള്ള ഉദാത്ത വിശ്വാസവും നന്മയും കാണുവാനും ഉൾക്കൊള്ളുവാനും നമുക്കും കഴിയണം.

(e). ശിഷ്യത്വം സ്വീകരിച്ച് ക്രിസ്തുവിനെ പിൻപറ്റിയവർ സ്വമാതൃകയാൽ മറ്റുള്ളവരെ ക്രിസ്തുവിലേക്കാകർഷിക്കുന്നതാണ് ഏറ്റം വലിയ സുവിശേഷവേല.

### പാഠം 2

## പ്രേഷിതവൃത്തി
## പങ്കിടുന്ന വേദപുസ്തക വെളിച്ചത്തിൽ

ഈ പ്രപഞ്ചം നിലനിൽക്കുന്നതു തന്നെ പരസ്പര പങ്കിടീലിലാണ്. പ്രകൃതിയിൽ സ്വാർത്ഥതയ്ക്കു സ്ഥാനമില്ല. സമുദ്രത്തിൽ പതിക്കുന്ന സൂര്യരശ്മി ഉളവാക്കുന്ന നീരാവി മഴയായി തീരാതിരുന്നാൽ ലോകം മരുഭൂമിയാകയില്ലേ? സൂര്യരശ്മി ഭൂമിയിൽ എത്താൻ സാധിക്കാതെ ന്യൂക്ലിയർ യുദ്ധത്തിന്റെ പുകപടലം ഭൂഗോളത്തെ ആവരണം ചെയ്താൽ ഭൂമി മുഴുവൻ തണുത്തു മഞ്ഞുകട്ടയാകയില്ലേ? ഈ പരസ്പര പങ്കിടീലിനാണ് സ്നേഹമെന്നു പറയുന്നത്. ക്രിസ്തുമതത്തിനു മറ്റു മതങ്ങളുമായുള്ള വ്യത്യാസം 'ദൈവം സ്നേഹമാകുന്നു' എന്ന ഏറ്റം ആത്യന്തികമായ വെളിപാടാണ് (1 യോഹ. 4:7-8, 16). തത്വജ്ഞാനിയുടെ ദൈവം നിർഗുണ ബ്രഹ്മമാണെങ്കിൽ ക്രിസ്തുവിൽ വെളിപ്പെട്ട ദൈവം സ്നേഹ

മാകുന്നു. ചില തത്ത്വജ്ഞാനികൾ സ്നേഹത്തെ ദൈവത്തിന്റെ ഒരു പരിമിതിയായിട്ടാണ് കാണുന്നത്. എന്നാൽ ത്രിത്വവിശ്വാസികൾ സ്നേഹത്തെ പരിമിതിയില്ലാത്ത ദൈവത്തിന്റെ പരിമിതിയില്ലാത്ത നിത്യ കൂട്ടായ്മയായി കാണുന്നു. പുതിയനിയമത്തിൽ മാത്രമേ ത്രിത്വോപദേ ശത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ കാണുന്നുള്ളുവെങ്കിലും എല്ലാ മത ത്തിലും ത്രിത്വത്തിനുവേണ്ടിയുള്ള പരമമായ വാഞ്ഛ കാണാവുന്നതാണ്. ഉല്പ. 1:27-ൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച കാര്യം പറയുമ്പോൾ 'ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. തന്റെ സ്വരൂപ ത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു' എന്നു കാണുന്നത് വളരെ അർത്ഥഗർഭമാണ്. 'അവനെ', 'അവരെ' എന്ന രണ്ടു വാക്ക് ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിലുള്ള ഏകത്വവും ബഹു ത്വവും ആദിയിൽ ദൈവം സൃഷ്ടിച്ച കുടുംബത്തിലുള്ളതും അന്തിമമായി ദൈവരാജ്യത്തിൽ ഉണ്ടാകാൻ പോകുന്ന ഏകത്വവും ബഹുത്വവും കാണി ക്കുന്നു. ദൈവസാദൃശ്യം ആദത്തിലാണോ ഹവ്വയിലാണോ കുടുംബ ബന്ധത്തിലാണോ എന്നു ചോദിച്ചാൽ ഇതിൽ മൂന്നിലും കൂടിയാണെന്ന് മറുപടി പറയേണ്ടി വരും. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു എന്നു പറയുമ്പോൾ, ആദ്യം ആദാമിനെ സൃഷ്ടിച്ചു, അതിനുശേഷം ഹവ്വയെ സൃഷ്ടിച്ചുവെന്നല്ല. ഉല്പ. 2:4 മുതൽ കാണുന്ന സൃഷ്ടിയുടെ വിവരണം ഒന്നാം അദ്ധ്യായം 1 മുതൽ 2:3 വരെയുള്ള സൃഷ്ടിയുടെ വിവരണത്തേക്കാൾ 250 കൊല്ലം പഴക്കമുള്ളതാണ്. 2-ാം അദ്ധ്യായ ത്തിലെ സൃഷ്ടിയുടെ കഥയിൽ ദൈവസാദൃശ്യത്തെക്കുറിച്ച് ഒന്നും പറ യുന്നില്ല. ഉന്നതമായ ദൈവശാസ്ത്ര അടിസ്ഥാനം ഒന്നാം അദ്ധ്യായ ത്തിലെ വിവരണത്തിൽ കാണാം. അഞ്ചാം അദ്ധ്യായത്തിന്റെ ആരംഭ ത്തിൽ ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു; സൃഷ്ടിച്ച നാളിൽ അവരെ അനുഗ്രഹിക്കുകയും 'അവർക്ക് ആദാം എന്നു പേരിടുകയും ചെയ്തു.' ആദാം എന്നതു സംജ്ഞാനാമമല്ല, സാമാന്യനാമമാണ്. മൃഗ ങ്ങൾക്കില്ലാത്ത പ്രത്യേക ദൈവസാദൃശ്യം അവനിലും അവളിലും ഉണ്ട്; എന്നു മാത്രമല്ല, അവർ തമ്മിലുള്ള ദൈവസ്നേഹത്തിൽ കൂടിയാണ് ഇതു പ്രകടമാകുന്നത്. അവനിലും, അവളിലും ഉള്ളതെന്താണ്? പിതാവ് പൂർണ്ണ ദൈവമാകുന്നു; പുത്രൻ പൂർണ്ണ ദൈവമാകുന്നു; പരിശുദ്ധാത്മാവ് പൂർണ്ണ ദൈവമാകുന്നു. എന്നാൽ മൂന്നു ദൈവം ഇല്ല എന്നു പറയുന്ന തുപോലെ കുടുംബത്തിലെ പിതാവ് മനുഷ്യനാകുന്നു. മാതാവിനു മനു ഷ്യത്വമുണ്ട്. പുത്രി-പുത്രന്മാർക്കു മനുഷ്യത്വമുണ്ട്. എന്നാൽ ഒരു മനു ഷ്യത്വവും ഒരു കുടുംബവുമേയുള്ളു. മനുഷ്യകുടുംബത്തിൽ പിതാവും മാതാവും പൈതലും ഒരു പ്രായമാകാറില്ല. എങ്കിൽ നിത്യമായ ദൈവ ത്തിൽ അനിത്യമായ താല്കാലിക ആളത്തം അസാദ്ധ്യമായതുകൊണ്ട് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ആളത്തമുണ്ട്; എന്നാൽ

ദൈവം ഒരു നിത്യ ദൈവമാകുന്നു. എന്തുകൊണ്ട് ദൈവം ത്രിയേകനായിരിക്കുന്നു എന്ന ചോദ്യത്തിന് ദൈവം സ്നേഹമായതുകൊണ്ട് എന്ന മറുപടി നൽകാതിരിക്കുവാൻ നിവൃത്തിയില്ല. യേശുക്രിസ്തുവിൽ മാത്രമേ പൂർണ്ണ ദൈവത്തിന്റെ പൂർണ്ണ സ്നേഹം പൂർണ്ണമായി വെളിപ്പെട്ടിട്ടുള്ളു. അവൻ സർവ്വജ്ഞതയും, സർവ്വവ്യാപിത്വവും സർവ്വശക്തിയും തന്നിൽ അന്തർലീനതാപം പോലെ നിഗൂഢമായി വച്ചുവെങ്കിലും ദൈവസ്നേഹം പൂർണ്ണമായി വെളിപ്പെടുത്തി.

## ദൈവത്തിന്റെ ശിക്ഷയും രക്ഷയും

പഴയനിയമത്തിലും മറ്റു മതഗ്രന്ഥങ്ങളിലും ദൈവത്തിന്റെ സ്നേഹം കാണാവുന്നതാണ്. ഉദാ: ആദാമും ഹവ്വായും പാപം ചെയ്ത് പറുദീസാ നഷ്ടപ്പെടുത്തിയപ്പോഴും ഭയപ്പെട്ട് ഒളിച്ച ആദാമിനെയും ഹവ്വായേയും ദൈവം തെരക്കി അവിടെ ചെല്ലുമ്പോഴും ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽ കൊണ്ടുള്ള ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചപ്പോഴും ദൈവത്തിന്റെ പ്രേഷിത സ്വഭാവം കാണാം (ഉല്പ. 3:8–31). അതേ അദ്ധ്യായത്തിൽ ദൈവം ആദാമിനെയും ഹവ്വായെയും തോട്ടത്തിൽ നിന്നും പുറത്താക്കിയപ്പോഴും തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി കെരൂബുകളെ നിർത്തിയപ്പോഴും ദൈവത്തിന്റെ ശിക്ഷയിൽ രക്ഷ കാണാവുന്നതാണ്. അനുതപിക്കാതെ ജീവവൃക്ഷത്തിന്റെ ഫലം തിന്നു നിത്യമായ പാപത്തിൽ ജീവിക്കാതിരിക്കുവാനാണ് ആദാമിനെ പുറത്താക്കിയത്. അനുതപിച്ച് സഭാംഗമാകുമ്പോൾ വി. കുർബ്ബാന നൽകിക്കൊണ്ടു പാടുന്ന പാട്ട് വളരെ അർത്ഥവത്താണ്.

“പറുദീസയിലാദാം രുചി നോക്കാത്ത ഫലം
സാമോദം വയ്ക്കുന്നീ നാൾ നിൻ വായിൽ.”

ദൈവത്തിന്റെ ശിക്ഷയും രക്ഷയും പഴയനിയമ ചരിത്രത്തിലും കാണുവാൻ സാധിക്കും. ദൈവം ശിക്ഷിക്കുന്നതു രക്ഷിക്കുവാനാണ്. ജലപ്രളയത്തിൽ അനുസരണക്കേടിനാൽ നശിച്ച ജനങ്ങളെക്കുറിച്ചും അതിൽ നിന്ന് അനുസരണത്താൽ രക്ഷിക്കപ്പെട്ട നോഹയുടെ കുടുംബത്തെക്കുറിച്ചും ഉല്പത്തി 6:8 വരെ കാണാം. കർത്താവ് പാതാളത്തിൽ പോയി സുവിശേഷം പ്രസംഗിച്ചതെന്തിനായിരുന്നു എന്നു പത്രോസ് ശ്ലീഹാ പറയുന്നു. ‘ആത്മാവിൽ അവൻ ചെന്നു നോഹയുടെ കാലത്തെ പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടു കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു’ (1 പത്രോ. 3:19). അവർക്ക് അനുതപിപ്പാൻ സാധ്യത ഇല്ലായെങ്കിൽ ഈ വൃഥാ പണിക്ക് ദൈവപുത്രൻ പോകയില്ലായിരുന്നല്ലോ. അതിനാൽ നിത്യനായ ദൈവം നിത്യനരകത്തിൽ മനുഷ്യനെ ഉപേക്ഷിക്കുകയില്ല. എന്നാൽ

ശുദ്ധീകരിച്ചു രക്ഷിക്കുക തന്നെ ചെയ്യും. കാൾ ബാർത്തിന്റെ ദൈവ ശാസ്ത്രത്തിൽ 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ട തെന്ത്' എന്ന് ഏകനായി ക്രിസ്തു നിലവിളിച്ചതു കൈവിടപ്പെട്ടവരെ ആരെയും കൈവിടാതിരിപ്പാനാണെന്ന് പഠിപ്പിച്ചത് നീതിയേയും സ്നേഹ ത്തെയും കാര്യമായി എടുക്കുന്നതുകൊണ്ടാണ്. മത്താ. 25-ാം അദ്ധ്യാ യത്തിൽ ശപിക്കപ്പെട്ട പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരി ക്കുന്ന നിത്യാഗ്നിയിലേക്കു പോകുവീൻ (41-ാം വാക്യം) എന്നു പറഞ്ഞി രിക്കുന്നതു തന്നെ മനുഷ്യനു വേണ്ടിയല്ല പിശാചിനുവേണ്ടിയാണ് നിത്യാഗ്നി ഒരുക്കിയിരിക്കുന്നത് എന്നു കാണിക്കുന്നു. തൽക്കാലത്തേക്കു പിശാചിന്റെ അധീനതയിൽ പോകുന്ന തന്റെ ജനത്തെ അവിടുന്നു വിടു വിപ്പാൻ അവിടേക്കു പോകുമെന്നുള്ള ദൈവശാസ്ത്ര രഹസ്യമാണ് കർ ത്താവിന്റെ പാതാള പ്രവേശനം. ഇവിടെ മറ്റൊരു പ്രശ്നം ഉദിക്കുന്നത് ഓറിഗൻ പറഞ്ഞിരിക്കുന്നതുപോലെ ഒടുവിൽ പിശാചും രക്ഷ പ്രാപി ക്കുമോ എന്ന ചോദ്യമാണ്. ഈ ചോദ്യത്തിനു പിന്നിൽ പിശാചിനു ദൈവ സാദൃശ്യം ഉണ്ടെന്ന തെറ്റുധാരണ ഒളിഞ്ഞുകിടക്കുന്നു. ദൈവം പിശാ ചിനെ സൃഷ്ടിച്ചതായി ആറു ദിവസത്തെ സൃഷ്ടിയുടെ വിവരണത്തിൽ നാം വായിക്കുന്നില്ല. നിത്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവം ത്രിയേകൻ മാത്രം. നിത്യതയിലേക്കു വീണ്ടെടുക്കപ്പെടാൻ സാദ്ധ്യത യുള്ള ദൈവസാദൃശ്യം മനുഷ്യർക്കു മാത്രം. പിന്നെ പിശാച് എന്താണ്? ആദ്യം പ്രവർത്തിപ്പാൻ സാദ്ധ്യതയില്ലാത്ത (സൃഷ്ടിച്ചതിനെ മാത്രമേ നശിപ്പിക്കാൻ സാദ്ധ്യതയുള്ളല്ലോ?) നിഷേധാത്മകതയും (Potential Negativity) സൃഷ്ടി മുതൽ വീണ്ടെടുപ്പിന്റെ പൂർത്തീകരണം വരെ പ്രവർത്തി ച്ചുകൊണ്ടിരിക്കുന്ന നിഷേധാത്മകതയും (Active Negativity) അന്തിമ വീണ്ടെടുപ്പിനു ശേഷം ചങ്ങലയാൽ ബന്ധിക്കപ്പെടുന്ന നിഷേധാത്മക തയും (Captive Negativity) മാത്രമാണ്.

'തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടു പോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങ ലയിട്ട് അന്ധകാരത്തിൻകീഴിൽ സൂക്ഷിച്ചിരിക്കുന്നു' (യൂദാ 6). വിശുദ്ധ ന്മാരെ നശിപ്പിക്കുന്ന പൈശാചിക ശക്തിയുടെ അവസാനം വെറും ദണ്ഡനം മാത്രമല്ല പിശാചിന്റെ ദൂതന്മാർ ഉൾപ്പെടെ ഏവർക്കുമുള്ള ഒരു ദണ്ഡനമാണ്. അവരെ (വിശുദ്ധന്മാരെ) വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകന്മാരും കിടക്കുന്ന ഗന്ധക തീപൊയ്കയിലേക്ക് തള്ളി യിടും. അവർ എന്നെന്നും ദണ്ഡനം സഹിക്കേണ്ടി വരും (വെളി. 20:10). ചുരുക്കത്തിൽ പറഞ്ഞാൽ ആരംഭമില്ലാത്ത ദൈവത്തെപ്പോലെയല്ല ആരം ഭമില്ലാത്ത പിശാച്. ആദ്യന്തവിഹീനനായ ദൈവം മാത്രം നിത്യം സ്നേഹിക്കുന്ന ത്രിയേകനാണ്. പിശാചിന് ആരംഭവും അവസാനവും

ഇല്ലെങ്കിലും ആദ്യം അശക്തിയാൽ പ്രവർത്തിക്കുന്നില്ല. ഇടയ്ക്കു ശക്തിയാൽ പ്രവർത്തിക്കുന്നു. എങ്കിലും ഒടുവിൽ നിത്യശിക്ഷയാൽ ബന്ധിക്കപ്പെടുന്നു.

സൊറാഷ്ട്രിയൻ (Zoroastrian) മതത്തിലെ ദ്വിതീയവാദം (Dualism) പറയുന്നത് ആഹൂരമാസ്ഡയും അഗ്രമന്യുവും നിത്യമായി പ്രവർത്തിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുവെന്നാണല്ലോ. അങ്ങനെയുള്ള ഒരു ദ്വൈതവാദമല്ല മേല്പറഞ്ഞത്.

മാലാഖ വീണാണ് പിശാച് ഉണ്ടായത് എന്ന പഴയ സിദ്ധാന്തം സ്വീകരിച്ചാൽ മാലാഖ വീഴാനുള്ള പ്രേരണശക്തി എവിടെ നിന്നും വന്നുവെന്ന ചോദ്യത്തിന് ഉത്തരം ഇല്ലാതെ വരും. എന്നാൽ പിശാച് ഭൂമിയിൽ ഊടാടി നടക്കുന്നു. കഴിയുമെങ്കിൽ വിശുദ്ധന്മാരെയും തെറ്റിക്കാൻ ശ്രമിക്കുന്നു. ദൈവാനുമതിയോടു കൂടി ഇയ്യോബിനെ പരീക്ഷിക്കുന്നു. 'ദൈവദൂതന്മാരുടെ സംഘത്തിലും പ്രവേശനമുള്ള ഭോഷ്കും ഭോഷ്കിന്റെ പിതാവുമത്രേ പിശാച് അഥവാ സാത്താൻ' (യോഹ. 8:44).

സ്നേഹമതിയായ ദൈവത്തിന്റെ പ്രേഷിത പ്രവർത്തനമായിരുന്നു സൃഷ്ടി. തന്നിൽ നിത്യമായി നിലനിന്നതും പ്രവർത്തിച്ചതുമായ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രദർശനമായി സ്വന്ത സാദൃശ്യത്തിൽ മനുഷ്യരെ ദൈവം സൃഷ്ടിച്ചപ്പോൾ അവർ തന്നോടുള്ള ബന്ധത്തിൽ പരസ്പര സ്നേഹത്തിൽ സ്വാതന്ത്ര്യത്തിന്റെ പരമാനന്ദം അനുഭവിക്കണമെന്നു വിചാരിച്ചാണ് സൃഷ്ടിച്ചത്. സ്വാതന്ത്ര്യം നിയമരാഹിത്യമല്ല. ദൈവനിയമങ്ങളുടെ സ്വമനസ്സാലുള്ള അനുസരണമാണ് യഥാർത്ഥ സ്വാതന്ത്ര്യം.

തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം തിന്നുവാൻ അനുവദിച്ച ദൈവം തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു വിലക്കിയത് അച്ചടക്കത്തിലാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്നു കാണിക്കുവാനായിരുന്നു. എന്നാൽ ദൈവദത്തമായ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്ത് പിശാചിന് വിധേയപ്പെട്ടപ്പോൾ മാനവരാശിക്കുണ്ടായ അധഃപതനത്തിന്റെ പ്രതീകമായിരുന്നു, കായീൻ തന്റെ സ്വന്ത സഹോദരനെ കൊന്നത്. 'കായീനേ, നിന്റെ സഹോദരനായ ഹാബേൽ എവിടെ?' (ഉല്പ. 4:9) എന്ന ചോദ്യം ദൈവത്തിന്റെ പ്രേഷിതവൃത്തി തുടർന്നു കൊണ്ടിരിക്കുന്നവരെല്ലാവരും പാപത്തിൽ ജീവിക്കുന്നവരോടു ചോദിക്കേണ്ടതാണ്. കൊലപാതകിയായ കായീനെയും ദൈവം സ്നേഹിക്കുന്നു എന്നു വേണം കരുതുവാൻ. കായീനുവേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമേക്കിനുവേണ്ടി 77 ഇരട്ടി പകരം ചെയ്യുമെന്നു പറഞ്ഞ ദൈവം പാപിക്കുപോലും അനുതപിക്കുമ്പോൾ രക്ഷ നൽകുന്നു (4:15–24). നീതി

മാന്മാരെയല്ല, പാപികളെ തേടിയാണല്ലോ നമ്മുടെ കർത്താവ് അവതരിച്ചത് (മത്താ. 9:13). ദൈവം അബ്രഹാമിനെ വിളിച്ചതും യഹൂദ ജാതിയെ പ്രത്യേകം തെരഞ്ഞെടുത്തതും ലോകത്തെ സ്നേഹിക്കുന്ന തന്റെ സ്നേഹമാകുന്ന സ്വർഗ്ഗീയ ഗംഗയുടെ ഒഴുക്കു ചാലുകളാക്കുവാൻ ആയിരുന്നു. കല്യാണത്തിന് അനേകം അതിഥികളെ വിളിച്ചിട്ട് ചിലരെ അവർക്ക് വിളമ്പുവാൻ തെരഞ്ഞെടുക്കുന്നതുപോലെയാണ് ദൈവത്തിന്റെ തെരഞ്ഞെടുപ്പ്. 'നിന്റെ സന്തതി സകല ജാതികളാലും അനുഗ്രഹിക്കപ്പെടും' എന്ന അനുഗ്രഹം ലഭിച്ച അബ്രഹാമും ഇസഹാക്കും യാക്കോബും അവരുടെ പ്രേഷിത ചുമതല മറന്നുപോയി എന്നതാണ് പരമാർത്ഥം. പുറത്തേക്കൊഴുകുന്ന സ്നേഹം യഹൂദജാതി അകത്തേക്കു വലിച്ചപ്പോൾ ദൈവസ്വഭാവം അവർക്കു വെളിപ്പെടുത്തുവാൻ പ്രവാചകന്മാരെ ദൈവം തെരഞ്ഞെടുത്ത് തന്റെ പ്രേഷിതചൈതന്യം അവരെ ഗ്രഹിപ്പിക്കാൻ ശ്രമിച്ചു. 8–ാം നൂറ്റാണ്ടിലെ ആമോസിന്റെ നീതിക്കുവേണ്ടിയുള്ള വിളിയും ചൂഷണത്തിനെതിരായ അട്ടഹാസവും ദരിദ്രനും ധനവാനും തമ്മിലുള്ള വലിയ വിടവിനെക്കുറിച്ചുള്ള രോദനവും ദൈവഹൃദയത്തിന്റെ ഏതാണ്ടൊരു രൂപം നൽകുന്നതായിരുന്നു. "നിങ്ങളുടെ ഉത്സവങ്ങളെ (മലയാളം വേദപുസ്തകത്തിൽ 'മത്സരങ്ങളെ' എന്ന് കാണുന്നത് അച്ചടിപിശകാണ്) ഞാൻ ദ്വേഷിച്ചു നിരസിക്കുന്നു. നിങ്ങളുടെ സഭായോഗങ്ങളിൽ എനിക്ക് പ്രസാദമില്ല. നിങ്ങൾ എനിക്ക് ഹോമയാഗങ്ങളും ഭോജനയാഗങ്ങളും അർപ്പിച്ചാലും ഞാൻ പ്രസാദിക്കുകയില്ല. തടിച്ച മൃഗങ്ങളെക്കൊണ്ടുള്ള നിങ്ങളുടെ സമാധാനയാഗങ്ങളെ ഞാൻ കടാക്ഷിക്കുകയില്ല. നിന്റെ പാട്ടുകളുടെ സ്വരം എന്റെ മുമ്പിൽ നിന്നു നീക്കുക. നിന്റെ വീണാനാദം ഞാൻ കേൾക്കയില്ല. എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടു പോലെയും കവിഞ്ഞൊഴുകട്ടെ" (ആമോസ് 5:21–24).

ദൈവത്തോടുള്ള സ്നേഹം ആരാധനയിലും ദൈവം നമ്മോടു കാണിക്കുന്ന സ്നേഹം മറ്റുള്ളവർക്ക് സ്നേഹം പങ്കിടുന്ന ദൗത്യത്തിലും കാണിച്ചിട്ട് സ്നേഹ ചൈതന്യത്തിന്റെ ലംബവും സമാന്തരവുമായ വശങ്ങൾ ഒരുമിച്ച് കൊണ്ടുപോകണം. ഇതിൽ ആദ്യത്തേതു മാത്രമുള്ള മതവും രണ്ടാമത്തേതു മാത്രമുള്ള മാനവികതയും ഒരുമിപ്പിക്കാതെ പൂർണ്ണത ലഭിക്കുകയില്ല. ദരിദ്രർക്ക് നീതി നടത്താത്ത ദൈവാരാധനയുടെ അപര്യാപ്തതയെക്കുറിച്ച് യെശയ്യാവ് പറയുന്ന പല ഭാഗങ്ങളിൽ ഒന്ന് താഴെ ഉദ്ധരിക്കുന്നു.

'നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറച്ചു കളയും. നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളുടെ കൈ രക്തം കൊണ്ടു നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകി വെടി

പ്പാക്കുവിൻ. തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്യാൻ പഠിപ്പിൻ. ന്യായം അന്വേഷിപ്പിൻ. പീഡിപ്പിക്കുന്നവനെ നേർവഴിക്ക് ആക്കുവിൻ. അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ. വിധവയ്ക്കു വേണ്ടി വ്യവഹരിപ്പിൻ' (യശ. 1:15-17).

സങ്കീർത്തനങ്ങൾ പരിശോധിച്ചാലും ഭക്തനും ദൈവവും തമ്മിലുള്ള ആഴമായ ബന്ധത്തിന്റെ വിവിധ വശങ്ങളാണ് പ്രധാന വിഷയമെങ്കിലും 37-ാം സങ്കീർത്തനം പോലെയുള്ള ചില സങ്കീർത്തനങ്ങളിൽ ദുഷ്ടന്മാരുടെ സ്വാർത്ഥതയും, തിന്മയും, ശിക്ഷയും, നീതിമാന്മാരുടെ നന്മയും പ്രതിഫലവും ചൂണ്ടിക്കാണിക്കുന്നുണ്ട്. ദുഷ്ടന്റെ ഒരു ലക്ഷണം ശ്രദ്ധിക്കുക, 'എളിയവനെയും ദരിദ്രനെയും വീഴിപ്പാനും സന്മാർഗ്ഗികളെ കൊല്ലുവാനും, ദുഷ്ടന്മാർ വാളൂരി വില്ലു കുലച്ചിരിക്കുന്നു' (സങ്കീ. 37:14). ദൈവദർശനം അല്പമെങ്കിലും ലഭിച്ചവർ സ്വസഹോദരങ്ങളെക്കുറിച്ച് കരുണയും ഉത്തരവാദിത്തവുമുള്ളവരായിരിക്കുമെന്ന് സത്യം. പല സങ്കീർത്തനങ്ങളിലും സദൃശ്യവാക്യങ്ങളിലും ഈ ആശയം വ്യക്തമായി നമുക്ക് കാണാം.

പഴയനിയമത്തിന്റെ എല്ലാ പുസ്തകങ്ങളും ദൈവത്തിന്റെ ആഗോള ദൗത്യത്തെക്കുറിച്ച് പഠിപ്പിക്കുന്നില്ല. പക്ഷേ യോനയുടെ പുസ്തകം ദൈവത്തിന്റെ സ്നേഹം സാർവത്രികമാണെന്നു കാണിക്കുന്നു. വിജാതികളെക്കുറിച്ച് സ്വജാതികളെപ്പോലെ കാരുണ്യവും കരുതലുമുള്ള ഒരു ദൈവത്തെയാണ് യോനയുടെ പുസ്തകം ചൂണ്ടിക്കാണിക്കുന്നത്. ദൈവം യോനയെ പഠിപ്പിച്ച രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ (1) യഹോവയുടെ സന്നിധി വിട്ടു തർശ്ശീശിലേക്കു പോകുവാൻ സാധ്യമല്ലെന്നും, സർവ്വവ്യാപിയും സർവ്വശക്തനുമായ യഹോവ സ്വാർത്ഥതല്പരരായ തന്റെ പ്രവാചകന്മാരെ ശിക്ഷിച്ചു രക്ഷിക്കുമെന്നും, (2) തന്റെ പ്രേഷിത സ്നേഹം യഹൂദരല്ലാത്തവരുടെ അനുതപ്ത നിലവിളി കേൾക്കുമെന്നുള്ളതുമാണ്. അതുകൊണ്ടാണല്ലോ യോനയോടു ദൈവം തന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുവാൻ ഇപ്രകാരം അരുളിചെയ്തത്. അതിനു യഹോവ 'നീ അദ്ധ്വാനിക്കുകയോ വളർത്തുകയോ ചെയ്യാതെ ഒരു രാത്രി ഉണ്ടായി വന്ന് ഒരു രാത്രിയിൽ നശിച്ചുപോകുകയും ചെയ്തിരിക്കുന്ന ആവണക്കിനെക്കുറിച്ച് നിനക്ക് അയ്യോ ഭാവം തോന്നുന്നുവല്ലോ. എന്നാൽ വലംകൈയും ഇടംകൈയും തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ ചില്വാനം മനുഷ്യരും അനേകം മൃഗങ്ങളും ഉള്ള മഹാനഗരമായ നിനവയോടു എനിക്ക് അയ്യോ ഭാവം തോന്നരുതോ എന്നു ചോദിച്ചു' (യോന 4:10).

ദൈവം പാപിയെ സ്നേഹിക്കുന്നു എന്ന ചിന്ത വിശ്വാസ വിപരീത

നായിരുന്ന മാർക്കിയോന്റെ പോലും അടിസ്ഥാന തത്വമാണ്. ഇത് വ്യക്തമാക്കണമെങ്കിൽ പുതിയനിയമത്തിലേക്ക് നോക്കണം. പഴയനിയമമാണ് ദൈവത്തിന്റെ നീതിക്ക് കേന്ദ്രസ്ഥിതമായ ഊന്നുകൊടുത്തിരിക്കുന്നത്. ഹിന്ദുമതത്തിലും ഇസ്ലാമിലും ഈ നീതിയോട് ബന്ധപ്പെട്ടുകിടക്കുന്ന പഠിപ്പിക്കലുകളുണ്ട്. ഉദാ:- ഹിന്ദുമതത്തിലെ കർമ്മവും പുനർജനനവും, ഇസ്ലാമിക് മതത്തിലെ കിശ്മത്തും. യഹോവ നീതിമാൻ, അവൻ നീതിയെ ഇഷ്ടപ്പെടുന്നു. നേരുള്ളവർ അവന്റെ മുഖം കാണും (സങ്കീ. 11:7). യഹോവ നീതി ഇഷ്ടപ്പെടുന്നു (സങ്കീ. 45:7). പുതിയനിയമം നോക്കിയാൽ ദുഷ്ടന്മാരുടെ മേലും നീതിമാന്മാരുടെ മേലും മഴ പെയ്യിക്കുന്ന ദൈവത്തെ കാണാം (മത്തായി 5:45). സൂര്യരശ്മി വിലയേറിയ രത്നത്തിന്മേലും വൃത്തിഹീനമായ സാധനങ്ങളിന്മേലും പതിക്കുന്നു. ക്രിസ്തീയ മിഷനും ഇതുപോലെ എല്ലാവരേയും ദൈവം സ്നേഹിക്കുന്നുവെന്നുള്ള സദ്വർത്തമാനമാണ്. ഈ സീമാതീതമായ ദൈവസ്നേഹത്താൽ നമ്മുടെ കർത്താവ് ക്രൂശിൽ കിടന്നു പ്രാർത്ഥിച്ചതു കേൾക്കുമ്പോൾ ഏതു കഠിനമനുഷ്യന്റെ ഹൃദയമാണ് അലിയാത്തത്?

'ധാതാവേ പാപപൈശാചിക ഹൃദയമോടിക്കൂട്ടരെ
ന്നോടു ചെയ്യുന്നേതാവൽ ക്രൂരകൃത്യം കനിവോടു
പൊറുക്കണമെന്നോതി മന്ദം.
ഹാ! തങ്കകൈകൾ രണ്ടും തിരുവുടലുമതാ ക്രൂശിലർപ്പിച്ചു
കണ്ടോ കിടക്കുന്നു സകലൈക സമുദ്ധാരകൻ ക്രിസ്തുദേവൻ.'

ദൈവസ്വഭാവത്തിന്റെയും ക്രിസ്തീയ സ്നേഹത്തിന്റെയും യഥാർത്ഥ സ്വഭാവം ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു. യഥാർത്ഥ മിഷനറിക്ക് എല്ലാ ശത്രുക്കളും മിത്രങ്ങളാണ്.

നമ്മുടെ കർത്താവിന്റെ ജീവിതവും സാക്ഷ്യവും പഠിപ്പിക്കലുകളും നിഷ്പക്ഷമായി പഠിച്ചാൽ സ്നേഹത്തിന്റെ പ്രത്യേകത കാണിക്കുന്ന മിഷൻ ആയിരുന്നു താൻ മുഴുവനായും എന്നു കണ്ടുപിടിക്കാൻ പ്രയാസമില്ല. വെള്ളം മേലോട്ടു ഒഴുകാതെ താഴോട്ടു പോകുന്നതുപോലെയാണ് സ്വർഗ്ഗീയ ഗംഗയാകുന്ന യേശുതമ്പുരാൻ സ്വർഗ്ഗീയ പ്രേഷിതവൃത്തി കാണിച്ചത്. പുൽക്കുടിലിൽ ജനിച്ച്, അഭയാർത്ഥികളോട് ഏകീഭവിച്ച് നസ്രേത്തിലെ പണിപ്പുരയിൽ തൊഴിലാളികളോട് താദാത്മ്യപ്പെട്ടു. ലൂക്കോ. 4:18-ലെ നസ്രേത്ത് പ്രകടനപത്രിക വഴി ദരിദ്രരോടുള്ള ഏകീഭാവം കാണിച്ചു. മൂന്നര വർഷത്തെ പരസ്യ ശുശ്രൂഷാകാലത്ത് 'ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ, ധനവാന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം' എന്നു പഠിപ്പിച്ചു (ലൂക്കോ. 6:20-26). യരുശലേമിലേക്കുള്ള പ്രവേശനത്തിനുപോലും രാജകീയ കുതിരയ്ക്കു പകരം ഭാരം ചുമക്കുന്ന കഴു

തയെ വാഹനമാക്കി. കടം വാങ്ങിയ മാളികയിൽ അന്ത്യപെസഹാ ഭക്ഷിച്ച് അരക്കാശിനു വകയില്ലാതെയും, തല ചായിക്കാൻ ഇടമില്ലാതെയും ജീവിച്ചു. സ്വന്തം കുടിലിൽ കിടന്നു മരിപ്പാൻ കുടിലില്ലാതെ വന്നപ്പോൾ ബറബാസ് മരിക്കേണ്ടതായ കുരിശിൽ മരിച്ചും സ്വന്ത കല്ലറയ്ക്കു വക യില്ലാത്തവനെന്നപോലെ അരിമഥ്യയിലെ ജോസഫിന്റെ കല്ലറയിൽ അട ക്കപ്പെട്ടു. സ്നേഹത്തിന്റെ യഥാർത്ഥ സ്വഭാവം സഭയേയും ലോക ത്തേയും താൻ കാണിച്ചു. അതുപോലുള്ള പ്രേഷിതവൃത്തിക്കു മാത്രമേ ഭൗതികവാദികൾ വർദ്ധിച്ചുവരുന്ന ആധുനിക ലോകത്തിൽ ദൈവികത യുടെ പരിവേഷം അണിഞ്ഞു ശോഭിക്കുവാൻ സാധിക്കൂ. ഈ സ്നേഹ ത്തിന്റെ പ്രേഷിതവൃത്തി ജാതിമതവ്യത്യാസം നോക്കാതെ എല്ലാവരു ടെയും രക്ഷയ്ക്കാണെങ്കിൽ തന്നെയും ധനവാന്മാർ സ്വമനസ്സാലെ ദരി ദ്രന്മാരായിട്ട് രക്ഷ പ്രാപിക്കണം എന്ന മാതൃകയിലാണ് സുവിശേഷ ദാരി ദ്ര്യത്തിന്റെ ശ്രദ്ധേയമായ പ്രേഷിതവൃത്തി.

അപ്പോസ്തോല പ്രവൃത്തി 2-ഉം, 4-ഉം അദ്ധ്യായങ്ങളിൽ ആദിമസഭ യുടെ ത്രിത്വതുല്യമായ സ്നേഹലക്ഷണം എങ്ങനെ കാണിച്ചിരിക്കുന്നു എന്നത് ഇന്നും, എന്നും ശ്രദ്ധേയമാണ്. മുട്ടുള്ളവരാരും അവരുടെ ഇട യിൽ ഉണ്ടായിരുന്നില്ല എന്ന ആദർശം സാധ്യമാകേണ്ടതാണ്. ഇത് നട പ്പാക്കുവാൻ സഭയെയും ക്രിസ്തീയ മിഷനറിമാരെയും തന്റെ പരിപാ ടിക്ക് കിട്ടുന്നില്ലെങ്കിൽ നിരീശ്വരനായ മാവോസേ തുങ്ങ് അല്ലെങ്കിൽ വിജാ തിയൻ എന്നു പറയപ്പെടുന്ന കോരെശിനെയോ മറ്റോ തെരഞ്ഞെടുത്ത് അവരിലൂടെ ദൈവനിശ്ചയം നടപ്പാക്കണമെന്നാണ് ചൈനയുടെ ആധു നിക ചരിത്രം പ്രസ്പഷ്ടമാക്കുന്നത് (യെശ. 24:28-45:8).

1 കൊരി. 13-ൽ പൗലോസ് ശ്ലീഹാ സ്വർഗ്ഗീയ സ്നേഹത്തെപ്പറ്റി കവി തയെഴുതുക മാത്രമല്ല ചെയ്തത്. ആ സ്നേഹത്തിന്റെ പ്രേരണയാൽ സുവിശേഷവേല ചെയ്യാൻ എത്രയധികം കഷ്ടത സഹിച്ചുവെന്ന് പരി ശോധിക്കുവാൻ 2 കൊരി. 11-ൽ പറഞ്ഞിരിക്കുന്നത് പഠിക്കുവാനും പൗലോസിനെപ്പോലെ കഷ്ടപ്പെടുവാനും ആധുനിക മിഷനറിമാർ തയ്യാ റാകാതെ വില കുറഞ്ഞ ശിഷ്യത്വം മതിയാകയില്ല.

'സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുവീൻ' എന്ന ദൂത് യോഹന്നാൻ സ്നാപകനും നമ്മുടെ കർത്താവും പ്രസംഗിച്ചു. യോഹ ന്നാൻ മാബ്ദാനയുടെ സുവിശേഷപ്രസംഗം തന്റെ ശിരസ്സു ഛേദിക്ക പ്പെടത്തക്കവണ്ണം ധീരതയുള്ളതായിരുന്നു. 'രണ്ടു വസ്ത്രമുള്ളവൻ ഇല്ലാ ത്തവനു കൊടുക്കട്ടെ. ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ. ... കല്പിച്ചതിൽ അധികമൊന്നും പിരിക്കരുത്. ആരേയും ബലാ ൽക്കാരം ചെയ്യരുത്. ചതിവായി ഒന്നും വാങ്ങരുത്. നിങ്ങളുടെ ശമ്പളം

മതിയെന്നു വയ്പിൻ' (ലൂക്കോ. 3:11-14) എന്നിങ്ങനെയുള്ള പ്രസംഗം ഇന്നും അത്യന്താപേക്ഷിതമാണെങ്കിൽ പോലും സാമൂഹ്യതിന്മയെക്കുറിച്ച് മൗനം പാലിക്കുകയും വ്യക്തിഗതമായ മാനസാന്തരം മാത്രം പ്രസംഗിക്കുകയും ചെയ്യുന്ന എത്രയോ മിഷനറിമാർ ഇന്നുമുണ്ട്? പങ്കിടലിന്റെ മിഷൻ അവർ പഠിക്കുമോ? പഠിപ്പിക്കുമോ?

പ്രേഷിതവൃത്തി ആരംഭിക്കുന്നതും അവസാനിക്കുന്നതും സ്വർഗ്ഗത്തിലാണ്. അതുകൊണ്ടത്രെ വെളിപാടു പുസ്തകം 21-ൽ പുതിയ ആകാശവും പുതിയ ഭൂമിയും വെളി. 22-ൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന പളുങ്കുപോലെ നിശ്ചലമായ നദിയും പ്രതിപാദ്യ വിഷയമായിരിക്കുന്നത്. മിഷൻ വിജയിക്കുമ്പോൾ 'അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനിയും മരണം ഉണ്ടാകയില്ല. ഒന്നാമത്തേതു കഴിഞ്ഞുപോയി. സിംഹാസനത്തിലിരിക്കുന്നവൻ ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു' (വെളി. 21:4-5).

മിഷൻ ഭൂമിയിൽ ആരംഭിക്കുന്നത് ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന ഉല്പ. 1:1-ാം വാക്യത്തിലാണ്. മിഷൻ ഭൂമിയിൽ അവസാനിക്കുമ്പോൾ പുതിയ ആകാശവും പുതിയ ഭൂമിയും കാണുന്നു. ഇതിനു രണ്ടിനുമിടയ്ക്ക് 'കണ്ടാലും ഞാൻ സകലതും പുതുതാക്കുന്നു,' എന്നു പ്രഖ്യാപിക്കുന്ന മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെ നാം കാണുന്നു. പൗലോസ് ശ്ലീഹാ എഴുതിയിരിക്കുന്നതുപോലെ 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി. ഇതാ, അതു പുതിയതായിരിക്കുന്നു' (2 കൊരി. 5:17). ഒരു ജാതി ക്രിസ്തുവിലായാൽ അതു പുതിയ ജാതിയാകുന്നു. അതുകൊണ്ടത്രെ ക്രിസ്തു തന്റെ അന്ത്യശാസനത്തിൽ ഇപ്രകാരം അരുളിച്ചെയ്തത്. 'സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടിയിരിക്കും' അതായത്, ഞാൻ സകലവും ലോക നന്മയ്ക്കും രക്ഷയ്ക്കും വേണ്ടി പങ്കിട്ടതും എന്റെ ജീവൻപോലും ലോകത്തെ രക്ഷിപ്പാൻ പങ്കിട്ടതുപോലെ നിങ്ങളും നന്മ പങ്കിടുന്നതിനായി പ്രേഷിതരാകുമെങ്കിൽ എന്റെ ഉയിർപ്പിന്റെ ശക്തിയാൽ നിങ്ങളെ ബലപ്പെടുത്തുവാൻ ലോകാവസാനം വരെ എല്ലായിടത്തും ഏതു പ്രയാസത്തിലും ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും.

പാഠം 3

# പ്രേഷിതവൃത്തി: ദൈവശാസ്ത്ര വെളിച്ചത്തിൽ

## A. സമ്പൂർണ ദൈവശാസ്ത്രം

എല്ലാ സത്യവും ഉൾക്കൊള്ളുന്ന ദൈവശാസ്ത്രം ഏതോ അതാകുന്നു സമ്പൂർണ്ണ ദൈവശാസ്ത്രം. ദൈവത്തെക്കുറിച്ചുള്ള പൂർണ്ണ സത്യമാകുന്ന വേദശാസ്ത്രവും മനുഷ്യനെക്കുറിച്ചുള്ള പൂർണ്ണ സത്യമായ നരവംശ ശാസ്ത്രവും ലോകത്തെക്കുറിച്ചുള്ള പൂർണ്ണസത്യമാകുന്ന പ്രപഞ്ചശാസ്ത്രവും പറഞ്ഞു കഴിഞ്ഞുവെന്നോ എഴുതി കഴിഞ്ഞുവെന്നോ ആർക്കും അവകാശപ്പെടാവുന്നതല്ല. മിഷനെക്കുറിച്ചുള്ള പൂർണ്ണ ദൈവശാസ്ത്രം മറ്റെല്ലാ സത്യങ്ങളെയുംപോലെ പരിശുദ്ധാത്മാവ് നിരന്തരമായി നയിച്ചുകൊണ്ടിരിക്കുന്നതും വളർന്നുകൊണ്ടിരിക്കുന്നതുമായ ഒന്നാണ്. കഴിഞ്ഞ കാലത്ത് അപൂർണ ദൈവശാസ്ത്രം പോലും വലിയ മിഷനറി ആവേശം കാണിച്ചിരുന്നു. ഇതിനുള്ള തെളിവാണ് നെസ്റ്റോറിയൻ സഭ ഏഴും എട്ടും നൂറ്റാണ്ടുകളിൽ ചൈനയിൽ വരെ നടത്തിയ അഭൂതപൂർവമായ പ്രേഷിത പ്രവർത്തനം. ഇസ്ലാമിന്റെ ഇന്നത്തെ പ്രേഷിത പ്രവർത്തനവും എന്നത്തെയുംപോലെ ആവേശപൂർണമാണെങ്കിലും അതിന്റെ പിന്നിലും ഒരു സമ്പൂർണ്ണ ദൈവശാസ്ത്രം ഉണ്ടെന്ന് അവകാശപ്പെടാവുന്നതല്ല. ഹരേ കൃഷ്ണ സന്യാസ സമൂഹവും ആനന്ദമാർഗികൾ മുതലായവരും മതപ്രചാരണ കാര്യത്തിൽ പിറകിലല്ലല്ലോ.

### എന്താണ് സമ്പൂർണ്ണ ദൈവശാസ്ത്രം?

എല്ലാ മതങ്ങളിലും തെളിവായും മറഞ്ഞും ഭാഗികമായും കിടക്കുന്ന സത്താവാദമാകുന്ന അദ്വൈതവും ഏകദൈവ വിശ്വാസവും ഒരുമിച്ചുകൊണ്ടുപോകുന്ന ത്രിയേകദൈവം എന്ന ത്രിത്വരഹസ്യത്തിലുള്ള വിശ്വാസമാണ് സമ്പൂർണ്ണ ദൈവശാസ്ത്രം. അദ്വൈതം പറയുന്ന ഏകത്വവും പൂർണ്ണതയും ത്രിത്വത്തിലുണ്ട്. മൂന്ന് ദൈവങ്ങളിലുള്ള വിശ്വാസമല്ല ത്രിത്വവിശ്വാസം. അതേസമയം സ്നേഹത്തിന്റെ നിത്യവ്യാപാരം ഈ ഏകത്വത്തിൽ നടക്കുന്നുവെന്ന് ചരിത്രത്തിൽ കാണിക്കുന്നതാണ് മനുഷ്യാവതാരമായി മർത്തീകരണം നടത്തിയ പുത്രൻ തമ്പുരാൻ. ആത്മാവായി സ്നേഹപൂർണതയിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവും ദൈവമാണ്. ഉണ്മയായതു സകലവും ത്രിത്വത്തിനുള്ളിലാണ്, പുറത്തല്ല. മുമ്പു പ്രതിപാദിച്ച ശൂന്യത്വം അഥവാ നിഷേധാത്മകത്വം ഉണ്മയുടെ നിത്യയാഥാർത്ഥ്യം ഉള്ളതല്ല. എന്നാൽ സത്യദൈവം ചരിത്രത്തിൽ യഥാർത്ഥമായിത്തന്നെ പ്രവർത്തിക്കുന്ന പരമാർത്ഥികതയുള്ളവനാണ്. 'ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുത്' (പുറ. 20:3) എന്ന ഒന്നാ

മത്തെ കല്പന കാര്യമായി എടുക്കുന്ന യഹൂദമതവും ഇസ്ലാം മതവും ആ ഏകത്വത്തിൽ ത്രിത്വമടങ്ങിയിട്ടുണ്ട് എന്ന പരമസത്യം ഗ്രഹിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ 'ഏകം ഏവ അദ്വിതീയം' പരബ്രഹ്മമാണെന്നു വിശ്വസിക്കുന്ന കേവലാദ്വൈത ചിന്തകന്മാർ സൃഷ്ടിയുടെയും ബഹുത്വത്തിന്റെയും യാഥാർത്ഥ്യം കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതു ചെയ്യാതിരുന്നാൽ വ്യാവഹാരിക ലോകത്തെ പരമാർത്ഥികമല്ലാതാക്കുന്നു. ചരിത്രത്തേയും ലോകത്തെയും മായയായി തരംതാഴ്ത്തുന്നതിനെതിരാണ് അസ്തിത്വവാദം. പാപത്തിന്റെയും തിന്മയുടെയും ചരിത്രത്തിലെ പാരമാർത്ഥികതയെ ചോദ്യം ചെയ്യുന്ന അസ്തികവാദത്തിനു ഒരു മറുവശം ഉണ്ട്. സാധാരണക്കാരായ ബഹുദൈവവിശ്വാസികളും സ്നേഹത്തിന്റെ ഉണ്മ ആഴമായി ഗ്രഹിച്ചാൽ ദൈവത്തിലെ ബഹുത്വത്തിൽ, ഏകത്വമുണ്ടെന്നും ഏകത്വത്തിൽ ബഹുത്വമുണ്ടെന്നും സമ്മതിക്കാതിരിക്കുകയില്ല. അതായത് സമ്പൂർണ ദൈവശാസ്ത്രം എല്ലാ മതങ്ങളിലെയും ഭാഗിക സത്യങ്ങളെ ഉൾക്കൊള്ളുന്നു.

വി. ത്രിത്വോപദേശം നിഷ്പ്രയാസം വ്യാഖ്യാനിക്കാവുന്ന ഒരു തത്വസംഹിതയാണെന്നല്ല പ്രതിപാദിക്കുന്നത്. പിന്നെയോ, ദൈവത്തിന്റെ പൂർണതയും സ്നേഹത്തിന്റെ പൂർണതയും വിവരിക്കാൻ ത്രിത്വോപദേശം ഒഴിച്ചുകൂടാൻ പാടില്ലാത്തതെന്നത്രേ. ചരിത്രത്തിലെ ഉപമകൾക്ക് ഒന്നുംതന്നെ ത്രിത്വരഹസ്യത്തെ പൂർണമായി ഉൾക്കൊള്ളുവാൻ കഴിവില്ല. എങ്കിൽത്തന്നെയും ആപേക്ഷികതയുള്ള ചരിത്രത്തിൽ പോലും ത്രിയേകത്വം കൂടാതെ ഒന്നും പൂർണമായി വിവരിക്കുവാൻ സാധ്യമല്ല. ഉദാഹരണമായി,

(a) അബോധമനസ്സും (അജ്ഞേയനായ പിതാവായ ദൈവം) ഉപബോധമനസ്സും (സകലത്തെയും പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവ്) സുബോധമനസ്സും (ദൈവത്തെ വെളിപ്പെടുത്തിയ പുത്രനായ ദൈവവും) കൂടാതെ മനസ്സിനെക്കുറിച്ച് പൂർണമായി പറയുവാൻ സാധ്യമല്ല.

(b) കാലവും സമയവും ഒന്നാണെങ്കിലും ഭൂതവും വർത്തമാനവും ഭാവിയും കൂടാതെ കാലത്തിന്റെ പൂർണത പറയുവാൻ സാദ്ധ്യമല്ല. ഭൂതകാലമാകുന്നു, വർത്തമാനകാലമാകുന്നു, ഭാവികാലമാകുന്നു എന്നാൽ ഒന്നേയുള്ളു.

(c) ആളത്തം ഒന്നാണെങ്കിലും ഉത്തമപുരുഷൻ, മദ്ധ്യമപുരുഷൻ, പ്രഥമപുരുഷൻ എന്ന മൂന്നു പുരുഷനിൽ മാത്രമേ സംഭാഷണം പൂർത്തിയാകൂ.

(d) വെള്ളം ഒന്നാണെങ്കിലും ഖനീകരിച്ച മഞ്ഞുകട്ട, ദ്രവം, വാതകം

എന്ന മൂന്നവസ്ഥ കൂടാതെ വെള്ളത്തിന്റെ പൂർണത വിവരണശക്യമല്ല. ദൈവം ഏകമായി വന്ദിക്കപ്പെടുകയും ത്രിത്വമായി ഗ്രഹിക്കപ്പെടുകയും ചെയ്യുന്നവനാണല്ലോ.

(e) മനസ്സിന്റെ പ്രവർത്തനത്തിന് ഒരു ഐകരൂപ്യമുണ്ടെങ്കിലും അറിവ്, തീരുമാനം, വികാരം എന്ന മൂന്നു പ്രക്രിയകളെ കൂടാതെ മനസ്സിന്റെ പ്രവർത്തനം പൂർണമായി പറയാവുന്നതല്ല.

(f) ഡയലെക്ടിക് തർക്കശാസ്ത്രം ഒന്നേയുള്ളുവെങ്കിലും വ്യവസ്ഥിതി, എതിർവ്യവസ്ഥിതി, സങ്കലനവ്യവസ്ഥിതി എന്നിവ കൂടാതെ അതു പൂർണമല്ല. ഹെഗൽ എന്ന ജർമ്മൻ ചിന്തകൻ വി. ത്രിത്വത്തെ പോലും ഡയലെക്റ്റിക്ക് ആയി ചിത്രീകരിച്ചു.

(g) കുടുംബം ഒന്നേയുള്ളുവെങ്കിലും പിതാവും മാതാവും പൈതലും കൂടാതെ കുടുംബം പൂർണമല്ല. ഇങ്ങനെയുള്ള അനേകം ഉദാഹരണങ്ങൾ കൊണ്ട് ത്രിത്വത്തിലേക്കൊന്ന് ഒളിഞ്ഞുനോക്കാമെന്നല്ലാതെ ത്രിത്വത്തിന്റെ മുഴുസത്യവും പറഞ്ഞു ഫലിപ്പിക്കാനാവില്ല. സ്രഷ്ടാവിനെ സൃഷ്ടിയോടു ഉപമിക്കുമ്പോൾ അപൂർണത അനിവാര്യമാണ്.

അജ്ഞാതനും അപ്രമേയനും അപരിമിതനുമായ ദൈവത്തിന്റെ ഉണ്മ നമ്മുടെ പരിമിത മനസ്സിൽ സുഗ്രാഹ്യമല്ല. എന്നാൽ അവൻ നിത്യമായി അനന്തസ്നേഹമാണെന്ന് ഏക മനുഷ്യാവതാരത്താൽ വെളിപ്പെടുത്തുകയും ഏക പരിശുദ്ധാത്മാവ് ആ വെളിപാടിനെ ഇന്ന് സമകാലീനമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. 'ദൈവത്തിൽ കൂടി മാത്രമേ ദൈവത്തെ അറിയാൻ സാധിക്കൂ' എന്ന് എമിൽ ബ്രൂണർ എഴുതിയത് ഒരു സത്യം തന്നെ.

## സമ്പൂർണ ദൈവശാസ്ത്രത്തിന്റെ പ്രധാന ലക്ഷണങ്ങൾ

ഇങ്ങനെ പരിശോധിക്കുമ്പോൾ സമ്പൂർണ ദൈവശാസ്ത്രത്തിന്റെ പ്രധാന ലക്ഷണങ്ങളിൽ ചിലത് താഴെ പറയുന്നവയാണ്.

(a) ദൃശ്യവും അദൃശ്യവുമായ സകല സത്യവും അത് ഉൾക്കൊള്ളുന്നു.

(b) വ്യാവഹാരിക ലോകത്തെയും പരമാർത്ഥ ലോകത്തെയും രണ്ടായി കാണാതെ സൃഷ്ടിയുടെ ഉപദേശത്താൽ അവയുടെ വ്യതിരിക്തതയും ഏകത്വവും ഒന്നിച്ചുകൊണ്ടുപോകുന്നു.

(c) ദൈവസ്നേഹത്തെ മനുഷ്യസ്നേഹം പോലെ കുറവുള്ളതായി കാണാതെ ദൈവം തന്റെ നിത്യപുത്രനിലൂടെ വെളിപ്പെടുത്തിയ മനുഷ്യപുത്രനാകുന്ന അളവുകോൽ വച്ച് അതിനെ നിത്യസത്യമായി കാണുന്നു.

(d) മനുഷ്യാവതാരം ചെയ്ത നിത്യപുത്രനെത്തന്നെയും സൃഷ്ടി മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വചനവുമായി (ലോഗോസ്) ബന്ധപ്പെടുത്തി എല്ലാ നന്മയുടെയും അളവുകോലായി കണ്ടുകൊണ്ട് സഭയുടെ മാത്രമല്ല എല്ലാ മതങ്ങളുടെയും, കേന്ദ്രത്തിലുള്ള തന്റെ സ്ഥാനം ഉറപ്പായി വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

(e) അന്യർക്ക് പ്രവേശനമില്ലാത്ത (സ്വകാര്യ) ഏകദൈവ വിശ്വാസത്തിന്റെ സ്ഥാനത്ത് എല്ലാവരെയും ഉൾക്കൊള്ളുന്ന പരിഗ്രാഹിയായ ത്രിയേക ദൈവവിശ്വാസത്തെ പരമസത്യമായി കാണുന്നു.

(f) മതസഹിഷ്ണുത ഇല്ലാത്ത സ്വജനപക്ഷപാതവും, വർഗീയതയും ഉപേക്ഷിച്ചിട്ട് സകലവും പരിശോധിച്ചു നല്ലതു മുറുകെ പിടിക്കുന്ന വിശാല മനസ് ഉൾക്കൊള്ളുന്നു.

(g) മരണാനന്തര ജീവിതത്തെക്കുറിച്ച് പുനർജന്മമാണോ, നിത്യ നരകവും നിത്യസ്വർഗ്ഗവുമാണോ, അന്തിമനാശമാണോ, ശരീരത്തിന്റെ നാശവും ആത്മാവിന്റെ നിത്യജീവനുമാണോ എന്നിത്യാദി കാര്യങ്ങളെക്കുറിച്ച് ആധികാരികഭാവത്തോടുകൂടി അന്തിമവാക്ക് ദൃഢനിശ്ചയപൂർവ്വം പറയാതെ 'ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. അപ്പോൾ നാം മുഖാമുഖമായി കാണും' എന്നു പറയുവാനുള്ള വിശാല മനസ്സാർജിക്കുന്നു. പ്രത്യാശ ഏതായാലും ആത്മാവിന്റെ മാത്രം പ്രത്യാശയേക്കാൾ ഉദാത്തമായത് ശരീരാത്മദേഹി ഉൾപ്പെടെയുള്ള ആളത്തത്തിന്റെ പുനരുത്ഥാനവും നിത്യജീവനുമാണ്.

(h) സഭാപിതാക്കന്മാരുടെ കാലം കൊണ്ട് വിശ്വാസ വ്യാഖ്യാനം അവസാനിച്ചു എന്ന നിലയിൽ ഭൂതകാലത്തെ അന്തിമമാക്കാതെയും ആധുനികത മാത്രമാണ് പ്രധാനമെന്ന നിലയിൽ വർത്തമാനകാലത്തെ മാത്രം അന്തിമമാക്കാതെയും കർത്താവിന്റെ പുനരാഗമനത്തിന് മാത്രമാണ് നമുക്ക് കാര്യമെന്നു പറഞ്ഞ്, ഭാവിയെ മാത്രം അന്തിമമാക്കാതെയും, ഭൂതം, വർത്തമാനം, ഭാവി എന്നീ കാലങ്ങളിൽ എല്ലാം നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് അന്തിമമാക്കി ദൈവശാസ്ത്രത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നു.

(i) മേൽമുനയുള്ള ത്രികോണം (പിരമിഡു) പോലുള്ള ഭരണക്രമത്തിൽ ഏറ്റവും മുകളിലിരിക്കുന്ന ആളിന്റെ അപ്രമാദിത്വത്തിനു പരമപ്രാധാന്യം കൊടുക്കാതെയും ജനങ്ങളുടെ ശബ്ദം മാത്രമാണ് ദൈവശബ്ദം എന്നു പറയുന്ന മുന താഴെയാക്കി തിരിച്ചുവച്ച ത്രികോണം പോലെ ഒരു പാർട്ടി മാത്രമുള്ള ജനാധിപത്യത്തിന് പരമപ്രാധാന്യം

കൊടുക്കാതെയും ഒരു കൊളിജിയൽ ഭരണക്രമം ഉണ്ടാകണം. ഞാനും പിതാവും ഒന്നാകുന്നു എന്നു പറഞ്ഞ പുത്രനായ ദൈവത്തിന്റെ മഹാ പുരോഹിത പ്രാർത്ഥനയിൽ (യോഹ. 17:20–23) സൂചിപ്പിച്ചിരിക്കുന്നതു പോലെ, വിശ്വസിച്ചവരും വിശ്വസിക്കാനിരിക്കുന്നവരുമായ എല്ലാവരു ടെയും ഐക്യത്തിൽ മാത്രം അപ്രമാദിത്വം കാണുന്ന ഒരു വിശാല വീക്ഷ ണത്തിലേക്ക് നയിക്കപ്പെടേണ്ടിയിരിക്കുന്നു. വ്യക്തിത്വത്തിനുവേണ്ടി സാമൂഹ്യതയും, സമൂഹത്തിനുവേണ്ടി വ്യക്തിയും നിലകൊള്ളണം.

മേൽപറഞ്ഞതുപോലെയുള്ള ലക്ഷണങ്ങൾ ക്രിസ്തീയ ദൈവ ശാസ്ത്രം ഇപ്പോഴേ ഉൾക്കൊള്ളുന്നുവെന്നു പറയുന്ന അവകാശവാദ ത്തിൽ സത്യമില്ല. എന്നാൽ അങ്ങനെയുള്ളൊരു പൂർണ്ണദൈവശാസ്ത്ര ത്തിലേക്ക് പരിശുദ്ധാത്മാവ് സഭയേയും മതങ്ങളെയും മതേതര ശക്തി കളെയും നയിക്കുമെന്നാണ് പ്രത്യാശിക്കേണ്ടത്. ഭാഗികമായ ദൈവ ശാസ്ത്ര സത്യങ്ങൾ കുറവുള്ളവയെന്നു തെളിയിക്കുന്ന ത്രിത്വവിശ്വാ സത്തിൽ അടിയുറപ്പുള്ളതായ ഒരു വ്യാഖ്യാനമാണ് വേണ്ടത്. എക്യു മെനിക്കൽ തിയോളജി എല്ലാ വിഷയങ്ങളെക്കുറിച്ചും പ്രതിപക്ഷ ബഹു മാനത്തോടെയാണു പഠിപ്പിക്കേണ്ടത്. അപ്രകാരമുള്ള സഭാവിജ്ഞാനീ യത്തിൽ ദൃശ്യസഭയ്ക്കും അദൃശ്യസഭയ്ക്കും വെളിപ്പെടാൻ പോകുന്ന പൂർണ്ണ സഭയ്ക്കും സ്ഥാനമുണ്ടായിരിക്കണം. അതുപോലെ യുഗാന്ത്യ ദൈവശാസ്ത്രത്തിൽ ചരിത്രത്തിൽ ദൈവരാജ്യം വരുത്തിക്കൊണ്ടിരി ക്കുന്ന നല്ല നാളെയെക്കുറിച്ചുള്ള പ്രത്യാശയ്ക്കും മനുഷ്യപാപത്തിന്റെ ഫലമായി വന്നുകൂടിയിരിക്കുന്ന ശിക്ഷയ്ക്കും സ്ഥാനം വേണം. അന്തി മമായി എല്ലാവർക്കും ന്യായവിധിക്ക് അപ്പുറത്തു വരുവാൻ സാധ്യത യുള്ള പ്രത്യാശയിലും വിശ്വാസം ഉണ്ടായിരിക്കണം.

## B. സമ്പൂർണ പ്രേഷിത വിജ്ഞാനീയം

പ്രേഷിതവൃത്തിക്ക് അനേക നിർവചനങ്ങൾ ഉണ്ട്:– I. ഡോക്ടർ ഡി. റ്റി. നൈൽസിന്റെ വീക്ഷണത്തിൽ ഒരു ഭിക്ഷക്കാരൻ മറ്റൊരു ഭിക്ഷക്കാ രനോട് ഇന്നടത്ത് ഒരു സദ്യയുണ്ടെന്ന് അറിയിക്കുന്നതാണ് സുവിശേ ഷവേല. 2 രാജാ. 7–ൽ നാലു കുഷ്ഠരോഗികൾ വയറു നിറച്ച് ഭക്ഷിച്ച തിനു ശേഷം 'നാം ചെയ്യുന്നതു ശരിയല്ല. ഇതു സദ്വർത്തമാന ദിവസ മല്ലോ. നാമോ മിണ്ടാതിരിക്കുന്നു. ആകയാൽ വരുവിൻ നാം ചെന്ന് രാജ ധാനിയിൽ അറിവ് കൊടുക്കാം' (2 രാജാ. 7:9) എന്നു പറയുന്നത് പോലുള്ള സുവിശേഷവേലയെക്കുറിച്ചാണ് ഈ നിർവചനം. ഇവിടെ അവർ വയറു നിറച്ചു ഭക്ഷിച്ചതിനു ശേഷമാണ് അറിവു കൊടുക്കുന്നത്. ഭക്ഷണം കണ്ടുപിടിച്ചപ്പോൾ സ്വന്ത കാര്യം മാത്രം നോക്കിയശേഷം കുറ്റബോധത്തോടെയാണ് അവർ സദ്വർത്തമാനം അറിയിച്ചത്. ഏതാ

യാലും യേശുക്രിസ്തുവാകുന്ന വിലയേറിയ നിധി കണ്ടുകിട്ടിയാൽ കണ്ട സന്തോഷം മറച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. നല്ല വാർത്ത പങ്കിടുന്നതാണ് സുവിശേഷവേല.

II. വി. പൗലോസ് ശ്ലീഹായുടെ ജീവിതം മുഴുവനും സുവിശേഷവേല യുടെ നിർവ്വചനമായിരുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരി ക്കുന്നത് ലാഭവും ആകുന്നു (ഫിലിപ്പ്യർ 1:21). 'സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. ... അതു രക്ഷയ്ക്കായ ദൈവശക്തിയാകുന്നുവല്ലോ' (റോമ. 1:16). നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം (റോമ. 10:15). 'ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെയല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം' (1 കൊരി. 2.2). 'ദാവീദിന്റെ സന്തതിയായി ജനിച്ചു, മരിച്ച്, ഉയിർത്തെഴു ന്നേറ്റ യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക. അതാകുന്നു എന്റെ സുവിശേഷം' (2 തിമോ. 2:8). 'എനിക്കോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കുവാൻ ഇടവരരുത്' (ഗലാ. 6:14). 'ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കയ്യോ കഷ്ടം' (1 കൊരി. 9:16). ഇപ്രകാരമുള്ള പൗലോസ് ശ്ലീഹായുടെ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന നിർവചനം 'എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ട്, ഉയിർ ത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനും അവനാൽ ഞാൻ പിടിക്കപ്പെട്ടിരി ക്കുന്നതിനാൽ അവനെക്കുറിച്ച് എല്ലാവരെയും അറിയിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ അവനെ ജീവൻകൊണ്ടും മരണം കൊണ്ടും സാക്ഷിക്കുന്നതാണ് സുവിശേഷവേല' എന്നതാണ്. ഒന്നാം നിർവചന ത്തിലില്ലാത്ത ക്രിസ്തീയാനുഭവത്തിന്റെ വശം രണ്ടാം നിർവചനത്തിൽ ഉണ്ടെന്നുള്ളതാണ് ഇതിന്റെ മേന്മ. എന്നാൽ ക്രിസ്തുവിനെ അറിയാ ത്തവരുടെ രക്ഷയ്ക്കുവേണ്ടി മരണാനന്തരവും പുത്രൻ തമ്പുരാൻ നട ത്തിക്കൊണ്ടിരിക്കുന്ന ഒരു രക്ഷികവേലയെക്കുറിച്ച് വി. പൗലോസിന്റെ നിർവചനങ്ങളിൽ വ്യക്തമായി കാണുന്നില്ല.

III. 'ഇതിനായിട്ടല്ലോ മരിച്ചവരോടും സുവിശേഷമറിയിച്ചത്. അവർ ജഡസംബന്ധമായി മരിച്ചവരെപ്പോലെ വിധിക്കപ്പെടുകയും ആത്മ സംബ ന്ധമായി ദൈവത്തിനൊത്തവണ്ണം ജീവിക്കുകയും ചെയ്യണമെന്നു തന്നെ' (1 പത്രൊ. 4:6). പത്രോസ് ശ്ലീഹായുടെ ഈ നിർവചനത്തിൽ മരണാന ന്തരമുള്ള സുവിശേഷവേലയെക്കുറിച്ചു പറയുന്നുവെന്ന മേന്മ ഉണ്ടെ ങ്കിലും പൗലോസ് ശ്ലീഹായെപ്പോലെ വിജാതികളുടെ രക്ഷയ്ക്കുവേണ്ടി ഓടി നടക്കുവാൻ പ്രേരണ നൽകുന്ന മേന്മയില്ല.

IV. 'കാലം തികഞ്ഞു സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്ത രപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ' (മർക്കോ. 1:15) എന്ന പ്രസംഗം

സുവിശേഷത്തിന്റെ വിഷയം ദൈവരാജ്യമാണെന്നുള്ള വശം കാണിക്കുന്നു. 'ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കയാൽ അവന്റെ ആത്മാവ് എന്റെമേലുണ്ട്. ബദ്ധന്മാർക്ക് വിടുതലും, കുരുടർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു' (ലൂക്കോ. 4:18). ഈ നസറേത്ത് പ്രകടന പത്രികയിലും സുവിശേഷവേല എന്താണെന്നു കാണിക്കുന്ന വിശാലമായ നിർവചനം കാണാം.

V. 1573-ൽ വാൽഡെൻസെസ് (Waldenses) സഭയുടെ ഏറ്റുപറച്ചിലിൽ പ്രേഷിത വൃത്താന്തത്തിനു കൊടുത്തിരിക്കുന്ന നിർവ്വചനപ്രകാരം 'പ്രേഷിതത്വം വിശുദ്ധ ത്രിത്വത്തിൽ ദൈവത്തിന്റെ പ്രത്യേക ചിന്തയിൽ ആരംഭിച്ചു നിശ്ചയിച്ചതും എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിച്ച് സകല ജാതിയിൽ നിന്നും വംശത്തിൽ നിന്നും ഭാഷയിൽ നിന്നും എണ്ണിക്കൂടുവാൻ പാടില്ലാത്ത വലിയ പുരുഷാരത്തെ ദൈവത്തിന്റെ മഹത്വത്തിലേക്ക് കൊണ്ടുവരുന്നതുമാണ്. മിഷന്റെ ആഗോള പ്രസക്തിയും നിത്യപ്രയോജനവും ഈ നിർവചനത്തിലുണ്ട്.

VI. ട്രേസി കെ. ജോൺ ജൂണിയർ ആധുനിക മിഷനെ കുറിച്ചു പറയുന്നത് രണ്ടു കാര്യങ്ങളാണ്.

1) പ്രത്യാശയില്ലാത്ത ലോകത്തിലെ പ്രത്യാശാ വിഷയമാണ് മിഷൻ.

2) അത് എല്ലാ ജനങ്ങൾക്കും ഉള്ളതാണ്. വ്യക്തിയായും സമൂഹമായും, ദേശീയമായും അന്തർദേശീയമായും ഉള്ള ബന്ധത്തിന് ക്രിസ്തീയ സ്ത്രീപുരുഷന്മാരുടെ ജീവിതത്തിൽ സുവിശേഷം മൂലമുള്ള വിടുതലിന്റെ സ്വഭാവം കാണിക്കുന്നു. ഇത് യേശുവിന്റെയും പരിശുദ്ധാത്മാവിന്റെയും ശക്തിയാലാണ്. അവരെ വിടുവിച്ച ശക്തി മറ്റുള്ളവരും പങ്കിടണമെന്ന് അവരാഗ്രഹിക്കുന്നു എങ്കിലും അവരെപ്പോലാകണമെന്നില്ല. എന്നാൽ അവർ ഈ ശക്തിയാൽ രൂപാന്തരം പ്രാപിച്ച് അവർ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുവിന്റെ പിതാവിനെ പ്രസാദിപ്പിക്കുന്നവരാകണം.

VII. സഭാപിതാക്കന്മാരുടെ നിർവ്വചനത്തിൽ സുവിശേഷവേല ഭൂമിയുടെ മുഴുവന്റെയും ജീവിച്ചിരിക്കുന്നവരുടെയും വാങ്ങിപ്പോയവരുടെയും ദൈവീകരണവും, എല്ലാവരും വിശുദ്ധ ത്രിത്വത്തെ ആരാധിക്കുന്നതിലുള്ള പരമാനന്ദമനുഭവിക്കലുമാണ്. മേൽക്കാണിച്ച സാമ്പിൾ നിർവചനങ്ങളിൽ നിന്നും സമ്പൂർണ്ണ പ്രേഷിതത്വത്തിന്റെ വ്യക്തിപരവും സാമൂഹികവും ചരിത്രപരവും നിത്യവും പ്രാദേശികവും ആഗോളവുമായ പ്രസക്തി മനസ്സിലാക്കാൻ സാധിക്കും. ഈ നിർവ്വചനങ്ങളിലും അടങ്ങി

യിരിക്കുന്ന മിഷന്റെ അർത്ഥം 'സർവ്വജാതികളെയും ശിഷ്യരാക്കിക്കൊൾ വീൻ' എന്ന നമ്മുടെ കർത്താവിന്റെ അന്ത്യശാസനത്തിൽ അടങ്ങിയിരി ക്കുന്നു. ബഹുത്വം ഉൾക്കൊള്ളുന്ന ഭാരതത്തിന്റെ പശ്ചാത്തലത്തിൽ സമ്പൂർണ്ണ മിഷൻ മേല്പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നതും അവയ്ക്ക് ഉപരിയായിട്ടുള്ളതുമാണ്. ഇത് ഒറ്റവാക്യത്തിൽ നിർവ്വചിക്കുക സാദ്ധ്യമല്ല.

സമ്പൂർണ്ണ മിഷൻ ലോകത്തെ, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന പരിശുദ്ധാത്മ പ്രവർത്ത നമാണ്. ദൃശ്യവും അദൃശ്യവുമായ സഭയെയും ലോകത്തെയും സകല സത്യത്തിലേക്കും വഴി നടത്തുവാനാണ് മിഷൻ. എല്ലാവരുടെയും രക്ഷയ്ക്കു വേണ്ടി കുരിശിൽ മരിച്ച് ഉയിർത്തവനായ കർത്താവായ യേശു ക്രിസ്തുവിനെയും അവൻ പഠിപ്പിച്ച സകല സത്യങ്ങളെയും എല്ലായി ടത്തും കാലാനുസരണമായി ഓർമ്മപ്പെടുത്തേണ്ടതാണ്. തിരുവചന ത്താലും വിശുദ്ധന്മാരുടെ ജീവിതസാക്ഷ്യം വഴിയായും യേശുവിന്റെ ശിഷ്യത്വത്തിൽ സകല ജാതികളെയും മതങ്ങളെയും വ്യക്തികളെയും മുഴുവനും ഒരു കൂട്ടായ്മയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ധനവാനും ദരിദ്രനും തമ്മിലുള്ള അന്തരം കുറഞ്ഞേ പറ്റൂ. രാഷ്ട്രീയ ഉപാധികളും സഭയുടെ സാക്ഷ്യവും ആരാധനയും കൂദാശകളും ഉപയോഗിച്ചും ദൈവ ഹിതാനുസൃതമായ ഇതര മാർഗങ്ങൾ അവലംബിച്ചും സ്വാതന്ത്ര്യം ഉള്ള ത്രിത്വാധിഷ്ഠിത സാമൂഹ്യനീതിയുളവാക്കാൻ മിഷൻ ആഗ്രഹിക്കണം. മാനവരാശിയെ മുഴുവനും ചരിത്രത്തിലും ചരിത്രാതീതമായും വിമോ ചിപ്പിച്ചും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട എല്ലാവരുടെയും ദൈവീ കരണത്തിനും സ്വർഗ്ഗപ്രവേശനത്തിനും വഴിനടത്തുന്നതുമായ സ്നേഹ മൂർത്തിയായ പരിശുദ്ധാത്മാവിന്റെ ചരിത്രത്തിലും നിത്യതയിലുള്ള പങ്കി ടീൽ ആണ് സമ്പൂർണ്ണ മിഷൻ.

മേല്പറഞ്ഞ നിർവചനത്തോട് എതിർക്കുന്ന അനേകരും കണ്ടേക്കാം. അവരുടെ എതിർപ്പുകളിലെ സത്യങ്ങൾ ഇതിൽ ഉൾപ്പെടുത്തുവാൻ അപേക്ഷിക്കുകയും ഇതിലുള്ള കുറവുകളെ നികത്തുവാൻ പരിശുദ്ധാ ത്മാവിനോട് പ്രാർത്ഥിക്കുകയും ചെയ്കയല്ലാതെ സമ്പൂർണ്ണ മിഷൻ സമ്പൂർണ്ണമായി നിർവചിക്കാൻ ആർക്കും കഴിയുമെന്ന് അവകാശപ്പെടു ന്നില്ല.

സമ്പൂർണ്ണ മിഷൻ എങ്ങനെയാണെന്നൊരു ചോദ്യം ഇപ്പോഴും അവ ശേഷിക്കുന്നു. എല്ലാ സത്യങ്ങളും ഉൾക്കൊള്ളുന്ന പരമ സത്യമാണ് സുവിശേഷമെങ്കിൽ വചനം ആകുന്ന ദൈവം എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലും വരുത്തിയിട്ടുള്ള രക്ഷ എല്ലാ സുവിശേഷത്തിന്റെ ഭാഗവും

വചനമാകുന്ന ക്രിസ്തുവിന്റെ പ്രവർത്തനവുമാണ്. 'കാറ്റ് ഇഷ്ടമുള്ളിടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നുവെങ്കിലും അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്ക് പോകുന്നുവെന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവരെല്ലാം അതുപോലെയാകുന്നു' (യോഹ. 3:8). സമ്പൂർണ്ണ മിഷൻ ഇങ്ങനെ മാത്രം എന്നു പറയുവാൻ ആർക്കും അവകാശമില്ല. യഹൂദ സഭയിൽ യഹൂദന്മാരായ ആരെയും തന്റെ പ്രവർത്തനത്തിന് കിട്ടാതെ പോയപ്പോൾ പുറജാതിയായ കോരെശിനെ ദൈവം തെരഞ്ഞെടുത്തതായി നാം തിരുവചനത്തിൽ വായിക്കുന്നു. 'കോരെശ് എന്റെ ഇടയൻ, അവൻ എന്റെ ഹിതമൊക്കെയും നിവർത്തിക്കും' (യെശയ്യാ 44:28). 'യഹോവാ തന്റെ അഭിഷിക്തനായ കോരെശിനോട് ഇപ്രകാരം അരുളിച്ചെയ്യുന്നു' (യെശ. 45:1). നമ്മുടെ കർത്താവും പുറജാതി ശതാധിപന്റെ വിശ്വാസം കണ്ട് 'യിസ്രായേലിൽ കൂടി ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടില്ല' (ലൂക്കോ. 7:9) എന്നു പറഞ്ഞതുപോലെ ഇന്നു ചില ക്രിസ്തേതരുടെ വിശ്വാസം കണ്ടു താൻ പറയുമെന്നതിന് സംശയമില്ല. സീറോ ഫൊയ്നിഖ്യാക്കാരി സ്ത്രീയുടെ വിശ്വാസത്തിന് നമ്മുടെ കർത്താവ് നൽകുന്ന സാക്ഷ്യം 'സ്ത്രീയേ നിന്റെ വിശ്വാസം വലുത്, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ' (മത്താ. 15:28) എന്നാണ്. ക്രിസ്ത്യാനികളായ നമ്മെക്കുറിച്ച് ക്രിസ്തു ഇപ്രകാരം പറയുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കർത്താവിന്റെ കാലത്ത് താൻ പറഞ്ഞ നല്ല ശമര്യാക്കാരന്റെ ഉപമയും യഹൂദാ പുരോഹിതന്മാരേക്കാളും ലേവ്യാക്കാരേക്കാളും ഉന്നതമായ സ്ഥാനം യഹൂദനല്ലാത്ത കരുണയുള്ള ഒരു ശമര്യാക്കാരനാണ് കൊടുത്തതെന്ന് നാം മറക്കരുത്. ഇങ്ങനെയുള്ള പല വേദഭാഗങ്ങൾ വച്ചുനോക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ചില പ്രത്യേക സന്ദർഭങ്ങളിൽ സഭയിൽക്കൂടി ഉള്ളതിനേക്കാൾ കൂടുതൽ ചിലപ്പോൾ അതിനു പുറത്തുള്ളവരിൽ കൂടിയാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിലെ ഇതിനുള്ള ഒരു വലിയ ഉദാഹരണം നിരീശ്വരവിശ്വാസികളിൽക്കൂടി 100 കോടി ചീനൻമാരുടെ ഇടയിൽ പരിശുദ്ധാത്മാവ് വരുത്തിയിരിക്കുന്ന വ്യതിയാനമാണ്. ചൈനാ ഊനമറ്റതാണെന്നല്ല. അതിൽക്കൂടി സാമൂഹ്യനീതിയുണ്ടായി എന്നതാണ് വിവക്ഷ.

സമ്പൂർണ്ണ മിഷന്റെ അന്തിമലാക്ക് എന്താണെന്നു ചോദിച്ചാൽ ചില വിമോചന ദൈവശാസ്ത്രജ്ഞന്മാരും, മനുഷ്യമഹത്വവാദികളും, യുക്തിവാദികളും നിരീശ്വരന്മാരും പറയുന്നത് ചരിത്രത്തിന്റെയുള്ളിൽ മാത്രം ഒതുങ്ങുന്ന സാമൂഹ്യനീതിയും ഐശ്വര്യവും സമാധാനവും മാനവീകരണവുമാണ് എന്നാകുന്നു. ഭൗതികവാദികൾ നിത്യനായ ദൈവത്തിന്റെ നിത്യമായ പ്രവർത്തനത്തിൽ വിശ്വസിക്കാത്തവരാണ്. അവരെക്കൂടി

വിശ്വാസത്തിൽ കൊണ്ടുവരണമെങ്കിൽ മിഷന്റെ അന്തിമലാക്കായി ദൈവീകരണത്തോടൊപ്പം പുതിയ ആകാശവും പുതിയ ഭൂമിയും ഉൾക്കൊള്ളുന്ന ദൈവരാജ്യത്തെത്തന്നെ മുമ്പ് സൂചിപ്പിച്ചതുപോലെ ചൂണ്ടിക്കാണിക്കണം.

ദൈവഹിതപ്രകാരമുള്ള മിഷൻ സ്നേഹത്തിന്റെ അർഗ്ഗളമായ ഒഴുക്കും നന്മയുടെ സ്വതന്ത്രമായ പങ്കിടീലും ആണ്. അതു വർഗ്ഗീയതയുടെ സ്വാർത്ഥതയ്ക്കതീതമായി ദരിദ്രരോടു പങ്കുചേരുന്നതും, മഴവില്ലിലെ ഏഴ് നിറങ്ങളെപ്പോലെ വിവിധജാതികളും, ഭാഷക്കാരും, ഗോത്രങ്ങളും, വംശങ്ങളും ഒന്നോടൊന്നു തോളുരുമ്മി മനോഹാരിത കാഴ്ചവയ്ക്കുന്നതും, അവരിൽക്കൂടി ദൈവിക പ്രകാശം ബഹിർഗമിക്കുവാൻ സ്വയം പരിശുദ്ധാത്മാവിനും വിധേയപ്പെടുത്തുന്നതും, സ്വർഗ്ഗീയ പിതാവിന്റെ മാത്രം വകയായ ആധ്യാത്മികതയും ഭൗതികനിക്ഷേപങ്ങളും പരസ്പരം സഹോദരീസഹോദരന്മാർക്കു സസന്തോഷം പങ്കുവയ്ക്കാൻ ബദ്ധപ്പെടുന്നതും ആണ്. അത് ത്യാഗപ്രവർത്തനങ്ങളാൽ കാൽവറിയിലെ പരമയാഗം പോലെ എരിഞ്ഞസ്തമിക്കുന്ന മെഴുകുതിരിയായി പ്രകാശം നൽകുന്നതും, ചുറ്റുപാടും നിന്ന് അജ്ഞാനാന്ധകാരവും മറ്റെല്ലാവിധ കൂരിരുട്ടും ഇല്ലാതാക്കുന്നതും ആകുന്നു. അത് വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്ന കർത്തൃവചനമനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുന്നതും, നന്മയാൽ തിന്മയെ ജയിക്കുന്നതും, ലോകത്തിന്റെ ഏക പ്രത്യാശയായി ഇന്നും നിലനില്ക്കുന്ന യേശുക്രിസ്തുവിലേക്ക് മറ്റുള്ളവരോടുകൂടി സ്വയം അടുത്തുകൊണ്ടിരിക്കുന്നതും, ആത്മാവിലും സത്യത്തിലുമുള്ള ആരാധന വഴി ലഭിക്കുന്ന ദൈവിക സ്വഭാവത്തിന്റെ പങ്കിടീലും ആകുന്നു.

സ്വർണ്ണനാവുകാരനായ ഈവാനിയോസ് പറഞ്ഞതുപോലെ 'മറ്റുള്ളവരുടെ രക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കാത്തവന്റെ രക്ഷയിൽ ഞാൻ വിശ്വസിക്കുന്നില്ല.' കിണറ്റിലെ വെള്ളം കോരി തീർത്താൽ ഉപയോഗശൂന്യമാകുന്നതുപോലെ മിഷൻ പ്രാവർത്തികമാക്കാത്ത സഭയും, വ്യക്തിയും, സമൂഹങ്ങളും നന്മയേക്കാൾ കൂടുതൽ തിന്മയാണ് വരുത്തുന്നത്.

പാഠം 4

# പ്രേഷിതവൃത്തി:
# വി. ത്രിത്വവിശ്വാസാടിസ്ഥാനത്തിൽ

വി. ത്രിത്വത്തിലെ സമ്പൂർണ്ണ സ്നേഹത്തിന്റെ സമ്പൂർണ്ണ പ്രേഷിത സ്വഭാവമാണ് മിഷന്റെ ആത്യന്തിക മാനദണ്ഡം എന്നു  മുമ്പു സൂചിപ്പിച്ചു വല്ലോ? ചലനാത്മകമായ ദൈവസ്നേഹം സൃഷ്ടിയിലും, വീണ്ടെടുപ്പിലും ചരിത്രാന്ത്യ പൂർത്തീകരണത്തിലും കൂടി വെളിപ്പെടുത്തുന്നതിനു മുമ്പും തന്നിൽത്തന്നെ നിത്യപ്രയാണം നടത്തിക്കൊണ്ടിരിക്കുന്നു. 'ദൈവം സ്നേഹമാകുന്നു' എന്നാൽ ദൈവം നിത്യമനുഷ്യനാകുന്നു എന്നർത്ഥം. പ്രേഷിതാത്മസ്നേഹത്തിന്റെ ചലനാത്മകത്വമാണ് മിഷൻ. ഈ വലിയ സത്യം നാമറിയുന്നത് പുത്രന്റെ മനുഷ്യാവതാരം വഴിയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലുമത്രെ. ദൈവത്തെ പൂർണ്ണമായി ഉൾക്കൊള്ളുവാൻ ദൈവത്തിനല്ലാതെ സൃഷ്ടിക്കു സാധ്യമല്ല. എന്നാൽ ദൈവത്തിനു തന്നെ സ്വയം വെളിപ്പെടുത്തുവാൻ കഴിയും. അങ്ങനെ യേശു ക്രിസ്തുവിൽ ദൈവം തന്റെ സ്നേഹം അനാവരണം ചെയ്തു. ഈ ക്രിസ്തുവാണ് ചരിത്രത്തിലെ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ഏക ആളത്തം. അദ്ദേഹത്തിൽ ദൈവം മനുഷ്യനായിയെന്ന കേന്ദ്ര സത്യം ചരിത്രത്തിൽ നിത്യതയെക്കുറിച്ച് നൽകിയിരിക്കുന്ന അദ്വിതീയനായ ദൈവത്തെക്കുറിച്ചുള്ള ഏറ്റവും വലിയ ഉൾക്കാഴ്ചയാണ്. ആ വെളിപാടിന്റെ ആത്യന്തികത മറ്റാർക്കും അവകാശപ്പെടാവതല്ല. 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. അവന്റെ മടിയിലിരിക്കുന്ന ഏകജാതൻ അവനെ വെളിപ്പെടുത്തി' എന്ന വൈരുദ്ധ്യാധിഷ്ടിത വാക്യം ഒരുമിച്ചു വായിക്കുമ്പോഴാണ് തത്ത്വശാസ്ത്രം ദൈവശാസ്ത്രമാകുന്നത്. കപ്പദോക്യൻ പിതാക്കന്മാരുടെ പ്രത്യേക ഊന്നൽ വി. ത്രിത്വമാണ് ദൈവശാസ്ത്രം എന്നുള്ളതായിരുന്നു. തിയോളജിയൻ അഥവാ ക്രിസ്തീയ ദൈവശാസ്ത്രജ്ഞൻ എന്ന് ആരെക്കുറിച്ചെങ്കിലും പറയണമെങ്കിൽ അദ്ദേഹം വി. ത്രിത്വ വിജ്ഞാനിയായിരിക്കണം.

### ഒരു നൂതന പഠനം ആവശ്യം

നിർഭാഗ്യവശാൽ പ്രോട്ടസ്റ്റന്റു പണ്ഡിതർ മിഷനെ കുറിച്ചെഴുതിയ പുസ്തകങ്ങളിൽ അധികവും വി. ത്രിത്വത്തെക്കുറിച്ച് ഒന്നും തന്നെ പറയാത്തവയായിരുന്നു. എന്നാൽ ജോർഗൻ മോൾട്ടുമാനെപ്പോലെ ചില പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രജ്ഞന്മാർ ഈ കുറവ് പല ഗ്രന്ഥങ്ങളിൽകൂടി പരിഹരിച്ചുകൊണ്ടിരിക്കുന്നു എന്നത് ശുഭോദർക്കമാണ്. മുൻ ഗ്രന്ഥങ്ങളിൽ പലതിലും ക്രിസ്തുവിന്റെ കേന്ദ്രീകരണം മാത്രമാണ് മിഷന്റെ മുഴു

അടിസ്ഥാനമായിരുന്നത്. ചിലതിൽ പരിശുദ്ധാത്മാവിന്റെ കേന്ദ്രസ്ഥാനവും കാണുന്നുണ്ട്. പുത്രനെ നിത്യമായി ഒന്നിപ്പിച്ച പിതാവും, പരിശുദ്ധാത്മാവിനെ നിത്യമായി പുറപ്പെടുവിച്ച ദൈവവും ത്രിയേകനും സ്നേഹസാഗരവും ആകയാൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും ചേർന്ന ഏക ദൈവമാണ് ഏക മിഷനറി എന്ന ഊന്നൽ ഉണ്ടാകേണ്ടതാണ് ഇന്നിന്റെ ഏറ്റം വലിയ ആവശ്യം.

മനുഷ്യാവതാരം ദൈവത്തിൽ ആരംഭിക്കുംപോലെ മിഷനും ദൈവത്തിൽ ആരംഭിക്കുന്നു. ഇവാൻജലിക്കൽ പ്രോട്ടസ്റ്റന്റ് മിസ്യോളജിസ്റ്റ് ആയ ജെ. റോബർട്ട് കെയിൻ ഇങ്ങനെ പറയുന്നു: 'മിഷനറി മൂവ്മെന്റ് തുടങ്ങിയത് ഫ്രാൻസിസ് സേവ്യറിലോ വില്യം കേറിയിലോ, അപ്പോസ്തോലനായ പൗലോസിലോ, യേശുക്രിസ്തുവിലോ പോലുമോ അല്ല. പിതാവായ ദൈവത്തിൽത്തന്നെ അതു തുടങ്ങി.' റോബർട്ട് ഇസ്പിയർ പറയുന്നു: 'മിഷനുകൾക്കുള്ള ഏറ്റം വലിയ വാദങ്ങൾ ഏതെങ്കിലും പ്രത്യേക വാക്കുകളിൽ കാണാവുന്നതല്ല. മിഷൻ പ്രവർത്തനങ്ങളുടെ ഏറ്റം വലിയ ആഴം കാണുന്നത് ദൈവത്തിന്റെ ആളത്തത്തിലും സ്വഭാവത്തിലുമാകുന്നു.' ഈ എഴുത്തുകാർ ഇരുവരും വി. ത്രിത്വത്തിന്റെ മിഷണറി സ്വഭാവത്തിലേക്കു കടക്കുന്നില്ല. ഡോക്ടർ കെയിന്റെ ഗ്രന്ഥത്തിലെ പ്രസക്ത അദ്ധ്യായത്തിന്റെ തലക്കെട്ടുതന്നെ 'മിഷണറി ദൈവമായ യഹോവ' എന്നാണ്. അള്ളാഹുവും യഹോവായും മിഷണറി ദൈവമാണെന്നു പറയുന്നതിൽ സത്യമുണ്ടെങ്കിലും, മിഷന്റെ സ്നേഹസ്വഭാവം വി. ത്രിത്വത്തിൽ മാത്രമേ നിത്യമായി കാണുന്നുള്ളു.

പ്രോട്ടസ്റ്റന്റ് മിസ്യോളജിസ്റ്റുകളിൽ തലയെടുപ്പുള്ള ജെറാൾഡ് ആൻഡേർസൺ ഈ കുറവു ചൂണ്ടിക്കാണിക്കുന്നു. മിഷന്റെ അടിസ്ഥാനങ്ങളിൽ എട്ടു പഴയ കേന്ദ്രങ്ങളായിരുന്നു സംസ്കാരം, മനുഷ്യൻ, വെളിപാട്, യുഗാന്ത്യദൈവശാസ്ത്രം, ദൈവരാജ്യം, വേദപുസ്തകം, സഭ, ക്രിസ്തു എന്നിവ. ആവശ്യമെങ്കിലും മൗലികമായ ത്രിത്വദൈവത്തെ ഒരു പുതിയ സമീപനത്തോടുകൂടി മാത്രമേ ആധുനിക മിഷൻ പ്രവർത്തനം പൂവണിയൂ എന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. കാൽ നൂറ്റാണ്ടു മുമ്പ് അദ്ദേഹം വിരൽ ചൂണ്ടിയ ഈ കാര്യം ഇന്നും ഒരാവശ്യമായി അവശേഷിക്കുന്നു.

## സമ്പൂർണതയുടെ ഐക്യം

ഈ നിലയിൽ വീക്ഷിക്കുമ്പോൾ ദൈവസ്വഭാവവും, ഊർജ്ജവും എന്ന നിലയിൽ മിഷൻ ആരംഭരഹിതവും അനന്തവുമത്രേ. 'ഞാൻ ആകുന്നവൻ ഞാനാകുന്നു' (പുറ. 3:14). ഇതു പുതിയനിയമ വെളിച്ചത്തിൽ 'ഞാൻ നിത്യ സ്നേമാകുന്നു' എന്നർത്ഥം. അൽഫയും ഒമേഗയുമായ

(വെളി. 22:13) ദൈവം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹം ഒരേ സമയത്ത് ഒന്നും മൂന്നുമായി വെളിപ്പെടുത്തിയിരിക്കുന്നു. 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്ന സത്യം തന്നെയാണ് 'ആദിയിൽ വചനം ഉണ്ടായിരുന്നു. ... അവൻ ആദിയിൽ ദൈവത്തോടു കൂടെയായിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല' (യോഹ. 1:1, 2, 3) എന്ന വിശദീകരണത്താൽ നാലാം സുവിശേഷകൻ പ്രകീർത്തിക്കുന്നത്. അതുപോലെ തന്നെ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരിക്കുന്നു' (ഉല്പ. 1:2) എന്ന സൃഷ്ടിയുടെ വശം ഇന്നും തുടരുന്നതിനാണ് പരിശുദ്ധാത്മാവ് പെന്തക്കോസ്തുനാളിൽ സഭയിലേക്കും ലോകത്തിലേക്കും പ്രത്യേക ആളത്തമായി ആവസിച്ചത്. പിതാവിന്റെ രണ്ടു കരമായി പുത്രനേയും പരിശുദ്ധാത്മാവിനെയും ചിന്തിക്കുന്നത് ഏക ആളത്തത്തെ ഗ്രഹിപ്പാനും ഒരു കുടുംബത്തിലെ നിത്യ പിതാവും നിത്യമാതാവും, നിത്യപുത്രനും എന്നു ചിന്തിക്കുന്നത് മൂന്നു ആളത്തത്തെ ഗ്രഹിപ്പാനും സഹായിക്കും.

സമ്പൂർണ ദൈവത്തിന്റെ സമ്പൂർണ്ണ പ്രവർത്തനമാണ് മിഷൻ. പഴയ നിയമത്തിൽ പോലും ബസലേലിനെ 'ദൈവാത്മാവിനാൽ ജ്ഞാനവും ബുദ്ധിയും, അറിവും, സകലവിധമായ സാമർത്ഥ്യവും കൊണ്ടു നിറച്ചത്' കൗശലപ്പണികളെ സങ്കല്പിച്ചു ചെയ്യാനും, പൊന്ന്, വെള്ളി, താമ്രം എന്നിവ കൊണ്ടു പണി ചെയ്യാനും, രത്നം വെട്ടി പതിപ്പാനും മരത്തിൽ കൊത്തുപണി ചെയ്യുവാനും, സകലവിധമായ പണിത്തരം ഉണ്ടാക്കുവാനും' (പുറ. 31:3-5) ആയിരുന്നു. ആധുനിക മനുഷ്യൻ ഹരിതവിപ്ലവം നടത്തി കൂടുതൽ ധാന്യം വിളയിക്കുന്നതും, പരിശുദ്ധാത്മ പ്രേരണയാലും ശക്തിയാലും ആണെന്നറിയേണ്ടതാണ്. ക്രിസ്ത്യാനികളല്ലാത്തവരിൽ കൂടിയും പരിശുദ്ധാത്മാവ് മിഷൻ നടത്തുന്നു. 'ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർണ്ണമാക്കി തികയ്ക്കുന്ന ജീവനുള്ള ഏക പരിശുദ്ധാത്മാവ് നമ്മോടു കൂടെ. കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ' എന്ന് ഓർത്തഡോക്സ് സഭയിലെ വി. കുർബ്ബാനയിൽ രഹസ്യങ്ങൾ ആഘോഷിക്കുമ്പോൾ പട്ടക്കാരൻ വിളിച്ചുപറയുന്നതും ലോകത്തിലെ സകല പൂർത്തീകരണ പ്രവർത്തനവും പരിശുദ്ധാത്മ പ്രേഷിതമായി വിളിച്ചറിയിക്കുകയാണ്.

*വി. ത്രിത്വ സ്നേഹമാണ് മിഷൻ* എന്ന തത്വം അംഗീകരിക്കുമ്പോൾ നശീകരണബോംബുകളും ന്യൂക്ലിയർ യുദ്ധത്തിനുള്ള നീതീകരണമില്ലാത്ത ഭാരിച്ച ചെലവുകളും ദൈവിക മിഷനാകാൻ സാദ്ധ്യമല്ലെന്നു വ്യക്തം. പൈശാചിക ശക്തിയും പ്രേരണയും ലോകത്തിലുണ്ട്. അതും

തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം തന്നത് മനുഷ്യനെ അടിമയാക്കുവാൻ ഉദ്ദേശിക്കാതെ പുത്രനായി സൃഷ്ടിച്ചതിനാലത്രേ. അതും ദൈവസ്നേഹം കൊണ്ടാണ്. ജീവന്റെയും മരണത്തിന്റെയും രണ്ടു വഴികൾ ദൈവം സൃഷ്ടിച്ച മാനവരാശിയുടെ മുമ്പിൽ വച്ചിട്ടുണ്ട്. സ്നേഹസമ്പൂർണ്ണനായ ദൈവം മാനവവീഴ്ചയിൽ സങ്കടപ്പെട്ട് ഇടുക്കമുള്ള വഴി തെരഞ്ഞെടുത്തു നമ്മെ രക്ഷിപ്പാൻ ക്രൂശിൽ മരിച്ചു. ദൈവികരാകുവാനാശിക്കുന്നവർ ഇതുപോലെ ഇടുക്കുവഴി തെരഞ്ഞെടുത്ത് ജീവങ്കലേക്കു പോകുവാൻ താൻ ഉപദേശം നൽകി (മത്താ. 7:13 മു).

സ്നേഹത്തിന്റെ നീതിയുക്തമായ പങ്കിടീൽ മിഷന്റെ ഒഴിച്ചുകൂടാത്ത ഭാഗമാണ്. മിഷനും സാമൂഹ്യനീതിയുമായുള്ള ബന്ധം ദൈവശാസ്ത്രാധിഷ്ഠിതമാണെങ്കിൽ മിഷന്റെ മാതൃക വി. ത്രിത്വമാണെന്നു വ്യക്തമാക്കണം. മുട്ടുള്ളവർ ആരും ഇല്ലാതിരിപ്പാൻ ഒന്നും സ്വന്തമെന്നു നിരൂപിക്കയോ സ്വരൂപിക്കയോ ചെയ്യാതെ സകലവും പൊതുവകയെന്നെണ്ണണം. അങ്ങനെ ചെയ്യുന്ന സന്യാസി സമൂഹങ്ങൾ, ആശ്രമങ്ങൾ, സാഹോദര്യകൂട്ടങ്ങൾ മുതലായവയാണ് നീതിയുടെയും സ്നേഹത്തിന്റെയും മാതൃകകൾ അല്പമായെങ്കിലും മിഷൻ രംഗത്തു കാണിക്കുന്നത്. ഇപ്രകാരം പങ്കിടുന്ന സന്യാസസമൂഹങ്ങളെപ്പോലെ ലോകം മുഴുവൻ പരസ്പരം വിഭവങ്ങൾ പങ്കിടുന്ന സമൂഹം ആയിത്തീരാതെ ദൈവരാജ്യാഗമനം നടക്കുകയില്ല.

ഓരോ മിഷണറി കമ്മ്യൂണിറ്റിയും 'കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും' (2 കൊരി. 13:14) ആയി ജീവിക്കയും, വർത്തിക്കയും വേണം. കൃപ, സ്നേഹം, കൂട്ടായ്മ എന്നിവ ബന്ധങ്ങൾ കാണിക്കുന്നു. സൗജന്യദാനമായ കൃപയാൽ അസമത്വങ്ങൾ ഹനിക്കുന്ന സ്നേഹവും, കൂട്ടായ്മയും ഉണ്ടാകുന്നു. 'ഏറെ പെറുക്കിയവനും കുറച്ചു പെറുക്കിയവനും കുറവ് കണ്ടില്ല' (2 കൊരി. 8:15); താ. പുറ. 16:18) എന്നു വരുന്നത് എല്ലാം ദൈവദത്തമായ മന്നായാണെന്ന ബോധം ആളുകൾക്കുണ്ടാകുമ്പോഴാണ്. കൂടുതൽ പെറുക്കി പങ്കിടാതെ സ്വാർത്ഥതയോടെ വെച്ചിരുന്നാൽ പിറ്റെ ദിവസം 'അതു കൃമിച്ചു നാറി' എന്ന അനുഭവം ഉണ്ടാകും. 'മോശ അവരോടു കോപിച്ചു.' ഇന്ന് പൂഴ്ത്തിവയ്ക്കുന്നവരോടോ, നഷ്ടപ്പെടുത്തുന്നവരോടോ കോപിക്കുന്ന മോശമാർ കുറവാണ്. സ്വാർത്ഥത തെറ്റാണെന്ന പഠിപ്പിക്കൽ മുതലാളിത്ത വ്യവസ്ഥിതിയുടെ ഭാഗമല്ലയെന്നു മാത്രമല്ല, സ്വാർത്ഥലാഭമാണ് ജീവിത വിജയത്തിന്റെ അടിസ്ഥാനമെന്നു കൂടി അവർ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ മനുഷ്യരുടെ വീഴ്ചയുടെ ലക്ഷണമാണ് സ്വാർത്ഥ ലാഭത്തിനായി നടത്തുന്ന ചൂഷണങ്ങൾ.

'പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ' (മത്താ. 28:19) എന്ന അന്ത്യശാസനത്തിന്റെ സാമൂഹ്യവശം നാം ചിന്തിക്കാറുണ്ടോ? ത്രിത്വനാമത്തിൽ മാമോദീസാ മുക്കുന്നത് ഒരു സാങ്കേതിക ഫോർമുലാ മാത്രമല്ല എന്നു മുമ്പു സുചിപ്പിച്ചല്ലോ. വി. ത്രിത്വ സമൂഹത്തിലേക്കുള്ള ദൈവീകരണമാണ് വി. മാമ്മോദീസാ. ഈ ദൈവീകരണം നടന്നാൽ, തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിച്ച്, അയൽക്കാരനും താനും ഒന്നാകണം. 'ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണി'ക്കുന്നത് ദൈവത്തെ പൂർണ്ണമായും അയൽക്കാരനെ തന്നെപ്പോലെയും സ്നേഹിക്കുമ്പോഴാണ്. ദൈവരാജ്യാംഗങ്ങളാക്കി ഏവരെയും തീർക്കുവാനാണ് പ്രേക്ഷിത അന്ത്യശാസനം നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്.

വി. ത്രിത്വാരാധനയുടെ ഉദ്ദേശ്യം നമ്മുടെ ദൈവീകരണമെങ്കിൽ അത് സാമൂഹീകരണം കൂടിയാണ്. കൂടാതെ ദൈവീകരണത്തിൽ വിശുദ്ധീകരണവും, സ്നേഹവൽക്കരണവും അടങ്ങിയിരിക്കുന്നു. 'എന്റെ ആത്മരക്ഷ' എന്നതല്ല 'ഏവരുടെയും' 'ലോകത്തിന്റെയും സമ്പൂർണ്ണരക്ഷ' എന്ന ഉദാത്തമായ ആദർശത്തോടുകൂടിയാണ് ആരാധനയും സാക്ഷ്യവും ജീവിതവും, പഠനവും, സേവനവും നയിക്കേണ്ടത്. സകലത്തെയും പൂർത്തീകരിക്കുന്നവനായ പരിശുദ്ധാത്മാവ് ഈ ലോകത്തെ സമാധാനം കൊണ്ടും നീതി കൊണ്ടും, പ്രകൃതിയുടെ സംരക്ഷണ സഹിതം രക്ഷിപ്പാനാഗ്രഹിച്ചാണ് ത്രിത്വീകരണമിഷന് നമ്മെ ഉപയോഗിപ്പാൻ ദൈവം ആഗ്രഹിക്കുന്നത്. നീതി, സമാധാനം, സൃഷ്ടിയുടെ സമഗ്രത എന്നീ ത്രിവിധ ലക്ഷ്യങ്ങൾ ലാക്കാക്കിയുള്ള പഠനം അഖിലോക സഭാകൗൺസിൽ ഇന്നും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു ശരിയായി നടത്തണമെങ്കിൽ വി. ത്രിത്വാധിഷ്ഠിത നീതിയും സമാധാനവും ലാക്കാക്കിയ മിഷനും, ജീവിതവും സഭ ലോകത്തിനു കാഴ്ചവയ്ക്കുകയും ലോകത്തിലെ ഗവൺമെന്റുകളും ഇതിലേക്കു തിരിയുകയും വേണം.

സമസമത്വവും, സമസാരാംശവും, സമനിത്യനുമായ ദൈവത്തെ ആരാധിക്കുന്നവരുടെ മനഃസാക്ഷി അനീതിപരമായ അസമത്വം കാണുമ്പോൾ ദുഃഖിക്കയും അതിനെതിരായി പ്രതികരിക്കയും ചെയ്യും. സ്നേഹമുള്ള മാതാവ് വിഭവങ്ങൾ പങ്കിടാത്ത കുട്ടികളെക്കുറിച്ച് ദുഃഖിക്കുമെങ്കിൽ സ്നേഹമൂർത്തിയായ ദൈവം എത്രയധികം! വർണ്ണവിവേചനം, വർഗീയത, ജാതിവ്യത്യാസം മുതലായ അസമത്വങ്ങൾ മാറണമെങ്കിൽ അവ ദൈവസ്വഭാവത്തിനു നിരക്കുന്നതല്ല എന്ന് ആരാധകരെ ബോധവൽക്കരണം നടത്തണം. വി. ത്രിത്വത്തിലെ സമത്വം ത്രിവിധവ്യത്യസ്ത ആള

ത്തങ്ങളുടെ സമത്വമാണ്. ഒരു വൃക്ഷത്തിന്റെ ഇലകൾ എല്ലാംതന്നെ സമത്വവും അസമത്വവും ഉൾക്കൊള്ളുന്നു. ശരാശരി ഭക്ഷണം ലഭിക്കുന്ന ഇലകളെപ്പോലെ സമൂഹത്തിൽ ഏവർക്കും ആവശ്യാനുസരണം വിവിധ അളവിൽ ഭക്ഷണകാലറികൾ കൊടുക്കുന്നതിനാൽ സമത്വം നഷ്ടപ്പെടുന്നില്ല. ഇലകളുടെ ഈ സമീകൃത പങ്കിടീൽ ലോകജനങ്ങളുടെ ഇടയിൽ ഇല്ല. അതിനാലാണ് വിവിധ തരത്തിലുള്ള ഉച്ചനീചത്വങ്ങൾ മാനവരാശിയുടെ ശാപമായി തീർന്നിരിക്കുന്നത്. ഏവർക്കുമായി ദൈവം നൽകിയിരിക്കുന്ന വിഭവങ്ങൾ ചിലർ മാത്രം കൈയടക്കുന്ന ദുസ്വാതന്ത്ര്യമല്ല, സ്നേഹപ്രേരണയാൽ സസന്തോഷം സമൃദ്ധി അന്യർക്കു പങ്കിടുകയും അവരുടെ ദുഃഖം സ്വയമേല്ക്കയും ചെയ്യുന്നതാണ് സ്നേഹാധിഷ്ഠിത ത്രിത്വീകരണ മിഷൻ, 'നിങ്ങൾക്കു സൗജന്യമായി ലഭിച്ചു സൗജന്യമായി കൊടുപ്പിൻ' (മത്താ. 10:8) എന്ന കല്പന നല്കിയാണ് 12 ശ്ലീഹന്മാരെ നമ്മുടെ കർത്താവ് മിഷൻ വേലയ്ക്കയച്ചത്. ദൈവദത്തമായ ജ്ഞാനം, പണം, സമയം, പരിപാലനവരം, താലന്തുകൾ എന്നിവ തള്ളപ്പക്ഷി കുഞ്ഞുങ്ങൾക്കു കൊണ്ടുകൊടുക്കുന്ന ആഹാരം പോലെ സമൂഹം കുടുംബത്തിന്റെ ആവശ്യാനുസരണം പങ്കിടുന്നതാണ് ക്രിസ്തീയ മിഷൻ. അഞ്ചു താലന്തു പത്താക്കിയാലും ഉടമസ്ഥനെ ഏല്പിക്കുകയല്ലാതെ സ്വയം ഉപയോഗിക്കാൻ അനുവാദമില്ല. പിതാവിന്റെ ഇഷ്ടം അറിഞ്ഞു മക്കൾ പ്രവർത്തിക്കുംപോലെ ത്രിയേക ദൈവസ്വഭാവപ്രകാരം നമ്മെക്കൊണ്ടു പ്രവർത്തിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് മിഷൻ. കഠിനാദ്ധ്വാനിക്കു കൂടുതൽ പ്രതിഫലവും മടിയനു ശിക്ഷയും നൽകുന്ന പിതാവ് മടിയനെ ശിക്ഷിക്കുന്നത് അവനെയും കഠിനാദ്ധ്വാനിയാക്കാനാണ്. ഒരു താലന്തെടുത്തു പത്തുള്ളവനു കൊടുത്തുവെന്ന ഉപമയുടെ അർത്ഥം മടിയന്റേത് നശിക്കുമെന്നും, കൂടുതൽ അദ്ധ്വാനത്തിനു പ്രതിഫലം ഉണ്ടെന്നുമല്ലാതെ, ദരിദ്രന്റേതു എടുത്തു ധനവാനു കൊടുക്കുക എന്നല്ല. മത്താ. 25-ലെ ഈ ഉപമയുടെ ബദൽ ഉപമ 20-ാം അദ്ധ്യായത്തിൽ കാണാം. ആദ്യ ഉപമയിൽ ഏവർക്കും ഒരുപോലെ കൂലി കൊടുക്കുന്നത് ജോലി മാത്രം നോക്കിയാൽ പോരാ, അടിസ്ഥാന ആവശ്യം കൂടി നോക്കണം എന്നു കാണിപ്പാനാണ്. ത്രിത്വസമത്വം ആ ഉപമയിൽ കാണാം. ഏവരുടെയും അദ്ധ്വാനഫലമുപയോഗിച്ചും ഏവർക്കും ജീവിക്കുവാനുള്ള മാർഗ്ഗം ഉണ്ടാക്കിയശേഷം ചിലർ മടിയന്മാരായാൽ ശിക്ഷിക്കണമെന്നും, കഠിനാദ്ധ്വാനിക്ക് പ്രോത്സാഹനം കൊടുക്കണമെന്നും രണ്ടാം ഉപമ പഠിപ്പിക്കുന്നു. രണ്ടാം ഉപമ സ്വാതന്ത്ര്യം കാണിച്ചിരിക്കുന്നത് ധനവാന്റെ സ്വാതന്ത്ര്യമല്ല. ദൈവത്തിന്റേതത്രേ. ഒന്നാം ഉപമപ്രകാരം ധനവാനും ദരിദ്രനും ഇല്ലാത്ത വ്യവസ്ഥിതി ഏറെക്കുറെ വരുത്തിയ ചൈനാ ഇപ്പോൾ രണ്ടാം ഉപമയിലേക്ക് കടക്കുകയാണ്. അതുപോലെ സമത്വം ഉണ്ടാക്കേണ്ട കടമ ഇൻഡ്യയിലും ഉണ്ട്.

എല്ലാ രാജ്യങ്ങളിലും ലോകമൊക്കെയും ഏക കുടുംബമായിത്തീരണമെന്നതാണ് മിഷന്റെ ലക്ഷ്യം.

### മിഷൻ നന്മയുടെ പങ്കിടീൽ ആണ്

ദൈവത്തിന്റെ സ്നേഹത്തിന്റെ പങ്കിടീലായിരുന്നു സൃഷ്ടി എന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. 'ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചുകൊണ്ടിരുന്നു' എന്നു സൃഷ്ടിയെക്കുറിച്ച് പറഞ്ഞിരിക്കുമ്പോൾ ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്കിന്റെയർത്ഥം തള്ളക്കോഴി മുട്ടയുടെമേൽ അടയിരിക്കുന്നു (പൊരുന്നയിരിക്കുന്നു) എന്ന വാക്കാണ്. തള്ളക്കോഴിയുടെ ചൂട് മുട്ടയ്ക്ക് പങ്കിട്ടപ്പോഴാണ് മുട്ടയിലെ ജീവൻ കോഴിക്കുഞ്ഞായി മുട്ടയ്ക്കുള്ളിൽ വളർന്നതും ഒടുവിൽ മുട്ടത്തോടു പൊട്ടിച്ച് പുറത്തുവരാൻ കാരണമായതും. പാഴും ശൂന്യവുമായിരുന്ന ഭൂമിയിൽ ഇരുൾ ഉണ്ടായിരുന്നെങ്കിലും അനുതാപ സൂചകമായി വെള്ളത്തിന്മേൽ പരിശുദ്ധാത്മാവ് പരിവർത്തിച്ചു കഴിഞ്ഞപ്പോൾ വെളിച്ചവും, ജീവനും ക്രമീകൃത പ്രകൃതിയുമുണ്ടായി. പരിവർത്തനം വരുത്തുന്ന ദൈവാത്മാവാണ് സകല നന്മയ്ക്കും കാരണഭൂതൻ. പാപവും തിന്മയും നൃത്തം ചെയ്യുന്ന ഏതു സാഹചര്യത്തിൽ മിഷനറി പോയാലും വെളിച്ച വാഹിയായി നന്മ മാത്രം പങ്കിടുവാൻ പോയെങ്കിൽ മാത്രമേ മിഷൻ വിജയകരമായി നടക്കൂ.

ഈ പങ്കിടീൽ സഭയുടെയും മിഷനറിയുടെയും ഉണ്മയും സ്വാഭാവിക സ്വഭാവവും സന്തോഷവും ആയിരിക്കണം. എക്സ്റ്റസി എന്ന വാക്കിന്റെ (ഹർഷോന്മാദം) അർത്ഥം Standout എന്നാണ്. സ്വന്തകേന്ദ്രത്തിൽ നില്ക്കുമ്പോൾ ഹർഷോന്മാദമുണ്ടാകയില്ല. ദൈവം ജീവിത കേന്ദ്രമാകുന്നവരുടെ അനുഭൂതിയാണ് ഹർഷോന്മാദമെന്ന സന്തോഷാധിക്യം. സ്വാർത്ഥന്മാർക്കു ഒരിക്കലും ഹർഷോന്മാദമുണ്ടാകയില്ല. അവരുടെ സ്വന്തമായതിനു നേരിടുന്ന ഏതു ഭീഷണിയും അവർക്ക് ആശങ്കയും, ഭയവും ഉണ്ടാക്കും. അമേരിക്കൻ തത്വചിന്തകനായ ആൽഫ്രെഡ് നോർത്ത് വൈറ്റ്ഹെഡ് പറയുന്നത് ആത്മാവ് വ്യക്തിപരമല്ല, സാമൂഹ്യമാണെന്നത്രെ. ജോൺ ബി. കോബ്ന്റെ വീക്ഷണത്തിൽ വൈറ്റ് ഹെഡിന്റെ പ്രത്യേക പഠിപ്പിക്കൽ ആത്മാവിന്റെ സാമൂഹ്യതയാണ്.

'മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല' (ഉല്പ. 2:18) എന്നു ദൈവം കണ്ടിട്ട് ഒരു പങ്കാളിയെ കൊടുത്തത് ജീവിതം തന്നെ പങ്കാളിത്വത്തിലാണ് പൂർണ്ണമാകുന്നത് എന്നു കാണിക്കുവാനാണ്. ഈഹീദായക്കാരായ സന്യാസിമാരെ സമൂഹമാക്കിത്തീർത്ത പക്കോമിയോസ്, അത്താനാസ്യോസ്, ബസേലിയോസ് മുതലായ പിതാക്കന്മാർ ജീവിതത്തിന്റെ കൂട്ടായ്മവശം പ്രായോഗികമാക്കുകയാണ് ചെയ്തത്. ഏകാന്തതയിൽ

പോയി പ്രാർത്ഥിക്കുമ്പോഴും അവനവനുവേണ്ടി മാത്രം പ്രാർത്ഥിക്കുവാൻ ഭക്തനു സാധ്യമല്ല. നമ്മുടെ കർത്താവ് രാത്രി മുഴുവനും തനിച്ച് പ്രാർത്ഥിച്ചശേഷം 12 ശ്ലീഹന്മാരെ തെരഞ്ഞെടുത്തു. ആ 12 പേർക്കുണ്ടായിരുന്ന പണം സൂക്ഷിപ്പാൻ യൂദാസ്കര്യോത്തായെ ഏല്പിച്ചു (യോഹ. 12:6). യൂദാ പണം പങ്കിടുന്നതിലധികം മോഷ്ടിക്കുവാനിഷ്ടപ്പെട്ടതിന്റെ അന്ത്യ അദ്ധ്യായമായിരുന്നു 30 വെള്ളിക്കാശിനു കർത്താവിനെ വിറ്റതും ആത്മഹത്യ ചെയ്തതും.

നെഹെമ്യാവിന്റെ കാലത്ത് എസ്രാ ശാസ്ത്രി ന്യായപ്രമാണ പുസ്തകം വായിച്ച് ജനങ്ങൾക്ക് അറിവ് പങ്കിട്ട ശേഷം ആ രണ്ടു നേതാക്കന്മാരും ഒരുമിച്ച് ഓരോരുത്തനും കൊടുക്കുന്ന നിർദ്ദേശം ഈ പങ്കിടീലിന്റെ ആനന്ദത്തിന്റെ ഉറവ കാണിക്കുന്നു. ‘നിങ്ങൾ ചെന്നു മൃഷ്ടാന്ന ഭോജനവും മധുരപാനീയവും കഴിച്ച് തങ്ങൾക്കായി വട്ടം കൂട്ടിയിട്ടില്ലാത്തവർക്ക് പകർച്ച കൊടുത്തയപ്പിൻ. ... യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലമാകുന്നു. ... ജനമെല്ലാം പോയി തിന്നുകയും കുടിക്കുകയും പകർച്ച കൊടുത്തയയ്ക്കുകയും അത്യന്തം സന്തോഷിക്കുകയും ചെയ്തു’ (നെഹെ. 8:10–12). യഹോവ സന്തോഷിക്കുന്നതു തന്റെ സകല മക്കളും ഭക്ഷിച്ചു തൃപ്തരായി കാണുമ്പോഴാണ്. അത് ആത്മിക ഭക്ഷണവും ഭൗതികഭക്ഷണവും ഏവർക്കും പങ്കിടുവാൻ നമുക്ക് പ്രേരണയും ഉത്തേജനവും നൽകണം.

## പ്രകൃതിയിൽ നിന്നും ഉള്ള പാഠം

ചൂടും വെളിച്ചവും പ്രകൃതിക്കു പങ്കിടുന്ന സൂര്യനും, സൂര്യവെളിച്ചം കൈപ്പറ്റി ലോകത്തിനു പങ്കിടുന്ന ചന്ദ്രനും, ജലം നീരാവിയാക്കി കാറ്റിൽ വഹിച്ചു പ്രകൃതിയുടെ വളർച്ചയ്ക്ക് മഴയാക്കി പങ്കിടുന്ന സമുദ്രവും, നാം ഉച്ഛ്വസിക്കുന്ന അംഗാര കവിതകം (Carbondioxide) ഭക്ഷണം പാചകം ചെയ്വാനെടുത്തിട്ട് നമുക്ക് അമ്ളജനകം (Oxygen) പങ്കിടുന്ന ചെടികളും കൂടാതെ പ്രപഞ്ചം നിലനിൽക്കയില്ല. പരസ്പരതയാണ് സൃഷ്ടിയുടെ നിലനില്പിനും വളർച്ചയ്ക്കും കാരണം. ഏറ്റം ശക്തമായതു മാത്രം അതിജീവിക്കുമെന്ന പ്രമാണത്തിലാണ് പരിണാമ പ്രക്രിയ നടക്കുന്നതെന്നു ചാൾസ് ഡാർവിൻ തെളിയിച്ചു. എന്നാൽ സ്വയശക്തി തെളിയിക്കാൻ യുദ്ധം ചെയ്തു നശിച്ച സംസ്കാരങ്ങൾ എത്രയധികം! ആത്മിക പരിണാമത്തിന്റെ അളവുകോൽ അല്പം വ്യത്യസ്തമാക്കുവാനുള്ള കഴിവ് മനുഷ്യനിലുള്ള ദൈവസാദൃശ്യത്താൽ സാധിക്കുമെങ്കിലും പ്രകൃതിയെക്കാൾ അധഃപതിക്കുവാനുള്ള സ്വാതന്ത്ര്യവും അതിൽ മാനവരാശിക്കു ദൈവം നൽകിയിട്ടുണ്ട്. ദുഷ്ടമൃഗങ്ങൾ ഹിംസ നടത്തുന്നതു ഭക്ഷിപ്പാനാണെങ്കിൽ മനുഷ്യർ യുദ്ധത്തിൽ ആയിരങ്ങളെ കൊല്ലുന്നത് ഭക്ഷി

പ്പാനെന്ന ന്യായീകരണമില്ലാതാണ്. നശീകരണായുധ സമ്പാദ്യത്തിന് പാപിയായ മനുഷ്യൻ ചെലവഴിക്കുന്ന തുക പരസ്പര ഹിംസയ്ക്കാണല്ലോ. 1985-ൽ 66,312 കോടി ഡോളർ ചെലവിട്ടു. ഇത് 1984-നേക്കാൾ 3.2% കൂടുതലാണ്. അമേരിക്കയുടെ മാത്രം ആയുധചെലവ് 1984-ൽ 18,800 കോടി ഡോളർ ആയിരുന്നത് 1985-ൽ 20,490 കോടിയായി. സോവിയറ്റു യൂണിയന്റെ പ്രതിരോധ ബജറ്റ് 2.9% ഉയർന്ന് 14,620 കോടി ഡോളർ ആയി. പരസ്പര പങ്കിടീലിനും, അനുരഞ്ജനത്തിനും ശ്രമിക്കുന്ന ഐക്യ രാഷ്ട്ര സംഘടന കടത്തിൽ ഞെരുങ്ങുന്നു. ലോകത്തിൽ പട്ടിണി മാറ്റുവാനുള്ള ധാന്യം ഉണ്ടെങ്കിലും പങ്കിടുവാൻ തയ്യാറില്ല. അതിനാൽ സമ്പന്ന രാജ്യങ്ങൾ ചിലപ്പോൾ അധിക ധാന്യം കടലിൽ കളയുന്നു. 'കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന പ്രമാണം പ്രകൃതിയിലുണ്ടെങ്കിൽ പോലും മനുഷ്യ കുടുംബത്തിൽ പങ്കിടീലും സഹകരണവും, ഐക്യമത്യവുമാണ് നിലനില്പിന് സഹായിക്കുന്നത്. 'ഒരു പട്ടണമോ, ഗൃഹമോ തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ നിലനില്ക്കുന്നില്ല' (മത്താ. 12:25 മു). ലോകത്തിന്റെ നിലനില്പിനുള്ള ഏക മാർഗ്ഗം സ്നേഹത്തിന്റെ പങ്കിടലിൽ ലോകത്തെ ഏകീകരിക്കുക മാത്രമാണ്. അല്ലാതെ യുദ്ധത്തിൽ പരസ്പരവും സ്വയവും നശിപ്പിക്കുകയല്ല. റഷ്യയും അമേരിക്കയും മറ്റു രാജ്യങ്ങളും ശത്രുതയും ആയുധമത്സരവും അവസാനിപ്പിച്ച് നല്ല അയൽക്കാരെപ്പോലെ ജീവിച്ച് വിഭവങ്ങൾ പങ്കിടാൻ നമുക്കു പ്രാർത്ഥിക്കാം.

അടിപിടി കൂടുവാനുള്ള വാസനയും ദൈവദത്തമാണെന്നു വാദിക്കുന്നവർ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സാമ്യത്തിനാണ് ഊന്നൽ കൊടുക്കുന്നത്. കളികളിലുള്ള മത്സരം വഴി ഉദാത്തബലത്തിലേക്ക് ഈ വാസന തിരിച്ചുവിടുവാൻ മാനവരാശിക്കുള്ള കഴിവു കൂടി കാര്യമായെടുക്കണം.

### നന്മയാൽ തിന്മയെ ജയിക്കുക

'വസ്ത്രം വിറ്റു വാൾ കൊള്ളട്ടെ' (ലൂക്കോ. 22:36) എന്ന കർത്തൃകല്പന ആധാരമാക്കി ന്യൂക്ലിയർ യുദ്ധത്തിനൊരുങ്ങുന്നവർ പിശാചു വചനം ഉദ്ധരിക്കുംപോലെ കർത്തൃവചനം കോട്ടിമാറ്റുകയാണ്. അതെ, കർത്താവ് വാൾ എടുത്ത പത്രോസിനെക്കൊണ്ടു അതു തിരിച്ചു ഉറയിൽ വയ്പിക്കുകയും 'വാൾ എടുക്കുന്നവൻ വാളാൽ നശിച്ചുപോകും' (മത്താ. 26:52) എന്നു പറയുകയും ചെയ്തത് എന്തുകൊണ്ടു ആധാരമാക്കി യുദ്ധം ചെയ്യാതിരിക്കുന്നില്ല? ബലഹീനത കൊണ്ടല്ല കർത്താവ് ശത്രുക്കൾക്കു കീഴടങ്ങിയത് എന്നു കാണിക്കാനാണ് വാൾ വാങ്ങുവാൻ പറഞ്ഞത്. അല്ലാതെ ഉപയോഗിക്കുവാനല്ല. കർത്താവ് കയറുകൊണ്ട് ചമ്മട്ടി ഉണ്ടാക്കി ദൈവാലയം ശുദ്ധീകരിച്ചതും (യോഹ. 2:15) യുദ്ധത്തിനു

അനുവാദമായെടുക്കുന്നതു ശരിയല്ല. അനീതിക്കെതിരായി വേണ്ടതു ചെയ്യാതിരുന്നാൽ നീതിബോധം നശിച്ചുപോകും. ദൈവവുമായുള്ള നിരന്തര സംസർഗ്ഗത്തിലുള്ളവർക്ക് അനീതിയോട് എങ്ങനെ പ്രതികരിക്കണമെന്ന് ദൈവാത്മാവ് വെളിപ്പെടുത്തും. അതും നന്മയാൽ തിന്മയെ തോല്പിക്കുന്ന സ്നേഹത്തിന്റെ പങ്കിടീൽ തന്നെയായിരിക്കും. ധാർമ്മികരോഷം മിഷനറിമാർക്കും എല്ലാ നല്ലയാളുകൾക്കും ഉണ്ടായിരിക്കേണ്ടതു തന്നെയാണ്. അതു തിന്മയ്ക്കെതിരായിട്ടു മാത്രമായിരിക്കണം. പത്രോസിന്റെ കോപത്താൽ മൽക്കൂസിന്റെ കാത് അറുത്തപ്പോൾ കർത്താവ് പറഞ്ഞത് 'ഇത്രയ്ക്കു വിടുവിൻ' എന്നായിരുന്നു. തന്നെ അറസ്റ്റു ചെയ്യാൻ വന്ന പട്ടാളക്കാരന്റെ മുറിഞ്ഞ കാത് കുനിഞ്ഞ് താഴെ നിന്നെടുത്ത് സൗഖ്യം നൽകാനാണ് 'ഇത്രയ്ക്കു വിടുവിൻ' എന്നു താൻ ആവശ്യപ്പെട്ടത് (ലൂക്കൊ: 22:51). നമ്മുടെ കർത്താവിന്റെ ജീവിതം മുഴുവൻ പങ്കിട്ടത് രോഗിക്കു സൗഖ്യവും വിശക്കുന്നവർക്ക് അപ്പവും മരിച്ചവർക്ക് ജീവനും, അജ്ഞർക്ക് ജ്ഞാനവും, ലോകരക്ഷയ്ക്കായി തന്റെ തിരുശരീരവും തിരുരക്തവുമാണ്. ഈ വിധ മിഷൻ സഭ തുടർന്നാൽ അതിന്റെ ഉറവിടം എവിടെയെന്ന് മിഷൻ വയൽപ്രദേശത്തെ ആളുകൾ തിരക്കും. അപ്പോഴാണ് രക്ഷയുടെ സുവിശേഷദൂത് പങ്കിടേണ്ടത്.

ദൈവസ്നേഹം പങ്കിടുന്ന ആരാധനയും, ധ്യാനവും ആസ്വദിച്ചവർക്കു മാത്രമെ അയൽക്കാരോടും അകന്നവരോടും ശത്രുക്കളോടും, മിത്രങ്ങളോടും, ക്രിസ്ത്യാനികളോടും അല്ലാത്തവരോടും സമസ്നേഹം പങ്കിടാൻ സാധിക്കൂ. എ.ഡി. 2000 ആകുമ്പോൾ കേരളത്തിൽ എങ്കിലും കിടപ്പാടവും ഒരു ചെറിയ ഭവനവും സ്വന്തമായി ഇല്ലാത്ത ആരും ഉണ്ടായിരിക്കരുത് എന്ന ലാക്ക് അത്ര അപ്രായോഗികമാണോ? ഗവൺമെന്റ് ഇക്കാര്യത്തിൽ ചില കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും വലിയ വീട് വെയ്ക്കുന്നവർ എല്ലാവരും അതിന്റെ വലിപ്പം കുറച്ച് ഒന്നോ രണ്ടോ വീടുകൾ ദരിദ്രർക്ക് വച്ച് കൊടുക്കുന്നുണ്ടോ? പങ്കിടീലിന്റെ സന്തോഷം അവരെ പഠിപ്പിക്കുന്നുണ്ടോ? സ്വന്ത മക്കൾക്ക് പങ്കിടുന്നതിൽ അനുഭവിക്കുന്ന സന്തോഷം മൃഗങ്ങൾക്കും ഉള്ളതാണ്. ദൈവിക സാദൃശ്യമുള്ള മനുഷ്യർക്ക് മൃഗസഹജമായ പങ്കിടീലിന്റെ സന്തോഷം മതിയോ? ചിലർക്ക് ചെറ്റപ്പുര പോലും ഇല്ലാതിരിക്കെ സഭയോ, ഇടവകയോ, വ്യക്തിയോ അവരെ അവഗണിച്ച് വലിയ കെട്ടിടങ്ങൾ വയ്ക്കുന്നത് എങ്ങനെ നീതീകരിക്കാം? ദരിദ്രലോകത്തിൽ സമ്പന്നനായിരിക്കുന്നതിന്റെ കുറ്റബോധം നമുക്കെല്ലാം ഉണ്ടാകേണ്ടതല്ലേ?

ആദ്യമായി നാം പഠിക്കേണ്ടത് പരസ്പരത കൂടാതെ ആരും ധനമാർജ്ജിക്കുകയോ ജീവിക്കുകയോ ചെയ്യുന്നില്ല എന്ന സത്യമാണ്. നാം ധരിക്കുന്ന വസ്ത്രവും ഭക്ഷിക്കുന്ന ആഹാരവും അന്യരുടെ പ്രവർത്തനഫ

ലമാണ്. അപ്പോൾ നമ്മുടെ നേട്ടങ്ങളും അവർക്കായിരിക്കണം. മോഷ്ടാവും പോക്കറ്റടിക്കാരനും പണമുണ്ടാക്കുംപോലെ മനഃസ്സാക്ഷിയുള്ളവർ പണമാർജ്ജിക്കുന്നില്ല. എന്നാൽപോലും പണം 'അനീതിയുള്ള മാമോൻ' ആണ്. അതുപയോഗിച്ച് സ്നേഹിതരെ ഉണ്ടാക്കുന്നത് അത് പങ്കിട്ടായിരിക്കണം. 'വസ്തുക്കളിൽ പകുതി ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങ് മടക്കിക്കൊടുക്കുന്നു' (ലൂക്കോസ് 19:8) എന്നു പറഞ്ഞ സഖായിയെപ്പോലെ മനഃപരിവർത്തനം നമുക്കെല്ലാമുണ്ടായാൽ നീതിയോടു കൂടിയ പങ്കിടീൽ സ്വമനസ്സാ നടത്താം. പക്ഷെ പരിവർത്തനം വരുമോ? ഇല്ല എങ്കിൽ വലിയ വീടു വയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഇൻഡ്യയിലും നഷ്ടപ്പെടും.

പാഠം 5

# ക്രിസ്തുവിന്റെ മനുഷ്യാവതാരം പ്രേഷിത മാതൃക

## മിഷൻ മാതൃക

വി. ത്രിത്വം മിഷന്റെ സൂക്ഷ്മ മാതൃകയാണെങ്കിൽ മനുഷ്യാവതാരം സ്ഥൂല മാതൃകയാണ്. നിത്യസ്നേഹ സംയുക്തനായ ദൈവം സ്വസ്നേഹം പ്രകടമാക്കിയത് ജഡധാരണത്താലാകയാൽ അതിനു തുല്യമായ മറ്റൊരു മാതൃക മിഷണറിക്ക് സ്വീകരിക്കാനില്ല. 'എന്നെ അനുഗമിപ്പിൻ' (മർക്കോസ് 1:17) എന്ന ആഹ്വാനം അന്നു കേട്ട ശിഷ്യന്മാർ അവനെ അനുഗമിക്കുകയും സുവിശേഷം പ്രസിദ്ധമാക്കുവാൻ പര്യടനം നടത്തുകയും രക്തസാക്ഷി മരണം സ്വീകരിക്കുകയും ചെയ്തു. മിഷണറി വീരന്മാരിൽ അഗ്രഗണ്യനായ വി. പൗലോസിന്റെ ആഹ്വാനവും ക്രിസ്തുവിനെ ആത്യന്തികമായി അനുഗമിപ്പാനാണ്. 'ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികളാകുവിൻ' (1 കൊരി. 11:1). ജഡധാരണം ചെയ്ത ദൈവത്തിന്റെ നിത്യവചനത്തിൽ നിന്ന് പ്രത്യേക മിഷനറിമാർ മാത്രമല്ല, എല്ലാ ക്രിസ്ത്യാനികളും പഠിക്കേണ്ട പാഠങ്ങൾ പഠിച്ച് അനുസരിച്ചാൽ സഭ തന്നെ മിഷനറിയായി രൂപാന്തരം പ്രാപിക്കും. അവയിൽ അഞ്ചു പാഠങ്ങൾ പരിശോധിക്കാം.

## 1) ദൈവഹിതം ദൃശ്യമാകുന്ന ജീവിത മാതൃക

യേശുവിന്റെ ജനനം തന്നെ 'ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രെ' (യോഹ. 1:13). യേശുവിന്റെ ജീവിത ജ്ഞാനം കണ്ട് അത്ഭുതപ്പെട്ട യഹൂദന്മാർ 'വിദ്യാഭ്യാസം

ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നത് എങ്ങനെ?' എന്ന് ആശ്ചര്യപരതന്ത്രരായി ചോദിച്ചപ്പോൾ കർത്താവു നൽകിയ മറുപടി 'എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ. അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നറിയും' (7:16-17). ഓരോ സത്യക്രിസ്ത്യാനിയും മിഷനറിയും പറയേണ്ട വാചകം 'എനിക്ക് സ്വയമേ ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല. ... ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളത് ആകുന്നു' എന്ന കർത്തൃവചനമാണ്. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമേ' എന്ന പ്രാർത്ഥന അനുസരിച്ചു ജീവിക്കുന്നവരാണ് യഥാർത്ഥ മിഷനറിമാർ. ദൈവഹിതം ചെയ്യുമ്പോൾ വിശപ്പറിയുകയില്ല എന്ന സത്യം സ്വാനുഭവത്തിൽ കർത്താവ് കാണിച്ചു. 'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം' (4:34). കർത്താവ് ശമര്യക്കാരിയുമായി നടത്തിയ സംഭാഷണം ദൈവത്തിന്റെ മനുഷ്യൻ എപ്രകാരം ആളാം പ്രതി വേല ചെയ്യുമെന്നു കാണിക്കുന്നു. യോഹ. 4-ാം അദ്ധ്യായം ഈ വിഷയത്തിൽ പഠിപ്പിക്കുന്ന ഉൾക്കാഴ്ചകൾ കണ്ടുപിടിക്കുന്നതു നന്നായിരിക്കും.

ദൈവഹിതം തന്റെ നാമത്തിൽ കഷ്ടമനുഭവിക്കണമെന്നാണെങ്കിൽ അതു തെരഞ്ഞെടുക്കണമെന്ന് വി. പൗലോസിന്റെ ജീവിതവും ഉപദേശവും കാണിച്ചുതരുന്നു. യെരുശലേമിലേക്ക് വി. പൗലോസ് പോയാൽ ബന്ധിതനാകുമെന്നു അഗബോസ് എന്ന പ്രവാചകൻ മുന്നറിവു നൽകിയിട്ടും കൈസര്യയായിലെ ക്രിസ്ത്യാനികൾ കരഞ്ഞുകൊണ്ട് വിലക്കിയിട്ടും യഥാർത്ഥ മിഷനറി പറഞ്ഞ മറുപടി മിഷനറിമാർക്ക് എത്രയോ ഉത്തേജനം നല്കുന്നു. 'കർത്താവായ യേശുവിന്റെ നാമത്തിനുവേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരുശലേമിൽ മരിപ്പാനും ഞാൻ തയ്യാറായിരിക്കുന്നു.' അതുകേട്ട വിശ്വാസികൾ 'കർത്താവിന്റെ ഇഷ്ടം നടക്കട്ടെ' എന്നു പറഞ്ഞു മൗനമായിരുന്നു (അ. പ്ര. 21:10-14). നമ്മുടെ കർത്താവ് തന്റെ ഗത്സമനയിലെ പ്രാർത്ഥന വഴി കഷ്ടതയ്ക്കും മരണത്തിനും സ്വയം സമർപ്പിച്ചതുപോലെ (മത്താ. 26:42) സത്യക്രിസ്ത്യാനിയും ഓരോ മിഷനറിയും ദൈവഹിതത്തിനു സ്വയം അർപ്പിക്കണം. "നിങ്ങൾ കഷ്ടം സഹിക്കണം എന്നു ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിക്കുന്നത് ഏറ്റവും നല്ലത്' (1 പത്രോ. 3:17) എന്ന് വി. പത്രോസ് ശ്ലീഹായും അനുശാസിക്കുന്നു.

ന്യായപ്രമാണം കാണിച്ച ദൈവഹിതത്തേക്കാൾ ഉദാത്തവും പൂർണ്ണവുമായ ദൈവഹിതമാണ് യേശുമിശിഹാ കാണിച്ചുതന്നിരിക്കുന്നത്.

'ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല. അവയിൽ പ്രസാദിച്ചതുമില്ല' എന്നിങ്ങനെ പറഞ്ഞശേഷം 'ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്യാൻ വരുന്നു' എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു (എബ്രാ. 10:8-10). യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗമാണ് നമ്മുടെ മാതൃക. അല്ലാതെ പഴയ നിയമ യാഗങ്ങളല്ല, ക്രിസ്തുവിന്റെ മാതൃകപ്രകാരം നാമും ക്രൂശെടുത്ത് അവനെ അനുഗമിക്കണം. ആധുനിക മിഷനും സഭയും പരാജയപ്പെടുന്നതിന്റെ പ്രധാന കാരണം മത്തായി 16:24-ലും മറ്റും പറയുംപോലെ തന്നത്താൻ ത്യജിച്ചു കുരിശെടുത്തു കർത്താവിനെ അനുഗമിക്കുവാൻ സാധിക്കാത്തതാണ്. സുഖലോലുപന് ക്രിസ്തീയ മിഷനറിയുടെ ജീവിതശൈലിയാകാൻ ദരിദ്രലോകത്തിൽ സാദ്ധ്യമല്ല.

## 2) ക്രൂശെടുക്കുന്ന മിഷന്റെ അർത്ഥം

ഫിലി. 2:5-11 വരെയുള്ള വാക്യങ്ങൾ കൂലങ്കഷമായി പഠിച്ചാൽ ക്രൂശു വഹിച്ചു മ്ശീഹാ കാണിച്ച മാതൃകയുടെ അർത്ഥം കാണാം. 'ക്രിസ്തുയേശുവിലുള്ള അതേ മനസ്സുതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ' എന്ന മുഖവുരയോടെയാണ് ദൈവപുത്രന്റെ പ്രേഷിതത്വം അവിടെ ആവിഷ്കരിച്ചിരിക്കുന്നത്. 'നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നൻ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ' (2 കൊരി. 8:9) എന്ന വാക്യവും ഇതേ ആശയം സ്പഷ്ടമാക്കുന്നു. ക്രൂശു വഹിക്കുന്നതു സ്വന്ത കുറ്റത്തിനല്ല മറ്റുള്ളവരുടെ രക്ഷയ്ക്കായിട്ടാണ്. അതു മറ്റുള്ളവർ അടിച്ചേല്പിക്കുന്ന കഷ്ടത പോലും സന്തോഷം വഹിക്കുന്നതാണ്. 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു' (യോഹ. 20:21) എന്ന അന്ത്യശാസനത്തിൽ ക്രൂശു വഹിച്ചു ലോകത്തെ രക്ഷിപ്പാനയയ്ക്കുന്നു എന്ന സൂചനയുണ്ട്. കഷ്ടത ഭാരമായിരിക്കുന്നത് അത് അടിച്ചേല്പിക്കുമ്പോഴും, സ്നേഹിക്കുന്നവർക്കു വേണ്ടിയല്ലാത്തപ്പോഴും നിഷ്ഫലമായി തോന്നുമ്പോഴും ആകുന്നു. ക്രിസ്തുവിന്റെ കഷ്ടതയും ശരീരവേദനയുണ്ടാക്കിയെങ്കിലും ലോകരക്ഷയ്ക്കാകയാലും ദൈവഹിതമാകയാലും താൻ സന്തോഷത്തോടെ അതു വഹിച്ചു. സ്വന്തം കുഞ്ഞിന്റെ രോഗസൗഖ്യത്തിനുവേണ്ടി ഉറക്കിളക്കുന്ന മാതാവിന് അതിൽ പരാതിയില്ല. അത് സ്നേഹഭാജനത്തിനു വേണ്ടിയാകയാലാണ്. ക്രിസ്തുവിന്റെ രക്ഷാകരവേല തുടരുന്ന സഭാംഗങ്ങളും മിഷനറിമാരും അതുപോലെയാണ് കഷ്ടത സഹിക്കേണ്ടത്. 'ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി' എന്ന മാതൃകയാണ് ദരിദ്ര

രോട് ഏകീഭവിക്കണമെന്ന് വിമോചന ദൈവശാസ്ത്രക്കാർ പറയുന്നതും. ക്രൂശു വഹിച്ചു മരിക്കുന്നവർക്കുള്ള പ്രത്യാശ ചരിത്രത്തിൽ തന്നെ നടക്കുന്ന ഉയിർത്തെഴുന്നേൽപും ചരിത്രാന്ത്യത്തിലുള്ള പുതിയ ആകാശവും, പുതിയ ഭൂമിയും ആണ്. ക്രൂശും ദുഃഖവെള്ളിയാഴ്ചയും അന്ത്യമല്ല. നമുക്കു മുമ്പു മരിച്ചവരുടെ ഇടയിലെ മിഷനും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം മരണവക്ത്രത്തിൽ നിന്നുള്ള വിടുതലും നമുക്കുണ്ട്. കെനോട്ടിക് (സ്വയ പരിത്യാഗം) ക്രൂശു കൂടാതെ ലോകരക്ഷയോ, സഭയുടെ ഉയിർപ്പോ നടക്കയില്ല. എനിക്ക് അംഗീകാരം വേണം, പ്രശസ്തി വേണം, സുഖമായി ജീവിക്കണം, ഉയരണം എന്ന ലാക്കുള്ളവരായ നമുക്ക് 'ഞാനോ കുറയണം അവനോ വളരണം' എന്ന ശരിയായ ലാക്കിലേക്കു ഓടുവാൻ സാദ്ധ്യമല്ല. ഭാരതസുവിശേഷവൽക്കരണം നടക്കാത്തതിന്റെ പ്രധാന കാരണം നമ്മിൽ തന്നെയാണ്. മ്ശീഹായെ നമ്മിൽ കാണാൻ ഭാരതം ദാഹിക്കുന്നു.

### 3. വചനം ജഡമായ ശേഷം വചനം

വചനപ്രസംഗത്തിനും റേഡിയോ പ്രഭാഷണത്തിനും, അച്ചടിക്കും, റ്റി. വി. മാധ്യമങ്ങൾക്കും ഇന്നു യാതൊരു കുറവുമില്ല. പ്രസംഗിക്കപ്പെടുന്ന വചനത്തിന്റെ മാതൃകയിലുള്ള ജീവിതത്തിനാണു ഏറ്റവുമധികം കുറവു സംഭവിച്ചിരിക്കുന്നത്. ക്രിസ്തേതരർ ഇന്നു ചോദിക്കുന്ന ചോദ്യങ്ങൾ റോമർ 2:21 മുതലുള്ള ചോദ്യങ്ങളിൽ ഒതുങ്ങി നില്ക്കുന്നില്ല. 'മോഷ്ടിക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുത് എന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? ...' ഇന്നു പ്രസക്തമായ മറ്റൊരു ചോദ്യം 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം' എന്നു പ്രസംഗിക്കുന്ന നീ അയൽക്കാരന്റേതു അപഹരിക്കുന്നില്ലേ? എന്നതാണ്. ദൈവഹിതമാകുന്ന വചനം ജഡമായ മിഷനറിമാർ അവരുടെ ജീവിതംകൊണ്ട് ആദ്യം പ്രസംഗിക്കുന്നു. അനന്തരം വചനം കൊണ്ടും. 'കള്ളൻ ഇനി മോഷ്ടിക്കാതെ മുട്ടുള്ളവന് ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിന് കൈ കൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കുകയത്രേ വേണ്ടത്' (എഫേ. 4:28). ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ സമ്പാദിച്ചു വച്ചിരിക്കുന്നത് ക്രിസ്ത്യാനികളെന്ന് അവർ സ്വയം അഭിമാനം കൊള്ളുന്നവരാണല്ലോ. അവരുടെ സമ്പാദ്യം ചൂഷണരഹിതമാണോ? മുട്ടുള്ളവന് ദാനം ചെയ്വാനാണ് അവർ അദ്ധ്വാനിച്ചതെങ്കിൽ എങ്ങനെ മിച്ചം ഉണ്ടാകും? മറ്റുള്ളവരെക്കൊണ്ട് കൂലി കൊടുത്ത് അദ്ധ്വാനിപ്പിച്ചതിന്റെ മിച്ചം സ്വന്തം കൂലിയായി എടുത്തശേഷമുള്ളത് മുട്ടുള്ളവർക്ക് ജോലി കൊടുക്കാനുപയോഗിക്കുന്നു എങ്കിൽ ആർക്കും ധനവാനാകാൻ സാദ്ധ്യതയില്ല. ചിലർക്കുമാത്രം ലാഭവും അദ്ധ്വാനിക്കുന്ന പലർക്കും കൂലിയും, ജോലിയില്ലാത്ത കോടിക്കണക്കിനാളുകൾക്ക് പട്ടി

ണിയും എന്ന് മൂന്നു തരം മനുഷ്യരെ ദൈവം സൃഷ്ടിച്ചിട്ടുണ്ടോ? ഇല്ല എന്ന് ഏവരും സമ്മതിക്കും. 'ഭൂലോകത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി. അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും നിശ്ചയിച്ചു (അ. പ്ര. 17:26). അതിനാൽ അതിരു വിശാലപ്പെടുത്തി ചിലരെ ഭൂരഹിതരാക്കുന്നവർക്ക് സുവിശേഷം പ്രസംഗിപ്പാൻ അവകാശമില്ല. മുതലാളിത്ത വ്യവസ്ഥിതി തന്നെ മാറാതെ മാതൃകാപരമായ മിഷൻ പ്രയാസമാണ്.

യേശുക്രിസ്തു പ്രസംഗിച്ചതെല്ലാം തന്റെ ജീവിതത്തിൽ മാതൃകയാക്കി കാണിച്ചശേഷമാണ് പ്രസംഗിച്ചത്. അതിനാൽ അവൻ മാത്രം നിഷ്പാപപൂർണ്ണൻ. വി. പൗലോസിനു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലായിരുന്നു എങ്കിലും അതിനാൽ നീതിമാൻ എന്ന് അവകാശപ്പെട്ടില്ല. എല്ലാ മനുഷ്യർക്കും യേശുക്രിസ്തുവിനെ മാത്രമേ ചൂണ്ടിക്കാണിക്കുവാനുള്ളു. ചൂണ്ടുപലകകൾ വളഞ്ഞിരുന്നാൽ വഴിയാത്രക്കാർക്ക് വഴിതെറ്റും. അതുകൊണ്ടത്രെ മിഷനു പോകുന്നവരുടെ ജീവിതത്തിന്റെ വളവും പുളവും ജനങ്ങൾ ദർശിച്ച് ക്രിസ്തുവിലേക്കു വരാതെ മറ്റു വഴികളിലേക്കു തിരിയുന്നത്.

'ഇന്നിടത്ത് ആഹാരം കിട്ടും എന്ന് നിനക്കെങ്ങനെ അറിയാം?' എന്ന ചോദ്യത്തിന് 'എനിക്ക് അവിടെ ഇന്നലെ സൗജന്യമായി ആഹാരം കിട്ടി' എന്നു പറയുവാനുള്ള അനുഭവം കൂടി സുവിശേഷകനുണ്ടായിരിക്കണം. സ്വാനുഭവത്തിൽ നിന്നു വരുന്ന സാക്ഷ്യത്തിനു മാത്രമേ കോടതിയിൽ പോലും വിലയുള്ളു. 'ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം' (1 യോഹ. 1:1) സാക്ഷിക്കുന്നതാണ് സുവിശേഷവേല. കഷണ്ടിയുള്ളവൻ കഷണ്ടിക്കു മരുന്ന് വിൽക്കരുത്.

### 4) കഷ്ടപ്പെടുന്ന ദാസന്മാരാകണം

'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യപ്പെടുവാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നത് (മർക്കോസ് 10:45). പഴയനിയമത്തിൽ വിശിഷ്യാ രണ്ടാം യെശയ്യാ പ്രവചനത്തിൽ മ്ശീഹായെ കഷ്ടപ്പെടുന്ന ദാസനായി ചിത്രീകരിച്ചിരിക്കുന്നത് തന്റെ സ്വന്ത അനുഭവമാക്കിക്കൊണ്ടാണ് കർത്താവ് ഈ നിഗമനത്തിൽ എത്തിയത്. രാജാവായ മ്ശീഹാ വരുമ്പോൾ ശുശ്രൂഷിക്കപ്പെടും, അതു തന്റെ പുനരാഗമനത്തിൽ മതി എന്നും, ആദ്യവരവിൽ ദാസനായി ശുശ്രൂഷിക്കാമെന്നും താൻ തീരുമാനിച്ചു. താൻ അഞ്ചപ്പവും രണ്ടു മീനും കൊണ്ട് 5000 പേരെ തൃപ്തരാക്കിയതു കണ്ടവർ തന്നെ പിടിച്ചു രാജാവാക്കാൻ ഭാവിച്ചു. 'യേശു അത് അറിഞ്ഞിട്ട് തനിച്ച് മലയിലേക്കു വാങ്ങിപ്പോയി' (യോഹ. 6:15).

യെശയ്യാ 53-ൽ കാണുന്ന കഷ്ടപ്പെടുന്ന ദാസന്റെ വിവിധ ലക്ഷണങ്ങൾ മ്ശീഹായിൽ വിളങ്ങിയതുപോലെ സഭയിലും മിഷനറിയിലും വിളങ്ങണം.

(a) 'രൂപഗുണമില്ല കോമളത്വമില്ല ... സൗന്ദര്യമില്ല.' ഇന്നു മിഷനറിമാർക്കും സഭാംഗങ്ങൾക്കും ബാഹ്യവർദ്ധനവിനായും സ്വർണ്ണാഭരണങ്ങൾക്കായും പണം ചിലവഴിക്കാൻ സാധിക്കുന്നത് ക്രിസ്തുവിന്റെ മനസ്സില്ലാതെയായിപ്പോയതിനാലാണ്.

(b) 'നിന്ദിക്കപ്പെട്ടവനും ... നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു.' ദുഃഖവും വേദനയും ലഘൂകരിപ്പാൻ ചേതമില്ലാത്ത ഉപകാരം ചെയ്താൽ പോരാ. ഫാദർ ഡാമിയനും, കൽക്കട്ടായിലെ മേരിയും കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് കുഷ്ഠം പിടിച്ചപ്പോൾ സന്തോഷിച്ചതാണ് കഷ്ടപ്പെടുന്ന ദാസന്റെ മാതൃക പിൻപറ്റൽ.

(c) 'അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു.' സഭ വീണ്ടും രക്തസാക്ഷിയാകണം. അടിയേൽക്കുവാനും ക്രൂശിക്കപ്പെടുവാനും യേശുവും, കിരീടം ധരിപ്പാൻ നാമും എന്ന തത്ത്വം സഭ ഉപേക്ഷിച്ചേ പറ്റൂ.

(d) 'അവനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി.' സ്നേഹപൂർണ്ണനായ ദൈവം തന്റെ ഏകജാതനെ തകർക്കാതെ, ലോകരക്ഷ സാധിക്കയില്ലായിരുന്നു. ഇന്നും അനേക മിഷനറിമാരേയും ചില പ്രാദേശിക സഭകളെയും അവൻ തകർത്തുകൊണ്ടിരിക്കയാണ്. ആർച്ച് ബിഷപ്പ് റൊമേറോയേയും ബീഹാറിൽ ഫാദർ മാത്യൂസിനെയും തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നിയത് മറ്റുള്ളവരുടെ രക്ഷയ്ക്ക് വഴി ഒരുക്കുവാനാണ്. ക്രിസ്തുവിൽ നാമും തകർക്കപ്പെടുവാൻ തയ്യാറാണോ?

(e) 'നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ട് പലരെയും നീതീകരിക്കും.' താത്ത്വിക പരിജ്ഞാനവും ഇന്ന് ലോകത്തിന്റെ നീതിവത്ക്കരണത്തിന് അവശ്യം ആവശ്യമാണ്. യേശു എന്ന ദാസൻ പഠിപ്പിച്ച പരിജ്ഞാനത്തിന്റെ ആഴം ലോകം കാണണം.

(f) 'അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്തു.' രണ്ടു കള്ളന്മാരിൽ ഒരുവനെങ്കിലും തന്മൂലം രക്ഷ പ്രാപിച്ചു. മർദ്ദിതരും ചൂഷിതരും പാപികളും ചുങ്കക്കാരും മുടിയൻപുത്രന്മാരും കാത്തിരിക്കുന്നത് യേശുവിനെപ്പോലെ അവരോട് ഏകീഭവിച്ച് അവരെ രക്ഷിക്കുന്ന സഭയെയും മിഷനറിമാരെയുമാണ്.

### 5) ദൈവവചനം ആഗോള പ്രസക്തം

'അവൻ (വചനം, ലോഗോസ്) ലോകത്തിൽ ഉണ്ടായിരുന്നു. ലോകം അവൻ മുഖാന്തരം ഉളവായി, ലോകമോ അവനെ അറിഞ്ഞില്ല.' കഴിഞ്ഞ കാലങ്ങളിൽ അവൻ സകല ജാതികളെയും സ്വന്തം വഴികളിൽ നടപ്പാൻ സമ്മതിച്ചു. എങ്കിലും ... തന്നെക്കുറിച്ച് സാക്ഷ്യം തരാതിരുന്നിട്ടില്ല' (അ. പ്ര. 14:16 മു). യേശുക്രിസ്തുവിനെ തന്റെ മനുഷ്യാവതാര കാലം മുതൽ മാത്രം കാണുന്നവർ പൂർണത പ്രാപിക്കുന്നില്ല. 'ആദിയിൽ വചനം ഉണ്ടാ യിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു' (യോഹ. 1:1). അവ നിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസി ക്കുന്നത് (കൊലൊ. 2:9). മറ്റു മതങ്ങൾ അവനെ അറിഞ്ഞാലും, അറി ഞ്ഞില്ലെങ്കിലും താൻ അവിടെയൊക്കെയും പരോക്ഷമായും അദൃശ്യ മായും, നന്മയായും സ്നേഹമായും ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നു. അവനെ പ്രത്യക്ഷമാക്കുന്ന ദൃശ്യനന്മയും സ്നേഹവും, എവി ടെയെല്ലാം ഉളവാക്കാമോ അവിടെയാണ് ക്രിസ്തീയ പ്രേഷിതത്വം നട ക്കുന്നത്. ഇസ്ലാമിക സാഹോദര്യത്തിലും, ഹൈന്ദവ ആദ്ധ്യാത്മികത യിലും ബുദ്ധമത അംഹിസയിലും സൊറോവാസ്ട്രിയൻ അഹൂര മാസ്ഡയുടെ നന്മയിലേക്കുള്ള ചായ്‌വിലും, പ്രാകൃത മതങ്ങളുടെ പര സ്പര പങ്കിടീലിലും കമ്യൂണിസത്തിന്റെ സാമൂഹ്യനീതിയിലും ക്യാപ്പി റ്റലിസത്തിന്റെ വ്യക്തിസ്വാതന്ത്ര്യത്തിലും, നിരീശ്വരന്മാരുടെ യുക്തിവാദ ത്തിലും നന്മയുടെ വശങ്ങൾ കാണുന്നത് വചനമായ ദൈവം അവിടെ യൊക്കെയും പലയളവിൽ പരോക്ഷമായെങ്കിലും സ്വീകരിക്കപ്പെട്ടതിനാ ലാണ്. 'അവനിൽ ജീവനുണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമാ യിരുന്നു. വെളിച്ചം ഇരുട്ടിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ പിടിച്ചട ക്കിയില്ല' (യോഹ. 1:4, 5). ദൈവവചനം ജഡധാരണം ചെയ്യുന്നതിനു മുമ്പും വെളിച്ചമായി എല്ലായിടങ്ങളിലും ശോഭിച്ചുകൊണ്ടിരുന്നു. 'ജീവൻ മനുഷ്യരുടെ വെളിച്ചമാകുന്നു' എന്ന വാചകത്തിൽ എല്ലാ മനുഷ്യരെയും ഉൾക്കൊള്ളിച്ചിരിക്കുകയാണ്. 'ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു, അവനു യോഹന്നാൻ എന്നു പേർ' എന്ന് മ്ശീഹായുടെ മനുഷ്യാവതാര മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനെക്കുറിച്ചു പറഞ്ഞിരിക്കു ന്നതുപോലെ എല്ലാ പ്രവാചകന്മാരെക്കുറിച്ചും പറയാം. 'അവൻ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തെക്കുറിച്ചു സാക്ഷ്യം പറവാൻ തന്നെ വന്നു.' ഇത് ശ്രീകൃഷ്ണനെക്കുറിച്ചും ശ്രീബുദ്ധനെക്കുറിച്ചും ക്രിസ്തുവിനു ശേഷം ജീവിച്ച മുഹമ്മദ് നബിയെക്കുറിച്ചും പറയാം. അനേക പ്രവാച കന്മാർ, ഒരു മനുഷ്യാവതാരം. ഈ അനേകരിൽ ഉണ്ടായിരുന്ന ഏകത്വ മായ വചനമാണ് കാലസമ്പൂർണ്ണതയിൽ, ചരിത്രത്തിന്റെ മദ്ധ്യത്തിൽ കന്യകയിൽ അവതരിച്ച് ജഡധാരണം ചെയ്ത് പുൽക്കൂട്ടിൽ ജനിച്ച്,

ദാരിദ്ര്യത്തിൽ ജീവിച്ച്, മല മീതെ പഠിപ്പിച്ച്, എല്ലായിടത്തും നന്മ ചെയ്ത് കാൽവറിയിൽ ക്രൂശിക്കപ്പെട്ട്, അന്യന്റെ കല്ലറയിൽ അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, ആഗോള മിഷൻ സഭയെ ഭരമേല്പിച്ച് നാല്പതാം നാൾ സ്വർഗ്ഗാരോഹണം ചെയ്ത് 50-ാം നാൾ പരിശുദ്ധാത്മാവിനെ അയച്ച് ഇന്നും പിതൃവലഭാഗെ മദ്ധ്യസ്ഥത വഹിച്ച്, യുഗാന്ത്യത്തിൽ വീണ്ടും വരുവാനിരിക്കുന്ന ആൽഫയും ഒമേഗയുമായ യേശുക്രിസ്തു.

മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ അദ്വൈത തത്വത്തിൽ ആത്യന്തികമായ ഒന്നേയുള്ളുവെങ്കിൽ വി. ത്രിത്വത്തിൽ ആത്യന്തികമായുള്ള സ്നേഹസാഗരത്തിൽ സ്നേഹം ദൈവത്തിന്റെ പൂർണതയെന്ന നിലയിൽ ഏകത്വവും ബഹുത്വവും ഉൾക്കൊള്ളുന്നു. ഇതനുസരിച്ച് ചരിത്രം വെറും മായയല്ല, വ്യാവഹാരിക ലോകത്തിൽ പാരമാർത്ഥികതയുണ്ട്. ഏകത്വത്തിനും ബഹുത്വത്തിനും പാരമാർത്ഥികതയില്ലെങ്കിൽ സ്നേഹവും മായയായി പരിഗണിക്കും. ഇത് ക്രിസ്തീയ വീക്ഷണത്തിൽ അസാദ്ധ്യമാണ്. അതിനാൽ തന്റെ സ്നേഹവലയത്തിൽ യഹൂദനേക്കാൾ ഉന്നതസ്ഥാനം ശമര്യാക്കാർക്കും, വിജാതീയനായ ശതാധിപനും, സരോഫൊയിനീക്യക്കാരിക്കും, ചുങ്കക്കാരനും ലഭിച്ചു. ഇതേ സത്യമാണ് റോമ. 2:17-29 കാണിക്കുന്നത്. ഒരുവനെ യഹൂദനോ, വിജാതിയോ ആക്കുന്നത് ബാഹ്യപരിച്ഛേദനയല്ല; അകമേയുള്ള പരിച്ഛേദനയാണ്. ആ ഭാഗമനുസരിച്ച് ക്രിസ്തേതരർ സുവിശേഷപ്രകാരം ജീവിച്ചാൽ അവരെ ക്രിസ്ത്യാനികളായും, ക്രിസ്ത്യാനികൾ അങ്ങനെ ജീവിക്കാതിരുന്നാൽ അവരെ ക്രിസ്തേതരരായും എണ്ണാം. ബഹുജാതികളെ ഒന്നാക്കുന്ന യേശുക്രിസ്തു എന്ന ഏകകേന്ദ്രത്തിന്റെ വലയത്തിൽ ദൃശ്യസഭയെ മാത്രം ഉൾക്കൊള്ളുവാനും സാദ്ധ്യമല്ല. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് പിതാവ് ആരെയും ന്യായം വിധിക്കാതെ ന്യായവിധിയെല്ലാം പുത്രനു കൊടുത്തിരിക്കുന്നു' (യോഹ. 5:22).

ഈ അദ്ധ്യായത്തിൽ സ്വയപരിത്യാഗ മിഷനെ മാത്രം ശരിയായ സ്നേഹത്തിന്റെ പങ്കിടീലായി ചിത്രീകരിച്ചിരിക്കുന്നത് ഭഗവദ്ഗീത പഠിപ്പിക്കുന്ന നിഷ്കാമകർമ്മത്തോടു ചേർത്തു ചിന്തിക്കുന്നത് നന്നായിരിക്കും. കർമ്മത്തിന്റെ ഫലം കർമ്മത്തിൽ തന്നെയാകയാൽ മറ്റ് പ്രതിഫലം ആഗ്രഹിക്കരുത് എന്ന തത്വം ഇമ്മാനുവേൽ കാന്റും പഠിപ്പിച്ചു. പരീക്ഷയിൽ ജയിക്കാൻ പഠിക്കുന്നതിൽ നല്ലത് പഠനവിഷയത്തിനോടുള്ള അതിരറ്റ താല്പര്യം മൂലം പഠിക്കുന്നതിൽ തന്നെ ഒരാനന്ദം കണ്ടെത്തുന്നതാണ്. അങ്ങനെയുള്ളവർ പരീക്ഷയിൽ നന്നായി ജയിക്കാതിരിക്കയില്ല. ക്രിസ്തീയ വിശ്വാസത്തിൽ ദുഃഖവെള്ളിയാഴ്ചയിലെ പരാജയവും, വേദനയും, മരണവും അതിൽത്തന്നെ അന്തമല്ല. ഞായറാഴ്ച

ഉയിർക്കുമെന്ന ഉറപ്പ് തന്നെ ക്രൂശിലേക്ക് സസന്തോഷം നയിച്ചു. ഇതു പോലെ യുഗാന്ത്യ പ്രത്യാശ, കഷ്ടത പുഞ്ചിരിയോടെ സഹിപ്പാൻ പ്രേരണ നൽകുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഏറ്റം വലിയ നഷ്ടം ഈ പ്രത്യാശ അനേകരിൽ നിന്നു നഷ്ടീഭവിച്ചതാണ്. ഭൗതികവാദം മനുഷ്യന്റെ പ്രത്യാശ തന്നിൽ തന്നെയും ഭൗതികത്വത്തിലും ചരിത്രാതിർത്തിയിലും ഒതുക്കിക്കളഞ്ഞു. 'ഒരുവനു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമാക്കിയിരിക്കുന്നത്' എന്നു പഠിപ്പിക്കുവാനാണ് ധനികനായ മൂഢന്റെ ഉപമ കർത്താവ് ഉപയോഗിച്ചത്. 'മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും?' (ലൂ. 12:20). ദൈവവിഷയമായി സമ്പന്നനാകാൻ ആഗ്രഹിക്കുന്നവൻ ചരിത്രത്തിൽ സന്തോഷസമേതം പങ്കിടുകയും നിത്യതയിൽ പ്രതിഫലം പ്രാപിക്കുകയും ചെയ്യും. തനിക്കു തന്നെ നിക്ഷേപിക്കുന്നവൻ തന്റെ നിക്ഷേപം പങ്കിടാൻ സാധിക്കാഞ്ഞതിൽ ദുഃഖിതനായി നിത്യതയിൽ കഷ്ടപ്പെടുന്ന മൂഢനായിരിക്കും. പലപ്പോഴും പങ്കിടാതെ കൂട്ടിവച്ച മാതാപിതാക്കൾ 'ചരതന്റെ വിരുതൻ, തെറിൻ, തെറിയൻ' എന്ന പ്രമാണപ്രകാരം മക്കളും കൊച്ചുമക്കളും പണവും അവരുടെ ജീവിതവും നശിപ്പിക്കുന്നത് കണ്ടു ദുഃഖിക്കും. അതിനാൽ നമ്മുടെ ജീവിതവും നേട്ടങ്ങളും ദൈവിക പങ്കിടീലാക്കി ഉയിർപ്പ് ദിവസത്തിൽ നമുക്ക് സന്തോഷിക്കാം.

### പാഠം 6

## പരിശുദ്ധാത്മാവ്: പ്രേഷിതശക്തി

പിതാവും, പുത്രനും, പരിശുദ്ധാത്മാവും നിത്യസ്നേഹം പങ്കിടുന്ന നിത്യമിഷനറിയാണെന്നു നാം പഠിച്ചു. ത്രിത്വത്തിന്റെ രണ്ടാമനായ പുത്രനായ ദൈവം വചനമായി സ്നേഹം വെളിപ്പെടുത്തി സൃഷ്ടിക്കു മുഖാന്തിരമായതുപോലെ അതേ വചനം മനുഷ്യാവതാരമെടുത്ത് നഷ്ടപെട്ട ലോകത്തിന്റെ വീണ്ടെടുപ്പു സാധിച്ചു. മനുഷ്യാവതാരം ദൈവത്തിന്റെ ചരിത്രത്തിലേക്കുള്ള മിഷനും ചരിത്രത്തിന്റെ കേന്ദ്രവുമായി ഇന്നും നില നിൽക്കുന്നു. ജീവദായകനായ പരിശുദ്ധാത്മാവിനെ കാര്യസ്ഥനും, ആശ്വാസപ്രദനും, സകലത്തെയും പൂർത്തീകരിക്കുന്നവനുമായി പിതാവിൽ നിന്നും പുത്രൻ അയച്ചത് ചരിത്രാന്ത്യം വരെ ലോക മിഷൻ തികയ്ക്കുവാനാണ്. അതിനാൽ പല മിഷൻ പ്രവർത്തനങ്ങൾ പല രാജ്യങ്ങളിലും കാലങ്ങളിലും നടത്തുന്ന ഏക മിഷനറി പരിശുദ്ധാത്മാവാണ്.

(a) പഴയനിയമത്തിൽ ആത്മാവിനെക്കുറിച്ച് പല ഭാഗങ്ങളിലും പറയുന്നുണ്ടെങ്കിലും പരിശുദ്ധാത്മാവ് എന്ന പദപ്രയോഗം യെശ. 63:10, 11-ലും സങ്കീ. 51:11-ലും മാത്രമേയുള്ളു. ആദ്യത്തേതിൽ യഹൂദജാതി 'മത്സരിച്ചു അവന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു' എന്ന പ്രസ്താവനയും, രണ്ടാമത്തേതിൽ 'നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ' എന്ന പ്രാർത്ഥനയും കാണാം. യെശയ്യാവിൽ 'അവരുടെയുള്ളിൽ തന്റെ പരിശുദ്ധാത്മാവിനെ കൊടുത്തവൻ എവിടെ?' എന്ന് ഒരു ചോദ്യവും ഉണ്ട്.

70 മൂപ്പന്മാരുടെമേൽ മോശയുടെ മേലുള്ള ആത്മാവിനെ എടുത്തു കൊടുത്തപ്പോൾ അവർ പ്രവചിച്ചു (സംഖ്യ 11:25). യോശുവായുടെമേൽ യഹോവയുടെ ആത്മാവ് മോശയുടെ കൈവയ്പിനാൽ വന്നപ്പോൾ മോശയുടെ മഹിമ യോശുവായ്ക്കു ലഭിച്ച് അവനെ ജനം അനുസരിക്കാൻ തക്ക ജ്ഞാനിയാക്കി. ഏലിയായുടെ ആത്മാവിന്റെ ഇരട്ടി പങ്ക് ഏലീശാ ആഗ്രഹിച്ചു (2 രാജാ. 2:9). ഇവിടെയെങ്ങും പുതിയനിയമത്തിലെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പൂർണ വെളിപാടു കാണുന്നില്ല. മുമ്പ് സൂചിപ്പിച്ചതുപോലെ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചു ജീവൻ നൽകിയതായും ബസലേലിനെ കൊത്തുപണിക്കും മറ്റും പ്രാപ്തനാക്കിയതായും മറ്റും കാണാം. നമ്മുടെ കർത്താവ് വായിച്ച യെശ. 61:1-ൽ മുമ്പു സൂചിപ്പിച്ചതുപോലെ കുറെക്കൂടി ഉന്നതമായ ആശയം വെളിപ്പെടുത്തിയിട്ടുണ്ട്. 'അന്ത്യകാലത്തു സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും' (യോവേൽ 2:28, അ. പ്ര. 2:17) എന്ന പ്രവചനം പെന്തക്കോസ്തുനാളിൽ നിവൃത്തിയായതോടുകൂടിയാണ് പരിശുദ്ധാത്മാവിന്റെ ആളത്തവും പ്രവർത്തനവും സഭയിൽകൂടി ലോകവും അറിഞ്ഞത്.

(b) നമ്മുടെ കർത്താവിന്റെ ജീവിതവും പ്രവർത്തനവും പരിശുദ്ധാത്മാവാം ദൈവവും ദൈവത്തിന്റെ മിഷൻ തുടരുന്നു. ഗബ്രിയേൽ മാലാഖാ മറിയാമിനോട് 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും' എന്നു പറഞ്ഞപ്പോഴാണ് വചനം ജഡധാരണം ചെയ്തത് (ലൂക്കോ. 1:35). 'അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു' (മത്താ. 1:20). ഇന്നും ജനഹൃദയങ്ങളിൽ ക്രിസ്തുവിനെ ഉരുവാക്കുന്ന മിഷനറി പരിശുദ്ധാത്മാവു തന്നെ. 'ദൈവാത്മാവിനാൽ അല്ലാതെ യേശു, കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയില്ല' (1 കൊരി. 12:3). ശിമയോൻ ആത്മനിയോഗത്താലാണ് ദൈവാലയത്തിൽ പോയി കുഞ്ഞിനെ എടുത്തത് (ലൂക്കോ. 2:25). യേശുവിന്റെ ജീവിതത്തിൽ എല്ലാക്കാര്യങ്ങളിലും പരിശുദ്ധാത്മാവിന്റെ പങ്കാളിത്തം കാണാം. 'സ്നാനം ഏറ്റയുടനെ സ്വർഗ്ഗം തുറന്ന്

ദൈവാത്മാവ് പ്രാവ് എന്ന പോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു' (മത്താ. 3:16). അതുകൊണ്ടു തന്നെയായിരിക്കണം ഇന്നും കർത്തൃ കല്പനപ്രകാരം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുന്നത്. പരീക്ഷിക്കപ്പെടുവാൻ മരുഭൂമിയി ലേക്കു മ്ശീഹായെ പരിശുദ്ധാത്മാവ് നടത്തിയതുപോലെ (മത്താ. 4:1; ലൂക്കോ. 4:1) ക്രിസ്ത്യാനിയുടെ ജീവിതത്തിലും മരുഭൂമിവാസം ആത്മാവ് അനുവദിക്കുന്നു. പരീക്ഷയിൽ വിജയിച്ചശേഷം പരസ്യമായ സുവിശേഷ വേല ചെയ്യാൻ നമുക്കും കടമയുണ്ട്. മനുഷ്യാവതാരം ചെയ്ത ദൈവ പുത്രന്റെ ജീവിതത്തിലെ പരസ്യശുശ്രൂഷയാരംഭിച്ചപ്പോൾ വായിച്ച ഭാഗവും 'അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്' എന്ന പ്രവചനഭാഗമായി രുന്നല്ലോ. ഈ ഉറപ്പാണ് നമുക്ക് ദൗത്യബോധം നൽകുന്നതും, ധൈര്യവും ബലവും നൽകുന്നതും. നാം നമ്മുടെ നാഥനെപ്പോലെ ന്യായാ ധിപന്മാരുടെ മുൻപാകെ വിസ്തരിക്കപ്പെട്ടെന്നു വരാം. അപ്പോഴും 'പറ യുന്നതു നിങ്ങൾ അല്ല. പരിശുദ്ധാത്മാവത്രെ' (മർക്കോ. 13:11; ലൂക്കോ. 12:12).

(c) പാരക്ലീത്തായുടെ പ്രവർത്തനം മിഷനാണ്. വി. യോഹന്നാന്റെ സുവിശേഷം 14, 15, 16 എന്നീ അദ്ധ്യായങ്ങളിൽ കാണുന്ന പാരക്ലീത്താ യെക്കുറിച്ചുള്ള അഞ്ചു വേദഭാഗങ്ങൾ പരിശോധിച്ചാൽ പരിശുദ്ധാത്മാ വാകുന്ന കാര്യസ്ഥൻ എന്നേക്കും നമ്മോടുകൂടെ ഇരിക്കുമെന്നും നമുക്ക് സകലവും ഉപദേശിച്ചു തരുമെന്നും ക്രിസ്തു പഠിപ്പിച്ചതൊക്കെയും നമ്മെ ഓർമ്മപ്പെടുത്തുമെന്നും, പുത്രനെക്കുറിച്ച് സാക്ഷ്യം പറയുമെന്നും, നമ്മുടെ സുവിശേഷവേലയിൽകൂടി പ്രവർത്തിച്ച്, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധ്യം വരു ത്തുമെന്നും, നമ്മെ സകല സത്യത്തിലും വഴിനടത്തുമെന്നും പുത്രനെ മഹത്വപ്പെടുത്തുമെന്നും കാണുന്നു. ഈ ഏഴ് കാര്യങ്ങൾ നമ്മിലും നമ്മിൽകൂടിയും ഇന്നും പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവ് തന്നെ യാണ്. അതുകൊണ്ടാണ് നാമല്ലാ, പാരക്ലീത്തായാണ് മിഷനറി എന്നു തിരുവചനം പഠിപ്പിക്കുന്നത്. ആത്മഫലം (ഗലാ. 5:22) നമ്മിൽ കായ്ക്കാ തിരുന്നാൽ നമ്മുടെ മിഷന് പ്രസക്തിയോ, പ്രയോജനമൊ ഇല്ല. 'ഇവർ ദൈവാത്മാവിനാൽ നടത്തപ്പെടുന്നു' എന്നു മറ്റുള്ളവർ പറയുന്നു.

(d). അപ്പൊസ്തല പ്രവൃത്തികൾ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി യാണ്. മാർക്കസ് വാർഡ് ചൂണ്ടിക്കാണിക്കുംപോലെ 'ക്രിസ്തു മേലോ ട്ടുപോയി, പരിശുദ്ധാത്മാവ് കീഴോട്ടിറങ്ങി; സഭ നാനാദിക്കിലേക്കും പോയി; പുറജാതികൾ സഭയിലേക്കു വന്നു.' ആദിമ സഭ ആദ്യം ചെയ്തതു സുവിശേഷവേലയല്ല. പിതാവിന്റെ വാഗ്ദാനത്തിനായി കാത്തി രിക്കയായിരുന്നു (1:5). അവർക്കു ലഭിച്ച മുന്നറിയിപ്പു പോലെ (1:8) അവർ

യെരുശലേമിലും, യെഹൂദ്യയിൽ എല്ലായിടത്തും ശമര്യായിലും ഭൂമിയുടെ അറ്റത്തോളവും ക്രിസ്തുവിന്റെ സാക്ഷികൾ ആയ സഭാചരിത്രമാണ് പുതിയനിയമത്തിലെ അഞ്ചാമത്തെ പുസ്തകം. ഒന്നു മുതൽ 7 വരെ അദ്ധ്യായങ്ങളിൽ സഭ യെഹൂദ്യയിലാണെങ്കിൽ 8–ാം അദ്ധ്യായത്തിൽ ശമര്യരുടെ അനേക ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചുകൊണ്ടു യെരുശലേമിലേക്കു മടങ്ങിപ്പോയി. 9–ാം അദ്ധ്യായത്തിൽ ശൗൽ ദമസ്ക്കോസിൽ വച്ച് ദൈവാത്മാവിനാൽ പിടിക്കപ്പെടുന്നു. 13–ാം അദ്ധ്യായത്തിലാരംഭിക്കുന്ന മിഷനറിയാത്രയുടെ മുഖവുരയിൽ കാണുന്ന വാചകം സുപ്രധാനമാണ്. 'അവർ കർത്താവിനെ ആരാധിച്ചും, ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും, ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിപ്പീൻ എന്നു പരിശുദ്ധാത്മാവ് പറഞ്ഞു. ... പരിശുദ്ധാത്മാവ് അവരെ പറഞ്ഞയച്ചിട്ട് അവർ സെലൂക്യയിലേക്കു ചെന്നു.' ഉപവസിച്ചും പ്രാർത്ഥിച്ചും ഒരുങ്ങുന്നവരെ പരിശുദ്ധാത്മാവ് പ്രത്യേകം ശക്തീകരിക്കയും, പറഞ്ഞയയ്ക്കയും ഉപയോഗിക്കുകയും ചെയ്താണ് മിഷൻ അന്നും ഇന്നും നടക്കുന്നത്. വി. പൗലോസ് തുടങ്ങിയ ലോക മിഷൻ നാം തുടരേണ്ടിയിരിക്കുന്നു.

അ. പ്രവൃത്തികളിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയാത്ത അദ്ധ്യായങ്ങൾ തുലോം ചുരുക്കമാണ്. പെന്തിക്കോസ്തു ദിവസം മാത്രമല്ല, പിന്നെയും പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി അവരോടു പറഞ്ഞു (4:8). 'ഈ വസ്തുതയ്ക്ക് ഞങ്ങളും, ദൈവം തന്നെ അനുസരിക്കുന്നവർക്ക് നൽകിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു' (5:32). ഏഴു ശെമ്മാശന്മാർ ആത്മാവും ജ്ഞാനവും നിറഞ്ഞവരായിരുന്നു (6:3): സ്തേഫാനോസിന്റെ മരണസമയത്തെ സാക്ഷ്യവും ആത്മ നിറവിലായിരുന്നു (7:55). ഏഴ് ശെമ്മാശന്മാർക്കോ, ശമര്യാക്കാർക്കോ പരിശുദ്ധാത്മാവ് ലഭിച്ചപ്പോൾ അന്യഭാഷകളിൽ സംസാരിക്കുന്നില്ല. ആത്മാഭിഷേകത്തിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം മറുഭാഷയല്ല എന്നും വ്യക്തം. മിഷനായി ബഹിർഗമിക്കുന്ന സ്നേഹമാണ് ഫലവും അടയാളവും. അതുകൊണ്ടാണ് ബർന്നബാസ് ആത്മനിറവിനുശേഷം ശൗലിനെ തിരക്കി തർസൂസിലേക്ക് പോയത് (11:25). ശിഷ്യന്മാർ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു (13:52). കൊർന്നല്ല്യോസിനും കുടുംബാംഗങ്ങൾക്കും മാമോദീസായ്ക്കു മുമ്പ് പരിശുദ്ധാത്മദാനം നൽകിയ കാര്യം സഭയുടെ ഒന്നാം സുന്നഹദോസ്സിൽ വി. പത്രോസ് എടുത്തു പറഞ്ഞത് 'നമുക്കും അവർക്കും തമ്മിൽ ഒരു വ്യത്യാസവും വച്ചിട്ടില്ല' (15:9) എന്നാണ്. പരിശുദ്ധാത്മ പ്രവർത്തനം സഭയുടെ ഉള്ളിൽ മാത്രമാണെന്ന് തിരുവചനം പഠിപ്പിക്കുന്നില്ല. എവിടെ നിസ്വാർത്ഥ ദൈവസ്നേഹം (അഗാപ്പേ) ഉണ്ടോ അവിടെ പരിശുദ്ധാത്മ പ്രവർത്തനമുണ്ട്.

ആത്മാവിന്റെ പ്രവർത്തനം സഭയിൽ പ്രത്യേകം ഉള്ളത് 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു' (15:28) എന്ന് ഐകമത്യത്തോടെ പറയാൻ സാധിക്കത്തക്കവണ്ണം ഏവരും ആത്മഹിതം അനുവർത്തിക്കുമ്പോഴാണ്. ഭൂരിപക്ഷം നോക്കിയല്ല യരുശലേം കൗൺസിൽ തീരുമാനങ്ങൾ എടുത്തത്. ഇന്നും ഭിന്ന അഭിപ്രായക്കാരെ ഒരേ ചരടിൽ കോർക്കുന്ന പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നുണ്ട്.

ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവ് വിലക്കി (16:6). മിഷൻ വയൽ തെരഞ്ഞെടുക്കുന്നതും പരിശുദ്ധാത്മാവ് തന്നെ. ഇന്നു ചില സുവിശേഷകർ അപ്പൊല്ലോസിന്റെ ശിഷ്യന്മാരെപ്പോലെ 'പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല' (19:2) എന്നു പറയുന്നില്ലെങ്കിലും അവരുടെ ജീവിതം അങ്ങനെ തോന്നിക്കത്തക്കവണ്ണം ശക്തിഹീനമാണ്. 'ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് സാക്ഷ്യം' പറയുമ്പോൾ (20:23) അവിടേക്കു പോകുന്നവരാണ് ആത്മ നിറവിനാൽ ഭീരുത്വം മാറിക്കിട്ടിയവർ. ഓരോ എപ്പിസ്ക്കോപ്പായും ദൈവസഭയെ മേയിപ്പാൻ പരിശുദ്ധാത്മാവിനാൽ ആക്കപ്പെട്ടവരാകയാൽ അവരുടെ പരിപാലനജോലിയും ആത്മാവിലായിരിക്കണം. അപ്പൊസ്തോല പ്രവൃത്തികൾ അവസാനിക്കുമ്പോൾ പൗലോസ് റോമിൽ സഭയെ വളർത്തുകയാണ്. അവിടെയും യെശയ്യാ 6:9-10 ഉദ്ധരിക്കുന്നത് പരിശുദ്ധാത്മാവ് യെശയ്യാ മുഖാന്തരം പറഞ്ഞു എന്നു കേൾവിക്കാരെ ഓർമ്മിപ്പിച്ചുകൊണ്ടാണ്.

ഈ ഭാഗം പഠിക്കുമ്പോൾ 'ദൈവമായ പരിശുദ്ധാത്മാവേ! അപ്പൊസ്തോലന്മാരെ അന്ന് മിഷനു ഉപയോഗിച്ചതുപോലെ ഇന്നു ഞങ്ങളെയും ഉപയോഗിക്കണമേ' എന്ന പ്രാർത്ഥനയാണ് നമ്മിൽ നിന്ന് ഉയരേണ്ടത്. ആ പ്രാർത്ഥന ആത്മാർത്ഥമാണെങ്കിൽ ലോക മിഷനുവേണ്ടിയുള്ള പ്രവർത്തനവും തുടങ്ങും.

c) പരിശുദ്ധാത്മ കൃപാവരങ്ങൾ ഉള്ള മിഷൻ പ്രവർത്തനങ്ങൾ. റോമർ 12; 1 കൊരി. 12 എന്നീ രണ്ട് അദ്ധ്യായങ്ങളിൽ തന്നെ പരിശുദ്ധാത്മാവിന്റെ 17 കൃപാവരങ്ങൾ എങ്കിലും കാണാം. ശുശ്രൂഷ, ഉപദേശം, പ്രബോധനം, ദാനം, ഭരണം, കരുണ, സ്നേഹം, സഹോദരപ്രീതി, വീര്യപ്രവൃത്തികൾ, ജ്ഞാനം, പരിജ്ഞാനം, വിശ്വാസം, രോഗശാന്തി, പ്രവചനം, പലവിധ ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം എന്നീ കൃപാവരങ്ങൾ കൂടാതെ പരിപാലനവരവും എടുത്തു പറഞ്ഞിരിക്കുന്നു. ഇവയിൽ ഉദാത്തം പ്രവചനവരമാണെന്ന് 1 കൊരി. 14-ൽ തെളിയിച്ചിരിക്കുന്നു. ഇവയിലെല്ലാം 'അതിശ്രേഷ്ഠമായൊരു മാർഗം' സ്നേഹമാണെന്നും, വി. പൗലോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആധുനിക മിഷൻ അന്നത്തെപ്പോലെ

ആത്മനിറവിൽ ആയിരുന്നുവെങ്കിൽ സ്നേഹത്തിന്റെ ചാലുകൾ ലോകം മുഴുവൻ വെട്ടിത്തുറക്കത്തക്ക ശക്തി സഭകൾക്കുണ്ടാകുമായിരുന്നു. പത്രോസ് ശ്ലീഹാ തുപ്പട്ടി ദർശനം കാണുംമുമ്പെ അറച്ചു നിന്നതുപോലെ അനേക ഇടവകകളും സ്വജനപക്ഷപാതികളായി അറച്ചു നിൽക്കുന്നു എന്ന ദുഃഖസത്യം മറച്ചുവയ്ക്കാൻ സാധിക്കുന്നില്ല. സൗജന്യമായി കിട്ടിയ കൃപാവരങ്ങൾ സ്വകാര്യസ്വത്തുപോലെ വച്ചിരിക്കുന്ന കാഴ്ചയാണ് ക്രിസ്തേതരർ ക്രിസ്ത്യാനികളിൽ കാണുന്നത്. ദാനം ചെയ്യുവാനുള്ള വരം വെട്ടിച്ചുരുക്കി അവരവരുടെ മക്കൾക്ക് ദാനം ചെയ്യുവാനാക്കിയിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ മിഷൻ നടത്തുന്നതിനു പകരം അവരുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുവാനുള്ള മിഷനാണ് നടക്കുന്നത്. കരിസ്മാറ്റിക് ഗ്രൂപ്പുകാരും സ്വജനപക്ഷപാതികളല്ലേ എന്നു സ്വയം പരിശോധിക്കട്ടെ.

(f) കൊറിയായിൽ നിന്നൊരു ഉപമ. പരിശുദ്ധാത്മാവിന്റെ പ്രേരണയിലല്ല സഭ ഇന്നു ജീവിക്കുന്നതെന്നും, യഥാർത്ഥ മിഷൻ വിസ്മരിക്കപ്പെട്ടിരിക്കുന്നുവെന്നും കാണിക്കുന്ന ഒരു ഉപമ 1986 ജനുവരിയിൽ കൊറിയയിൽ നിന്നു ജനീവായിൽ ഒരു കൺസൾട്ടേഷനു വന്ന മിസ് ലിയിൽ നിന്ന് ഈ ലേഖകൻ കേട്ടത് അൽപം വ്യത്യാസപ്പെടുത്തി എഴുതുന്നു: കൊറിയയിലെ ആധുനിക ദൈവശാസ്ത്രത്തിന്റെ പേര് മിജ്ജുംഗ് തിയോളജി എന്നാണ്. അടിച്ചമർത്തപ്പെട്ട ദരിദ്രജനങ്ങൾക്കുള്ള പേരാണ് മിജ്ജുംഗ്. അവരുടെ വീക്ഷണകോണത്തിൽ നിന്നുമാണ് ദൈവശാസ്ത്രം ഉടലെടുക്കേണ്ടതെന്ന് അവർ പഠിപ്പിക്കുന്നു. ഈ ഉപമയിൽ ഒരു വലിയ കത്തീഡ്രലിന്റെ മുൻഭാഗത്ത് യേശുക്രിസ്തുവിന്റെ ഒരു വലിയ പ്രതിമ. സ്വർണഖചിതമായ പ്രസ്തുത പ്രതിമയുടെ തലയിൽ സ്വർണത്തകിടുകൊണ്ടുള്ള ഒരു രാജകിരീടം. ക്രിസ്തുരാജ കത്തീഡ്രൽ സുപ്രസിദ്ധമാകയാൽ ധാരാളം സമ്പന്നർ അവിടെ നേർച്ച അർപ്പിക്കുവാനും സ്വന്ത കാര്യസാദ്ധ്യങ്ങൾക്കായി പ്രാർത്ഥിക്കുവാനും വരും. അവരോടു ഭിക്ഷ യാചിക്കുന്ന ദരിദ്രരും പ്രതിമയുടെ ചുറ്റും ഇരിക്കും. അവരിൽ ചിലർ സാംക്രമിക രോഗികളാകയാൽ ആ കത്തീഡ്രലിന്റെ മുൻഭാഗം യാചകനിരോധന മേഖലയാക്കണമെന്ന് വികാരിയച്ചൻ പോലീസിൽ അപേക്ഷിച്ചു. പോലീസുകാർ വന്നു യാചകരെ അവിടെ നിന്നും മാറ്റി. ഒരു കാലൊടിഞ്ഞ പയ്യൻ അവരുടെ കണ്ണിൽപ്പെടാതെ അവിടെത്തന്നെ ഇരുന്നു. അവൻ ക്രിസ്തുവിന്റെ പ്രതിമയോട് കണ്ണുനീരോടെ പ്രാർത്ഥിച്ചു. 'അല്ലയോ ക്രിസ്തുവേ, അങ്ങേക്കും കരുണ വറ്റിപ്പോയോ? എനിക്കു വിശക്കുന്നു. ഞാൻ ഇന്നലെയും ഒന്നും കഴിച്ചില്ല. എനിക്ക് ഓടിനടന്ന് ഭിക്ഷയെടുക്കാനും വയ്യ. ഞാൻ ചത്താൽ എന്നെ അടക്കാനും ആരുമില്ല, സ്ഥലവുമില്ല. അങ്ങു ജീവിച്ച കാലത്ത് എന്നെപ്പോലെയുള്ള

വരെ സഹായിച്ചതായി ഞാൻ കേട്ടിട്ടുണ്ട്. ഞാൻ സ്കൂളിൽ പോയിട്ടില്ല. അങ്ങയുടെ സഭയ്ക്കും കരുണയോ, ദയയോ, മനസ്സലിവോ ഇല്ല. അവർക്കു പണസമ്പാദനമാണ് ഏകയാഗ്രഹം. മനുഷ്യർ കൂടുന്നിടമെല്ലാം യാചക നിരോധന മേഖലയാക്കിക്കൊള്ളട്ടെ! ഞങ്ങളെ എവിടെയെങ്കിലും ഭക്ഷണം തരാൻ സഭയോടു പറഞ്ഞാലും, അങ്ങ് ഒന്നു കരയുക പോലും ഇല്ലെ?" ഈ നിലവിളി കേട്ട് യേശുവിന്റെ പ്രതിമ കണ്ണുനീരു വീഴ്ത്തുവാൻ തുടങ്ങി. അതിൽ ചില തുള്ളികൾ ഞൊണ്ടിപയ്യന്റെ ദേഹത്തു വീണു. കണ്ണീരിന്റെ അത്ഭുതശക്തിയാൽ അവന്റെ ഞൊണ്ടു മാറി. അവൻ ചാടിക്കയറി പ്രതിമയുടെ തോളിൽ ഇരുന്ന് യേശുവിനെ ചുംബിച്ചു. അപ്പോൾ അവനു തോന്നി പ്രതിമയുടെ സ്വർണകിരീടം എടുക്കണമെന്ന്. അവൻ കിരീടം പൊക്കിയെടുത്തപ്പോൾ പ്രതിമ സംസാരിക്കുവാൻ തുടങ്ങി. വത്സല മകനെ, നിനക്ക് ആയിരമായിരം നന്ദി. കൂർത്ത മുള്ളുകളുള്ള മുൾക്കിരീടം തലയിൽ വച്ചും, ക്രൂശിൽ കിടന്നും ഞാൻ ഏഴു മൊഴികൾ പറഞ്ഞു. എന്നാൽ ഈ സ്വർണ്ണക്കിരീടം എന്റെ തലയിൽ വന്നതോടുകൂടി എനിക്കു സംസാരിക്കാൻ വയ്യാതായി. എന്നെ രാജാവാക്കാൻ തുടങ്ങിയപ്പോൾ ഓടിയൊളിച്ച എന്നെ ഇതാ ഇവർ രാജാവാക്കിയിരിക്കുന്നു. എന്റെ പുനരാഗമന കാലത്തല്ലാതെ എനിക്കു രാജത്വം വേണ്ടാ. ഇന്നെനിക്കു വേണ്ടതു മനുഷ്യഹൃദയങ്ങളിലെ രാജത്വവും സേവനവുമാണ്. നീ ദയവായി ഈ സ്വർണക്കിരീടം കൊണ്ടുപോയി വിറ്റിട്ട് ദരിദ്രർക്കു ജോലിയും ഭക്ഷണവും വസ്ത്രവും കൊടുക്ക. എല്ലാ പ്പള്ളികളിലും സ്വർണ്ണക്കുരിശുകൾ വിൽക്കുവാനും ദരിദ്രരെ സഹായിപ്പാനും നീ പോയി പറക. സ്വർണാഭരണങ്ങൾ ധരിക്കുന്ന സകല ക്രിസ്ത്യാനികളും അങ്ങനെ ചെയ്യുവാൻ ആഹ്വാനം നടത്തുക. മറ്റു മതങ്ങളിലെ നല്ലയാളുകളും സ്വർണവും ധനവും ലോകത്തിൽ ദാരിദ്ര്യമില്ലാതാക്കുവാൻ ഉപയോഗിക്കട്ടെ. ഇതു കേട്ടുകൊണ്ട് സ്വർണക്കിരീടവുമായി ആ പയ്യൻ ഓടിയപ്പോൾ പോലീസും വികാരിയും കൂടി അവനെ അറസ്റ്റു ചെയ്തു ജയിലിലടച്ചു. ആ കിരീടം പിന്നെയും പ്രതിമയുടെ തലയിൽ വച്ചു. അപ്പോൾ മുതൽ പ്രതിമ പിന്നെയും മൗനിയായിപ്പോയി. എന്നാൽ ജയിലിൽ നിന്നിറങ്ങിയ ഈ പയ്യൻ പുതിയ സൃഷ്ടിയും ഉണർവു പ്രസംഗകനും സ്വർണദാനങ്ങൾ കൈപ്പറ്റി ദാരിദ്ര്യം നീക്കുന്നവനുമായിത്തീർന്നു.

പരിശുദ്ധാത്മ ചൈതന്യമുള്ളവർക്ക് ഈ ഉപമയുടെ അർത്ഥം ഗ്രഹിപ്പാനും അതനുസരിച്ചു ദരിദ്രർക്ക് നന്മ ചെയ്വാനും പ്രേരണ കിട്ടും. ദരിദ്രലോകത്തിൽ സമ്പന്നനായിരിക്കുന്നതിന്റെ പാപം പരിശുദ്ധാത്മാവ് നമ്മെ ബോദ്ധ്യപ്പെടുത്തിയാൽ മുമ്പൊരിക്കലും നടന്നതിലും വലിയ മിഷൻ സഭയെക്കൊണ്ടു ലോകത്തിൽ നടത്താൻ സാധിക്കും.

ആദിമസഭയിൽ പരിശുദ്ധാത്മാവ് വരുത്തിയ പങ്കിടീലും സാമൂഹ്യ നീതിയും പരാജയപ്പെട്ട ഒരു പരീക്ഷണമായി മുതലാളിത്ത സന്തതികളായ പുതിയനിയമ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നതു വസ്തുനിഷ്ടമായ പഠനഫലമല്ല. കർത്താവിന്റെ പുനരാഗമനം ഉടൻ ഉണ്ടാകുമെന്ന പ്രത്യാശയിൽ അവർ ഉള്ള വിഭവങ്ങൾ തിന്നുതീർത്തതല്ലാതെ ഒരുമിച്ചു വിഭവങ്ങൾ ഉണ്ടാക്കിയില്ല. ഇന്നും പുനരാഗമന പ്രത്യാശ അവശ്യം ആവശ്യമാണ്. എന്നാൽ അവന്റെ വരവിന്റെ സമയം പിതാവു മാത്രം അന്ന് അറിഞ്ഞതും ഇന്നും ത്രിത്വം മാത്രമറിയുന്നതുമായ രഹസ്യമാകയാൽ, നമ്മുടെ കടമകൾ നാം നിറവേറ്റിക്കൊണ്ടിരിക്കണം. പങ്കിടാൻ വിഭവങ്ങൾ ഉണ്ടാക്കേണ്ട കടമ ഏവർക്കുമുള്ളതാണ്. കൂടാതെ അനന്യാസ് സഫീറാമാരുടെ സ്വാർത്ഥത പങ്കിടീലിനെ പരാജയപ്പെടുത്തി. അവർക്ക് ഭാരിച്ച ശിക്ഷ ലഭിക്കുകയും ചെയ്തു. 'കുറെ എടുത്തുവച്ചു ഒരംശം മാത്രം കൊണ്ടുവന്നു അപ്പോസ്തോലന്മാരുടെ കാൽക്കൽ വച്ചു' (5:2). ഭാഗികമായ പങ്കിടീൽ നടത്തിയിട്ടുപോലും ശിക്ഷയ്ക്ക് ഇളവു കിട്ടിയില്ല. ഇതിൽനിന്നു ഗ്രഹിക്കേണ്ടതു മുഴുവനും പങ്കിടാതെ ശിക്ഷ മടക്കിക്കളകയില്ല എന്നത്രെ.

നമ്മുടെ സുരക്ഷിതബോധം വസ്തുവകയിൽനിന്നു ദൈവത്തിങ്കലേക്കു മാറ്റുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. അപ്പോഴാണ് സ്നേഹം പങ്കിടീലായി കവിഞ്ഞൊഴുകുന്നത്. പരിശുദ്ധാത്മ ചൈതന്യം സെന്റ് ആന്റണിക്കും കപ്പദോക്യൻ പിതാക്കന്മാർക്കും, അസീസിയിലെ ഫ്രാൻസിസിനും ലഭിച്ചപ്പോൾ അവർ സകലവും പങ്കിടുകയും അതിൽ പരമാനന്ദമനുഭവിക്കുകയും ചെയ്തു.

വീണ്ടും ഒരു പുതിയ പെന്തിക്കോസ്തനുഭവം സഭയിൽ ഉണ്ടാകുകയാണെങ്കിൽ ദൈവിക പങ്കിടീലും തൽഫലമായി ഉണ്ടായിക്കൊള്ളും. കാരണം, ആത്മാവിന്റെ ഫലമായ സ്നേഹം പങ്കിടാൻ പ്രേരിപ്പിക്കുന്നതാണ്. ഈ ദൈവിക പങ്കിടീലിനാണ് ക്രിസ്തീയ മിഷൻ എന്നു പറയുന്നത്. 'പരിശുദ്ധാത്മാവേ, എന്നിൽ ശക്തി പകരണമേ' എന്നു നമുക്കു പ്രാർത്ഥിക്കാം. ആ ശക്തിയിൽ ആവശ്യക്കാരെ തേടിപ്പുറപ്പെടാം.

# യൂണിറ്റ് 2

# പ്രേഷിത സമീപനങ്ങൾ

## പാഠം 1

## ലോക മിഷൻ - ഒരു ചരിത്രാവലോകനം

കഴിഞ്ഞ 200 കൊല്ലത്തെ ആഗോള മിഷൻ ചരിത്രമോ, ഭാരതത്തിലെ മിഷൻ ചരിത്രം പോലുമോ ഒരദ്ധ്യായത്തിൽ സമഗ്രമായി പ്രതിപാദിക്കുവാൻ സാദ്ധ്യമല്ലല്ലോ. ഒരു വിഗഹ വീക്ഷണം മാത്രമേ ഉദ്ദേശിക്കുന്നുള്ളു. നമ്മുടെ കർത്താവിന്റെ മാതൃക പിൻപറ്റിയ പൗലോസ് ശ്ലീഹായുടെ പ്രേഷിതവൃത്തിയാണ് ഒന്നാം നൂറ്റാണ്ടിൽ പ്രത്യേകം പഠിക്കുവാനുള്ളത്. അത് പുതിയനിയമ വിദ്യാർത്ഥികൾക്ക് സുപരിചിതമാകയാൽ അതിലേക്കു കടക്കുന്നില്ല. അപ്പോസ്തോലനായ പത്രോസ് റോമിൽ പോയതായി വേദപുസ്തകത്തിലില്ല. തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നതായും വേദപുസ്തകത്തിലില്ല. എന്നാൽ ഇവ രണ്ടിന്റെയും പാരമ്പര്യം അനിഷേധ്യമാണ്. പത്മോസ് ദ്വീപിൽ നാടുകടത്തപ്പെട്ട യോഹന്നാൻ അപ്പോസ്തോലൻ അവിടെ കിടന്നുകൊണ്ടു ഏഷ്യാമൈനറിലെ ഏഴു സഭകൾക്കെഴുതിയ ദൂതുകൾ അദ്ദേഹത്തിന്റെ പ്രേഷിത ചൈതന്യം കാണിക്കുന്നു.

### A. ലോക മിഷൻ

രണ്ടാം നൂറ്റാണ്ടിലെ സഭാപിതാക്കന്മാരുടെ പ്രധാന ജോലി ഗ്നോസ്റ്റിക് (ജ്ഞാനവാദികൾ) വിശ്വാസവിപരീതികളെ എതിർത്ത് തോൽപിക്കുക എന്നതായിരുന്നു. സെൽസസ് എന്ന നിരൂപകൻ രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തെ എതിർത്തതിന് പിന്നീട് ഒറിഗൻ കൊടുത്ത മറുപടിയിൽനിന്നു സാധാരണ ക്രിസ്തീയ വിശ്വാസികൾപോലും പ്രേഷിതവൃത്തി നടത്തിയതായും വിശ്വാസം മുറുകെപിടിച്ചതായും കാണാം. എ.ഡി. 112-ൽ പ്ലിനി ബിഥിന്യായിൽ നിന്നും ട്രാജൻ ചക്രവർത്തിക്ക് എഴുതിയ കത്തിൽനിന്ന് ക്രിസ്ത്യാനികൾ ഞായറാഴ്ചകൾ തോറും രാവിലെയും രാത്രിയിലും ഒരുമിച്ചുകൂടി ആരാധിച്ചു എന്നും ഗ്രാമങ്ങളിലും പട്ടണങ്ങളിലും പകർച്ചവ്യാധിപോലെ ക്രിസ്തുവിശ്വാസം വ്യാപിക്കുന്നു എന്നും ചില ക്രിസ്ത്യാനികളെ അദ്ദേഹം കൊന്നു എന്നും എഴുതിയിരിക്കുന്നു.

എ.ഡി. 200 മുതൽ 313 വരെ പീഡകൾ വർദ്ധിക്കുകയും അത് സഭയുടെ വളർച്ചയ്ക്ക് കാരണമാകുകയും ചെയ്തു. എഡേസ്സാ, അർമീനിയാ,

എത്യോപ്യാ, ഏഷ്യാമൈനർ, ഈജിപ്ത് മുതലായ സ്ഥലങ്ങളിലേക്ക് സഭ വളർന്നു. റോമാസാമ്രാജ്യത്തിലെ പത്തിൽ ഒന്ന് ജനങ്ങൾ ക്രിസ്തുമതം സ്വീകരിച്ചത് 313-നു മുമ്പായിരുന്നു. സഭയുടെ അന്നത്തെ വളർച്ച സർക്കാരിന്റെ ഔദ്യോഗിക ബലം അതിനെതിരായിരുന്നപ്പോഴാണ്.

ആദ്യ ക്രിസ്തീയ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ (274/280-337) ഡയോക്ലിഷ്യന്റെയും വലേറിയസിന്റെയും പീഡനങ്ങളുടെ ദൃക്സാക്ഷിയായിരുന്നു. 312-ൽ മാക്സന്റയസിനെ തോൽപിച്ച് രാജാവാകാൻ സാധിച്ചത് ക്രൂശിന്റെ അടയാളമുള്ള കൊടിയുമായി യുദ്ധം ചെയ്തതിനാലാണെന്ന വിശ്വാസത്താൽ അദ്ദേഹം ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമാക്കി 313-ൽ മിലാനിൽനിന്ന് രാജശാസനം ഇറക്കി. ആ നൂറ്റാണ്ടിൽ തന്നെ റോമാസാമ്രാജ്യത്തിലെ 90% ജനങ്ങളും ക്രിസ്തുമതം സ്വീകരിച്ചു. അവിശ്വാസിയായ ജൂലിയൻ (331-363) ശ്രമിച്ചെങ്കിലും ക്രിസ്തുമത വിശ്വാസികളെ മതനിഷേധികളാക്കുവാൻ സാധിച്ചില്ല.

നാലും അഞ്ചും നൂറ്റാണ്ടുകൾ ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ നൂറ്റാണ്ടുകൾ ആയിരുന്നു. വലിയ മാർ അത്താനാസ്യോസ്, കപ്പദോക്യൻ പിതാക്കന്മാർ എന്നിവർ കിഴക്കൻ സഭയിലും ആഗസ്തീനോസ് പാശ്ചാത്യ സഭയിലും ക്രിസ്തുശാസ്ത്രവും ത്രിത്വവിശ്വാസവും ഉറപ്പിച്ചു. ആറാം നൂറ്റാണ്ടായപ്പോഴേക്ക് യേശുമശിഹായുടെ ദൂത് ഗ്രീക്കുഭാഷയിലും ലത്തീൻ ഭാഷയിലും തർജിമ ചെയ്യപ്പെട്ടു.

ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം ആക്രമണത്താൽ പല ക്രിസ്തീയ രാജ്യങ്ങളും ഇസ്ലാംമതം സ്വീകരിച്ചു. അക്കാലത്ത് നെസ്തോറിയൻ മിഷനറിമാരാണ് ഇന്ത്യയിലും ചൈനയിലും ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുവാൻ കഷ്ടപ്പെട്ടത്.

ഐർലൻഡിൽ സെന്റ് പാട്രിക് (390-461), കൊളംബാ (521-597) എന്നിവരും, ഐറീഷുകാരനായ കൊളംബാനസ് (543-615) തെക്കെ ഇംഗ്ലണ്ടിലും ഫ്രാൻസിലും; ഐഡാൻ (മ. 651) ഇംഗ്ലണ്ടിലും സഭ സ്ഥാപിച്ചു. ബോണിഫെസ് (680-754) ജർമ്മനി വരെ സഭയെ വളർത്തി. 966-ൽ മെയിസ്കോ (Meiszko) രാജകുമാരൻ മാമോദീസാ മുങ്ങിയതോടുകൂടി പോളണ്ടിൽ റോമൻ കത്തോലിക്കാ സഭ സ്ഥാപിതമായി.

സ്ലാവിക് മിഷനറിമാരായ സിറിലും (826-869) മെഥോഡിയസും (815-885) തെസ്സോലനിക്യയിൽ നിന്ന് ആധുനിക റഷ്യയിൽ മിഷൻ ആരംഭിച്ചു. ഈ മിഷൻ ഓർത്തഡോക്സ് സഭയുടെ ഏറ്റം വലിയ മിഷനായി ചിന്തിക്കാം. 988-ൽ കീവിൽ വ്ളാഡിമർ ചക്രവർത്തി മാമോദീസാ മുങ്ങിയതിന്റെ 1000-ാം വാർഷികം 1988-ൽ റഷ്യ വലിയതോതിൽ

ആഘോഷിച്ചു. റഷ്യൻ സഭ മിഷൻ ജപ്പാനിൽ തുടങ്ങിയ വ്യക്തി ഐവാൻ കസാറ്റ്കിൽ നിക്കോളായ് ആയിരുന്നു (1835-1912). ഓർത്ത ഡോക്സ് സഭകൾ ഈ ദൗത്യനിർവഹണത്തിലേക്ക് ഇനിയും പുരോഗ മിക്കാൻ സാദ്ധ്യതയുണ്ട്.

ആദ്യത്തെ നവീകരണക്കാർ എന്നു വിളിക്കപ്പെടുന്ന വാൽഡൻസിസ് 1210 മുതൽ 15-ാം നൂറ്റാണ്ടു വരെ ധാരാളം മിഷൻ യാത്രകൾ നടത്തി. 16-ാം നൂറ്റാണ്ടിലെ രണ്ടാം നവീകരണത്തോടുകൂടി പാപ്പായെ സ്വീകരി ക്കാത്ത ഒരു സഭയായി വാൽഡൻസീസ് തീർന്നു.

മൂന്നാം ഇന്നസെന്റ് പാപ്പായുടെ അനുമതിയോടുകൂടി അസ്സീസിയിലെ ഫ്രാൻസിസ് (1182-1226) ഫ്രാൻസിസ്കൻ ഓർഡർ സ്ഥാപിച്ചത് മുതൽ ലോക കാര്യനിമഗ്നമായിരുന്ന റോമൻ കത്തോലിക്കാ സഭയിൽ സുവി ശേഷ ദാരിദ്ര്യത്തിന്റെ മഹിമയും മിഷൻ പ്രവർത്തനവും വർദ്ധിച്ചു. ഫ്രാൻ സിസ്കൻ മിഷനറി റെയ്മണ്ട്ലൾ (1232-1316) അറബിഭാഷ പഠിക്കയും മുസ്ലീമുകളുടെ ഇടയിൽ സുവിശേഷവേല നടത്തുകയും ചെയ്തു. ഒരു വിദേശഭാഷയിൽ മിഷൻ നടത്തുന്ന ആദ്യ മിഷനറി എന്ന പേര് ലാറ്റി നിലും അറബിയിലും മുന്നൂറോളം ഗ്രന്ഥങ്ങൾ രചിച്ച റെയ്മണ്ട് ലള്ളിനു നൽകാം. ചൈനായിൽ സുവിശേഷവേലയാരംഭിച്ച ആദ്യ ഫ്രാൻസി സ്കൻ മിഷനറി മോണ്ടി കാർവിനോയിലെ ജോൺ (മ. 1330) ആയി രുന്നു. അദ്ദേഹം ഇന്ത്യയിൽ നൂറോളം പേരെ സഭയിൽ ചേർത്തശേഷം 1294-ൽ പീക്കിംഗിൽ എത്തി ചൈനയിൽ 6000 പേരെ സഭയിൽ ചേർത്തു. അദ്ദേഹത്തെ 1307-ൽ അഞ്ചാം ക്ലെമന്റ് പാപ്പാ ആർച്ച് ബിഷോപ്പായി അവരോധിച്ചു.

പ്രൊട്ടസ്റ്റന്റുകാർ ആദ്യം മിഷനറി വേലയിൽ തൽപരരല്ലായിരുന്നു. യൂറോപ്പിൽ കൊളോണിയൽ വാഴ്ചയുടെ 16-ഉം, 17-ഉം നൂറ്റാണ്ടുകളിൽ സഭയെ വളർത്തിയത് റോമൻ കത്തോലിക്കാ സന്യാസ സമൂഹങ്ങളാണ്. ഗ്രിഗറി ഏഴാമൻ പാപ്പാ 1622-ൽ സ്ഥാപിച്ച വിശ്വാസം പ്രചരിപ്പിക്കുവാൻ ഉള്ള വിശുദ്ധ സംഘം ഇന്നും വിശ്വാസപ്രചരണം നടത്തുന്നു. സ്പെയിനും പോർട്ടുഗലും നടത്തിയ കൊളോണിയൽ ഭരണത്തിന്റെ മറയിൽ കത്തോലിക്കാ സഭ ആഫ്രിക്കയിലും ഏഷ്യയിലും, ലാറ്റിൻ അമേ രിക്കയിലും നിർബന്ധമായി മതംമാറ്റം നടത്തി. വിശ്വാസ വിപരീതികളെ വിസ്തരിച്ച ഇൻക്വിസിഷന്റെ കാലത്ത് നടത്തിയ മിഷൻ ഒരു കറുത്ത അദ്ധ്യായമായി ഇന്നും പരിഗണിക്കപ്പെടുന്നു.

1517-ൽ മാർട്ടിൻ ലൂഥർ ആരംഭിച്ച പ്രൊട്ടസ്റ്റന്റു നവീകരണപ്രസ്ഥാനം ആദികാലങ്ങളിൽ റോമൻ കത്തോലിക്കാ സഭയോട് എതിർത്തു നിന്ന് നവീകരണത്തെ ഉറപ്പിക്കുവാനും വേദപുസ്തകം ജർമ്മൻ ഭാഷയിൽ

തർജ്ജമ ചെയ്ത് ഏവർക്കും കൊടുക്കുവാനുമാണ് ശ്രദ്ധപതിച്ചത്. ഉൾറിച്ച് സ്വിംഗ്ലി, ജോൺ കാൽവിൻ മുതലായവരുടെ നേതൃത്വം നവീകരണപ്രസ്ഥാനത്തെ വളർത്തിയതല്ലാതെ ക്രിസ്തേതരരുടെയിടയിലെ പ്രേഷിതവേലയിൽ ശ്രദ്ധ ചെലുത്തിയില്ല. വിദേശ മിഷന് ആദ്യം ശ്രമിച്ച പ്രൊട്ടസ്റ്റന്റ് മിഷനറി ഹാഡ്രിയൻ സരാവിയ (1531–1613) ആയിരുന്നു. അദ്ദേഹം നെതർലൻഡിൽ പ്രേഷിതവൃത്തി നടത്തുവാൻ എലിസബേത്ത് രാജ്ഞിയെ പ്രേരിപ്പിച്ചെങ്കിലും അത് വിജയിച്ചില്ല. തെക്കെ ഇന്ത്യയിൽ ട്രാൻത്വബാറിൽ ഡാനിഷ് മിഷൻ 1706–ൽ മിഷൻ ആരംഭിച്ചു. ഇതാണ് പ്രൊട്ടസ്റ്റാന്റിസത്തിന്റെ ആദ്യത്തെ വിദേശ മിഷൻ. 1732–ൽ മോറേവിയൻ സഭ വിദേശ മിഷൻ തുടങ്ങി. 18–ഉം, 19–ഉം നൂറ്റാണ്ടുകളിൽ യൂറോപ്യൻ ഇംപീരിയലിസം വിദേശങ്ങളിൽ ആധിപത്യം നടത്തിയതോടു കൂടിയാണ് പ്രൊട്ടസ്റ്റന്റ് വിദേശ മിഷൻ പലതും തുടങ്ങിയത്. ഉദാഹരണം: വില്ല്യം കേറി തുടങ്ങിയ

| | |
|---|---|
| ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റി | 1792 |
| ലണ്ടൻ മിഷനറി സൊസൈറ്റി | 1795 |
| നെതർലൻഡ്സ് മിഷൻ സൊസൈറ്റി | 1797 |
| ബാസൽ മിഷൻ | 1815 |
| വെസ്ലിയൻ മിഷൻ | 1818 |
| ഹഡ്സൺ റ്റൈയിലറും ചൈനാ ഇൻലൻഡു മിഷനും | 1865 |
| വില്ല്യം ബൂത്തും രക്ഷാസൈന്യവും | 1878 |
| വിൽസൺ കാർലൈൽ ആൻഡ് ചർച്ച് ആർമി | 1882 |

ആദിയായ മിഷൻ സൊസൈറ്റികൾ വളരെ ത്യാഗം ചെയ്ത് ആഫ്രിക്കയിലും, ഏഷ്യയിലും, ഓസിയാനായിലും സഭകൾ സ്ഥാപിച്ചെങ്കിലും ദേശീയ സംസ്കാരങ്ങളെയും ഭാഷയെയും ആദരിക്കാതെ യൂറോപ്യൻ സംസ്കാരവും ഭാഷയും മിഷന്റെ ഭാഗമാക്കിയതിനെ ഇന്ന് നിരൂപണ ദൃഷ്ട്യാ നോക്കുന്നവരുണ്ട്.

19–ാം നൂറ്റാണ്ടിനെ മിഷന്റെ വലിയ നൂറ്റാണ്ട് എന്നാണ് കെനത്ത് ലാററ്റ് വിളിച്ചിരിക്കുന്നത്. അന്ന് സ്കൂളുകൾ, കോളജുകൾ, ആശുപത്രികൾ മുതലായ സ്ഥാപനങ്ങൾ ലോകമൊക്കെയും ഉണ്ടായി. എന്നാൽ മിഷൻ സൊസൈറ്റികൾ പരസ്പരം അസഹിഷ്ണുതയോടെയാണ് പ്രേഷിതവേല നടത്തിയതെന്ന് ക്രിസ്തേതരർക്കു തോന്നാനിട നൽകി. വില്യം റ്റെമ്പിൾ 20–ാം നൂറ്റാണ്ടിനെ എക്യുമെനിസത്തിന്റെ നൂറ്റാണ്ട് എന്ന് വിളിച്ചത് അന്വർത്ഥമത്രെ. 1910–ൽ എഡിൻബറോയിൽ നടന്ന അന്തർദേശീയ മിഷനറി കോൺഫറൻസ് ഒരു വൻ വിജയമായിരുന്നു. 1921–ൽ ഇന്റർനാഷണൽ മിഷനറി കൗൺസിൽ രൂപീകൃതമായി. 1948–ൽ ആംസ്റ്റർഡാമിൽ വച്ച് അഖിലലോക സഭാകൗൺസിൽ ഒന്നാം

അസംബ്ലിയിൽ വച്ച് ഉടലെടുത്തെങ്കിലും 1961-ൽ ന്യൂഡൽഹിയിൽ വച്ചു നടന്ന മൂന്നാം അസംബ്ലിയിൽ വച്ചാണ് ഇന്റർനാഷണൽ മിഷനറി കൌൺസിലും, ലോകസഭാ കൗൺസിലും സംയോജിപ്പിച്ചത്. ഇന്ന് അത് കമ്മീഷൻ ഓൺ വേൾഡ് മിഷൻ ആൻഡ് ഇവാഞ്ചലിസം കൗൺസിലിന്റെ ഒരു ഉപ വകുപ്പാണ്.

മിഷൻ ചരിത്രത്തിന്റെ 21-ാം നൂറ്റാണ്ട് എങ്ങനെയായിരിക്കും എന്ന് ആർക്കും പ്രവചിക്കാവതല്ല. പ്രൊഫസർ ഹോക്കിങ്ങിന്റെ (1873–1966) ലിബറൽ സമീപനമോ ഹെന്റിക്ക് ക്രേമറുടെ (1888–1965) യാഥാസ്ഥിതിക സമീപനമോ കൂടാതെ ഒരു പുതിയ സമീപനം ആയിക്കൂടാ എന്നില്ല. ആറ് ഭൂഖണ്ഡങ്ങളിലെ മിഷൻ ഒന്നാകേണ്ടതും, ദേശീയ സംസ്ക്കാരങ്ങൾക്കും മതങ്ങൾക്കും കൂടുതൽ വില കൽപിക്കുന്നതും, വി. ത്രിത്വസ്നേഹത്തിന്റെ നീതി നടത്തൽ ലാക്കാക്കിയുള്ളതും, യേശുക്രിസ്തുവിന്റെ അദ്വിതീയതയും ആത്യന്തികത്വവും, കേന്ദ്രസ്ഥാനവും നഷ്ടപ്പെടാത്തതുമായ ഒരു മിഷൻ പരിശുദ്ധാത്മാവ് സാധിപ്പിച്ചു എന്നു വരാം. അതിനായി പ്രാർത്ഥിക്കുകയും യത്നിക്കുകയും വേണം.

## B. ഭാരത മിഷൻ

എ.ഡി. 52-ൽ മാർത്തോമ്മാ ശ്ലീഹാ കൊടുങ്ങല്ലൂരിൽ കാലു കുത്തിയെന്നും എ.ഡി. 72-ൽ മൈലാപ്പൂരിൽ രക്തസാക്ഷി മരണം സ്വീകരിച്ചു എന്നും ഇതിനിടയിൽ കൊടുങ്ങല്ലൂർ, പാലൂർ, പറവൂർ, ഗോക്കമംഗലം, ചായൽ, നിരണം, കൊല്ലം, തിരുവാംകോട് എന്നീ എട്ട് പള്ളികൾ സ്ഥാപിച്ച് ഭാരതസഭയുടെ സ്ഥാപകനായെന്നും സുറിയാനി ക്രിസ്ത്യാനികൾ ആഴമായി വിശ്വസിക്കുന്നു. എ.ഡി. 345-ൽ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ വന്ന കുടിയേറ്റക്കാർ ആദ്യസഭയ്ക്ക് ഒരു സഹായവും ഉത്തേജനവും നൽകിയിരിക്കണം. നെസ്തോറിയൻ സഭയുമായുള്ള സുദീർഘ ബന്ധത്തിനും ചരിത്ര തെളിവുകൾ ഉണ്ട്. നെസ്തോറിയൻ സഭ വലിയ മിഷനറി സഭയായിരുന്നുവല്ലോ. 1321-ൽ ബോംബെയ്ക്ക് അടുത്തുള്ള താനായിൽ നാല് ഫ്രാൻസിസ്കൻ മിഷനറിമാർ രക്തസാക്ഷി മരണം പ്രാപിച്ചു. എന്നാൽ അവരുടെ കൂടെ ഉണ്ടായിരുന്ന ഫ്രെഞ്ചു ഡൊമിനിക്കൻ മിഷനറി ജോർഡയിൽ ഡിസെവെറെയ് വധിക്കപ്പെട്ടില്ല എന്നു മാത്രമല്ല അദ്ദേഹം അനേകരെ സ്നാനപ്പെടുത്തുകയും ചെയ്തു. 1330-ൽ ഇദ്ദേഹത്തെ കൊല്ലം ബിഷോപ്പായി പാപ്പാ നിയോഗിച്ചതാണ് റോമാ പാപ്പായുടെ കേരള സഭ മേലുള്ള ആദ്യ അവകാശവാദം. 1510-ൽ പോർട്ടുഗീസുകാർ ഗോവയിൽ എത്തി. പദ്രോആഡോ എന്ന പാപ്പായുടെ കുപ്രസിദ്ധമായ അധികാരപത്രം കിഴക്കിനെ മുഴുവൻ പാപ്പാ മതത്തിൽ ബലം പ്രയോഗിച്ചു ചേർക്കുവാൻ പോർട്ടുഗീസ് മിഷനറിമാർക്ക് ആവേശം

നൽകി. 1534-ൽ റോമൻ ബിഷപ്പും സഭയും ഗോവായിലുണ്ടായിരുന്നെ ങ്കിലും ഫ്രാൻസിസ് സേവ്യർ (1506-1552) 1542-ൽ ഗോവയിൽ എത്തിയ പ്പോൾ കണ്ട സഭയെ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല. ഗോവയിലും കേരള ത്തിലും മലാക്കായിലും ജപ്പാനിലും ചൈനയിലുമായി ഏഴു ലക്ഷം പേരെ അദ്ദേഹം സഭയിൽ ചേർത്തു പോലും. ഇൻക്വിസിഷൻ അധികാരം അദ്ദേ ഹവും ഉപയോഗിച്ചു. ജസ്യൂട്ട് അടിസ്ഥാനം ഇന്ത്യയിൽ ഇട്ടത് ഫ്രാൻ സിസ് സേവ്യർ ആയിരുന്നു.

റോബർട്ട് ഡി നൊബിലി (1577-1656) ഇന്ത്യയിൽ എത്തിയത് 1605-ൽ ആയിരുന്നു. 36 വർഷം മധുരയിൽ ബ്രാഹ്മണരുടെ ഇടയിൽ അവരുടെ വേഷവും ധരിച്ച് അദ്ദേഹം ചെയ്ത വേല വിജയിച്ചു എന്നു പറയാവ തല്ല. സംസ്കൃതം പഠിച്ച നൊബിലിയുടെ വേലയുടെ ഫലമായി ആദ്യം മാമോദീസാ ഏറ്റത് ശിവധർമ്മ (1609) ആയിരുന്നു. ആയിരങ്ങൾ അദ്ദേ ഹത്തിന്റെ വേലയുടെ ഫലമായി സഭയിൽ ചേർന്നെങ്കിലും ബ്രാഹ്മണർ അധികം ചേർന്നില്ല. ബർത്തലോമായ് സീഗൻബാഗ് (1682-1719) എച്ച്. പ്ലൂട്ട് ഷാവ് (1677-1747) എന്നീ രണ്ടു മിഷനറിമാരെ ഡെൻമാർക്കിലെ രാജാവായ ഫ്രഡറിക്ക് നാലാമൻ 1706-ൽ ട്രാൻക്വബാറിലേക്കയച്ചതാണ് ഇന്ത്യയിലേക്കുള്ള ആദ്യ പ്രൊട്ടസ്റ്റന്റ് മിഷൻ. 1714-ൽ സീഗൻബാഗ് തമി ഴിൽ പുതിയനിയമം തർജ്ജമ ചെയ്തു അച്ചടിച്ചതാണ് ഇന്ത്യൻ ഭാഷ യിലെ ആദ്യ വേദഗ്രന്ഥം. രാഷ്ട്രീയാധികാരങ്ങളോടുകൂടി ട്രാൻക്വബാ റിലും, സിലോണിലും, തഞ്ചാവൂരിലും മിഷൻ നടത്തിയ സി. ഡബ്ലിയു. ഷ്വാർറ്റ്സ് (1726-1760) 18-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സുവിശേഷവേല ചെയ്ത ഏറ്റം വലിയ ജർമ്മൻ പ്രൊട്ടസ്റ്റന്റ് മിഷനറിയായിരുന്നു.

വില്യം കേറി (1761-1834) പാക്കപ്പലിൽ ബംഗാളിൽ ഇറങ്ങിയത് 1793-ൽ ആയിരുന്നു. 18 ഭാഷകളിലേക്ക് വേദപുസ്തകം തർജ്ജമ ചെയ്കയും സെറാമ്പൂർ കോളജ് ആരംഭിക്കുകയും ചെയ്ത കേറിയെ ആധുനിക മിഷന്റെ പിതാവായാണ് പരിഗണിക്കുന്നത്. ജോഷ്വാ മാർഷ്മാൻ (1768-1837) വില്യം വാർഡു സഹിതം 1799-ൽ വില്യം കേറിയോട് ചേർന്നു വേല തുടങ്ങി. വിദ്യാഭ്യാസ സ്ഥാപനങ്ങളും അച്ചടിശാലയും അവർ നടത്തി. കൽക്കട്ടായിലെ ബിഷോപ്പന്മാരായിരുന്ന റെജിനാൾഡു ഹീബർ (1783-1826) ദാനിയൽ വിൽസൺ (1778-1858) എന്നിവർ സി. എം. എസ്. മിഷന് സഹായികൾ ആയിരുന്നു. ബിഷപ്പ് വിൽസന്റെ ശ്രമത്താലാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി മിഷനറിമാർക്കുള്ള വിലക്ക് നീക്കി യത്. പണ്ഡിത രമാബായി (1858-1922) നാരായൻ വാമൻ തിലക്ക് (1862-1919) സാധു സുന്ദരസിംഗ് (1889-1929) മുതലായ ഭാരതീയ മിഷന റിമാരും സഭയുടെ വളർച്ചയ്ക്ക് അനൽപമായി സഹായിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി മിഷൻ തുടങ്ങിയ അലക്സാണ്ടർ ഡഫ് (1806-1878)

ചർച്ച് ഓഫ് സ്ക്കോട്ട്ലൻഡിന്റെ ആദ്യത്തെ ഇന്ത്യൻ മിഷനറിയായി. 1887-ലാണ് താംബരത്ത് മദ്രാസ് ക്രിസ്ത്യൻ കോളജ് തുടങ്ങിയത്. 1914-ൽ നാഷണൽ മിഷനറി കൗൺസിൽ തുടങ്ങി. ഡോർണക്കൽ ബിഷപ്പായിത്തീർന്ന വി. എസ്. അസറിയാ (1874-1945) ഒരു മിഷനറി വീരൻ തന്നെ ആയിരുന്നു. 1919-ൽ അദ്ദേഹം ട്രാൻക്വബാറിൽ വിളിച്ചു കൂട്ടിയ സഭകളുടെ ഐക്യശ്രമമാണ് 1947-ൽ തെന്നിന്ത്യാ സഭയായി തീർന്നതെന്നു പറയാം. ഭാരതത്തിലെ റോമൻ കത്തോലിക്കാ സഭ പോർട്ടുഗീസ് മേധാവിത്വത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് 1886-ൽ ഇന്ത്യൻ ഹൈറാർക്കിയും 1952-ൽ ഇന്ത്യൻ കർദ്ദിനാളും 1964-ൽ ഇന്റർനാഷണൽ യൂക്കാറിസ്റ്റിക്ക് കോൺഗ്രസും നേടിയെടുത്തു.

1960-കളിൽ ഒറീസായും മദ്ധ്യപ്രദേശും പാസ്സാക്കിയ നിയമങ്ങൾ മതം മാറ്റം പ്രയാസമുള്ളതാക്കി. പ്ലെയിൻ ട്രൂത്ത് മാസികയുടെ ജൂബിലി പതിപ്പനുസരിച്ച് ക്രിസ്ത്യാനികളുടെ ശതമാനം 1971-ൽ 2.5 ആയിരുന്നത് 1981-ൽ 2.4 ആയി കുറഞ്ഞു. കഴിഞ്ഞ 50 വർഷങ്ങളിൽ ഇസ്ലാം 235% വളർന്നു. ഹിന്ദുമതം 117% ക്രിസ്തുമതം 47% മാത്രം വളർന്നു.

വികസ്വര രാജ്യങ്ങളിൽ ഭാരതത്തിൽ മാത്രമെ സഭ വളരാതിരിക്കുന്നുള്ളു. ഇതിന്റെ കാരണങ്ങൾ മറ്റു മതങ്ങളുടെ നവോത്ഥാനവും, ക്രിസ്തുമതത്തിന്റെ സ്വാർത്ഥതയും അല്ലേ?

അനതിവിദൂര ഭാവിയിൽ മൂന്നാം സഹസ്രാബ്ദം ഉദയം ചെയ്യുമ്പോൾ സഭ വളരണമെങ്കിൽ സഭകൾ പരസ്പരം പൂണിയിൽ വീശുന്നത് നിർത്തിയിട്ട് ഐക്യത്തോടെ ശരിയായ മിഷൻ നടത്തണം. അത് വർഗ്ഗീയത വർദ്ധിപ്പിക്കുന്നതിനല്ല, മാനവികതയും, ദൈവീകരണവും, നീതിയും, സമാധാനവും, സ്നേഹവും വർദ്ധിപ്പിക്കുന്നതിനായിരിക്കണം.

## പാഠം 2

# ഡയലോഗ്:
# പ്രസക്തിയും ദൈവശാസ്ത്രാടിസ്ഥാനവും

'നിങ്ങൾ ഭൂലോകം ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ' എന്ന അന്ത്യശാസനത്തിന്റെ അടിസ്ഥാനത്തിൽ സേവനവും സുവിശേഷഘോഷണത്തിൽ മതപ്രവാചകരുടെ താൽപര്യം ആയിരുന്നു. എന്നാൽ ആധുനിക മിഷൻ-ദൈവശാസ്ത്ര സംവാദത്തിന് (ഡയലോഗിന്) സുപ്രധാനമായ ഒരു സ്ഥാനം നൽകുന്നുണ്ട്. 'മനുഷ്യർ നിങ്ങൾക്കു ചെയ്യണമെന്നാശിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ' (മത്തായി 7:12) എന്ന ഗിരിപ്രഭാഷണത്തിലെ സുവർണ്ണ നിയമം ഡയലോഗിന്റെ ആവശ്യകതയെ വ്യക്തമാക്കുന്നു. നാം പ്രസംഗിക്കുന്ന സുവിശേഷം മറ്റുള്ളവർ കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവരുടെ സദ്വർത്തമാനം നാമും കേൾക്കേണ്ടതാണ്. 'സകലവും ശോധന ചെയ്ത് നല്ലതു മുറുകെ പിടിപ്പിൻ' (1 തെസ്സ. 5:21) എന്ന വാക്യം മറ്റുള്ളവരെപ്പോലെ നാമും അനുസരിക്കേണ്ടതാണ്. റോമൻ കത്തോലിക്കാ സഭയുടെയും ചില നൂതന സഭാവിഭാഗങ്ങളുടെയും പഴയ ചിന്താഗതിയിൽ ഉണ്ടായിരുന്ന ഒരു സമീപനം അവർ വിശ്വസിക്കുന്നതു മാത്രം ശരിയെന്നും മറ്റുള്ളവരുടെ വിശ്വാസം തെറ്റെന്നും ആയിരുന്നു. 'തെറ്റിന് അവകാശമില്ല ശരിക്കു മാത്രമേ അവകാശമുള്ളു' എന്ന ന്യായേന ഏകപക്ഷീയമായി നടത്തുന്ന ഈ അന്ധമായ അവകാശവാദം ഡയലോഗിനെയും എതിർത്തുകൊണ്ടിരിക്കും. എന്നാൽ ഇന്നു പൊതുവെ ആ അഭിപ്രായത്തിന്റെ രൂക്ഷത കുറഞ്ഞുകൊണ്ടിരിക്കയാണ്.

ദൈവത്തിന്റെ പ്രവർത്തനം പഴയ യിസ്രായേലിൽ മാത്രമായിരുന്നുവെന്നു പഴയനിയമം പോലും പഠിപ്പിക്കുന്നില്ല. 'യിസ്രായേൽ മക്കളേ, നിങ്ങൾ എനിക്ക് കൂശ്യരെപ്പോലെ അല്ലയോ? എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ യിസ്രായേലിനെ മിസ്രയീം ദേശത്തുനിന്നും ഫെലിസ്ത്യരെ കഫ്തോരിൽനിന്നും അരാമ്യരെ കീശിൽനിന്നും കൊണ്ടുവന്നില്ലയോ?' (ആമോ 9:7). 'സൈന്യങ്ങളുടെ യഹോവ അവരെ അനുഗ്രഹിച്ചു: എന്റെ ജനമായ മിസ്രയേമും എന്റെ കൈകളുടെ പ്രവൃത്തിയായ അശൂരും എന്റെ അവകാശമായ യിസ്രായേലും അനുഗ്രഹിക്കപ്പെടുമാറാകട്ടെ' എന്ന് അരുളിച്ചെയ്യും (യെശ. 19:25). 'സൂര്യന്റെ ഉദയം മുതൽ അസ്തമയംവരെ എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നു. എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും നിർമ്മല വഴിപാടും അർപ്പിച്ചുവരുന്നു. എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നുവല്ലോ' (മലാ. 1:11). ഇപ്രകാരമുള്ള അനവധി വാക്യങ്ങളിൽനിന്ന് യഹോവ യിസ്രായേലിന്റെ

മാത്രം കുത്തകയല്ലെന്ന് വ്യക്തമാകുന്നു. ഇതിന്റെ അർത്ഥം യിസ്രായേലിനെ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തില്ല എന്നല്ല. പിന്നെയോ തെരഞ്ഞെടുത്തത് ആ ജനത മാനവരാശിക്ക് മുഴുവനും ഒരു അനുഗ്രഹമായി തീരുവാൻ ആയിരുന്നു എന്നത്രെ. അബ്രഹാമിനെ വിളിച്ചപ്പോൾ ത്തന്നെ ദൈവം അരുൾചെയ്തത്, 'നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും' (ഉൽപ. 12:3) എന്നായിരുന്നു.

പുതിയനിയമം പരിശോധിച്ചാലും മനുഷ്യാവതാരവും സഭയും ദൗത്യവും ആഗോള രക്ഷയ്ക്കാണെന്നു വ്യക്തം. 'കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്ക് തള്ളിക്കളയും' (മത്തായി 8:12-12). യേശുക്രിസ്തുവിലുള്ള പ്രത്യേക വെളിപാട് സഭയ്ക്കുവേണ്ടി മാത്രമാണെന്നും മറ്റു ഭാഗിക വെളിപാടുകൾ ഇല്ലായെന്നും പുതിയനിയമം പഠിപ്പിക്കുന്നില്ല. 'സകല ലോകത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു' എന്നായിരുന്നുവല്ലോ മനുഷ്യാവതാര ഉദ്ദേശ്യമായി ഗബ്രിയേൽ മാലാഖ പ്രഖ്യാപിച്ചത്. യേശുക്രിസ്തു എന്ന കേന്ദ്രം സഭയുടെയും ലോകത്തിന്റെയും കേന്ദ്രമാണ്. സഭയുടെ മാത്രമല്ല. ദൈവദത്തമായ യുക്തി കൊണ്ട് ദൈവത്തെ പൂർണമായി അറിയുവാൻ സാദ്ധ്യമല്ല എന്നതു ശരിയാണെങ്കിലും 'ദൈവത്തെക്കുറിച്ച് അറിയാവുന്നതു അവർക്ക് വെളിവായിരിക്കുന്നു; ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു' (റോമ. 1:19, 20).

അഗസ്തീനോസിന്റെയും കാൾ ബാർത്തിന്റെയും പഠിപ്പിക്കലുകളിൽ തിരുത്തപ്പെടേണ്ട ഒരു വശമുണ്ട്: കൃപയുടെയും വിശ്വാസത്തിന്റെയും മഹത്വം കാണിപ്പാൻ മനുഷ്യനെ പാപത്തിന്റെയും വീഴ്ചയുടെയും തിന്മയുടെയും ഇരിപ്പിടമായി മാത്രം അവർ കണ്ടു എന്നുള്ളതാണ് ആ വശം. മനുഷ്യന്റെ വീഴ്ചയാൽ ദൈവസാദൃശ്യം പൂർണമായി നഷ്ടപ്പെട്ടു എന്ന് അഗസ്തീനോസും ബാർത്തും പഠിപ്പിച്ചപ്പോൾ അങ്ങനെ പൂർണമായി നഷ്ടപ്പെട്ടില്ല എന്നാണ് കിഴക്കൻ സഭാപിതാക്കന്മാർ പഠിപ്പിച്ചത്. വികലമായ ദൈവസാദൃശ്യം പുതിയ സൃഷ്ടിയിൽ പുതുക്കപ്പെടുവാനും വീണ്ടും പൂർത്തീകരിക്കുവാനുമാണ് പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം. സഭയിലും വചനത്തിലും കൂദാശയിലും കൂടിയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ക്രിസ്തുവിനെക്കുറിച്ച് അറിയാത്ത മാനവരാശിയിലും വചനമായ ക്രിസ്തു പ്രത്യക്ഷമായോ പരോക്ഷമായോ

പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്.

ഡയലോഗിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം ദൈവം സ്നേഹമാകുന്നുവെന്ന നിത്യ സത്യമാണ്. ദൈവസ്നേഹം കൂദാശയിലോ, സഭയിലോ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. അത് ത്രിത്വത്തിൽ നിത്യമായി പ്രവർത്തിച്ചുകൊണ്ടിരുന്നതും സീമാതീതവും അന്ധകാരത്തിലേക്കു കടന്നുചെന്ന് പ്രഭ വിതറുന്നതും അന്തിമമായി നരകത്തെപോലും സ്വർഗ്ഗമാക്കുവാൻ ശ്രമിക്കുന്നതുമാണ്. മുടിയൻപുത്രന്റെ ഉപമയിൽ എഴുതപ്പെടാത്ത ഒരു ഭാഗം 'അവന് സുബോധം വന്നു' എന്നതിന് പിന്നിൽ ആര് അവന് സുബോധം വരുത്തി എന്നുള്ളതാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്ന പരിശുദ്ധാത്മാവാണ് മുടിയൻപുത്രനും സുബോധം വരുത്തിയത്. ആ പരിശുദ്ധാത്മാവ് മുടിയൻപുത്രന് അനുതാപം വരുത്തി അവനെ പിതാവിന്റെ അടുക്കൽ പരമാനന്ദത്തിൽ തിരികെ കൊണ്ടുവരിക മാത്രമല്ല വീടിന്റെ പുറത്ത് പിറുപിറുത്തുകൊണ്ട് വീട്ടിൽ താമസിച്ച 'മൂത്ത മുടിയൻ പുത്രൻ' എന്ന അപരനാമമുള്ള പരീശനായ ജ്യേഷ്ഠനെയും തിരക്കി പോകുകയും ചെയ്തു. ദൈവത്തിന്റെ ഹൃദയം ചുങ്കക്കാരനായ മുടിയൻപുത്രനോടും പരീശനായ ജ്യേഷ്ഠനോടും സംഭാഷണം നടത്തുന്നതായി നമുക്ക് ഇവിടെ കാണാം. ഈ ലോകത്തിലെ ഒരു നല്ല പിതാവ് തന്റെ മക്കളിൽ ഒരുവൻ മദ്യപാനിയോ വെറിക്കൂത്തുകാരനോ ആയിപ്പോയാൽ അവനെ വേണ്ടെന്നു വയ്ക്കുകയില്ലല്ലോ. 'ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നുവെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്ക് നന്മ എത്രയധികമായി കൊടുക്കും' (മത്തായി 7:11). നന്മയ്ക്കുവേണ്ടിയും രക്ഷയ്ക്കുവേണ്ടിയും ആഗ്രഹിക്കുന്നവർ എല്ലായിടത്തുമുണ്ട്. ആത്യന്തികമായ നന്മ യേശുക്രിസ്തുവാണെന്നും അത് ത്രിത്വത്തിൽ നിന്നുമാണെന്നും ആ ത്രിത്വം എല്ലാവർക്കും വേണ്ടിയാണെന്നും ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ ലോകാരംഭം മുതൽ വചനമായി ചരിത്രത്തിൽ പ്രവർത്തിക്കുന്നുവെന്നും വിശ്വസിക്കുന്നവർക്ക് ആ നിത്യഉണ്മയിൽത്തന്നെ ഡയലോഗ് ചെന്ന് അവസാനിക്കുന്നു എന്നുറപ്പുള്ളതുകൊണ്ട് അതിനെ ഭയപ്പെടേണ്ട ആവശ്യമില്ല.

പി. ഡി. ദേവാനന്ദൻ ബാംഗ്ലൂരിൽ ഡയലോഗു നടത്തിയതു മാത്രമല്ല അദ്ദേഹത്തിന്റെ മരണത്തിനു മുമ്പുതന്നെ സ്വന്ത ഭവനത്തിൽ അതിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ നേതൃത്വമെടുക്കുകയും അതിന്റെ ആദ്യ ഡയറക്ടർ ആയി ഇന്ത്യയിൽ മാത്രമല്ല, പുറത്തും ഡയലോഗിന്റെ മുന്നണി പട്ടാളക്കാരനായി പ്രവർത്തിക്കുകയും ചെയ്തു.

'മതങ്ങൾ തമ്മിലുള്ള സംഭാഷണം' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽ ഏതാണ്ട് 30 പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവായ റെയ്മണ്ട് പണിക്കർ വിവിധ മതങ്ങളുമായുള്ള സംഭാഷണത്തിൽ ഓർത്തിരിക്കേണ്ട 8 പ്രമാണങ്ങൾ നൽകിയിട്ടുണ്ട്.

1. 'എന്റെ മതം മാത്രം ശരി. മറ്റെല്ലാം തെറ്റ്' എന്ന ചിന്താഗതിയിൽ നിന്ന് സ്വതന്ത്രമായിരിക്കണം.

2. എല്ലാ മതങ്ങളും കൂടിച്ചേർന്ന് ഒരു പൊതു മതം ഉണ്ടാക്കാമെന്നുള്ള ചിന്താഗതിയിൽ നിന്നും സ്വതന്ത്രമായിരിക്കണം.

3. സംഭാഷണത്തിന്റെ പുരോഗതിയിൽ ഒരു മതത്തിൽനിന്ന് മറ്റെ മതത്തിലേക്ക് മാറണമെന്ന് ആഗ്രഹമുണ്ടായാൽ അതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം.

4. ചരിത്രപരമായ മാനദണ്ഡം ആവശ്യമാണെങ്കിലും ചരിത്രത്തിലോ ഭൂമിശാസ്ത്രത്തിലോ സംസ്കാരത്തിലോ പരിമിതി വെയ്ക്കപ്പെട്ടതായിരിക്കരുത്. ആഴമായ വിശ്വാസം ചരിത്രത്തേക്കാൾ വലുതാണ്.

5. അനേക തത്ത്വസംഹിതകളുടെ കോൺഗ്രസ് മാത്രമല്ല ഡയലോഗ്. മതപരമായ സംഭാഷണം നടത്തുവാൻ ബുദ്ധിപരമായ മാനദണ്ഡം മാത്രമല്ല, ആത്യന്തികമായ തീരുമാനത്തിലേക്ക് വ്യക്തികളെ നടത്തുന്നതു കൂടിയാണ്.

6. ദൈവശാസ്ത്രപരമായ സിംപോസിയം മാത്രമല്ല ഡയലോഗ്. കൂടുതൽ ആഴമായ ദൈവശാസ്ത്രം ഈ സംഭാഷണത്തിന്റെ ഫലമായി ഉടലെടുത്തു എന്നു വരും.

7. സഭയുടെ ഒരു പരിശ്രമമായി മാത്രം ഡയലോഗിനെ ഒതുക്കി നിർത്തരുത്. അവരവരുടേതായ പാരമ്പര്യങ്ങൾ കൂടാതെ മറ്റ് പാരമ്പര്യങ്ങളെ ഉൾക്കൊള്ളുവാനുള്ള സന്നദ്ധത ഈ സംഭാഷണത്തിൽ സംബന്ധിക്കുന്നവർക്കുണ്ടായിരിക്കണം.

8. വിശ്വാസത്തിലും പ്രത്യാശയിലും ഉള്ള മതപരമായ ഏറ്റുമുട്ടലാണ് ഡയലോഗ്. അവരവരുടെ സ്വന്ത വിശ്വാസവും പ്രത്യാശയും മാത്രമല്ല എല്ലാവർക്കും വിശ്വാസവും പ്രത്യാശയും സ്നേഹവും വരുത്തുവാനുമാണ് സംഭാഷണം ശ്രമിക്കേണ്ടത്.

അഖിലലോക സഭാകൗൺസിൽ 1971 മുതൽ പല മതങ്ങളും ആദർശങ്ങളും ആശയങ്ങളുമായി സംഭാഷണങ്ങൾ നടത്തിവരുന്നുണ്ട്. ഇവാൻജലിക്കൽസ് എന്ന് വിളിക്കപ്പെടുന്ന സഭകളുടെ ലോകകൗൺസിൽ ഘടകങ്ങൾ നൈറോബി ഉൾപ്പെടെ സഭകളുടെ പല ലോകസമ്മേളനങ്ങളിലും

ഇതിനെ എതിർത്തിട്ടുണ്ട്. തൽഫലമായി ഇവാൻജലിക്കൽസ്, എക്യുമെനിക്കൽസ് എന്ന രണ്ടു ചേരികൾ ഇന്നും ക്രിസ്തീയ സഭയിൽ നിലനിന്നു വരുന്നു. ഇവ തമ്മിലുള്ള വിടവ് കുറയ്ക്കുവാൻ കുറെയൊക്കെ സാധിച്ചിട്ടുണ്ടെങ്കിലും യാഥാസ്ഥിതിക ഗ്രൂപ്പുകൾ ഇന്നും സുവിശേഷ വേല ചെയ്യുന്നത് സഭാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും; ഉത്പതിഷ്ണുക്കളായ എക്യുമെനിക്കൽസ് സാമൂഹ്യനീതിയും ക്രിസ്തുവിന്റെ ആഗോളപ്രസക്തിയും വർദ്ധിപ്പിക്കുന്നതിനുമാണ് ഊന്നൽ കൊടുക്കുന്നത്. രണ്ടാമത്തേതു ചെയ്യുമ്പോൾ സഭയിൽ ചേരാൻ ആളുകൾ ആഗ്രഹിക്കും. അപ്പോൾ മാത്രമാണ് സഭയിൽ ചേർക്കേണ്ടത്.

1968 മുതൽ അഖിലലോക സഭാകൗൺസിലിന്റെ സ്റ്റാഫ് അംഗമായിരുന്ന തെന്നിന്ത്യാ സഭയുടെ ഒരു വൈദികനും ഡബ്ലിയു.സി.സി. യുടെ ഡയലോഗു കമ്മീഷൻ ഡയറക്ടറും ആയിരുന്ന സ്റ്റാൻലി ജെ. സമർത്ഥാ ഡയലോഗിനെപ്പറ്റി എഴുതിയതും എഡിറ്റ് ചെയ്തതുമായ പല പുസ്തകങ്ങൾ ലഭിക്കുന്നതാണ്.

1975-ൽ നൈറോബിയിൽ നടന്ന അഖിലലോക സഭാകൗൺസിലിന്റെ 5-ാം അസംബ്ലിയിൽ ഡയലോഗിനെക്കുറിച്ച് ആദ്യം അവതരിപ്പിച്ച ഗ്രൂപ്പു ചർച്ചയുടെ റിപ്പോർട്ട് ആദ്യ പ്ലീനറി തിരുത്തി എഴുതുവാനായി തിരിച്ചയച്ചത് അടുത്ത പ്ലീനറി മീറ്റിംഗിൽ ചില തിരുത്തലോടുകൂടി അംഗീകരിക്കയുണ്ടായി. മുമ്പു സൂചിപ്പിച്ച ഇവാൻജലിക്കൽസ് ആണ് അതിനെ ഏറ്റവും അധികം നിരൂപണവിധേയമാക്കിയത്. 1977-ൽ ഡയലോഗും സമൂഹവും എന്ന വിഷയത്തെക്കുറിച്ച് തായ്‌ലൻഡിലെ ചിംഗ്മായിൽ ഒരു സുപ്രധാന സമ്മേളനം നടത്തുകയുണ്ടായി. 1979-ൽ ജമെക്കായിൽ നടന്ന ലോക കൗൺസിലിന്റെ കേന്ദ്ര കമ്മിറ്റി ചിംഗ്മായ് കൺസൾട്ടേഷന്റെ നിഗമനങ്ങൾ ഡയലോഗിനുള്ള പ്രമാണ രേഖയായും നിർദ്ദേശങ്ങളായും ഘടകസഭകൾക്ക് അയച്ചു. മറ്റു മതങ്ങളും ആശയങ്ങളുമായി സംഭാഷണം നടത്തുമ്പോൾ ഓർത്തിരിക്കേണ്ട ദൈവശാസ്ത്രപരമായ പല അടിസ്ഥാനങ്ങളും സംശയങ്ങളുടെ മറുപടികളും 'ഡയലോഗും സമൂഹവും' എന്ന പ്രമാണരേഖയിൽ അടങ്ങിയിരിക്കുന്നു. നൈറോബി ഉന്നയിച്ച പല ചോദ്യങ്ങളുടേയും ഉത്തരം ചിംഗ്മായ് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. എല്ലാ മതങ്ങളും ചേർന്ന് ഒരു സങ്കലനമതം ഉണ്ടാക്കുവാനാണോ ഡയലോഗ് വഴിതെളിക്കുന്നത് എന്ന ആശങ്കയ്ക്ക് 'അങ്ങനെ അല്ല' എന്നു തന്നെയാണ് ഉത്തരം. പൂർണ്ണ സത്യത്തിലേക്കുള്ള ഒരു മുന്നേറ്റത്തെ ലാഘവപ്പെടുത്തുകയല്ല ചെയ്യുന്നത്. സുവിശേഷ പ്രവർത്തനം നടത്തരുതെന്ന് ഡയലോഗ് തൽപരർ ആവശ്യപ്പെടുന്നില്ല. പ്രഖ്യാപനം, സാക്ഷ്യം, ദൗത്യം, സംഘട്ടനം, പരസ്പരധാരണ ഇവയ്ക്കെല്ലാം സംഭാഷണം സന്നദ്ധമായി എന്നു വരാം. സകല സത്യത്തിലേക്കും നയിക്കുന്ന പരിശുദ്ധാത്മാവ് ഡയലോഗിലും നയിക്കുമല്ലോ.

ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം സമൂഹത്തിനും, അയൽക്കാർക്കും സേവനമനുഷ്ഠിച്ചുകൊണ്ട് ജീവിക്കുന്നതുതന്നെ ഒരു ഡയലോഗ് ആണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ക്രിസ്തീയ ജീവിതം തന്നെ ഒരു സംഭാഷണം ആണ്. വരുംവരായ്ക ഭയപ്പെടാതെ ക്രിസ്തുവിന്റെ സ്നേഹം സ്വതന്ത്രമായും തുറന്ന മനസ്സോടും വെളിപ്പെടുത്തുകയാണ് ഡയലോഗ് ചെയ്യുന്നത്.

ലോകസമൂഹത്തിനിടയ്ക്ക് ക്രിസ്തീയ സമൂഹത്തിനുള്ള സ്ഥാനം ഇല്ലാതാകുകയല്ല കൂടുതൽ പ്രസ്പഷ്ടമാക്കുകയാണ് സംഭാഷണം ചെയ്യുന്നത്. ദൈവിക പങ്കിടീലിന്റെ പരസ്പരതയാണ് ഡയലോഗിൽ നടക്കുന്നത്. അതിൽ അറച്ചു നിൽക്കുന്നതെന്തിന്?

ഡയലോഗ് ജീവിത സാക്ഷ്യവുമായോ പ്രേഷിതവൃത്തിയുമായോ സംഘട്ടനം ഉണ്ടാക്കാതെ യേശുക്രിസ്തുവിനെ ഏറ്റുപറയാനുള്ള മറ്റൊരു മാർഗ്ഗമാണ്.

സുവിശേഷത്തിന്റെ ധന്യത വിവിധ സംസ്കാരങ്ങളിൽ പ്രദർശിപ്പിക്കുമ്പോൾ വരാവുന്ന ആപത്തുകളെ ഭയപ്പെടാതെ ക്രിസ്തീയ ദൂത് പ്രാദേശികമാക്കുകയാണ് ഡയലോഗ് ചെയ്യുന്നത്.

ദൈവശാസ്ത്രപരമായ ചോദ്യങ്ങൾ മറ്റു മതങ്ങളും ആശയങ്ങളും ചോദിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം ഗ്രഹിക്കുവാനും ക്രിസ്തീയ ദൈവശാസ്ത്രം അവയുടെ വെളിച്ചത്തിൽ പുനർചിന്തിക്കുവാനും അതേസമയം പ്രാദേശിക ജീവികളായ അയൽക്കാരുമായി സാഹോദര്യത്തോടുകൂടി ഒരുമിച്ചു ജീവിക്കുവാനും മതപരമായ വിഷയങ്ങളെക്കുറിച്ച് സംഭാഷണം ആവശ്യമാണ്.

മനുഷ്യാവതാര ഉദ്ദേശ്യം എല്ലാവരുടേയും രക്ഷയും ദൈവീകരണവും ആകുന്നുവല്ലോ. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിക്കുന്നു (2 പത്രോ. 3:9). ‘അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും ഇച്ഛിക്കുന്നു’ (1 തീമോ. 2:4). യേശുക്രിസ്തുവിന്റെ പരമയാഗം ആഗോളരക്ഷയ്ക്കാണെന്ന് വി. യോഹന്നാനും സാക്ഷിക്കുന്നു. ‘അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. നമ്മുടേതിനു മാത്രമല്ല സർവ്വലോകത്തിന്റെയും പാപത്തിനു തന്നെ’ (1 യോഹ. 2:2).

ഈ ആഗോള രക്ഷ ഡയലോഗിന്റെയും അന്തിമമായ ലാക്കാണ്. പാപത്തെ വെറുക്കുന്നുവെങ്കിലും പാപിയെ സ്നേഹിക്കുന്ന ദൈവത്തെപ്പോലെ ദൈവീകരിക്കപ്പെട്ടവരെല്ലാവരും തന്നെ എല്ലാവരേയും സ്നേഹിക്കുമെന്നതിന് രണ്ടുപക്ഷമില്ല. എല്ലാ ജാതിമതസ്ഥരെയും മതരഹിത

രെയും ദൈവസന്നിധിയിൽ നമ്മോടുകൂടി കൊണ്ടുചെല്ലണം. സഹോദരവർഗ്ഗങ്ങളുമായി അകന്നിരിക്കാൻ സ്നേഹം അനുവദിക്കുകയില്ലല്ലോ. എല്ലാവരോടുമുള്ള സംഭാഷണങ്ങളും സ്നേഹസംവാദങ്ങളും പങ്കിടീലും ഡയലോഗിന്റെ വിവിധ വശങ്ങളാണ്.

റെയ്മണ്ട് പണിക്കരുടെ ഡയലോഗിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പോലെ അഖിലലോക സഭാകൗൺസിലിന്റെ ഡയലോഗ് ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശങ്ങളും ചുരുക്കത്തിൽ താഴെ ചേർക്കുന്നു.

1. ക്രിസ്തീയ സമൂഹങ്ങൾ അവർക്ക് അടുത്തുള്ള വിവിധ വിശ്വാസങ്ങളിലും ആശയഗതികളിലുംപെട്ടവരോട് സംവാദത്തിൽ പ്രവേശിപ്പാനുള്ള മാർഗങ്ങളാരാഞ്ഞുകൊണ്ടിരിക്കണം.

2. ദൈവശാസ്ത്രപരമോ, രാഷ്ട്രീയ സാമൂഹികപരമോ ആയ ഏതു വിഷയത്തെക്കുറിച്ചാണ് സംവാദം നടത്തുവാൻ പോകുന്നതെന്ന് ഏകപക്ഷീയമായി തീരുമാനിക്കാതെ എല്ലാവരുമായി ആലോചിച്ചു തീരുമാനമെടുക്കണം.

3. സാംസ്കാരികമായും ആശയപരമായും മതപരമായുമുള്ള പ്രാദേശിക പശ്ചാത്തലം വിലയിരുത്തുവാൻ സംവാദത്തിൽ പങ്കെടുക്കുന്നവർക്ക് കടമയുണ്ട്.

4. അവരവരുടെ നിലപാട് സ്വതന്ത്രമായി നിർവ്വഹിക്കുവാൻ എല്ലാ പങ്കാളികൾക്കും സ്വാതന്ത്ര്യം കൊടുക്കയല്ലാതെ മറ്റുള്ളവരെക്കുറിച്ച് സംശയാസ്പദമായ മുൻവിധികളോടുകൂടി സംവാദത്തിനു തുനിയരുത്.

5. തുറന്ന മനസ്സോടുകൂടി പഠിക്കുകയെന്നതാണ് 'ഡയലോഗിന്റെ' മറ്റൊരു ഉദ്ദേശ്യം. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതി ഡയലോഗിനു പ്രാധാന്യം കൊടുക്കാത്തത് വളരെ നിർഭാഗ്യകരമാണെന്ന് സമ്മതിച്ചേ പറ്റൂ. ഉൾബോധനം ആണ് അദ്ധ്യാപകന്റെ പ്രഥമ കർത്തവ്യമെന്ന ചിന്ത മാറ്റി, സോക്രട്ടീസിന്റെ ചോദ്യോത്തര വിദ്യാഭ്യാസരീതി അവലംബിച്ചുള്ള സംവാദം (ഡയലോഗ്) പഠനത്തിന്റെ പ്രധാന മാധ്യമം ആകേണ്ടതാണ്.

6. ഒരുമിച്ചുള്ള ജീവിതവും പങ്കിടീലും സംവാദം കൂടുതൽ സജീവമാക്കുന്നു. അങ്ങനെ മതങ്ങളെ തമ്മിൽ അകറ്റുന്ന വേലികൾ താഴുകയും സാമൂഹ്യസത്യത്തിലേക്കുള്ളതായ നീക്കം ആഴമാകുകയും ചെയ്യണം.

7. സംവാദത്തിൽ പങ്കെടുക്കുന്നവർ അവരവരുടെ വിശ്വാസങ്ങൾ മുഴുവൻ ഉപേക്ഷിക്കാതെതന്നെ അവയെ കൂടുതൽ ആഴമാക്കുവാനും വേണ്ടയിടത്തു തിരുത്തുവാനും 'ഡയലോഗ്' വഴിയൊരുക്കുന്നതാണ്. സുവിശേഷത്തിന്റെ ധന്യത ഇതു മൂലം വർദ്ധിക്കുക തന്നെ ചെയ്യും.

8. സംസ്കാരവും വിശ്വാസവും തമ്മിൽ അഭേദ്യമായി ബന്ധമുള്ളതു കൊണ്ട് സംവാദത്തിലേർപ്പെട്ടിരിക്കുന്നവർക്ക് സാംസ്കാരിക ചക്രവാളം വിപുലമാക്കി അവർ സ്വന്ത പ്രാർത്ഥനകളും ബന്ധങ്ങളും കലകളും കൊത്തുപണികളും നാടകവും ഡാൻസും എല്ലാം തന്നെ വളർത്തുവാൻ കഴിയും.

9. സംസ്കാരത്തിൽ മാത്രമല്ല ആരാധനയിലും ധ്യാനത്തിലും പെരുന്നാളുകളിലും കർമ്മാനുഷ്ഠാനങ്ങളിലും എല്ലാംതന്നെ പങ്കാളിത്തം ഉണ്ടാകുവാൻ 'ഡയലോഗ്' സഹായിക്കും.

10. ഒരു സ്ഥലത്തെ പ്രത്യേക സഭകൾ തനിച്ചല്ല അവ എക്യുമെനിക്കലായി ഒരുമിച്ചു മറ്റു മതങ്ങളുമായും ആശയങ്ങളുമായും ഡയലോഗ് നടത്തുകയാണ് വേണ്ടത്.

11. അഖിലലോക സഭാകൗൺസിലിന്റേതായ പ്രത്യേക നേതൃത്വമോ സഹായങ്ങളോ സ്വീകരിച്ചുകൊണ്ടു പ്രാദേശികമായും ദേശീയമായും ഡയലോഗുകൾ ക്രമീകരിക്കാവുന്നതാണ്.

12. സമാധാനത്തിനും നീതിക്കും വേണ്ടി അന്തർദേശീയ ഡയലോഗുകൾ വിവിധ മതങ്ങൾ ചേർന്ന് ഇന്നു നടത്താറുണ്ട്. ഇവ ക്രമീകരിക്കേണ്ടത് ഇതിനുവേണ്ടിയുള്ള സംഘടനകൾ ആയിരിക്കണം. സഭാകൗൺസിൽ നിരീക്ഷകരെ അയയ്ക്കുക മാത്രമേയുള്ളു.

ആപത്തും നൂതന അവസരങ്ങളും ഡയലോഗിൽ അഭിമുഖീകരിക്കേണ്ടതായും വരും. സ്വന്ത വിശ്വാസം നഷ്ടപ്പെടുകയും പുതിയ വിശ്വാസം കിട്ടാതിരിക്കുകയുമാണ് ആപത്ത്. സകല സത്യത്തിലും നടത്തുന്ന പരിശുദ്ധാത്മാവിനു വിധേയമായി ത്രിത്വാധിഷ്ഠിത സ്നേഹം മുഖാന്തരം യേശുക്രിസ്തുവിനെ കേന്ദ്രമാക്കിയുള്ള ആഗോള സഭയുടെ വിവിധത്വത്തിലെ ഏകത്വീകരണമാണ് പുതിയ അവസരം. 'ഞാൻ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക' എന്ന വിളികേട്ട് അബ്രഹാം ഇറങ്ങിത്തിരിച്ചതുപോലെ സംഭാഷണത്തിലേക്കിറങ്ങുന്ന വിശ്വാസികൾക്ക് അൽഫായും ഒമേഗയുമായ ക്രിസ്തു ആരംഭത്തിലും അവസാനത്തിലും കൂട്ടായിരിക്കും. ഈ ധൈര്യം ഡയലോഗിലേക്ക് തള്ളിവിടാനുള്ള ഒരു മൂഢപ്രതീക്ഷയല്ല. 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു'വെന്ന് കൽപിച്ച യേശുക്രിസ്തുവിൽ വിശ്വാസത്താലുണ്ടാകുന്ന ഭയരഹിതമായ ധൈര്യമാണ്. 'ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്' എന്ന കർത്തൃവാഗ്ദാനം മുറുകെ പിടിക്കുന്നവർക്ക് ലോകാതിർത്തിയുടെ ഏതുഭാഗത്തും ഉള്ള ആശയക്കാരോടും മതക്കാരോടും സഹകരിപ്പാനും ഏറ്റുമുട്ടുവാനും അന്തിമസാഹോദര്യം നേടുവാനും ക്രിസ്തു തന്നെ ആത്യന്തിക സഹചാരിയായി സഹായിക്കും.

മിഷൻ ദൈവിക പങ്കിടീൽ ആണെന്നു സമർത്ഥിക്കുന്ന ഈ ഗ്രന്ഥത്തിൽ 'ഡയലോഗ്' എതിർക്കുവാൻ സാധ്യമല്ലല്ലോ. നമ്മുടെ കർത്താവ് ശമര്യാക്കാരിയുമായി നടത്തിയ സംഭാഷണം ഡയലോഗിന്റെ ഒരു മാതൃകയാണ്. അതിന്റെ അലകൾ ശമര്യാ പട്ടണത്തിൽ എത്തുകയും ദൈവിക പങ്കിടീൽ നടത്തുവാൻ ആ പട്ടണത്തിൽ പോയി രണ്ടു ദിവസം അവിടെ പാർക്കുകയും ചെയ്തു (യോഹ. 4:40). ശമര്യാക്കാരത്തിയോടു കിണറ്റുകരവച്ചു വെള്ളം ചോദിച്ചതല്ലാതെ വാങ്ങി പാനം ചെയ്തതായി അവിടെ വ്യക്തമല്ല. എന്നാൽ അവരോടു കൂടെ രണ്ടു ദിവസം പാർത്തപ്പോൾ അവരുമായി ഭക്ഷണം പങ്കിട്ടു കാണണം. ഈ പരസ്പരത സുവിശേഷ വേലയുടെ ഒരു അവിഭാജ്യ ഘടകമാണ്.

'വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കണം' (ഗലാ. 6:6) എന്ന് വി. പൗലോസ് പഠിപ്പിക്കുന്നത് ഡയലോഗിന്റെ മറ്റൊരു വശമാണ്. സുവിശേഷവേല ഒരിക്കലും ഒരു ഭാഗത്തോട്ടു മാത്രം ഗതാഗതം നടക്കുന്ന ഏക പാതയല്ല. ജാതിമത ചിന്തകൾക്കതീതമായി പരസ്പരം സ്വീകരിപ്പാനും ദാനം ചെയ്വാനും നമുക്ക് കടപ്പാടുണ്ട്. ഒരു കോൺഫ്രൻസ് ഹാളിൽ കുറേനേരം ഒരുമിച്ചിരുന്ന് ആശയവിനിമയം നടത്തിയതുകൊണ്ട് 'ഡയലോഗ്' പൂർണമാകയില്ല. ലോകമാസകലം ഒരു ഗ്രാമമായി പരിഗണിക്കാവുന്ന ആധുനിക കാലത്ത് അന്തർദേശീയ കോർപ്പറേഷനുകൾ നടത്തുന്ന കച്ചവടങ്ങൾ ചൂഷണോപാധിയാണ്. ആശയങ്ങളും വിഭവങ്ങളും ആദ്ധ്യാത്മികതയും ലോകത്തിനു മുഴുവൻ പങ്കിടപ്പെടേണ്ടതാണ്. ബലവും മാനവും ചുരുക്കം ചിലർക്കും, ബാക്കിയുള്ള ഭൂരിപക്ഷത്തിനു ബലഹീനതയും അപമാനവും എന്ന നില മാറ്റുന്ന പങ്കിടീലിലേക്കു സംവാദം നയിക്കണം. 'ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവയ്ക്കു നാം അധികം മാനം അണിയിക്കുന്നു' (1 കൊരി. 12:23). ഇതേ തത്വമനുസരിച്ച് പങ്കിടീൽ ദൈവികമായി നടത്തുമ്പോൾ ഡയലോഗിൽ നിന്നോ പങ്കിടീലിൽ നിന്നോ ആരെയും മാറ്റിനിർത്തുവാൻ സാദ്ധ്യമല്ല.

'ദൈവമേ നിനക്കില്ലാത്തതും ഞങ്ങൾക്കുള്ളതുമായതിൽനിന്ന് നീ എടുത്ത് ഞങ്ങൾക്കില്ലാത്തതും നിനക്കുള്ളതുമായതിൽ നിന്നും ഞങ്ങൾക്കു തരേണമേ' എന്ന പ്രാർത്ഥനയുടെ അർത്ഥം നമ്മുടെ കുറ്റവും കുറവും ബലഹീനതയും മാനുഷികതയും ദൈവം എടുത്തു അവന്റേതായ വിശുദ്ധിയും പൂർണ്ണതയും ബലവും ദൈവികതയും നമുക്കു തരേണമേ എന്നാണ്. ഇതിനായിട്ടാണ് ദൈവം മനുഷ്യനായിത്തീർന്നത്. ആ ഡയലോഗിന്റെ ഉദ്ദേശ്യമായ ദൈവീകരണമായിരിക്കണം എല്ലാ ഡയലോഗിന്റെയും ആത്യന്തിക ലക്ഷ്യം.

## പാഠം 3

# പ്രേഷിത സമീപനം ഹൈന്ദവ സഹോദരങ്ങളോട്

മാർത്തോമ്മാ ശ്ലീഹാ മുതൽ ഇന്നുവരെയുള്ള സുവിശേഷ പ്രവർത്തകർ രണ്ടായിരത്തോളം വർഷം ഹൈന്ദവ സഹോദരങ്ങളുടെ മദ്ധ്യത്തിൽ സുവിശേഷ പ്രവർത്തനം നടത്തിയ ഭാരതത്തിൽ 2.4% മാത്രമേ ക്രിസ്ത്യാനികൾ ഉള്ളു എന്നത് ലോകത്ത് മറ്റെങ്ങുമില്ലാത്ത ഒരു പ്രതിഭാസമാണ്. മാമോദീസാ മുങ്ങാത്ത ക്രിസ്തുഭക്തന്മാർ ഭാരതത്തിൽ ധാരാളം ഉണ്ട് എന്നതും, മദർ തേരേസയെപ്പോലുള്ള ക്രിസ്ത്യാനികളുടെ സേവനം ക്രിസ്തേതരർ ബഹുമാനിക്കുന്നു എന്നതും, ഭാരതത്തിലെ കുഷ്ഠരോഗാശുപത്രികളിൽ 85%ത്തോളം ക്രിസ്ത്യാനികൾ ആരംഭിച്ചിട്ടുള്ളതാകുന്നു എന്നും, വിദ്യാഭ്യാസരംഗത്തും ആശുപത്രികളുടെ കാര്യത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും ഭൂരിപക്ഷ മതങ്ങൾക്കവകാശപ്പെടാവുന്നതിനേക്കാൾ സേവന പ്രവർത്തന ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും ശരിയായിരിക്കാം. എന്നാൽ ക്രിസ്ത്യാനികളുടെ മിഷനറി പ്രവർത്തനങ്ങളെക്കുറിച്ച് ഹൈന്ദവ സുഹൃത്തുക്കൾക്ക് വളരെയേറെ പരാതികൾ ഉണ്ട്. ഭൗതികനേട്ടങ്ങൾ ദാനമായി കൊടുത്ത് താഴ്ന്ന ജാതിക്കാരെ മതം മാറ്റുന്നു എന്നതും, സ്നേഹപ്രവൃത്തികൾ പോലും എട്ടുകാലിയുടെ വലപോലെ മതം മാറ്റുവാൻ സ്വാർത്ഥതയോടുകൂടെ നടത്തുകയാണെന്നും, സഭയ്ക്കുള്ളിൽ തന്നെ ജാതിവ്യത്യാസം നിലനിൽക്കുന്നു എന്നും മറ്റുമുള്ള പരാതികൾ ഇന്നും നിലനിൽക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് പാശ്ചാത്യ സംസ്കാരം, ഭാഷ, വിദേശധന മേധാവിത്വം മുതലായവ ഉപയോഗിച്ച് ഒരു പാശ്ചാത്യ മതം ഇവിടെ ഇറക്കുമതി ചെയ്തതാണ് ക്രിസ്തുമതം എന്ന് വിശ്വസിക്കുന്ന ഹൈന്ദവ സ്നേഹിതരുമുണ്ട്. ക്രിസ്തു ജനിച്ചത് ഏഷ്യയിൽ ആണെന്നും ക്രിസ്തുമതം പാശ്ചാത്യമല്ല എന്നുമുള്ള പരമാർത്ഥം ആർ.എസ്.എസ്. തുടങ്ങിയ ഹൈന്ദവ സംഘടനകൾ വിസ്മരിക്കുന്നു എങ്കിൽ അതിന്റെ കാരണം കണ്ടുപിടിക്കണം.

എല്ലാ നന്മയുടെയും ഉറവ ഹിന്ദുമതവും ബുദ്ധമതവും ആണെന്നു തെളിയിക്കുവാൻ യേശുക്രിസ്തു 12 മുതൽ 30 വയസ്സു വരെ കാശ്മീരിൽ ആയിരുന്നുവെന്നും യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണം ഹൈന്ദവ സന്യാസിമാരിൽ നിന്നും, കാശ്മീരിലെ ബുദ്ധമത ലാമാമാരിൽ നിന്നും പഠിച്ചതാണെന്നും യഹൂദവിഭാഗമായ എസ്സീൻ വിശ്വാസികൾ പോലും ബുദ്ധമത പ്രേരണയാൽ ക്രിസ്തുവിനെ സ്വാധീനിച്ചു എന്നും അനേകം കെട്ടുകഥകൾ ഇന്ത്യയിൽ ഇന്നും ഹിന്ദുമത മാസികകളിൽ മാത്രമല്ല മതേതര പ്രസിദ്ധീകരണങ്ങളിൽ പോലും സ്ഥാനം പിടിച്ചുകൊണ്ടിരിക്കുന്നു.

യഥാർത്ഥത്തിൽ ഹിന്ദുമതത്തിന്റെ പ്രേരണ ഹിന്ദി ഭാഷയിലും, സംസ്കൃതത്തിലും വ്യാപിച്ചുകൊണ്ടിരിക്കുന്നതിനു തുല്യമായ ക്രിസ്തീയ സാഹിത്യം സംസ്കൃതത്തിലോ, ഹിന്ദിയിലോ മറ്റു പ്രധാന ഇന്ത്യൻ ഭാഷയിലോ ഇല്ല എന്നുള്ളതാണ് ഈ തെറ്റുധാരണയ്ക്ക് ഒരു കാരണം. മറ്റൊരു പ്രധാന കാരണം ക്രിസ്തീയ സംസ്കാരം മദ്യപാനവും ലൈംഗിക അരാജകത്വവും പാശ്ചാത്യ ദുഷ്പ്രേരണകളും ഉൾക്കൊള്ളുന്നു എന്ന് കാണികൾക്ക് തെറ്റായ ധാരണ നൽകുന്ന സിനിമകളാണ് ഇറക്കുമതി ചെയ്യുന്നത്. കൂടാതെ, ഭൂരിപക്ഷ മിഷനറിമാരും ക്രിസ്തു മതത്തിലേക്ക് ചേർത്തത് ഹരിജനങ്ങൾ, ഗിരിജനങ്ങൾ തുടങ്ങിയ താണ വർഗക്കാരെ ആയിരുന്നതുകൊണ്ട് ക്രിസ്തുമതത്തെ സവർണ ഹിന്ദുക്കൾ പൊതുവായി തീണ്ടലും തൊടീലും ഉള്ള ഒരു മതമായി അകറ്റി നിർത്തുവാൻ ഇടയായി. അത് അവരുടെ കുറ്റമാണെന്നും പറയുവാൻ സാദ്ധ്യമല്ല. താത്ത്വികമായി എല്ലാ മതങ്ങളുടെയും സത്യം ഉൾക്കൊള്ളുന്നതാണ് ഹിന്ദുമതമെന്നും അദ്വൈതദർശനം മറ്റെല്ലാ തത്വജ്ഞാനങ്ങളേക്കാളും ഉദാത്തമാണെന്നും വിശ്വസിക്കുന്ന ബുദ്ധിജീവികളായ ഹൈന്ദവ സ്നേഹിതന്മാർക്ക് ക്രിസ്തുമതത്തിന്റെ അവകാശവാദങ്ങൾ പലപ്പോഴും വിലപ്പെട്ടതായി തോന്നാറില്ല. ഇതിലൊക്കെയും പ്രധാനമായ മറ്റൊരു യാഥാർത്ഥ്യം ക്രിസ്ത്യാനികൾ പ്രസംഗിക്കുന്ന ക്രിസ്തുവും അവരുടെ ജീവിതവുമായുള്ള വലിയ അന്തരമാണ്. യേശുക്രിസ്തുവിനെ ആദരിക്കാത്ത യാതൊരു ഹൈന്ദവനും ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ ക്രിസ്ത്യാനികളിൽ ജീവിക്കുന്ന ക്രിസ്തുവിനെ അവർ കാണുന്നില്ല. ഡോ. രാധാകൃഷ്ണൻ പോലും പറഞ്ഞത് 'അസാധാരണമായ അവകാശങ്ങൾ പുറപ്പെടുവിക്കുന്ന സാധാരണക്കാരായ മനുഷ്യരാണ് ക്രിസ്ത്യാനികൾ' എന്നാണ്.

മുന്നദ്ധ്യായത്തിൽ ഡയലോഗിനെപ്പറ്റി പ്രതിപാദിച്ചുവല്ലോ. ഇപ്രകാരമുള്ള സംഭാഷണത്തിൽ സംബന്ധിക്കുവാൻ ക്ഷണം കിട്ടിയ ഒരു ഹൈന്ദവ സ്നേഹിതൻ അയച്ച മറുപടി താഴെ ഉദ്ധരിക്കുന്നു. 'ഞാൻ ഡയലോഗിന് എതിരാണെന്നു ചിന്തിക്കരുത്. മനുഷ്യജീവിതത്തിലും മതപരമായ ജീവിതത്തിലും ഡയലോഗ് അത്യന്താപേക്ഷിതമാണെന്ന് എനിക്ക് പൂർണബോധ്യമുണ്ട്. എന്നാൽ ആധുനിക കാലത്തെ ക്രിസ്ത്യാനികൾ ഞങ്ങളുമായി ഡയലോഗിന് പ്രവേശിക്കുവാൻ കാണിക്കുന്ന താൽപര്യം എനിക്ക് മനഃപ്രയാസമാണ് ഉണ്ടാക്കുന്നത്. വിശ്വാസങ്ങൾ തമ്മിലുള്ള ഡയലോഗ് എന്നു നിങ്ങൾ ഇപ്പോൾ പറയുന്ന കാര്യം നിങ്ങളുടെ ക്രിസ്തുമതത്തെപ്പറ്റിയുള്ള ധാരണയിലും പ്രവർത്തനത്തിലുമുള്ള ഒരു നൂതന അദ്ധ്യായമാണെന്നുള്ളത് നിങ്ങൾ മറക്കുകയാണോ? ഇതുവരെ ഞങ്ങളുമായുള്ള നിങ്ങളുടെ സ്നേഹബന്ധം സാമൂഹ്യതല

ത്തിലും പ്രസംഗവേദിയിലും കൂടി ഞങ്ങളെ നിങ്ങളുടെ ധർമ്മത്തിലേക്ക് മതം മാറ്റുവാനുള്ള ശ്രമമായിരുന്നുവല്ലോ. വിഷയങ്ങളുടെ ഗുരുലഘുത്വമനുസരിച്ച് ഇതഃപര്യന്തം ഞങ്ങളുമായി സന്ധിയില്ലാ സമരമല്ലേ നിങ്ങൾ നടത്തിയിട്ടുള്ളത്? പഴയ ക്രിസ്ത്യാനികളുടെയും പുതു ക്രിസ്ത്യാനികളുടെയും പ്രസംഗങ്ങൾ മുഖാന്തരവും ലഘുലേഖകൾ, മാസികകൾ മുഖാന്തരവും നിങ്ങൾക്ക് ഞങ്ങളോടുള്ള മനസ്ഥിതി ഞങ്ങൾ നിഷ്പ്രയാസം കണ്ടുകൊണ്ടാണിരിക്കുന്നത്. ഞങ്ങൾ എന്താണെന്നോ എന്തു വിശ്വസിക്കുന്നു എന്നോ ആരാധിക്കുന്നു എന്നോ അറിയാതെ ഞങ്ങളെ ആക്രമിച്ചുകൊണ്ടിരുന്നു എന്നുള്ളതാണ് കഷ്ടാൽ കഷ്ടതരം.'

യഥാർത്ഥ ഡയലോഗിനുള്ള വലിയ തടസ്സങ്ങൾ ഒരു ഭാഗത്ത് ഉന്നത ഭാവവും മറുഭാഗത്ത് അവർ ഇല്ലാതെപോകുമെന്നുള്ള ഭയവുമാണ്. ക്രിസ്ത്യാനികൾക്ക് തെറ്റ് എന്ന് തോന്നാവുന്ന ഈ ഉദ്ധരണി സ്വയം വിമർശനത്തിനു വളരെയധികം സഹായിക്കുന്നതാണ്. ഹൈന്ദവ സഹോദരങ്ങളുടെ ഇടയിലുള്ള സുവിശേഷവേല ഇപ്രകാരമുള്ള നിരൂപണത്തിനു കഴിഞ്ഞ കാലത്തു ഇടകൊടുത്തതിൽ ക്രിസ്ത്യാനികൾ ദുഃഖിക്കണം.

'യോഹന്നാനെ കണക്കു പഠിപ്പിക്കണമെങ്കിൽ യോഹന്നാനെയും കണക്കും പഠിക്കണം.' ഹൈന്ദവ സഹോദരങ്ങളെ മതം മാറ്റുക എന്നുള്ളതിൽ കവിഞ്ഞ ഒരു ആദർശം ക്രിസ്ത്യാനികൾക്കുണ്ടായിരിക്കണം. യേശുക്രിസ്തു വന്നത് മറ്റു മതങ്ങളെപ്പോലെ ഒരു മതം സ്ഥാപിക്കാനായിരുന്നില്ല. പിന്നെയോ, ലോകം മുഴുവനും ദൈവരാജ്യം വരുത്തുവാനും ഭൂസീമവാസികളെ ദൈവീകരിപ്പാനും സ്വർഗത്തേയും ഭൂമിയേയും തമ്മിൽ ഒന്നിക്കാനുമാണ്. ഒരു മെഴുകുതിരി കത്തിക്കേണ്ടതും ഉരുക്കേണ്ടതും വെളിച്ചം കൊടുക്കുവാൻ ആവശ്യമായിരിക്കുന്നതുപോലെ എല്ലാവർക്കും വെളിച്ചം കൊടുക്കുവാൻ സഭ ആവശ്യമാണ്. തീ കത്തിയെരിഞ്ഞ് നീളം കുറയുമ്പോൾ അതിന്റെ ദൗത്യം നിർവഹിക്കുന്നു. അത് അതായിതന്നെയിരിക്കുമ്പോൾ യാതൊരു പ്രയോജനവും ചെയ്യുന്നില്ല. കർത്താവിന്റെ അന്ത്യശാസനത്തിൽ സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളുവീൻ എന്നു പറഞ്ഞതും ആദ്യ സഭ രക്ഷിക്കപ്പെട്ടവരെ ദിനംപ്രതി സഭയിൽ ചേർത്തുകൊണ്ടിരിക്കുന്നതും ഇപ്രകാരം പ്രകാശം കൊടുക്കുവാനാണ്. മെഴുകുതിരി കൂടുതൽ എരിഞ്ഞുതീരുമ്പോൾ മറുവശത്ത് കൂടുതൽ മെഴുകു ചേർത്ത് വളർത്താതിരുന്നാൽ തിരി എരിഞ്ഞു പോകുകയും വെളിച്ചം കൊടുക്കുവാനുള്ള ഉപാധി തീർന്നുപോകുകയും ചെയ്യുന്നതിനാൽ അന്ധകാരം എല്ലായിടത്തും വ്യാപിക്കും. 'ഞാൻ ലോകത്തിന്റെ വെളിച്ചം' എന്നു പറഞ്ഞ മ്ശീഹായാണ് ജ്വലിക്കുന്ന തിരി. 'നിങ്ങൾ ലോകത്തിന്റെ വെളിച്ചം' എന്നു പറഞ്ഞത് സഭയായ

മെഴുകിനെ സൂചിപ്പിക്കുന്നു. സഭയിൽ ക്രിസ്തു കേന്ദ്രമായിരിക്കുന്ന കാലം മാത്രമേ സഭാംഗങ്ങൾക്ക് വെളിച്ചം കൊടുക്കുവാൻ സാധിക്കൂ. മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ ഏകജാതന്റെ വെളിച്ചം എല്ലാ ജാതിക്കും കൊടുത്തുകൊണ്ടിരിക്കുമ്പോൾ അതിന്റെ പ്രഭാപൂരത്താൽ ആകൃഷ്ടരായി സ്വയം ഉരുകി ക്രിസ്തുവിനോടു ചുറ്റിപ്പറ്റുന്ന ജനതതി ലോകാവസാനം വരെ ഉണ്ടായിരിക്കും. എന്നാൽ 'ഞാനോ കുറയേണം അവനോ വളരേണം' എന്ന സ്വയ പരിത്യാഗത്തിന്റെ ആദർശമുള്ളവർക്കു മാത്രമേ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ സ്ഥാനമുള്ളു. ദൃശ്യ തിരി കൂടാതെ അമ്ളജനകം തുടങ്ങിയ മറ്റു പല ഘടകങ്ങളും വെളിച്ചം കൊടുക്കുവാൻ തിരിയെ സഹായിക്കുന്നതുപോലെ പരിശുദ്ധാത്മാവു നയിക്കുന്ന ദൃശ്യസഭയും അദൃശ്യസഭയും ചേർന്നാണ് ക്രിസ്തുവിന്റെ വെളിച്ചം ലോകത്തിനു കൊടുക്കുന്നത്. ഒരു മെഴുകുതിരിയിൽ പാറക്ക ഷണം ഉണ്ടെങ്കിൽ അതു വെളിച്ചം നൽകാൻ തടസ്സം ഉണ്ടാക്കും. ദൃശ്യ സഭയിൽ ഇപ്രകാരമുള്ള പാപികളായ പാറക്കഷണങ്ങൾ ഒട്ടുവളരെയു ള്ളതുകൊണ്ട് തിരിയുടെ വെളിച്ചം കുറയുന്നതായും പൊട്ടലും ചീറ്റലു കളും കേൾക്കുന്നതായും വെളിച്ചം തേടിവരുന്നവർ കാണുന്നു. ഇതു മാറ്റി സഭ സഭയായിത്തീരുമ്പോൾ വെളിച്ചമാകുന്ന പ്രേഷിത പ്രവർ ത്തനം നിർവിഘ്നം നടക്കുകയും ആ വെളിച്ചം അനേകർക്ക് മാർഗദർശ കമായി തീരുകയും അജ്ഞനാന്ധകാരവും പാപാന്ധകാരവും, സ്വാർത്ഥാ ന്ധകാരവും കുറയുകയും ചെയ്യും. ആ വെളിച്ചത്തിന്റെ ശിഷ്യത്വത്തിൽ ജീവിപ്പാനാണ് അന്ധകാരത്തിൽ അടിമകളായിരിക്കുന്ന ഏവരുടേയും ഉൽക്കടമായ വാഞ്ഛയും പ്രാർത്ഥനയും. ഡോ. രാധാകൃഷ്ണന്റെ വിദ്യാർത്ഥിയായി ഹിന്ദുതത്ത്വജ്ഞാനത്തിൽ എം. എ. പാസ്സായപ്പോൾ സുധാകരൻ ക്രിസ്ത്യാനിയായി. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഉപ നിഷത്തുകളിലെയും വേദങ്ങളിലെയും ഭഗവദ്ഗീതയിലേയും ദൈവം തന്നെയാണ് യേശുക്രിസ്തു. ഹിന്ദുമതത്തിന്റെ സത്ത് പുരാണ കഥക ളിലും മറ്റു ബഹുദൈവ വിശ്വാസങ്ങളിലും അല്ല ഏക ദൈവത്തിൽ തന്നെയാണ്. പുതിയനിയമത്തിൽ യേശുക്രിസ്തു കർത്താവും ദൈവ വുമായിരിക്കുന്നതുപോലെ ഗീതയിൽ ശ്രീകൃഷ്ണൻ കർത്താവും രക്ഷി താവും ദൈവവുമാണ്. എന്നാൽ പുതിയനിയമവും ചരിത്രനിരൂപണ വിധേയമാക്കിയിരിക്കുന്നതുപോലെ ഗീത നിരൂപണ വിധേയമാക്കിയാൽ 99% ചരിത്രപരമല്ലയെന്നു തെളിയും. ചരിത്രത്തിൽ എല്ലാം ആപേക്ഷിക മാണെങ്കിലും ശ്രീകൃഷ്ണൻ ആപേക്ഷകനല്ല. പതിനാലു ലോകങ്ങളു ടെയും ദൈവമാണ്. ശ്രീകൃഷ്ണന്റെ ചരിത്രപരമായ രൂപമാണ് യേശു. ആ ക്രിസ്തുവിനെ ഹിന്ദുമതത്തിനു കൊടുക്കുകയല്ലാതെ ഹിന്ദുമതത്തെ ക്രിസ്തുമതത്തിലേക്കു മതം മാറ്റേണ്ട ആവശ്യമില്ല എന്ന ചിന്താഗതി യാണദ്ദേഹത്തിന്റേത്. അൽക്രാസ്സ് എന്ന എഡിറ്റർ പോൾ സുധാകര

നോട് ഈ വിഷയം സംബന്ധിച്ചു സംസാരിച്ചപ്പോൾ സുധാകരൻ ഇപ്രകാരം മറുപടി പറഞ്ഞു: 'ഇങ്ങനെ സംഭവിച്ചാൽ ഹിന്ദുമതം ക്രിസ്തുമതത്തിലേക്ക് പരിവർത്തനം പ്രാപിക്കും.' ഇതു തന്റെ പ്രത്യാശ മാത്രമല്ല പ്രത്യാശയ്ക്ക് ഉപരിയായി തന്റെ ബോധ്യവുമാണെന്ന് അദ്ദേഹം മറുപടി പറഞ്ഞു.

ഭാരത സുവിശേഷവൽക്കരണത്തിന് നൂതന മാർഗ്ഗങ്ങൾ മാത്രമല്ല നൂതന ദൈവശാസ്ത്രം തന്നെ വേണ്ടിയിരിക്കുന്നു. ക്രിസ്തുശാസ്ത്രം വളർന്നുകൊണ്ടേയിരിക്കുന്ന ഒന്നാണ്. അതിന്റെ ഒരു വശമാണ് വചനമെന്ന നിലയിൽ നന്മയും എല്ലായിടത്തും പ്രവർത്തിക്കുന്ന ദൈവവും വചനത്തിന്റെ മൂർത്തീകരണമായി ക്രിസ്തുവിൽ പ്രവർത്തിച്ച ദൈവവും ഒന്നാണെന്ന് മുൻ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചത്. ഇത് ഭാരതത്തിൽ സ്വീകാര്യമായി ഹൈന്ദവ തത്വചിന്തകന്മാർക്ക് തോന്നണമെങ്കിൽ ഹിന്ദുമതത്തിലുള്ള നന്മയും ആഗോള പ്രസക്തിയുള്ളതാണെന്ന് നാം സമ്മതിക്കണം. എന്നു മാത്രമല്ല, സത്യവും, നന്മയും എവിടെയെല്ലാമുണ്ടോ അവയെല്ലാം ഒരേ ദൈവത്തിൽ നിന്നു വരുന്ന പ്രകാശമാണ്. യേശുക്രിസ്തുവിന്റെ പ്രത്യേകത മുൻ സൂചിപ്പിച്ചതുപോലെ എല്ലാ നന്മയുടെയും വിശിഷ്യ സ്വർഗ്ഗീയ സ്നേഹത്തിന്റെയും മാറ്റമില്ലാത്ത അളവുകോൽ എന്ന നിലയിലാണ്. ഈ അളവുകോൽ എല്ലാ മതങ്ങൾക്കും മതരഹിതർക്കും സഭയ്ക്ക് എന്നതുപോലെ ഒഴിച്ചുകൂടാത്ത ആവശ്യമാണ്. ഹിന്ദുമതത്തിലും പല വഴികൾ ഉണ്ടെന്നു പറയുന്നുണ്ടെങ്കിലും 'പരബ്രഹ്മം' ഏകം ഏവം അദ്വതീയം (രണ്ടാമനില്ലാത്ത ഒന്നാമൻ) ആണെന്നു പഠിപ്പിക്കുന്നു. ദൈവത്തിൽക്കൂടി മാത്രമേ ദൈവത്തെ അറിയുവാനും ദൈവത്തിൽ എത്തുവാനും സാധിക്കൂ. ആ ദൈവത്തിന്റെ വിവധങ്ങളായ വെളിപാടുകൾ ഹിന്ദുമത ഗുരുക്കന്മാരിൽക്കൂടിയും ഉപനിഷത്തുകളിൽക്കൂടിയും വേദങ്ങളിൽക്കൂടിയും ഗീതയിൽക്കൂടിയും ലോകത്തിൽ ലഭിച്ചിട്ടുണ്ടെന്ന് നാം വിശ്വസിക്കണം. അതേ സമയത്തു ദൈവം മനുഷ്യനായ ഏകൻ മാത്രമാണെന്ന് ചരിത്രത്തിലുള്ള 'ഏകം ഏവം അദ്വതീയം' എന്നു പറയുവാനുള്ള ധൈര്യം നമുക്കുണ്ടായിരിക്കണം. ഈ രണ്ടാം വശം ശ്രോതാക്കൾക്ക് തടങ്ങൽ പാറയായി തോന്നാമെങ്കിലും അടിസ്ഥാന തത്വം പരിത്യജിച്ചു കഴിഞ്ഞാൽ ക്രിസ്തുമതത്തെപ്പോലെ മറ്റു മതങ്ങൾക്കും ചരിത്രത്തിൽ പൂർണമായി ആശ്രയിക്കാവുന്നതൊന്നുമില്ല. ഏക സമ്പൂർണ വെളിപാടായ യേശുവിനെ നാം ആരും തന്നെ സമ്പൂർണമായി മനസ്സിലാക്കുന്നില്ലായെങ്കിലും സകല സത്യത്തിലേക്കും നയിക്കുന്ന പരിശുദ്ധാത്മാവ് ഉള്ളതുകൊണ്ട് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നത് സമ്പൂർണതയുടെ ആത്യന്തിക ഉള്ളടക്കമായി ഏവർക്കും പ്രയോജകീഭവിക്കും.

സത്, ചിത്, ആനന്ദം (സച്ചിദാനന്ദം) ആളത്തത്തിലതീതമാണെന്നും അദ്വൈത തത്ത്വസംഹിത പഠിപ്പിക്കുന്നു. മറുവശത്ത് ബ്രഹ്മവിഷ്ണു മഹേശ്വരന്മാർ ആളത്തമാണെന്ന് പോപ്പുലർ ഹിന്ദുമതം പഠിപ്പിക്കുന്നു. അതുകൊണ്ടാണല്ലോ ശ്രീശങ്കരാചാര്യരുടെ കേവലാദ്വൈതത്തിനെതിരായി രാമാനുജൻ വിശിഷ്ട അദ്വൈതം പഠിപ്പിച്ചത്. ഈ രണ്ടു അർദ്ധസത്യങ്ങളും ചേർന്നതാണ് ക്രിസ്തുമതം പഠിപ്പിക്കുന്ന ത്രിത്വ വിശ്വാസം. ദൈവം സ്നേഹമാകുന്നു എന്ന വാചകം ദൈവത്തിന് അതിർവെക്കുന്നു എന്ന കേവലാദ്വൈത ചിന്തയോട് രാമാനുജാചാര്യനോ ക്രിസ്തുമതമോ യോജിക്കുന്നില്ല. മറുവശത്ത് ദൈവം ആളത്തമാണെന്ന് ത്രിത്വോപദേശം പഠിപ്പിക്കുമ്പോൾ മാനുഷികാളത്തത്തിന്റെ സീമയ്ക്കതീതമാണെന്ന് തന്നെയാണ് പഠിപ്പിക്കുന്നത്. ഏക സാരാംശം (ഊസിയ) എന്ന അദ്വൈതചിന്തയും മൂന്ന് ആളത്തം (ഹൈപ്പോസ്റ്റാസിസ്) എന്ന ബഹുത്വചിന്തയും സംയുക്തമാകുംവണ്ണം സമ്മേളിച്ചിരിക്കുന്നത് ത്രിത്വചിന്തയിലാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ ഹിന്ദുതത്വജ്ഞാനവും ചിന്തയും ഹൈന്ദവ ദൈവശാസ്ത്ര ചിന്തയും ഉൾക്കൊള്ളുന്ന ത്രിത്വചിന്തയാണെന്നു പറയുന്നതിൽ ആരും എതിർക്കേണ്ട കാര്യമില്ല. ദൈവം വെറും ഏകം (ഏകൻ) എന്നു പറഞ്ഞാൽ നിത്യസ്നേഹ പ്രവർത്തനം ആകുന്നില്ല എന്നൊരു കുറവുണ്ട്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും സ്നേഹം പങ്കിടുവാനും നിത്യ ആളത്വമില്ലാത്ത ഏകത്വത്തിനു സാധ്യമല്ലല്ലോ. മറുവശത്തു ദൈവസ്നേഹത്തിന്റെ പാരമ്യതയിൽ മൂന്നു മൂന്നായി നിൽക്കുമ്പോൾ തന്നെ ഒന്നായി നിൽക്കുന്നു. സൃഷ്ടിയായ മാനുഷിക കുടുംബത്തിൽ പോലും പിതാവ്, മാതാവ്, പൈതൽ എന്നീ മൂന്നു ഘടകങ്ങളെ കുടുംബം ഒന്നിപ്പിക്കുന്നുണ്ടല്ലോ. ഈ ഉപമ കൊണ്ട് ത്രിത്വത്തിന്റെ ആഴം പൂർണമായി മനസ്സിലാക്കണമെന്നല്ല, പ്രത്യുത ഒറ്റപ്പൂരാടമായ ഒരു നിർഗുണ ബ്രഹ്മത്തേക്കാൾ സ്നേഹത്തിന്റെ നിത്യസാദ്ധ്യത ത്രിത്വത്തിലാണെന്നു ഗ്രഹിക്കുവാൻ ഇത് സഹായിക്കും. ദൈവം സച്ചിദാനന്ദ സാഗരവും അതേ സമയം പിതാവും, പുത്രനും, പരിശുദ്ധാത്മാവുമാകുന്ന ത്രിയേക ദൈവവുമത്രേ. ഇതനുസരിച്ച് ദൈവത്തിൽ ഏകത്വമില്ല എന്ന കുറവില്ല. ബഹുത്വമില്ലെന്ന കുറവില്ല. സ്നേഹപ്രവർത്തനം ആത്യന്തികം അല്ല എന്ന കുറവില്ല. വിവിധത്വവും ഏകത്വവും നിത്യമായി ദൈവത്തിൽ നിലനിൽക്കുന്നു എന്ന ആത്യന്തിക സത്യമുണ്ട്. ഈ വിഷയത്തെക്കുറിച്ചു ഹൈന്ദവ ബുദ്ധിജീവികളുമായി സംഭാഷണം നടത്താമെങ്കിൽ ഹിന്ദുമതത്തിന്റെ തത്ത്വശാസ്ത്രത്തിൽ എന്നപോലെ തന്നെ ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെയും ധന്യത വർദ്ധിക്കുകയും ക്രിസ്തുവിന്റെ കേന്ദ്രസ്ഥാനം ഇവ യോജിപ്പിക്കുന്ന ഘടകമായി തീരുകയും ചെയ്യും.

ഹൈന്ദവ അവതാര ചിന്തയും ക്രിസ്തീയ മനുഷ്യാവതാര ചിന്തയും തമ്മിലുള്ള വലിയ തടസ്സമായി നിൽക്കുന്നത് ഭഗവത്ഗീത നാലാമദ്ധ്യായത്തിൽ അവതാരത്തെക്കുറിച്ച് ശ്രീകൃഷ്ണൻ പറയുന്ന ഭാഗമാണ്.

'യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭാരതാ
അഭ്യുത്ഥാന മധർമ്മസ്യ
തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം
വിനാശായച ദുഷ്കൃത്യം
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ.'

ഇതനുസരിച്ച് അനേക അവതാരങ്ങൾ ഉണ്ടായെങ്കിലും ഡോക്ടർ രാധാകൃഷ്ണന്റെയും മറ്റും അഭിപ്രായത്തിൽ ഈ അവതാരങ്ങൾ ഒന്നും തന്നെ അവതാരങ്ങൾ അല്ല ആരോഹണങ്ങളാണ്. ഈ അദ്വൈത ചിന്താഗതി വളരെ ശരിയാണ്. പ്രവാചകന്മാർ, വിശുദ്ധന്മാർ, മതഗുരുക്കന്മാർ, സന്യാസിശ്രേഷ്ഠന്മാർ മുതലായവർ എല്ലാംതന്നെ മനുഷ്യൻ ദൈവത്തിങ്കലേക്ക് അടുക്കുന്ന ആരോഹണങ്ങളാണ്. എല്ലാ മനുഷ്യരും സൃഷ്ടികൾ ആകയാൽ ഈ ആരോഹണത്തിൽ എങ്ങും തന്നെ ആത്യന്തിക സമ്പൂർണ്ണത ഇല്ലയെന്നത് ശരിയാണ്. സ്രഷ്ടാവായ ദൈവത്തിന്റെ സമ്പൂർണതയ്ക്കുള്ള ദാഹം ദൈവസാദൃശ്യമുള്ള എല്ലാ മനുഷ്യരിലും പ്രത്യക്ഷമായോ, പരോക്ഷമായോ നിലനിൽക്കുന്നു. അതിന്റെ പൂർത്തീകരണത്തിന് ചരിത്രത്തിന്റെ കേന്ദ്രത്തിൽ ദൈവം ഒരിക്കലായി പ്രത്യക്ഷപ്പെട്ടത് ഈ ആരോഹണങ്ങളെ തുണയ്ക്കുവാനാണ്. യോജിപ്പിക്കുവാനുള്ള ദൈവപുത്രന്റെ ഒരിക്കലായ അവതാരമാണ്.

ഈ സദ്വർത്തമാനം എല്ലാ ഹൈന്ദവ സ്നേഹിതരേയും അറിയിക്കാൻ ഭാരതത്തിലെ ക്രിസ്തീയ സഭയ്ക്കുള്ള കടമ നൂതന ചൈതന്യത്തോടുകൂടി പരിശുദ്ധാത്മ ശക്തിയിൽ നിർവഹിക്കുമെങ്കിൽ ഹൈന്ദവ സഹോദരങ്ങൾ അത് സ്വാഗതം ചെയ്യുക തന്നെ ചെയ്യും.

പ്രേഷിത ചൈതന്യം എല്ലായിടത്തും തന്നെ വാക്കുകളേക്കാൾ കൂടുതൽ ജീവിതത്തിലാണുള്ളത്. എല്ലായിടത്തും യാഥാർത്ഥ്യമാണെങ്കിലും ഭാരതത്തിലെ ഹൈന്ദവ സഹോദരങ്ങളുടെ ഇടയിൽ ഇതിനു പ്രത്യേക പ്രസക്തിയുണ്ട്. വിഞ്ചെസ്റ്ററിലെ ഒരു ആംഗ്ലിക്കൻ ബിഷോപ്പ് എഴുതിയ ഒരു സംഭവകഥ ഇതു തെളിയിക്കുന്നു. അസ്സീസിയിലെ ഫ്രാൻസിസ് ആദ്യമായി മറ്റൊരു ഭാഷ സംസാരിക്കുന്ന സാലാഡിനെ കണ്ടുമുട്ടി. അവർ തമ്മിൽ ആശയവിനിമയം നടത്തുവാൻ പൊതുഭാഷയില്ലായിരുന്നു.

എന്നിട്ടുപോലും അവർ പിരിഞ്ഞുകഴിഞ്ഞപ്പോൾ സാലഡിൻ സ്വന്തഭാഷയിൽ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: 'നിന്നെപ്പോലെ മറ്റൊരു ക്രിസ്ത്യാനിയെ ഞാൻ എന്നെങ്കിലും കാണുകയാണെങ്കിൽ ഞാൻ മാമോദീസാ മുങ്ങുവാൻ തയ്യാറാകും. എന്നാലതു സംഭവിക്കാൻ പോകുന്നില്ല.' സന്യാസിമാരെയും ത്യാഗികളെയും ബഹുമാനിക്കുന്ന ഒരു മതമാണ് ഹിന്ദുമതം. സമ്പന്ന മിഷനറിമാർ ഒരിക്കലും അവരുടെ ഹൃദയം കവരുകയില്ല. എന്നാൽ അസ്സീസിയിലെ ഫ്രാൻസിനെപ്പോലുള്ള ഒരു പറ്റം പരമത്യാഗികൾ ക്രിസ്തുവിന്റെ മാതൃക പിൻപറ്റിക്കൊണ്ട് ഒരു ദരിദ്ര സഭയുടെ അംഗമായി ദരിദ്രഭാരതത്തിന്റെ ദാരിദ്ര്യം സസന്തോഷം പങ്കിടുവാൻ തുടങ്ങുമ്പോൾ അവർ അവതരിപ്പിക്കുന്ന ക്രിസ്തുവിനെ സർവാത്മനാ ഭാരതം സ്വീകരിക്കും. മാമോദീസാ ആരുടെമേലും അടിച്ചേൽപിക്കുവാൻ സഭ ഒരിക്കലും തുനിയരുത്. ക്രിസ്തുവിന്റെ സാന്നിദ്ധ്യമായി സഭ തീർന്നാൽ മറ്റുള്ളവർ മാമോദീസാ ആവശ്യപ്പെടും. സി.എസ്.ഐ. സഭയുടെ കിഴക്കൻ ഭദ്രാസനം ഉടലെടുത്തത് 1983-ൽ മാത്രം ആണ്. ഒന്നാമത്തെ ബിഷപ്പ് റൈറ്റ് റവ. മൈക്കൽ ജോണിന്റെ നേതൃത്വത്തിൽ 84, 85 എന്നീ രണ്ടു വർഷം കൊണ്ട് 1500 ഹിന്ദുക്കൾ മാമോദീസാ മുങ്ങി സഭയിൽ ചേർന്നു കഴിഞ്ഞു. 17 പുതിയ ഇടവകകൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞു. കേരളത്തിലെ മറ്റുള്ള സഭകളും മറ്റുള്ളവർക്കു വെളിച്ചം കൊടുക്കാത്ത മെഴുകുതിരികൾ നീളം കുറയുവാൻ തയ്യാറാകുന്നെങ്കിൽ സഭ സഭയായി തീരുകയും പരിശുദ്ധാത്മാവു സഭയെ വളർത്തുകയും ചെയ്തുകൊണ്ടിരിക്കും. കേരളത്തിലെ പുരാതന സഭകൾ ഈ വെല്ലുവിളികൾ സ്വീകരിക്കുന്ന കാലത്ത് അതിൽ ചേരുന്ന ഹൈന്ദവ സഹോദരങ്ങൾ തന്നെ സഭയുടെ സ്വഭാവത്തിലും ജീവിതശൈലിയിലും പ്രവർത്തനരംഗത്തും ആരോഗ്യപരമായ മാറ്റം ഉണ്ടാക്കുമെന്നതിനു രണ്ടു പക്ഷമില്ല. അവരവർക്കുവേണ്ടി ജീവിക്കുന്ന സഭ തളരും. ക്രിസ്തുവിനും ക്രിസ്തേതരർക്കുംവേണ്ടി ജീവിക്കുന്ന സഭ വളരും.

'ഞാൻ എനിക്കായ് ജീവിക്കുമ്പോൾ
ഞാനാണെന്റെ കേന്ദ്രം
ഞാൻ നിനക്കായ് ജീവിക്കുമ്പോൾ
സോദരരെ തേടും'

## പാഠം 4

# പ്രേഷിത സമീപനം: മുസ്ലീം സഹോദരങ്ങളോട്

ലോകത്തിലെ മതങ്ങളെ പൊതുവായി രണ്ടായി തരംതിരിക്കാം. താത്ത്വിക ചിന്തകളുടെ അടിസ്ഥാനത്തിൽ യവനായ ഹൈന്ദവ ചിന്തകളിൽ പോകുന്ന മതങ്ങൾ ചരിത്രത്തിൽ ഒരു പ്രത്യേക ലാക്ക് ഉണ്ടെന്നുള്ള ചിന്താഗതിയിലല്ല, പിന്നെയോ കാലചക്രം ചുറ്റുന്ന രീതിയിൽ ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ചരിത്രത്തെ മായയായി താഴ്ത്തി നിത്യതയുള്ള മാനദണ്ഡങ്ങളാണ് ഈ മതങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

'ഒരു നിശ്ചയവുമില്ല ഒന്നിനും
വരുമോരോ ദിശ വന്നപോലെ പോം
തിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോക രഹസ്യമാർക്കുമേ.'

എന്ന കവിവാക്യംപോലെ ചരിത്രത്തെ താത്ത്വിക മായയായി കാണുന്നു. ഇങ്ങനെയുള്ള മതങ്ങളിൽ ആപേക്ഷികതയുടെ വ്യാവഹാരികത അല്ലാതെ ആത്യന്തികതയുടെ പാരമാർത്ഥികത ചരിത്രത്തിലില്ല. മറുവശത്തുള്ള മതങ്ങളാണെങ്കിൽ ചരിത്രത്തിന് പ്രാധാന്യം കൊടുക്കുന്നതും സൃഷ്ടിയിൽ വിശ്വസിക്കുന്നതും ആളത്ത ദൈവത്തിൽ ആശ്രയിക്കുന്നതും ദൈവത്തിന്റെ പാരമാർത്ഥികത സൃഷ്ടിയുടെ ചരിത്രത്തിലുണ്ടെന്ന് വിശ്വസിക്കുന്നതുമായ ദൈവശാസ്ത്രീയമായ യഹൂദ-ക്രിസ്ത്യാനി-ഇസ്ലാമിക് പാരമ്പര്യത്തിൽപ്പെട്ട സെമറ്റിക് മതങ്ങളാണ്. ഈ മതങ്ങൾ ചരിത്രത്തെ വൃത്താകൃതിയിലല്ല ഒരു വര പോലെയാണ് കാണുന്നത്. പിന്നെയും പിന്നെയും കർമ്മഫലംകൊണ്ട് പുനർജന്മമുണ്ടാകുന്ന ഒരു ലോകമല്ല സ്വർഗ്ഗത്തെ ലാക്കാക്കി ഒരു പ്രാവശ്യം മാത്രം ചരിത്രത്തിൽകൂടി പോകുന്ന ഒരു ജനതതിയായാണ് കാണുന്നത്. യഹൂദന്മാരുടെ യഹോവയും, ക്രിസ്ത്യാനികളുടെ ദൈവവും, മുസ്ലീംകൾ പഠിപ്പിക്കുന്ന അള്ളാഹുവും ഒന്നു തന്നെയാണ്. ഈ ആളത്ത ദൈവത്തിന്റെ പരമാധികാരതയിൽ ഈ മൂന്നു മതങ്ങൾ വിശ്വസിക്കുന്നു. ഇങ്ങനെ വീക്ഷിക്കുമ്പോൾ ഹിന്ദുമതത്തേക്കാൾ ക്രിസ്തുമതത്തിനടുപ്പം ഇസ്ലാമിനോടാണെന്നു തോന്നാമെങ്കിലും ചരിത്രത്തിന്റെ നിർഭാഗ്യകരമായ ഏടുകൾ പരിശോധിച്ചാൽ എ.ഡി. 7, 8, 9 നൂറ്റാണ്ടുകളിൽ വാളുപയോഗിച്ച് ക്രിസ്ത്യാനികളെ ഇസ്ലാംമതത്തിൽ ചേർത്തതായും 11-ഉം 12-ഉം നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ കുരിശുയുദ്ധങ്ങൾ നടത്തി മുസ്ലീങ്ങളെ ഹിംസിച്ചതായും കാണാം. മറ്റുവിധത്തിൽ പറഞ്ഞാൽ താത്ത്വികാടിസ്ഥാ

നത്തിലുള്ള ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ മതസഹിഷ്ണുതയിൽ കഴിഞ്ഞു എങ്കിലും ദൈവശാസ്ത്രാടിസ്ഥാനത്തിലുള്ള ക്രിസ്ത്യാനികളും മുസ്ലീങ്ങളും ശത്രുതയിൽ കഴിഞ്ഞതായി ചരിത്രം സാക്ഷിക്കുന്നു. ഇസ്ലാം പഠിപ്പിക്കലുകൾ അനുസരിച്ചും മോശയുടെ തോറായും ദാവീദിന്റെ മസുമൂറും, ക്രിസ്ത്യാനികളുടെ സുവിശേഷവും ഇസ്ലാമിന്റെ ഖുറാനും നാലു വേദങ്ങൾ ആകയാൽ ഒരു പ്രത്യേക സാഹോദര്യം യഹൂദരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിലുണ്ട്. സഹോദരന്മാർ തമ്മിൽ ഒത്തൊരുമിച്ച് വസിക്കുന്നത് ശുഭവും മനോഹരവുമാണെങ്കിലും ശത്രുക്കളായി വസിക്കുന്നത് അശുഭവും നരകതുല്യവുമാണ്.

ഇത്തരത്തിൽ മുസ്ലീം സഹോദരങ്ങളുടെ ഇടയിലെ പ്രേഷിതവൃത്തിക്ക് പ്രയാസം വളരെ കൂടുതലാണ്. ഇതിന്റെ കുറ്റം രണ്ടു ഭാഗത്തുമുണ്ടെന്ന് സമ്മതിക്കാതിരിക്കുവാൻ തരമില്ല.

സകലവും ഉൾക്കൊള്ളുന്ന ഹിന്ദുമതത്തിന്റെ തത്വസംഹിത ഒരു വശത്തും തങ്ങൾ മാത്രം ശരിയെന്ന് വിശ്വസിക്കുന്ന, അന്യരെ പുറം തള്ളുന്ന, ഏകദൈവ വിശ്വാസം മറുവശത്തും നിൽക്കുന്നിടത്തോളം കാലം മതസഹിഷ്ണുതയും ഉത്തമബോധ്യവും ഒന്നിച്ചുകൊണ്ടുപോകുവാൻ പ്രയാസമാണ്. ഏവരേയും ഉൾക്കൊള്ളുന്ന ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. മുന്നദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ വിശുദ്ധ ത്രിത്വത്തിൽ മാത്രം ഇത് സാധിക്കുമെന്ന് മുസ്ലീം സഹോദരങ്ങളെ മനസ്സിലാക്കാതെ അവരുടെ ഇടയിലെ പ്രേഷിതവൃത്തി നടക്കുകയില്ല.

'അള്ളാഹ് അല്ലാതെ ദൈവമില്ല, മഹമ്മദ് അവന്റെ പ്രവാചകനാണ്' – എന്ന വിശ്വാസപ്രമാണം ഇസ്ലാംമതത്തിന്റെ നാരായവേരാണ്. അള്ളാഹു മാത്രം ദൈവം, മഹമ്മദിൽ പ്രവചനത്തിന്റെ അവസാനമുദ്രയിട്ടിരിക്കുന്നു എന്ന രണ്ടു തത്ത്വസംഹിതയാണ് ഇസ്ലാമിന്റെ അവസാന പ്രമാണം. അൽപം വിശാലമനസോടുകൂടി പഠിക്കുവാൻ തയ്യാറായാൽ മൂന്നു പരമ അവകാശവാദങ്ങൾ ഇസ്ലാം പുറപ്പെടുവിക്കുന്നതായി കാണാം.

1. അള്ളാഹു എന്ന ദൈവത്തിൽ ഏകത്വമല്ലാതെ ബഹുത്വമില്ല.

2. മുൻ പ്രവാചകന്മാരുടെ എല്ലാ പ്രവചനവും മഹമ്മദ് നബിയിൽ പൂർത്തീകരിച്ചിരിക്കുന്നതിനാൽ മഹമ്മദിനേക്കാൾ വലിയൊരാൾ ചരിത്രത്തിൽ ഉണ്ടാകുകയില്ല.

3. വി. ഖുറാൻ അവസാന വേദവും എല്ലാം ഉൾക്കൊള്ളുന്ന വേദവും ആകയാൽ അതിനേക്കാൾ വലിയ ഒരു വേദം ചരിത്രത്തിൽ ഉണ്ടായിട്ടില്ല, ഉണ്ടാകുകയുമില്ല.

ഇത് ഏതാണ്ട് ത്രിമൂർത്തികളിൽ ഉള്ള വിശ്വാസം പോലെ തന്നെ മുസ്ലീം സഹോദരങ്ങൾ മുറുകെ പിടിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

ഈ ലേഖകൻ ഒരു മുസ്ലീം പണ്ഡിതനോടുകൂടി ഒരിക്കൽ യാത്ര ചെയ്തപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ചും മഹമ്മദിനെക്കുറിച്ചും സംസാരിക്കുകയുണ്ടായി. സംസാരത്തിന്റെ ഒടുവിൽ പണ്ഡിതനായ എന്റെ സ്നേഹിതനോട് ഏതാണ്ട് ഇപ്രകാരം പറഞ്ഞു. 'യേശുക്രിസ്തുവിനെപ്പോലെ വലിയ ഒരാൾ ചരിത്രത്തിൽ ഉണ്ടായിട്ടില്ല, ഉണ്ടാകുകയും ഇല്ല എന്നു പറയുമ്പോൾ അദ്ദേഹം പൂർണ ദൈവവും പൂർണ മനുഷ്യനുമാകകൊണ്ട് ദൈവത്തേക്കാൾ വലിയവൻ ഇല്ല എന്ന യുക്തിയിലാണ് പറയുന്നത്. എന്നാൽ മഹമ്മദ് ദൈവമല്ല; ദൈവത്തിന്റെ അവതാരവുമല്ല, ഒരു പ്രവാചകൻ മാത്രമാണെന്നു പറയുകയും അതേ സമയത്ത് അദ്ദേഹത്തിൽ പ്രവചനം മുഴുവനും അവസാനിച്ചിരിക്കുന്നു, അദ്ദേഹത്തെക്കാൾ വലിയ പ്രവാചകൻ ഉണ്ടാകുകയില്ല എന്നു പറയുകയും ചെയ്യുന്നത് യുക്തിഭംഗമല്ലേ? അതുകൊണ്ട് ഒന്നുകിൽ മഹമ്മദ് ദൈവാവതാരമെന്ന് പറയുകയോ അല്ലെങ്കിൽ അദ്ദേഹത്തേക്കാൾ വലിയ ആൾ ഉണ്ടാകും എന്നു പറയുകയോ ചെയ്യേണ്ടതല്ലേ? ബുദ്ധിമാനായ എന്റെ സ്നേഹിതൻ അതിന്റെ ഉത്തരം ഞാൻ പഠിപ്പിക്കുന്ന സെമിനാരിയിൽ വന്നു പറയാം എന്നു പറഞ്ഞതല്ലാതെ പിന്നെ ഞങ്ങൾ തമ്മിൽ കാണുവാൻ ഇടയായിട്ടില്ല. ഇവിടെ ഈ സംഭവം ഉദ്ധരിച്ചത് മുസ്ലീം പണ്ഡിതരുമായി ഡയലോഗിന്റെ ആവശ്യമുണ്ടെന്നു കാണിക്കുവാൻ മാത്രമാണ്.

ആഫ്രിക്കയിൽ റ്റാൻസാനിയായിലെ ബിഷപ്പ് ക്രിസ്റ്റഫർ ത്രിത്വവും സമൂഹവുമെന്ന തലക്കെട്ടിൽ എഴുതിയ ഒരു ലേഖനം ചിന്തോദ്ദീപകമാണ്. അദ്ദേഹത്തിന്റെ പ്രതിപാദ്യ വിഷയം റ്റാൻസാനിയായിലെ സോഷ്യലിസം ത്രിത്വാധിഷ്ഠിതമാണെന്ന് തെളിയിക്കുവാനാണ്. അദ്ദേഹത്തിന്റെ വാചകത്തിൽ മൂന്നു ദൈവിക ആളത്തങ്ങൾ എല്ലാം ആഴമായി പങ്കിടുന്നതുകൊണ്ട് അത് മൂന്നു ദൈവമല്ല ഒരു ദൈവമാണ്. ത്രിത്വാധിഷ്ഠിത സോഷ്യലിസം ലോകം മുഴുവൻ വരണമെന്നാഗ്രഹിക്കുന്നവരുടെ എണ്ണം ഇന്നും കൂടിവരികയാണ്. ബഹുത്വമോ പങ്കിടീലോ സ്നേഹമോ നിത്യമായി അസാദ്ധ്യമാക്കിത്തീർക്കുന്ന ഏകദൈവ വിശ്വാസം മുതലാളിത്ത വ്യവസ്ഥിതി നിലനിർത്തുകയല്ലാതെ സാമൂഹ്യനീതി കൈവരുത്തുവാൻ സഹായിച്ചിട്ടില്ല. അതുകൊണ്ടത്രേ ദൈവത്തിൽതന്നെ സാമൂഹികത ഉണ്ടെന്നുള്ള പഠിപ്പിക്കൽ 'സാമൂഹ്യദൈവം' വർഗരഹിത സമൂഹത്തിന്റെ ദൈവശാസ്ത്രം മുതലായ ഗ്രന്ഥങ്ങൾ ഇന്ന് രംഗപ്രവേശനം ചെയ്തുകൊണ്ടിരിക്കുന്നത്. ധനവാനും ദരിദ്രനും തമ്മിലുള്ള അകലം എല്ലാ ഇസ്ലാമിക് രാജ്യങ്ങളിലും മുതലാളിത്ത രാജ്യങ്ങളിലും ഏറിക്കൊണ്ടിരി

ക്കുകയാണ്. ദൈവശാസ്ത്രമാണ് മനുഷ്യശാസ്ത്രത്തിന്റെ അടിസ്ഥാനം. വെറും ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം പങ്കിടുന്നതിന്റെ ആവശ്യകത ഒരിക്കലും ബോധ്യപ്പെടുകയില്ല. അതുപോലെതന്നെ ബഹുദൈവങ്ങളിൽ വിശ്വസിക്കുന്നവർക്ക് സാഹോദര്യത്തിന്റെ ഏകത്വം കാണിക്കുവാൻ മാർഗമില്ല. ത്രിയേക ദൈവത്തിലുള്ള വിശ്വാസം ലോകം മുഴുവൻ ഉണ്ടായാൽ എല്ലാവരും സഖാക്കൾ എന്നു പറയുന്ന കമ്മ്യൂണിസത്തിന്റെ പങ്കിടീലിനേക്കാൾ ഉദാത്തമായ എല്ലാവരും ഏകദൈവത്തിന്റെ മക്കളെന്നു പറയുന്ന സാഹോദര്യവും ഏകത്വവും ഉണ്ടാകും. ദൈവം മാലാഖയേയും മനുഷ്യനേയും സൃഷ്ടിക്കുന്നതിന് മുമ്പ് സ്നേഹമാണെന്ന് വിശ്വസിക്കുന്നവർ സ്നേഹം നിത്യമായി പങ്കിട്ടുകൊണ്ടിരിക്കുവാൻ പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന മൂന്ന് ആളത്വം ഏക കുടുംബമാം ദൈവത്തിൽ ഉണ്ടായിരിക്കണം എന്ന് സമ്മതിക്കും.

ഇസ്ലാമിന്റെ പ്രായോഗിക ജീവിതത്തിൽ അള്ളാഹുവും മഹമ്മദും ഖുറാനുമാകുന്ന മൂന്നും, അള്ളാഹു ആകുന്ന ഏകവും ത്രിത്വവിശ്വാസത്തിന്റെ രണ്ടു വശങ്ങളായി നിലനിൽക്കുന്നു. ഇവയെ ത്രിയേകവിശ്വാസം യോജിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. ദൈവം സ്നേഹമാകുന്നു എന്ന വാക്ക് ഖുറാനിൽ ഇല്ലെങ്കിലും ദൈവം കാരുണ്യവാനാണെന്ന് ഖുറാൻ പറയുന്നു. കരുണ സ്നേഹംപോലെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പുറപ്പെടുന്നതാണല്ലോ. മാലാഖയെ സൃഷ്ടിക്കുന്നതിനു മുമ്പും ദൈവം കാരുണ്യവാനായിരിക്കണമല്ലോ. അല്ലെങ്കിൽ ദൈവം വളർന്നുകൊണ്ടിരിക്കുന്ന ഒരാളായി, ദൈവം അല്ലാതെ ആയിത്തീരും. ദൈവം ഇന്നലെപോലെയും ഇന്നും എന്നും അനന്യൻ തന്നെ. ആ നിലയ്ക്ക് ദൈവത്തിൽ നിത്യമായി കരുണ കാണിക്കുകയും സ്വീകരിക്കുകയും പങ്കിടുകയും ചെയ്യുന്ന പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ ഉണ്ടായിരിക്കണം. ഈ വിഷയത്തെക്കുറിച്ച് മുസ്ലീം പണ്ഡിതന്മാർക്കുള്ള തെറ്റുധാരണ മാറ്റുക എന്നതാണ് അവരുടെ ഇടയിലെ പ്രേഷിതവൃത്തിയുടെ ആവശ്യവും പ്രധാനവുമായ ഭാഗം. ഇതുവരെ ഈ ശ്രമം വിജയിച്ചിട്ടില്ല എന്നു സമ്മതിക്കണം.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മതം പ്രസംഗിക്കുന്ന ക്രിസ്ത്യാനി പ്രതികാരബുദ്ധി കാണിച്ചിട്ടുള്ളതിന് മുസ്ലീം സഹോദരങ്ങളോട് ആദ്യമായി ക്ഷമാപണം ചെയ്തു സ്നേഹം പ്രദർശിപ്പിക്കുകയത്രേ ഒന്നാമത്തെ പടി. ഉദാ:- ത്രിത്വവിശ്വാസികളെ നരകത്തിന്റെ ഏറ്റവും അടിത്തട്ടിൽ മഹമ്മദ് ഇട്ടു എന്നതിന്റെ പ്രതികാരം കാണിക്കുവാൻ ഇറ്റാലിയൻ ഷെയ്ക്സ്പിയർ എന്നറിയപ്പെടുന്ന ഡാന്റേ തന്റെ നരകം എന്ന ഗ്രന്ഥത്തിൽ മഹമ്മദ് നബിയെ ഏറ്റവും അടിക്കുള്ള നരകത്തിൽ കൊണ്ടിട്ടു എന്നത് ഏറ്റവും നിർഭാഗ്യകരമായിപ്പോയി. കുരിശുയുദ്ധം, പ്രതികാരം തുടങ്ങി ക്രിസ്ത്യാനികൾ കാണിച്ചിട്ടുള്ള എല്ലാ

തെറ്റുകൾക്കും മുസ്ലീം സഹോദരങ്ങളോട് നാം ക്ഷമ ചോദിക്കേണ്ടതാണ്.

'മതം മാറുന്ന മുസ്ലീമും അവന്റെ സംസ്കാരവും' എന്ന ശീർഷക ത്തിൽ ഹാർവമി എം. കോൺ എഴുതിയിരിക്കുന്ന പുസ്തകത്തിൽ മതം മാറ്റത്തിനുള്ള മൂന്നു തടസ്സങ്ങൾ എടുത്തു പറയുന്നു.

1. ഒരടിക്കു മതം മാറ്റുവാനുള്ള പ്രവണതയാണ് ഒന്നാമത്തേത്. ചില പ്രൊട്ടസ്റ്റന്റ് സുവിശേഷവേലയിൽ 'ഞാൻ എന്റെ ഹൃദയം കർത്താവി നുവേണ്ടി കൊടുക്കുന്നു' എന്ന ഒറ്റ വാചകത്തിൽ പലരേയും മതം മാറ്റുന്ന സമ്പ്രദായമുണ്ടല്ലോ. അത് ശിഷ്യത്വത്തിന്റെ തുടർന്നുള്ള വശത്തെ അവഗണിക്കുന്ന പ്രവണതയാണ് (എഫെ. 4:24; കൊലോ. 3:9, 10; റോമ. 12:1–12; തെസ്സ. 1:9–10; ലൂക്കോ. 3:8).

മുസ്ലീം സഹോദരങ്ങളെ ഇപ്രകാരം ഒറ്റയടിക്കു മതം മാറ്റുവാനുള്ള ശ്രമം മിഷനറിമാർ ഉപേക്ഷിക്കേണ്ടത് മനഃശാസ്ത്രപരമായ ഒരു ആവ ശ്യമാണ്. മാമോദീസാ ആഗ്രഹിച്ച ഒരു മുസ്ലീമിനോട് ക്രിസ്തീയ പുരോ ഹിതന്മാർ ഇപ്രകാരം ചോദിച്ചു. ഇസ്ലാമിലെ ഏത് തെറ്റാണ് നിന്നെ ക്രിസ്ത്യാനിയാക്കുവാൻ പ്രേരിപ്പിച്ചത്. അതിന് സ്നാനാർത്ഥി കൊടുത്ത മറുപടി 'ക്രിസ്തുവിങ്കലേക്കുള്ള സമർപ്പണത്തിലേക്കെന്നെ കൊണ്ടു വന്നത് ഇസ്ലാമിലെ തെറ്റുകളല്ല, ക്രിസ്തുമതത്തിലെ ശരികൾ എനിക്ക് ബോധ്യപ്പെട്ടതാണ്.' ഇതൊരു വലിയ സത്യമാണ്. പഴയ മിഷനറിമാർ മറ്റു മതങ്ങൾ തെറ്റാണെന്നും ക്രിസ്തുമതം മാത്രം ശരിയാണെന്നുമുള്ള സമീപനം സ്വീകരിച്ചിരുന്നു. യാഥാർത്ഥ്യങ്ങളുമായി ഉരച്ചുനോക്കുമ്പോൾ ഇത് തെറ്റായ ഒരു സമീപനമാണെന്ന് നാം സമ്മതിക്കേണ്ടി വരും. ഇസ്ലാം, ഹിന്ദു, ബുദ്ധ, ക്രിസ്ത്യൻ മതങ്ങളിൽപോലും ഭാഗികമായി കാണുന്ന ദൈവവചനത്തിന്റെ വെളിച്ചം ക്രിസ്തുവിൽകൂടി ത്രിയേക ദൈവത്തിങ്കലേക്ക് ഏവരും അചിരേണ നയിക്കുമെന്ന വിശ്വാസമാണ് പ്രേഷിതവൃത്തിക്ക് പ്രേരകമായിരിക്കേണ്ടത്.

2. രണ്ടാമത്തെ തടസ്സമായി ഡോക്ടർ കോൺ പറയുന്നത് വ്യക്തിപ രമായ മതംമാറ്റത്തിനുള്ള ഊന്നലാണ്.

പാശ്ചാത്യ സംസ്കാരത്തിൽ സമൂഹത്തിനല്ല വ്യക്തിക്കാണ് പ്രാധാന്യം. പൗരസ്ത്യ സംസ്കാരത്തിൽ നേരെ തിരിച്ചും. ഒന്നാം നൂറ്റാ ണ്ടിൽപോലും പല കുടുംബങ്ങൾ മാമോദീസാ മുങ്ങി സഭയിൽ ചേർന്നത് ഒരു വലിയ സത്യം നമ്മെ പഠിപ്പിക്കുന്നു. കുടുംബത്തിൽനിന്നും വ്യക്തിയെ വേർതിരിച്ച് സഭയിൽ ചേർക്കുന്നതിനേക്കാൾ കുടുംബം കുടും ബമായി ചേർക്കുന്നതാണ് കൂടുതൽ അഭികാമ്യം. അപ്പനേയും അമ്മ യേയും വിട്ട് ഭാര്യയോട് പറ്റിച്ചേരുന്നതുപോലെ ചില വ്യക്തികൾ സക ലവും വിട്ട് സകലത്തിന്റെയും നാഥനെ പിൻപറ്റി എന്നും വരാം. എന്നാൽ

മതംമാറ്റം അൽപം വൈകി കുടുംബസമേതമാകുന്നതാണ് നല്ലത്. ഇത് ഒരു മതംമാറ്റ നിയമമായി പറയുന്നതല്ല, പ്രായോഗികതയുടെ വെളിച്ചത്തിൽ പറയുന്നതാണ്. മർക്കോ. 16:16 'വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും' എന്ന വാകൃത്തിൽ മാമോദീസാമുങ്ങാത്തവൻ ശിക്ഷിക്കപ്പെടും എന്ന് പറയുന്നില്ല. ആ നിലയിൽ വ്യക്തിപരമായ ശിഷ്യത്വവും, സാമൂഹികവും, കുടുംബപരവുമായ മാമോദീസായുമാണ് കൂടുതൽ അഭികാമ്യമായിട്ടുള്ളത്. ഇന്ത്യയിൽ ചില ബുദ്ധിജീവികളായ മുസ്ലീം സഹോദരങ്ങൾ കുടുംബബന്ധങ്ങൾ ഉപേക്ഷിച്ച് മാമോദീസാ ഏറ്റ് സഭയിൽ ചേർന്ന് ശിഷ്യത്വത്തിന്റെ വലിയ വില കൊടുത്തതല്ലാതെ കൂട്ടംകൂട്ടമായി സഭയിൽ ചേർന്നവർ ചുരുക്കമാണെന്നുള്ള യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടല്ല ഇപ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ കാലസമ്പൂർണ്ണതയിൽ സാമൂഹ്യമായ ശിഷ്യത്വം ഇൻഡോനേഷ്യയിലേതുപോലെയും ഫിലിപ്പിയൻസിലേതുപോലെയും ഇന്ത്യയിലും ഇസ്ലാം മതത്തിൽനിന്ന് ഉണ്ടായി കൂടെന്നില്ല. അത് സാധിക്കണമെങ്കിൽ ക്രിസ്ത്യാനികളുടെ ജീവിതശൈലി ഇന്നത്തേക്കാൾ ആകർഷകമാകണമെന്നുള്ളത് അനിവാര്യമാണ്.

3. മൂന്നാമത്തെ തടസ്സം മതംമാറ്റം വെറും ആത്മീയമാണെന്നുള്ള ചിന്താഗതിയാണ്. ദൈവ ഭരണത്തിൽ വിശ്വസിക്കുന്ന (തിയോക്രിസി) ഇസ്ലാമിൽ രാഷ്ട്രീയം വരെ ദൈവാധിപതൃത്തിലാണ്. ശരിയായ ക്രിസ്തീയ ദൈവശാസ്ത്രമനുസരിച്ചും ഒരു ക്രിസ്ത്യാനിയുടെ കൃഷിയും കച്ചവടവും എല്ലാ കഴിവുകളും ആത്മീയമാണ്. ഞായറാഴ്ചയ്ക്ക് ഒരു പ്രത്യേക ആത്മീയ ചിന്തയുണ്ടെങ്കിൽ അത് തിങ്കൾ മുതൽ ശനി വരെയും നിലനിൽക്കും. പ്രത്യേക പൗരോഹിത്യം പൊതു പൗരോഹിത്യത്തെ നിലനിർത്തുന്നതുപോലെ കുർബ്ബാന നമ്മുടെ ആത്മീയ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ആത്മീയമാക്കുവാനാണ്. കുർബ്ബാന അപ്പവും വീഞ്ഞും ഭൗതികമാണെന്നു പറയുവാൻ സാദ്ധ്യമല്ലല്ലോ. 'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവ മഹത്വത്തിനായി ചെയ്വിൻ' (1 കൊരി. 10:31).

മറ്റു മതങ്ങളിൽ ഇല്ലാത്തവണ്ണം ഇസ്ലാം മതത്തിൽ ഭരണവും ജീവിതവും ജീവിതത്തിന്റെ എല്ലാ തുറകളും അള്ളാഹുവിന്റെ ഇഷ്ടത്തിൽ സമർപ്പിച്ചിരിക്കുകയാണ്. ഇസ്ലാമിക് തിയോക്രസി പല പ്രശ്നങ്ങളും ഉണ്ടാക്കുന്നു എങ്കിൽത്തന്നെ അതിന്റെ പുറകിൽ കിടക്കുന്ന ദൈവഭയത്തിന്റെ ആത്യന്തിക സർവ്വാധിപത്യം ഭൗമികത്വത്തെ ആത്മീയത്വത്തിൽ നിന്ന് വേർതിരിക്കാതെ രണ്ടിനെയും ഒന്നായി കാണുന്നു എന്നൊരു മേന്മ ഉണ്ട്. ഇവിടെ ആവശ്യമായിരിക്കുന്നത് ദൈവഭരണത്തിൽ ഇസ്ലാമിനെ മാത്രം ഉൾപ്പെടുത്താതെ എല്ലാ മനസ്സിനെയും മനുഷ്യനെയും ഉൾപ്പെടു

ത്തുവാനുള്ള വിശാല വീക്ഷണമാണ്. ഇത് സാധിക്കണമെങ്കിൽ തുറന്ന മനസ്സോടുകൂടിയ ഡയലോഗ് (സംവാദം) അത്യന്താപേക്ഷിതമത്രേ. ഇസ്ലാമിക ചിന്താഗതി പരിവർത്തന വിധേയമാക്കുകയില്ല എന്ന മുൻവിധി മറ്റു മതക്കാർ വെച്ചുകൊണ്ടിരിക്കരുത്. പരിവർത്തനത്തിനു വിധേയമാക്കാതെ ചരിത്രത്തിൽ ഒന്നും തന്നെ ഇല്ല.

എല്ലാ മതങ്ങളിലും മതഭ്രാന്തന്മാരുണ്ട്. എന്നാൽ വി. ഖുറാനിലെ ചില ഭാഗങ്ങൾ നോക്കിയാൽ എന്തുകൊണ്ട് ഏതാണ്ട് മതഭ്രാന്തിനോടടുത്തു വരുന്ന ഫണ്ടമെന്റലിസം നിലനിൽക്കുന്നു എന്നു മനസ്സിലാക്കാം. ഉദാ:- 1. 3:19 – അള്ളാഹുവിന്റെ അംഗീകാരമുള്ള ഏക മതം ഇസ്ലാമാണ്. 2. 3:85; 3:83, 2:130 – മറ്റു മതാനുയായികൾ നരകത്തിൽ പോകും. 3. 9:36 – ഇസ്ലാം മാറ്റമില്ലാത്ത ഒരു മതമാണ്. 4. പരിപൂർണ മതമാണ് ഇസ്ലാം (5:3, 9:32, 61:8). 5. മറ്റെല്ലാ മതങ്ങളെയും ഇല്ലാതാക്കുകയും ഇസ്ലാമിൽ സമാഹരിക്കുകയും ചെയ്തിരിക്കുന്നു (24:55).

6. എല്ലാ മതങ്ങളുടെയും സ്ഥാനം ഇസ്ലാം എടുക്കുന്നു (9:33, 48:28, 61:9). 7. വിശുദ്ധ ഗ്രന്ഥത്തിലെ ജനങ്ങൾപോലും (യഹൂദന്മാർ, ക്രിസ്ത്യാനികൾ) സത്യവെളിപാടു ലഭിച്ചു എങ്കിലും അവരുടെ വേദങ്ങൾ അവയെ തെറ്റിച്ചിരിക്കുന്നു (4:46, 5:13-41, 2:75). 8. അതുകൊണ്ട് അവരും വി. ഖുറാൻ വിശ്വസിക്കണം (4:47, 5:15, 48, 98:1). 9. ഇസ്ലാമിലേക്കു മതം മാറണം (3:20, 3:73, 3:95). 10. എല്ലാ സമൂഹങ്ങളെക്കാൾ ഏറ്റവും നല്ല സമൂഹം ഇസ്ലാം ആണ് (3:110).

11. അതിനാൽ ഇസ്ലാം ഉപേക്ഷിക്കുന്നവർ നരകത്തിൽ പോകും (3:85-90, 4:115, 137, 16:106, 47:25-28). 12. ഇവിടെ വച്ചുതന്നെ അവരുടെ കൈയും ഒരു കാലും ഛേദിച്ചു കളയണം (5:33, 7:124, 20:71, 26:41). 13. ബഹുദൈവ വിശ്വാസികളും മറ്റും ദൈവത്തിൽ നിന്ന് വിശ്വാസികളെ മാറ്റുന്നതിനാൽ ഹിംസിക്കപ്പെടണം (2:2, 17:2, 191:193, 9:12). 14. ഇസ്ലാം മതത്തെ ആക്രമിക്കുന്നവർ പ്രത്യാശയില്ലാതെ നരകത്തിൽ പോകുകയും അവർക്കു ക്ഷമ ലഭിക്കാതിരിക്കുകയും ചെയ്യും (47:34).

ഇങ്ങനെയുള്ള ഭാഗങ്ങൾ മാത്രം ഉദ്ധരിച്ചുകൊണ്ട് വിശുദ്ധ ഖുറാന്റെ അനവധി നല്ല ഭാഗങ്ങൾ വിസ്മരിക്കപ്പെടുവാൻ പാടില്ല. മതസ്വാതന്ത്ര്യം ഇസ്ലാം അനുവദിക്കുന്നതായിട്ട് 2-ാം ഖുറാൻ 286-ാം വാക്യത്തിൽ കാണാം. ക്രിസ്ത്യാനികൾ ഏറ്റവും അടുത്ത സ്നേഹിതന്മാർ ആണ് (5:32). വിശുദ്ധ ഗ്രന്ഥങ്ങളിലുള്ള ജനങ്ങൾക്കെല്ലാം പ്രത്യേക സുരക്ഷിതതാവളം ഉണ്ട് (9:21). അവർക്കു രക്ഷ ഉറപ്പായിരിക്കുന്നു (2:62, 5:69, 22:17).

അൽ ഗസാലി തുടങ്ങിയുള്ള വലിയ ഇസ്ലാമിക് പണ്ഡിതന്മാരുടെ വ്യാഖ്യാനപ്രകാരം മഹമ്മദിനെക്കുറിച്ച് അറിയാത്തവരായി അവരുടെ

മനസ്സാക്ഷി അനുസരിച്ചു ജീവിക്കുന്നവർ രക്ഷ പ്രാപിക്കും. യേശു ക്രിസ്തുവിനെക്കുറിച്ച് (ഈശോ നിബി) കന്യകാ ജനനം ഉൾപ്പെടെ വളരെ കാര്യങ്ങൾ വി. ഖുറാനിൽ കാണാം. കന്യകമറിയാമിനെക്കുറിച്ചും വി. ഖുറാൻ പല ഭാഗങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. ആകയാൽ ആധുനിക ഇസ്ലാമിക് പണ്ഡിതന്മാരുമായി ഡയലോഗിന് ഏറ്റവും അധികം സാദ്ധ്യതയുള്ളത് ക്രിസ്ത്യാനികൾക്കാണ്.

മുസ്ലീം മതവിശ്വാസികളുടെ അഞ്ചുനേരത്തെ പ്രാർത്ഥനകൾ, വിശ്വാസപ്രമാണത്തിലുള്ള അടിയുറച്ച വിശ്വാസവും ഹജ് പോകുന്നതിനുള്ള താൽപര്യവും, റംസാൻ നോമ്പു നോക്കുന്നതിനുള്ള ചിട്ടയും രണ്ടര ശതമാനം സക്കത് കൊടുക്കുവാനുള്ള താൽപര്യവും മറ്റു മതവിശ്വാസികളെ ലജ്ജിപ്പിക്കത്തക്കതാണ്. ബാല്യകാലം മുതൽ സ്വന്തം മതത്തിന്റെ മാഹാത്മ്യം മാത്രം കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതുകൊണ്ട് മറ്റു മതങ്ങൾ പഠിക്കുവാനുള്ള താൽപര്യം അവരിൽ കുറവാണ്. സകലതും പരിശോധിച്ച് നല്ലതു മുറുകെപിടിക്കുന്നതിനുള്ള ആവശ്യം അവർ കാണാത്തത് എല്ലാ മതങ്ങളുടെയും ധന്യത വിശുദ്ധ ഖുറാനിൽ ഉണ്ടെന്നുള്ള പഠിപ്പിക്കലുകൾ കൊണ്ടാണ്. ഇതിനൊരു മാറ്റം വരുത്തുവാൻ വളരെ പ്രയാസം ഉണ്ടെങ്കിൽ തന്നെയും വരുത്തേണ്ടത് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരു ആവശ്യമാണ്. ഇപ്പോൾ മറ്റു മതങ്ങളെക്കുറിച്ച് ആഴമായി പഠിച്ചിട്ടുള്ള മുസ്ലീം പണ്ഡിതന്മാരുണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ മുസ്ലീം സഹോദരങ്ങളുടെ ഇടയിലെ സുവിശേഷവേലയിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. സ്വന്തം മതം മാത്രം ശരി, മറ്റെല്ലാ മതങ്ങളും തെറ്റ് എന്ന ചിന്ത പലരും പുലർത്തുന്നതുകൊണ്ട് സകല സത്യങ്ങളും ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകത കാണിക്കത്തക്കവണ്ണം ബോധവൽക്കരണം നടത്തുന്ന ഡയലോഗുകൾ അത്യന്താപേക്ഷിതമാണ്.

2. മതത്തെ നിഷേധിക്കാതെ, എന്നാൽ ഇതര മതങ്ങൾക്കു പ്രതികൂലമായി ഒരു മതത്തെ രാഷ്ട്രമതമായി സ്വീകരിച്ചു പ്രീണിപ്പിക്കുന്ന വ്യവസ്ഥിതിയെ തിരസ്കരിക്കുന്ന മതേതരത്വം ക്രിസ്തീയ ഫണ്ടമെന്റലിസത്തെയെന്നപോലെ ഇസ്ലാമിക ഫണ്ടമെന്റലിസത്തെയും ഫലപ്രദമായും പ്രയോജനകരമായും നിയന്ത്രിക്കും. അപ്രകാരമുള്ള വിദ്യാഭ്യാസം മുസ്ലീം വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു ലഭ്യമാക്കണം.

3. പുതിയനിയമം നിരൂപണവിധേയമാക്കുന്നതുപോലെ വി. ഖുറാനെയും നിരൂപണ വിധേയമാക്കുന്നതിന്റെ ആവശ്യകത ഇസ്ലാമിക് ചിന്തകരെയെങ്കിലും ബോധ്യപ്പെടുത്തേണ്ടതാണ്.

4. ഷാറിയാത് തുടങ്ങിയ മതനിയമങ്ങൾ ഇന്നല്ലെങ്കിൽ നാളെ രൂപാന്തര വിധേയമാക്കേണ്ടതാണെന്നും ബഹുഭാര്യാത്വം വി. ഖുറാൻ പഠിപ്പിക്കുന്നു എന്ന ചിന്താഗതി യഥാർത്ഥത്തിൽ ശരിയല്ലെന്നും മുസ്ലീം പണ്ഡിതന്മാർ തന്നെ പഠിപ്പിച്ചിട്ടുള്ളതിന് കൂടുതൽ പ്രസിദ്ധീകരണം നൽകണം.

5. യഥാർത്ഥത്തിൽ മിഷനറി പ്രവർത്തനം വാക്കുകളുടെയോ, ആശയങ്ങളുടെയോ സംഘട്ടനത്തിലല്ല ഉദാത്തമായ ജീവിതമാതൃകയിലാണെന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ ത്രിത്വാധിഷ്ഠിത സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും സ്നേഹവും ക്രിസ്തീയ സഭയിൽ കൂടുതൽ ദൃശ്യമാകാതെ ത്രിത്വോപദേശം മുസ്ലീം സഹോദരങ്ങൾക്ക് ആകർഷകമായി തോന്നുകയില്ല.

6. ബിഷപ്പ് സുഭാൻ രചിച്ച എങ്ങനെ ഒരു സൂഫി അവന്റെ കർത്താവിനെ കണ്ടു? ആദിയായ ഗ്രന്ഥങ്ങൾ മുസ്ലീം സഹോദരങ്ങൾക്കു ലഭിക്കത്തക്കവണ്ണം മാർഗങ്ങൾ ഉണ്ടാക്കണം.

7. ഒരുമിച്ചുള്ള ജീവിതവും പ്രാർത്ഥനയും പങ്കിടീലും സന്യാസപ്രസ്ഥാനത്തിന്റെ യോഗാത്മകതയും (മിസ്റ്റിസിസം) വ്യക്തികളെയും മതങ്ങളെയും പരസ്പരം യോജിപ്പിക്കുന്നതാകയാൽ ഭിന്നതകൾ മാറ്റി നിരപ്പു വരുത്തുന്ന എല്ലാവരുടെയും ദൈവത്തോട് ഒരുമിച്ചു പ്രാർത്ഥിക്കേണ്ടത് ഏകീകരണത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്.

ഈ അദ്ധ്യായത്തിന്റെ ഉദ്ദേശ്യം ഇസ്ലാം മതത്തെ താഴ്ത്തിക്കെട്ടാനോ, അവരെയെല്ലാം ക്രിസ്ത്യാനികളാക്കാനോ ആണെന്നു ധരിക്കരുത്. തുറന്ന മനസ്സോടെ വസ്തുനിഷ്ഠമായി പരസ്പരം സംഭാഷണം നടത്തുവാൻ ക്രിസ്തീയ ഫണ്ടമെന്റലിസമോ ഇസ്ലാമിക് ഫണ്ടമെന്റലിസമോ തടസ്സമുണ്ടാക്കരുതെന്നു മാത്രം.

## പാഠം 5

# പ്രേഷിതവൃത്തി സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ

മാക്സ് വെബർ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പ്രവാചകത്വവും പൗരോഹിത്യവും മനുഷ്യനിൽ ആദിമുതലേ അന്തർലീനമായിരിക്കുന്ന രണ്ടു പ്രവണതകൾ ആണ്. പൗരോഹിത്യം യാഥാസ്ഥിതികത്വത്തിനു വേണ്ടിയും പാരമ്പര്യങ്ങളുടെ തുടർച്ചയ്ക്കുവേണ്ടിയും വ്യക്തിയുടെ അധി കാരത്തിനുവേണ്ടിയും നിലനിൽക്കുമ്പോൾ പ്രവാചകത്വം ലിബറലിസ ത്തിനുവേണ്ടിയും മാറ്റങ്ങൾക്കുവേണ്ടിയും സാഹോദര്യത്തിനു വേണ്ടിയും ശബ്ദമുയർത്തും. റോമൻ കത്തോലിക്കാ സഭയിലും മറ്റ് പുരാതന സഭ കളിലും പൗരോഹിത്യ പ്രാധാന്യം കാണാമെങ്കിൽ മാർട്ടിൻ ലൂഥറിൽ തുടങ്ങിയ പ്രൊട്ടസ്റ്റന്റിസം സന്മാർഗ്ഗ പ്രമാണത്തിലധിഷ്ഠിതമായ മാറ്റ ങ്ങൾക്കുവേണ്ടിയുള്ള പ്രവാചകത്വ ശബ്ദം ഉയർത്തിയിട്ടുണ്ട്. മുതലാ ളിത്തം പൊതുവെ വലതുപക്ഷ പൗരോഹിത്യമാണെങ്കിൽ കമ്മ്യൂണിസം ഇടതുപക്ഷ പ്രവാചകത്വമാണ്. ഹെഗലിന്റെ ഡയലെക്ടിക് സിദ്ധാന്തം കാറൽ മാക്സ് ഭൗതികാധിഷ്ഠിതമാക്കിയതിൽ അര സത്യം മാത്രമേ അടങ്ങിയിട്ടുള്ളു. ഡയലെക്റ്റിക് ആത്മികവും ഭൗമികവും ചേർന്നതാണ്. അഥവാ ആശയങ്ങളിലും ധനതത്ത്വശാസ്ത്രത്തിലും വൈരുദ്ധ്യാധിഷ്ഠി തമായ പരിവർത്തനമുണ്ട്. കാറൽ മാർക്സിന്റെ ചിന്താഗതിയിൽ പ്രാരംഭ കമ്മ്യൂണിസത്തിനെതിരായി അടിമത്തമുണ്ടാകുകയും അവ രണ്ടിന്റെയും സംഘട്ടന സംയോജിപ്പിൽ ജന്മിത്വ വ്യവസ്ഥിതി ഉണ്ടാകുകയും ചെയ്തു. ഫ്യൂഡലിസത്തിന്റെ എതിർ വ്യവസ്ഥിതിയിൽ മുതലാളിത്തം ഉണ്ടായി. ജന്മിത്വവും മുതലാളിത്തവും തമ്മിലുള്ള സംഘട്ടന സംയോജിപ്പിൽ കമ്മ്യൂണിസം ഉണ്ടാകും. കമ്മ്യൂണിസം ആഗോളം ഉണ്ടായാൽ ഡയലെ ക്ടിക് അവസാനിക്കുമെന്ന പഠിപ്പിക്കൽ മാർക്സിന്റെ ഒരു ദിവാസ്വപ്ന മായി മാത്രമേ കാണുവാൻ സാധിക്കൂ. വചനമായ ദൈവമാണ് ഈ പരി വർത്തനം ആദിമുതൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ദൈവരാജ്യം നിങ്ങ ളുടെ ഇടയിൽ എന്ന പ്രമാണം ലോകചരിത്രത്തിൽ രക്ഷാചരിത്രം ഉണ്ടെന്നു കാണിക്കുന്നു. 'നിന്റെ രാജ്യം വരണമേ' എന്ന പ്രാർത്ഥന യിൽ ദൈവരാജ്യത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള വാഞ്ഛ യുഗാ ന്ത്യത്തോളം തുടരുമെന്നു കാണുന്നു. 'ദൈവരാജ്യം ഭക്ഷണവും പാനീ യവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവു മത്രേ' (റോമ. 14:17). കാറൽ മാർക്സിനു വന്ന തെറ്റ് ദൈവരാജ്യത്തെ ഭക്ഷണവും പാനീയവുമായി തരംതാഴ്ത്തിയെന്നതാണ്. ചരിത്രത്തിൽ ഇതുവരെയും നീതിയും സമാധാനവും തമ്മിൽ ഒരുമിപ്പിക്കാൻ

സാധിച്ചിട്ടില്ല. പ്രവാചകൻ നീതിക്കുവേണ്ടി കരയുമ്പോൾ പുരോഹിതൻ 'നിങ്ങൾക്ക് എല്ലാവർക്കും സമാധാനമുണ്ടാകട്ടെ' എന്ന ആശീർവാദം നൽകുന്നതിൽ സംതൃപ്തിപ്പെടുന്നു. റഷ്യയിലും ചൈനയിലും മുതലാളിത്ത രാജ്യങ്ങളെക്കാൾ നീതി കൈവരുത്തിയത് സമാധാന മാർഗേണ യല്ലല്ലോ.

ആധുനിക ലോകത്തിൽ ലോകജനസംഖ്യയുടെ പകുതിയോളം കമ്മ്യൂണിസത്തിന്റെ കൊടിക്കീഴിലാണെങ്കിൽ ബാക്കി ജനസംഖ്യ മുതലാളിത്തത്തിന്റെയും, പട്ടാളഭരണം, സംയുക്ത സാമ്പത്തിക വ്യവസ്ഥിതി, വെൽഫെയർ ക്യാപ്പിറ്റലിസം മുതലായവയുടെയും കീഴിൽ അമർന്നു കഴിയുന്നു. കമ്മ്യൂണിസത്തിന്റെ കുത്തകയെന്ന് പറയുന്ന അമേരിക്കൻ ഐക്യനാടുകൾ ലാറ്റിൻ അമേരിക്കയിലെ മുതലാളിത്ത ഭരണങ്ങൾക്കും ദക്ഷിണാഫ്രിക്കയിലെ വെള്ള വർഗ്ഗാധിപത്യ ഭരണത്തിനും കൈത്താങ്ങൽ കൊടുത്തുകൊണ്ടിരിക്കുന്നു. പട്ടാളഭരണം രണ്ടു പാർട്ടിയുടെയും അധികാര പ്രമത്വത്തിന്റെ ബാഹ്യരൂപമാണ്.

നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ പഠിപ്പിക്കൽ കമ്മ്യൂണിസത്തെയോ ക്യാപ്പിറ്റലിസത്തെയോ പൂർണ്ണമായി കൈതാങ്ങുന്നതിനു പകരം ദൈവരാജ്യത്തിന്റെ സുവിശേഷത്തിനാണ് ഊന്നൽ കൊടുക്കുന്നതെന്ന് പുതിയനിയമ പഠിതാക്കൾ എല്ലാംതന്നെ സമ്മതിക്കുമെന്ന് തോന്നുന്നു. വിമോചന ദൈവശാസ്ത്രജ്ഞന്മാരും മറ്റു പ്രവാചക സംഘങ്ങളും സാമൂഹിക നീതിക്കുവേണ്ടി നിൽക്കുമ്പോൾ യാഥാസ്ഥിതികരായ സഭാനേതാക്കന്മാരും അമേരിക്കൻ മുതലാളിത്തവും കമ്മ്യൂണിസത്തെ പൈശാചികം എന്ന മട്ടിൽ ചിത്രീകരിച്ച് മുതലാളിത്ത സ്വാതന്ത്ര്യത്തിനുവേണ്ടി നിൽക്കുന്നു. യേശുക്രിസ്തു പഠിപ്പിച്ചത് അമേരിക്കൻ ജീവിത രീതിയാണെന്നു പഠിപ്പിക്കുന്ന മുതലാളിമാരുണ്ട്. മറുവശത്തുള്ളവർ എഴുതുന്ന ഭൂരിപക്ഷം പുസ്തകങ്ങളും വിശിഷ്യ കമ്മ്യൂണിസ്റ്റുകാരും യേശുക്രിസ്തുവിനെ ഏറ്റവും വലിയ വിപ്ലവകാരിയായിട്ടാണ് അവതരിപ്പിക്കുന്നത്. ഇതൊന്നും വസ്തുനിഷ്ഠമായ പഠനമല്ല; അവരവരുടെ മുൻവിധികൾ വെച്ചുകൊണ്ട് ലോകരക്ഷകനെ അവരുടെ പാത്രത്തിന്റെ ആകൃതിയിൽ ഒതുക്കുവാനുള്ള മിഥ്യാശ്രമങ്ങളാണ്.

മുമ്പ് സൂചിപ്പിച്ചതുപോലെ 11-ാം മണിനേരത്തു വന്നവനും, 6-ാം മണിനേരത്തു വന്നവനും ഒരുപോലെ കൂലി കൊടുത്ത ഉപമ (മത്താ. 20) സോഷ്യലിസത്തിന്റെയും, സർവ്വോദയത്തിന്റെയും സാമൂഹ്യ നീതിയെ പ്രദർശിപ്പിക്കുന്ന ഉപമയായി ജോൺ റസ്കിൻ എഴുതിയ 'ഏറ്റം ഒടുവിൽ വന്നവന്' എന്ന പുസ്തകത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. എങ്കിൽ അഞ്ചു താലന്തു പത്ത് താലന്താക്കി (മത്താ. 25) എന്ന ഉപമ മുതലാളി

ത്തത്തിന്റെയും വ്യക്തിപരമായ ലാഭത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ആവശ്യകതയെ കാണിക്കുന്നതായി മുതലാളിത്ത മനസ്ഥിതിക്കാരും വ്യാഖ്യാനിക്കുന്നു. എന്നാൽ രണ്ട് ഉപമയും ഒരുമിച്ചെടുക്കുന്ന പുതിയ നിയമ വിദ്യാർത്ഥികൾക്ക് ഇത് പരസ്പര പൂരകങ്ങളാണ്.

സോഷ്യലിസത്തിന്റെ ഉപമ ആദ്യം വന്നതു തന്നെ അന്വർത്ഥമാണ്. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസ സൗകര്യം, ചികിത്സാ സൗകര്യം, തൊഴിൽ, ഭവനം, യാത്രാസൗകര്യങ്ങൾ, ആരാധനാ സൗകര്യങ്ങൾ മുതലായവ എല്ലാവർക്കും ഉണ്ടാക്കുകയെന്നതിനാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടത്. കൂടുതൽ അദ്ധ്വാനിച്ചവരുടെ അദ്ധ്വാനഫലം അവരവർക്ക് കൊടുക്കാതെ അൽപ അദ്ധ്വാനത്തിനു മാത്രം അവസരം കിട്ടിയവർക്കു കൂടി കൊടുക്കണമെന്നുള്ള ഇടതുപക്ഷ ചിന്താഗതിയാണ് ഇവിടെ കർത്താവ് പഠിപ്പിച്ചിരിക്കുന്നത്. എന്നാൽ തൽഫലമായി പരാശ്രയത്തോടെ ജീവിക്കുന്നവരും മടിയന്മാരും ഉണ്ടാകുമെന്ന് തനിക്കറിയാം. അവരെ ശിക്ഷിക്കുകയും കഠിനാദ്ധ്വാനത്തിന് പ്രേരിപ്പിക്കുകയും ചെയ്യണം. കൂടുതൽ അദ്ധ്വാനിക്കുന്നവർക്ക് കൂടുതൽ പ്രതിഫലം കൊടുക്കണമെന്നുള്ള തത്വവും നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു. മത്താ. 25-ലെ അതേ ഉപമ തന്നെ ലൂക്കോ. 19-ൽ അൽപം വ്യത്യസ്തമായി പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കേണ്ടതത്രേ. അവിടെ പത്ത് ദാസന്മാർക്ക് ഓരോ റാത്തൽ കൊടുക്കുന്നതായിട്ടാണ് കാണുന്നത്. വിവിധങ്ങളായ താലന്തുകൾ മാത്രമല്ല എല്ലാവർക്കും ഒരുപോലെ കൊടുത്തിരിക്കുന്ന താലന്തുകളുമുണ്ട്. രണ്ടു കണ്ണ്, രണ്ടു കാല്, രണ്ടു കൈ മുതലായ താലന്തുകൾ കൂടുതൽ ഫലപ്രദമാക്കിയാൽ കൂടുതൽ പ്രതിഫലം കൊടുക്കണമെന്നാണ് അവിടെയും കാണുന്നത്.

ഈ മൂന്ന് ഉപമകളേയും ദൈവരാജ്യത്തിന്റെ ഉപമകൾ എന്നാണ് കർത്താവ് വ്യഖ്യാനിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം സോഷ്യലിസത്തിലെ സാമൂഹ്യനീതിക്കുള്ള വാഞ്ചയും മുതലാളിത്തത്തിന്റെ കഠിനാദ്ധ്വാന താൽപര്യവും രണ്ടിലേയും മടിയുടെ ശിക്ഷയും ദൈവരാജ്യത്തിന്റെ ഘടകങ്ങളായ നല്ല വശങ്ങളാണ്. ഇവിടെ പ്രധാനമായി ചിന്തിക്കുവാനുള്ളത്, കമ്മ്യൂണിസമോ, ക്യാപ്പിറ്റലിസമോ എന്നതല്ല, പിന്നെയോ എല്ലാവരുടെയും അത്യാവശ്യ ആവശ്യങ്ങൾ സാധിക്കണമെന്നതാണ്. ദൈവരാജ്യത്തിന്റെ ആദ്യ ലക്ഷണത്തിലേക്ക് നാം വന്നിട്ടുണ്ടോ എന്നു ചിന്തിക്കുക. ചൈനയിൽ ഏതാണ്ടതു വരുത്തിയശേഷം ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ പരീക്ഷണ ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നല്ലാതെ മുതലാളിത്തം വീണ്ടും വരുന്നു എന്നർത്ഥമില്ല.

ചരിത്രം മുമ്പോട്ടാണ് നീങ്ങുന്നത്, പിറകോട്ടല്ല. ചരിത്രം ആവർത്തി

ക്കുന്നു എന്ന് പറയുന്നത് പഴയതുപോലെ ആവർത്തിക്കുന്നു എന്ന അർത്ഥത്തിലല്ല. അടിമകച്ചവടം ഇന്നും ലോകത്തിൽ ഉണ്ടായിരിക്കാമെങ്കിലും ഏബ്രഹാം ലിങ്കന്റെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന് മുമ്പുണ്ടായിരുന്ന അടിമക്കച്ചവടം പിന്നെ ആവർത്തിക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ ജന്മിത്വ വ്യവസ്ഥിതി അഥവാ ഫ്യൂഡലിസം ചില രാജ്യങ്ങളിൽ ഇന്നും ഉണ്ടെങ്കിലും 13, 14 നൂറ്റാണ്ടു വരെ നിലനിന്ന ജന്മിത്ത വ്യവസ്ഥിതി ഇന്ന് ഒരു രാജ്യത്തുമില്ല. കമ്മ്യൂണിസത്തിന്റെയും മുഖച്ഛായ മാറിക്കൊണ്ടിരിക്കുന്നു എന്നതിന് റഷ്യയിലും ചൈനയിലും ക്യൂബായിലും ഇന്നുള്ള കമ്മ്യൂണിസം ആദ്യ റഷ്യൻ കമ്മ്യൂണിസവുമായി താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാക്കാം. 1917-ൽ ലെനിന്റെ നേതൃത്വത്തിൽ റഷ്യയിൽ ഉടലെടുത്ത കമ്മ്യൂണിസവും 1949-ൽ മാവോ സേ തൂങ്ങിന്റെ നേതൃത്വത്തിൽ ചൈനയിൽ ഉടലെടുത്ത കമ്മ്യൂണിസവും 1959-ൽ ഫിഡൽ കാസ്ട്രോയുടെ നേതൃത്വത്തിൽ ക്യൂബയിൽ ഉടലെടുത്ത കമ്മ്യൂണിസവും ഒന്നാണെങ്കിലും വിവിധങ്ങളാണ്. ഒരു നാഴികമണിയുടെ നാക്ക് ഇടത്തോട്ടും വലത്തോട്ടും ആടുന്നതുപോലെ മാത്രം അല്ലാതെ മേലോട്ടും ദൈവരാജ്യത്തിന്റെ പുരോഗതി കാണാം. ലോകചരിത്രവും രക്ഷാചരിത്രവും സമ്മിശ്രമായി പുരോഗമിക്കുന്നതിനാൽ യുദ്ധവും സമാധാനവും സ്വാതന്ത്ര്യവും സാമൂഹികനീതിയും, ഏകാധിപത്യവും ജനാധിപത്യവും, ചിലരുടെ ലാഭവും പൊതു താൽപര്യവു,ം സ്വത്തിന്മേലുള്ള വ്യക്തിയുടെ അവകാശവും സ്വത്ത് എല്ലാവരുടെയും ആണെന്നുള്ള സിദ്ധാന്തവും തമ്മിലുള്ള സംഘർഷവും പുതിയ രൂപത്തിൽ തുടർന്നുകൊണ്ടേയിരിക്കും.

മനുഷ്യൻ സംസ്കാരത്തിന്റെ സൃഷ്ടിയും പുതിയ സംസ്കാരത്തെ സൃഷ്ടിക്കുന്നവനുമാണ്. മുതലാളിത്ത സംസ്കാരം സൃഷ്ടിക്കുന്ന മുതലാളിത്ത മനുഷ്യനും കമ്മ്യൂണിസ്റ്റ് സംസ്കാരം സൃഷ്ടിക്കുന്ന കമ്മ്യൂണിസ്റ്റ് മനുഷ്യനും ഒരുമിച്ചുള്ള പുരോഗതിയിൽ ഈ രണ്ട് സംസ്കാരങ്ങളെയും കൂട്ടിച്ചേർത്തും അവയുടെ പിരിമുറുക്കം കുറച്ചുംകൊണ്ട് പുതിയ ഒരു സംസ്കാരം ഉടലെടുക്കുകയില്ലെന്ന് പറയുവാൻ സാദ്ധ്യമല്ല. ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ റഷ്യൻ കമ്മ്യൂണിസ്റ്റ് ശക്തിയും അമേരിക്കൻ മുതലാളിത്ത ശക്തിയും ഒരു മൂന്നാം ലോക മഹായുദ്ധത്തിൽ ഏറ്റുമുട്ടിയാൽ ആ രണ്ട് സംസ്കാരങ്ങൾ മാത്രമല്ല ഈ ലോകം തന്നെ നശിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് ആധുനിക ന്യൂക്ലിയർ ബോംബുകളുടെ ശക്തി അറിയാവുന്ന നോബൽ സമ്മാനം വാങ്ങിയിട്ടുള്ള ശാസ്ത്രജ്ഞന്മാർ തന്നെ പ്രവചിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് യുദ്ധം ഒരു പ്രശ്നപരിഹാരമല്ല. ഏതെങ്കിലും ഒരു സംസ്കാരത്തിന്റെ അടിമയല്ല യേശുക്രിസ്തുവും ദൈവരാജ്യവും. ലോഗോസായ ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും ചൈതന്യം ആത്മഹത്യാപരമായ

ലോകമഹായുദ്ധത്തെ തടഞ്ഞും പരസ്പര ധാരണയുടെയും നിരപ്പിന്റെയും ഒരന്തരീക്ഷം ഉണ്ടാക്കുവാൻ രണ്ടുവശത്തുള്ള കോടിക്കണക്കിന് ജനങ്ങളെ ഉണർത്തിക്കൊണ്ടിരിക്കുന്നു. ഈ നല്ല കാര്യത്തിന് പ്രേരിപ്പിക്കുന്ന സർഗശക്തികൾക്ക് പിന്തുണ നൽകേണ്ടത് എല്ലാ സഭകളുടെയും, നല്ല മനുഷ്യരുടെയും കടമയാണല്ലോ. ഇതിനെയും പരിശുദ്ധാത്മാവിന്റെ പ്രേഷിത ചൈതന്യം എന്നു മാത്രമേ വിളിക്കുവാൻ സാധിക്കൂ.

ലോകം മുഴുവനും കമ്മ്യൂണിസം വന്നു കഴിഞ്ഞാൽ തൊഴിലാളി വർഗത്തിന്റെ ഭരണമാകുമെന്നും യുദ്ധമുണ്ടാകുകയില്ലായെന്നും അന്തിമമായി ഭരണം തന്നെ ആവശ്യമില്ലാതാകുമെന്നുമാണ് കാറൽ മാക്സ് പഠിപ്പിച്ചത്. അദ്ദേഹം ഒരു വലിയ ധനതത്വ ശാസ്ത്രജ്ഞൻ ആയിരുന്നെങ്കിലും മനുഷ്യ സ്വഭാവത്തെക്കുറിച്ച് ആഴമായി പഠിച്ചിരുന്നില്ല. 'അവൻ പരാക്രമശാലിയെങ്കിലും കുഷ്ഠരോഗിയായിരുന്നു' (2 രാജാ. 5:1) എന്നു നയമാനെക്കുറിച്ചു പറഞ്ഞ വാചകമാണ് എല്ലാ മനുഷ്യനെക്കുറിച്ചും പറയേണ്ടത്. പരിഷ്കാരം, വിദ്യാഭ്യാസം, ശാസ്ത്രം, കല, കണ്ടുപിടിത്തം, ബഹിരാകാശയാത്ര ഇവയെല്ലാം നടത്തുന്ന പരാക്രമശാലിയായി മനുഷ്യൻ തീർന്നിട്ടുണ്ടെങ്കിലും, മഹാത്മാഗാന്ധിമാരെ വെടിവയ്ക്കുവാനും, മനുഷ്യത്വമില്ലാത്ത ചൂഷണം നടത്തുവാനും, അണുബോംബിടുവാനും, രോഗാണുക്കൾ വർദ്ധിക്കുന്ന ബോംബ് ഇടുവാനും പ്രേരിപ്പിക്കുന്ന പാപകുഷ്ഠം മനുഷ്യനിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുതലാളിത്ത രാജ്യത്തിലും കമ്മ്യൂണിസ്റ്റു രാജ്യത്തിലും മദ്യവും മയക്കുമരുന്നും കൂടിക്കൊണ്ടിരിക്കുന്നു. കള്ളപ്പണം കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ ചെലവാക്കുവാൻ മാർഗം ഇല്ലാതാക്കി കൊടുത്തിട്ടു പോലും അവിടെയും മനുഷ്യൻ കള്ളപ്പണം അൽപമായിട്ടെങ്കിലും ഉണ്ടാക്കുന്നു. മനുഷ്യാവകാശ ധ്വംസനം ഏറ്റക്കുറച്ചിലിനോടുകൂടി എങ്കിലും ഇല്ലാത്ത രാജ്യങ്ങളില്ല. ഇങ്ങനെയുള്ള പാപകുഷ്ഠം ഇല്ലാത്ത ഒരു വ്യവസ്ഥിതി യാതൊരു ഇസം കൊണ്ടും സംജാതമാക്കുവാൻ സാദ്ധ്യമല്ല. അപ്പോൾ പിന്നെ എന്താണ് പരിഹാരമാർഗമെന്ന് കൂലങ്കഷമായി ചിന്തിക്കണം. ചരിത്രത്തിൽ ആരംഭിച്ചിട്ടുള്ളതും തുടർന്നുകൊണ്ടിരിക്കുന്നതും നിത്യതയിൽ മാത്രം പൂർത്തീകരിക്കപ്പെടുന്നതുമായ ദൈവരാജ്യത്തിന്റെ സുവിശേഷമാണ് ഇന്നു പ്രചരിപ്പിക്കേണ്ടത്. മുതലാളിത്തവും സോഷ്യലിസവും പരസ്പരം സംയോജിപ്പിച്ച് ഉത്തരവാദിത്വമുള്ള സമൂഹം സംജാതമാക്കേണ്ടതാണ്. ഇത് ക്ഷിപ്രസാദ്ധ്യമാണെന്ന് ആരും അവകാശപ്പെടുന്നില്ല. എന്നാൽത്തന്നെയും അതിന്റെ പൂർണതയും മാർഗങ്ങളും എല്ലാവരും ചിന്തിക്കേണ്ടതും സുവിശേഷ പ്രവർത്തകർ പ്രത്യേകം പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും പ്രായോഗികമാക്കേണ്ടതുമാണ്. അതിനായി ഇതിന്റെ ലക്ഷണങ്ങൾ പരിശോധിക്കാം.

(A) സോഷ്യലിസത്തിന്റെ സാമൂഹ്യ നീതിയും മുതലാളിത്തത്തിന്റെ വ്യക്തിസ്വാതന്ത്ര്യവും ഒരുമിപ്പിച്ചു കൊണ്ടുപോകാവുന്ന ഒരു വ്യവസ്ഥിതി ആയിരിക്കണം ഇത്. ആദ്യം യെരുശലേം സഭ പ്രായോഗികമാക്കിയ പൊതുഉടമയും പങ്കിടീലും മുട്ടുള്ളവരില്ലാത്ത വ്യവസ്ഥിതിയും ഇപ്രകാരമുള്ളതായിരുന്നു. അന്ന് അത് പ്രയോഗത്തിൽ വരുത്തിയ പരിശുദ്ധാത്മാവ് ഇന്നും സഭയിലും ലോകത്തിലും പ്രവർത്തിക്കുന്നതുകൊണ്ട് അചിരേണ ക്രമേണയെങ്കിലും അതു വരുത്തുവാൻ പ്രേഷിത പ്രവർത്തകർക്കു കടപ്പാടുണ്ട്. ആധുനിക യിസ്രായേലിലെ കബൂട്ട്സ് (Kubutz) സമൂഹം പോലെയും ലാറ്റിൻ അമേരിക്കയിലെ അടിസ്ഥാന സമൂഹങ്ങൾ പോലെയും ചെറിയ ചെറിയ പങ്കിടുന്ന സംഘങ്ങൾ ഒട്ടുവളരെ ഭാരതത്തിൽ ഉളവാക്കുവാൻ ദേശീയ ക്രിസ്തീയ മിഷനറിമാർ സർവ്വോദയ സഹോദരങ്ങളോടും, മുസ്ലീം സഹോദരങ്ങളോടും മതേതര സംഘങ്ങളോടും ചേർന്നു കൈകോർത്തു പിടിച്ച് പ്രായോഗികമാക്കണം.

(B) മുതലാളിത്ത വ്യവസ്ഥിതിയിൽകൂടി റോട്ടറി ക്ലബ്ബുകാരും മദർ തെരേസാമാരും നടത്തുന്ന സേവനം മുതലാളിത്ത വ്യവസ്ഥിതിയുടെ സ്വാർത്ഥതയും തിന്മയും മറച്ചുവയ്ക്കുവാൻ സാദ്ധ്യത ഉള്ളതാകകൊണ്ട് സോഷ്യലിസ്റ്റുകാർ വാദിക്കുന്ന സ്വത്തിന്റെ പൊതുഉടമ അചിരേണ വരുത്തുവാൻ ക്രിസ്തീയ മിഷനറിമാർ തയ്യാറാകണം. എന്നാൽ സ്നേഹ പ്രവർത്തനം നീതിക്ക് ആക്കം കൂട്ടുന്ന വിധത്തിൽ തുടരേണ്ടി വരും. മുറിവേറ്റു കിടക്കുന്ന യഹൂദ സഹോദരനെ നല്ല ശമരിയാക്കാരൻ സത്രത്തിൽ കൊണ്ടാക്കിയ പ്രവർത്തനംകൊണ്ട് തൃപ്തിപ്പെടണമെന്നു മുതലാളിത്ത വ്യവസ്ഥിതി ആഗ്രഹിക്കുന്നു. അതു പോരാ തുടർന്നു കൊള്ള നടത്തുന്ന കൊള്ളക്കാരെ കണ്ടുപിടിച്ച് ജയിലിൽ അടയ്ക്കുകയോ മാനസാന്തരപ്പെടുത്തുകയോ വേണമെന്ന് കമ്മ്യൂണിസം വാദിക്കുന്നു. യഥാർത്ഥത്തിൽ ഇതു രണ്ടും ആവശ്യമാണ്. ദൈവരാജ്യത്തിന്റെ ആഗമനം ആഗ്രഹിക്കുന്ന സുവിശേഷ പ്രവർത്തകർ ഇതിൽ ഒന്നിൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്നത് സന്തുലിതമായ ചിന്താഗതിയുടെ അഭാവത്താലാണ്.

(C) രക്തരൂഷിത വിപ്ലവം കൊണ്ടായാലും മുതലാളിത്തത്തെ തറപറ്റിക്കേണ്ടതാണെന്നു കമ്മ്യൂണിസം പഠിപ്പിക്കുന്നു. സ്വന്ത അനീതിയും അക്രമവും മറച്ചുവയ്ക്കുവാനായി എല്ലാ മാറ്റങ്ങൾക്കും എതിരെ മുതലാളിത്തം യാഥാസ്ഥിതിക ചിന്താഗതി വച്ചു പുലർത്തുന്നു. വിപ്ലവം വേണ്ട, പരിണാമം മതിയെന്ന് മുതലാളിത്തം വാദിക്കുന്നു. ദൈവരാജ്യാഗമനം ആഗ്രഹിക്കുന്നവർ ദരിദ്രരോട് ഏകീഭവിച്ച് അവർക്ക് ബോധവൽക്കരണം നടത്തി ജനാധിപത്യത്തിന്റെ വോട്ടുപെട്ടി ഉപയോഗിച്ച് സ്ഥിതിസമത്വ വ്യവസ്ഥിതി വളരണമെന്ന് ആഗ്രഹിക്കുകയും, അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. രാഷ്ട്രീയം മലീമസമാണെന്നുള്ള വലതുപക്ഷ

ചിന്താഗതി അനീതി തുടരുവാനുള്ള ഒരു മാർഗ്ഗമാണ്. നല്ല ആളുകൾ രാഷ്ട്രീയത്തിൽ പ്രവേശിച്ച് അതിലൂടെ മാറ്റങ്ങൾക്കുവേണ്ടി ശ്രമിക്കേണ്ടത് ഇന്നിന്റെ ഒരാവശ്യമാണ്.

(D) നിരീശ്വരപരമായ കമ്മ്യൂണിസവും നിർമനുഷ്യത്വപരമായ മുതലാളിത്തവും ക്രിസ്തുവിന്റെ സുവിശേഷവേലയ്ക്ക് ഒരുപോലെ വർജ്യമാണെങ്കിൽത്തന്നെയും ഈ രണ്ട് അപൂർണ്ണ വ്യവസ്ഥിതികളെയും ഒരുമിപ്പിച്ച്, ഈശ്വര വിശ്വാസത്തിൽ അടിസ്ഥാനമിട്ട ഒരാഗോള സാഹോദര്യം സൃഷ്ടിച്ചേ മതിയാകൂ. ഒരു പൊതുപിതാവില്ലെങ്കിൽ മനുഷ്യർ തമ്മിൽ സഖാക്കളാകുകയല്ലാതെ സഹോദരങ്ങൾ ആകുവാൻ സാദ്ധ്യതയില്ല. എല്ലാവരും ത്രിയേക ദൈവത്തിന്റെ മക്കളാണെന്നും ഒന്നുമില്ലായ്മയിൽനിന്ന് എല്ലാം സൃഷ്ടിച്ച ദൈവം മാത്രം എല്ലാറ്റിന്റെയും ഉടമയാണെന്നും അദ്ദേഹത്തിന്റെ ഉടമസ്ഥാവകാശം തന്റെ മക്കളായ കാര്യവിചാരകന്മാർക്ക് കൊടുത്തിട്ടില്ലെന്നും സ്വർഗീയ അപ്പന്റെ സ്വത്തിന്മേൽ എല്ലാവർക്കും ന്യായമായ അവകാശം ഉണ്ടെന്നും എല്ലാവരെയും ബോധവാന്മാരാക്കുവാനുള്ള കടമയാണ് എല്ലാ ദൈവരാജ്യ പ്രജകൾക്കുമുള്ളത്. ഒരുവൻ ഈശ്വരവിശ്വാസി ആയതുകൊണ്ടു മാത്രം സ്വർഗ്ഗത്തിന്നവകാശി ആകണമെന്നില്ല. അങ്ങനെയാണെങ്കിൽ പിശാചുക്കളും സ്വർഗത്തിനവകാശികളാകും. ദൈവം ഏകനെന്ന് നീ വിശ്വസിക്കുന്നുവോ? കൊള്ളാം, പിശാചുക്കളും അങ്ങനെ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു (യാക്കോ. 2:19). പിശാചിന്റെ പാപം നിരീശ്വരത്വമല്ല, നിർമനുഷ്യത്വമാണ്. കമ്മ്യൂണിസത്തിന്റെ നിരീശ്വരത്വത്തിന് പ്രേരണ മുതലാളിത്തത്തിന്റെ നിർമനുഷ്യത്വമാകുന്നു. ദൈവത്തിലുള്ള ആഴമായ വിശ്വാസവും, അതിൽ നിന്നുത്ഭവിക്കുന്ന ആഗോള സാഹോദര്യവുമാണ് ദൈവരാജ്യത്തിന്റെ ഒരു പ്രധാന ലക്ഷണം.

(E) മേൽപ്പറഞ്ഞപ്രകാരം മുതലാളിത്തത്തെയും കമ്മ്യൂണിസത്തെയും സംയോജിപ്പിക്കുവാൻ വർഗരഹിത സമൂഹത്തിന്റെ ദൈവശാസ്ത്രം അത്യന്താപേക്ഷിതമാണ്. കറുത്തവരുടെ ദൈവശാസ്ത്രവും വിമോചന ദൈവശാസ്ത്രവും അടിച്ചമർത്തപ്പെട്ടവരുടെ ദൈവശാസ്ത്രവും ചൂണ്ടിക്കാണിക്കുന്നത് ഒരു വർഗരഹിത ദൈവശാസ്ത്രത്തെ തന്നെയാണ്. വർഗരഹിത ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനതത്വം, ദൈവം കറുത്തവൻ ആണെന്നുള്ളതല്ല, വിമോചനം ചരിത്രത്തിന് മാത്രമുള്ളതാണെന്നല്ല, അടിച്ചമർത്തപ്പെട്ടവരാണ് ദൈവശാസ്ത്രത്തിന്റെ വക്താക്കൾ എന്നുള്ളതല്ല പ്രത്യുത ഈ ദൈവശാസ്ത്രങ്ങളുടെ എല്ലാം അടിസ്ഥാനം, വിശുദ്ധ ത്രിത്വം ആണെന്നുള്ളതത്രേ. വിശുദ്ധ ത്രിത്വത്തിലെ വ്യത്യാസവും സമത്വവും പരസ്പരം ദുർബലപ്പെടുത്താതെ ഒരുമിച്ചു കൊണ്ടുപോകുന്ന ഒരു ദൈവശാസ്ത്രമാണ് അചിരേണ ഉടലെടു

ക്കേണ്ടത്. മുൻപറഞ്ഞ വിവിധ ദൈവശാസ്ത്രജ്ഞന്മാർ സമത്വവും സാഹോദര്യവും മനുഷ്യാവകാശവും പങ്കിടീലും സാമൂഹികനീതിയും വർഗരഹിത ദൈവശാസ്ത്രവും ആവശ്യപ്പെടുന്നു. കഴിയുന്നതും രക്ത രൂഷിത വിപ്ലവം കൂടാതെ സമാധാനപരമായി രാഷ്ട്രീയ മാർഗങ്ങളും ദൈവരാജ്യത്തിന്റെ പഠിപ്പിക്കലും, സ്വയപരിത്യാഗവും, വചനത്തിന്റെ ആഗോളതയും പിതാവായ ദൈവത്തിന്റെ മഹത്വവും, പുത്രനായ ദൈവ ത്തിന്റെ വീണ്ടെടുപ്പും, പരിശുദ്ധാത്മാവായ ദൈവത്തിന്റെ പ്രതികര ണവും ദൈവരാജ്യ പ്രചാരകന്മാരുടെ മാർഗവും ലക്ഷ്യവുമായിരിക്കണം.

ഈ അദ്ധ്യായം വായിക്കുന്ന പലർക്കും ഇതിലെ പല നിർദ്ദേശങ്ങളും വെറും അപ്രായോഗികമായ ആദർശവാദമാണെന്നു തോന്നിയേക്കും. ‘ആകയാൽ നിങ്ങളുടെ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും സൽഗുണ സമ്പൂർണ്ണരാകുവിൻ’ (മത്താ. 5:48) എന്ന കർത്താവിന്റെ പഠിപ്പിക്കലും യഥാർത്ഥത്തിൽ അപ്രായോഗികമല്ലേ? എന്നാൽ പൂർണ്ണതയ്ക്കുവേണ്ടിയുള്ള വാഞ്ച നമ്മുടെ പൂർണ്ണതയ്ക്കു തന്നെ ആവശ്യമാണ്. ‘മനുഷ്യർക്ക് അസാദ്ധ്യം തന്നെ, ദൈവത്തിന് അല്ല താനും, ദൈവത്തിന് സകലവും സാദ്ധ്യമല്ലോ’ (മർക്കോസ് 10:27). ദൈവ ത്തിന്റെ ബലം മനുഷ്യനല്ല, ദൈവം തന്നെയാണ്. ആ ത്രിയേക ദൈവ ത്തിന് സ്വയം സമർപ്പിക്കുന്നവരെ ദൈവരാജ്യത്തിന്റെ ചരിത്രത്തിലും നിത്യതയിലും ദൈവം ഉപയോഗിച്ചുകൊള്ളും.

കമ്മ്യൂണിസവും മുതലാളിത്തവും രണ്ടു വിഭിന്ന ധ്രുവങ്ങളിൽ നിന്നാൽ അവയുടെ സംയോജിപ്പു നടക്കുകയില്ല. രണ്ടും തമ്മിൽ ആശ യവിനിമയവും, പങ്കിടീലും നടക്കണം. ഇരുമ്പു മറയും മുളമറയും ഇന്നു മാറിക്കൊണ്ടിരിക്കുകയാണ്. ടൂറിസ്റ്റുകൾ പ്രതിവർഷം ഏറിക്കൊണ്ടിരി ക്കുന്നു. ചൈന സന്ദർശിക്കുന്നവർ പലരും അവിടെ നടന്ന മാറ്റങ്ങളെ ക്കുറിച്ച് അത്ഭുതം കൂറിയാണ് മടങ്ങിവരുന്നത്. കമ്മ്യൂണിസ്റ്റു രാജ്യങ്ങ ളിൽ നിന്നും മുതലാളിത്ത രാജ്യങ്ങൾ സന്ദർശിക്കുന്നവരുടെ എണ്ണം ഇനിയും കൂടേണ്ടിയിരിക്കുന്നു. പരസ്പരം നേരിട്ടു കണ്ടു മനസ്സിലാക്കു വാൻ സോഷ്യലിസ്റ്റു ബ്ലോക്കിനും ജനാധിപത്യബ്ലോക്കിനും ഉള്ള അവ സരം കൂടുന്നതുതന്നെ  പരസ്പര പ്രേരണ ചെലുത്തുവാൻ ആവശ്യ മാണ്. ഇതിന്റെ ഫലമായി മുതലാളിത്തം കൂടുതൽ നീതിയും കമ്മ്യൂ ണിസം കൂടുതൽ  സ്വാതന്ത്ര്യവും ഉൾക്കൊള്ളുമെന്നാശിക്കാം. ദൈവിക പങ്കിടീൽ എല്ലാ വിധത്തിലും ഏറിവരുമ്പോൾ മനുഷ്യരാജ്യങ്ങൾ ദൈവ രാജ്യമായി രൂപാന്തരപ്പെടും.

## പാഠം 6

# പ്രേഷിതവൃത്തി: ആധുനിക സമീപനങ്ങൾ

ഇന്ന് പല സ്ഥലത്തും നടത്തുന്ന ക്രൂസേഡുകളും അത്ഭുത രോഗ ശാന്തികളും ക്രിസ്തുവിന്റെ തിരുനാമ മഹത്വത്തിനും, കർത്താവ് കാണിച്ച മാതൃകയ്ക്കും അനുസാരമല്ലാത്തതിനാൽ അതിനു തുനിയരുത്. നമ്മുടെ നാഥൻ രോഗശാന്തി കൊടുത്തവരോട് 'ആരോടും പറയരുത്' എന്ന നിർദ്ദേശമാണ് കൊടുത്തത്. അത്ഭുതം കാണിച്ച് ആളുകളെ വിശ്വസിപ്പിക്കുവാൻ പിശാച് ആവശ്യപ്പെട്ടെങ്കിലും യേശു അത് ചെയ്തില്ല. അമേരിക്കയിൽ അത്ഭുത രോഗശാന്തി വരമുള്ള റ്റി. വി. സുവിശേഷകനായി 70 ഡോളറുമായി രംഗപ്രവേശം ചെയ്ത് കോടീശ്വരനായിരിക്കുന്ന പാറ്റ് റോബേർട്സൺ അമേരിക്കൻ പ്രസിഡന്റായി റീഗന്റെ പിൻഗാമിയാകാൻ ശ്രമം തുടങ്ങിയിരുന്നു. ഇപ്രകാരമുള്ള സുവിശേഷവേല കൊണ്ട് ഇന്ത്യയിൽ ക്രിസ്തുവിന്റെ മാർഗം കാട്ടാനാവില്ല. സഭാചരിത്രത്തിൽ രോഗശാന്തി വരം ഉള്ള വ്യക്തികൾ ഇല്ല എന്നല്ല; ഇന്ന് ആ പേരിൽ നടത്തുന്ന പല ക്രൂസേഡുകളും ക്രിസ്തീയമല്ല എന്നതാണ് സത്യം. രോഗശാന്തിക്കായി അമ്പലങ്ങളിലും മോസ്ക്കുകളിലും നേർച്ച കാഴ്ചകൾ അർപ്പിക്കുന്നവരേക്കാൾ പള്ളികളിലും അത്ഭുതരോഗശാന്തി പന്തലുകളിലും നേർച്ചയിടുന്നവർക്ക് കൂടുതൽ സൗഖ്യം ലഭിക്കുന്നതായി തെളിയുന്നുണ്ടോ? ക്രിസ്തീയ ആശുപത്രികൾ വഴി ലഭിക്കുന്ന രോഗശാന്തി ദൈവം നല്കുന്നതല്ലേ? 'ഒന്നു വച്ചാൽ രണ്ടു കിട്ടും' എന്ന പ്രമാണമനുസരിച്ച് രോഗശാന്തി വിറ്റു പണം സമ്പാദിക്കുന്നതിന് വേദപുസ്തകത്തിൽ എവിടെയാണ് അനുവാദം നൽകിയിരിക്കുന്നത്? സുവിശേഷവേല ആദായ മാർഗമാക്കുവാനുള്ള പ്രവണത ഒരു വലിയ പരീക്ഷയാണ്. അതിൽ വീണുപോയാൽ ക്രിസ്തീയ ദൗത്യം പരാജയപ്പെടും.

### 1) ഉണ്ണാനും ഉടുപ്പാനുമുണ്ടെങ്കിൽ മതി എന്നു വയ്പീൻ (1 തീമോ. 6:8)

1 കൊരി. 9-ൽ സുവിശേഷം അറിയിക്കുന്നവർ 'സുവിശേഷത്താൽ ജീവിക്കണം' എന്ന കർത്തൃകല്പനയും 'മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരുത്' എന്ന ന്യായപ്രമാണ വാക്യവും വി. പൗലോസ് ഉദ്ധരിക്കുന്നെങ്കിലും ഇത് ഒന്നും താൻ പ്രയോഗിച്ചിട്ടില്ല എന്നു പറയുന്നു. അദ്ദേഹം സ്വന്ത കൈ കൊണ്ട് അദ്ധ്വാനിച്ചാണ് സുവിശേഷവേല ചെയ്തത്. ഇന്നും അങ്ങനെ ചെയ്യുന്നവരുണ്ട്. ഏതായാലും മിഷണറിയുടെ ജീവിതത്തിൽ, സുഖലോലുപത്വം പാടില്ല. സഭ തന്നെ യേശുക്രിസ്തുവിന്റെ മനസനുസരിച്ചു ജീവിക്കേണ്ട ശരീരമാകയാൽ സ്വർണ്ണാ

ഭരണങ്ങളും സ്വർണ്ണക്കുരിശുകളും വർജിക്കുന്നതാണ് നല്ലത്. മറ്റുള്ള വർക്ക് അത്യാവശ്യത്തിനു പോലും പണമില്ലാതെ വിഷമിക്കുമ്പോൾ ക്രിസ്തുവിന്റെ മനസ്സുള്ളവർ അവരുമായി പങ്കിടുന്നതിലാണ് ആനന്ദം കണ്ടെത്തേണ്ടത്. ബിഷപ്പ് പെക്കൻഹാം വാൽഷ് ഒരു ടോർച്ച്ലൈറ്റ് വാങ്ങാൻ പോലും പൊതു പണം ഉപയോഗിക്കാതിരിക്കവെ 'സ്വന്തയാ വശ്യത്തിനുപയോഗിക്കണം' എന്ന നിർബന്ധത്തിൽ ആരോ അഞ്ചു രൂപ അയച്ചപ്പോഴാണ് ടോർച്ച് വാങ്ങിയത്. ബിഷപ്പ് സ്റ്റീഫൻ നീൽ ഇംഗ്ലണ്ടിൽ പോയപ്പോൾ ഉപേക്ഷിച്ചിട്ടു പോയ കീറിയ കുപ്പായങ്ങൾ വാങ്ങിക്കൊണ്ടു വന്ന് ഭാര്യയെക്കൊണ്ട് കീറൽ തൈപ്പിച്ച് അദ്ദേഹം ഉപയോഗിച്ചതായി എനിക്ക് നേരിട്ടറിയാം. ത്യാഗികൾക്ക് മാത്രമേ ഭാരതത്തിൽ സുവിശേഷ വേല ചെയ്യാൻ അർഹതയുള്ളു.

## 2) വി. വേദപുസ്തകവും മറ്റു മതഗ്രന്ഥങ്ങളും പഠിക്കണം

ഡയലോഗിനെക്കുറിച്ചുള്ള അദ്ധ്യായത്തിൽ ഈ കാര്യം വിശദീകരി ച്ചിട്ടുണ്ടല്ലോ. മാക്സ് മുള്ളർ പ്രസിദ്ധീകരിച്ച 'സേക്രഡ് ബുക്സ് ഓഫ് ദി ഈസ്റ്റ് സീരീസ്' പാശ്ചാത്യ ക്രിസ്തീയ മിഷണറിമാർക്കും മറ്റു മത ങ്ങൾ പഠിക്കുവാൻ സൗകര്യമുണ്ടാക്കി കൊടുത്തു. ജർമ്മൻ, ഇംഗ്ലീഷ്, ഫ്രഞ്ചു ഭാഷകളിൽ ഈ ബൃഹത്ത് പരമ്പരയിൽ ഈ അമ്പത് വാല്യ ങ്ങൾ ലഭിക്കും. എന്നിട്ടും പാശ്ചാത്യ മിഷനറിമാർ പലരും തുറന്ന മന സ്സോടുകൂടി ഭാരത മതങ്ങൾ പഠിച്ചിട്ടില്ല. 'സകലതും പരിശോധിച്ച് നല്ലത് മുറുകെ പിടിക്കുക' (1 തെസ. 5:21) എന്ന കല്പന മറ്റുള്ളവരെപ്പോലെ നമുക്കും ബാധകമാണ്. യേശുക്രിസ്തുവിനെ മറ്റു മതസ്ഥാപകന്മാരു മായി താരതമ്യപ്പെടുത്തുവാനല്ല, അവനിലുള്ള പൂർണ്ണ സത്യം ഭാഗിക മായി എല്ലായിടത്തും ഉള്ളത് മനസ്സിലാക്കുവാനാണ് എല്ലാം ശോധന ചെയ്യേണ്ടത്. നന്മ എവിടെ ഉണ്ടെങ്കിലും അത് ദൈവത്തിൽ നിന്നാക യാൽ സ്വീകരിക്കാം.

## 3. പ്രാദേശിക ഭാഷയും സംസ്കാരവും പഠിക്കണം

'യഹൂദന്മാരെ നേടേണ്ടതിന് യെഹൂദന്മാർക്ക് യെഹൂദനെപ്പോലെ യായി' (1 കൊരി. 9:20) എന്ന് വി. പൗലോസ് സ്വാനുഭവം ചൂണ്ടിക്കാണി ച്ചിരിക്കുന്നത് മലയാളികൾ കാര്യമായി എടുക്കുന്നില്ല. നാം എവിടെപ്പോ യാലും മലയാള ഭാഷയും ഭക്ഷണരീതിയും, സംസ്ക്കാരവും മുറുകെപ്പി ടിക്കുന്നതല്ലാതെ അതതു സ്ഥലത്തെ ഭാഷയിൽ ആരാധനയോ സാക്ഷ്യമോ നടത്തുന്നില്ല. ഭാരത സുവിശേഷവല്ക്കരണത്തിന് ഇതൊരു തടസ്സമാണ്. ആന്ധ്രയിൽ സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിൽ പ്രവർ ത്തിക്കുന്നവർ തെലുങ്കുഭാഷ പഠിച്ച്, തെലുങ്കു കുട്ടികളെ എടുത്തു വളർത്തുന്നുണ്ട് എന്നത് ഒരു നല്ല കാൽവയ്പാണ്. കേരളത്തിലെ മറ്റു

പല സഭക്കാരും ഇതു ചെയ്യുന്നുണ്ട്. ഹിന്ദിയിലും, തമിഴിലും ഓർത്ത ഡോക്സ് സഭയുടെ വി. കുർബ്ബാനക്രമം തർജ്ജമ ചെയ്ത് അച്ചടിച്ചെ ങ്കിലും അവ ഉപയോഗിക്കുന്നതിൽ വേണ്ടത്ര ഉത്സാഹം കാണുന്നില്ല. ദൗത്യബോധം വർദ്ധിക്കുമ്പോൾ ഈ കുറവ് പരിഹരിക്കപ്പെടും എന്നാ ശിക്കാം.

### 4) അരോഗദൃഢഗാത്രനായിരിക്കണം

സ്വന്ത നാടും വീടും വിട്ട് ഭാരത ഗ്രാമങ്ങളിൽ ഗ്രാമോദ്ധാരണം നടത്തി ക്രിസ്തീയ സ്നേഹം കാണിക്കണമെങ്കിൽ കഠിനാദ്ധ്വാനത്തിനു പറ്റിയ ശരീരവും മനസ്സും ആത്മാവുമുള്ള ഒരു ടീം തന്നെ വേണം. 'വൈദ്യാ നിന്നെത്തന്നെ സൗഖ്യമാക്കുക' (ലൂക്കോസ് 4:23) എന്ന് മറ്റുള്ളവർ തന്നോട് പറയുമെന്ന് മ്ശീഹായ്ക്ക് അറിയാമായിരുന്നു. സുവിശേഷ വേലയ്ക്കു പോകുന്നവർക്ക് രോഗമായാൽ ആ സ്ഥലക്കാർക്ക് ഒരു ഭാര മാകയല്ലാതെ സഹായമാകയില്ല. മിഷൻ പരിശീലനകേന്ദ്രങ്ങളിൽ കളി കളും, ശരീരാദ്ധ്വാനവും, നല്ല ഭക്ഷണവും നൽകേണ്ടതാണ്. നോമ്പും നമസ്ക്കാരവും കുമ്പിടീലും ഉള്ള സഭാവിഭാഗങ്ങൾ അതു തുടർന്നാൽ ശരീരാത്മ ദേഹികൾക്ക് ആരോഗ്യദായകമായിരിക്കും. മിഷൻ വയൽ പ്രദേ ശത്തുള്ളവർക്ക് കളിയും, വ്യായാമവും, ഭക്ഷണവും മരുന്നും ജോലിയും കൊടുക്കുന്നതിനുള്ള കഴിവ് മിഷണറിമാർക്കുണ്ടായിരിക്കണം. കുരുടന് കുരുടനെ വഴി കാട്ടാൻ സാദ്ധ്യമല്ലല്ലൊ.

### 5) ആദ്ധ്യാത്മികത, പുണ്യപരിശീലനം, പ്രാർത്ഥന

ഹിന്ദുമതത്തിന്റെ ഈറ്റില്ലമായ ഭാരതത്തിൽ ഈ ഗുണങ്ങൾ മറ്റേതു രാജ്യങ്ങളേക്കാൾ കൂടുതൽ ആവശ്യമാണ്. ആര്യസംസ്കാരവും, ദ്രാവിഡ സംസ്കാരവും സംഗമിച്ചിരിക്കുന്ന ആർഷഭാരതത്തിൽ ഭൗതി കവാദം വേരുപിടിക്കാൻ പ്രയാസമാണ്. എന്നാൽ ആദ്ധ്യാത്മികതയ്ക്കു മുൻതൂക്കം കൊടുക്കുന്നവർ ഭൗതികത്വത്തിന്റെ ആത്മികത ജീവിത ത്തിൽ കാണിക്കേണ്ടിയിരിക്കുന്നു. കൃഷി, കച്ചവടം, വ്യവസായം, ഉദ്യോഗം മുതലായ എല്ലാ രംഗങ്ങളിലും സത്യവും നീതിയും ആത്മിക ചൈതന്യവും കാണിക്കുന്നവർ ആരോ അവരാണ് യഥാർത്ഥ ആദ്ധ്യാ ത്മികതയുള്ളവർ. ഭക്തി പരിശീലനം ജീവിതത്തിന്റെ എല്ലാത്തുറകളിലും അതിന്റെ അലകൾ അടിച്ചിരിക്കുന്നത് അയൽക്കാർ കാണണം. യേശു ക്രിസ്തു നമ്മുടെ മനഃസാക്ഷിയായിത്തീർന്നാൽ നാം ആത്മികരാണെന്ന് പ്രസംഗം കൂടാതെ ആളുകൾ കണ്ടുപിടിക്കും. പണ സമ്പാദനത്തിന് ഏതു വളഞ്ഞ വഴിയും ഉപയോഗിക്കുന്ന ഇക്കാലത്ത് യഥാർത്ഥ ആത്മി കത വളരെ പ്രയാസമുള്ള കാര്യമാണ്. ഒരു പക്ഷെ അവർ ക്രിസ്തുവി നെപ്പോലെ ക്രൂശിക്കപ്പെട്ടു എന്നു വരാം. എന്നാൽ മൂന്നാം ദിവസം

ആദ്ധ്യാത്മികർക്കും ഉയിർപ്പുണ്ടാകും. ഇന്നത്തെ കൈക്കൂലിയും ദ്രവ്യാഗ്രഹവും സുഖലോലുപതത്തിനുള്ള പരക്കംപാച്ചിലും അധികം കാലം നിലനിൽക്കയില്ല. 'സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ, പുകഴ്ച്ചയോ, അതൊക്കെയും ചിന്തിച്ചുകൊൾവീൻ' (ഫിലി. 4:8). ഇതാണ് യഥാർത്ഥ ആത്മികത. ഊനമറ്റതും മാതൃകാപരവും ലളിതവുമായ ജീവിതമില്ലാത്ത ആദ്ധ്യാത്മികത ദൈവമോ, മനുഷ്യരോ സ്വീകരിക്കാത്തതും ചിലർക്കു മാത്രം സ്വയം സംതൃപ്തി നല്കുന്നതുമാണ്. മിഷണറിയിൽ നിന്നു പ്രതീക്ഷിക്കുന്നത് ആരാധനയും സാക്ഷ്യവും ഒരുമിച്ചു കൊണ്ടു പോകുന്ന ഭക്തിപരിശീലനമാണ്. യഥാർത്ഥ പ്രാർത്ഥനാ ജീവിതമുള്ളവർക്കേ ഈ ആദ്ധ്യാത്മികത കൈവരൂ. പരസ്യ പ്രാർത്ഥന കൊണ്ടു തൃപ്തിപ്പെടാതെ രഹസ്യ പ്രാർത്ഥനയ്ക്കു ധാരാളം സമയമെടുക്കണം.

### 6) എക്യുമെനിക്കൽ വീക്ഷണം

19-ാം നൂറ്റാണ്ടിൽ വേൾഡ് കൺഫഷനിലിസം എന്ന പ്രതിഭാസം അനുസരിച്ച് ബാപ്റ്റിസ്റ്റുകാർ, പ്രസ്ബിറ്റീറിയൻസ്, മെഥോഡിസ്റ്റ് സഭകൾ, ലൂഥറൻ സഭകൾ മുതലായവർ സമാന്തരമായ സുവിശേഷവേല ആഗോളമായി നടത്തിയതിന്റെ ഫലമായി സുവിശേഷ പ്രചരണം കാര്യമായി നടന്നു എന്ന നന്മയുണ്ടെങ്കിലും, പ്രാദേശിക എക്യുമെനിസമോ ആഗോള എക്യുമെനിസമോ ഉണ്ടായില്ല എന്ന ന്യൂനതയുണ്ടായി. 20-ാം നൂറ്റാണ്ടിൽ എക്യുമെനിസം പരീക്ഷിച്ചു നോക്കിക്കൊണ്ടിരുന്നെങ്കിലും വിജയിച്ചു എന്നു പറയാറായിട്ടില്ല. സഭകൾ യോജിക്കാതെ മിഷൻ വിജയിക്കുകയില്ല. മിഷൻ രംഗത്താണ് സി.എസ്.ഐ സഭ 1947 സെപ്തംബർ 27-ാം തീയതി ഉണ്ടായത് എന്ന സത്യം എക്യുമെനിസവും മിഷനും തമ്മിലുള്ള അഭേദ്യബന്ധം കാണിക്കുന്നു. ഒരു സഭയിൽ നിന്നു മറ്റൊന്നിലേക്ക് ആൾ പിടിക്കുന്ന രീതി സഭായോജിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ക്രിസ്തീയ സ്നേഹമായ മിഷനും വിശ്വാസ പ്രഖ്യാപനമാകുന്ന സുവിശേഷഘോഷണവും ഒരുമിച്ചു കൊണ്ടുപോകേണ്ടതാണ്. അതിനാൽ ക്രിസ്തേതരരുടെയിടയിൽ പലർ ചെന്നു അവരവരുടെ സഭയിൽ ചേർക്കുന്ന രീതി മാറ്റിയിട്ട് പൊതു വ്യവസ്ഥകൾ അംഗീകരിച്ച് സൗമ്യഗുണം കാണിച്ച് വേല സ്ഥലങ്ങൾ വിഭജിക്കണം. ഏതെങ്കിലും ഒരു സഭ തെരഞ്ഞെടുത്ത മേഖല അവർക്ക് സംവരണം ചെയ്തിട്ട് ആരും പ്രവർത്തിക്കാത്ത വയൽ തെരഞ്ഞെടുക്കണം. ഒന്നിലധികം സഭകൾ നേരത്തെ തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്ത് പരസ്പരധാരണയിലും ഐകമത്യത്തിലും യോജിച്ച് ചെയ്യാവുന്നവയെല്ലാം ഒരുമിച്ചു തന്നെ ചെയ്യണം. ദൃഷ്ടാന്തമായി ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാമൂഹിക സേവനങ്ങൾ. 'ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ?' (1 കൊരി.

1:13) എന്നു മറ്റുള്ളവർ ചോദിപ്പാൻ ഇടയാകരുത്. ഒരേ ക്രിസ്തുവിനെ പ്രസംഗിക്കുന്നവർ പല വിധത്തിൽ പ്രസംഗിച്ചാൽ സാക്ഷ്യം ബലഹീനമാകും. അതിനാലാണ് ദൈവശാസ്ത്രപരമായ പഠനം വഴി വിശ്വാസകാര്യത്തിൽ ഐക്യം ഉണ്ടാകേണ്ടത്. മാമോദീസാ, തിരുവത്താഴം, പട്ടത്വം എന്ന വിഷയത്തെക്കുറിച്ചുള്ള അഖിലലോക സഭാകൗൺസിലിന്റെ വിശ്വാസവും പട്ടത്വവും കമ്മീഷന്റെ രൂപരേഖ ഐക്യത്തിന് സഹായിക്കും.

## 7) ശരിയായ രാഷ്ട്രീയ മീമാംസ

'രാഷ്ട്രീയം ഭരണകർത്താക്കൾക്കും ആത്മീയം സുവിശേഷകർക്കും' എന്ന തത്വം ശരിയല്ല. നമ്മുടെ കർത്താവിനെതിരായി രാഷ്ട്രീയ കുറ്റങ്ങളും ചുമത്തിയാണ് തന്നെ ക്രൂശിച്ചത്. "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' എന്ന കർത്തൃവചനം കൈസരെ ദൈവത്തിൽ നിന്ന് അകറ്റിയെന്നും ജീവിതത്തെ രണ്ടായി ഭാഗിച്ചെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. കരം കൊടുക്കുന്നവരുടെ സ്വരൂപവും മേലെഴുത്തും ദൈവസാദൃശ്യമാകുന്ന മനസാക്ഷിയാണ്. അതു ദൈവത്തിനു കൊടുത്തവരുടെ കരം കൊടുക്കലും ആത്മീയമാണ്. ഒരു സുവിശേഷകന്റെ രാഷ്ട്രീയ ചുമതല ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ സ്ഥിരമായി നില്ക്കുക എന്നതല്ല. ഏതു ഭരണകക്ഷി അഴിമതിയും അനീതിയും കൈക്കൂലിയും കൊണ്ടു വഷളാകുന്നുവോ ആ പാർട്ടിക്ക് വോട്ടു ചെയ്യാതെ എതിർ പാർട്ടിക്ക് ഒരു അവസരം കൊടുക്കുക എന്നതാണ് ആത്മീയരുടെ എല്ലാം ചുമതല. എതിർ പാർട്ടിയും അതുപോലെ അധഃപതിക്കുവാൻ സാദ്ധ്യതയുണ്ട്. അപ്പോൾ താരതമ്യേന കൂടുതൽ നീതിന്യായ ദീക്ഷയുള്ള പാർട്ടിക്കു വോട്ടു കൊടുക്കുകയല്ലാതെ സ്ഥിരം ഇടതോ, സ്ഥിരം വലതോ ആയിരിക്കേണ്ട കടമ ഒരു ആത്മീയനും ഇല്ല. ജീവിതം അവിഭാജ്യമാകയാൽ ആത്മികം, ഭൗതികം എന്നു തരംതിരിക്കാൻ സാധ്യമല്ല എന്നു മുമ്പു സൂചിപ്പിച്ചല്ലോ. രാഷ്ട്രീയവും, കളിയും കച്ചവടവും വ്യവസായവും ഒരു സുവിശേഷകന് ആത്മികമാകുന്നു.

## 8) വിശ്വാസ ദാർഢ്യവും വിശാല വീക്ഷണവും

യാഥാസ്ഥിതികന്മാർക്കു വിശ്വാസദാർഢ്യമുണ്ടെങ്കിലും വിശാലവീക്ഷണമില്ല. ഉൽപതിഷ്ണുക്കൾക്ക് വിശാലവീക്ഷണമുണ്ടെങ്കിലും വിശ്വാസദാർഢ്യമില്ല. ഒരു വ്യക്തിക്ക് സമന്വയപ്രാപ്തിയും സമതുലികതയും ഉണ്ടെങ്കിൽ കുറ്റിയുറപ്പിക്കുന്ന വിശ്വാസവും, സഹനശക്തിയും സ്നേഹവും വെളിപ്പെടുത്തുന്ന കയറുനീട്ടലും കാണും. 'നിന്റെ കയറുകളെ നീട്ടുക, കുറ്റികളെ ഉറപ്പിക്കുക' (യെശ. 54:2) എന്ന വാക്യം വില്ല്യം കേറിക്ക് വിദേശ മിഷനാരംഭിക്കുവാനുള്ള പ്രേരണ നൽകി. 'യേശു

ക്രിസ്തുവിൽ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചു' എന്ന വിശ്വാസദാർഢ്യം പൗലോസിനെ ക്രിസ്തുവിന്റെ പ്രേഷിതനാക്കി. ആ ക്രിസ്തുവിൽ 'യഹൂദനും യവനനും... എന്നില്ല; ക്രിസ്തുവിൽ ഒന്നത്രെ' (ഗലാ. 3:28) എന്ന വിശാലവീക്ഷണവും വിശുദ്ധ പൗലോസിനുണ്ടായിരുന്നു. ശ്രീ ശങ്കരാചാര്യർക്കും കേവലാദ്വൈതത്തിൽ വിശ്വസിക്കുന്നവർക്കും വിശ്വാസദാർഢ്യം ആഴമായുള്ളതിനാൽ നാം സന്തോഷിക്കണം. മുസ്ലീം ഫണ്ടമെന്റലിസ്റ്റുകൾക്ക് മഹമ്മദ് നബിക്കുണ്ടായിരുന്നത്രയും വിശാല വീക്ഷണമില്ലാത്തതുപോലെ ചില ക്രിസ്തീയ ഫണ്ടമെന്റലിസ്റ്റുകൾക്കും യേശുമ്ശിഹായുടെ വിശാല വീക്ഷണമില്ല എന്നത് ഒരു ദുഃഖസത്യമാണ്. ഇൻക്വിസിഷൻ (മതദ്രോഹ വിചാരണ) നടത്തിയ കത്തോലിക്കാ പാപ്പാമാരുടെ ഇടുങ്ങിയ മനസ്സ് ഇനി സഭയിൽ തല പൊങ്ങുമെന്നും തോന്നുന്നില്ല. രണ്ടാം വത്തിക്കാനോടു കൂടി റോമൻ കത്തോലിക്കാ സഭയിൽ വിശാലവീക്ഷണം വർദ്ധിച്ചത് നഷ്ടീഭവിക്കാതിരിക്കട്ടെ. മതത്തിന്റെ പേരിൽ രക്തചൊരിച്ചിലും യുദ്ധവും നടത്തിയ പ്രവണതയുടെ അടിസ്ഥാനം പ്രതിപക്ഷ ബഹുമാനമില്ലാത്ത മതഭ്രാന്തായിരുന്നു. ആ കുറ്റത്തിനു പങ്കാളികളാകാത്ത സഭകളോ മതങ്ങളോ തുലോം ചുരുങ്ങും. ഒരു ക്രിസ്തീയ മിഷണറിക്ക് മതസഹിഷ്ണതയും പ്രതിപക്ഷ ബഹുമാനവും കൂടാതെ സൃഷ്ടിയിൽ ഏവരും ഒരു കുടുംബമാണെന്ന അടിസ്ഥാന സമീപനവും വേണം. യേശുക്രിസ്തുവിലുള്ള വിശ്വാസം ആരുടെമേലും അടിച്ചേല്പിക്കേണ്ടയാവശ്യമില്ല.

## 9) വ്യക്തികളുടെ മാനസാന്തരവും സാമൂഹ്യവിമോചനവും

ഇവാൻജലിക്കൽ സുവിശേഷകരുടെ നോട്ടത്തിൽ വ്യക്തികളുടെ ഹൃദയ പരിവർത്തനം നടത്തിയും സമൂഹത്തിൽ സേവനം നടത്തിയും ലോകത്തെ നന്നാക്കുകയോ, ചിലരെയെങ്കിലും തീയിൽ നിന്ന് വലിച്ചെടുത്ത് രക്ഷിക്കുകയോ ചെയ്താൽ മതി. വിമോചന ദൈവശാസ്ത്രക്കാർ കുറെക്കൂടി ചരിത്രം പഠിച്ചവരാകയാൽ സാമൂഹ്യ സേവനം കൂടാതെ സാമൂഹ്യഘടനയുടെ പരിവർത്തനവും വേണമെന്നും അതിനു രാഷ്ട്രീയ ബോധവൽക്കരണം നടത്തണമെന്നും പഠിപ്പിക്കുന്നു. 'സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' എന്ന അന്ത്യശാസനത്തിൽ വ്യക്തികളെ ശിഷ്യരാക്കിക്കൊള്ളുവിൻ എന്ന അർത്ഥം മാത്രമേയുള്ളു എന്ന വാദം ശരിയല്ല. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ' (മർക്കോസ് 1:15) എന്ന ആഹ്വാനത്തിൽ ദൈവരാജ്യത്തെയും മാനസാന്തരത്തെയും ബന്ധിച്ചിരിക്കുന്നത് രണ്ടാക്കുന്നതും ശരിയല്ല. അതിനാൽ സമ്പൂർണ്ണ സുവിശേഷം ലോകത്തിൽ നീതിയും മനുഷ്യഹൃദയത്തിൽ സന്തോഷവും ഉന്നംവച്ചുകൊണ്ടായിരിക്കണം.

### 10) സ്ഥാപനങ്ങൾ മിഷനു തടസ്സമാകാതെ സഹായമാകണം

സ്കൂളുകളും ആശുപത്രികളും മറ്റും മിഷന് സഹായിച്ച കാലം മാറി. ഇന്നു പലയിടത്തും തടസ്സമായിക്കൊണ്ടിരിക്കയാണ്. അതിനു മകുടോദാഹരണം കേരള സഭകൾ കേരളത്തിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇന്ന് ഒരു ചൂഷണോപാധിയും, ലാഭമാർഗവും, കച്ചവടവുമായി മാറിയിരിക്കുന്നു എന്ന് മനസാക്ഷി നഷ്ടപ്പെടാത്തവർക്കറിയാം. പല മിഷനാശുപത്രികളിലും ദരിദ്രർക്ക് എത്തിനോൽക്കാൻ സാദ്ധ്യമല്ല. കോളജുകളിലെ പകിടി നിമിത്തം ദരിദ്രരായ അപേക്ഷകർക്ക് ജോലി സാദ്ധ്യത ഇല്ലാതായിരിക്കുന്നു. വെല്ലൂരാശുപത്രിപോലെയുള്ള സ്ഥാപനങ്ങൾ ഇന്നും മിഷന് സഹായമാണ്. അവിടെ ലഭിക്കുന്ന വരവിന്റെ ദശാംശത്തിൽ കൂടുതൽ ദരിദ്ര രോഗികൾക്കു ചികിത്സയ്ക്കു ചെലവാക്കുന്നു.

ഇന്ന് ക്രിസ്തീയ സ്ഥാപനങ്ങൾ മിഷന് സഹായമാകണമെങ്കിൽ അവ നടത്തുന്നവർ ക്രിസ്തീയ മൂല്യങ്ങൾ മുറുകെപ്പിടിച്ച്, സ്ഥാപനങ്ങളുടെ അടിമകളാകാതെ, ദരിദ്രർക്ക് കൂടുതൽ പ്രയോജനം ഉണ്ടാകത്തക്കവിധത്തിൽ പ്രവർത്തിക്കണം. വേദപുസ്തകം പ്രത്യക്ഷമായും പരോക്ഷമായും പഠിപ്പിക്കണം. ക്രിസ്തേതര സ്ഥാപനങ്ങളേക്കാൾ സന്മാർഗ പ്രമാണങ്ങൾ അടിസ്ഥാനപ്പെടുത്തി, നാളത്തെ തലമുറ ഇന്നത്തേക്കാൾ ആദ്ധ്യാത്മികരാകാൻ തക്കവണ്ണം ശ്രദ്ധിക്കണം. സ്വജനപക്ഷപാതം വർജിച്ച്, ദേശീയതയും അന്തർദേശീയതയും ഒരുപോലെ വളരത്തക്കവണ്ണം നല്ല നിലയിൽ സ്ഥാപനങ്ങൾ നടത്തണം. ചില മിഷനറിവീരന്മാർ കഴിഞ്ഞ നൂറ്റാണ്ടിൽ സ്ഥാപനങ്ങൾ വഴി മിഷൻ നടത്തിയത് എപ്രകാരമെന്നു പഠിക്കുന്നത് നന്ന്.

സ്ഥാപനങ്ങൾ മിഷനറിയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുമെന്നും, മനുഷ്യരുടെ ഇടയിൽ പ്രവർത്തിപ്പാൻ സമയമില്ലാതെ വരുമെന്നും ചിന്തിച്ച് സ്ഥലവും, സ്ഥാപനങ്ങളും സൗജന്യമായി ലഭിക്കാനുണ്ടായിരുന്നപ്പോഴും അവ വേണ്ടാ എന്നു തീരുമാനിച്ചവരുണ്ട്. അത് മറ്റൊരു തീവ്രവാദമാണെങ്കിലും അപ്രകാരം ദൈവവിളിയുള്ളവർ സ്ഥാപനങ്ങൾ തുടങ്ങണമെന്നില്ല. എന്നാൽ ഭാരതത്തിന്റെ അഞ്ചു ലക്ഷം ഗ്രാമങ്ങളിൽ ഭൂരിപക്ഷം ഗ്രാമങ്ങളിലും ഒരു പ്രൈമറി സ്കൂൾ പോലും ഇല്ലാത്ത പരിതഃസ്ഥിതിയിൽ അവിടെയൊക്കെ പോയി സ്ഥാപനമുണ്ടാക്കണം. അതിനു വിശ്വാസികളുടെ ദശാംശം എങ്കിലും ഉപയോഗിക്കുകയല്ലാതെ ദരിദ്രരോടു ഞെക്കിപ്പിഴിഞ്ഞു നിർബന്ധ വരുമാനം വാങ്ങരുത്. ബാലഭവനങ്ങളും മറ്റും നടത്തുംപോലെ വിശ്വാസികളുടെ സൗജന്യദാനങ്ങൾ കൊണ്ട് ക്രിസ്തീയ സ്ഥാപനങ്ങൾ നടത്തുവാൻ സാധി

ക്കണം. മിഷനറിയുടെ സ്വന്തം പേരിൽ ഒരിക്കലും സ്ഥാപനം നടത്താതെ ട്രസ്റ്റിന്റെയോ സഭയുടെയോ പേരിൽ നടത്തണം. സ്വന്തം പേരിൽ തുടങ്ങിയാൽ സഭയുടെ പങ്കാളിത്തം അചിരേണ നഷ്ടപ്പെടുകയും തുടങ്ങിയയാളിന്റെ പിൻതലമുറ അത് സ്വന്തമാക്കുകയും ചെയ്യും. ദൈവിക പങ്കിടീൽ പ്രസംഗിക്കുകയും മക്കൾക്കു പങ്കിടുകയും ചെയ്യുന്നവരുടെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടും.

## യൂണിറ്റ് 3

# വർഗരഹിത സമൂഹം

### പാഠം 1

## വർഗരഹിത സമൂഹം: ഒരു അന്വേഷണം

വർഗരഹിത സമൂഹം രൂപീകരിക്കുവാനുള്ള ശ്രമം മതേതരലോകത്തിന്റെയും മാർക്സിസത്തിന്റെയും മാത്രം കടമയല്ല. വിമോചന ദൈവശാസ്ത്രം (Liberation Theology), കറുത്തവരുടെ ദൈവശാസ്ത്രം (Black Theology), ദൈവമരണ ദൈവശാസ്ത്രം (Death of God Theology) മുതലായ ആധുനിക ദൈവശാസ്ത്ര പഠനങ്ങളെല്ലാം വർഗരഹിത സമൂഹം സ്ഥാപിക്കാനുള്ള ശ്രമത്തിലാണ്. അതിനു വേണ്ടിയുള്ള അന്വേഷണവും പഠനവും തുടരുകയാണ്.

മാർക്സിനെക്കുറിച്ചൊരു പഠനം നടത്താതെയുള്ള ഒരു ദൈവശാസ്ത്രത്തിനും ഇന്നത്തെ തെക്കേ അമേരിക്കയിൽ നിലനില്പില്ലെന്നാണ് വിമോചന ദൈവശാസ്ത്രജ്ഞനായ ഫ്രെഡറിക് ഹെർസോഗ അഭിപ്രായപ്പെട്ടിരിക്കുന്നത്. പാവങ്ങളെ പരിഗണിക്കാത്ത ഒരു ദൈവശാസ്ത്രവും ക്രിസ്തീയ ദൈവശാസ്ത്രമായി കണക്കാക്കിക്കൂടാ. പാവപ്പെട്ടവന്റെയും അടിച്ചമർത്തപ്പെട്ടവന്റെയും ആഗ്രഹാഭിലാഷങ്ങൾക്കൊത്തു ഉയരുകയും സ്വർഗ്ഗരാജ്യം നമ്മുടെയിടയിൽ തന്നെയാണ് എന്ന് അംഗീകരിക്കുകയും ചെയ്യുന്നപക്ഷം ഒരു കാലത്ത് സാങ്കല്പികവും വിചിത്രവുമായി കണക്കാക്കിയിരുന്ന വിമോചന ദൈവശാസ്ത്രത്തിന് അടുത്ത നൂറ്റാണ്ടിലെ മാർഗരേഖയായി മാറുവാൻ സാധിക്കും.

സമ്പന്നരിൽ ചിലർ ദരിദ്രരെക്കുറിച്ച് കരുണാപൂർവ്വം ചിന്തിച്ചു തുടങ്ങിയതിന്റെ ഫലമായിട്ടല്ല പ്രത്യുത ദരിദ്രർ സമ്പന്നരോട് ഉദാരമതികളാകാൻ വിസമ്മതിച്ചു തുടങ്ങിയതിന്റെ ഫലമായിട്ടാണ് തെക്കേ അമേരിക്കയിൽ വിമോചന ദൈവശാസ്ത്രം ഉടലെടുത്തത്. ബൈബിളിന്റെ ആന്തരികസത്ത ദരിദ്രർ മനസ്സിലാക്കി തുടങ്ങി. ദരിദ്രനായ ക്രിസ്തുവിലൂടെ പ്രകടമായ ദരിദ്രരെ സംബന്ധിച്ചുള്ള അവകാശവാദം വ്യാപകമായി മനസിലാക്കി തുടങ്ങിയിരിക്കുകയാണ്. വെള്ളക്കാരിൽ സഹൃദയരായ ദൈവശാസ്ത്രജ്ഞന്മാരല്ല വെടിമരുന്നിനു തീ കൊളുത്തിയിരിക്കുന്നത്. ദരിദ്രരിലൂടെ ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നാം മനസ്സിലാക്കി വരുന്നുവെന്നു മാത്രം. ദരിദ്രരും സമ്പന്നരുമായിട്ടുള്ള ബന്ധം പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രം ഇതുവരെ കാര്യമായി എടുത്തിരുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതും ശാശ്വതവുമായ സത്യങ്ങൾ ഓരോ കാലത്തിനും അനുയോജ്യമായ രീതിയിൽ പുനർ വ്യാഖ്യാനം ചെയ്യേണ്ടത് ദൈവശാസ്ത്രത്തിന്റെ കടമയാണ്. ക്രിസ്ത്യാനികളെ സംബന്ധിച്ച് പരിശുദ്ധ ത്രിത്വത്തിലും ഉപരി ശാശ്വതമായൊരു സത്യം ഇല്ല. ഈ സത്യം പ്രായോഗികതലത്തിൽ നിന്നു കൊണ്ടു നോക്കിക്കാണുവാൻ ദൈവം നമ്മോടാവശ്യപ്പെടുകയാണ്. വർഗരഹിത സമൂഹത്തിൽ ഊന്നി നിൽക്കുന്ന ദൈവശാസ്ത്രം വെളിപ്പെടുത്തിക്കൊണ്ടുവരാൻ ദൈവം സാധാരണക്കാരന്റെയും ദൈവശാസ്ത്രജ്ഞന്മാരുടെയും ചിന്താഗതികളെ നിയന്ത്രിച്ചുകൊണ്ടു വരികയാണ്. ആ ദൈവിക പ്രവർത്തനത്തിന് വിമോചന ദൈവശാസ്ത്രമെന്നോ പീഡിതരുടെ ബോധനശാസ്ത്രമെന്നോ (Pedagogy of the oppressed) മറ്റേതെങ്കിലുമോ പേര് നൽകാം. വീണ്ടും ഡോ. ഹെർസോഗിനെ ഉദ്ധരിക്കുകയാണെങ്കിൽ പ്രായോഗികതലത്തിൽ പുതിയനിയമത്തിന്റെ ആധികാരികതയിലൂടെ കാണുമ്പോൾ നമ്മളല്ല, ദരിദ്രന്റെ ദൈവമാണ് ദൈവശാസ്ത്രം നിർമ്മിക്കുന്നത്. ക്രിസ്തീയ സമൂഹം ആരംഭിച്ചതും ഇങ്ങനെ തന്നെ - ഇന്നും ഇങ്ങനെ തന്നെയാണ്. ചരിത്രത്തിൽ ലയിച്ചുചേർന്നുകൊണ്ടുവേണം ക്രിസ്തീയ സമൂഹങ്ങൾ ആരംഭിക്കേണ്ടത്.

ത്രിയേക ദൈവത്തെ ആരാധിക്കുക മാത്രമല്ല അനുകരിക്കുക കൂടി ചെയ്യേണ്ടതാണെന്ന് മനസ്സിലാക്കുവാൻ ക്രിസ്തീയ സഭകൾക്ക് രണ്ടായിരത്തോളം വർഷങ്ങൾ വേണ്ടി വന്നു. നിങ്ങളുടെ 'സ്വർഗീയ പിതാവിനെപ്പോലെ നിങ്ങളും പരിപൂർണരാകുക' എന്ന കല്പന ഗൗരവമായി പാലിക്കണമെങ്കിൽ വർഹരഹിത സമൂഹം ഉണ്ടായേ തീരൂ. മുതലാളിത്ത വ്യവസ്ഥിതിയുള്ള സമൂഹത്തിലോ ജാതി, മത, വർഗഘടനകളുള്ള സമൂഹത്തിലോ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ളതു പോലുള്ള തുല്യത നമുക്കെങ്ങനെ സ്ഥാപിക്കാൻ സാധിക്കും? വർഗരഹിത സമൂഹം സ്ഥാപിച്ചുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ മാതൃകയിൽ ലോകസാഹോദര്യം പടുത്തുയർത്തുകയെന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം.

ത്രിത്വാധിഷ്ഠിത ദൈവശാസ്ത്ര (Trinitarian Theology) ത്തിനും ധാർമ്മിക ജീവിതശൈലിക്കും വേണ്ടിയുള്ള അന്വേഷണവും അഭിവാഞ്ചയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മുളച്ചുവന്നുകൊണ്ടിരിക്കുന്ന സ്ത്രീവിമോചന പ്രസ്ഥാനങ്ങളിലും ദൃശ്യമാണ്. പുരുഷനും സ്ത്രീയും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാണെങ്കിലും അത് സ്ത്രീപുരുഷ സമത്വത്തിന് തടസ്സമായി നിന്നു കൂടാ. പ്രവർത്തനപരമായ സമത്വം എല്ലാ വംശങ്ങളുടെയും വർഗങ്ങളുടെയും ജാതികളുടെയുമിടയിലും നിലനിൽക്കേണ്ട ഒന്നാണെങ്കിലും സ്ത്രീപുരുഷന്മാരുടെയിടയിൽ നിലനിൽക്കു

ന്നതിനു വേണ്ടിയുള്ളതല്ല. തുല്യതയ്ക്കു വേണ്ടിയുള്ള ത്രിത്വദൈവ ശാസ്ത്രത്തെ സ്ത്രീപുരുഷ സമത്വത്തോട് ഉപമിക്കാൻ സാധിക്കും. പൗലോസ് പ്രതിപാദിക്കുന്ന സമത്വം (ഗലാത്യർ 3:28) പ്രവർത്തനപര മായ സ്ത്രീപുരുഷ സമത്വത്തിനു വേണ്ടിയുള്ളതല്ല. പുനരുത്ഥാനത്തിനു ശേഷം മാത്രമേ എല്ലാവർക്കും വിവാഹം പോലുമില്ലാത്ത അവസ്ഥയിൽ മാലാഖമാരെപ്പോലെ തുല്യരായി കഴിയുവാൻ സാധിക്കൂ. വ്യത്യസ്ത കർമ്മങ്ങളിൽ ഏർപ്പെടേണ്ട മാതാവും പിതാവും ആരും ആർക്കും ഉപ രിയല്ല എന്ന് മനസ്സിലാക്കുന്നതാണ് പ്രധാനം. വ്യത്യസ്തം എന്നാൽ തുല്യം (Distinct but equal) എന്ന പദപ്രയോഗം, വംശങ്ങൾ തമ്മിലുള്ള തുല്യതയെ പ്രതിപാദിക്കുമ്പോൾ പ്രയോഗിക്കുന്നതിലും ആഴമേറിയ അർത്ഥത്തിൽ സ്ത്രീപുരുഷ സമത്വത്തെ പ്രതിപാദിക്കുമ്പോൾ ഉപയോ ഗിക്കേണ്ടതാണ്.

യേശു പഠിപ്പിച്ച പ്രാർത്ഥന 'സ്വർഗസ്ഥയായ ഞങ്ങളുടെ മാതാവേ' എന്നു മാറ്റണമെന്നു വാദിക്കുന്ന സ്ത്രീവിമോചന പ്രസ്ഥാനക്കാർക്കും, സ്ത്രീകൾക്കു തുല്യത അംഗീകരിക്കുവാൻ മടി കാണിക്കുന്ന പുരുഷ മേധാവിത്വ സമൂഹത്തിനും വർഗരഹിത സമൂഹത്തിൽ ഊന്നിനിൽക്കുന്ന ത്രിത്വദൈവശാസ്ത്രം വഴികാട്ടിയാകും എന്നുള്ളതിന് യാതൊരു സംശ യവും വേണ്ട. ഗ്ലെൻബുച്ചർ എഡിറ്റു ചെയ്ത Straight, White, male എന്ന ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് ഫ്രെഡിക്ക് ഹെർസോഗ് പറയുന്നു. സ്ത്രീക ളെയും സ്വവർഗഭോഗികളെയും തരംതാഴ്ത്തിക്കാണിക്കുന്ന രീതിയിലുള്ള പദപ്രയോഗങ്ങൾ ഒഴിവാക്കി ബൈബിൾ പുനർ പ്രസിദ്ധീകരിക്കേണ്ട തുണ്ടെന്ന്. എത്രയോ ബാലിശമായ ഒരഭിപ്രായം! 'സ്വർഗസ്ഥയായ ഞങ്ങ ളുടെ മാതാവേ' എന്ന് ദൈവത്തെ സംബോധന ചെയ്തു തുടങ്ങിയാൽ പുരുഷമേധാവിത്വം സ്ത്രീമേധാവിത്വത്തിന് വഴിമാറുകയായിരിക്കും ഫലം. സ്ത്രീയും പുരുഷനും തമ്മിലുള്ള ജൈവശാസ്ത്രപരമായ വ്യത്യാസം അംഗീകരിക്കപ്പെടാതെ വന്നാൽ സ്വവർഗഭോഗികൾക്ക് അവ രുടെ പ്രവർത്തനങ്ങളെ ന്യായീകരിക്കുവാൻ വക നൽകും. ഇവിടെയാണ് വർഗരഹിത സമൂഹത്തിന്റെയും ത്രിത്വദൈവശാസ്ത്രത്തിന്റെയും പ്രസക്തി. അപ്പസ്തോലന്മാരിൽ സ്ത്രീകളില്ലായിരുന്നെങ്കിലും സഭയിൽ സ്ത്രീകൾക്ക് രണ്ടാം സ്ഥാനമൊന്നും കല്പിച്ചിട്ടില്ല. യേശുവിന്റെ മാതാ വിന് അപ്പസ്തോലന്മാരേക്കാൾ ഉന്നതമായ സ്ഥാനം കല്പിച്ചിട്ടുമുണ്ട്. പ്രവർത്തനപരമായ വ്യത്യാസം അംഗീകരിച്ചുകൊണ്ടു തന്നെ സമത്വം ഊന്നിപ്പറയുന്ന ത്രിത്വ ദൈവശാസ്ത്രം സ്ത്രീപുരുഷ സമത്വത്തെപ്പോലെ സമൂഹത്തിന്റെ എല്ലാ തുറയിലും പരിശുദ്ധ ത്രിത്വത്തിലുള്ളതുപോലുള്ള സമത്വം 'ഉണ്മയിൽ' ഒന്ന്, വ്യക്തിത്വത്തിൽ മൂന്ന് (One in Substance three in person) വിഭാവന ചെയ്യുന്നു. പരിശുദ്ധ ത്രിത്വത്തിലുള്ള മൂന്നു വ്യക്തി

കളുടെയും സാരാംശം ഒന്നു തന്നെയായതുകൊണ്ടാണ് അവിടെ തുല്യത നിലനിൽക്കുന്നത്. അതുപോലെതന്നെ എല്ലാ മനുഷ്യരും തുല്യരാകാനുള്ള കാരണം ദൈവത്തിന്റെ സദൃശ്യത്തിലാണ് എല്ലാവരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നതാണ്. പരിശുദ്ധ ത്രിത്വം മാതൃകയായി എടുത്തുകൊണ്ട് പരിശുദ്ധ ത്രിത്വത്തെപ്പോലെ ഒരു വർഗരഹിത സമൂഹം വിഭാവനം ചെയ്യുന്ന ദൈവശാസ്ത്രം അത്യന്താപേക്ഷിതമാണ്.

'വർഗരഹിത സമൂഹം' എന്ന പദപ്രയോഗം കമ്മ്യൂണിസത്തിൽ നിന്നു കടമെടുത്തതാണെന്നുള്ള ഭയം ഒഴിവാക്കിക്കൊണ്ട് വർഗരഹിത സമൂഹത്തെക്കുറിച്ചുള്ള ഒരു ദൈവശാസ്ത്ര പഠനമാണ് ഇന്ന് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നത്. വർഗരഹിത സമൂഹം എന്നുള്ള ആശയം വാസ്തവത്തിൽ യഹൂദ ക്രൈസ്തവ പാരമ്പര്യത്തിൽ നിന്നു കടമെടുത്തുകൊണ്ട് കമ്മ്യൂണിസം അതിന്റെ കാതലായ വാദമാക്കിത്തീർത്തിരിക്കുകയാണ്. അതാണവരുടെ ബലം. അതുവഴിയാണവർ ദശലക്ഷക്കണക്കിന് അവശരെയും ദരിദ്രരേയും ആകർഷിക്കുന്നതും. വർഗസമരങ്ങളെ പ്രോത്സാഹിപ്പിക്കുവാനും ബൂർഷ്വാ വിഭാഗത്തെ അക്രമിക്കുവാനും വേണ്ടി വർഗരഹിത സമൂഹം എന്ന പദം മാർക്സ് ഉപയോഗിച്ചിട്ടുണ്ടെന്നതിനാൽ ക്രിസ്ത്യാനികൾ ആ പദപ്രയോഗത്തെ ഭയപ്പെടേണ്ട കാര്യമില്ല.

പാശ്ചാത്യ സഭകൾക്ക് മറ്റു മതങ്ങളും ആശയഗതികളുമായി ആശയവിനിമയം നടത്തുന്നതിനു തന്നെ വൈമനസ്യമുണ്ട്. ഇതിനെ സംബന്ധിച്ചൊരു റിപ്പോർട്ട് നൈറോബിയിൽ സഭകളുടെ അസംബ്ലിയിൽ പരിഗണനയ്ക്കു വന്നപ്പോൾ അവരുടെ വൈമനസ്യം പ്രകടമായിരുന്നു. മറ്റു മതങ്ങളുമായുള്ള ആശയവിനിമയം സംയോജനവാദ (Syncretism) ത്തിലേക്ക് പോയേക്കുമോയെന്ന് ഇവാഞ്ചലിക്കൽ സഭാവിഭാഗക്കാർ ഭയപ്പെട്ടതുകൊണ്ട് ആദ്യത്തെ റിപ്പോർട്ട് തന്നെ മാറ്റേണ്ടി വന്നു. യേശുക്രിസ്തു മറ്റു പ്രവാചകന്മാരെപ്പോലെ ബലഹീനനും സംരക്ഷണം ആവശ്യമുള്ളവനുമാണോ? അവൻ മറ്റു മതങ്ങളിൽ ലയിച്ച് ഇല്ലാതായിത്തീരുമെന്ന് ഭയപ്പെടേണ്ടതുണ്ടോ? അന്തിമ വിജയം കൈവരിക്കത്തക്കവണ്ണം അവൻ അദ്വിതീയൻ അല്ലേ? ഫൈലോയുടെ വചന സിദ്ധാന്തം (Philo's theory of logos) ഉപയോഗിച്ചതുകൊണ്ട് യോഹന്നാൻ ക്രിസ്തുവിന്റെ അവതാരത്തെ ബലക്ഷയപ്പെടുത്തിയോ? പരിശുദ്ധ ത്രിത്വത്തെ വിശദീകരിക്കുവാൻ ഊസിയ (Ousia) ഹൈപ്പോസ്റ്റാസിസ് മുതലായ ക്രിസ്തേതര പദങ്ങൾ പ്രയോഗിച്ചതുകൊണ്ട് വിശുദ്ധ ബേസിൽ ത്രിത്വത്തെ ദുർബലപ്പെടുത്തിയോ? യേശുക്രിസ്തു സർവലോകത്തിനും വഴിയും സത്യവും ജീവനുമാകുന്നുവെന്ന് നാം വിശ്വസിക്കുന്നില്ലയോ? ചരിത്രത്തെ ബി.സി., എ.ഡി. എന്നു തിരിച്ചിരിക്കുന്നത് ആരുടെയും ഔദാര്യം കൊണ്ടല്ല.

ക്രിസ്തുവാണ് ചരിത്രത്തിന്റെ നെടുംതൂണായി നിൽക്കുന്നത്. ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ത്രിത്വത്തെക്കുറിച്ച് മറ്റു മതവിശ്വാസികളും നിരീശ്വരവാദികളുമായിപ്പോലും സംസാരിക്കുന്നതിന് നാം ഭയപ്പെടേണ്ടതില്ല.

ക്രിസ്തുവിനെയും പരിശുദ്ധ ത്രിത്വത്തെയും മറ്റു വിശ്വാസികളുടെ മുമ്പിൽ ഉയർത്തിക്കാണിച്ചുകൊണ്ട്, സഭകളുടെ ലോകകൗൺസിൽ മുമ്പോട്ടു വരുമെന്ന് നമുക്ക് പ്രത്യാശിക്കാം. സത്യമായ ഒരു ദൈവശാസ്ത്രം എല്ലാവർക്കുംവേണ്ടിയുള്ള ഒന്നായിരിക്കണം. ഭാഗിക അസ്തിത്വത്തിന് പരിപൂർണ്ണതയില്ല. ക്രിസ്തു എല്ലാവർക്കുംവേണ്ടിയും എല്ലാവരും ക്രിസ്തുവിനുവേണ്ടിയുമാണ്. അവന്റെ ദൈവശാസ്ത്രം 'ശക്തരെ അവരുടെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിട്ടുകൊണ്ട്, താഴ്ന്നവരെ ഉയർത്തുന്നതും, അതിനാൽതന്നെ വർഗരഹിതവുമാണ്. സഭകളുടെ ഐക്യവും മാനവരാശിയുടെ ഐക്യവുമായിരിക്കണം എക്യുമെനിസത്തിന്റെ ലക്ഷ്യം.

ആർണോൾഡ് ജെ. ടോയിൻബിയെപ്പോലുള്ള ചരിത്രകാരന്മാർ പോലും ലോക ഗവണ്മെന്റിനുവേണ്ടിയുള്ള മനുഷ്യരാശിയുടെ ഒടുങ്ങാത്ത ദാഹം പ്രകടമാക്കിയിട്ടുണ്ട്. സമ്പന്ന രാഷ്ട്രങ്ങൾക്ക് ഈ ആശയത്തോട് യോജിക്കുവാൻ ബുദ്ധിമുട്ടാണ്. ക്രിസ്തുശാസ്ത്രത്തിന്റെ സ്വയം ഇല്ലാതായിത്തീരൽ പ്രക്രിയയെക്കുറിച്ച് പാശ്ചാത്യരാജ്യങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവസ്നേഹത്തിന്റെ അന്തഃസത്ത ദാനധർമ്മങ്ങളിലല്ല, സ്വയം ഇല്ലാതായിത്തീരുന്നതിലും സ്വയം നൽകുന്നതിലും ആണ് എന്നവർ കാണേണ്ടിയിരിക്കുന്നു. പൗരസ്ത്യ രാജ്യങ്ങളിലെ സമ്പന്നരും ഇതു തന്നെയാണ് ചെയ്യേണ്ടത്. നിലവിലുള്ള ക്രൈസ്തവ ദൈവശാസ്ത്രം പാപപരിഹാരത്തെക്കുറിച്ചും ദണ്ഡവിമോചനത്തെക്കുറിച്ചും സഭാശാസ്ത്രത്തെക്കുറിച്ചും വിവിധ സഭകളെക്കുറിച്ചും മാത്രം പഠിപ്പിക്കുകയാണെന്നുള്ളതാണ് അതിന്റെ പോരായ്മ. കൊലോസ്യർ 1:15–20 വാക്യങ്ങളിലും മറ്റു പുതിയനിയമ വാക്യങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന വിശ്വക്രിസ്തുശാസ്ത്രം (Cosmic Christology) നാം പഠിക്കേണ്ടതുണ്ട്. വർഗരഹിത സമൂഹത്തിൽ വേരൂന്നി നിൽക്കുന്ന ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഒരവിഭാജ്യ ഘടകമാണ് ലോകഗവണ്മെന്റ്. ക്രൈസ്തവ ദൈവശാസ്ത്രം ബുദ്ധിജീവികളുടെ യുക്തിക്കസർത്തല്ല, പ്രത്യുത ദൈവജനത്തിന്റെ നിത്യജീവിതത്തിൽ പ്രകടമാകുന്ന വിശ്വാസമാണ്.

ലോകഗവണ്മെന്റിനെക്കുറിച്ചും അന്തർദേശീയ സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ നീതിപൂർവമുള്ള സമാധാന

ത്തെക്കുറിച്ചും ചിന്തിക്കുക ആവശ്യമാണ്. നീതിപൂർവമുള്ള സമാധാന മെന്ന് പറയുമ്പോൾ നാമുദ്ദേശിക്കുന്നത് സാമൂഹ്യനീതിയാണ്. തെറ്റിനി രയായ ഒരു വ്യക്തിക്ക് നൽകേണ്ട വ്യക്തിപരമായ നീതിയല്ല. "Evangelics for Social Action" എന്ന സംഘടനയുടെ ചെയർമാൻ ഡോ. റൊണാൾഡ് ജെ. സൈഡർ സംഘർഷഭരിതമായ അഞ്ച് അഭിപ്രായങ്ങൾ ഉന്നയിക്കു കയുണ്ടായി.

1. സഭയുടെ ആദ്യ കടമ സുവിശേഷീകരണമാണ്.

2. സുവിശേഷീകരണം സഭയുടെ കടമകളിൽ ഒന്നാണ്.

3. വിശ്വാസികളുടെ സമൂഹത്തിനുവേണ്ടിയുള്ളതാണ് സഭ.

4. വ്യക്തികളുടെ പരിവർത്തനവും സമൂഹത്തിന്റെ പുനർനിർമ്മാ ണവും രക്ഷയുടെ പ്രധാന ഭാഗങ്ങളാണ്.

5. രക്ഷയെന്ന് പറഞ്ഞാൽ സാമൂഹ്യനീതിയായതുകൊണ്ട് സുവിശേ ഷീകരണം രാഷ്ട്രീയം തന്നെയാണ്.

സുവിശേഷീകരണവും സാമൂഹ്യനീതിയും രണ്ടും രണ്ടാണെങ്കിലും തുല്യമാണ് എന്നുള്ള ആറാമതൊരഭിപ്രായത്തേയും അദ്ദേഹം ന്യായീ കരിച്ചു. അദ്ദേഹത്തെ ഉദ്ധരിക്കാം:

"സാമ്പത്തികവും രാഷ്ട്രീയവുമായ അടിച്ചമർത്തലുകളെ ചെറുത്തു തോൽപിക്കുന്നതിന് വേണ്ടി ജീവൻ വരെ തൃണവൽഗണിക്കുവാൻ ബൈബിളിനെ ആധാരമാക്കി കണക്കാക്കുന്ന ക്രിസ്ത്യാനികളായ നാം തയ്യാറാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ ഉയിർത്തെഴുന്നേറ്റ നാഥനെ ക്കുറിച്ചുള്ള നമ്മുടെ സന്ദേശം പീഡിതർ ശ്രദ്ധിക്കൂ.

1950-കളിലെ 'മക്കാർത്തിസം' ഇന്നൊരടഞ്ഞ അദ്ധ്യായമാണെങ്കിലും ലോകത്തിന്റെ പല ഭാഗങ്ങളിലും അതിനിന്നും ഉണർവുണ്ട്. ഈ പുസ്തകം വായിച്ചു കഴിയുമ്പോൾ എന്റെ പല ക്രൈസ്തവ സുഹൃ ത്തുക്കളും എന്നെ ഒരു കമ്മ്യൂണിസ്റ്റായി മുദ്രയടിച്ചേക്കുമോയെന്ന് ഞാൻ സംശയിക്കുന്നു. എന്നാൽ അഹിംസ പ്രചരിപ്പിച്ചുകൊണ്ട് ദേശീയ വിമോ ചന നടപടിയിൽ ചേർന്നതുകൊണ്ട് 1965-ൽ പൗരോഹിത്യം നഷ്ടപ്പെ ടുകയും പട്ടാളക്കാരാൽ വധിക്കപ്പെടുകയും ചെയ്യപ്പെട്ട കൊളമ്പിയാ യിലെ റോമൻ കത്തോലിക്കാ പുരോഹിതനായിരുന്ന കാമിലോ റ്റോറസി (Camilo Tores) നെപ്പോലെ ഞാനൊരു വിപ്ലവകാരിയല്ല. അദ്ദേഹത്തിന്റെ കൃതികളിൽ തിരുസഭയിലെ കമ്മ്യൂണിസത്തെക്കുറിച്ച് പലരുടെ ഇടയി ലുമുള്ള അശാസ്ത്രീയവും ദുർബലവുമായ നിലപാടിനെ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു: "ഒരു പാലം നശിപ്പിക്കണമെങ്കിൽ അതു പഴകി

ദ്രവിച്ചതാണെന്ന് പറഞ്ഞാൽ മതിയാവും. ഒരു പട്ടിയെ തല്ലിക്കൊല്ലണ മെങ്കിൽ അതെത്ര നല്ലയിനമാണെങ്കിലും അതിന് പേയുണ്ടെന്ന ധാരണ പരത്തിയാൽ മതി. ക്രൈസ്തവസഭയുടെ ആരംഭദശയിൽ ഒരുവനെ ഭീക രനെന്നു മുദ്ര കുത്തണമെങ്കിൽ അവനെ ക്രിസ്ത്യാനിയെന്ന് വിളിച്ചാൽ ധാരാളം മതിയായിരുന്നു. പിൽക്കാലത്ത് ഒരു ക്രൈസ്തവനെ ക്രൂശി ക്കുന്നതിന് ക്രൈസ്തവരായിത്തീർന്ന റോമൻ സാമ്രാജ്യക്കാർ അവനെ കിരാതനെന്ന് വിളിച്ചിരുന്നു. ഫ്രഞ്ച് വിപ്ലവത്തിന് മുമ്പ് സ്വതന്ത്ര ചിന്താ ഗതിക്കാരായ എല്ലാവരെയും പീഡിപ്പിച്ചിരുന്നു. ഇന്ന് ഭരണവർഗത്തിനെ തിരായി ശബ്ദമുയർത്തുന്നവനെ നശിപ്പിക്കണമെങ്കിൽ അവനെ ഒരു കമ്മ്യൂണിസ്റ്റെന്നു വിളിച്ചാൽ മതിയാവും."

കമ്മ്യൂണിസത്തെ മുഖ്യ ശത്രു എന്ന് വിളിക്കുവാൻ കാരണമായി പറയുന്നവയൊന്നും ദൈവശാസ്ത്രപരമോ ശാസ്ത്രീയമോ അല്ല എന്നു കൂടി അദ്ദേഹം കൂട്ടിച്ചേർത്തു. ക്രൈസ്തവസഭ എന്തിനെങ്കിലും എതി രായി നിൽക്കുന്നതിനു പകരം മനുഷ്യനന്മയ്ക്കു വേണ്ടിയാണ് നിലകൊ ള്ളേണ്ടത്. അദ്ദേഹം പറയുന്നു: "ഭൗതികഘടനകൾ മാറ്റാതെ മനുഷ്യ നന്മ കൈവരിക്കുക സാദ്ധ്യമല്ലെങ്കിൽ ഒരു ക്രൈസ്തവനെ സംബന്ധി ച്ചിടത്തോളം മാറ്റത്തിനെതിരായി നിലയുറപ്പിക്കുന്നത് പാപകരമാണ്. മനു ഷ്യനന്മ ലാക്കാക്കി കമ്യൂണിസത്തെ ക്രിയാത്മകമായ രീതിയിൽ വിമർശി ക്കുന്നത് ന്യായീകരിക്കാമെങ്കിലും കമ്യൂണിസ്റ്റ് വിരുദ്ധ നിലപാടെടുക്കു ന്നത് ഒരു കാരണവശാലും ന്യായീകരിക്കാവുന്നതല്ല."

കൊളമ്പിയായിലെ പുരോഹിതരുടെ മുമ്പിൽ അദ്ദേഹം ഉന്നയിച്ച മൂന്നു നിർദ്ദേശങ്ങൾ എല്ലാ രാജ്യത്തെയും എല്ലാ പുരോഹിതരും എല്ലാ ക്രൈസ്തവരും അംഗീകരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ: മനുഷ്യരാശിയുടെ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയാണ് നാം കൂടു തൽ വ്യഗ്രത കാട്ടേണ്ടത്. അല്ലാതെ കമ്യൂണിസത്തിന്റെ നിരീശ്വര കാഴ്ച പ്പാടിൽ നിന്ന് മനുഷ്യരെ രക്ഷിക്കുന്നതിലല്ല. ദരിദ്രർക്കു ദാനധർമ്മങ്ങൾ നൽകുക വഴി അവരുടെ അവകാശബോധം നശിപ്പിക്കുന്ന പ്രവണത കഴിവതും ഒഴിവാക്കണം. എല്ലാ സാമൂഹ്യപ്രശ്നങ്ങൾക്കും കാരണമായി നിൽക്കുന്ന ഭൗതികഘടനകളെ വേരോടെ പിഴുത് തൽസ്ഥാനത്ത് ചൂഷ ണരഹിതമായ സാമൂഹ്യഘടന പടുത്തുയർത്തുവാൻ ജനങ്ങളെ തയ്യാ റാക്കുന്നതിൽ പുരോഹിതർ ശ്രദ്ധ കേന്ദ്രീകരിക്കണം.

കമ്യൂണിസം നിയമവിരുദ്ധമാക്കണമോ? എന്ന ചോദ്യത്തിനു അദ്ദേ ഹത്തിന്റെ മറുപടി, "ആശയങ്ങളെ ആശയങ്ങൾ കൊണ്ടുതന്നെ നേരി ടണം. ചൂഷണാത്മകമായ രാഷ്ട്രീയ ശക്തികളെ നേരിടുവാൻ അധി കാരം കൂടുതൽ വൈഭവത്തോടെ കൈയാളുകതന്നെ വേണം. രാഷ്ട്രീയ ആശയങ്ങൾക്കെതിരായുള്ള നിയമങ്ങൾ നമ്മുടെ ബലഹീനതയാണ്

വിളിച്ചറിയിക്കുന്നത്. എന്നാൽ കമ്യൂണിസത്തെ നിയമവിരുദ്ധമാക്കി പ്രഖ്യാപിക്കാതെ തന്നെ കമ്യൂണിസ്റ്റുകാരെ ഒന്നിനും അടുപ്പിക്കാതെ നിർത്തുന്ന പ്രവണത കമ്യൂണിസത്തെ നിയമവിരുദ്ധമാക്കുന്നതിലും കപടത നിറഞ്ഞ ഒരു നടപടിയാണ്."

ആ വിപ്ലവകാരിയായ വൈദികന്റെ ബുദ്ധിയും ആത്മാർത്ഥതയും ക്രിസ്തീയതയും തെളിയിക്കുവാൻ മേൽപറഞ്ഞ ഉദ്ധരണികൾ പര്യാപ്തമാണ്. ക്രൈസ്തവ സഭകൾ കമ്യൂണിസത്തോടു കൂടുതൽ അടുത്തുവരണം എന്നാണദ്ദേഹം വാദിക്കുന്നത്. എന്റെ അഭിപ്രായത്തിൽ കമ്യൂണിസം നിരീശ്വരത്വത്തിലേക്ക് നീങ്ങിയതിന്റെ കാരണം ക്രൈസ്തവസഭകളുടെ ഘടനാപരമായ പോരായ്മയാണ്. ദൈവത്തെ പിതാവിന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന സഭകൾ ലോകസാഹോദര്യം പ്രകടമാക്കുന്നില്ല. അതുകൊണ്ട് വർഗരഹിത ദൈവശാസ്ത്രം നടപ്പിലാക്കുകയാണെങ്കിൽ നിരീശ്വരവാദത്തിൽ നിന്ന് കമ്യൂണിസം താനേ പിന്മാറിക്കൊള്ളും. ഭൂമിയിലെ സമ്പത്ത് മുഴുവനും ദൈവത്തിന്റേതായിട്ടും മനുഷ്യരാശി മുഴുവൻ സമ്പത്തിൽ തുല്യപങ്കാളിയായിട്ടും കണ്ടുകൊണ്ട് ഒരു വർഗരഹിത സമൂഹം നിലവിൽ വരികയാണെങ്കിൽ കമ്യൂണിസം നിരീശ്വരവാദത്തിൽ നിന്നും ഈശ്വരവിശ്വാസത്തിലേക്ക് കടന്നുവന്നുകൊള്ളും. ആ വർഗരഹിത സമൂഹത്തിന്റെ അടിസ്ഥാനം മാർക്സിസം അല്ല, പരിശുദ്ധ ത്രിത്വം തന്നെയാണ്. മനുഷ്യന്റെ ജന്മനാ ഉള്ള വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ എല്ലാ അസമത്വങ്ങളും തുടച്ചുനീക്കി അടിസ്ഥാന സമത്വം സ്ഥാപിക്കുന്നതിലൂടെയാണ് പരിശുദ്ധ ത്രിത്വത്തിന്റെ അനന്തമായ സ്നേഹം നിത്യപ്രവർത്തനത്തിൽ (eternal action) കാണുവാൻ കഴിയുക. ക്രൈസ്തവ വെളിപാടാണ് വർഗരഹിത സമൂഹത്തിന്റെ അടിസ്ഥാനം.

മാനവരാശിക്ക് പക്വത വന്നു എന്നുള്ള ഡെയിട്രിക്ക് ബോൺഹോഫറുടെ (Dietrich Bonhoeffer) അഭിപ്രായം ഒരു ക്രൈസ്തവ ദൈവശാസ്ത്രം അപ്രസക്തമാക്കുന്നില്ല. എന്നാൽ ക്രൈസ്തവ ദൈവശാസ്ത്രം കാലോചിതമാക്കേണ്ടതുണ്ടെന്നു റുഡോൾഫ് ബുൾട്ട്മാൻ (Rudolph Bultmann) പറയുന്നു. മിത്തുകളിൽനിന്നും പുരാവൃത്തങ്ങളിൽനിന്നും വിമുക്തമായതുകൊണ്ടുമാത്രം ദൈവശാസ്ത്രം കാലത്തിന് യോജിച്ചതാകുന്നില്ല. ലെസ്ലീ ഡിവാർട്ടിന്റെ (Leslie Dewart) അഭിപ്രായം ശ്രദ്ധേയമാണ്. പുരാണങ്ങളുടേയും ഗ്രീക്ക് ചിന്തകളുടെയും പിൻബലംകൊണ്ട് പടുത്തുയർത്തപ്പെട്ട ക്രൈസ്തവ സിദ്ധാന്തങ്ങൾ അവയിൽനിന്ന് മോചനം പ്രാപിച്ചെങ്കിൽ മാത്രമേ ആധുനിക മനുഷ്യന്റെ ജീവിതാനുഭവവുമായി പൊരുത്തപ്പെടുകയുള്ളു എന്ന് ലെസ്ലി "The future of Belief" എന്ന ഗ്രന്ഥത്തിൽ പറയുന്നു.

ത്രിത്വതത്വം മാത്രമാണ് ഇന്ന് കാലോചിതമായ ദൈവശാസ്ത്രമെന്നും അതിന് മനുഷ്യന്റെ ജീവിതാനുഭവങ്ങളിൽ നിർണ്ണായക പങ്കുണ്ടെന്നു മാണ് ഞാൻ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. ദൈവശാസ്ത്രത്തിന് താഴെപ്പറയുന്ന ഗുണങ്ങൾ ഉണ്ടായിരിക്കണം.

1. സൂചിസ്തംഭം പോലൊരു പൗരോഹിത്യ ശ്രേണിയേയോ ഏകാധിപത്യത്തേയോ ബൂർഷ്വാ ജീവിതരീതിയേയോ അനുകൂലിക്കരുത്. അത് സഹവർത്തിത്വത്തിനും ജനാധിപത്യത്തിനും തൊഴിലാളിവർഗ ജീവിതരീതിക്കും വേണ്ടി നിലകൊള്ളുന്നതായിരിക്കണം.

2. പുണ്യപുരാണങ്ങളെ അക്ഷരംപ്രതി മുറുകെ പിടിക്കാത്തതും കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ചിട്ടുള്ളതും എന്നാൽ ഭാവി പടുത്തുയർത്തുവാൻ വേണ്ടിയുള്ളതുമായിരിക്കണം. കൂടാതെ ബൈബിൾ പുതിയ വെളിച്ചത്തിൽ വായിക്കുവാൻ പ്രേരിപ്പിക്കുന്നതും സഭയുടെ അനുഭവങ്ങളിൽനിന്നു പഠിക്കുവാൻ തയ്യാറാകുന്നതുമായിരിക്കണം അത്.

3. ക്രിസ്തുവിനെ ലോകരക്ഷയുടെ കേന്ദ്രബിന്ദുവായി കണ്ടുകൊണ്ടുതന്നെ ക്രിസ്തുശാസ്ത്രം ക്രൈസ്തവസഭകൾക്കും മറ്റു മതങ്ങൾക്കും പുനർവ്യാഖ്യാനം ചെയ്തുകൊടുക്കണം. ഒസ്കാർ കുൾമാന്റെ (Oscar Cullmann) ക്രിസ്തുവും കാലവും (Christ and Time) എന്ന പ്രബന്ധത്തിന് ഇവിടെ പ്രാധാന്യമുണ്ട്. വചന (Logos) മാകുന്ന ക്രിസ്തു സഭയിലും പുറത്തും കർമ്മനിരതനാണ്. യുക്തിസഹജമായ എല്ലാ സിദ്ധാന്തങ്ങളിലും നിരീശ്വരവാദത്തിൽ പോലും ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ട്. ദൈവത്തിലല്ലാതെ നന്മയില്ല. അതുകൊണ്ട് നന്മ എവിടെയുണ്ടോ അവിടെ ദൈവമായ ക്രിസ്തുവുമുണ്ട്.

4. ദൃശ്യവും അദൃശ്യവുമായ സഭയെ ഉൾക്കൊള്ളുന്ന ഒരു സഭാശാസ്ത്രം (ecclesiology) അനിവാര്യമാണ്. കൂദാശയിലൂടെയുള്ള മാമ്മോദീസായും ആഗ്രഹത്താലുള്ള മാമ്മോദീസായും സ്വീകരിച്ചവരെ ക്രൈസ്തവരായി കണക്കാക്കേണ്ടതുണ്ട്. മനുഷ്യരാശി മുഴുവനും സഭയായി മാറേണ്ട സമൂഹമാണ്. ആയതിനാൽ മാമ്മോദീസാ മുങ്ങിയ സഭാവിഭാഗത്തിന് മനുഷ്യസമൂഹത്തിന് മുഴുവനും സ്നേഹപൂർവ്വമായ പരിചരണം നൽകുവാൻ കടമയുണ്ട്.

5. പക്വത വന്ന ഒരു ദൈവശാസ്ത്രത്തിന് സഭയുടെ അംഗസംഖ്യ കൂടുന്നതിൽ താൽപര്യമുണ്ടാവില്ല. മനുഷ്യന്റെ ആവശ്യവും നന്മയും പുരോഗതിയും ലാക്കാക്കി ആയിരിക്കണം നമ്മുടെ പ്രവർത്തനം.

6. ദൈവത്തെ അകലങ്ങളിൽ മാത്രമല്ല അടുത്തും കാണേണ്ടിയിരിക്കുന്നു. ചരിത്രത്തിനും നിത്യതയ്ക്കും തുല്യ പ്രാധാന്യം നൽകണം. വ്യക്തിയേയും സമൂഹത്തേയും അവിഭാജ്യമായി കണക്കിലെടുത്തുകൊണ്ട് രാഷ്ട്രങ്ങളേയും ലോകത്തേയും ഒരു അണുകുടുംബ (Nuclear family) മായി കാണണം. സർവോപരി പരിശുദ്ധ ത്രിത്വത്തെ ഒരു മാതൃകയായി കണ്ടുകൊണ്ട് ഏത് പ്രശ്നത്തിനും പരിഹാരം തേടണം.

7. ദൈവത്തെ പിതൃസ്ഥാനത്ത് കണ്ടുകൊണ്ടുതന്നെ ലോകസാഹോദര്യം നടപ്പിലാക്കണം.

8. നിത്യസൗഭാഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ക്രിസ്തുവിൽ യാഥാർത്ഥ്യമായതും ഇന്ന് യാഥാർത്ഥ്യമാകേണ്ടതുമായ സൗഭാഗ്യത്തിന് തുല്യ പ്രാധാന്യം നൽകേണ്ടതുണ്ട്.

പാഠം 2

# വർഗരഹിത ദൈവശാസ്ത്രം ഒരു ബാഹ്യരേഖ

ക്രൈസ്തവമായ എല്ലാ ദൈവശാസ്ത്രവും വർഗരഹിതമായിരിക്കേണ്ടതാണ്. മറ്റു മതങ്ങളിലെ ദൈവശാസ്ത്രങ്ങൾ പോലും വിഭാഗീയ ചിന്തകൾ ഒഴിവാക്കുകയാണെങ്കിൽ ലോകസാഹോദര്യത്തിലേക്ക് വേണം വിരൽ ചൂണ്ടുവാൻ. ശ്രീ ശങ്കരാചാര്യരുടെ അദ്വൈതം ബ്രഹ്മാവും ലോകവും ഒന്നുതന്നെയെന്ന് വാദിക്കുന്നു. വിശിഷ്ട അദ്വൈതത്തിന്റെ വക്താവായിരുന്ന രാമാനുജ ആചാര്യർ ലോകത്തെ ബ്രഹ്മാവിന്റെ ശരീരമായി കണ്ടുകൊണ്ട് ദൈവവും മനുഷ്യനുമായുള്ള ഐക്യം ചിത്രീകരിക്കുന്നു. മഹമ്മദ് നബിയെ പ്രവാചകപ്രമുഖനായിട്ടും ഖുർആനെ അന്തിമ വെളിപാടായിട്ടും കണ്ടുകൊണ്ട് അല്ലാഹുവിന്റെ സർവ്വാധിപ

ത്യത്തിൻകീഴിൽ ലോകസാഹോദര്യം പടുത്തുയർത്തുവാനാണ് ഇസ്ലാമും താൽപര്യപ്പെടുന്നത്. ബുദ്ധിസവും ജൈനിസവും സിക്കിസവും വർഗ വിവേചനത്തിനെതിരാണ്. ഈ പുസ്തകത്തിൽ ഞാൻ ത്രിയേക ദൈവിക തുല്യത (Trinitarian equality) യുടെയും മനുഷ്യവർഗ്ഗത്തിന്റെ ഇടയിലുള്ള വ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിലാണ് ക്രൈസ്തവ ദൈവശാസ്ത്രം നോക്കിക്കാണുവാൻ ശ്രമിക്കുന്നത്.

അനന്തരം ദൈവം അരുൾചെയ്തു: 'നമ്മുടെ പ്രതിച്ഛായയിൽ നമ്മുടെ സദൃശനായി മനുഷ്യനെ നാം നിർമ്മിക്കട്ടെ. ഭൂമിയിൽ അവർക്ക് അധികാരം ഉണ്ടായിരിക്കട്ടെ' (ഉൽപത്തി 2:26). ദൈവത്തിന്റെ തദ്രൂപം ത്രിയേകമാണ്: പിതൃത്വവും പുത്രത്വവും മാതൃത്വവും ദൈവത്തിന്റെ ഏകതയിലും തുല്യതയിലും അടങ്ങിയിരിക്കുന്നു. "ഭൂതലം മുഴുവൻ വസിക്കാൻ അവൻ എല്ലാ ജനപദങ്ങളേയും ഒരുവനിൽ നിന്ന് (ഒരു രക്തത്തിൽ നിന്ന്) ഉളവാക്കി (അപ്പോ. പ്രവൃ. 17:26). സൃഷ്ടിയിൽ ഒരു വർഗ്ഗം മാത്രമേയുള്ളു, ഒരു വർഗം മാത്രമല്ല ഒരു രക്തം, ഒരു കുടുംബം മാത്രമാണ് ദൈവം സൃഷ്ടിച്ചത്. സൃഷ്ടിയുടെ അന്ത്യത്തിലും വചന സ്രഷ്ടാവും (logos creator) കർത്താവായ യേശുക്രിസ്തുവാണ്. അവനിലാണ് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ... സകലതും സൃഷ്ടിക്കപ്പെട്ടത്. സിംഹാസനങ്ങളും ആധിപത്യങ്ങളും ... അവനിലൂടെ അവനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാം അവനിൽ സംയോജിപ്പിച്ചിരിക്കുന്നു" (കൊലോസ്യർ 1:16, 17).

മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിയാലുള്ള ഐക്യവും ഏകത്വവും എല്ലാ സൃഷ്ടിക്കും പൊതുവായ അദൃശ്യ വചനത്തിൽ മാത്രമല്ല ക്രൈസ്തവർ കാണുന്നത്, ദൃശ്യവചനമാകുന്ന ക്രിസ്തുവിലും നാം ആ ഐക്യവും ഏകത്വവും കാണണം. ഇത് നാം ആഴത്തിൽ മനസ്സിലാക്കിയാൽ മാത്രമെ ലോകസാഹോദര്യം അർത്ഥവത്താകൂ. സ്രഷ്ടാവിനെ വെല്ലുവിളിക്കാൻ പറ്റാത്ത രീതിയിൽ വെറും മായയല്ല ലോകം. അത് ദൈവത്തിന്റെ ഒരു ബഹിർഗമനവുമല്ല: സൃഷ്ടിക്കപ്പെട്ട, അസ്തിത്വമുള്ള ഒരു യാഥാർത്ഥ്യമാണ് ലോകം. ലോകത്തെ ഒന്നാക്കി നിലനിർത്തുന്ന സ്രഷ്ടാവുമായുള്ള ബന്ധത്തിൽ മാത്രമെ നമുക്ക് വർഗരാഹിത്യവും ഏകത്വവും നിലനിർത്തുവാൻ സാദ്ധ്യമാകൂ. പഴയ ആകാശവും പഴയ ഭൂമിയും കടന്നുപോയതിനുശേഷമാണ് വെളിപാട് 21-ൽ പറഞ്ഞിരിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടേണ്ടത്.

മനുഷ്യന്റെ പതനം ഐക്യത്തിൽനിന്ന് ഐക്യരാഹിത്യത്തിലേക്കായിരുന്നു. ഒരു കുടുംബത്തിൽനിന്ന് പരസ്പരം പോരാടുന്ന പല കുടുംബങ്ങളിലേക്ക്, സുഖസമൃദ്ധിയുടെ ഏകതോട്ടത്തിൽനിന്ന് മുള്ളുകളും

ഞെരിഞ്ഞിലുകളും മുളയ്ക്കുന്ന പല തോട്ടങ്ങളിലേക്ക്. ആദാമിന്റെ നിഷ്കളങ്കമായ അവസ്ഥയിൽ മനുഷ്യന് സഹജീവികളേയോ ദൈവ ത്തേയോ വിശ്വാസക്കുറവില്ലായിരുന്നു. കായേനും ആബേലും ഐക്യ ത്തിൽ ജീവിച്ചിരുന്നെങ്കിൽ മാതൃകാപരമായ ഒരണു കുടുംബവും വർഗ്ഗ രഹിത സമൂഹവും ഉണ്ടാകുമായിരുന്നു. പക്ഷെ അവർക്കതിന് സാധി ച്ചില്ല. കാരണം ദൈവം തള്ളിക്കളഞ്ഞ ഒരുവൻ യാന്ത്രികമായി സഹോ ദരനെ വെറുക്കുന്നു. ദൈവത്തോട് പൊതുവായ വിധേയത്വം ഉണ്ടെങ്കിൽ മാത്രമെ മനുഷ്യവർഗ്ഗത്തിന് ഒന്നായി തുടരുക സാദ്ധ്യമാവുകയുള്ളു. എന്നാൽ പതനം വഴി മനുഷ്യർ ദൈവത്തോടുള്ള വിധേയത്വത്തിന്റെ സ്ഥാനത്ത് സാത്താനോടും ലോകത്തോടുതന്നെയും വിധേയത്വം സ്ഥാപിക്കുകയാണ് ചെയ്തത്.

പാപം മനുഷ്യനിൽ ദൈവസാദൃശ്യം നഷ്ടപ്പെടുത്തി മൃഗീയവാസന ഉളവാക്കുന്നു. മൃഗങ്ങൾക്ക് ഒരു വർഗ്ഗരഹിത സമൂഹം സ്ഥാപിക്കുവാൻ സാദ്ധ്യമല്ലാത്തതുപോലെ പതനത്തിൽപ്പെട്ടുപോയ മനുഷ്യർക്കും പാപ ത്തിൽനിന്നു മോചനം നേടുന്നതുവരെ ലോകസാഹോദര്യം പടുത്തു യർത്തുക സാദ്ധ്യമല്ല. ലോകവ്യാപകമായ വർഗ്ഗഘടനകളുടെ കാരണം ലോകവ്യാപകമായ പാപം തന്നെയാണ്. പാപം വരുത്തിവച്ച് അപകർഷ താബോധത്തിൽനിന്ന് മോചനം നേടുവാൻ മനുഷ്യൻ ഏതോ ചില ഉയർന്ന നിലവാരങ്ങൾ അഭിനയിക്കുവാൻ വെമ്പൽ കൊള്ളുന്നു. അവൻ അവന്റെ സ്ഥാനമാനങ്ങളിലും കുടുംബകുല ഗോത്രങ്ങളുടെ പ്രതാപ ങ്ങളിലും അവന്റെതന്നെ വ്യക്തിത്വത്തിലും അഹങ്കരിക്കുന്നു. സ്വന്തം തെറ്റ് അംഗീകരിക്കാതെതന്നെ ഒരു സൽപേര് സമ്പാദിക്കാൻ അവൻ ആഗ്രഹിക്കുന്നു. മറ്റുള്ളവരിൽ യാതൊരു താൽപര്യവും കാണിക്കാതെ സ്വാർത്ഥ താൽപര്യങ്ങൾക്ക് പിന്നാലെ അവൻ പായുകയാണ്. അവൻ ഒരു കുടുംബത്തിലോ ക്ലബ്ബിലോ, സംഘടനയിലോ രാഷ്ട്രീയപാർട്ടി യിലോ, മതവിഭാഗത്തിൽ തന്നെയോ, ഒതുങ്ങി അവന് ചുറ്റും ഒരു ചെറി യവർഗം രൂപീകരിക്കുകയാണ് ചെയ്യുന്നത്. അവനോടും അവന്റെ വർഗ്ഗ ത്തോടും ഒരു നയവും മറ്റുള്ളവരോട് വേറൊരു നയവും സ്വീകരിച്ച് ഒരു ഇരട്ടത്താപ്പുകാരനായി തീരുവാൻ നിർബ്ബന്ധിതനായിത്തീരുന്നു.

പതനത്തിൽ തുടരുന്ന വർഗം എപ്പോഴും വേറൊരു വർഗത്തിനെതി രായി പടപൊരുതുന്നു; എന്നാൽ സഭ ഒരു വർഗരഹിത സമൂഹമായി എല്ലാവർക്കുംവേണ്ടി നിലകൊള്ളുകയാണ്. പരസ്പരം യുദ്ധം ചെയ്യു വാൻ വേണ്ടി ചെലവഴിക്കുന്ന കോടാനുകോടികളും പരസ്പര സഹായ ത്തിനുവേണ്ടി റെഡ്ക്രോസ് പോലുള്ള സംഘടനകൾ ചെലവഴിക്കുന്ന തുച്ഛമായ തുകയും തമ്മിലുള്ള അന്തരത്തെക്കുറിച്ചൊന്നു ചിന്തിച്ചു നോക്കൂ. മറ്റെന്നത്തേക്കാളുമുപരിയായി ഇന്ന് ഒരു ലോകഗവണ്മെന്റ് അനി

വാര്യമായിത്തീർന്നിരിക്കുന്നു. എന്നാൽ സമ്പന്നരാഷ്ട്രങ്ങൾ അതിനെ അനുകൂലിക്കുന്നില്ല; അവരുടെ സമ്പത്ത് അവരെ മൃഗതുല്യരാക്കിത്തീർത്തിരിക്കുകയാണ്. ദേശീയ പരമാധികാരത്തിനു വേണ്ടി വാദിക്കുന്ന ഇന്നത്തെ ദേശീയ ഫാസിസ്റ്റ് ചിന്താഗതികളും, പാപത്തിന്റെ സന്തതികളായി ഉണ്ടായ സ്വാർത്ഥതയുടേയും ഗർവ്വിന്റെയും ഫലമാണെന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു. ഇരുട്ടിനെ ശപിക്കാതെ നമുക്കൊരു തിരി കത്തിച്ചുകൂടേ?

ത്രിയേക ദൈവവുമായിട്ടുള്ള പുനരൈക്യവും അതുവഴി മനുഷ്യർ തമ്മിലുള്ള രഞ്ജിപ്പുമാണ് ക്രിസ്തുവിൽ നമുക്കുണ്ടായ വീണ്ടെടുപ്പ്. 'ക്രിസ്തുവിൽ സ്നാനമേറ്റ നിങ്ങളെല്ലാവരും യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ ഭേദം ഇല്ല; നിങ്ങളെല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ് (ഗലാത്യർ 3:27-28). മനുഷ്യരുടെ ഇടയിലുള്ള വിദ്വേഷത്തിന്റെ മതിൽക്കെട്ടുകളുടെ തകർച്ചയെക്കുറിച്ച് വി. പൗലോസ് എഫേസോസുകാർക്കുള്ള ലേഖനത്തിൽ സുദീർഘമായി പ്രതിപാദിക്കുന്നു. പ്രസിദ്ധമായ ഒരു ഭാഗം ശ്രദ്ധിക്കൂ: "അന്ന് നിങ്ങൾ ക്രിസ്തുവിനോട് ബന്ധപ്പെടാതെ യഹൂദ പൈതൃകത്തിൽ പങ്കില്ലാതെ, വാഗ്ദാനപ്രകാരമുള്ള ഉടമ്പടിക്ക് അന്യരായി, പ്രത്യാശയില്ലാത്തവരായി ലോകത്തിൽ ദൈവമില്ലാത്തവരായി കഴിഞ്ഞിരുന്നത് ഓർമ്മിക്കുക. വിദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുവിന്റെ രക്തം വഴി ക്രിസ്തുയേശുവിൽ സമീപസ്ഥരായിരിക്കുന്നു. കാരണം, അവനാണ് നമ്മുടെ സമാധാനം; അവൻ നാം ഇരുവരേയും ഒന്നാക്കി വിദ്വേഷത്തിന്റെ മതിൽക്കെട്ട് തകർത്തു; അവൻ തന്റെ ശരീരത്തിൽ നിയമത്തെ അതിന്റെ കല്പനകളോടും അനുശാസനകളോടും കൂടെ റദ്ദാക്കി. അങ്ങനെ ഇരുകൂട്ടരിൽ നിന്നുമായി തന്നിൽ ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ച് അവൻ സമാധാനം സ്ഥാപിച്ചു. ഇരുകൂട്ടരേയും കുരിശുവഴി ഒരു ശരീരമാക്കി ദൈവത്തോട് അനുരഞ്ജിപ്പിച്ച് ശത്രുത അവസാനിപ്പിക്കാനായിരുന്നു ഇത്" (എഫേസ്യർ 2:12-16).

സർവ്വ മനുഷ്യരേയും ദൈവവുമായി അനുരഞ്ജിപ്പിക്കുവാനുള്ള സഭയാകുന്ന വർഗരഹിത സമൂഹത്തിൽ ജീവിച്ചിരിക്കുന്നവരും മരിച്ചവരും ഉൾപ്പെടുന്ന അവനിൽ തന്റെ പൂർണ്ണത കുടികൊള്ളാൻ ദൈവം തിരുമനസ്സായി. ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള എല്ലാം അവനിലൂടെ ദൈവത്തോട് രമ്യപ്പെട്ടു. കുരിശിൽ അവൻ ചൊരിഞ്ഞ രക്തത്തിലൂടെ ഈ സമാധാനം സ്ഥാപിതമായി (കൊലോസ്യർ 1:19-20). എന്നാൽ സഭ ഇന്നും ഒരു വർഗരഹിത സമൂഹമായി തീർന്നിട്ടില്ലായെന്നുള്ളത് വളരെ ദയനീയവും ദുഃഖകരവുമാണ്. വിഭജിക്കപ്പെട്ട് കിടക്കുന്ന ഒരു സഭയ്ക്ക് വർഗരഹിത സമൂഹത്തിന്റെ വക്താവാകുവാൻ സാദ്ധ്യമല്ല. സഭയ്ക്കുള്ളിൽ

തന്നെയുള്ള വർഗീയവും വിഭാഗീയവുമായ ചിന്താധാരകൾ വിരോധാഭാസമാണ്. രഞ്ജിപ്പിക്കപ്പെട്ടു എന്ന് വിശേഷിപ്പിക്കപ്പെടുന്ന സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ സ്ഥാനമാനങ്ങൾക്കും വസ്തുവകകൾക്കും വേണ്ടി മത്സരിക്കുന്നത് വലിയ തെറ്റാണ്. അനുരഞ്ജനം പൂർത്തിയായിട്ടില്ല; നടന്നുകൊണ്ടിരിക്കുന്നേയുള്ളു എന്ന് നാം എളിമയോടെ സമ്മതിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവരും ഇതരമതങ്ങളിലും നിരീശ്വരവാദികളിലും ഉള്ള എല്ലാ സഹൃദയരായ മനുഷ്യരും പതനത്തിന്റെ പരിണിതഫലങ്ങളിൽ നിന്നും പൂർണ്ണമായി സ്വതന്ത്രരായവരല്ല. ക്രിസ്തുവിൽ സംരക്ഷിക്കപ്പെട്ടെങ്കിലും പരിശുദ്ധാത്മാവിനാൽ ആ പ്രക്രിയ തുടരുകയാണ്; ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തോടെയാണ് അത് പൂർത്തിയാകുന്നതും. അതുകൊണ്ട് രക്ഷിക്കപ്പെട്ടവർ വീണ്ടും രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. വിശുദ്ധ പത്രോസിനെപ്പോലെ നാമും ക്രിസ്തുവിനെ വിദൂരത്തിൽ നിന്നാണ് അനുഗമിക്കുന്നത്. നാം അൽപംകൂടി ക്രിസ്തുവിനോടടുത്തു നിന്നില്ലായെങ്കിൽ ഒരുപക്ഷെ കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനു മുമ്പ് നാമും ക്രിസ്തുവിനെ മൂന്നു പ്രാവശ്യം ഉപേക്ഷിച്ചേക്കാം.

സഭ ക്രിസ്തുവിന്റെ ശരീരമായതുകൊണ്ട് അത് ഒന്നിൽ കൂടുതൽ ഉണ്ടാകുവാൻ സാദ്ധ്യമല്ല. ഒരു ശരീരത്തിൽ ഒന്നിൽ കൂടുതൽ വർഗങ്ങളും സാദ്ധ്യമല്ല. ‘നിങ്ങൾക്ക് ലഭിച്ച വിളി ഒരേ പ്രത്യാശയിലേക്കാണ്; അതുപോലെ നിങ്ങൾക്ക് ഒരേ ശരീരം, ഒരേ ആത്മാവ്, ഒരേ കർത്താവ്, ഒരേ വിശ്വാസം, ഒരേ സ്നാപനം’ (എഫേസ്യർ 4:4–5). അതുപോലെ ഒരു ഇടയന് ഒരു പറ്റമേ ഉണ്ടാവൂ (യോഹന്നാൻ 10:16). മറ്റുള്ളവരേയും ആ പറ്റത്തിലേക്ക് കൊണ്ടുവരേണ്ടിയിരിക്കുന്നു. ക്രിസ്തുവാകുന്ന വരന് ഉള്ള ഏക വധു സഭയാണ്. നമുക്ക് ആഹ്ലാദിച്ചുല്ലസിച്ച് അവനെ മഹത്വപ്പെടുത്താം; കുഞ്ഞാടിന്റെ വിവാഹം ഇതാ ആസന്നമായിരിക്കുന്നു; അവന്റെ മണവാട്ടി സ്വയം അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു (വെളിപാട് 19:7). സഭയെപ്പറ്റി ഉപമിച്ചു പറയുമ്പോളെല്ലാം ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത് – മുന്തിരിത്തോപ്പ്, ദൈവത്തിന്റെ വയലും മന്ദിരവും (1 കൊരിന്ത്യർ 3:9). സഭ ദൈവത്തിന്റെ അണുകുടുംബമാണ് – പിതാവാകുന്ന ദൈവം, മാതാവാകുന്ന പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭ, മൂത്ത സഹോദരനായ ക്രിസ്തു, നേരിട്ടുള്ള സഹോദരീസഹോദരന്മാരായ ക്രൈസ്തവർ സ്നാപനത്താൽ എല്ലാവർക്കും പുനർജന്മം ലഭിക്കുന്നതിനാൽ എല്ലാവരും നേരിട്ടുള്ള സഹോദരീസഹോദരന്മാരാണ്, തലമുറകൾ മറിഞ്ഞ സഹോദരങ്ങളല്ല.

ലോകാവസാനനാളിൽ സഭ പൂർണ്ണമായും വർഗരഹിതമായിത്തീരുന്നതിനെക്കുറിച്ച് വെളിപാടിന്റെ 7–ാം അദ്ധ്യായത്തിൽ പറയുന്ന, ‘അതാ

എല്ലാ ജനപദങ്ങളിലും ഗോത്രങ്ങളിലും ജനതകളിലും ഭാഷക്കാരിലും നിന്ന് എണ്ണാനാവാത്തത്ര വലിയൊരു ജനക്കൂട്ടം, സിംഹാസനത്തിന്റെയും കുഞ്ഞാടിന്റെയും മുമ്പിൽ നിൽക്കുന്നു. എല്ലാവരും വെള്ളവസ്ത്രം ധരിച്ചിരുന്നു; കയ്യിൽ കുരുത്തോല പിടിച്ചിരുന്നു. അവർ അത്യുച്ചത്തിൽ ആർത്തുവിളിച്ചു പറഞ്ഞു "സിംഹാസനത്തിൽ ഇരുന്നരുളുന്ന നമ്മുടെ ദൈവത്തിലും കുഞ്ഞാടിലുമാണ് രക്ഷ." മനുഷ്യനെ മനുഷ്യരിൽനിന്നും വേർതിരിക്കുന്ന എല്ലാ വ്യത്യാസങ്ങളും ചരിത്രസൃഷ്ടിയാണ്, അതെല്ലാം മാറി പരിശുദ്ധിയുടെ വെള്ളവസ്ത്രം ധരിക്കേണ്ടവരാണ് നാമെല്ലാം. മാമോദീസാ സ്വീകരിക്കാത്തവരെപ്പോലും വേർതിരിച്ച് കണ്ടുകൂടാ. കാരണം അവരും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. ജീവിതത്തിലല്ലെങ്കിൽ മരണാനന്തരമെങ്കിലും അവർ ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ സഭയുടെ അംഗങ്ങളാകേണ്ടവരാണ്. 'പാപികളെ രക്ഷിക്കാനാണ് ക്രിസ്തുയേശു ലോകത്തിൽ വന്നത് എന്ന പ്രസ്താവം തികച്ചും സ്വീകാര്യവുമാണ്' (തിമോഥെയോസ് 1:15). ജീവിതം ബലികഴിക്കത്തക്കവണ്ണം പാപികൾ വിലപ്പെട്ടതാണെങ്കിൽ അവർക്കുവേണ്ടി ജീവിക്കുന്നതിലും അർത്ഥമുണ്ട്. മനുഷ്യവർഗ്ഗം മുഴുവനും സഭയായി തീരേണ്ടതാണ്. സഭയായി തീരാനുള്ളതാണ്. അക്രൈസ്തവരെ അപരിചിതരായി കണക്കാക്കി അവർക്ക് സുവിശേഷം എത്തിക്കുന്നത് മനഃശാസ്ത്രപരമായിപോലും തെറ്റാണ്. നല്ല ശമരിയാക്കാരന്റെ ഉപമയിലെ പുരോഹിതനും ലെവിയാക്കാരനും പറ്റിയ തെറ്റ്, അവർ മുറിവേറ്റ യാത്രികനെ 'ഏതോ ഒരു മനുഷ്യൻ' എന്ന നിലയിൽ കണ്ടു എന്നുള്ളതാണ്; എന്നാൽ നല്ല ശമരിയാക്കാരൻ അവനെ ഒരു സഹോദരനായി കണ്ടു. ഒരു നല്ല ക്രൈസ്തവൻ നല്ല ശമരിയാക്കാരനെപ്പോലെ അപരിചിതനെപ്പോലും സഹോദരനായി കാണുന്നു.

സഭയിൽ ഭരണകർത്താക്കളെന്നും ഭരിക്കപ്പെട്ടവരെന്നും രണ്ടു വിഭാഗം വർഗ്ഗങ്ങൾ ഉണ്ടാകുവാൻ കാരണം രാജവാഴ്ച പോലുള്ള ഭരണരീതികളാണ്. ക്രിസ്തു പ്രവാചകനും പുരോഹിതനും രാജാവുമായിരുന്നെങ്കിലും യാതനയനുഭവിക്കുന്ന സേവകൻ കൂടിയായിരുന്നതുകൊണ്ടാണ് 'മനുഷ്യപുത്രൻ സേവിക്കപ്പെടുവാനല്ല സേവിക്കുവാനാണ് വന്നിരിക്കുന്നത്' എന്നവൻ പറഞ്ഞത്. അവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയത് ഒരു സേവകനെപ്പോലെയാണ്. അവരുടെ ഇടയിൽ വർഗവ്യത്യാസമില്ല എന്ന് കാണിക്കുന്നതിനും അവരും പരസ്പരം കാലു കഴുകുവാൻ വരെ തയ്യാറാകണം എന്നു പഠിപ്പിക്കുവാനുമാണ് അവനത് ചെയ്തത് (യോഹ. 13). നിർഭാഗ്യവശാൽ പിൽക്കാലത്ത് സഭ, റോമാ ഭരണകൂടത്തിന്റെ മാതൃകയിൽ ഒരു പൗരോഹിത്യശ്രേണി പടുത്തുയർത്തുകയാണുണ്ടായത്. മാർപാപ്പായെ സർവ്വാധിപതിയും തെറ്റാവരമുള്ളവനുമായി കണക്കാക്കി.

'ദൈവസേവകരുടെ സേവകൻ' എന്ന സ്ഥാനപ്പേരുതന്നെ സഭയിലും ലോകത്തു മുഴുവനും അർത്ഥശൂന്യമാക്കി. എന്നാൽ രണ്ടാം വത്തിക്കാൻ സുന്നഹദോസിനുശേഷം കൂട്ടുത്തരവാദിത്വത്തിന് മുൻഗണന നൽകി വരികയാണ്. പരിശുദ്ധ ത്രിത്വത്തിന്റെ മാതൃകയിലുള്ള പൗരോഹിത്യ ഘടനയും സഭ അംഗീകരിക്കുമെന്ന് പ്രത്യാശിക്കാം. 'പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന്, അങ്ങനെ നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിക്കുന്നതിന് ഞാൻ പ്രാർത്ഥിക്കുന്നു' എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ അർത്ഥവ്യാപ്തി സഭാപൗരോഹിത്യം പോലും മനസ്സിലാക്കിയിട്ടില്ല. സഭയ്ക്കും പൗരോഹിത്യത്തിനുമുള്ള മാതൃക പരിശുദ്ധ ത്രിത്വമാണെന്ന് ക്രിസ്തു നമ്മെ കാണിച്ചു തന്നിരിക്കയാണ്. മാർപാപ്പാ തന്റെ പരമാധികാരവാദവും തെറ്റാവരവാദവും ഉപേക്ഷിച്ചു വീറ്റോ ചെയ്യുവാനുള്ള അധികാരം വെടിഞ്ഞ് അക്ഷരാർത്ഥത്തിൽ തന്നെ ദൈവസേവകരുടെ സേവകനായി മാറിയാൽ മാത്രമെ ലോകം ക്രിസ്തുവിനെ വിശ്വസിക്കൂ. തെറ്റാവരമുള്ള ഏക വഴികാട്ടി ദൈവം മാത്രമാണെന്നംഗീകരിച്ച്, പരിശുദ്ധാത്മാവാണ് ആഗോളസഭയെ തെറ്റിൽ വീഴാതെ നയിക്കുന്നത് എന്ന് മനസ്സിലാക്കി, ഒന്നാം ജെറുസലേം സുന്നഹദോസിന്റെ 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു' (അപ്പോ. 15:28) എന്ന ചൈതന്യത്തിലേക്ക് നാം എത്തിച്ചേരണം. രാജകീയ പദവികളും പദങ്ങൾ പോലും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

മെത്രാന്മാരുടേയും മാർപാപ്പായുടേയും നടപടികൾ ഒരു പിതാവിന് യോജിച്ചതായിരിക്കണം. രാജകീയമായ രീതികളിൽ ആയിരിക്കരുത് അവരുടെ സമീപനം. പിതാവ് പുത്രന്റേതിൽനിന്നു വ്യത്യസ്തമായ വർഗത്തിൽപ്പെട്ടതല്ല. ഇംഗ്ലീഷിൽ മെത്രാനെ അഭിസംബോധന ചെയ്യുന്നതു തന്നെ 'പ്രഭോ' (my lord) എന്നാണ്. വർഗരഹിത ദൈവശാസ്ത്രം കാര്യമായി എടുക്കുകയാണെങ്കിൽ ഇതും മാറണം. പ്രഭുവും അടിമയും രണ്ടു വർഗത്തിൽപ്പെട്ടതാണ്. എന്നാൽ പിതാവും പുത്രനും അങ്ങനെയല്ല. ദൈവത്തിന്റെ പ്രഭുത്വമല്ല പിതൃത്വമാണ് പുതിയനിയമത്തിൽ കാതലായ രീതിയിൽ വെളിപ്പെടുത്തിയിരിക്കുന്നത്. സഭയുടെ പൗരോഹിത്യ പ്രവർത്തനം (ministry) സഭയ്ക്കുപരിയായി നിന്നുകൊണ്ടല്ല, സഭയുടെ ഭാഗമായി നിന്നുകൊണ്ടുതന്നെ വേണം.

സഭയ്ക്കുള്ളിൽ പൗരോഹിത്യപ്രവർത്തനം നിലനിൽക്കുമ്പോൾ തന്നെ ലോകത്തോട് സഭയുടെ മുഴുവനായ പൗരോഹിത്യ പ്രവർത്തനം നിലനിൽക്കുന്നു. 'നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വർഗവും രാജകീയ പുരോഹിതഗണവും' (എല്ലാ വിശ്വാസികളുടേയും) 'വിശുദ്ധ ജനതയും (പല ജനതകളല്ല) ദൈവത്തിന്റെ സ്വന്ത ജനവുമാണ്' (പല ജനമല്ല).

ഇരുട്ടിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ അത്ഭുതപ്രവൃത്തികൾ പ്രഖ്യാപിക്കാനാണ് (പത്രോസ് 2:9) നമ്മെ വേർ തിരിച്ചിരിക്കുന്നത്. പുരോഹിതരുടെ ഇടയിലുള്ള തരംതിരിവുകളും അവരെ പല വർഗങ്ങളാക്കിക്കൂടാ.

പൗരോഹിത്യശ്രേണിയുടെ എല്ലാ തട്ടിലുമുള്ള പുരോഹിതൻ അവ രുടെ ലളിതജീവിതം കൊണ്ട് വർഗരഹിത സമൂഹം യഥാർത്ഥമാക്കി തീർക്കണം. എല്ലാ ഭരണകർത്താക്കൾക്കും ഭരിക്കപ്പെടുന്നവർക്കും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ മാതൃക കാട്ടിക്കൊടുക്കേണ്ടത് സഭ യുടെ കടമയാണ്. ഇന്നത്തെ സഭകളിൽ കാണുന്ന ജീവിതരീതിയെ ക്കാളും ചൈനയിലെ സോഷ്യലിസ്റ്റ് ജീവിതരീതിക്കാണ് ക്രൈസ്തവ ദൈവശാസ്ത്രപരമായ അടിത്തറ കൂടുതലുള്ളത്. നമ്മുടെ സഭകളെ ക്രിസ്തീയവൽക്കരിക്കുന്നതിനാണ് ചൈനയെ ക്രിസ്തീയവൽക്കരിക്കു ന്നതിനേക്കാളും കൂടുതൽ പ്രാധാന്യം നൽകേണ്ടത്.

അദൃശ്യമായ അനുഗ്രഹങ്ങൾക്കുവേണ്ടിയുള്ള ദൃശ്യമായ മാർഗങ്ങ ളാണ് കൂദാശകൾ. സഭയേയും ക്രൈസ്തവരേയും ദൈവീകരിക്കലാണ് (Divinization) കൂദാശകളുടെ ലക്ഷ്യം. പരസ്പര വിദ്വേഷത്തിലും വഴ ക്കിലും കഴിയുന്ന മനുഷ്യരുടെ പൈശാചികതയിൽ നിന്നു അവരെ വേർ തിരിച്ച് പവിത്രമായൊരൈക്യത്തിലേക്ക് നയിക്കുവാൻ കൂദാശകൾ സഹാ യിക്കുന്നു. പല ഉദരങ്ങളിൽ നിന്ന് ശാരീരികമായി ജന്മം ലഭിച്ച മനു ഷ്യരെ മാമോദീസായുടെ ജലത്താൽ സഭ പുനർജനിപ്പിക്കുന്നു. മാമോ ദീസാ സ്വീകരിച്ചവരെ പരിശുദ്ധാത്മാവിനാൽ ആത്മീയ സമൂഹമാക്കു കയാണ് മൂറോൻ കൂദാശ ചെയ്യുന്നത്. അവർ പരിശുദ്ധാത്മാവിനാൽ ഒരു ശരീരത്തിന്റെ പല അവയവങ്ങളായിത്തീരുന്നു.

പരിശുദ്ധ കുർബാനയിൽ എല്ലാ കൂദാശകളും പൂർണ്ണമാക്കപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിക്കുക വഴി നാം ക്രിസ്തു വിന്റെ ശരീരമാകുന്ന സഭയുടെ അവയവങ്ങളാകുകയാണ് ചെയ്യുന്നത്. വി. പൗലോസിന്റെ അഭിപ്രായത്തിൽ നമ്മുടെ ഇടയിൽ ഭിന്നിപ്പുണ്ടെ ങ്കിൽ നാം പങ്കുചേരുന്നത് കർത്താവിന്റെ അത്താഴത്തിലായിരിക്കില്ല. നമ്മെ ഒന്നാക്കിത്തീർക്കുവാൻ വിശ്വാസഐക്യം മാത്രം പോരാ. സഭ യുടെ ഒരവയവം ശോഷിച്ചും മറ്റൊരവയവം വണ്ണിച്ചുമിരുന്നാൽ നമുക്ക തിനെ ക്രിസ്തുവിന്റെ ശരീരമെന്നെങ്ങനെ വിളിക്കുവാൻ കഴിയും. നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ നിങ്ങൾ ഭക്ഷിക്കുന്നത് കർത്താവിന്റെ അത്താഴമല്ല. ഭക്ഷണം കഴിക്കുമ്പോൾ ഓരോരുത്തനും അവനവന്റെ ഭക്ഷണം കഴിക്കാൻ തിടുക്കം കൂട്ടുന്നു. അപ്പോൾ ഒരാൾ വിശന്നിരി ക്കുന്നു; മറ്റൊരാൾ കുടിച്ച് ഉന്മത്തനായിരിക്കുന്നു. എന്ത്? തിന്നാനും കുടി

ക്കാനും നിങ്ങൾക്ക് വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ നിന്ദിക്കുകയും ഒന്നുമില്ലാത്തവരെ അപമാനിക്കുകയുമാണോ (1 കൊരി. 11:20–22). വിശുദ്ധ കുർബാനയിൽ നാം അർത്ഥവത്തായി പങ്കുചേരുകയാണെങ്കിൽ ഭൗതികസമ്പത്തും പങ്കുവയ്ക്കുവാൻ അതു നമ്മെ നിർബന്ധമായും പ്രേരിപ്പിക്കും. വർഗവിഭജിതമായൊരു സഭയ്ക്ക് (സാഹോദര്യം ഇല്ലാത്തതുകൊണ്ട്) വി. കുർബാന അർപ്പിക്കുവാൻ അർഹതയില്ല.

കുമ്പസാരത്തിൽ നമ്മുടെ പാപം പൊറുക്കപ്പെട്ട് ദൈവവും സഹോദരങ്ങളുമായുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെടുന്നു. സഹോദരീസഹോദരന്മാരുമായി രമ്യതയിൽ എത്താത്ത ഒരുവനും വി. കുർബാനയിൽ പങ്കുചേരരുത് എന്നുള്ള മത്തായിയുടെ നിർദ്ദേശം (മത്തായി 5:23–25) നാം ഓർക്കണം. ക്രൈസ്തവനെ ശുദ്ധീകരിച്ച് സഹോദരങ്ങളുമായുള്ള ബന്ധം അർത്ഥവത്തും ആഴമുള്ളതുമാക്കുകയെന്നുള്ളതാണ് കുമ്പസാരത്തിന്റെ ലക്ഷ്യം. വിവാഹമെന്ന കൂദാശയിൽ ദൈവം രണ്ടു ശരീരങ്ങളെ ഒന്നാക്കുകയാണ്. അത് പൂർണമാക്കപ്പെടുന്നതും സഫലീകരിക്കപ്പെടുന്നതും ദൈവസംരക്ഷണയിൽ തന്നെ വേണം. വിവാഹത്തെപ്പോലെ എല്ലാവർക്കും വേണ്ടിയുള്ളതല്ല വൈദികപട്ടം. അതൊരു പ്രത്യേക ദൈവവിളിയാണ്. എങ്കിലും വൈദികപട്ടമേറ്റവർ സഭയിൽ ഒരു പ്രത്യേക വർഗമായി തീരുന്നില്ല. കന്തീലാ ശുശ്രൂഷ രോഗിക്ക് ആശ്വാസം പകരുന്നു. ആദിമ സഭയിൽ തന്നെ ഇതു നിലനിന്നിരുന്നു (യാക്കോബ് 5:14).

എല്ലാ കൂദാശയും അതിൽ പങ്കുചേരുന്നവരുടെയിടയിൽ ഐക്യം വളർത്തി ക്രിസ്തുവിന്റെ ശരീരവുമായി ഒന്നാക്കിത്തീർക്കുന്നു. വർഗവ്യത്യാസങ്ങളും കൂദാശകളും ഒന്നിച്ചുപോവുക സാദ്ധ്യമല്ല.

ക്രിസ്തീയതയ്ക്കും അതിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്ന വർഗരഹിത ദൈവശാസ്ത്രത്തിനും മാതൃകയായി നിലകൊള്ളുന്നത് പരിശുദ്ധ ത്രിത്വമാണ്. ത്രിത്വം ആരാധിക്കപ്പെടുവാനുള്ളതാണ്. പഠിപ്പിക്കുവാനുള്ളതല്ല എന്ന് എമിൽ ബ്രൂണർന്റെ (Emil Brunner) വാദം ശരിയല്ല. പരിശുദ്ധ ത്രിത്വത്തെ പൂർണമായിട്ടും മനസ്സിലാക്കുവാൻ പറ്റുന്നതല്ല എന്നറിഞ്ഞിരുന്നിട്ടും സഭാപിതാക്കന്മാർ ആ രഹസ്യം വിശദീകരിക്കുന്നതിനുവേണ്ടി അവരുടെ ജീവിതം തന്നെ ഉഴിഞ്ഞുവയ്ക്കുകയാണുണ്ടായത്. മനുഷ്യാവതാരത്തിലൂടെയും പെന്തക്കോസ്തിയിലൂടെയും പരിശുദ്ധ ത്രിത്വത്തെ നമുക്ക് വെളിപ്പെടുത്തുന്നതിൽ നമുക്ക് ദൈവത്തെ വാഴ്ത്താം. ദൈവത്തിന്റെ നിത്യ സ്നേഹത്തിന്റേയും പരിപൂർണതയുടേയും രഹസ്യമാണ് പരിശുദ്ധ ത്രിത്വം. ദൈവത്തിന്റെ പരിപൂർണതയിൽ ഏകത്വവും ബഹുത്വവും, സങ്കീർണതയും ലാഘവത്വവും, അനന്തതയും പരിധിയും അടങ്ങിയിരിക്കുന്നു. അവൻ ഒറ്റയാനാണെങ്കിൽ

നിത്യകർമ്മത്തിൽ മുഴുകിയിരിക്കുന്ന നിത്യ സ്നേഹമാവുക സാദ്ധ്യമല്ല. അവൻ രണ്ടിന്റെ ഒരു ജോഡിയാണെങ്കിൽ പരസ്പര സ്നേഹമല്ലാതെ ഒരു കുടുംബത്തിലെന്നപോലെ സ്നേഹം പങ്കുവയ്ക്കുക സാദ്ധ്യമല്ലാതായിത്തീരും. ദൈവം തന്നെ നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ഏറ്റവും വലിയ സത്യമാണ് ത്രിത്വം. ദൈവം ഒന്നുകിൽ ശങ്കരാചാര്യർ പഠിപ്പിച്ചതുപോലെ നിർഗുണബ്രഹ്മം ആയിരിക്കുകയോ അല്ലെങ്കിൽ ത്രിത്വം ആയിരിക്കുകയോ വേണം. രണ്ടായിരിക്കുന്ന അവസ്ഥ സാദ്ധ്യമല്ല. നാലായിരിക്കുന്ന അവസ്ഥയുടെ ആവശ്യവുമില്ല. കാരണം ത്രിത്വമായിരിക്കുന്ന അവസ്ഥയിൽ സ്നേഹത്തിനെത്തിച്ചേരാവുന്നതിൽ കവിഞ്ഞൊരു വ്യാപ്തി നാലായിരിക്കുന്ന അവസ്ഥയിൽ ഇല്ല എന്നുള്ളതു തന്നെ.

ത്രിത്വത്തിന്റെ സഹതുല്യതയും (Co-Equality) സഹഅന്തസത്തയും (Co-Essentiality) സഹനിത്യതയും (Co-Eternity) കപ്പദോക്കിയായിലെ സഭാപിതാക്കന്മാർ അംഗീകരിച്ചിരുന്നു. സ്നേഹത്തിന്റെ പരിപൂർണതയിൽ വലുതെന്നോ ചെറുതെന്നോ പ്രശ്നം ഉദിക്കുന്നില്ല. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും പ്രവർത്തനങ്ങളിൽ മൂവരും തുല്യപങ്കാളികളാണ്. പിതാവ് പുത്രനെക്കാളുമോ പരിശുദ്ധാത്മാവിനെക്കാളുമോ മൂത്തവൻ അല്ല. മാതൃകാ കുടുംബത്തിൽ ദുഃഖത്തിലും സന്തോഷത്തിലും ആരും ഒറ്റപ്പെടുന്നില്ല. സൂര്യന്റെ ചൂടും പ്രകാശവും അവിഭാജ്യമാണ്. ദൈവം ഒരണു കുടുംബമാകുന്നുവെന്ന് പറയുമ്പോൾ അത് മൂന്ന് ദൈവങ്ങളാകുന്നില്ല; കാരണം അന്തസത്തയിൽ ഏകത്വം നിലനിൽക്കുന്നു. മനുഷ്യമനസിന് സുബോധാവസ്ഥയും അബോധാവസ്ഥയും ഉപബോധാവസ്ഥയും ഉണ്ടെങ്കിലും അത് ഏകമാണ്. സൃഷ്ടിയുടെ ലോകത്തുനിന്ന് ഏതുദാഹരണമെടുത്താലും ത്രിത്വസത്യത്തിന്റെ ആഴം വ്യക്തമാവുകയില്ല എന്നുള്ളതുകൊണ്ട് അണുകുടുംബത്തിന്റെ ഉദാഹരണത്തിനും അതിന്റേതായ പോരായ്മകൾ ഉണ്ട്.

ദൈവത്വത്തിൽ അന്തർലീനമായ വർഗരഹിത സമൂഹം എന്ന അത്യുന്നത ലക്ഷ്യം ചരിത്രകാലത്ത് എത്തിച്ചേരുവാൻ പറ്റുന്ന ഒന്നല്ല എന്നിരുന്നാലും അത് നമ്മുടെ മാതൃകയായിരിക്കണം. കഴിവതും സ്വായത്തമാക്കുകയും വേണം. ദൈവത്തിൽ പോലും വ്യത്യാസം അനിവാര്യമാണ്. അഞ്ചു വിരലുകൾ തമ്മിൽ വലിപ്പത്തിലും ഉപയോഗത്തിലും വ്യത്യാസങ്ങളുണ്ട്. എങ്കിലും അവ തമ്മിൽ ഒരൈക്യം നിലനിൽക്കുന്നുണ്ട്. അതുപോലൊരൈക്യമാണ് വർഗരഹിത സമൂഹത്തിലും ഉണ്ടാകേണ്ടത്. തുല്യരിൽ ഒന്നാമൻ എന്നുള്ളത് മാത്രമാണ് പിതാവിന്റെ സ്ഥാനം. ഇതുതന്നെയായിരുന്നു അപ്പസ്തോലന്മാരുടെയിടയിൽ പത്രോസിനുണ്ടായിരുന്ന സ്ഥാനവും. ആ സംഘത്തിലെ പ്രായം ചെന്ന ആൾ എന്ന നിലയിൽ

അദ്ദേഹത്തിനൊരു ബഹുമാന്യ സ്ഥാനമുണ്ടായിരുന്നു. അതിനുപരിയായി അദ്ദേഹത്തിനൊരു അധികാരവും ഇല്ലായിരുന്നു. മത്തായി 18:18–ലും യോഹന്നാൻ 20:22–ലും കാണുന്ന അഴിക്കുവാനും കെട്ടുവാനുമുള്ള അധികാരം പത്രോസിനു മാത്രമല്ല നൽകപ്പെട്ടിരുന്നത്. ക്രിസ്തുവിനുണ്ടായിരുന്ന രാജാവിന്റേയും പുരോഹിതന്റേയും ഇടയന്റേതുമായ ദൗത്യങ്ങൾ എല്ലാ അപ്പസ്തോലന്മാർക്കും നൽകപ്പെട്ടു. 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.'

ഗലാത്യർക്കുള്ള ലേഖനത്തിന്റെ 2–ാം അദ്ധ്യായത്തിൽ വി. പൗലോസ് തനിക്ക് വി. പത്രോസുമായുള്ള തുല്യതയെക്കുറിച്ച് വാദിക്കുന്നു. ഇവിടേയോ വിശുദ്ധ ഗ്രന്ഥത്തിന്റെ മറ്റേതെങ്കിലും ഭാഗത്തോ വി. പത്രോസിന്റെ തെറ്റാവരത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. 'നീ ക്രിസ്തുവാകുന്നു; ജീവനുള്ള ദൈവത്തിന്റെ പുത്രൻ' എന്നു പത്രോസ് പറഞ്ഞപ്പോൾ പോലും 'മനുഷ്യനല്ല ഇത് നിനക്ക് വെളിപ്പെടുത്തിത്തന്നത്; എന്റെ സ്വർഗസ്ഥനായ പിതാവാണ്' (മത്തായി 16:16–17) എന്നാണ് ക്രിസ്തു മറുപടി പറഞ്ഞത്. ത്രിത്വദൈവശാസ്ത്രം പിരമിഡുപോലൊരു പൗരോഹിത്യ ശ്രേണി അല്ല. അപ്പസ്തോലന്മാരുടെ സഹവർത്തിത്വവും തുല്യതയുമാണ് അനുവദിച്ചിരിക്കുന്നത്. ഒരാൾ മറ്റവർക്കുപരിയായാൽ വർഗരഹിത ദൈവശാസ്ത്രം അസാദ്ധ്യമാകും.

നമ്മുടെ അന്തിമമായ പ്രതീക്ഷ ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും മൂന്നാം ക്ലാസ്സും അടങ്ങുന്ന ഒന്നല്ല, പിതാവിന്റെ ഭവനമാണ്. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻ പോയി നിങ്ങൾക്കുവേണ്ടി ഒരു സ്ഥലം ഒരുക്കിയതിനുശേഷം, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് എന്റെ അടുക്കലേക്ക് നിങ്ങളെ സ്വീകരിക്കും (യോഹ. 14:2–3). 'പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവമക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇപ്പോഴും വെളിവായിട്ടില്ല. പക്ഷേ അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെപ്പോലെയായിരിക്കും എന്നു നമുക്കറിയാം. അവൻ ആയിരിക്കുന്നതുപോലെ നാം അവനെ കാണും' (1 യോഹ. 3:2). സ്വർഗ്ഗം ഏറ്റവും പരിപൂർണമായ വർഗരഹിത സമൂഹമായിരിക്കും.

വെളിപാടിന്റെ പുസ്തകത്തിലെ നാലു ജീവികളുടെയും 24 മൂപ്പന്മാരുടെയും സർവ്വ പുണ്യവാന്മാരുടെയും പാട്ട് കുഞ്ഞാട് പടുത്തുയർത്തിയ ഐക്യത്തെ പ്രകീർത്തിക്കുന്നതാണ്. അവർ പുതിയൊരു ഗാനം ആലപിച്ചു. "ഗ്രന്ഥം എടുക്കാനും മുദ്രകൾ തുറക്കാനും നീ യോഗ്യനാകുന്നു. നീ കൊല്ലപ്പെടുകയും നിന്റെ രക്തംകൊണ്ട് എല്ലാ ഗോത്രങ്ങളിലും ഭാഷകളിലും ജനങ്ങളിലും ജനപദങ്ങളിലും നിന്ന്, മനുഷ്യരെ നീ ദൈവത്തിനു

വേണ്ടി വീണ്ടെടുക്കുകയും ചെയ്തു. അവരെ ഒരു രാജ്യവും നമ്മുടെ ദൈവത്തിന്റെ പുരോഹിതരുമാക്കി, അവർ ഭൂമിയിൽ ഭരണം നടത്തും" (വെളി. 5:9-10). ആകാശത്തിലെ ഭരണത്തെപ്പറ്റിയല്ല; ഭൂമിയിലെ ഭരണത്തെപ്പറ്റിയാണ് പാട്ട് എന്നുള്ളത് പ്രാധാന്യമർഹിക്കുന്നു. ക്രിസ്തീയതയിൽ പുതിയ ആകാശവും പുതിയ ഭൂമിയും വരും എന്ന പ്രതീക്ഷയുണ്ട്. പരിപൂർണമായ പറുദീസായുടെ അടയാളങ്ങളാണ് പുതിയ ആകാശത്തിനുള്ളത്. സിംഹാസനത്തിൽനിന്ന് ഉറക്കെ പറയുന്ന ഒരു സ്വരവും ഞാൻ കേട്ടു. ഇതാ ദൈവത്തിന്റെ നിവാസം മനുഷ്യരോടു കൂടെ. അവൻ അവരോടൊത്ത് വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം തന്നെ അവരോടുകൂടെ ഉണ്ടായിരിക്കും. അവൻ അവരുടെ കണ്ണീരു മുഴുവൻ തുടച്ചു മാറ്റും. ഇനിമേൽ മരണം ഉണ്ടായിരിക്കയില്ല. വിലാപവും കരച്ചിലും വേദനയും ഉണ്ടായിരിക്കയില്ല. കാരണം പഴയവ കടന്നുപോയിരിക്കുന്നു" (വെളി. 21:3-4). അങ്ങയുടെ രാജ്യം ആകാശത്തിലെപ്പോലെ ഭൂമിയിലും വരണം എന്ന നമ്മുടെ നിത്യപ്രാർത്ഥനയ്ക്ക് മറുപടിയാണിത്. അവിടെ ദൈവത്തേയും പരസ്പരം കണ്ണ് തുടയ്ക്കുന്ന തന്റെ ജനതയെയും മാത്രമാണ് നാം കാണുന്നത്. കുഞ്ഞാടിന്റെ രക്തച്ചൊരിച്ചിലും ആട്ടിൻപറ്റത്തിന്റെ പരിപാലനവും തീറ്റിപ്പോറ്റലും ഇടയൻ വീണ്ടും വരുന്നതുവരെ തുടരേണ്ടിയിരിക്കുന്നു.

**പാഠം 3**

## സമൂഹവും വ്യക്തിയും തനിമയും

വ്യക്തിക്ക് സമൂഹത്തിന്റെമേലും സമൂഹത്തിന് വ്യക്തിയുടെമേലും ഉള്ള മുൻഗണനയെ സംബന്ധിച്ച് ഒട്ടേറെ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇന്നതിന് ശക്തി കുറഞ്ഞിരിക്കുകയാണ്. കാടും മരവും തമ്മിലുള്ള ബന്ധത്തിനു തുല്യമാണ് വ്യക്തിയും സമൂഹവും തമ്മിലുള്ളത്. എന്നാൽ അപൂർവമായി ഒറ്റപ്പെട്ട മരങ്ങൾ നിലനിൽക്കാറുണ്ട്. വ്യക്തിക്കാകട്ടെ ഒറ്റപ്പെട്ട നിലനിൽപ്പ് സാദ്ധ്യമേയല്ല. പോൾ ടില്ലിക്ക് ചൂണ്ടിക്കാട്ടിയതുപോലെ ശരിക്കും വ്യക്തിത്വം എന്നത് സമൂഹജീവിതത്തിലെ പങ്കാളിത്തത്തിൽനിന്നു ലഭിക്കുന്നതാണ്. വ്യക്തികളുടെ ജനനംപോലും രണ്ടു വ്യക്തികളുടെ അടുത്ത പങ്കാളിത്തത്തിൽനിന്നു സംഭവിക്കാവുന്നതാണ്. അതുപോലെ സമൂഹത്തിൽ നിന്നു സ്നേഹം വ്യക്തിയിലേക്കു പകരുമ്പോൾ മാത്രമാണ് വ്യക്തിയുടെ ശരിയായ വളർച്ച സാദ്ധ്യമാവുന്നത്. ശിശു ജനിക്കുമ്പോൾ മനുഷ്യവാസമില്ലാത്ത ഒരു ദ്വീപിൽ പാർപ്പിച്ചാൽ

ആളത്തമേ ഉണ്ടാകുകയില്ല. അയൽവാസികൾ, സഭ, രാജ്യം എന്തിനു ലോകം പോലും സ്നേഹം പകരുന്ന സ്ഥാപനങ്ങൾ ആയിരിക്കണം. വ്യക്തി സമൂഹത്തോട്, സമൂഹം വ്യക്തിയോടെന്നതിനേക്കാൾ കൂടുതൽ കടപ്പെട്ടിരിക്കുന്നു എന്ന് പൊതുവേ പറയാറുണ്ട്. കുടുംബത്തെയെടുത്താൽ മാതാവ്, പിതാവ്, കുട്ടികൾ എന്ന വ്യത്യാസത്തേക്കാളുപരി ഇവർ തമ്മിൽത്തമ്മിലുള്ള ഐക്യത്തിനാണ് പ്രാധാന്യം. വൈവിധ്യത്തിന്റെ ഈ ഐക്യത്തിൽ ആരാണ് പ്രമാണി എന്ന ചോദ്യം ഉദിക്കുന്നതേയില്ല. ഒരാദർശ കുടുംബം ഇങ്ങനെ ആയിരിക്കും.

ത്രിത്വസിദ്ധാന്തത്തിന്റെ പ്രസക്തി പണ്ടത്തെക്കാളും വർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണ് നമ്മളുടേത്. നമ്മുടെ കാലത്തെ പ്രത്യയശാസ്ത്രപരമായ ഒട്ടേറെ വിവാദങ്ങൾക്ക് അറുതി വരുത്തുവാൻ സഹായകമാണിത്. ത്രിത്വസിദ്ധാന്തത്തിന് അത് അർഹിക്കുന്ന പ്രാധാന്യം കൊടുത്ത് ഇതുവരെയും നമ്മൾ വിശകലനം ചെയ്തിട്ടില്ലെന്നതാണ് പരമാർത്ഥം. ആദിമ സഭാപിതാക്കന്മാരുടെ കാലത്തെ കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ ഉള്ള ബുദ്ധിരാക്ഷസന്മാർ ക്രൈസ്തവ ത്രിത്വസിദ്ധാന്തത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും മറ്റെന്തിനേക്കാളും പ്രാധാന്യത്തോടെ അതു വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. പരിശുദ്ധാത്മാവിനെ സംബന്ധിച്ച വി. ബേസിലിന്റെ പ്രബന്ധം എല്ലാക്കാലത്തേയും ഒരു മാസ്റ്റർപീസായിരിക്കും. ഇതിലെ അദ്ദേഹത്തിന്റെ ഒരു പ്രധാന നിഗമനം, പിതാവും പുത്രനും പരിശുദ്ധാത്മാവും, ഇവരെ ഒന്നിനു കീഴെ ഒന്നായിട്ട് എണ്ണുന്നത് തെറ്റും (Sulonumeration) എന്നാൽ സമന്മാരായിട്ട് എണ്ണുന്നത് ശരിയും (Co-numeration) ആണെന്നാണ്. ആരിയൻ പാഷാണ്ഡതയുടെ സ്വാധീനത്തിൽ മാസിഡോണിയോസിനെപ്പോലുള്ള വ്യക്തികൾ പിതാവിനേക്കാൾ കുറഞ്ഞ പ്രാധാന്യം പരിശുദ്ധാത്മാവിനും നൽകി. കപ്പദോക്യൻ പിതാക്കന്മാർക്കാകട്ടെ, പരിശുദ്ധ ത്രിത്വത്തിലെ സഹസമത്വം, സഹനിത്യത, സഹഉത്തമത എന്നിവ വിശദീകരിച്ചുകൊടുക്കുവാനുള്ള ബുദ്ധിപരമായ ഉൾക്കാഴ്ച ലഭിച്ചിരുന്നു.

സ്വാർത്ഥപരത, വ്യക്തിപരത ഇവ മുതലാളിത്ത സമൂഹത്തിന്റെ സവിശേഷതകളാണ്. മത്സരചിന്തയിൽ അടിയുറച്ച ഈ സാമൂഹ്യ വ്യവസ്ഥിതി നമ്മളുടെ ചിന്തകളെപ്പോലും മുൻകൂട്ടി വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു നിമിത്തം നമ്മളറിയാതെതന്നെ കുടുംബപരമായ ഐക്യം നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പൗരസ്ത്യ സഭാപിതാക്കന്മാരെ ത്രിമൂർത്തി വിശ്വാസികളെന്ന് ത്രിത്വാരാധനയുടെ പേരിൽ കാറൽ ബാത് ആക്ഷേപിച്ചിട്ടുണ്ട്. പൗരസ്ത്യരാകട്ടെ ഇദ്ദേഹത്തെ ത്രിത്വനിഷേധം ആരോപിച്ച് ആക്ഷേപിക്കുന്നു. പൗരസ്ത്യർക്കാകട്ടെ, ദൈവമെന്ന നിത്യകുടുംബത്തിലേക്ക് എത്തിനോട്ടത്തിന് അവസരം കിട്ടിയിട്ടുണ്ട്. നിത്യപിതാവ്, നിത്യ

പുത്രൻ, നിത്യ പരിശുദ്ധാത്മാവ് എന്നിവ ഉൾപ്പെടുന്ന നിത്യകുടുംബ മാണ് വി. ത്രിത്വം. ഈ വിശകലനത്തിന്റെ സവിശേഷത ദൈവത്തെ സംബന്ധിച്ച ഏതൊരു സങ്കൽപ്പത്തിലെപ്പോലെ ഏകമോ മൂന്നും മൂന്നെന്ന സങ്കൽപ്പത്തിലെപ്പോലെ വ്യത്യസ്തമോ അല്ല. പിന്നെയോ പിതൃത്വം, പുത്രത്വം, മാതൃത്വം എന്ന മൂന്നു വ്യത്യസ്ത സത്തകളിലെ തുല്യതയുള്ള ഏകത്വമാണ് വി. ത്രിത്വം. വി. ത്രിത്വത്തിലെ വ്യത്യാസം അതിന്റെ തുല്യതയെ ശൂന്യമാക്കുന്നില്ല. പുത്രൻ പിതാവല്ല എന്നിട ത്താണ് വ്യത്യാസം. എന്നാൽ വ്യക്തി എന്ന നിലയിൽ പുത്രൻ പിതാ വിനോടു തുല്യനാണ്. മാതാവ് പുത്രനിൽ നിന്നും പിതാവിൽ നിന്നും വ്യത്യസ്തയാണ്. എന്നാൽ ഇരുവരുമായി തുല്യതയ്ക്ക് കുറവൊന്നു മില്ല. മാതൃകാ കുടുംബത്തിൽ മേധാവിത്വത്തിന്റെ പ്രശ്നം ഉദിക്കുന്നേ യില്ല. ഓരോരുത്തരും സ്വയം തന്നെക്കാൾ മുന്തിയത് മറ്റെ ആളാണെന്ന് കരുതണം.

തൃശിനാപ്പള്ളിക്കടുത്ത് ശാന്തിവനം എന്ന സ്ഥലത്ത് ഒരു സച്ചിദാന ന്ദാശ്രമം ഉണ്ട്. ത്രിത്വത്തിന്റെ പ്രതീകം അവിടെ വരച്ചു വച്ചിട്ടുണ്ട്. ഇതിൽ പരിശുദ്ധാത്മാവിന് സ്ത്രീരൂപമാണ് നൽകിയിരിക്കുന്നത്. ആശ്രമ മേധാവി ഫാദർ ബീഡ് ഗ്രിഫിത്ത് എന്നോട് പറയുകയുണ്ടായി, പരിശു ദ്ധാത്മാവ് നമ്മുടെ മാതാവാണ്. ശരിയാണ്, ക്രിസ്ത്യാനികൾ ആരാധി ക്കുന്നത് നമ്മുടെ പിതാവും നമ്മുടെ മാതാവും നമ്മുടെ സഹോദരനു മായ ഏക ദൈവത്തെയാണ്. ഇതോടൊപ്പം സ്ത്രീവിമോചന പ്രസ്ഥാ നത്തെ സംബന്ധിച്ച ആരോഗ്യകരവും അനാരോഗ്യകരവുമായ ചില പ്രവ ണതകൾ ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. സ്ത്രീ പുരുഷ സമത്വം സ്ഥാപിക്കുക എന്ന അർത്ഥത്തിൽ ആരോഗ്യകരമാണത്. എന്നാൽ വ്യത്യാസമില്ലാതാക്കാനുള്ള ശ്രമം അനാശാസ്യമാണ്. സ്ത്രീകൾക്കു പുരുഷന്മാരുമായുള്ള തുല്യത ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട രണ്ടു വ്യക്തികൾ എന്ന നിലയിലായിരിക്കണം. അല്ലാതെ തുല്യ കർത്ത വ്യങ്ങൾക്കു വേണ്ടിയുള്ളവർ എന്ന നിലയിലായിരിക്കരുത്. തീർച്ചയായും സ്ത്രീയുടെയും പുരുഷന്റെയും കർത്തവ്യങ്ങൾ വ്യത്യസ്തം തന്നെ യാണ്.

ഇന്ന് പൗരാണിക സഭകളിലും അനുഗൃഹീതയായ കന്യാമറിയാമിനു വിശേഷാൽ പദവിയുണ്ട്. അപ്പസ്തോലന്മാർക്കു തുല്യമായ പദവി തന്നെ. പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളെന്ന നിലയിലല്ല ജഡമെടുത്ത ദൈവത്തിന്റെ മാതാവെന്ന നിലയിൽ അവർ സഭയ്ക്കു തന്നെ മാതാ വാണ്. മുൻഗണനാക്രമം പരിഗണിക്കുമ്പോൾ അപ്പസ്തോലന്മാരുടെയും മറ്റു സകല വിശുദ്ധന്മാരുടെയും മീതെയാണ് അവളുടെ സ്ഥാനം. നെയ് റോബിയിൽ ചേർന്ന സഭയുടെ ലോകകൗൺസിലിന്റെ സമ്മേളനത്തിൽ

സോവിയറ്റു യൂണിയനിൽ നിന്നുള്ള ഒരു വനിത പറയുകയുണ്ടായി, ഓർത്തഡോക്സ് സഭകളിൽ നിന്ന് പ്രൊട്ടസ്റ്റന്റ് സഭകളിൽ നിന്നെന്ന തുപോലെ സ്ത്രീകളുടെ പൗരോഹിത്യത്തിനായുള്ള മുറവിളി ഉയരുന്നില്ല എന്ന്. ഈ വാദഗതിയെ സ്ത്രീകളുടെ പൗരോഹിത്യത്തെ എതിർക്കാ നുള്ള ന്യായമായിട്ടല്ല ഞാനിവിടെ ഉന്നയിക്കുന്നത്. പ്രൊട്ടസ്റ്റന്റ് ദൈവ ശാസ്ത്രത്തിന് ത്രിത്വ സംബന്ധിയായ ശരിയായ ധാരണ ഇല്ലാത്തതി നാൽ അതങ്ങേയറ്റം വ്യക്തിപരമായിരിക്കുന്നു. ഇതുകൊണ്ടാണ് പദവി യിലുള്ള തുല്യത എന്നാൽ പ്രവൃത്തിയിലുള്ള തുല്യതയാണെന്ന തെറ്റി ദ്ധാരണ ഉളവായത്. പിതാവ് ജനിപ്പിക്കുന്നവനും മാതാവ് ജന്മം നൽകു ന്നവളും പുത്രൻ ജനിപ്പിക്കപ്പെടുന്നവനും ആണെങ്കിലും ഒന്ന് മറ്റൊന്നി നോട് തുല്യവും പിരിയാനാവാത്ത ഐക്യത്തിൽ നിലയുറപ്പിച്ചിരിക്കു ന്നതുമാണ്. മൂന്നും മൂന്നു വ്യക്തികളാണെങ്കിൽ കൂടി സത്തയിൽ ഏക മാണ്. അതാണ് ഒരു കുടുംബം അഥവാ ഒരു കേന്ദ്രം. ഒരേ രക്തവും ഒരേ മാംസവും പേറുന്ന ഒരൈക്യം. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുകയും കരയുന്നവരോടുകൂടി കരയുകയും ചെയ്യുക സാധ്യ മാവണമെങ്കിൽ ഈ ഐക്യം കൂടിയേ കഴിയൂ. സഹാസ്തിത്വം എന്നു ദൈവശാസ്ത്ര തത്വം വിശദമാക്കുന്നതുപ്രകാരം ത്രിത്വത്തിലെ ഒരു വ്യക്തിയുടെ പ്രവൃത്തിയെന്നാൽ ത്രിത്വത്തിന്റെ സമ്പൂർണമായ പങ്കാ ളിത്തം എന്നുതന്നെയാണർത്ഥം. സ്രഷ്ടാവ്, വീണ്ടെടുപ്പുകാരൻ എന്നി ങ്ങനെയുള്ള ഭിന്ന ദൗത്യങ്ങൾ വെള്ളം കടക്കാത്ത അറകളായി വിഭജി ക്കപ്പെട്ടിട്ടില്ല. ത്രിത്വസിദ്ധാന്തം പോലെ ഒരേ സമയം ഗഹനവും ലളിത വുമായ മറ്റൊരു സിദ്ധാന്തം ഇല്ലെന്നു പറയാം. 'നിങ്ങളുടെ സ്വർഗീയ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരാകു വിൻ' എന്ന കൽപ്പന ത്രിത്വസിദ്ധാന്തത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

പൂർണത വ്യക്തിയിൽ മാത്രമായോ സമൂഹത്തിൽ മാത്രമായോ ഉള്ള തല്ല. വ്യക്തിയുടെ സാമൂഹ്യതയിലും സമൂഹത്തിന്റെ ഐക്യദാർഢ്യ ത്തിലുമാണ് പൂർണത കുടികൊള്ളുന്നത്. സ്വർഗീയ പിതാവിന്റെ പൂർണ തപോലും കുടികൊള്ളുന്നത് അവിടുത്തെ ത്രിത്വാധിഷ്ഠിത അസ്തിത്വ ത്തിലാണ്. ഏകമായ ദൈവം സ്നേഹത്തിന്റെ യാഥാർത്ഥ്യത്തിൽ നിന്ന് അകന്നിരിക്കുന്നു. ത്രിത്വത്തിലെ പിതാവെന്ന സങ്കൽപ്പം ദൈവത്തെ സ്നേഹം എന്ന നിലയിൽ അവതരിപ്പിക്കുന്നു. സ്നേഹത്തിന്റെ പൂർണത ഏറ്റവും മികച്ച നിലയിൽ പ്രകടമാവുന്നത് കുടുംബത്തിനുള്ളിലാണ്. സ്വർഗീയ പിതാവിന്റെ പൂർണത സ്നേഹിക്കുവാനും സ്നേഹിക്കപ്പെടു വാനും കഴിയുന്നത് പുത്രനിലൂടെയും സ്നേഹം പങ്കുവയ്ക്കുവാൻ കഴി യുന്നത് പരിശുദ്ധാത്മാവിലൂടെയുമാണ്. സന്തുഷ്ടമായ കുടുംബത്തിൽ സന്തോഷം കുടികൊള്ളുന്നത് അച്ഛൻ, അമ്മ, മക്കൾ എന്നീ ഘടകങ്ങ

ളുടെ സമഗ്രതയിലാണ്. ത്രിത്വത്തെ സംബന്ധിച്ച രഹസ്യവും ഇതു തന്നെയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും സ്വയം പൂർണരാണ്.

സ്വാർത്ഥത അപൂർണത മാത്രമല്ല തിന്മയും കൂടിയാണ്. മാതൃകാ കുടുംബത്തിൽ ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടി ജീവിക്കും. ആരും അവരവർക്കു മാത്രമായി ജീവിക്കുന്നില്ല. തന്റെ കുട്ടികളുമായി പങ്കു വയ്ക്കാത്ത ഒരു ഭക്ഷണസാധനം അതെത്ര വിശിഷ്ടമായാലും ഒരമ്മ യ്ക്കു സന്തോഷം നൽകില്ല. ഇത്തരം ഒരു കുടുംബത്തിൽ പങ്കുവയ്ക്കൽ ഒരിക്കലും ഭാരമാകുകയില്ല. മറിച്ച് സന്തോഷ കാരണമാകുകയേ ഉള്ളു. സമ്പത്തിന്റെ സ്വാർത്ഥപരമായ ശേഖരിച്ചുവയ്ക്കൽ, അതും മറ്റുള്ളവർക്ക് അവകാശപ്പെട്ടത് സ്വായത്തമാക്കുക പാപം തന്നെയാണ്. പങ്കുവയ്ക്കാൻ വിസമ്മതിക്കുന്നവൻ ക്രൈസ്തവ സ്നേഹത്തിന്റെ പരിധിക്കു പുറ ത്താണ്. ദൈവം താൻ സ്നേഹിക്കുന്ന ലോകത്തിനുവേണ്ടി തന്നെ ത്തന്നെ നൽകുന്നു. അമ്മ തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി സ്വയം ത്യജി ക്കുന്നു. ഇതുപോലെ പരിഗണിക്കുമ്പോൾ ഒരാളുടെ ലാഭം എല്ലാവരു ടെയും ലാഭം ആകുന്നു. ദൈവത്തിന്റെ പൂർണതയിൽ വിശുദ്ധിയുടെയും സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പൂർണത പൂർണ്ണമായിട്ടുണ്ടെ ങ്കിലും മാനവരാശിയിൽ ഇവ മൂന്നും ലക്ഷ്യമാണ്. മുതലാളിത്ത സാമൂ ഹ്യഘടനയുടെ പ്രധാന പോരായ്മ ഒരു വശത്ത് തൊഴിലുടമയുടേയും, മറുവശത്തു തൊഴിലാളികളുടേയും സ്വാർത്ഥ താൽപര്യങ്ങളാണ്. തൊഴി ലില്ലായ്മ പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുതലാളിത്ത സമൂ ഹത്തിനു കഴിഞ്ഞിട്ടില്ല. എന്നാൽ ശരിയായ വഴിക്കുള്ള സോഷ്യലിസം ഈ കുറവു പരിഹരിക്കുകയും എല്ലാ പൗരന്മാർക്കും തൊഴിൽ നൽകു ന്നതിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു. തെറ്റായ ചില പരസ്യപ്രക്ഷേ പണ തന്ത്രങ്ങളിൽക്കൂടി മുതലാളിത്തം അതിന്റെ ലാഭത്തെ വർദ്ധിപ്പി ക്കുവാൻ നോക്കുന്നു. മത്സരം ഒഴിവാക്കി മുഴുവൻ ലോകത്തേയും കുടും ബമായി കണ്ടുകൊണ്ട് ഉൽപാദനം നിർവ്വഹിക്കപ്പെടുമ്പോൾ മാത്രമെ ഉൽപാദന വിതരണ വ്യവസ്ഥയിൽ പൂർണത കൈവരിക്കാനാവൂ. ലോക ത്തിലെ എല്ലാ മഹാന്മാരും വിഭാവന ചെയ്തത് ലോക ഗവണ്മെന്റിനെ യാണ്. ഭാവി പരിതസ്ഥിതികൾ ഇത്തരം ലക്ഷ്യങ്ങളെ മുന്നിൽ കണ്ടു കൊണ്ട് തങ്ങളുടെ പൗരസഞ്ചയത്തെ പരിശീലിപ്പിക്കും എന്നു പ്രതീ ക്ഷിക്കാം.

ദൈവം വിഭാവന ചെയ്യുന്ന പുതിയ കുടുംബം ഒരിക്കലും മുത്തശ്ശ ന്മാരും, മുത്തശ്ശിമാരും, മക്കളും, മരുമക്കളും ഒരുമിച്ചു വാഴുന്ന കൂട്ടുകുടും ബമല്ല. സഭയെന്ന മാതാവ് യേശുക്രിസ്തു എന്ന ജ്യേഷ്ഠസഹോദരൻ മറ്റ് മനുഷ്യർ സഹോദര സഹോദരിമാർ എന്ന നിലയിലുള്ള കുടുംബ മാണ്. എല്ലാ മതങ്ങളും വർഗരഹിത സമൂഹത്തിന് അനുകൂലമായ ദൈവ

ശാസ്ത്രം രൂപപ്പെടുത്തേണ്ടതുണ്ട്. ദൈവത്തിന്റെ പിതൃത്വത്തേയും മനുഷ്യന്റെ സാഹോദര്യത്തേയും അംഗീകരിക്കുന്നതിന് തടസ്സമായ ഒരധികാരശ്രേണിക്കും നിലനിൽക്കാനാവില്ല. വളർന്നുവരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ, വാർത്താവിനിമയ സൗകര്യങ്ങൾ എല്ലാം കൂടി ഈ ലോകത്ത് വിപുലമായ അയൽപക്കബന്ധങ്ങൾ സ്ഥാപിക്കുന്നു. പാപം, സ്വാർത്ഥത എന്നീ യാഥാർത്ഥ്യങ്ങൾ ദൈവിക പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്നു. നമ്മുടെ കാലഘട്ടത്തിന്റെ എല്ലാ സങ്കുചിതമായ ഭിത്തികളും ഭേദിക്കപ്പെടേണ്ടതുണ്ട്. ലോകകുടുംബം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാൻ തീവ്രശ്രമങ്ങൾ തുടങ്ങേണ്ടതുണ്ട്. ഉള്ളുപൊള്ളയായ ശുഭാപ്തിവിശ്വാസിക്കു മാത്രമെ ഇങ്ങനെയൊരവസ്ഥ വേഗം സംഭവിക്കുവാൻ പോകുന്നുവെന്ന് വിശ്വസിക്കാനാകൂ എന്നെനിക്കറിയാം. എന്ന് കരുതി നാളെയെക്കുറിച്ചുള്ള ഏത് പ്രത്യാശകളെയും പരിഹസിച്ച് തള്ളുന്ന ദുരന്ത ദർശനം നമുക്ക് സ്വീകരിക്കാനാകുകയില്ല. "മുഴുവൻ ലോകത്തോടും പ്രസംഗിക്കുക എന്ന സന്ദേശവുമായി ക്രിസ്തു തന്റെ ശിഷ്യന്മാരെ നിയോഗിക്കുമ്പോൾ ഒരു ലോകം എന്ന ആശയം തന്നെ എത്രയോ പുതിയതായിരുന്നു. ക്രിസ്തുമതത്തിന്റെ ആദ്യകാല പ്രവർത്തനമാണ് ഏകലോകമെന്ന ആശയത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ പ്രവൃത്തിപഥം. ഈ നൂറ്റാണ്ടിൽ കമ്മ്യൂണിസം ആഗോള യാഥാർത്ഥ്യമായിട്ടുണ്ട്. മറ്റ് മതങ്ങൾ, പാർലമെന്ററി ഡെമോക്രസി, ശാസ്ത്രം, വിദ്യാഭ്യാസം ഇവയെല്ലാം തന്നെ ഭിന്നിച്ചുനിന്ന ലോകത്തെ ഒന്നിപ്പിച്ചു കൊണ്ടുവരാൻ പ്രയോജനപ്പെട്ട ഘടകങ്ങളാണ്. ഇതുകൊണ്ടായില്ല. മനുഷ്യകുടുംബം എന്ന ഭാവിലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് നമ്മൾ വേഗത വർദ്ധിപ്പിക്കേണ്ടതുണ്ട്.

മതങ്ങൾ അസഹിഷ്ണുത ഒഴിവാക്കിയാൽ മാത്രം പോരാ സഹിഷ്ണുത പ്രകടിപ്പിക്കുകയും സഹവർത്തിത്വം പുലർത്തുകയും വേണം. ജാതി, വംശം, നിറം, ആചാരങ്ങൾ ഇവയ്ക്കപ്പുറം കടന്ന് മനുഷ്യനെ കണ്ടെത്താനും സ്നേഹിക്കാനും നമ്മൾ പഠിക്കേണ്ടതായിരിക്കുന്നു. നല്ല ശമരിയാക്കാരൻ മുറിവേറ്റു കിടക്കുന്ന യഹൂദനെ കണ്ടപ്പോൾ അയാളെ ശുശ്രൂഷിക്കുന്നതിനു മുമ്പ് യഹൂദനോട് ശമരിയാക്കാരനാകാൻ ആവശ്യപ്പെട്ടിട്ടില്ല. ആവശ്യങ്ങൾ അലട്ടുന്നവരൊക്കെ നമ്മുടെ അയൽക്കാരാണ്. കരുണ കാണിക്കാത്തവന് അയൽക്കാരനെന്ന പേരിനർഹതയില്ല. മനുഷ്യവംശത്തെ വിഭജിക്കുന്നതിനല്ല യോജിപ്പിക്കുന്നതിനാണ് മതങ്ങൾ ആവിർഭവിച്ചത്. വിശ്വാസത്തിന്റെയും ബോധ്യപ്പെടലിന്റെയും അടിസ്ഥാനത്തിലുള്ള മതപരിവർത്തനം അനുവദിക്കുക തന്നെ വേണം. എന്നാൽ ഭൗതിക പ്രലോഭനങ്ങളെ മുൻനിർത്തിയുള്ള മതപരിവർത്തനം അനുവദിക്കപ്പെട്ടു കൂടാ. മതങ്ങൾക്ക് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ

ആളുകളുടെ മതവിശ്വാസം നോക്കി ആയിരിക്കരുത്. പിന്നെയോ ആവശ്യം നോക്കിയായിരിക്കണം. ദൈവം നീതിമാന്മാരുടെ മേലും ദുഷ്ടന്മാരുടെ മേലും മഴ പെയ്യിക്കുന്നു. എന്തെന്നാൽ ഇരുകൂട്ടരും അവിടുത്തെ മക്കളാണ്. നമ്മൾ നല്ലവരേയും ദുഷ്ടന്മാരേയും സഹായിക്കേണ്ടിയിരിക്കുന്നു. മതവിശ്വാസികളെന്നോ മതവിശ്വാസമില്ലാത്തവരെന്നോ എന്തിന് വിശ്വാസികളെന്നോ ഉള്ള വിവേചനംപോലും അനാവശ്യമാണ്. സൃഷ്ടിയുടെ ക്രമപ്രകാരം ഇവരെല്ലാം സമന്മാരാണ്.

മുടിയനായപുത്രന്റെ കഥയിലെ ജ്യേഷ്ഠസഹോദരൻ ചെയ്ത തെറ്റ് ധൂർത്തനായി നടന്നിട്ടു വന്ന അനുജനെ സ്വീകരിക്കുന്നതിനു വിസമ്മതിച്ചു എന്നതാണ്. ആ കഥയുടെ അന്ത്യം എന്താണെന്നു നോക്കുക. വീട്ടിൽ നിന്ന് അപ്പനെ സേവിച്ചുനിന്ന മകൻ വെളിയിൽ. അപ്പനെ നിഷേധിച്ചു ധൂർത്തുകാട്ടി നടന്ന മകൻ അകത്തും. പരസ്പര അംഗീകാരം വീട്ടിനുള്ളിൽ കൂടിയേ തീരൂ. യേശുക്രിസ്തു എന്ന ജ്യേഷ്ഠസഹോദരൻ വീട്ടിൽനിന്നകന്നു നിൽക്കുന്ന തന്റെ ഇളയ സഹോദരങ്ങളെ തേടി വീടു വിട്ടിറങ്ങി അവരെ കണ്ടെത്തിയാൽ കൂട്ടി വീട്ടിലേക്കാനയിക്കുന്നു. എല്ലാ കാര്യങ്ങളിലും നമ്മുടെ വീക്ഷണങ്ങൾ അംഗീകരിക്കുന്നവരെ മാത്രമെ നമ്മൾ അംഗീകരിക്കൂ എന്നു വന്നാൽ ലോകകുടുംബത്തെക്കുറിച്ച് പ്രത്യാശ പുലർത്താൻ പോലും നമുക്ക് കഴിയില്ല.

പിതാവിന്റെ ആഹ്വാനം നിരസിച്ചുകൊണ്ട് വീട്ടിൽ നിന്നിറങ്ങിത്തിരിച്ച മൂത്ത സഹോദരനെക്കുറിച്ച് എന്തു പറയുന്നു. പിതാവിന്റെ സമീപനം ഇരുവരോടും ഒരുപോലെയായിരുന്നുവെന്നോർക്കുക. അദ്ദേഹം പറയുന്നു 'മകനെ നീ സദാ എന്നോടൊപ്പമുണ്ടായിരുന്നു. എനിക്കുള്ളതൊക്കെ നിനക്കവകാശപ്പെട്ടതായിരുന്നു. നിന്റെ സഹോദരനോ അവൻ മരിച്ചവനായിരുന്നു. അവൻ ജീവിതത്തിലേക്കു മടങ്ങി വന്നിരിക്കുന്നു. ഈ ദിവസം നമുക്കെങ്ങനെ ആഘോഷിക്കാതിരിക്കാനാകും." കുടുംബത്തിന്റെ പൂർണ്ണതയ്ക്ക് ഇരുവരും കൂടിയേ കഴിയൂ. മൂത്തസഹോദരൻ വീട്ടിലേക്കു തിരികെ പ്രവേശിച്ചെങ്കിൽ അയാൾ ഒരു പുതിയ മനുഷ്യനായിട്ടായിരിക്കും വന്നിരിക്കുക. ഇതുപോലെ ദൈവിക കുടുംബം എന്നത് പിതാവിനെയെന്നതുപോലെ മറ്റുള്ളവരേയും അംഗീകരിക്കുന്നവർ തമ്മിൽ തമ്മിലുള്ള ആന്തരീയ വൃത്തമാണ്. അതേസമയം അതു പിതാവിനാൽ അംഗീകരിക്കപ്പെട്ടവരും എന്നാൽ പിതാവിനെ അറിയാത്തവരുമായ ഒരു ബാഹ്യവൃത്തമാണ്. ദൈവം ഒരിക്കലും തന്റെ മക്കളുടെമേൽ സമഗ്രാധിപത്യം നടപ്പിലാക്കുന്നില്ല. തന്റെ സ്വന്തം സ്വാതന്ത്ര്യം പോലും അവൻ തന്റെ മക്കളുമായി പങ്കുവച്ചിരിക്കുന്നു. മക്കളെ ഒരിക്കലും അവൻ അടിമകളാക്കുന്നില്ല.

ഞാൻ ആദിയും അന്തവുമാകുന്നു എന്നു യേശു പറഞ്ഞപ്പോൾ അതു ശാശ്വതമായ 'ഞാനാകുന്ന' അവസ്ഥയെ ആണ് സൂചിപ്പിക്കുന്നത്. ഞാനാകുന്നവൻ യഹോവയാണ്. ചരിത്രത്തിലും ശാശ്വതമായും അവൻ യഹോവ തന്നെ. ഈ തത്വം വെളിപാടു പുസ്തകം ആവർത്തിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (വെളിപാട് 1:8; 22:13; 1:6). അവൻ സൃഷ്ടിയുടേയും ഉപഭോഗത്തിന്റെയും ചരിത്രത്തിന്റെയും ചരിത്രാതീതത്വത്തിന്റേയും സംയോജക കണ്ണിയാണ്. ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റേയും ആരംഭവും അന്ത്യവും അവനിൽ നിന്നാകുന്നു. ദൈവശാസ്ത്രജ്ഞനായ റ്റെയാഡിർഷാർഡ് പരിണാമത്തിന്റെ സർവപ്രതിഭാസങ്ങളേയും ആൽഫയും ഒമേഗയുമായ യേശുക്രിസ്തുവിനോട് ബന്ധിപ്പിച്ചിരിക്കുന്നു. വി. പൗലോസിന്റെ യേശുവിനെ സംബന്ധിച്ച വിശ്വവ്യാപകമായ ക്രിസ്തുവിജ്ഞാനീയം (Cosmic Christology; കൊലോസ്യർ 1:15-26) അനുസരിച്ചു മുഴുവൻ ലോകവും അവനിലൂടെ അവനായി സൃഷ്ടിച്ചിരിക്കുന്നു. ഇതിനു വിപരീതമായ ചില സങ്കുചിത വീക്ഷണങ്ങൾ ഉണ്ടല്ലോ. തങ്ങളുടെ സഭയിൽ ചേർന്നു മാമോദീസാ മുങ്ങിയവരുടെ മാത്രം തലവനാണെന്ന വീക്ഷണം. ഇതു പ്രചരിപ്പിക്കുന്നവർ വചനത്തെ മൊത്തത്തിലും ക്രൈസ്തവ വിജ്ഞാനീയത്തിന്റെ വിശ്വദർശനത്തെ പ്രത്യേകിച്ചും അവഗണിക്കുകയാണ് ചെയ്യുന്നത്. അവനായും അവനിലൂടെയുമാണ് ദൈവം തന്റെ പൂർണ സ്വരൂപം വെളിപ്പെടുത്തിയത്. ദൈവം തന്റെ സ്വേച്ഛയാൽ മുഴുവൻ ലോകത്തേയും അവനോടു നിരപ്പാക്കി (സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി (കൊലോസ്യർ 2:19).

ഇന്നത്തെ മിക്ക ദൈവശാസ്ത്രജ്ഞന്മാരും മറ്റു മതങ്ങളിലും സത്യത്തിന്റെ ചിതറപ്പെട്ട വിത്തുകളെന്ന നിലയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ദർശിക്കുന്നവരാണ്. റയ്മണ്ട് പണിക്കരുടെ 'ഹിന്ദുമതത്തിലെ അറിയപ്പെടാത്ത ക്രിസ്തു' എന്ന ഗ്രന്ഥം ഈ വസ്തുത സമർത്ഥിക്കുന്നുണ്ട്. ലോഗോസ് (വചനം-കാരണം) സൃഷ്ടിയുടെ സമയത്ത് ക്രിസ്തുവിലൂടെ നിലനിന്നിരുന്നു. നിത്യ കാരണം (Eternal Logos) സർവവ്യാപിയായ ദൈവം മനുഷ്യാവതാരമെടുത്ത യേശുവുമായി താദാത്മ്യപ്പെട്ടതായി നമ്മൾ കാണുന്നു. സഭയുടെ ലോക കൗൺസിലിന്റെ നെയ്റോബി റിപ്പോർട്ട് ഇപ്രകാരം പറയുന്നു: 'യേശുക്രിസ്തു എല്ലാ സംസ്ക്കാരത്തിലേയും മാനവികതാ സത്തയെ വീണ്ടെടുക്കുകയും ഇതര സംസ്കാരങ്ങളിലന്തർലീനമായ മാനവികതയെ നമുക്ക് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.' അതു വീണ്ടും തുടരുന്നു. ക്രിസ്തു ഒരു പുതിയ ലോകത്തെക്കുറിച്ചുള്ള

ദർശനവും ഉറപ്പും നൽകുന്നു. നമ്മുടെ വ്യക്തിജീവിതവും സാമൂഹ്യ ജീവിതവുമാണീ പുതിയ ലോകത്തെ സാക്ഷാത്കരിക്കുവാനുള്ള അടിത്തറയായി വർത്തിക്കേണ്ടത്. സുവിശേഷത്തെ മുഴുവൻ ലോകത്തിനായും നൽകാൻ അതു സഭയെ ആഹ്വാനം ചെയ്യുന്നു.

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും ഒന്നു തന്നെ. എങ്കിൽത്തന്നെ പൂർണതയുടെ പാരമ്യത്തിൽ അസ്തിത്വപരമായ പൂർണതയിലെത്താതിരിക്കില്ല. ഒമേഗാ പോയിന്റിലുള്ള ഈ പൂർണത ആൽഫാ പോയിന്റിലുള്ളതിനേക്കാൾ മികവാർന്നതായിരിക്കും. ഇതൊന്നുകൂടി വിശദമാക്കാം. ആൽഫാ പോയിന്റിൽ മൊട്ടായിരുന്നത് ഒമേഗാ പോയിന്റിൽ പൂവായി വികസിക്കുന്നു. നിത്യത്വത്തിലെ ഐക്യം ആൽഫാ പോയിന്റിൽ അന്തർലീനമായിരുന്നത് ഒമേഗാ പോയിന്റിൽ വെളിവാകും. യേശുക്രിസ്തു ദൈവത്തിൽ ഒരു വ്യക്തിയെന്ന നിലയിൽ ഒറ്റയ്ക്കു നിലകൊള്ളുകയല്ല. പിന്നെയോ, ദൈവവുമായി പൂർണ ഐക്യത്തിൽ വർത്തിക്കുന്ന പൂർണ സത്തയാണ്. പിതാവും പരിശുദ്ധാത്മാവും ഒരേ സമയത്ത് യേശുവിൽ വ്യാപരിച്ചിരുന്നു. ത്രിത്വത്തിലെ ഓരോ ബിന്ദുവും അതിൽത്തന്നെ ത്രിത്വങ്ങളാണ്. ക്രിസ്തുവിന്റെ അസ്തിത്വത്തിലും പ്രത്യേകമായ ഏകത്വം ഇല്ല. പരിശുദ്ധാത്മാവിന്റെ സഭയിലും ലോകത്തിലുള്ള നിരന്തരമായ പ്രവർത്തനം നിമിത്തം ത്രിത്വത്തിന്റെ ഒമേഗാ പോയിന്റ് അതിന്റെ ആൽഫാ പോയിന്റിനേക്കാൾ സമ്പന്നമാകുക തന്നെ ചെയ്യും.

ഇപ്പോൾ നമ്മൾ ഒരു കണ്ണാടിയിൽ അവ്യക്തമായി കാണുന്നത് പിന്നീട് മുഖാമുഖം കാണും. ബഹുത്വത്തിലെ ഏകത്വവും, ഏകത്വത്തിലെ ബഹുത്വവും സഭയിലോ രാജ്യത്തോ ലോകത്തോ ഇന്നു പൂർണ്ണമായി പ്രകടമായിട്ടില്ല. ആശയങ്ങളെ സംബന്ധിച്ച ഹെഗേലിയൻ വൈരുദ്ധ്യാത്മകതയോ, മാർക്സിന്റെ വൈരുദ്ധ്യാത്മക ഭൗതികദർശനമോ ഒക്കെത്തന്നെ ഇന്ന് അവ്യക്തരൂപത്തിലേ പ്രകടമാകുന്നുള്ളു. റോമൻ കത്തോലിക്കാ പേപ്പസിയുടെ കേന്ദ്രീകൃത വ്യക്തിവാദവും പ്രോട്ടസ്റ്റന്റിസത്തിന്റെ വ്യക്തിസ്വാതന്ത്ര്യവാദവും ഓർത്തഡോക്സ് ദർശനത്തിലെ സാർവലൗകികതയും ഭാവിയിലെ ഏക എക്യുമെനിക്കൽ സഭയുടെ ദർശനത്തിൽ സന്ധിക്കാതിരിക്കില്ല. വ്യക്തിയുടെ അന്തസ്സും, സമൂഹത്തിന്റെ ഭദ്രതയും ദൈവരാജ്യത്തിന്റെ സാമൂഹ്യനീതിയിൽ സന്ധിക്കാതിരിക്കില്ല. ഇന്നല്ലെങ്കിൽ നാളെ ഇത്തരമൊരു സന്ധിക്കൽ ആസന്നമാകുമെന്നാണ് നമ്മുടെ പ്രത്യാശ. രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാണിച്ച ലോകത്തിന്റെ ഏകത ഇന്നല്ലെങ്കിൽ നാളെ ലോകം അംഗീകരിക്കുക തന്നെ ചെയ്യും.

വിശുദ്ധ ത്രിത്വത്തെ മാതൃകയാക്കിയുള്ള യഥാർത്ഥ സഭാഗാത്രവും ശരിയായ അർത്ഥത്തിലുള്ള ജനാധിപത്യവും തമ്മിൽ പൊരുത്തപ്പെടാതിരിക്കില്ല. കേന്ദ്രീകൃത അധികാരശ്രേണി ജനാധിപത്യം ഗ്രൂപ്പിസമായി ജീർണ്ണിക്കാതെ കാത്തുസൂക്ഷിക്കാൻ ബാധ്യസ്ഥമാണ്. അടിയിൽ നിന്ന് മുകളിലേക്കെന്നപോലെ മുകളിൽ നിന്നടിയിലേക്കും ഉള്ള പരസ്പര സൂക്ഷിക്കൽ അധികാരത്തിന്റെ ജീർണ്ണതയെ തടയാൻ കൂടിയേ തീരൂ. എല്ലാ എക്യുമെനിക്കൽ കൗൺസിലുകളുടെയും പ്രഖ്യാപിതലക്ഷ്യം യെരുശലേമിൽ ചേർന്ന ആദിമസഭയുടെ ആദ്യത്തെ കൗൺസിലിന്റെ ലക്ഷ്യം തന്നെയായിരിക്കണം. അതായത് 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും നല്ലതെന്ന് തോന്നുകയാൽ...' പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ ഏകകണ്ഠമായ തീരുമാനങ്ങൾ അസാദ്ധ്യമല്ലെന്ന് വരുന്നു. കഴിഞ്ഞകാലത്തെ റോമൻ കത്തോലിക്കാസഭ വിയോജിപ്പുകളെല്ലാം തെറ്റാണെന്ന് പ്രഖ്യാപിക്കുകയും തെറ്റുകൾക്ക് നിലനിൽക്കാൻ അവകാശമില്ലെന്ന ന്യായം പറഞ്ഞ് റോമൻ അല്ലാത്ത സഭകളെ അടിച്ചമർത്തുകയുമുണ്ടായിട്ടുണ്ട്. സ്പെയിനിലും തെക്കേഅമേരിക്കയിലും ഈ പീഡനം വ്യാപകമായി നടന്നിരുന്നു. എന്നാൽ ഇന്നാ രീതി മാറിയിരിക്കുന്നു. ഇന്ന് കത്തോലിക്കാസഭ വർദ്ധിച്ച തോതിൽ മതസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. ജോൺ മാർപാപ്പായിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് സഭയുടെ വാതിലുകളും ജനലുകളും തുറന്നിട്ട് ശുദ്ധ വായു സഭയ്ക്കുള്ളിലേക്ക് പ്രവേശിക്കുന്നതിന് അനുവദിച്ചു. നാളത്തെ കത്തോലിക്കാ സഭ ത്രിത്വാധിഷ്ഠിത (Collegiality) തുല്യതയെ പേപ്പസിയുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം.

എന്റെ സിദ്ധാന്തം ഇതാണ്. സമഗ്രമായ സത്യം ത്രിത്വസ്വഭാവിയാണ്, ബഹുത്വമോ ഏകമോ അല്ല. പിതാവ്, മാതാവ്, ശിശു എന്നിവരുടെ ഐക്യത്തിലധിഷ്ഠിതമായ കുടുംബം എന്നതുപോലെ, പാർലമെന്റ്, നീതിന്യായപീഠം, നിർവാഹകസമിതി എന്നീ ഐക്യത്തിൽ വർത്തിക്കുന്ന ഗവണ്മെന്റ് എന്നതുപോലെ, അബോധമനസ്സ്, ഉപബോധമനസ്സ് എന്നീ ത്രിത്വാധിഷ്ഠിത മനസ്സ് എന്ന ഏകകംപോലെ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിത്വഭാവങ്ങൾ ദൈവം എന്ന ഏകകത്തിൽ സംയോജിതമായിരിക്കുന്നു.

## പാഠം 4

# ഗിരിപ്രഭാഷണം വർഗരഹിത നീതിശാസ്ത്രം

റെയിനോൾഡ് ന്യൂബർ (Reinhold Niebuhr) ഗിരിപ്രഭാഷണം അസാധ്യമായ ഒരു സാധ്യതയാണെന്ന് പറയുന്നു. അതു ഭൂമിയിൽ പ്രായോഗികമാക്കുക എളുപ്പമല്ലെന്നും ഒരു മതേതര സമൂഹത്തിന്റെ നീതിശാസ്ത്രമല്ലതെന്നുമുള്ള കണ്ടെത്തൽ ശരി തന്നെയാണ്. മഹാത്മാഗാന്ധിയും ലിയോ ടോൾസ്റ്റോയിയും അത് ഈ ലോകജീവിതത്തിന്റെ മാർഗ്ഗരേഖയായി തന്നെ കരുതിയിരുന്നു. വർഗവിഭജിതമായി നമ്മുടെ സമൂഹത്തിൽ അത് ആരും പ്രയോഗത്തിൽ വരുത്തുന്നില്ലെന്ന കാര്യത്തിലും അവർ യോജിച്ചിരുന്നു. വിൻസന്റ് ടെയ്‌ലറെപ്പോലുള്ളവർ ഇതിനെ ദൈവരാജ്യത്തിലെ ജീവിതനിലവാരമെന്നും അത് പ്രാപിക്കുന്നതിനു മുമ്പായി നമ്മൾ നമ്മുടെ തെറ്റുകളെക്കുറിച്ച് ദൈവമുമ്പിൽ പശ്ചാത്തപിക്കേണ്ടതുണ്ടെന്നും കരുതുന്നവരാണ്. എന്റെ സുദൃഢമായ നിഗമനം ഇതൊരിക്കലും ലോകാന്ത്യത്തിൽ വരാനിരിക്കുന്ന പുതിയ ലോകത്തിൽ പ്രയോഗത്തിൽ വരുത്തേണ്ട പ്രമാണങ്ങളല്ലെന്നാണ്. അവിടെ ഒരുവനും നമ്മുടെ വലത്തെ ചെകിട്ടത്തടിക്കാനുണ്ടായിരിക്കില്ലെന്നതിനാൽ നമുക്ക് ഇടത്തെ ചെകിട് കാട്ടിക്കൊടുക്കേണ്ടതായും വരില്ല. ഗിരിപ്രഭാഷണത്തിന്റെ സാധ്യത താഴെ ഭൂമിയിലാണ്. അല്ലാതെ മുകളിൽ ദൈവത്തോടൊപ്പം ആയിരിക്കുമ്പോഴല്ല. എവിടെ സത്യദൈവത്തിന്റെ സാന്നിദ്ധ്യം സ്ഥിതി ചെയ്യുന്നോ അവിടെ അവന്റെ സാന്നിദ്ധ്യം ജനങ്ങൾക്കനുഭവപ്പെടാതിരിക്കില്ല. വെളിപ്പെടാനിരിക്കുന്ന ആ പർവ്വതമുകളിൽ (ദൈവരാജ്യത്തിൽ) വർഗരഹിത സമൂഹം സ്ഥാപിതമായിരിക്കും. അവിടെ ഗിരിപ്രഭാഷണതത്വങ്ങൾ പ്രയോഗത്തിൽ വരുത്തുന്നത് എളുപ്പവുമായിരിക്കും.

ഗിരിപ്രഭാഷണത്തിന്റെ ആദ്യഭാഗത്ത് (മത്തായി 5:3–6) ദാരിദ്ര്യത്തിന്റെ ലളിതജീവിതശൈലി അഭ്യസിക്കുവാൻ ആവശ്യപ്പെടുന്നു. അനുതാപം, ശാന്തത, നീതി, കൃപ, ഹൃദയവിശുദ്ധി, സമാധാനദൗത്യം, നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നതിനുള്ള സന്നദ്ധത ഈ ഗുണങ്ങളെല്ലാം വർഗരഹിത സമൂഹത്തിന്റെ നീതിശാസ്ത്രമാണ്. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഭാഗ്യവാന്മാരുടെ പരാമർശം ഉത്തമപുരുഷനിലാണു രേഖപ്പെടുത്തിയിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധാർഹമാണ്. ദാരിദ്ര്യത്തെക്കുറിച്ച് പറയുമ്പോൾ 'നിങ്ങളിൽ ദരിദ്രർ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാകുന്നു. ഇപ്പോൾ വിശന്നിരിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ തൃപ്തരാകും' (ലൂക്കോസ് 6:20–22) എന്നു പറയുന്നു. വീണ്ടും പറയുന്നു. നാലു ദുരിതങ്ങൾ നിങ്ങൾക്കു വരാൻ പോകുന്നു. ആർക്ക്? വർഗവിഭജിത സമൂഹത്തിലെ മേൽത്തട്ടിലുള്ളവർക്കു തന്നെ.

ധനവാന്മാരെ, നിങ്ങൾക്കു കഷ്ടം. നിങ്ങളുടെ പ്രതിഫലം നിങ്ങൾക്കു കിട്ടിക്കഴിഞ്ഞു. ഇപ്പോൾ നിറഞ്ഞിരിക്കുന്ന നിങ്ങൾക്ക് കഷ്ടം നിങ്ങൾക്കു വിശക്കും. ഇപ്പോൾ ചിരിക്കുന്ന നിങ്ങൾ കരയും. സർവരും നിങ്ങളെക്കുറിച്ചു നല്ലതു പറയുമ്പോൾ നിങ്ങൾക്കു കഷ്ടം. അവരുടെ പിതാക്കന്മാർ വ്യാജപ്രവാചകന്മാരെക്കുറിച്ചും ഇപ്രകാരം പറഞ്ഞിരുന്നു.

ക്രൈസ്തവ മനസ്സാക്ഷിയുടെ മുമ്പിൽ ഉയരേണ്ട ചോദ്യം ഇതാണ്. എന്റെ അയൽക്കാരൻ ദരിദ്രനായിരിക്കുമ്പോൾ ഞാനെന്തിന് ധനവാനാകണം? ദാരിദ്ര്യം രണ്ടു തരത്തിലുണ്ട്. സമൂഹമോ മറ്റുള്ളവരോ നമ്മുടെ മേൽ അടിച്ചേൽപ്പിക്കുന്നതാണ് ഒന്ന്. മറ്റൊന്ന് നമ്മൾ സ്വമേധയാ വരിക്കുന്നത്. ദൈവരാജ്യത്തിലെ ദാരിദ്ര്യം അതിലെ പൗരന്മാർ സ്വമേധയാലും സന്തോഷത്തോടെയും വരിക്കുന്നതാണ്. അവർ രുചി നഷ്ടപ്പെടുത്താതെ തന്നെ മറ്റുള്ളവർക്ക് രുചി പകരാൻവേണ്ടി സ്വയം ഇല്ലാതായിത്തീരുന്ന ഉപ്പുപോലെയും മറ്റുള്ളവർക്ക് പ്രകാശം നൽകാൻ വേണ്ടി സ്വയം കത്തിത്തീരുന്ന വെളിച്ചം പോലെയും അത്രെ. ഏകലോകനീതിയുടെ പെരുമാറ്റച്ചട്ടം ഇതു തന്നെയാണ്. സ്വാർത്ഥതയിലടിയുറച്ച ദേശീയമോ പ്രാദേശികമോ ആയ വർഗവിഭജിത സമൂഹത്തിൽ ഇത് നടപ്പാക്കുകയില്ല. നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ (അല്ലാതെ സ്വന്തം വീട്ടിലും വർഗത്തിലും മാത്രം എന്നല്ല). അവർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് പിതാവായ ദൈവത്തെ മഹത്വപ്പെടുത്തട്ടെ (ദൈവം നിങ്ങളുടെ മാത്രം പിതാവല്ല മുഴുവൻ ലോകത്തിന്റെയും പിതാവത്രെ. ദൈവത്തിന്റെ വിശുദ്ധന്മാരെ പീഡിപ്പിക്കുന്നവരെപ്പോലും അവർ തങ്ങളുടെ ബന്ധുക്കളായിക്കാണും.).

ഗിരിപ്രഭാഷണത്തിന്റെ രണ്ടാം ഭാഗം (മത്തായി 5:17–48) ശ്രദ്ധിക്കുക. ആറു പ്രാവശ്യം 'ഞാൻ നിങ്ങളോട് പറയുന്നു' എന്ന ഊന്നൽ ആവർത്തിച്ചുകൊണ്ട് യേശു പറയുന്ന കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. ഈ ഭാഗത്ത് വർഗവിഭജിതമായ സമൂഹവും അതിന്റെ നിയമങ്ങളും സുവിശേഷാധിഷ്ഠിതമായ വർഗരഹിത സമൂഹവും തമ്മിലുള്ള താരതമ്യ വിശകലനം സ്പഷ്ടമാണ്.

| **വർഗാധിഷ്ഠിത സമൂഹത്തിന്റെ നിയമം** | **സുവിശേഷാധിഷ്ഠിത വർഗരഹിത സമൂഹം** |
|---|---|
| * കൊല്ലരുത് | * കോപിക്കരുത്, നിന്റെ സഹോദരനോടു നിരപ്പാകുക. നിന്നെ ദുഷിച്ച് പറയുന്നവരുമായി സുഹൃദ്ബന്ധത്തിലാകുക. |
| * വ്യഭിചാരം ചെയ്യരുത് | * കാമത്തോടെ ഒരു സ്ത്രീയെ |

| | |
|---|---|
| | നോക്കരുത്. എന്തെന്നാൽ അവർ നിന്റെ ആത്മീയ സഹോദരിയാണ്. നിന്റെ സ്വന്തം കുടുംബത്തിൽപ്പെട്ടവൾ തന്നെ. |
| * ഉപേക്ഷണപത്രം നൽകി ഭാര്യയെ ഉപേക്ഷിക്കാം | * വ്യഭിചാരം നിമിത്തമല്ലാതെ ഭാര്യയെഉപേക്ഷിക്കാൻ പാടില്ല. |
| * വ്യാജമായി ആണയിടരുത് | * ആണയിടാനേ പാടില്ല, നിന്റെ സഹോദരനോട് എങ്ങനെ കളവു പറയാൻ കഴിയും. |
| * അയൽക്കാരനെ സ്നേഹിക്കുക. ശത്രുവിനെ വെറുക്കുക | * ശത്രുവിനെ സ്നേഹിക്കുക. അവരും നിന്റെ കുടുംബത്തിൽപ്പെട്ടവർ തന്നെ. അവർ നിന്റെ സഹോദരനും സഹോദരിയും തന്നെ. |
| * കണ്ണിനു പകരം കണ്ണ് പല്ലിനു പകരം പല്ല്. | * യാചിക്കുന്നവന് കൊടുക്കുക. വായ്പ ചോദിക്കുന്നവർക്ക് നിരസിക്കരുത് (സർവരെയും സ്വന്തം കുടുംബാംഗങ്ങളായി കരുതുക). |

മേൽക്കൊടുത്ത വിവരണത്തിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു. മറ്റുള്ളവരെ സ്വന്തം സഹോദരങ്ങളായി കണക്കാക്കാത്തിടത്തോളം കാലം മേൽപ്പറഞ്ഞ കൽപനകൾ പ്രമാണിക്കുവാൻ ആർക്കും ആകുന്നതല്ല.

മൂന്നാമത്തെ ഭാഗം (മത്തായി 6:1–8) ദൈവരാജ്യത്തിലെ ഒരു പൗരന്റെ ദൈവോന്മുഖവും, മനുഷ്യോന്മുഖവും ആത്മോന്മുഖവുമായ ബന്ധങ്ങളെ വിശകലനം ചെയ്യുന്നു. ഈ മൂന്നിന്റെയും രഹസ്യങ്ങളാണ് ഈ ഭാഗത്തെ കാതലായ ആശയം. നമ്മുടെ വർഗാധിഷ്ഠിത സമൂഹത്തിൽ പരസ്യം കൂടാതെ ഒന്നും നടക്കാറില്ല. പരസ്യപ്രചരണത്തിലൂടെ എക്കാലത്തേയും കാപട്യവാദികൾ, ചന്തകളിലും, പൊതുസ്ഥലങ്ങളിലും തങ്ങൾക്കു മുമ്പിൽ കാഹളം ഊതിച്ച് സാധുക്കളെ തങ്ങളുടെ പക്കലേക്ക് ആകർഷിക്കുന്നു. എന്നിട്ടവർക്ക് ഭിക്ഷ നൽകി, പേരും പ്രശസ്തിയും നേടുന്നു. നമ്മൾ സാധുക്കൾക്കൊരു വീടു നിർമ്മിച്ചു കൊടുക്കുകയോ മറ്റോ ചെയ്താൽ അതിന്റെ പടം പത്രങ്ങളിൽ വന്നു കാണാൻ ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ നമ്മളിൽ നിന്ന് ദാനം സ്വീകരിക്കേണ്ടി വന്നവരെ നമ്മൾ അപമാനിക്കുകയാണ്. നമ്മുടെ കർത്താവിന്റെ കൽപന എന്താണ്? നിങ്ങൾ ധർമ്മം കൊടുക്കുമ്പോൾ വലംകൈ ചെയ്യുന്നതെന്തെന്ന് ഇടംകൈ അറിയരുത്. ഇന്നത്തെ മുതലാളിത്ത ലോകമുണ്ടോ ഇതിന് ചെവി കൊടുക്കുന്നു.

'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു തുടങ്ങുന്ന പ്രാർത്ഥന വർഗരഹിത സമൂഹത്തിന്റെ മാതൃകാ പ്രാർത്ഥനയാണ്. പ്രഥമപുരുഷ ഏകവചനം (ഞാൻ, എന്റെ) ഒരിടത്തും ഈ പ്രാർത്ഥനയിൽ ഉപയോഗിക്കുന്നില്ല. രാജ്യം, ശക്തി, സ്തുതി, മഹത്വം ഈ നാലു ഗുണങ്ങളും ദൈവനാമത്തിന് ആശംസിക്കുന്നതോടൊപ്പം ദൈവത്തോടു യാചിക്കുന്ന കാര്യങ്ങൾ എല്ലാം സമൂഹത്തിന് മൊത്തമായി ലഭിക്കേണ്ട നന്മകൾക്കായിട്ടാണ്. അല്ലാതെ തനിക്കു മാത്രം വേണ്ടിയല്ല. ഈ ദിവസത്തേക്ക് ആവശ്യമായ ആഹാരം ലഭിക്കേണ്ടത് ലോകത്തിലെ മുഴുവൻ ജനങ്ങൾക്കുമാണ്. യഥാർത്ഥത്തിൽ ഇതിന്റെ അർത്ഥമെന്താണ്? ദൈവമേ ലോകത്തിലെ സമസ്തജനങ്ങൾക്ക് വേണ്ടിയിരിക്കുന്ന ആഹാരം അവരുമായി പങ്കുവച്ചനുഭവിക്കുന്നതിനല്ലാതെ അതിൽ കൂടുതലായ ഒന്നും എനിക്ക് തരരുതേ എന്നതു തന്നെ. തെറ്റുകൾ ക്ഷമിക്കാൻ യാചിക്കുന്നത് മുഴുവൻ ലോകത്തിന്റേതുമാണ്. ഞങ്ങളോട് തെറ്റു ചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമേ. ഈ പ്രാർത്ഥനാഭാഗത്തെ ഏക വ്യവസ്ഥ ഇതു മാത്രമാണ്. നമ്മുടെ തെറ്റുകൾ നമുക്ക് ക്ഷമിച്ചു കിട്ടാനുള്ള അർഹത നമ്മൾ ക്ഷമിക്കുന്നതിന് അനുസരിച്ചു മാത്രമായിരിക്കും. ആരെങ്കിലും ആർക്കെങ്കിലും എതിരെ കോപിച്ചിരുന്നെങ്കിൽ ആരോടെങ്കിലും ക്ഷമിക്കാൻ ബാക്കിയുണ്ടെങ്കിൽ അയാൾ ഈ പ്രാർത്ഥന ചൊല്ലാൻ യോഗ്യനല്ല. വർഗരഹിത സമൂഹത്തിൽ മാത്രമെ ആരും ആരുടെയും ശത്രുവല്ലാതായിരിക്കൂ. പ്രലോഭനങ്ങളിൽ നിന്നുള്ള വിടുതൽ, തിന്മയിൽ നിന്നുള്ള സംരക്ഷണം ഇവയെല്ലാം യാചിക്കുന്നത്, പ്രാർത്ഥന ഉരുവിടുന്ന ആൾക്ക് മാത്രമായിട്ടല്ല. പിന്നെയോ മുഴുവൻ ലോകത്തിനുമായിട്ടാണ്. ഞങ്ങളുടെ പിതാവേ എന്ന സംബോധന തന്നെ മറ്റുള്ളവരുമായി നമ്മൾക്കുള്ള ഐക്യത്തെ പ്രകടിപ്പിക്കുന്നു. യഥാർത്ഥത്തിൽ നമ്മളെല്ലാം ഈ പ്രപഞ്ചമാകുന്ന അണുകുടുംബത്തിലെ ഏക സഹോദരങ്ങളാണ്.

ഉപവാസം സ്വയം നിയന്ത്രണത്തിന് സഹായകമായ ഒരു ഘടകമാണ്. അത് സന്തോഷത്തോടെ ചെയ്യേണ്ടതുണ്ട്. ഇതൊന്നും മുകളിൽ നിന്നും അടിച്ചേൽപ്പിക്കേണ്ടതല്ല. നിങ്ങൾ ഉപവസിക്കുമ്പോൾ മുഖത്ത് എണ്ണ തേച്ചും കൈ കഴുകിയും വെടിപ്പാക്കുവിൻ, നിങ്ങളുടെ ഉപവാസം മറ്റുള്ളവരുടെ പ്രീതിക്കു വേണ്ടിയാകരുത്. രഹസ്യത്തിൽക്കാണുന്ന നിങ്ങളുടെ പിതാവ് നിങ്ങൾക്കു പ്രതിഫലം തരും. എല്ലാ നല്ല പ്രവൃത്തികളും, പ്രാർത്ഥന, ഉപവാസം തുടങ്ങിയവ എല്ലാംതന്നെ ഒരുവൻ അവന്റെ സ്വന്തം അഭ്യുന്നതിക്കുവേണ്ടി ചെയ്യേണ്ടവയല്ല. പിന്നെയോ മുഴുവൻ സമൂഹത്തിന്റെയും, അഭ്യുന്നതി ലക്ഷ്യമാക്കി നടത്തേണ്ടവയാണ്. വർഗരഹിത സമൂഹത്തിൽ ഒരുവൻ സ്വന്തം ഭാവിയെക്കുറിച്ച് ഒട്ടും ആശങ്കാകുലനാകേണ്ടി വരില്ല.

നാലാമത്തെ ഭാഗം (മത്തായി 6:19–7:27) പഴയനിയമത്തിൽ മോശയ്ക്ക് നൽകപ്പെട്ട പത്തു കൽപ്പനകളുടെ പൂർത്തീകരണമാണെന്ന് പറയാം. അദ്ധ്വാനത്തിന്റെ പ്രാധാന്യം അംഗീകരിക്കുന്ന വർഗരഹിത സമൂഹത്തിലെ പൗരന്മാർക്ക് മാത്രമെ ഈ പ്രമാണങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയൂ. നമ്മുടെ കർത്താവ് നാളത്തെ ലോകത്തെ മുന്നിൽ കണ്ടിരുന്നു. ചുരുങ്ങിവരുന്ന വിഭവങ്ങളും പെരുകിവരുന്ന വയറും വർഗരഹിത സമൂഹത്തിന്റെ പിറവി അനിവാര്യമാക്കുന്നു. വികസിത രാജ്യങ്ങളിലുള്ളവർ മാത്രമല്ല ഭൂമിയിൽ സമ്പത്ത് കൂട്ടിവയ്ക്കുന്നത്. എല്ലാ രാജ്യങ്ങളിലേയും ഉപരിവർഗജനത, ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം വീണ്ടും വീണ്ടും വായിക്കുകയും തങ്ങളുടെ പ്രവൃത്തികൾ അതിന് നേരെ വിപരീതമാണെന്ന സത്യം ഉൾക്കൊള്ളുകയും ചെയ്യേണ്ടിയിരിക്കുന്നു. സഭകളുടെ ലോകകൗൺസിൽ പോലുള്ള സ്ഥാപനങ്ങൾ ഈ ആശയം അംഗീകരിക്കുകയും വർഗരഹിത സമൂഹമെന്ന പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി നിലകൊള്ളുകയും ചെയ്യേണ്ടതുണ്ട്. ഈ ഭാഗത്ത് പരാമർശിതമാകുന്ന പ്രമാണങ്ങളെ വിശദമായി പരിശോധിക്കുകയും, പുതിയ സമൂഹത്തിന് അതെപ്രകാരം യോജിച്ചിരിക്കുന്നുവെന്ന് പരിശോധിക്കുകയും ചെയ്യാം. 'ഭൂമിയിൽ നിങ്ങൾ സ്വത്തുക്കൾ ശേഖരിക്കരുത്. സ്വർഗത്തിൽ നിങ്ങൾ സ്വത്ത് ശേഖരിക്കുക. നിങ്ങളുടെ സ്വത്തെവിടെയായിരിക്കുന്നോ നിങ്ങളുടെ മനസ്സും അവിടെ ആയിരിക്കും.' പണത്തിന് നമ്മളിന്ന് കൊടുക്കുന്ന പ്രാധാന്യം അവസാനിപ്പിക്കുകയും ആ പ്രാധാന്യം മനുഷ്യന് നൽകുകയും വേണം. ഭൗതിക സമ്പത്തിനു പകരം അനശ്വര സമ്പത്തിനെ നമ്മൾ ലക്ഷ്യമാക്കണം. ഇന്നത്തെ നമ്മുടെ വർഗവ്യവസ്ഥയിൽ ഉപരിവർഗത്തിന് ധാരാളം ബാങ്ക് നിക്ഷേപങ്ങളുണ്ട്. എന്നാൽ അധോവർഗത്തിൽപ്പെട്ടവരുടെ വയറുകൾപോലും ശൂന്യമാണ്. ഈ പ്രമാണത്തിന്റെ അവസാനവാക്കുകൾ ചെറിയ തോതിൽ രൂപാന്തരപ്പെടുത്തിയാൽ അതിന്റെ അർത്ഥം ഇപ്രകാരം സംഗ്രഹിക്കാം. നിങ്ങളുടെ ഹൃദയം എവിടെ ആയിരിക്കുന്നുവോ അവിടെ നിങ്ങളുടെ സമ്പത്തും ആയിരിക്കും. നമ്മുടെ ഹൃദയം നമ്മുടെ സുഖസൗകര്യങ്ങളിലും നമ്മുടെ കുട്ടികളുടെ ശോഭനമായ പദവിയിലും വ്യാപരിച്ചിരിക്കുന്നു. എപ്പോൾ നമ്മുടെ ഹൃദയം ദൈവത്തിലും അവിടുത്തെ സന്താനങ്ങളായ മുഴുവൻ മനുഷ്യരാശിയിലും ആകുന്നുവോ അപ്പോൾ നമ്മുടെ സമ്പത്തും അവർക്കായി വിനിയോഗിക്കപ്പെടും. ഈ പ്രധാന കൽപ്പനയെ ഗൗരവത്തിൽ എടുക്കുകയും സ്വാർത്ഥതയെ മറികടന്ന് സമൂഹത്തിന്റെ ഉൽക്കർഷത്തിനായി പരിശ്രമിക്കുകയും വേണം. "നിങ്ങളിലുള്ള പ്രകാശം ഇരുട്ടാകുന്നെങ്കിൽ ഇരുട്ടെത്ര വലുത്." രണ്ടാമത്തെ കൽപന നമ്മുടെ ആത്മീയ കണ്ണുകളെ തുറപ്പിക്കുവാനും ഉപേക്ഷിക്കപ്പെട്ടവരുടെ, ആശ്രയഹീനരുടെ കഷ്ടപ്പാടുകളെ ദർശിക്കുവാനും പ്രേരിപ്പിക്കുന്നു. സ്വന്തം സാമൂഹ്യാസ്തിത്വത്തെക്കുറിച്ച്

ബോധമില്ലാത്തവർക്ക് ആ കാര്യം ഓർമ്മിപ്പിച്ച് കൊടുക്കുന്നു. സമ്പന്നർ തമ്മിൽത്തമ്മിൽ സംവാദം നടത്തുന്നു. മദ്ധ്യവർഗക്കാർ മദ്ധ്യവർഗക്കാരോടും അധോവിഭാഗം അധോവിഭാഗത്തോടും മാത്രം സഹവസിക്കുന്നു. റോട്ടറി ക്ലബ്ബു പോലുള്ള നഗരസ്ഥാപനങ്ങൾ സാധുക്കൾക്കായി കഞ്ഞിവീഴ്ത്തലുകൾ നടത്താറുണ്ടെങ്കിലും ഒരിക്കലും തങ്ങളുടെ ക്ലബ്ബുകളിൽ അവർക്കംഗത്വം അനുവദിക്കുകയില്ലെന്ന് തീർച്ച. സ്വാർത്ഥതയ്ക്കുപരി സേവനം എന്ന അവരുടെ മുദ്രാവാക്യം സ്വാർത്ഥത വെടിഞ്ഞ സേവനം എന്നായി മാറേണ്ടതുണ്ട്. വർഗരഹിതസമൂഹം കണ്ണുകൾ തുറന്ന് മനുഷ്യനെ മനുഷ്യനായി കാണാൻ തയ്യാറാകണം. സഹോദരനെ സഹോദരനായും അംഗീകരിക്കണം. അല്ലാതെ ഇവരുടെയൊക്കെ പണം, ബിരുദം, കുടുംബപദവികൾ, വസ്ത്രധാരണം ഇവയെ ആശ്രയിച്ചു മാത്രം ആളുകളെ വിലയിരുത്തുന്ന ഇന്നത്തെ പതിവ് നിറുത്തണം.

'നിങ്ങൾക്ക് രണ്ട് യജമാനന്മാരെ സേവിക്കാനാവില്ല. അധികംപേരും ദൈവത്തെയും, മാമോനേയും ഒരുമിച്ച് സേവിക്കുന്നവരാണ്' (മാമോൻ–ലാഭം).

ഇപ്പോൾ വ്യാപകമായി താഴെപ്പറയുന്ന നാലു സമ്പ്രദായങ്ങൾ നിലവിലുണ്ട്. ദൈവത്തെ ഉപേക്ഷിച്ച് പണത്തെ സേവിക്കൽ, ദൈവത്തെയും പണത്തെയും ഒപ്പം സേവിക്കൽ, പണം ഉപേക്ഷിച്ച് ദൈവത്തെ സേവിക്കൽ, ദൈവവേലയ്ക്കായി പണം ത്യജിച്ച് സർവസൃഷ്ടികളേയും സേവിക്കൽ. ഇതിൽ അവസാനത്തേതാണ് വർഗരഹിത സമൂഹത്തിന്റെ മാർഗം. സഹജീവികളെ സഹായിക്കാനുള്ള ഒരുപകരണം എന്ന നിലയിൽ പണം പ്രയോജനകരമാണ്. എന്നാൽ പണം അതിൽത്തന്നെ ലക്ഷ്യമല്ല, കേവലം മാർഗം മാത്രമാണ്. 'എന്തു തിന്നും എന്തു കുടിക്കും എന്ന് വിചാരിച്ച് ഒരിക്കലും നിങ്ങൾ ആശങ്കപ്പെടരുത്.' വികസിത രാജ്യങ്ങളിൽ ആശങ്ക ഇന്നൊരു ഞരമ്പുരോഗമായി മാറിയിട്ടുണ്ട്.

ഒരു ശരാശരി അമേരിക്കക്കാരൻ പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ് വിശ്വസിക്കുന്നത്. ജീവിത സ്വാതന്ത്ര്യം, ഏറ്റവും പുതിയ കാറ്, കൂടുതൽ സുഖലോലുപമായ ജീവിതത്തിനുവേണ്ടിയുള്ള ദാഹം. ചിലവുകൂടിയ മദ്യപാനം, വസ്ത്രധാരണത്തിലെ പുതിയ ഫാഷനുകൾ, ചിലവുകൂടിയ ഭക്ഷണപദാർത്ഥങ്ങളോടുള്ള ആസക്തി ഇവയൊക്കെ ഏതൊരു സമൂഹത്തിലേയും സമ്പന്നരുടെ രോഗമായി മാറിയിരിക്കുന്നു. യേശുക്രിസ്തു ശമരിയാക്കാരി സ്ത്രീയോട് പറഞ്ഞ വാചകം ഇവിടെ പ്രസക്തമാണ്. "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും." അതിന്നും സത്യമായി അവശേഷിക്കുന്നു. വർദ്ധിച്ചുവരുന്ന ആശങ്ക, മനോരോഗങ്ങൾ, നിരാശ ഇവയ്ക്കൊക്കെയുള്ള പ്രതിവിധി കുറേക്കൂടി ലളി

തമായ ജീവിതശൈലി മാത്രമാണ്. നമ്മുടെ അയൽക്കാരുടെ ഇന്നത്തെ ആവശ്യങ്ങൾക്കുനേരെ ഒരു പരിഗണനയും കൂടാതെ നമ്മുടെ നാളത്തെ ആവശ്യങ്ങളെ ചൊല്ലി അത്രമാത്രം ആകുലപ്പെടുന്നത് എത്രയോ വലിയൊരു തെറ്റാണെന്നോർക്കുക. എന്നാൽ ഒരു വർഗരഹിത സമൂഹത്തിൽ ഒരുവൻ എല്ലാവർക്കുവേണ്ടിയും എല്ലാവരും ഒരുവനുവേണ്ടിയും അദ്ധ്വാനിക്കുന്ന അവസ്ഥ സംജാതമാകും. ഈ അവസ്ഥയിൽ യേശുവിന്റെ മേൽപറഞ്ഞ കൽപനകൾ അനുസരിക്കുക എളുപ്പമാകും. ഓരോരുത്തരും കഠിനാദ്ധ്വാനത്തിലൂടെ ആർജിക്കുന്ന സുരക്ഷിതത്വബോധമുണ്ടല്ലോ; അത് ഇന്നത്തേതുപോലെ കൃത്രിമവും ക്ഷണികവും ആയിരിക്കും. സുരക്ഷിതത്വം സമൂഹത്തിന് മൊത്തത്തിൽ നേടാൻ കഴിഞ്ഞാലേ വ്യക്തികളും സുരക്ഷിതരാകൂ. ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടെ ഇതൊക്കെയും നിങ്ങൾക്ക് ലഭിക്കും. ഇതു മാത്രമാണ് ഇതിനുള്ള പോംവഴി. അസമത്വത്തിലും അനൈക്യത്തിലും താറുമാറായ ഇന്നത്തെ ലോകത്തേക്കാൾ എത്ര മെച്ചമാണ് ദൈവരാജ്യ ലോകത്തിന്റെ പ്രതിഫലനമായ വർഗരഹിത സമൂഹം.

നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് നിങ്ങളും വിധിക്കരുത്. മറ്റുള്ളവരെ നമ്മൾ സഹോദരങ്ങളായി കാണാതെ 'നിൽക്കൂ നിന്റെ കണ്ണിലെ കരട് എടുക്കട്ടെ' എന്ന് പറയുന്ന സമീപനം നല്ലതല്ല. നമ്മളുമായി നല്ല ബന്ധത്തിലല്ലാത്തവരെ പ്രത്യേകിച്ചും കുറ്റപ്പെടുത്തുന്നതിൽ നമുക്കൊരു സവിശേഷ താൽപര്യമുണ്ട്. നമ്മൾ സ്നേഹിക്കുന്നവരുടെ കുറ്റങ്ങൾ മറ്റുള്ളവരെ അറിയിക്കാൻ ആരും ഇഷ്ടപ്പെടുകയില്ല. പരസ്പര സ്നേഹത്തിലും കരുതലിലും അധിഷ്ഠിതമായ വർഗരഹിത സമൂഹം സ്ഥാപിതമായിക്കഴിഞ്ഞാൽ പല പിണക്കങ്ങളും അവസാനിക്കുക തന്നെ ചെയ്യും.

നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ എറിയരുത്. മഹത്തായതിനെ ചീത്തയായതുമായി കൂട്ടിക്കലർത്തരുതെന്നാണിതിന്റെ സാരം. ഒരു മനുഷ്യജീവിയേയും പട്ടിയായോ പന്നിയായോ കരുതരുത്. നമ്മുടെ സഹജീവികൾ വിശുദ്ധ മുത്തുകളാണ്. അവരെ അവഹേളിക്കരുത്. 'ചോദിക്കുക കിട്ടും; അന്വേഷിക്കുക കണ്ടെത്തും; മുട്ടുക തുറക്കപ്പെടും.' നമ്മുടെ മാത്രം പരിശ്രമംകൊണ്ട് ഒരു വർഗരഹിത സമൂഹം സ്ഥാപിക്കാൻ ആവില്ല. മനുഷ്യരുടെ കാര്യത്തിൽ ദൈവമാണ് കർത്തൃത്വം നടത്തുന്നത്. നമ്മുടെ പരിശ്രമങ്ങൾ പ്രാർത്ഥനാപൂർവമായുള്ളതായിരിക്കണം. ഒരു പുതിയ ലോകത്തിനായി നമ്മൾ ദൈവത്തോട് യാചിക്കുമ്പോൾ അത് കൈവരിക്കുന്നതിന് നമ്മൾ അവന്റെ മാർഗങ്ങൾ തന്നെ പിന്തുടരേണ്ടതുണ്ട്. ഇതെല്ലാം തന്നെ നമ്മിൽ അർപ്പിതമായിരിക്കുന്ന വിശുദ്ധമായ ഉത്തരവാദിത്വങ്ങളാണെന്ന ബോധം വേണം. സർവോപരി

നമ്മൾ ശുഭാപ്തി വിശ്വാസികളായിരിക്കേണ്ടതുണ്ട്. ദൈവം മനുഷ്യരായ നമ്മുടെ മാതാപിതാക്കന്മാരേക്കാൾ മികച്ചവനാണെന്നും നമുക്ക് ദോഷ കരമായ ഒന്നും അവൻ തരുകയില്ലെന്നും ഓർക്കുക. മറ്റുള്ളവർ നിങ്ങ ളോട് ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നവ നിങ്ങളവർക്ക് ചെയ്യുക. അതാണ് ന്യായപ്രമാണവും പ്രവാചകന്മാരും അനുശാസിക്കുന്നത്. ഇതാണ് ഈ ഭാഗത്തെ സുവർണനിയമം. ഒരു വർഗരഹിത സമൂഹ ത്തിൽ മാത്രമെ മറ്റുള്ളവർ നമുക്ക് ചെയ്യണമെന്ന് നമ്മൾ ആഗ്രഹിക്കു ന്നതുപോലെ നമുക്കവർക്ക് ചെയ്യാൻ കഴിയൂ.

ഇടുങ്ങിയ വഴിയിലൂടെയുള്ള പ്രവേശനം വർഗരഹിത സമൂഹം അനാ യാസം കൈവരിക്കാവുന്ന ഒന്നല്ല. എന്റെ വായനക്കാരിൽ ഒരു ന്യൂന പക്ഷത്തിന് മാത്രമെ വർഗരഹിത സമൂഹത്തിന്റെ ദൈവശാസ്ത്രം അംഗീ കരിക്കാനാവൂ എന്ന് എനിക്കറിയാം. ഒരു കാര്യം ഓർമ്മിക്കുക. നമ്മളി പ്പോൾ നാശത്തിലേക്കുള്ള വിശാലമായ പാതയിലൂടെ സഞ്ചരിക്കുക യാണ്. ആധുനിക ശാസ്ത്രജ്ഞന്മാരും നമ്മളെ അനുസ്മരിപ്പിക്കുന്നത് മറ്റൊന്നല്ല.

വ്യാജപ്രവാചകന്മാരെ കരുതിയിരിക്കുക – അവർ പറയും അവർ ശരി യായ പാതയിൽ സഞ്ചരിക്കുന്നുവെന്ന്, അവർ നമ്മളോട് പറയുന്നു ക്ലോക്കിന്റെ സൂചി മുന്നോട്ടല്ലാതെ പിന്നോട്ട് സഞ്ചരിക്കുകയില്ലെന്ന്. വരാ നിരിക്കുന്ന വിപത്തിനെ അവഗണിച്ചുകൊണ്ടുതന്നെ ഇതേവഴിയിൽ മുന്നേറാൻ അവർ പ്രേരിപ്പിക്കുന്നു.

കർത്താവേ, കർത്താവേ എന്ന് എന്നെ വിളിക്കുന്നവരെല്ലാം ദൈവ രാജ്യത്തിൽ പ്രവേശിക്കുകയില്ല. പിന്നെയോ ദൈവത്തിന്റെ ഇഷ്ടം ചെയ്യു ന്നവർക്ക് മാത്രമെ അതിന് കഴിയൂ. ഇവിടെയാണ് മുഴുവൻ പ്രശ്നത്തി ന്റെയും കാതൽ സ്ഥിതിചെയ്യുന്നത്.

വർഗരഹിത സമൂഹത്തെക്കുറിച്ചുള്ള ഏതൊരു സംസാരവും ഫല പ്രദമാകണമെങ്കിൽ നമ്മൾ അതിനായി ആത്മാർത്ഥമായി പരിശ്രമിക്കേ ണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം, ഇന്നത്തെ ഈ മഞ്ഞ് ഉരുകാനേ പോകു ന്നില്ല. ഗിരിപ്രഭാഷണം ഉപസംഹരിച്ചുകൊണ്ട് യേശു പറയുന്നതെന്താണ്. സ്നേഹത്തിന്റെയും നീതിയുടെയും പാറപ്പുറത്ത് പണിതീർക്കപ്പെട്ട ഭവനം മാത്രമെ നിലനിൽക്കുകയുള്ളു. സ്വാർത്ഥതയുടെ മണൽപ്പുറത്ത് പണിതീർത്തവ തകർന്ന് വീഴുക തന്നെ ചെയ്യും.

## പാഠം 5

# വർഗരഹിത സമൂഹം, അതിനുള്ള മാർഗം

വർഗരഹിതസമൂഹം എന്നത് ഒരാദർശമാണ്. ക്രൈസ്തവ കൂട്ടായ്മയിലൂന്നിയ പങ്കുവയ്ക്കൽ. കൂട്ടായ്മ എന്നതുകൊണ്ടർത്ഥമാക്കുന്നത് ഈ ആദർശമാണ്. യഹൂദനെന്നോ യവനനെന്നോ ഉള്ള വേർതിരിവ് കൂടാതെയുള്ള കൂട്ടായ്മയാണ് സഭ. യവനനും യഹൂദനും ഭാരതീയനും ആണും പെണ്ണും എല്ലാം ക്രിസ്തുവിൽ ഒന്നു തന്നെയത്രെ. വിശുദ്ധ പൗലോസ് ധനികനായ ഫിലോമോനെഴുതുന്നത് അടിമയായ ഒനേസിമോസിനെ സഹോദരനായി സ്വീകരിക്കാനാണ്. ലോക സാഹോദര്യത്തിനുവേണ്ടി പ്രവൃത്തിയെടുക്കുന്ന സഹോദരസംഘമാണ് സഭ. സഭ സ്വാർത്ഥിയായിരിക്കുവാൻ ആരേയും അനുവദിക്കുന്നില്ല. കാരണം യേശുവായിരിക്കണം എല്ലാവർക്കും മാതൃക. യേശു ഒരിക്കലും സ്വാർത്ഥത പുലർത്തിയിരുന്നില്ല. ക്രൈസ്തവ സ്നേഹവും സ്വാർത്ഥതയും ഒരുമിച്ചു പോകുകയില്ല. തിയോളജി എന്ന പേരിനർഹമായ ഒന്നിനും വർഗരഹിതസമൂഹം എന്ന ആദർശത്തെ നിരസിക്കാനാവില്ല. തിയോളജി അഥവാ ദൈവവിജ്ഞാനീയം എന്നത് ദൈവദർശനത്തിന്റെ ശാസ്ത്രമാണ്. അത് തീർച്ചയായും കേന്ദ്രീകരിച്ചിരിക്കുന്നത് ദൈവത്തിലാണ്. ദൈവം കേന്ദ്രമായിരിക്കുമ്പോൾ തന്നെ ഈ വിജ്ഞാനശാഖയുടെ ചാലകശക്തിയും ദിവ്യമായിരിക്കണം. ദൈവം - നിത്യ വചനമാണ്. ഇത് ഇതിൽതന്നെ വർഗരഹിതമാണ്. കുടുംബം, സമൂഹം തുടങ്ങി ശാശ്വതമായ ഐക്യം ലഭ്യമാക്കുന്ന ഏതൊരു സ്ഥാപനത്തിനും സത്താപരമായ ഐക്യത്തിന് മാതൃകയാക്കാവുന്ന സ്രോതസ്സാണ് ദൈവം.

അതിനാൽ വിശുദ്ധ ത്രിത്വത്തെ അംഗീകരിക്കുന്ന ഏതൊരു ദൈവശാസ്ത്രവും അത് ഓർത്തഡോക്സ് ആകട്ടെ, റോമൻ കത്തോലിക്കാ ആകട്ടെ, പ്രൊട്ടസ്റ്റന്റ് ആകട്ടെ അതിന് വർഗവിഭജനത്തെ അംഗീകരിക്കാനാവില്ല. മുതലാളി തൊഴിലാളി ബന്ധങ്ങളിലും യജമാന ഭൃത്യ ബന്ധങ്ങളിലും ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലും ഇന്ന് പ്രകടമായിക്കാണുന്ന മൃഗീയമായ ശത്രുത പാപത്തിന്റേയും സ്വാർത്ഥതയുടെയും അനന്തരഫലങ്ങളാണ്. ഇത്തരം സംഘർഷങ്ങൾ ദൈവികമായ ക്രമീകരണമാണെന്നാർക്കും പറയാൻ കഴിയില്ല. കൂട്ടായ്മയിൽ അധിഷ്ഠിതമായ ക്രൈസ്തവ ദൈവശാസ്ത്രം ധനികരെന്നും ദരിദ്രരെന്നുമുള്ള വർഗവിഭജനത്തിൽ അധിഷ്ഠിതമായ ഇന്നത്തെ സമൂഹത്തോട് വർഗരഹിത സമൂഹത്തിന്റെ സന്ദേശം വിശദീകരിച്ച് കൊടുക്കുന്നുണ്ട്. ക്രൈസ്തവ ദൈവശാസ്ത്രം ദൈവരാജ്യത്തിലേക്കുള്ള വഴി കാട്ടിത്തരുന്നു എന്ന് സമ്മതിക്കുന്നു. ഏതൊരു വായനക്കാരനും സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം

ഇവയിലൂന്നിയ വർഗരഹിത സമൂഹത്തിന്റെ സ്ഥാപനത്തിനായി പരിശ്ര മിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

ചില പ്രബുദ്ധരായ വായനക്കാർപോലും സാധാരണ ചോദിക്കാറുള്ള ഒരു ചോദ്യമുണ്ട് - വർഗരഹിത സമൂഹം എന്ന ആദർശം നല്ലതു തന്നെ. പക്ഷേ അത് കൈവരിക്കുവാൻ എന്താണ് മാർഗം? ഇന്നത്തേതുപോലെ തകരാറിലായ ലോകത്തിന് ഇത്തരം ലക്ഷ്യം കൈവരിക്കുക സാധ്യ മാണോ? അത്തരം പൂർണതയ്ക്കായി യേശുവിന്റെ പുനരാഗമനം വരെ കാത്തിരിക്കുന്നതല്ലേ നല്ലത്? ഈ ചോദ്യങ്ങൾക്കുത്തരം പറയാനാണ ടുത്തതായി ഞാൻ ശ്രമിക്കുന്നത്.

“നിന്റെ രാജ്യം സ്വർഗത്തിലെ പോലെ ഭൂമിയിലും ആകണമേ” എന്ന് ദിവസംതോറും പ്രാർത്ഥിക്കുമ്പോൾ നമ്മളെന്താണർത്ഥമാക്കുന്നത്. ഭൂമി യിൽ സ്വർഗം എന്നാൽ ഭൂമിയെ പൂർണ്ണമാക്കുക എന്നുതന്നെയാണ ർത്ഥം. ഉട്ടോപ്യൻ എന്ന് കരുതപ്പെടുന്നതരമൊരാവശ്യത്തിനുവേണ്ടി ദൈവത്തിന് സർവ്വതും കഴിയുന്നു എന്ന പ്രത്യാശയെ മുൻനിറുത്തി പ്രാർത്ഥിക്കുന്നവരാണ് നമ്മൾ. ചരിത്രത്തിന്റെ പൂർണതയിൽ മാത്രമെ ഇത് സംഭവിക്കൂ. ഇതാവസിക്കുന്നത് നമ്മുടെ പാപം, സ്വാർത്ഥത ഇവ നിമിത്തമാണ്. എന്നിട്ടും നമുക്കറിയാം ഇന്നത്തേക്കും നാളത്തേക്കുമുള്ള ഉത്തരം യേശുക്രിസ്തു മാത്രമാണെന്ന്. ചരിത്രത്തിന്റെ തികവിൽ അവൻ ഭൂമിയിലേക്ക് വീണ്ടും വരുമെന്നത് നിഖ്യാവിശ്വാസ പ്രഖ്യാപനത്തിന്റെ പ്രധാന പ്രമാണമാണ്. ഇതിന് ബൈബിളും സാക്ഷ്യം വഹിക്കുന്നു. ചില ദൈവശാസ്ത്രജ്ഞന്മാരെങ്കിലും കരുതുന്നത് കാര്യങ്ങൾ ഏറ്റവും വഷ ളായിരിക്കുന്ന ഒരവസ്ഥയിലായിരിക്കും യേശുവിന്റെ പുനരാഗമനം സംഭ വിക്കുക എന്നാണ്. എന്നാൽ ഭൂരിപക്ഷം ദൈവശാസ്ത്രജ്ഞന്മാരും കരു തുന്നത് അവന്റെ ആദ്യ വരവിങ്കൽ നിന്ന് ക്രമബദ്ധമായ ഒരു പുരോ ഗതി ചരിത്രത്തിൽ ദൃശ്യമാകുന്ന ഒരവസ്ഥയിൽ മാത്രമായിരിക്കും യേശു വിന്റെ പുനരാഗമനം സംഭവിക്കുക എന്നാണ്. യുഗാന്തവിജ്ഞാനീയത്തെ സംബന്ധിച്ച ഈ രണ്ട് തർക്കങ്ങൾ എങ്ങനെ ആയാലും യേശുവിന്റെ രണ്ടാമത്തെ വരവിനായി നമ്മൾ പ്രാർത്ഥിക്കുകയും അതിനായി പ്രവർത്ത നനിരതരാവുകയും ചെയ്യേണ്ടതുണ്ട്.

മേൽപറഞ്ഞ രണ്ട് വീക്ഷണങ്ങളിൽ ആദ്യത്തേത് യേശുവിന്റെ മനു ഷ്യാവതാരത്തെ ഗൗരവമായി എടുക്കുന്നില്ല, മാത്രമല്ല സഭയിലും ലോക ത്തിലും വ്യാപരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തന ങ്ങളേയും അത് ഗൗരവബുദ്ധ്യാ കാണുന്നില്ല. യേശുവിന്റെ മനുഷ്യാവ താരം മുതൽ ഇതുവരെയുള്ള ചരിത്രത്തിന്റെ വസ്തുനിഷ്ഠമായ ഒരു പഠനം പൊള്ളയായ ശുഭാപ്തിവിശ്വാസത്തിനെന്നതുപോലെ അങ്ങേയ

റ്റത്തെ ദോഷൈകദൃഷ്ടിക്കും എതിരാണ്. തീർച്ചയായും ചരിത്രത്തിന്റെ അന്ത്യത്തോളം ദുഷ്കർമ്മികളായ മനുഷ്യരുണ്ടായിരിക്കും. എന്നാൽ കാലക്രമത്തിൽ പരിശുദ്ധാത്മാവ് ലോകത്തിൽ പരിശുദ്ധിയും ദൈവ നീതിയും വർദ്ധിച്ച തോതിൽ നടപ്പാക്കിക്കൊണ്ടിരിക്കുക തന്നെ ചെയ്യും. ഉദാഹരണത്തിന് മറ്റെന്നത്തേക്കാളും അധികമായി സാമൂഹ്യനീതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇന്ന് ലോകത്തിൽ നടക്കുന്നുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. സഭയ്ക്കുള്ളിൽ മാത്രമല്ല അതിന് വെളിയിലും ഈദൃശ്യ പ്രവർത്തനങ്ങൾ നടക്കുന്നത് നമ്മൾ കാണുന്നുണ്ട്. രണ്ടിന്റെയും പിന്നിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടെന്ന് സ്പഷ്ടമാണ്.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച മറ്റൊരു പാഠം, “നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പൂർണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണരായിരിക്കുക” എന്നതാണ്. യഥാർത്ഥത്തിൽ ഇതും ഉട്ടോപ്യനായ ഒരാശയമാണ്. ഇവിടത്തെ ശ്രദ്ധാകേന്ദ്രം ചരിത്രത്തിനുള്ളിൽ തന്നെയായാലും ചരിത്രത്തിനതീതമായിട്ടായാലും പൂർണത നമ്മുടെ ലക്ഷ്യമായിരിക്കണം എന്നാണ്. എവറസ്റ്റ് കൊടുമുടി നമ്മുടെ ലക്ഷ്യമാകുന്നില്ലെങ്കിൽ ഒരിക്കലും നമുക്കത് കീഴടക്കാനാവില്ല. സ്വർഗം എന്ന എവറസ്റ്റ് ചരിത്രത്തിൽ നമുക്ക് അപ്രാപ്യമാണെങ്കിൽ തന്നെ ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലാണ് നമ്മളെന്ന ബോധ്യത്തോടെ സന്തോഷമായി മരിക്കുവാൻ കഴിയും - മരണത്തിനപ്പുറവും ആ ശ്രമം തുടരുകയാണെന്ന് നമുക്ക് മുന്നറിവ് ലഭിച്ചിരിക്കുന്നു. ശരീരത്തിലായിരിക്കുമ്പോൾ തന്നെ ജീവമുക്തി പ്രാപിക്കുക സാധ്യമാണെന്ന് ഹൈന്ദവ ദർശനം അനുശാസിക്കുന്നു. ദേഹമുക്തിക്കു ശേഷം മാത്രമുള്ള ഈശ്വര സാക്ഷാത്ക്കാരത്തെക്കുറിച്ചും ഹൈന്ദവ ദർശനം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ക്രൈസ്തവദർശനത്തിൽ യേശുക്രിസ്തു മാത്രമാണ് പാപവിമുക്തനായി ഭൂമിയിൽ ചരിച്ചിരുന്ന ഏക മനുഷ്യൻ. അതിനാൽ തന്നെ അവൻ വചനം ജഡമെടുത്ത നിലയിൽ ലോകത്തിൽ വസിക്കുകയായിരുന്നു. ക്രിസ്ത്യൻ വിശുദ്ധന്മാർ പോലും യേശുവിനെപ്പോലെ പാപബോധത്തിൽ നിന്ന് വിമുക്തരായിരുന്നില്ല. മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിസ്സാരങ്ങളായിരുന്നെങ്കിൽക്കൂടി അവർ ഏറ്റവും വലിയ പാപികളെന്ന് സ്വയം കരുതിയിരുന്നവരാണ്. നമ്മൾ വിശുദ്ധരെന്ന് വിളിക്കുന്ന ആരുംതന്നെ സ്വയം വിശുദ്ധരെന്ന് കരുതിയിരുന്നവരല്ല. ആ നിലയ്ക്ക് വർഗരഹിത സമൂഹത്തിന്റെ പൂർണത എന്നത് അസാദ്ധ്യമായ സാധ്യതയായിരിക്കാം. എങ്കിലും അത് നമ്മൾ ലക്ഷ്യമാക്കുകയും അതിനായി പ്രവർത്തിക്കുകയും “നിന്റെ രാജ്യം ഭൂമിയിൽ വരേണമെ” എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ.

പൗലോ ഫ്രെയർ മുന്നോട്ട് വയ്ക്കുന്ന പുതിയ വിദ്യാഭ്യാസ സമ്പ്രദായം വിവരിക്കുന്ന 'പീഡിതരുടെ ബോധനശാസ്ത്രവും' അദ്ദേഹത്തിന്റെ തന്നെ മറ്റു രചനകളും ഇന്ത്യയിലുള്ളവർ വിമർശനദൃഷ്ട്യാ പഠിക്കേണ്ടതുണ്ട്. എന്തെന്നാൽ ഇവിടത്തെ സാഹചര്യം ബ്രസീൽ പോലുള്ള പല തെക്കേ അമേരിക്കൻ രാജ്യങ്ങളുടേതിൽനിന്നും വ്യത്യസ്തമാണ്. ആർച്ച് ബിഷപ്പ് ഹെൽഡർ കാമേറായുടെ രചനകളും പഠനാർഹമാണ്. വർഗരഹിത സമൂഹത്തിന്റെ സൃഷ്ടിക്ക് വിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്തുക എന്നതാണ് ഈ ഗ്രന്ഥകാരന്മാരുടെ ലക്ഷ്യം. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പുരാതന യവന തത്വചിന്തകന്മാരുടെ പാത പിൻപറ്റുന്നതാണ്. അന്നുമുതൽ സമൂഹത്തിൽ നിലവിലിരുന്ന സമ്പന്ന ദരിദ്രഭേദം വളർത്തിക്കൊണ്ടു വരാനേ അത് പ്രയോജനപ്പെട്ടിട്ടുള്ളു. മർദ്ദകനും തൊഴിലാളിയും തൊഴിലുടമയും ചൂഷകനും ചൂഷിതനും മനുഷ്യമഹത്വത്തെക്കുറിച്ചു ബോധമുള്ളവരും സ്വന്തം മഹത്വത്തെക്കുറിച്ചു പോലും ബോധമില്ലാത്തവരും എന്നിങ്ങനെ ഒട്ടേറെ തരംതിരിവുകൾ ഈ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ സമൂഹത്തിൽ സൃഷ്ടിച്ചിരിക്കുന്നു. വ്യക്തിയും വസ്തുവും എന്ന നിലയിൽ അതാളുകളെ തരംതിരിച്ചിരിക്കുന്നു. സംസാരിക്കുന്ന ന്യൂനപക്ഷവും ശ്രദ്ധിക്കുന്ന ഭൂരിപക്ഷവും ചരിത്രത്തിന്റെ നിർമ്മാതാക്കളും ചരിത്രത്തിന്റെ ഇരകളും എന്നിങ്ങനെ തരംതിരിവുകളുടെ പട്ടിക നീണ്ടുപോകുന്നു.

ഈ വ്യവസ്ഥിതിയുടെ ദുരന്തം എന്തെന്നാൽ ഈ വർഗങ്ങളിൽ ഒന്നും തന്നെ സ്വാർത്ഥതയുടേയും സ്നേഹശൂന്യതയുടേയും തടവിൽ നിന്ന് വിമുക്തമാകുന്നില്ലെന്നതാണ്. തങ്ങൾ സ്വാർത്ഥതയുടെ ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണെന്ന കാര്യം ഉപരിവർഗം അറിയുന്നില്ല. അതേസമയം അടിസ്ഥാനവർഗം, തങ്ങൾ ദരിദ്രരായിരിക്കുന്നതുകൊണ്ടാണ് സമ്പന്നർ സമ്പന്നരായിരിക്കുന്നത് എന്ന തിരിച്ചറിവിലേക്ക് വരുന്നതുമില്ല. പൗലോ ഫ്രെയർ ബാങ്കിംഗ് സമ്പ്രദായം എന്ന് പരിഹസിച്ച് വിളിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ഒരിക്കലും സംവാദത്തിലോ സ്വതന്ത്രമായ ചർച്ചകളിലോ താൽപര്യം കാണിക്കുന്നില്ല. വിദ്യാർത്ഥികളുടെ മനസ്സിൽ അദ്ധ്യാപകൻ നിക്ഷേപിക്കുന്ന വിവരങ്ങൾ അദ്ധ്യാപകന് പരമ്പരാഗതമായി ലഭിച്ച അറിവുകൾ മാത്രമാണ്. അല്ലാതെ വിദ്യാർത്ഥികളുടെ താൽപര്യങ്ങളെ ബാധിക്കുന്നവയല്ല. ഈ രീതിയിൽ സംരക്ഷിക്കപ്പെട്ടു പോരുന്ന മൂല്യനിർണയ സമ്പ്രദായം വർഗരഹിത സമൂഹത്തിന്റെ സൃഷ്ടിക്ക് ആവശ്യമായ പുതിയ മൂല്യങ്ങളൊന്നും സൃഷ്ടിക്കുന്നില്ല. നിലവിലുള്ള ബോധനശാസ്ത്രത്തിന്റെ അടഞ്ഞതും സങ്കുചിതവുമായ തരംതിരിവുകൾ മാനവികതയെ പല വർഗങ്ങളായി വിഭജിക്കുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ

ഇത്തരം തരംതിരിവുകൾ ഇങ്ങനെ ഉണ്ടായതാണ്. ചൂഷകരെ മെരുക്കിയെടുക്കുന്നതിനും നിലവിലുള്ള വ്യവസ്ഥിതിയുമായി പൊരുത്തപ്പെടുത്തുന്നതുമാണ് ഇന്നത്തെ ബോധന സമ്പ്രദായം.

എന്നാൽ പീഡിതരുടെ വിമോചനം ലക്ഷ്യമാക്കുന്ന ബോധന ശാസ്ത്രം ആകട്ടെ മനുഷ്യന്റെ മഹത്വത്തെ ഉയർത്തിപ്പിടിക്കുന്നു. അവന്റെ ബോധത്തെ ഉണർത്തുന്ന താഴെക്കിടയിലുള്ളവരെ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കിത്തീർക്കുന്നു. ഇത്തരം ബോധനസമ്പ്രദായത്തിലൂടെ മാത്രമെ വിമോചനം ഉറപ്പു വരുത്തുവാൻ കഴിയൂ. ചരിത്രത്തിൽ നടന്നിട്ടുള്ള എല്ലാവിധ മോചനങ്ങളും ഇതിന് സാക്ഷിയാണ്. ബ്രിട്ടീഷ് നുകത്തിൽ നിന്നുള്ള ഇന്ത്യയുടെ മോചനമായാലും ചിയാങ്ങ് കൈഷക്കിന്റെ പിടിയിൽ നിന്നുള്ള ചൈനയുടെ മോചനമായാലും വിദേശ കൊളോണിയൽ മേധാവികളുടെ ഭരണത്തിൽ നിന്നുള്ള ആഫ്രിക്കൻ ജനതയുടെ മോചനമായാലും ഇതിനെല്ലാം മേൽപ്പറഞ്ഞ തരത്തിലുള്ള ബോധനശാസ്ത്രം പ്രയോജനപ്പെട്ടിരുന്നുവെന്നത് ഒരു വസ്തുതയാണ്. അതുപോലെതന്നെ സ്വന്തം മർദ്ദിതാവസ്ഥയിൽ നിന്നും മർദ്ദിതജനങ്ങൾ മോചനം ലക്ഷ്യമാക്കി ഉണർന്നെഴുന്നേൽക്കേണ്ടതുമുണ്ട്.

ധനികർ തങ്ങളുടെമേൽ നടത്തുന്ന മർദ്ദനത്തെക്കുറിച്ച് പല മർദ്ദിതരും ബോധവാന്മാരല്ല. മഹാത്മാഗാന്ധിയുടെ കാലത്തും അതിനു മുമ്പുള്ള ഇന്ത്യാക്കാരിൽ പലരും ബ്രിട്ടീഷ് ഭരണം തങ്ങളുടെമേൽ നടത്തുന്ന മർദ്ദനത്തെക്കുറിച്ച് ബോധമുള്ളവരായിരുന്നില്ലെന്നത് ഒരുദാഹരണമാണ്. ഇംഗ്ലീഷുകാർ പണി തീർത്ത റെയിൽപ്പാതകളും പ്രചരിപ്പിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസവും മറ്റാനുകൂല്യങ്ങളും തങ്ങളെ സഹായിക്കാനാണെന്നാണ് ധരിച്ചിരുന്നത്. ഇതുപോലെതന്നെ ഇന്നും ലോകത്തിലെ ഭൂരിപക്ഷ മർദ്ദിതരും തങ്ങൾ മർദ്ദിക്കപ്പെടുന്നുവെന്ന കേവല വസ്തുതയെക്കുറിച്ചുപോലും ബോധമില്ലാത്തവരാണ്. തങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലത്തിൽ അധികപങ്കും തങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം അവർ അറിയുന്നില്ല. ധനാഢ്യരായ തോട്ടമുടമകളുടെ തേയിലത്തോട്ടത്തിൽ തേയില നുള്ളുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ എത്രയോ ദുരിതഭൂയിഷ്ഠമായ സാഹചര്യങ്ങളിലാണ് ജീവിതം തള്ളിനീക്കുന്നത്. തങ്ങളുടെ അദ്ധ്വാനഫലത്തിന്റെ സിംഹഭാഗവും തോട്ടമുടമയുടെ ബംഗ്ലാവിലെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാനാണ് വിനിയോഗിക്കുന്നതെന്ന കാര്യം ഈ പാവം തൊഴിലാളികൾ അറിയുന്നതുപോലുമില്ല. ഈ അവസ്ഥയിൽ മർദ്ദിതരുടെ ബോധവൽക്കരണം ഒരടിയന്തരാവശ്യമാണ്. വിദ്യാഭ്യാസത്തിന്റെ പ്രാഥമികലക്ഷ്യം ഈ ബോധവൽക്കരണമായിരിക്കണം.

ധനാഢ്യരായ മർദ്ദകപ്രഭുക്കന്മാർ സ്വമനസ്സാലെ ഇത്തരമൊരു ബോധവൽക്കരണത്തിന് അനുകൂലമായിരിക്കും എന്ന് കരുതുന്നത് വിഡ്ഢിത്തമായിരിക്കും. അവർ ജന്മനാൽതന്നെ സ്വാർത്ഥതയുടെ ഉപാസകരാണ്. അതിനാൽ ഈ വിഷയത്തിൽ ദരിദ്രർ സ്വയം മുൻകൈ എടുക്കേണ്ടതുണ്ട്. അവർക്ക് തങ്ങളുടെ യജമാനന്മാരുടെ മുഖത്ത് നോക്കി തന്റേടത്തോടെ പറയാൻ കഴിയും "നിങ്ങൾ കൊള്ളക്കാരാണ്. ഞങ്ങളുടെ രക്തവും വിയർപ്പും ചിന്തി നേടിയ സമ്പത്ത് ഞങ്ങളിൽ നിന്നപഹരിച്ചെടുക്കുന്ന കൊള്ളക്കാർ." തങ്ങളുടെ മാനവികതാ വിരുദ്ധമായ നിലപാടിനെക്കുറിച്ച് സ്വയം തിരിച്ചറിവ് പ്രാപിച്ച ചുരുക്കം ചില ധനാഢ്യരും ഉണ്ടായെന്നും വരാം. അവർ ദരിദ്രരോടൊപ്പം ചേർന്ന് വർഗരഹിത സമൂഹം സൃഷ്ടിക്കാനുള്ള ശ്രമത്തിൽ പങ്കാളികളാകുകയും അത്തരം നീക്കങ്ങളെ ഭൂരിപക്ഷം ദരിദ്രരും സ്വാഗതം ചെയ്യുകയും ചെയ്യും.

നമ്മുടെ കാലഘട്ടത്തിലെ നിർഭാഗ്യകരമായ ചില നഗ്ന യാഥാർത്ഥ്യങ്ങളുണ്ട്. മർദ്ദകരിൽ നല്ലയൊരു ഭാഗവും തങ്ങൾ മർദ്ദകരാണെന്നോ ഉൽപ്പാദനോപകരണങ്ങളെ തങ്ങളുടെ ലാഭേച്ഛക്കനുയോജ്യമായ തരത്തിൽ നിയന്ത്രിച്ചു നിർത്തിയിരിക്കുകയാണെന്നോ അറിയുന്നില്ല. പൊതുജനമാധ്യമങ്ങളെ വ്യാജപ്രചരണങ്ങൾക്ക് തങ്ങളുപയോഗിക്കുകയാണെന്നോ വിദ്യാഭ്യാസ സമ്പ്രദായത്തെ നിലവിലുള്ള ചൂഷണ സമ്പ്രദായം തുടർന്നുകൊണ്ടുപോകുന്നതിനുള്ള ഉപകരണമായി ഉപയോഗിക്കുകയാണെന്നോ ഉള്ള കാര്യവും അവരിൽ പലരും അറിയുന്നില്ല. 18-ാം നൂറ്റാണ്ടിലെ പ്രധാനപ്പെട്ട പല ക്രൈസ്തവ കീർത്തനങ്ങളും രചിച്ചത് അടിമവ്യാപാരത്തിലേർപ്പെട്ടിരിക്കുന്ന ക്രിസ്ത്യൻ തോട്ടമുടമകളാണ്. അമേരിക്കയിലെ തോട്ടങ്ങളിൽ പണിയെടുക്കാൻ അവർ ആഫ്രിക്കയിൽ നിന്ന് അടിമകളെ വിലയ്ക്കുവാങ്ങി ചങ്ങലയ്ക്കിട്ട് കപ്പലിൽ കൊണ്ടുവന്നിറക്കിയിരുന്നു. ഇതിൽ ഒരു തെറ്റും അവർ കണ്ടിരുന്നില്ലെന്നോർക്കണം. അന്നത്തെ വ്യവസ്ഥിതി അത്തരത്തിലൊരു ധാരണയാണവരിൽ രൂപപ്പെടുത്തിയിരുന്നത്. അതുപോലെ ഇന്നും നമ്മൾ ജീവിക്കുന്ന മുതാലാളിത്ത സാമൂഹ്യവ്യവസ്ഥയും വർഗവിഭജിത സമൂഹത്തിന്റെ ബോധന സമ്പ്രദായവും ഒക്കെക്കൂടി നമ്മുടെ മനസ്സിനെ തെറ്റായ ചില ചിട്ടപ്പെടുത്തലുകൾക്ക് വിധേയമാക്കിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ പഴയ അടിമക്കച്ചവടത്തിന്റെ ചില പുതിയ രൂപങ്ങൾ പല വേഷത്തിൽ ഇന്നും നമ്മൾ തുടരുന്നു. 18-ാം നൂറ്റാണ്ടിലെ അടിമക്കച്ചവടക്കാർ തങ്ങളുടെ പ്രവൃത്തിയെ ന്യായീകരിച്ചിരുന്നത് തങ്ങൾ പണം മുടക്കിയാണ് അടിമയെ വാങ്ങിച്ചിരുന്നതെന്നും തങ്ങൾ വാങ്ങിച്ചിരുന്നില്ലെങ്കിൽ അവർ പട്ടിണി കിടന്നു മരിക്കുമായിരുന്നു എന്നും സമാധാനിച്ചുകൊണ്ടാണ്. അതുപോലെ ഇന്നത്തെ ധനാഢ്യരും തങ്ങൾ ഏർപ്പെട്ടിരിക്കുന്ന മർദ്ദന

വൃത്തികളെ ന്യായീകരിക്കുന്നവരാണ്. തങ്ങളിത് ചെയ്തിരുന്നില്ലെങ്കിൽ സാധുക്കൾക്ക് തൊഴിൽ കിട്ടുകില്ലായിരുന്നുവെന്നും രാജ്യത്തിന് തങ്ങൾ വലിയ സേവനമാണ് ചെയ്യുന്നതെന്നുമൊക്കെയുള്ള ന്യായങ്ങളവർ പറയും. എന്നാൽ സത്യമെന്താണ്? ലോകത്തിലെ ഒരു മുതലാളിത്ത രാജ്യവും തൊഴിലില്ലായ്മ പൂർണ്ണമായും പരിഹരിച്ചിട്ടില്ല. സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് മാത്രമാണ് അവിടത്തെ മുഴുവൻ പൗരന്മാർക്കും തൊഴിൽ കൊടുക്കാൻ കഴിഞ്ഞിരിക്കുന്നത്. വ്യക്തികളുടെ മുൻകൈ എടുക്കലിന് ഊന്നൽ നൽകുന്ന മുതലാളിത്ത സാമൂഹ്യവ്യവസ്ഥയ്ക്ക് സോഷ്യലിസം വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി ഉറപ്പു വരുത്തുന്ന ഉത്തരവാദിത്വമുള്ള സമൂഹത്തെ സൃഷ്ടിക്കാനാകുമോ എന്ന ചോദ്യം ഇന്നും ഉത്തരം കിട്ടാതെ അവശേഷിക്കുന്നു. ഈ വഴിക്ക് ചില ശ്രമങ്ങൾ നടന്ന ഇസ്രയേലിൽ തന്നെ തൃപ്തികരമായ ഒരു ഫലം ദൃശ്യമായി എന്ന് പറയാൻ കഴിയില്ല.

ക്രൈസ്തവ വെളിപാടുകളെ നമ്മൾ ഗൗരവപൂർവ്വം എടുക്കുന്നപക്ഷം, മർദ്ദകരെ മനുഷ്യരാക്കാൻ ആവശ്യമായ പാഠ്യപദ്ധതിക്ക് രൂപംകൊടുക്കുക എളുപ്പമാണ്. ശുദ്ധ ക്രൈസ്തവ ദൈവശാസ്ത്രം ഈ വഴിക്കുള്ള ലളിതമെങ്കിലും പൂർണ്ണമായ ശ്രമം തന്നെയാണ്. ദൈവത്തെ സംബന്ധിച്ച ക്രൈസ്തവദർശനം എന്താണ്? വിശുദ്ധ ത്രിത്വത്തിൽ ഒരുതരത്തിലുള്ള അസമത്വവും കുടികൊള്ളുന്നില്ല. മനുഷ്യനെ സംബന്ധിച്ചുള്ള ദർശനമൊ...? ദൈവം ഒരേ രക്തത്താൽ ഭൂമിയെ ഒക്കെയേയും അവകാശമായി അനുഭവിക്കേണ്ടതിന് മനുഷ്യനെ സൃഷ്ടിച്ചു. എല്ലാ മനുഷ്യരിലും നിറഞ്ഞു നിൽക്കുന്നത് ദൈവസാദൃശ്യമാണ്. സഹോദരനും സഹോദരനും തമ്മിൽ നിലനിൽക്കുന്ന അസമത്വം മനുഷ്യന്റെ പതനം നിമിത്തം സംഭവിച്ചതാണ്. ആ പതനത്തിൽ നിന്ന് മനുഷ്യനെ കരകയറ്റി യഥാസ്ഥാനപ്പെടുത്തുന്നതിനാണ് സമ്പന്നനായ ദൈവപുത്രൻ സ്വയം ദരിദ്രനായി മനുഷ്യപുത്രനായി വന്നത്. പെന്തക്കോസ്തി ദിവസം സമത്വാധിഷ്ഠിതമായ ഒരു സഭ പരിശുദ്ധാത്മാവിനാൽ സ്ഥാപിതമാക്കപ്പെട്ടു. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ ദരിദ്രനും പീഡിതനുമായ മനുഷ്യനുമായി താദാത്മ്യപ്പെടുക വഴി സഭയുടെ മനുഷ്യാവതാരപരമായ കൂട്ടായ്മയ്ക്ക് ഒരാദി മാതൃക കൈവന്നിരിക്കുന്നു. ബൈബിൾ പ്രകാരം ലോകം ദൈവസൃഷ്ടിയും ദൈവത്തിൽ സ്ഥിതിചെയ്യുന്നതുമാകയാൽ മറ്റാരുടേയും സ്വകാര്യസ്വത്തല്ല. ആദത്തെ തോട്ടത്തിലാക്കിയത് തോട്ടം സൂക്ഷിക്കാനും പണിയെടുക്കാനുമാണ്. അല്ലാതെ അതിനെ സ്വന്തമാക്കാനായിരുന്നില്ല. തോട്ടത്തിന്റെ നടുക്ക് നിന്നിരുന്ന മരത്തിന്റെ ഫലം തിന്നരുതെന്ന് ദൈവം നൽകിയിരുന്ന വിലക്ക് തോട്ടത്തിന്മേൽ ദൈവത്തിനുണ്ടായിരുന്ന ഉടമസ്ഥതയെ സൂചിപ്പിക്കുന്നു. സാത്താൻ

ആദാമിനേയും ഹവ്വായേയും വശീകരിച്ചു. അവർ വിലക്കപ്പെട്ട ഫലം പറിച്ചു തിന്നു. അവർ തോട്ടത്തിന്റെ ഉടമസ്ഥരായി സ്വയം ഭാവിക്കുക യായിരുന്നു. ഈ വിലക്ക് ലംഘിച്ചതിലൂടെ കാര്യനിർവ്വഹണത്തെ സംബ ന്ധിച്ച ക്രൈസ്തവ പഠിപ്പിക്കൽപ്രകാരം തങ്ങളുടെ ധനത്തിന്റെ ഉടമ സ്ഥരാണ് തങ്ങളെന്ന തെറ്റായ ധാരണ എല്ലാംതന്നെ ദൈവത്തിന്റെ ദാന ങ്ങളും ദൈവത്തിന്റെ കുടുംബമായ മനുഷ്യരാശിയുടെ അഭിവൃദ്ധിക്കായി ഉപയോഗിക്കേണ്ടവയുമാകുന്നു.

സ്നേഹത്തെ സംബന്ധിച്ച ക്രൈസ്തവ നീതിശാസ്ത്രം ഈ രീതി യിൽ വേണം പഠിപ്പിക്കുവാൻ. അത് സാമൂഹ്യനീതിയെ ഉൾക്കൊള്ളുന്ന തായിരിക്കണം. ക്രിസ്തുവിനെ കൂടാതെ തന്നെയുള്ള ധനികരുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കുദാഹരണമാണ് ചുങ്കം പിരിവുകാരനായി രുന്ന സക്കായിയുടെ അനുഭവം. അയാൾ പതിവായി സമ്പാദിച്ച സമ്പാ ദ്യങ്ങളിൽ പകുതിയും ദരിദ്രർക്കു ദാനം ചെയ്തിരുന്നു. ഇങ്ങനെ ചെയ്യു ന്നത് തന്റെ അതിക്രമങ്ങൾക്ക് പ്രായശ്ചിത്തമാകുമെന്ന കപടധാരണ യാണ് അയാളെ കൊണ്ടിങ്ങനെ ചെയ്യിച്ചത്. എന്നാൽ യേശു അയാളുടെ ജീവിതത്തിലേക്ക് കടന്നുവന്നതോടെ അയാൾ ശരിയായ അറിവിലേക്ക് നയിക്കപ്പെടുന്നു. “ഞാൻ ആരോടെങ്കിലും എന്തെങ്കിലും അതിക്രമമായി നേടിയിട്ടുണ്ടെങ്കിൽ നാലിരട്ടിയായി മടക്കിക്കൊടുത്തുകൊള്ളാം” അയാൾ പറഞ്ഞു. ജീവകാരുണ്യ പ്രവർത്തനങ്ങൾകൊണ്ട് തൃപ്തിപ്പെടുന്ന ധനാ ഢ്യരുണ്ട്. അതുകൊണ്ടായില്ല. അവർ സാമൂഹ്യനീതി പാലിക്കണം. ഭക്ഷ ണവും വസ്ത്രവും പാർപ്പിടവും ഔഷധവും എല്ലാവർക്കും ഉറപ്പുവരു ത്തുന്നതാണ് സാമൂഹ്യനീതി. ഇതെല്ലാം മുഴുവൻ ലോകത്തിലേയും സമ സ്തജനങ്ങളുടേയും പൊതു അവകാശമാണ്. ഇവയുടെയെല്ലാം ഉടമ സ്ഥൻ സർവ്വരുടേയും പിതാവായ ദൈവമാണ്. നീതി കൂടാതുള്ള സ്നേഹം കേവലം വികാരപ്രകടനമെ ആകുന്നുള്ളു. സ്നേഹം കൂടാ തുള്ള നീതി കേവലം മൃതമായ നിയമപാലനമേ ആകൂ. എന്നാൽ സ്നേഹ ത്തോടുകൂടിയ നീതി ക്രൈസ്തവമാണ്. ക്രിസ്തു തന്റെ ഭവനത്തിലേക്ക് വന്നതോടെ സക്കായിക്ക് സംഭവിച്ചത് തീവ്രമായ ഈ ബോധവൽക്കര ണമാണ്. ഇതോരോ ക്രിസ്ത്യാനിയിലും സംഭവിക്കേണ്ടതുണ്ട്.

മർദ്ദകനുവേണ്ടിയുള്ള ബോധനശാസ്ത്രം അയാളെ ഒരു കാര്യം ബോദ്ധ്യപ്പെടുത്തുന്നു, മർദ്ദകനും മർദ്ദിതനും പാപത്തിലാണ് സ്ഥിതി ചെയ്യുന്നത്. മർദ്ദകൻ നിലകൊള്ളുന്ന ഉപരിവർഗത്തിന്റെ പാപം അവ രുടെ ഉൽകൃഷ്ടതാബോധമാണെങ്കിൽ അധോവർഗത്തിന്റെ പാപം അവ രുടെ അപകർഷതാബോധമാണ്. ധനികർ അതിഭക്ഷണം നിമിത്തം രോഗികളായിത്തീരുന്നു. ദരിദ്രർ അൽപഭക്ഷണം നിമിത്തം രോഗികളാ യിത്തീരുന്നു. ധാരാളം വിലപിടിപ്പുള്ള സാരികൾ വാങ്ങിവച്ചിരിക്കുന്ന

ധനിക സ്ത്രീ തന്റെ പൊങ്ങച്ച പ്രകടനത്തിന് ഏതു സാരിയാണ് ധരിക്കേണ്ടത് എന്ന് വിചാരിച്ച് അസ്വസ്ഥതയനുഭവിക്കുന്നു. കീറിപ്പറിഞ്ഞ ഒറ്റ സാരി മാത്രമുള്ള ദരിദ്ര ബാലിക തന്റെ കൂട്ടുകാരിയുടെ വിവാഹ വിരുന്നിൽ പങ്കെടുക്കാൻ ആരോടാണ് സാരി കടം വാങ്ങുക എന്നോർത്ത് വ്യാകുലപ്പെടുന്നു. ധനാഢ്യയായ വൃദ്ധ വിദേശത്തുള്ള മക്കൾ പണിയിച്ചുകൊടുത്ത വിശാലമായ കെട്ടിടത്തിൽ ഒറ്റയ്ക്ക് കഴിഞ്ഞുകൊണ്ട് ഏകാന്തതയുടെ ദുഃഖം അനുഭവിക്കുന്നു. തൊട്ടപ്പുറത്ത് നിരവധി കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കൾ ആകെക്കൂടി ഒറ്റ മുറി മാത്രമുള്ള, നിന്നുതിരിയാൻ ഇടമില്ലാത്ത ചെറിയ വീടിനെ ശപിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്നു. മഴ പെയ്താൽ നനയാത്ത ഒരു വീട് അവർക്ക് സ്വപ്നമാണ്. ഹൃദയകാഠിന്യമാണ് ധനികരുടെ പാപമെങ്കിൽ അസൂയ ആണ് ദരിദ്രരുടെ പാപം. വർഗവിഭജിതമായ സമൂഹത്തിൽ മർദ്ദകന് ഒരേയൊരു താൽപര്യമേയുള്ളു. സ്വാർത്ഥത! മർദ്ദിതനാകട്ടെ അയാളുടെ വ്യക്തിത്വവും അന്തസ്സും നഷ്ടപ്പെടുന്നു. ഇത് നിമിത്തം ഏറ്റവും ധനികനും ഏറ്റവും ദരിദ്രനും ഒരുപോലെ അമാനവീകരിക്കപ്പെട്ടിരിക്കുന്നു. തമ്മിൽ ഭേദം ശരാശരിക്കാരനായ ഇടത്തട്ടുകാരനാണ്. ഒരന്തർമുഖ വ്യക്തിത്വമുള്ളവൻ ബഹിർമുഖ വ്യക്തിത്വമുള്ളവനേക്കാൾ അസന്തുഷ്ടനായിരിക്കും എന്ന കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചുവല്ലോ. അതീവ സുഖലോലുപതയും അതീവ ദാരിദ്ര്യവും അനുഭവിക്കാത്ത ഇടത്തരക്കാരൻ പൊതുവെ ബഹിർമുഖ വ്യക്തിത്വമുള്ളവനായിരിക്കും.

സമ്പൂർണ മാറ്റം ആവശ്യമായതും തെറ്റായ വിദ്യാഭ്യാസ സമ്പ്രദായം ജനങ്ങളുടെ മനസ്സിൽ നിക്ഷേപിച്ചതുമായ താഴെപ്പറയുന്ന മിത്തുകളെ പൗലോ ഫ്രെയർ ചൂണ്ടിക്കാണിക്കുന്നു.

ഇന്നത്തെ മർദ്ദിതസമൂഹം സ്വതന്ത്ര സമൂഹമാണ്. എല്ലാ മനുഷ്യർക്കും എവിടെയും എന്തു ജോലിയും ചെയ്യുവാനുള്ള സ്വാതന്ത്ര്യമുണ്ട്. തങ്ങളുടെ യജമാനന്മാരെ ഇഷ്ടാനുസരണം മാറാൻ തൊഴിലാളികൾക്ക് കഴിയും. ഈ വ്യവസ്ഥിതി മനുഷ്യാവകാശങ്ങളെ മാനിക്കുന്നു. അദ്ധ്വാനശീലരായ ആർക്കും വ്യവസായ സംരംഭകൻ ആകാം. ഒരു തെരുവുതെണ്ടിയും ഫാക്ടറി ഉടമസ്ഥനെപ്പോലെ വ്യവസായ സംരംഭകൻ ആണ്. വിദ്യാഭ്യാസത്തിനുള്ള അവകാശം സാർവ്വദേശീയമാണ്. പാശ്ചാത്യ സമൂഹങ്ങളിൽ സർവ്വരും തുല്യരാണ്. ഇന്നത്തെ മർദ്ദകവർഗ പ്രമാണിത്തം ജനാധിപത്യത്തിന്റെയും പടിഞ്ഞാറൻ ക്രൈസ്തവ സംസ്ക്കാരത്തിന്റെയും കാവൽക്കാരാണ്. സമ്പന്നർ പൊതുവെ ഉദാരശീലരാണ്. കലാപം ഉണ്ടാക്കൽ പാപമാണ്. സമ്പന്നർ സമ്പന്നരായിരിക്കുന്നത് അവർ അദ്ധ്വാനശീലരായതുകൊണ്ടും ദരിദ്രർ ദരിദ്രരായിരിക്കുന്നത് അവർ അലസന്മാരായതുകൊണ്ടും ആണ്. ദരിദ്രർ ദാരിദ്ര്യത്തിൽ കഴിയുന്നത് അവർക്ക് സഹജമായ അപകർഷതാബോധം കൊണ്ടാണ്.

വാക്കുകൾകൊണ്ടോ തെറ്റായ പ്രവൃത്തികൾകൊണ്ടോ ഉള്ള വിപ്ലവമല്ല പിന്നെയോ ശരിയായ പ്രയോഗം കൊണ്ടു സാധ്യമാകുന്ന വിപ്ലവത്തിന്റെ ആവശ്യം ഫ്രെയർ ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം അർത്ഥമാക്കുന്നത് മാറ്റേണ്ടതായ സാമൂഹ്യഘടനയ്ക്കഭിമുഖമായി പ്രതിഫലനങ്ങളുളവാക്കുന്ന പ്രയോഗത്തെയാണ്. സ്ഥാപിത താൽപര്യങ്ങൾ എപ്പോഴും നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ വക്കീലന്മാരായി പ്രത്യക്ഷപ്പെടും. സ്കൂൾ തിരസ്കാരത്തെ അവർ എതിർക്കും. റെയിനോൾഡ് ന്യൂബർ എഴുതി: വരേണ്യവർഗം കൂടുതൽ ആധിപത്യം കൈയടക്കുന്നതും അടിച്ചമർത്തൽ വർദ്ധിപ്പിക്കുന്നതും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരമായി നിർദ്ദേശിക്കും. സ്വാതന്ത്ര്യം, സമാധാനം എന്നൊക്കെയുള്ള പേര് പറഞ്ഞുകൊണ്ടായിരിക്കും അവർ ഈ അടിച്ചമർത്തലുകൾ നടത്തുക. അവർക്ക് സ്വാതന്ത്ര്യമെന്നാൽ വരേണ്യവർഗത്തിന്റെ സ്വാതന്ത്ര്യമെന്നും സമാധാനം എന്നാൽ തങ്ങളുടെ സമാധാനം എന്നുമാണർത്ഥം. അതിനാൽ അവർ അവരുടെ വീക്ഷണകോണിൽ നിന്നുകൊണ്ട് തൊഴിൽ സമരങ്ങളെ അപലപിക്കും. അതേ സ്വരത്തിൽ തൊഴിൽ സമരങ്ങളെ അടിച്ചമർത്താൻ ശക്തി പ്രയോഗിക്കാൻ അവർ ഭരണകൂടത്തെ ക്ഷണിക്കും. സ്കൂൾ തിരസ്കാരം ലക്ഷ്യമാക്കുന്നത് ഇത്തരമെല്ലാ മിത്തുകളെയും സംവാദത്തിലൂടെയും ചർച്ചകളിലൂടെയും ഉന്മൂലനം ചെയ്യുക എന്നതാണ്. അത് തീർച്ചയായും വർഗരഹിത സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള പുതിയ വിദ്യാഭ്യാസ സമ്പ്രദായം ആയിരിക്കും.

ലളിതമെങ്കിലും അപകടകരമായ നമ്മുടെ അടിസ്ഥാന വർഗസ്വഭാവത്തെ ഒരു സാംസ്കാരിക വിപ്ലവത്തിലൂടെ മാറ്റി എടുക്കേണ്ടതുണ്ട്. ചൂഷിതവർഗത്തിന് തങ്ങളിൽ തന്നെ വിശ്വാസമില്ലാത്ത അവസ്ഥയാണുള്ളത്. അവർക്ക് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ പോലും നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യമഹത്വത്തെക്കുറിച്ച് അവർക്ക് യാതൊരു ധാരണകളും ഇല്ല. അതിനാൽ ശിക്ഷകൻ ശിക്ഷയുമായി താദാത്മ്യപ്പെടുകയും അവരുമായി സംവാദത്തിലേർപ്പെടുകയും വേണം. സംവാദത്തിലൂടെ നിർമ്മാർജനവും പുനർനിർമ്മാണവും നടക്കണം. ശിക്ഷിതരുടെ മനുഷ്യത്വത്തിലുള്ള വിശ്വാസം ശിക്ഷകനെ നയിക്കണം. മനുഷ്യത്വം എന്നത് ആഭിജാത വർഗത്തിന്റെ പ്രത്യേക അവകാശമൊന്നുമല്ലെന്നോർക്കണം. പിന്നെയോ അത് സർവ്വ മനുഷ്യരുടെയും ജന്മാവകാശമാണ്. മനുഷ്യരിലുള്ള വിശ്വാസം സംവാദത്തെ നയിക്കേണ്ട കാര്യകാരണ വാദമായിരിക്കണം. "എനിക്ക് മറ്റുള്ളവർക്കുവേണ്ടി ചിന്തിക്കാനാവില്ലെന്നതുപോലെ തന്നെ മറ്റുള്ളവരെ കൂടാതെ ചിന്തിക്കാനും ആവില്ലെന്നോർക്കണം. അതുപോലെ എനിക്കുവേണ്ടി മറ്റുള്ളവർക്ക് ചിന്തിക്കാനും ആവില്ല. ചിലപ്പോൾ ജനങ്ങളുടെ ചിന്ത അന്ധവിശ്വാസജടിലവും നിഷ്ഫലവും ആയിരിക്കാം.

അവരുടെ പുനർവിചിന്തനം പ്രവൃത്തിയിൽ കൊണ്ടുവരുമ്പോഴേ മാറ്റങ്ങൾ സംഭവിക്കൂ.

സാംസ്ക്കാരിക വിപ്ലവത്തിന് ചൈനയിൽ സംഭവിച്ച പരാജയം നിമിത്തം ആ വാക്കു തന്നെ അസുഖകരമായ അന്തരീക്ഷം സൃഷ്ടിക്കാറുണ്ട്. മാവോസേതുങ്ങ് അവിടെ ചെയ്തത് വെറുമൊരു മസ്തിഷ്ക പ്രക്ഷോളനം ആയിരുന്നു എന്ന് കരുതുന്നത് ശരിയായിരിക്കില്ല. വികസിത സമൂഹങ്ങൾ ചൈനയിൽ നടന്ന മാറ്റത്തെക്കുറിച്ച് തുറന്ന മനസ്സോടുകൂടി ശ്രദ്ധിക്കാൻ തയ്യാറാകണം.

വിപ്ലവത്തിലൂടെ, സ്കൂൾ തിരസ്കാരത്തിലൂടെ, സാംസ്കാരിക വിപ്ലവത്തിലൂടെ ചൈനീസ് സമൂഹത്തിലുണ്ടായ മാറ്റം ശ്രദ്ധേയമാണ്. വർഗാധിഷ്ഠിതമായ നമ്മുടെ സാമൂഹ്യഘടനയുടേയും വർഗരഹിതമായ ചൈനീസ് സാമൂഹ്യഘടനയുടേയും പ്രത്യേകതകൾ വിശകലനം ചെയ്യേണ്ടതുണ്ട്.

നമ്മിൽപ്പലരും മാവോയിലൂടെ ചൈനയിൽ സംഭവിച്ച ദൈവരാജ്യ സ്ഥാപനത്തെ യേശുക്രിസ്തുവിന്റെ ദൈവരാജ്യ സ്ഥാപനവുമായി തുല്യപ്പെടുത്തി സംസാരിക്കുന്നവരാണ്. യേശുക്രിസ്തു മാത്രമാണ് ചരിത്രത്തിൽ ദൈവവും മനുഷ്യനുമായിരുന്ന ഏക വ്യക്തി. അവൻ മാത്രമാണ് സമ്പൂർണമായ വചനത്തിന്റെ ജഡമെടുത്ത രൂപം. വചനം ദൈവമാണ്, വചനമായ ദൈവമാണ് സർവ്വ നന്മകളുടെയും സ്രോതസ്. സഭയിലായാലും സഭയ്ക്ക് വെളിയിലായാലും നന്മ സർവ്വതും ദൈവത്തിൽ നിന്നുള്ളതാണ്. അവിശ്വാസിയായ സൈറസിനെ ഇസ്രയേലിന്റെ വിമോചനത്തിന് നിയോഗിച്ചതും വചന സ്വരൂപിയായ ദൈവം തന്നെയാണ്. വിമോചനം ഏതു രൂപത്തിൽ എവിടെ നടക്കുന്നുവോ അവിടെയൊക്കെ വചനമായ ദൈവം പ്രവർത്തിക്കുന്നുണ്ട്. വിമോചനത്തിന്റെ മാനദണ്ഡവും സ്രോതസ്സും ജന്മമെടുത്ത ദൈവമല്ലാതെ മറ്റാരുമല്ല. എല്ലാ തത്വസംഹിതകളും അധികാരവും യേശുക്രിസ്തു തന്റെ കാൽകീഴിലാക്കിയിരിക്കുന്നു (കൊലോസ്യർ 1:15-20). അതുകൊണ്ടുതന്നെ മാവോയോ മറ്റേതെങ്കിലും വിപ്ലവകാരികളോ ക്രിസ്തുവിനോടു സമനാകുന്നില്ല. പിന്നെയോ വചനമായ ദൈവത്തിന്റെ ഉപകരണം മാത്രമാണ്. പരിശുദ്ധാത്മാവ് പല രാജ്യങ്ങളിലും പലരേയും സൈറസ്, ഗുട്ടീയാരെസ് അല്ലെങ്കിൽ വെത്സലീസ് ഇവരെയൊക്കെയും വിമോചന പ്രവർത്തനങ്ങൾക്ക് ഉപകരണമാക്കുന്നു.

സാംസ്കാരിക വിപ്ലവം മനുഷ്യജീവൻ നഷ്ടപ്പെടുത്താതെ തന്നെ ലക്ഷ്യപ്രാപ്തി കൈവരിക്കേണ്ടതുണ്ട്. സമാധാനപരമായ മാറ്റങ്ങളാണ് രക്തരൂക്ഷിതമായ വിപ്ലവങ്ങളേക്കാൾ അഭിലഷണീയം. പാപനിർഭരമായ ഒരു ലോകത്തിൽ നിർഭാഗ്യകരമെന്ന് പറയട്ടെ, ദിവസംതോറും പീഡന

ങ്ങളിലൂടെയും യുദ്ധങ്ങളിലൂടെയും ചൂഷണത്തിലൂടെയും രോഗം, വിശപ്പ്, അമിതാഹാരം, പ്രകൃതിക്ഷോഭം ഇവയിലൂടെയുമൊക്കെ മനുഷ്യജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ വിഭവങ്ങൾ ഒരു ലോക ഗവണ്മെന്റ് മുഖേന മുഴുവൻ ജനങ്ങളുമായി പങ്കുവയ്ക്കുന്നപക്ഷം ഒരു മൂന്നാം ലോകയുദ്ധത്തിലൂടെ സംഭവിക്കുവാൻ പോകുന്ന വൻതോതിലുള്ള ജീവനാശം തടയാൻ കഴിയും.

വർഗവിഭജിതമായ സമൂഹത്തിൽ വർഗരഹിതമായ സഭ ഉണ്ടാവുക എന്നതു വിഷമമാണ്. ഏതൊരു സമൂഹത്തിലാണ് സഭ നിലകൊള്ളുന്നത്, ആ സമൂഹം സഭയുടെ മേൽ ചെലുത്തുന്ന സ്വാധീനം, സഭ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തേക്കാൾ കൂടുതലായിരിക്കും; പ്രത്യേകിച്ചും സഭ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളിൽ. അതിനാൽ വർഗ്ഗവ്യത്യാസങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഇതേറ്റെടുക്കുക എന്നത് സഭയുടെ ഉത്തരവാദിത്തമാണ്. സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് സഭ വിശ്വാസികളെ പഠിപ്പിക്കേണ്ടതുണ്ട്. മനുഷ്യസാഹോദര്യത്തിനു വേണ്ടിയും സ്വാതന്ത്ര്യത്തിനുവേണ്ടിയും നിലകൊള്ളുന്ന രാഷ്ട്രീയപാർട്ടി ഏതാണോ അതിനെ പിന്തുണയ്ക്കേണ്ട ബാദ്ധ്യതയും സഭയ്ക്കുണ്ട്. സഭയ്ക്ക് സഭയെന്ന നിലയിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടികളുമായി താദാത്മ്യപ്പെടാൻ ആവില്ല. അങ്ങനെ ചെയ്യുന്നത് വിശ്വാസികളുടെ അവകാശങ്ങളുടെ മേലുള്ള കയ്യേറ്റമായിരിക്കും. ഡബ്ല്യൂ.സി.സി. യുടെ നയ്റോബി അസംബ്ലിയെ അഭിസംബോധന ചെയ്തുകൊണ്ട് ജമീക്കായുടെ പ്രധാനമന്ത്രിയായിരുന്ന മൈക്കിൾ മാൻലി പറയുകയുണ്ടായി, സഭകൾ ക്രൈസ്തവ സാക്ഷ്യത്തിന് പ്രഥമസ്ഥാനം നൽകണമെന്ന്. വ്യക്തികളുടെ മനഃപരിവർത്തനം അതിന്റെ മുഖ്യ ലക്ഷ്യമായിരിക്കേണ്ടതുണ്ട്. അതേസമയം, നീതിപൂർവ്വമായ രാഷ്ട്രീയ സാമ്പത്തിക സംവിധാനങ്ങളേയും സാമൂഹ്യലക്ഷ്യങ്ങളേയും കൃത്യമായി നിർവ്വചിക്കുന്നതിൽ ചരിത്രപരമായ പങ്ക് സഭകൾ വഹിക്കേണ്ടതുണ്ട്. മനുഷ്യമഹത്വത്തിലുള്ള വിശ്വാസം ഒന്നുകൊണ്ടുമാത്രം ജനാധിപത്യം സാധ്യമാണെന്ന ധാരണ മുമ്പ് ഉണ്ടായിരുന്നു. ജനാധിപത്യത്തിന്റെ മാതൃകയായി കരുതപ്പെട്ടിരുന്നത് പാർലമെന്ററി ജനാധിപത്യത്തെ ആയിരുന്നു. എന്നാൽ വികസ്വര രാജ്യങ്ങളിൽ പ്രതീക്ഷിച്ചിരുന്ന നന്മകൾ പ്രദാനം ചെയ്യാൻ പാർലമെന്ററി ജനാധിപത്യത്തിന് കഴിഞ്ഞില്ല. അതിനാൽ ഇവയിൽ ഭൂരിപക്ഷം രാജ്യങ്ങളും മറ്റു പോംവഴികൾ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ പാർലമെന്റിലെ ജനാധിപത്യമാണോ ചില കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സ്റ്റേറ്റ് മുതലാളിത്തമാണോ ഭാവിയിൽ നിലനിൽക്കുക എന്നത് ഇന്ന് സംശയാസ്പദമാണ്.

മാറ്റങ്ങളും ജീർണതയും നമുക്കു ചുറ്റും കാണപ്പെടുന്നുണ്ട്. അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളുടെ ഒഴുക്കിൽപ്പെട്ട് പാർലമെന്ററി സമ്പ്രദായത്തിനും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അവസര സമത്വം ഉറപ്പുവരുത്തുന്ന വർഗരഹിത സമൂഹത്തിനുവേണ്ടി നിലകൊള്ളുന്ന ജനാധിപത്യ പ്രക്രിയയ്ക്കു മാത്രമേ ഭാവിയുടെ അംഗീകാരം ലഭിക്കുവാൻ പോകുന്നുള്ളു. ഇതിനായി പ്രവർത്തിക്കുന്നവർ യഥാർത്ഥത്തിൽ ദൈവത്തോടൊപ്പവും ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് പ്രവർത്തിക്കുന്നവരുമാണെന്ന് പറയാം. ഗവണ്മെന്റ് തലത്തിലുള്ള പിന്തുണ ലഭിച്ചാൽപ്പോലും അധികം കാലം നിലനിൽക്കാനിടയില്ലാത്ത പ്രതികൂല തത്വചിന്തയാണ് നിരീശ്വരവാദം. ജനകീയ ജനാധിപത്യം എന്ന് വിളിക്കപ്പെടുന്ന കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ സാമൂഹ്യ സംവിധാനങ്ങൾപോലും അതിവേഗത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ചരിത്രത്തിൽ ഒന്നിനും മാറ്റം കൂടാതെ അധികകാലം നിലനിൽക്കാനാവില്ല.

ഭാവിയിലെ ഗവണ്മെന്റ് എന്നതു തീർച്ചയായും തൊഴിലാളിവർഗ ഗവണ്മെന്റ് ആയിരിക്കും. എന്നാൽ തൊഴിലാളിവർഗത്തിന്റെ സർവ്വാധിപത്യം എന്നത് കൂടിയേ കഴിയൂ എന്നില്ല. അധികാരസ്ഥാനത്തുള്ളവർ പോലും ലളിതമായ ജീവിതശൈലികൾ പിന്തുടരാൻ നിർബന്ധിതരാകും. രാജകീയ ആർഭാടങ്ങളുടെ കാലം കഴിഞ്ഞുപോയി. ഇതൊരു യാഥാർത്ഥ്യമായിരിക്കുമ്പോൾ തന്നെ ഇന്നത്തെ പല ഭരണാധികാരികളും രാഷ്ട്രീയ തലത്തിലായാലും മതരംഗത്തായാലും പഴയ രാജാക്കന്മാരെ പോലും ലജ്ജിപ്പിക്കുന്ന തരത്തിലുള്ള ആർഭാടജീവിതം നയിക്കുന്നവരാണ്. “മിനിസ്റ്റർ” എന്ന പദത്തിന്റെ അർത്ഥം സേവകനെന്നാണ്. തങ്ങളെ തെരഞ്ഞെടുത്ത ജനങ്ങളുടെ സേവകരാണ് തങ്ങളെന്ന കാര്യം ഇവർ മിക്കപ്പോഴും മറന്നുപോകുന്നു. സഭയാകട്ടെ ലോകത്തിന്റെ സേവനത്തിനായി ലോകസേവകനായ യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥാപനമാണ്. ലോകത്തിൽ സമത്വവും, സാഹോദര്യവും സ്ഥാപിക്കുന്നതിന് വഴിയൊരുക്കുക എന്നതാണ് സഭയിൽ നിക്ഷിപ്തമായിട്ടുള്ള കടമ. മുകളിൽനിന്ന് ഭരണം നടത്തുക എന്നതിനുപകരം നാളത്തെ ഉത്തരവാദിത്വമുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമീണരേയും പ്രാദേശിക സമൂഹങ്ങളേയും സജ്ജമാക്കുക എന്നത് ഇന്ന് സഭ ഏറ്റെടുക്കേണ്ട ജോലിയാണ്.

## പാഠം 6

# വർഗരഹിത സമൂഹത്തിനായുള്ള ദൗത്യം

വർഗരഹിതസമൂഹം സ്ഥാപിതമാക്കുക എന്ന ദൗത്യം ത്രിയേക ദൈവത്തിന്റെ അനന്തമായ സ്നേഹപ്രവാഹത്തിൽ അന്തർലീനമാണ്. മനുഷ്യാവതാരം തന്നെ ചരിത്രത്തിലേക്കുള്ള ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുകൽ തന്നെയായിരുന്നു. സഭയെന്നത് ഈ മനുഷ്യാവകാശ ദൗത്യത്തിന്റെ തുടർച്ചയാണ്. മനുഷ്യവർഗത്തെ ദൈവവുമായി നിരപ്പാക്കുക എന്നതുപോലെ തന്നെ മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും ഐക്യം കൈവരിക്കുന്നതിന് കളമൊരുക്കുക എന്നതാണ് സഭയിൽ അർപ്പിതമായിരിക്കുന്ന ദൗത്യം. മനുഷ്യവംശത്തിന്റെ ചിതറിപ്പോയ ഏക കുടുംബം പുനഃസ്ഥാപിക്കുക എന്നതാണ് ജോലി. ഈ ദൗത്യനിർവ്വഹണത്തിന് ഒരു വശത്ത് ത്രിത്വാധിഷ്ഠിത ദൈവശാസ്ത്രമെന്നതുപോലെ മറുവശത്ത് ലോകഗവണ്മെന്റ് എന്ന ആശയവും സഹായകമാണ്. എല്ലാറ്റിനേയും ദിവ്യമാക്കുക എന്നതാണ് ഈ സത്യം. രാഷ്ട്രീയ വിമോചനം, സാമ്പത്തിക നീതി, അന്തർദേശീയ സമ്പദ്ഘടന, സാംസ്കാരിക നവോത്ഥാനം, സാമൂഹ്യ പരിവർത്തനം, ഏകലോക വീക്ഷണം ഇവയെല്ലാം യഥാർത്ഥ ക്രൈസ്തവ ദൗത്യത്തിന്റെ ലക്ഷ്യങ്ങളാണ്.

എ.ഡി. 313-ലെ ചരിത്രപ്രസിദ്ധമായ മിലാൻ പ്രഖ്യാപനത്തോടെ ക്രൈസ്തവ സഭയ്ക്കും റോമാ സാമ്രാജ്യത്തിനും എന്താണ് സംഭവിച്ചത്? ഇത് മായം ചേരാത്ത ഒരനുഗ്രഹമായിരുന്നില്ല. ക്രൈസ്തവസഭയുടെ സാമ്രാജ്യവൽക്കരണവും സാമ്രാജ്യത്തിന്റെ ക്രൈസ്തവവൽക്കരണവുമാണ് ഒരേ സമയം നടന്നതെന്നു പറയാം. ഇന്ന് നമ്മൾ ക്രൈസ്തവ ദൗത്യനിർവഹണത്തിന്റെ പാതയിൽ മറ്റൊരു വഴിത്തിരിവിലാണ്. ഇനിമേൽ നമ്മളേതെങ്കിലും പ്രത്യേക ദേശീയതയുടെ വക്താക്കളാകേണ്ടതില്ല. നമ്മുടെ ദൗത്യം ഏക ലോകം എന്ന ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം. ലോകത്തിന്റെ വിഭവങ്ങളത്രയും ലോകത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും അർഹതയനുസരിച്ച് പങ്കുവച്ചനുഭവിക്കാൻ കഴിയുന്ന വ്യവസ്ഥ സംജാതമാകണം. 'നിങ്ങൾ പോയി സർവജാതിയോടും സുവിശേഷം പ്രസംഗിക്കാനാണ്' ഉയിർത്തെഴുന്നേറ്റ ക്രിസ്തു നിർദ്ദേശിച്ചത്. ഓരോ ക്രൈസ്തവനേയും ദൈവം എവിടെവിടെ ആക്കിയിരിക്കുന്നുവോ അവിടെ നിന്നും ഈ ദൗത്യം ആരംഭിക്കുന്നതിനുള്ള ബാദ്ധ്യത അയാൾക്കല്ലെങ്കിൽ അവൾക്കുണ്ട്. ഔഷധം, വിദ്യാഭ്യാസം, സമ്പത്ത് എന്നിവ മറ്റുള്ളവരിലെത്തിച്ചു കൊടുക്കാൻ ക്രൈസ്തവർ നിയോഗിക്കപ്പെട്ടിരിക്കുന്നു. ചരിത്രത്തിൽ പ്രത്യക്ഷനായ

ദൈവത്തിന്റെ മാതൃകയായിരിക്കണം പിന്തുടരേണ്ടത്. അവൻ സ്വയം ശൂന്യനാക്കി ദാസനായി തീർന്നു. മനുഷ്യവംശത്തിലെ കൊടിയ യാതനകൾ അനുഭവിക്കുന്നവരുമായി അവൻ താദാത്മ്യപ്പെട്ടു. പെന്തക്കോസ്തു നാളിൽ അവൻ നിർമ്മിച്ച സഭ വർഗരഹിത സമൂഹത്തിന്റെ മാതൃകയായിരുന്നു.

ലോകത്തിലെ അനീതി നിറഞ്ഞ ഘടനകളെ മാറ്റുന്നതിനായിരുന്നില്ല വ്യക്തികളുടെ മാനസാന്തരത്തിനായിരുന്നു പണ്ടൊക്കെ ക്രൈസ്തവ മിഷനറി പ്രവർത്തനം പ്രാധാന്യം കൊടുത്തത്. വ്യക്തിയുടെ വീണ്ടെടുപ്പിന്റെ പ്രാധാന്യം ഞാൻ കുറച്ചു കാണുകയല്ല. വീണ്ടെടുക്കപ്പെട്ട, മാനസാന്തരപ്പെട്ട വ്യക്തിക്ക് ആത്മീയമായി വളരാനും നിലനിൽക്കാനും കഴിയണമെങ്കിൽ അനീതി നിറഞ്ഞ സാമൂഹ്യഘടനകളുടെ സ്ഥാനത്ത് നീതിപൂർണമായ ഏകലോക സമൂഹം സംജാതമാക്കുക തന്നെ വേണം. ഫിജി ദ്വീപുകളിലെ നരഭോജികളെ പുതിയ മനുഷ്യരാക്കി മാറ്റാൻ ജോൺ ഹണിന്റേയും കൂട്ടരുടേയും മിഷൻ പ്രവർത്തനത്തിനു കഴിഞ്ഞു. എന്നാൽ ഇന്നത്തെ വർഗവിഭജിതമായ നമ്മുടെ സമൂഹത്തിൽ പരോക്ഷമായ ഒരുതരം നരഭോജനം നിലനിൽക്കുന്നു. സമ്പന്നർ ദരിദ്രരെ ചൂഷണം ചെയ്ത് സമ്പത്തു വർദ്ധിപ്പിക്കുന്നു. ഇതിനറുതി വരുത്തുക എന്നതാണ് ആളുകളെ മതംമാറ്റുക എന്നതിനേക്കാൾ ആവശ്യം. ക്രിസ്ത്യാനിയാക്കുക എന്നാൽ ക്രിസ്തുവിൽ ബോധവത്കരിക്കപ്പെടുക എന്നാണ് അർത്ഥമെങ്കിൽ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ദർശിച്ചുകൊണ്ട് എങ്ങനെയാണ് ക്രിസ്ത്യാനിക്കു മനസ്സമാധാനത്തോടെ കഴിയാനാവുക. കഴിഞ്ഞകാല മിഷനറി പ്രവർത്തനങ്ങളുടെ മുഖ്യ പരാജയങ്ങൾ ഇവയായിരുന്നു. സ്വയം കൽപിച്ച പിതൃമനോഭാവം, ജാത്യാഭിമാനം, ഉപരിപ്ലവത, സാംസ്കാരികമായ അന്യവത്കരണം, തദ്ദേശീയ സംസ്കാരത്തോടുള്ള പുച്ഛം, സർവ്വോപരി കഷ്ടപ്പെടുന്നവരോടുള്ള സഹാനുഭൂതി ഇല്ലായ്മ. വ്യക്തികളുടെ മാനസാന്തരത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള മിഷനറി പ്രവർത്തനം കുറെയൊക്കെ ഇന്നും ഇതേ രീതിയിൽ തന്നെയാണ് തുടരുന്നത്.

സുവിശേഷം ഉത്പ്രേരകം ആണ്. അതു സ്പർശിക്കുന്ന സകലതും മാറ്റത്തിന് വിഷയീഭവിക്കുന്നു. സുവിശേഷം അതു സ്പർശിക്കുന്ന മനുഷ്യനെ അടിമുടി മാറ്റാൻ പര്യാപ്തമാണ്. അതു വ്യക്തിയെ മാത്രമല്ല, രാജ്യത്തേയും സമൂഹത്തേയും ഒക്കെ മാറ്റേണ്ടിയിരിക്കുന്നു. ഭരണകർത്താവിനേയും ഭരണീയരേയും അതു മാറ്റണം. ലോകത്തിലെ ജനതകൾക്കും ഗവണ്മെന്റുകൾക്കും അത് മാറ്റത്തിന്റെ ത്വരിതകമാണ്. നവീകരണത്തിന്റേയും നവോത്ഥാനത്തിന്റേയും മാത്രമല്ല ഫ്രഞ്ചു വിപ്ലവത്തിന്റേയും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റേയും സതി നിർമാർജനം,

അടിമവ്യാപാര നിരോധനം, എന്തിന് ലോകത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും റഷ്യൻ വിപ്ലവംപോലും യേശുക്രിസ്തുവിന്റെ സുവിശേഷത്താൽ പ്രചോദിപ്പിക്കപ്പെട്ടിരുന്നു എന്ന് സ്പഷ്ടമാണ്. 'ഹിന്ദുമതത്തിലെ അറിയപ്പെടാത്ത ക്രിസ്തു' എന്ന ഗ്രന്ഥത്തിൽ റയ്മണ്ട് പണിക്കർ പറയുന്നതുപോലെ നമുക്ക് ഇസ്ലാമിലേയും സിക്കുമതത്തിലേയും ബുദ്ധമതത്തിലേയും ജൈനമതത്തിലേയും മാത്രമല്ല, കമ്മ്യൂണിസത്തിലേയും സോഷ്യലിസത്തേയും ശാസ്ത്ര സാങ്കേതിക വിദ്യകളിലേയും ഐക്യരാഷ്ട്ര സഭയിലേയുമൊക്കെ അറിയപ്പെടാത്ത ക്രിസ്തുവിനെ കണ്ടെത്താൻ കഴിയും.

ഡ്യൂവാലിയേഴ്സിന്റെ ഹായറ്റി (Haiti) ദ്വീപിൽ നടന്ന വിപ്ലവത്തെ ന്യായീകരിച്ചുകൊണ്ട് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മാനവികതയ്ക്കായുള്ള അന്വേഷണം (The Quest for the Human) എന്ന പേരിൽ ഒരു ലേഖനം എഴുതുകയുണ്ടായി. അദ്ദേഹം പറയുന്നു: "ഇത്തരം രാജ്യങ്ങളിലാണ് സ്ഥാപനവത്കരിക്കപ്പെട്ട അതിക്രമങ്ങൾ കണക്കറ്റു നടക്കുന്നത്. ഭരണഘടനാപരമായി പരിഹാരം കാണാൻ സാധ്യമല്ലാത്ത അതിക്രമങ്ങൾ പെരുകി വരുമ്പോൾ വിപ്ലവങ്ങളെ ന്യായീകരിക്കാനാവില്ല. അക്രമരാഹിത്യത്തിന്റെ പേരിൽ വിപ്ലവങ്ങളെ പിന്താങ്ങാതിരിക്കുക എന്നാൽ മനുഷ്യന്റെ ജീവനെയും അന്തസ്സിനെയും മാനിക്കാത്ത സ്ഥാപനവത്കരിക്കപ്പെട്ട അതിക്രമങ്ങളെ അനുകൂലിക്കുക എന്നാണർത്ഥം. ക്രിസ്തുവിന്റെ സ്പർശം പന്ത്രണ്ടു അപ്പസ്തോലന്മാരെയും രൂപാന്തരപ്പെടുത്തി. അവർ ലോകം മുഴുവൻ സഞ്ചരിച്ച് വിപ്ലവകരമായ സുവിശേഷം പ്രസംഗിച്ചു. അവരെ കണ്ടവർ വിളിച്ചു പറഞ്ഞു: ഇതാ ലോകത്തെ കീഴ്മേൽ മറിക്കുന്നവർ ഇവിടെയും വന്നിരിക്കുന്നു. യഥാർത്ഥ ക്രൈസ്തവ മിഷനറി പ്രവർത്തനം നീതി, വിശുദ്ധി എന്നിവയാൽ വ്യക്തിയിലും സമൂഹത്തിലും തുളച്ചുകയറുന്നതായിരിക്കണം. ഇരുട്ടു നിറഞ്ഞ മുറിയിൽ വിളക്ക് കൊളുത്തിവച്ചാൽ മുറിയാകെ പ്രകാശത്താൽ നിറയും. യേശുവിന്റെ മനുഷ്യാവതാരം ഇരുട്ടു നിറഞ്ഞ ലോകത്തിനു നൽകപ്പെട്ട പ്രകാശമാണ്. ഈ പ്രകാശത്തെ തടയുന്ന മാനുഷികമായ പ്രതിബന്ധങ്ങളെ നമ്മൾ മാറ്റിനിറുത്തുക തന്നെ വേണം. സ്വാർത്ഥിയായ മനുഷ്യൻ എപ്പോഴും ഈ പ്രകാശത്തെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു. അതുകൊണ്ടുതന്നെ വ്യക്തികളുടെ മാനസാന്തരം ആവശ്യമാക്കുന്നു. എന്നാൽ അതു മാത്രം പോരാ, നവജാതശിശുവിന്റെ ആരോഗ്യം അമ്മയുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നതുപോലെ, മാനസ്സാന്തരപ്പെട്ട ക്രിസ്ത്യാനിയുടെ പുതുജീവിതം സഭയുടെയും രാഷ്ട്രത്തിന്റെയും പുതുജീവനെ ആശ്രയിച്ചു നിലകൊള്ളുന്നു. ഈ വസ്തുത കണക്കിലെടുത്താണ് വർഗരഹിത സമൂഹം എന്ന സിദ്ധാന്തത്തെ മുൻനിറുത്തി

യുള്ള ഒരു ക്രൈസ്തവ ദൗത്യനിർവഹണം നടപ്പിലാക്കണം എന്ന കാര്യത്തിന് ഊന്നൽ കൊടുക്കുന്നത്.

ജോൺ റസ്കിന്റെ പ്രസിദ്ധമായ കൃതിയുടെ 'ഒടുവിൽ വന്നവർക്ക്' എന്ന പേര് കർത്താവു പറഞ്ഞ വേലക്കാരുടെ കഥയിൽ നിന്ന് കടംകൊണ്ടതാണ്. രാവിലെ വന്നവർക്കും വൈകി വന്നവർക്കും ഒരേ കൂലി കൊടുത്ത ഈ കഥയിലെ ആശയം തന്നെയാണ് മഹാത്മാഗാന്ധി സർവ്വോദയമെന്ന പേരിൽ പ്രചരിപ്പിച്ചത്. ഇന്ത്യൻ സാഹചര്യത്തിൽ ഗാന്ധിജിയുടെ ഈ ആശയം വളരെ പ്രസക്തമാണ്. നല്ലതെല്ലാം ദൈവത്തിൽ നിന്നുള്ളതാകയാൽ ഈ ആശയത്തിന്റെ കാര്യത്തിലും നമ്മൾ ദൈവത്തെ സ്തുതിക്കേണ്ടിയിരിക്കുന്നു. സർവ്വോദയ പ്രസ്ഥാനത്തിന്റെ ആശയം വർഗരഹിത സമൂഹം എന്ന ആശയവുമായി ഒത്തുപോകുന്നതാണ്. ക്രൈസ്തവ മിഷൻ ഏതെങ്കിലും ഒരു രാജ്യത്തിന്റെയോ ജനതയുടെയോ ക്ഷേമം ലക്ഷ്യമാക്കുന്നില്ല. പിന്നെയോ മുഴുവൻ ലോകത്തിലേയും മുഴുവൻ ജനങ്ങളുടേയും നന്മയാണ് അതു ലക്ഷ്യമാക്കുന്നത്. ആറു മണിക്കൂർ ജോലി ചെയ്തവർ കൂലി വാങ്ങുന്നത് കാണുമ്പോൾ പ്രയാസം ഒന്നും തോന്നേണ്ടതില്ല.

മത്തായി 25, ലൂക്കോസ് 19 തുടങ്ങിയ ഭാഗത്ത് പറയുന്ന താലന്തുകളുടെ ഉപമ അലസതയുടെ ആപത്തിനെ സൂചിപ്പിക്കുന്നു. കഠിനാദ്ധ്വാനം പ്രതിഫലം അർഹിക്കുന്നു എന്ന വസ്തുതയും ഇതു ചൂണ്ടിക്കാണിക്കുന്നു. മേൽപ്പറഞ്ഞ രണ്ടു കഥകളിലും ദൈവമാണ് യജമാനൻ, അല്ലാതെ മനുഷ്യനല്ല. 'എനിക്കുള്ളതിൽ നിന്നെടുത്ത് എനിക്കു ബോധിച്ചവനു നൽകാൻ എനിക്കവകാശമില്ലെന്നു' ധൈര്യമായി പറയാൻ കഴിയുന്നതു ദൈവത്തിനു മാത്രമാണ്. ലൗകിക ദൃഷ്ടിയിൽ ഉടമസ്ഥൻ, മുതലാളി, ജന്മി, തോട്ടമുടമ, മാനേജിംഗ് ഡയറക്ടർ ഇവരൊക്കെ ഭൂമിയിൽ ദൈവത്തിന്റെ സ്വത്തുക്കളിലെ ജോലിക്കാർ മാത്രമാണ്. അല്ലാതെ ഉടമസ്ഥരല്ല. ഓരോരുത്തർക്കും പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ആവശ്യത്തെ മുൻനിറുത്തി പ്രതിഫലം നൽകുവാൻ ദൈവത്തിനു കഴിയും. വിദ്യാഭ്യാസ യോഗ്യതകളുടേയോ പദവികളുടേയോ അടിസ്ഥാനത്തിലായിരിക്കില്ല ദൈവം പ്രതിഫലം തരുന്നത്. പിന്നെയോ അർഹതയുടെ അംഗീകാരം എന്ന നിലയിലായിരിക്കും. ഓരോ മനുഷ്യജീവിക്കും തന്റെ സഹജീവികളോട് അനുഷ്ഠിക്കുവാനുള്ള ദൗത്യം ഉണ്ടായിരിക്കും.

സർവ്വോദയം അല്ലെങ്കിൽ സർവ്വരുടേയും നന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്. മുഴുവൻ ആളുകളേയും കോടീശ്വരന്മാരാക്കിത്തീർക്കുന്നതിനാവശ്യമായ വിഭവങ്ങളോടെയല്ല ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നത്. അതിന്റെ ആവശ്യവും ഇല്ല.

മിഷനറിമാരേക്കാൾ ശാസ്ത്രജ്ഞന്മാരാണ് ഇന്ന് ഊർജപ്രതിസന്ധിയെക്കുറിച്ച് ബോധവാന്മാരായിരിക്കുന്നത്. എണ്ണ പ്രതിസന്ധി, ജല ദൗർലഭ്യം, ധാതു പദാർത്ഥങ്ങളുടെ കുറവ് എന്നിവ നമ്മുടെ മുഖ്യ പ്രതിസന്ധികളാണ്. സമ്പന്ന രാജ്യങ്ങൾ ഒരു സീറോ പോയിന്റ് വികസന നയം സ്വീകരിക്കുകയും പ്രകൃതിയോട് കുറെക്കൂടി ആരാധനാനിർഭരമായ സമീപനം സ്വീകരിക്കുകയും ചെയ്യണമെന്നവർ നിർദ്ദേശിക്കുന്നു. ദരിദ്രരെ വളരെ പിന്നിലാക്കിക്കൊണ്ട് സമ്പന്നർക്കങ്ങനെയങ്ങ് മുന്നോട്ടു പോകാൻ കഴിയില്ല. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ദരിദ്രർ സമ്പന്നരുടെ ആ പോക്കിനെ അട്ടിമറിക്കും. കൂട്ടായ വിലപേശലിൽ അടിസ്ഥാനമാക്കിയ പണിമുടക്ക് സമരങ്ങൾ തൊഴിലുടമകളെ ഒരു കാര്യം ബോധ്യപ്പെടുത്തിയിരിക്കുന്നു. തങ്ങൾക്ക് ബോധിച്ചതുപോലെ കാര്യങ്ങൾ നടത്തിക്കൊണ്ട് പോകുക അത്ര സുഗമമല്ല.

ദൈവത്തെ പൂർണ മനസ്സോടും പൂർണാത്മാവിനോടും സ്നേഹിക്കുക, അയൽക്കാരനെ നമ്മളെപ്പോലെ സ്നേഹിക്കുക എന്നീ പ്രമാണ ദ്വയങ്ങളിൽ വർഗരഹിത സമൂഹത്തിന്റെ അഥവാ സർവ്വോദയത്തിന്റെ മുഴുവൻ തത്വങ്ങളും അന്തർലീനമായിട്ടുണ്ടെന്ന് പറയാം. ഇവിടെ അയൽക്കാരൻ ക്രൈസ്തവനോ അക്രൈസ്തവനോ എന്നത് പ്രശ്നമല്ല. സഹായമാവശ്യമുള്ള ആരും, യഹൂദനോ ശമരായനോ ആരുതന്നെയാകട്ടെ, നമ്മൾ നല്ല ശമരായനെപ്പോലെ പെരുമാറുമ്പോൾ അവർ നമ്മുടെ അയൽക്കാരനായി മാറുന്നു. നല്ല ശമരായന്റെ ദൗത്യം അന്യരുടെ മുറിവുകൾ വെച്ചുകെട്ടുകയും തന്റെ സമ്പത്തും ശക്തിയും അപ്പാടെ സഹജീവിക്കായി സമർപ്പിക്കുകയും ചെയ്യുക എന്നതാണ്. മുറിവേറ്റു കിടക്കുന്നവനെ നോക്കി ഒന്നും സംഭവിച്ചിട്ടില്ലാത്ത ഭാവത്തിൽ കടന്നുപോയ പുരോഹിതനും ലേവ്യനും ഒരുപക്ഷെ തങ്ങളുടെ മതാനുഷ്ഠാനങ്ങളിൽ വർദ്ധിച്ച നിഷ്ഠയുള്ളവരായിരിക്കണം. തങ്ങളുടെ ഈദൃശ ജോലികളിലുള്ള തീക്ഷ്ണതയായിരിക്കും മുറിവേറ്റവന്റെ അടുത്ത് ഒരു നിമിഷം നിൽക്കാനുള്ള ക്ഷമ പോലും കാണിക്കാതെ മുന്നോട്ട് പോകാൻ അവരെ പ്രേരിപ്പിച്ചത്. എന്നാൽ നല്ല ശമരായനാകട്ടെ സ്നേഹം കാണിക്കുക മാത്രമല്ല, തന്റെ സമ്പത്ത് പങ്കുവയ്ക്കുക എന്ന നീതി കൂടി നടപ്പിലാക്കുകയുണ്ടായി.

ഇവിടത്തെ പ്രശ്നം ഇന്ത്യയിലെ സർവ്വോദയപ്രസ്ഥാനം ലക്ഷ്യമാക്കുന്നതുപോലെ സമാധാനപൂർവ്വമായ ഒരു സാമൂഹ്യമാറ്റം സാധ്യമാണോ എന്നതാണ്. മിദ്യാനിലെ ബാർലിയപ്പം ശത്രുവിന്റെ കൂടാരത്തിലേക്ക് ഒളിച്ച് കടത്തിയപോലെ (ന്യായാ. 7:13) മർദ്ദകന്റെ കോട്ടകൊത്തളങ്ങളെ തകർക്കാനുള്ള ശക്തി ക്രൈസ്തവ ദൗത്യത്തിനുണ്ട്. കാലതികവിൽ ഒരു സമത്വസുന്ദര സമൂഹം നിർമ്മിക്കാൻ അത് ശക്തമാണ്.

ഞാനീ അദ്ധ്യായം എഴുതുന്നത് മൂന്നാറിലെ തേയിലത്തോട്ടത്തിലുള്ള ഒരു വിശ്രമകേന്ദ്രത്തിലിരുന്നുകൊണ്ടാണ്. ലക്ഷോപലക്ഷം തേയിലച്ചെടികൾ ആഹ്ലാദത്തോടെ എനിക്ക് ചുറ്റും തലയുയർത്തി നിൽക്കുന്നത് ഞാൻ കാണുന്നു. ലോകത്തിന്റെ നാനാഭാഗത്തുള്ളവർക്ക് രുചികരമായ പാനീയം നൽകി അവരെ സേവിക്കുന്നതിന്റെ ചാരിതാർത്ഥ്യം ആ ചെടികളെ ധന്യമാക്കുന്നുണ്ട്. ചുറ്റുപാടും പച്ചപ്പട്ടു വിരിച്ചപോലെ പടർന്നു കിടക്കുന്ന ഈ തേയിലക്കാടിന് തണൽ വിരിച്ചുകൊണ്ട് അവിടവിടെ ചില കൂറ്റൻ മരങ്ങൾ തലയുയർത്തി നിൽക്കുന്നത് കൊള്ളാം. എന്നാൽ തേയിലച്ചെടികൾക്ക് ഒരിക്കലും ആ വൻമരങ്ങളെ അതിലംഘിച്ച് വളരാൻ അനുവാദം ഇല്ല. തങ്ങളുടെ അയൽക്കാരനേക്കാൾ പൊക്കത്തിൽ വളരുക എന്നതല്ല കൂടുതൽ കാലം ലോകത്തെ മികച്ച നിലയിൽ സേവിച്ച് ധന്യത നേടുകയെന്നതാണ് ആ ചെടികൾ ആഗ്രഹിക്കുന്നത്. നാളത്തെ മനുഷ്യൻ അഭിമുഖീകരിക്കുന്ന വെല്ലുവിളിയും ഇതു തന്നെയാണ്. കുറഞ്ഞൊരുകാലം ഉയരത്തിൽ വിരാജിക്കുകയെന്നതാണോ ദീർഘകാലം ആ തേയിലച്ചെടികളെപ്പോലെ ജീവിച്ച് അനേകർക്ക് സ്വജീവൻ പ്രയോജനപ്പെടുത്തുകയാണോ; ഏതാണഭികാമ്യം എന്നതാണ് പ്രശ്നം. തീർച്ചയായും അൽപായുസ്സായ ഒരു നെൽപ്പാടത്തേക്കാൾ മനോഹരമായ ഒരു ദൃശ്യമാണ് ഈ തേയിലത്തോട്ടം. ഇതിലെ തണൽവൃക്ഷങ്ങൾ തേയിലച്ചെടികളെ സേവിക്കുന്നു. തേയിലച്ചെടികളാകട്ടെ മനുഷ്യരാശിയെ മുഴുവൻ സേവിക്കുന്നു. ഈ ഉദാഹരണം മനുഷ്യരിലേക്ക് വരുമ്പോൾ കാര്യങ്ങൾ കുഴഞ്ഞുമറിയുന്നു. ഈ തോട്ടങ്ങളുടെ ഉടമസ്ഥൻ ഇവയെ ഉപയോഗിച്ച് സ്വയം വളരുകയും മറ്റുള്ളവരുടെ വളർച്ച തടയുകയും ചെയ്യുന്നു. തങ്ങളുടെ തോട്ടത്തിൽ പണിയെടുക്കുന്ന സാധു തൊഴിലാളികൾക്ക് അവർ അർഹിക്കുന്നത് നൽകാതെ അവരുടെ വിയർപ്പിന്റെ ഫലം സ്വന്തം കീശയിലൊതുക്കുന്നു. കൊളുന്ത് നുള്ളുന്ന സ്ത്രീയുടെ ഒരു ദിവസത്തെ വേതനം തുച്ഛമാണ്. എന്നാൽ ഒരു കിലോ തേയിലയുടെ വിലയോ? സമ്പന്നനായ മുതലാളിയും ദരിദ്രനായ തൊഴിലാളിയും തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിച്ചുവരുന്നു. ഈ ദുരവസ്ഥ പരിഹരിക്കേണ്ടത് അടിയന്തിരാവശ്യമാണ്.

യജമാനനേയും ഭൃത്യനേയും വേർതിരിക്കുന്ന മതിലുകൾ തകർക്കുക എന്നത് നാളത്തെ മിഷൻ പ്രവർത്തനത്തിന്റെ ദൗത്യമാണ്. ധനവാനും ദരിദ്രനും മർദ്ദകനും മർദ്ദിതനും തൊഴിൽരഹിതനും വൻമാളികകളിൽ വസിക്കുന്നവരും അന്തിയുറങ്ങാൻ ഒരു കൂരപോലും ഇല്ലാത്തവരും, ഇവരെല്ലാം തമ്മിൽ നിലവിലിരിക്കുന്ന അന്തരം പരിഹരിക്കുക എന്നത് നാളത്തെ അടിയന്തിരാവശ്യമാണ്. ഇത്തരം വ്യത്യാസങ്ങളുടെ നേരേ കണ്ണടച്ചുകൊണ്ടുള്ള മിഷനറി പ്രവർത്തനം അർത്ഥശൂന്യമാണ്.

ധനവാന്റെയും ലാസറിന്റെയും കഥയിലെ ധനവാന്റെ തെറ്റെന്തായിരുന്നുവെന്നോർക്കുക. തന്റെ പടിവാതിൽക്കൽ വിശന്നു കഴിയുന്ന ലാസറിന്റെ ദാരിദ്ര്യം അയാൾ ശ്രദ്ധിച്ചില്ലെന്നത് തന്നെ.

നമ്മുടെ എക്യുമെനിക്കൽ സമ്മേളനങ്ങളിൽ ധനികരും ദരിദ്രരും ഇടകലർന്നു നടത്തുന്ന കൂട്ടായ്മകളുടെ പൊള്ളത്തരത്തിനെതിരെ ആരും ശബ്ദിക്കുന്നില്ലെന്നത് തികച്ചും നിർഭാഗ്യകരമാണ്. വിശുദ്ധ പൗലോസ് 1 കൊരിന്ത്യർ 11:20–ൽ ഇത്തരമൊരു ചോദ്യം ഉന്നയിക്കുന്നുണ്ട്. നിങ്ങൾ ഒത്തുചേരുമ്പോൾ കർത്താവിന്റെ അത്താഴമല്ല ഭക്ഷിക്കുന്നത്. ഓരോരുത്തരും താന്താങ്ങളുടെ ആഹാരം ഭക്ഷിക്കുന്നു. നിങ്ങളിൽ ഒരുവൻ വിശന്നും മറ്റവൻ തിന്ന് തൃപ്തനായും ഇരിക്കുന്നു. ചില സഭകൾ, കാനോനികവും ദൈവശാസ്ത്രപരവുമായി അടുപ്പമില്ലാത്ത സഭകളുമായി ഒത്തുചേർന്ന് കൂട്ടായ്മ ആചരിക്കാറില്ല. ഒരു അന്തർദേശീയ സമ്പദ്ഘടനയും സാമൂഹ്യനീതിയും നടപ്പിൽ വരാത്തിടത്തോളം കാലം അപ്പം പങ്കുവയ്ക്കലിന്റെ പ്രതീകാത്മക അർത്ഥം സഫലമാകുന്നില്ല.

## യൂണിറ്റ് 4

# സഭയും വികസനവും

### പാഠം 1

## വികസനം വേദപുസ്തകാടിസ്ഥാനത്തിൽ

അഖിലലോക സഭാകൗൺസിലിന്റെ ഒരു ഡിപ്പാർട്ടുമെന്റ് തന്നെ വികസനത്തെക്കുറിച്ചുള്ള പഠനം ആഗോളമാക്കിയിട്ടുണ്ട്. Commission on Churches Participation in Development (C.C.P.D.) എന്നാണ് ആ ഡിപ്പാർട്ടുമെന്റിന്റെ പേര്. ഈ കമ്മീഷൻ നടത്തിയ ഒരു പഠനത്തിന്റെ തലക്കെട്ട് 'നീതിയും സമാധാനവും നിലനിൽക്കുന്ന സമൂഹം' എന്നായിരുന്നു. ഇപ്പോൾ മറ്റൊരു തലക്കെട്ടിൽ രൂപം വിശാലപ്പെടുത്തി. നീതി, സമാധാനം, സൃഷ്ടിയുടെ സമഗ്രത (Justice, Peace and Integrity of Creation) എന്ന വിഷയത്തെക്കുറിച്ച് ആക്കിയിരിക്കുന്നു. ഇപ്രകാരമുള്ള പഠനത്തിന്റെ ആവശ്യകത ഇതിന് കടകവിരുദ്ധമായ ഒരു സമൂഹം ആഗോളമായും പ്രാദേശികമായും നിലനിൽക്കുന്നു എന്നതാണ്. അനീതിയും യുദ്ധസന്നാഹങ്ങളും സ്വാർത്ഥലോലുപതയും നിമിത്തം പ്രകൃതി തന്നെ നശിച്ചുകൊണ്ടിരിക്കുന്നു. അന്തരീക്ഷ മലിനീകരണം, വെള്ളത്തിൽ കലർത്തിയിരിക്കുന്ന കെമിക്കൽസ് മുഖാന്തരമുള്ള വിഷം, വനങ്ങളുടെ നശീകരണം, വിഭവങ്ങളുടെ ചൂഷണവും കുറവും, വർദ്ധിച്ചുവരുന്ന പട്ടിണി, ജനപ്പെരുപ്പത്തിൽ ദരിദ്രരുടെ വർദ്ധന, പുതിയ മാരകരോഗങ്ങൾ, ഉപയോഗിച്ചാൽ ലോകം മുഴുവനും നശിക്കുന്ന ബോംബുകൾക്കായുള്ള ഭാരിച്ച ചെലവുകൾ, ഓരോ രാജ്യത്തുമുള്ള വർഗീയത, അസാമാധാനം എന്നിവ തെറ്റായ വികസനത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു.

വികസനം എന്ന വാക്ക് വേദപുസ്തകത്തിലില്ലെങ്കിലും ആ വിഷയം പഠിക്കുവാനുള്ള വെളിപ്പാടുകളും വേദപുസ്തകത്തിലുണ്ട്. ഉല്പത്തി 1:26–27 വരെ വായിച്ചാൽ ദൈവസാദൃശ്യത്തിൽ മനുഷ്യകുടുംബത്തെ സൃഷ്ടിച്ചു ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുവാനുള്ള കൽപന കാണാം. ഈ കല്പന തെറ്റിദ്ധരിച്ചു ഭൂമിയിലെ വിഭവങ്ങൾ ചൂഷണം ചെയ്തിരിക്കുന്നതിനാൽ 2:15–ൽ ഏദൻതോട്ടത്തിൽ "കൃഷി ചെയ്യുവാനും തോട്ടം സൂക്ഷിക്കുന്നതിനുമായി" എന്ന കൽപനയ്ക്കാണിന്ന് പ്രസക്തി. ശൂന്യതയിൽ നിന്നും എല്ലാം സൃഷ്ടിച്ചത് ആരോ, ആ ദൈവത്തിന് മാത്രമാണ് ഭൂമിയുടെ ഉടമസ്ഥാവകാശം.

പ്രളയത്താൽ മനുഷ്യജാതിയെ ശിക്ഷിച്ച ദൈവം ഏത് കുടുംബത്തെ രക്ഷിച്ചുവോ ആ നോഹയുടെ കുടുംബത്തോട് കൽപിച്ചത് "ഭക്ഷണ

ത്തിനുള്ള എല്ലാ വകയും പെട്ടകത്തിനകത്ത് ശേഖരിച്ചുകൊള്ളുക. നിനക്കും അവയ്ക്കും ആഹാരത്തിനുവേണ്ടി" (6:21). നോഹയ്ക്കും കുടുംബത്തിനും വേണ്ടി മാത്രം ആഹാരം കരുതാനല്ല, എല്ലാ ജീവജാല ങ്ങൾക്കും ആഹാരം കരുതുവാനാണ് കൽപിച്ചത്. വികസനത്തിന്റെ ആരംഭമാണ് ഏവർക്കും അത്യാവശ്യമായ ആഹാരവും പാർപ്പിടവും.

ബാബേൽ കോട്ട പണിതവരുടെ ആഗ്രഹം ദൈവഹിതത്തിനെതിരായ സ്വയവികസനമായിരുന്നു. "വരുവീൻ നാം ഭൂതലത്തിൽ ഒക്കെയും ചിത റിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക, നമുക്ക് ഒരു പേരുമുണ്ടാക്കുക" (11:4). എന്നാലത് അന്നു മുതൽ ഇന്നുവരെ നിലനിൽക്കുന്ന തെറ്റായ വികസനത്തിന്റെ ദുഃഖചിത്രമാണ്.

അബ്രഹാമിനെ വിളിച്ചപ്പോൾ കൊടുത്ത വാഗ്ദത്തം "നീ ഒരു അനു ഗ്രഹമായിത്തീരും..... നീ നിമിത്തം ഭൂമിയിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും" എന്നായിരുന്നുവല്ലോ (12:2-3). ഇത് യിസ്ഹാക്കിൽ നിവൃത്തിയായില്ല എങ്കിലും അതിന്റെ നിവൃത്തിക്കായാണ് യേശുക്രിസ്തു ജനിച്ചതും പുതിയ യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതും (റോമർ 9:11).

പഴയനിയമത്തിൽ ലേവ്യ 25-ൽ നൽകിയിരിക്കുന്ന ജൂബിലി സംബ ന്ധിച്ച അടിമകളുടെ വിടുതലും കടത്തിൽ നിന്നുള്ള വിമോചനവും സമീ കരണ സാമ്പത്തികക്രമവും നീതിയുള്ള ഒരു സമൂഹത്തിനായുള്ള നിർദ്ദേ ശങ്ങളായിരുന്നുവെങ്കിലും യഹൂദജാതി ആ കൽപന അനുസരിച്ചതായി ചരിത്രമില്ല.

യെശയ്യാവ് 11-ൽ "ധാർമ്മികത അരക്കച്ചയായ്" മശിഹായുടെ ആഗ മനപ്രവചനത്തിൽ ദരിദ്രരുടെ മോചനവും, പശുവും കരടിയും ഒരുമിച്ചു മേയുന്നതും മറ്റും സമ്പൂർണ്ണ വികസനത്തിന്റെ ലാക്കായി ഇന്ന് അവ ശേഷിക്കുകയാണ്.

ആമോസിന്റെ പ്രവചനവും യാക്കോബ് ശ്ലീഹായുടെ ലേഖനവും താര തമ്യപ്പെടുത്തി പഠിച്ചാൽ സമ്പന്നരുടെ അനീതിക്കെതിരെയും ദരിദ്രരുടെ വിമോചനത്തിനനുകൂലമായും അനേക വാക്യങ്ങൾ കാണാൻ സാധിക്കും.

എസ്ഥേറിന്റെ പുസ്തകത്തിൽ സ്വന്തം വികസനത്തിന് മൊർദേഖാ യിയെയും യഹൂദജാതിയേയും നശിപ്പിക്കുവാൻ ആഗ്രഹിച്ചു. കൈക്കൂ ലിയും അഴിമതിയും നിറഞ്ഞ ഹാമാന്റെയും ഭാര്യ സേരസിന്റെയും അധഃ പതനവും സ്വന്തജാതിയുടെ മോചനത്തിനായി സാഹസികത കാണിച്ച

എസ്ഥേർ മുഖാന്തരം യഹൂദജാതിക്കുണ്ടായ വികസനത്തിൽ അനേക യഹൂദ ശത്രുക്കളുടെ നാശവും കാണാമെങ്കിലും ആഗോള വികസനത്തിനായി ഏകജാതനെത്തന്ന ദൈവത്തിന്റെ ഹിതം നടക്കുന്നത് ദൈവമാതാവായ മറിയാമിൽ കൂടെയും കർത്താവിന്റെ അന്ത്യശാസനം അനുസരിക്കുന്ന സഭയിൽ കൂടിയുമാണ്.

ദൈവമാതാവിന്റെ പാട്ട് (The magnificate) (ലൂക്കോസ് 1:46–55) 'സമ്പന്നരുടെ മറിച്ചിടൽ കൂടാതെ' ദരിദ്രരുടെ വികസനം നടക്കയില്ല എന്നു വ്യക്തമാക്കിയിരിക്കുന്നു.

യോഹന്നാൻ സ്നാപകന്റെ വീക്ഷണത്തിലും (ലൂക്കോ. 3:4–14) സമ്പൂർണ്ണ വികസനത്തിൽ എല്ലാ താഴ്വരകളും നികത്തപ്പെടും; എല്ലാ പർവ്വതങ്ങളും കുന്നുകളും താഴ്ത്തപ്പെടുകയും ചെയ്യും. വസ്ത്രവും ആഹാരവും ഏവർക്കും ലഭിക്കത്തക്കവണ്ണം രണ്ടുള്ളവർ ഒന്ന് ഇല്ലാത്തവർക്ക് കൊടുത്ത് സമത്വമുണ്ടാക്കണം. ലൂക്കോസ് 4:18–19–ന്റെ പശ്ചാത്തലത്തിൽ ലേവ്യ 25–ലെ ജൂബിലിയും യെശയ്യാവ് 61:1–ന്റെ മശിഹായെക്കുറിച്ചുള്ള പ്രവചനവും കാണാം. കർത്താവിന്റെ ആത്മാവ് വരുത്തുന്ന വികസനത്തിൽ ദരിദ്രർക്ക് സുവിശേഷം, ബന്ധിതർക്ക് മോചനം, അന്ധകാരത്തിലിരിക്കുന്നവർക്ക് കാഴ്ച, മർദിതർക്ക് സ്വാതന്ത്ര്യം, കർത്താവിന് സ്വീകാര്യമായ ജൂബിലി സന്തോഷം എന്നീ അഞ്ചു ലക്ഷണങ്ങൾ കാണാം.

ഗിരിപ്രഭാഷണത്തിൽ ദൈവരാജ്യത്തിന്റെ സന്മാർഗപ്രമാണങ്ങളാണ് കാണുന്നത്. അതിന്റെ പ്രേരണ ദൈവിക സ്നേഹമാണ്. പഴയനിയമത്തിലെ പത്തു കൽപനകൾ കൂടുതൽ ആഴമാക്കി ചിന്താമണ്ഡലത്തെ പരിപൂർണ്ണമാക്കുന്ന പ്രമാണങ്ങളാണവ. നന്മയും പ്രാർത്ഥനയും ഉപവാസവും രഹസ്യത്തിൽ ചെയ്യുന്നത് ദൈവീകരണം പ്രാപിച്ച വിശുദ്ധരുടെ ലക്ഷണമാണ്. വി. യോഹന്നാന്റെ സുവിശേഷവും ലേഖനങ്ങളും സ്നേഹാധിഷ്ഠിത ജീവിതത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചും അല്ലാതെ ലോകവികസനത്തെക്കുറിച്ചു പറയുന്നില്ല. എന്നാൽ വി. പൗലോസിന്റെ ചില എഴുത്തുകളിൽ "ഏറെപ്പെറുക്കിയവന് ഏറെയും കുറെ പെറുക്കിയവന് കുറവും കണ്ടില്ല" എന്നു പുറ. 16–ലെ മന്നായുടെ ഉദാഹരണം ഉദ്ധരിച്ചുകൊണ്ട് "സമത്വം ഉണ്ടാകേണം" എന്നു വാദിക്കുന്നതായി കാണാം. ഒരു പരീശനായി ജീവിച്ച പൗലോസിൽ കുമ്രാൻ കമ്മ്യൂണിറ്റിയുടെ പശ്ചാത്തലമുണ്ടായിരുന്ന യാക്കോബിന്റെയും യോഹന്നാൻ സ്നാപകന്റെയും അതേ ആശയം കാണാത്തതിൽ അതിശയമില്ല (2 കൊരി. 8, 9; യാക്കോബ് 2:5 നോക്കുക).

വെളിപാട് 21, 22 അദ്ധ്യായങ്ങളിൽ പുതിയ ആകാശവും പുതിയ

ഭൂമിയും ജീവവൃക്ഷവും പളുങ്കു നദിയും എല്ലാം കാണുന്നത് ചരിത്രാതീതമായ സമ്പൂർണ്ണ വികസനവും വിമോചനവും ഉണ്ടാകുന്ന ക്രിസ്തീയ പ്രത്യാശയിലും യുഗാന്ത്യശാസ്ത്രത്തിലും അത്രേ.

പഴയനിയമത്തിൽ ധനം ദൈവത്തിന്റെ ദാനവും (2 ദിന. 29:14) ധനവാന്മാർ ദൈവാനുഗ്രഹമുള്ളവരും (ഉൽപ. 13:2) ആണെന്നു പറയാം. 'ധനവാന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം' എന്നു പഴയനിയമം പറയുന്നില്ല.

പുതിയനിയമത്തിൽ "ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ് ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം" (മർക്കോസ് 10:25) എന്ന് കർത്താവ് പറയുന്നു. Evangelical poverty നമ്മുടെ കർത്താവ് കാണിച്ച മാതൃകയാണ് (2 കൊരി. 8:9). "ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ" (ലൂക്കോ. 6:20) എന്ന ആശയം നാലു പ്രാവശ്യം ആവർത്തിച്ചശേഷം നമ്മുടെ കർത്താവ് "ധനികന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം" എന്നു നാലുവിധത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ദരിദ്രലോകത്തിൽ സമ്പന്നരായിരിക്കുന്നത് പാപമാണെന്ന ആശയം പുതിയനിയമത്തിൽ മാത്രമേ വ്യക്തമായി കാണാൻ സാധിക്കൂ.

സമ്പൂർണ്ണ വികസനം ഭൗതികം മാത്രമല്ല ആത്മീയം കൂടിയാണ്. വ്യക്തിപരം മാത്രമല്ല സാമൂഹ്യം കൂടിയാണ്, ദേശീയം മാത്രമല്ല അന്തർദേശീയം കൂടിയാണ്, ചരിത്രപരം മാത്രമല്ല നിത്യതയിൽ കൂടിയാണ്, മാനവീകരണമല്ല ദൈവീകരണമാണ് (മത്താ. 5:48).

ക്രിസ്തീയ വെളിപാടിന്റെ പൂർണ്ണതയിൽ ഏകീകരണവും ത്രിത്വീകരണവും ചേർന്നു ത്രിയേകീകരണമാണ് ദൈവീകരണം. ദൈവത്തെപ്പോലെയാകുക എന്നതിന്റെ അർത്ഥം ത്രീയേകദൈവത്തെപ്പോലെ സ്നേഹവും വിശുദ്ധിയും സമൃദ്ധിയായി പങ്കിടുന്ന സ്നേഹാധിഷ്ഠിത നീതിയുള്ളവരാകുക എന്നാണ്.

വികസനത്തിൽ ദാരിദ്ര്യം ദൂരീകരിക്കപ്പെടും.

"ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല" (ആവർത്തന പുസ്തകം 15:11) എന്ന വാക്യം ഒരു പ്രവചനമല്ല. അതേ അദ്ധ്യായം 4-ാം വാക്യം നോക്കുക. "നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടു കേട്ടു ഇന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്ന സകല കൽപനകളും നീ പ്രമാണിച്ചു നടന്നാൽ ദരിദ്രന്മാർ നിങ്ങളുടെ ഇടയിൽ ഉണ്ടാകയില്ല." ഈ വാക്യമനുസരിച്ചാണ് "നിനക്കുള്ളത് വിറ്റ് ദരിദ്രന്മാർക്ക് കൊടുപ്പിൻ" എന്ന് ധനവാനോടും (മർക്കോസ് 10:21) "നിങ്ങൾക്കുള്ളത് വിറ്റു ഭിക്ഷ കൊടുപ്പീൻ" എന്ന് ശിഷ്യന്മാരോടും കർത്താവ് ആജ്ഞാപിക്കുന്നത്.

"നിങ്ങൾ എന്റെ കൽപന അനുസരിക്കാത്തതിനാൽ ദരിദ്രന്മാർ നിങ്ങളുടെ ഇടയിൽ എപ്പോഴും ഉണ്ടല്ലോ" (മർക്കോസ് 14:7) എന്ന വസ്തുത കർത്താവ് അവരെ ഓർമ്മിപ്പിച്ചു. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്ക" (മർക്കോ. 12:31) എന്ന ഏക കൽപന ഇന്നത്തെ ലോകം അനുസരിച്ചാൽ നാളെ ദരിദ്രന്മാർ കാണുകയില്ല. ലോകവിഭവങ്ങൾ വില കുറയാതിരിക്കാൻ കടലിൽ നശിപ്പിച്ചാൽ ലോകത്തിൽ ദരിദ്രന്മാർ കാണും. "വേല ചെയ്യാത്തവൻ ഭക്ഷിക്കരുത്" (2 തെസ്സ. 3:10) എന്ന കൽപന അനുസരിച്ചാൽ ദാരിദ്ര്യം ഉച്ചാടനം ചെയ്യാം. സ്വാതന്ത്ര്യം ഉപയോഗിച്ച് ചൈനയോ റഷ്യയോ ഇത് ചെയ്തിരുന്നുവെങ്കിൽ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയുള്ള നീതി അവിടെ അടിച്ചേൽപ്പിക്കപ്പെടുകയില്ലായിരുന്നു. ഇന്ത്യ ഈ പാഠം പഠിച്ചാൽ നന്ന്. ചൈനയിൽ ഭക്ഷ്യോൽപാദനവും വിതരണവും ഒരാൾക്ക് പ്രതിവർഷം 330 കിലോഗ്രാം ആണെങ്കിൽ ഇന്ത്യയിൽ ഇന്നും 200 കിലോഗ്രാം മാത്രമാണ്. പ്രതിശീർഷക കലോറി 2000 ലഭിക്കാത്ത ഭാരതീയർ പകുതിയോളമുണ്ട്. "ഗരീബിഹഠാവോ" എന്ന മുദ്രാവാക്യം ഇന്ദിരാഗാന്ധിക്ക് വോട്ടു നേടിക്കൊടുത്തു. ഇനി മുദ്രാവാക്യമല്ല പ്രവർത്തനമാണ് ഉണ്ടാകേണ്ടത്. എല്ലാ മതങ്ങളും രാഷ്ട്രങ്ങളും ശ്രമിച്ചിട്ടും ഇന്നു ലോകത്തിലുള്ള 500 കോടി ജനസംഖ്യയിൽ 100 കോടിയെങ്കിലും പട്ടിണിവരയുടെ കീഴിലാണ്, ശുദ്ധജലം ലഭിക്കാത്തവരാണ്, വൈദ്യസഹായം കിട്ടാൻ മാർഗ്ഗമില്ലാത്തവരാണ്. അനുദിനം പട്ടിണികിടന്നു മരിക്കുന്ന കുട്ടികൾ 40000 എന്ന് UNICEF കണക്കാക്കിയിരിക്കുന്നു.

2. കോടീശ്വരന്മാരും വലിയ സമ്പന്നരും സ്വത്തും സുഖവും പങ്കിടുന്ന ലോകം വരണം.

'അല്ലയോ ധനവാന്മാരേ നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ' എന്ന വാക്യം മിക്ക കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും നടന്നു കഴിഞ്ഞിരിക്കുന്നു. മുതലാളിത്ത രാജ്യങ്ങൾ അതിന്റെ വക്കിൽ എത്തിയിരിക്കുന്നു. സമ്പന്ന ഉത്തരഗോളവും ദരിദ്ര ദക്ഷിണഗോളവും തമ്മിലുള്ള അന്തരം നോക്കുക.

| | ഉത്തരഗോളം | ദക്ഷിണഗോളം |
|---|---|---|
| ഭക്ഷണം | 3300 കലോറി | 2000 കലോറി |
| പ്രതിശീർഷക വാർഷിക വരുമാനം | 400 ഡോളർ | 275 ഡോളർ |
| ജനസംഖ്യ | 20% | 80% |
| സാമ്പത്തിക വരുമാനം | 87% | 13% |
| 1972-ൽ 12 മൾട്ടിനാഷണൽ | | 35 ദരിദ്രരാജ്യവരുമാനം |

കോർപ്പറേഷൻ വരുമാനം 14400 കോടി ഡോളർ 100 കോടി ഡോളർ

8 കോടി ജനസംഖ്യയുള്ള ന്യൂയോർക്കിന്റെ ഒരു വർഷത്തെ വരുമാനം 70 കോടി ജനങ്ങളുള്ള ഇന്ത്യയുടെ ഒരു വർഷത്തെ വരുമാനത്തിനു തുല്യം. യു.എസ്.എ. യുടെ പ്രതിവർഷ വരുമാനം ഇന്ത്യയുടെ വരുമാനത്തിന്റെ 14 മടങ്ങും കെനിയായുടെ വരുമാനത്തിന്റെ 17 മടങ്ങും അത്രേ.

ഇന്ത്യയിലെ ധനവാന്മാരുടെ ആസ്തിയും ദരിദ്രരുടെ ആസ്തിയും തമ്മിലുള്ള വ്യത്യാസം ഇതിലും ഭീകരമാണ്. ഭാരതത്തിലെ 87 സമ്പന്ന കുടുംബങ്ങളുടെ ആസ്തിയും വരുമാനവും ഭാരതീയരുടെ ആകെ വരുമാനത്തിന്റെ 40 ശതമാനമാണ്. മീതെയുള്ള 10 ശതമാനം കൃഷിക്കാരുടെ കൈവശം ആകെ കൃഷിഭൂമിയുടെ 55 ശതമാനം ഉണ്ട്. ദരിദ്രർക്കുള്ള സഹായങ്ങൾ അവിടേക്ക് എത്തിക്കാതെ മീതെയുള്ളവർ കൈവശമാക്കുന്നു.

ടാറ്റായും ബിർളായും നയിക്കുന്ന 75 മൊണോപ്പൊളി വ്യവസായങ്ങൾ 1536 കമ്പനികളിൽക്കൂടി പ്രൈവറ്റ് വ്യവസായങ്ങളിൽ 46.9 ശതമാനവും ബാങ്കുകളുടെ 5552 കോടി രൂപയും കൈയടക്കി വച്ചിരിക്കുന്നു. ഇവർക്ക് അനുകൂലമായ ഇറക്കുമതി കയറ്റുമതി നിയമങ്ങൾ ആണ് ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഡോക്ടർ സി. റ്റി. കുര്യൻ പറയുന്നത് We have a ‘top 10%’ economy എന്നാണ്.

ഈ സമ്പന്നർ ഉപയോഗിക്കുന്ന പണം ദൈവത്തിന്റെയും, അദ്ധ്വാനം പാവപ്പെട്ട ജനങ്ങളുടെയും ആണെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. ദൈവത്തിന്റെ സൃഷ്ടിയിലെ സകലവും തന്റെ എല്ലാ മക്കൾക്കും ന്യായമായി ലഭിക്കാവുന്ന ഭരണഘടന ഉണ്ടാകണം. മുതലാളിക്കു ലാഭവും തൊഴിലാളിക്കു അദ്ധ്വാനത്തിനു കൂലിയും എന്നു ജനങ്ങളെ രണ്ടായി തിരിക്കുന്ന വികസനം മാറണം. സമയമനുസരിച്ചും ജോലിയനുസരിച്ചും ഏവർക്കും വേതനം. ലാഭം രാജ്യത്തെ തൊഴിലില്ലാത്തവർക്കും വൃദ്ധർക്കും വിദ്യാഭ്യാസത്തിനും മെഡിക്കൽ ചെലവുകൾക്കും മറ്റുമായി കൊടുക്കണം.

‘ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി’ (അപ്പോസ്തല പ്രവൃത്തികൾ 17:26). ദൈവം സൃഷ്ടിച്ച ഒരു കുടുംബം പാപത്താൽ ഭിന്നിച്ചു പരസ്പരം ഹിംസിക്കുന്ന പ്രവണത അവസാനിപ്പിക്കണമെങ്കിൽ മാനവരാശി നന്മ പങ്കിടുന്ന കുടുംബമായിത്തീരണം. പഴയ മനുഷ്യന്റെ സ്വാർത്ഥതയും വർഗീയതയും കലഹങ്ങളും പുതിയ മനുഷ്യനിൽ കാണരുത് (ഗലാത്യർ 3:28). പാപത്തിന്റെ യാഥാർത്ഥ്യം ഭിന്നതകളിലാണ് കൂടുതൽ പ്രകടമായിരിക്കുന്നത്. ദൈവീകരണത്താലല്ലാതെ ഏകീകരണം നടക്കയില്ല:

വികസനലക്ഷ്യം ഭിന്നിപ്പുമാറ്റി യോജിക്കുന്നതാണ്. ദൈവത്തോട് നിരക്കാതെ പരസ്പര നിരപ്പു നടക്കയില്ല. യേശുക്രിസ്തു ജനിച്ചതും, മരിച്ചതും, ഉയിർത്തതും നിരപ്പിൽകൂടി വികസനം നടത്താനാകയാൽ ജാതിവ്യത്യാസത്തിന് സഭയിൽ സ്ഥാനമില്ല. അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനമുണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തേയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി (കൊലോ. 1:20). കാലസമ്പൂർണ്ണതയുടെ മർമ്മം, "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കുക" എന്നാണ് (എഫെ. 1:10). ഈ അസാദ്ധ്യ സുസാദ്ധ്യതയുടെ സാദ്ധ്യതയ്ക്കുവേണ്ടിയാണ് പരിശുദ്ധാത്മാവ് സഭയിലും ലോകത്തിലും നയിക്കയും ഭരിക്കയും ചെയ്യുന്നത്. "സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും" (യോഹ. 16:13).

4. സഭ എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവ് (എഫെ. 1:23) Ecclesiology related to cosmology and perfect development.

സഭയെ ഒരു സ്ഥാപനമായി മാത്രം കണ്ടാൽ പോരാ, എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായും കാണണം. ഒരു മെഴുകുതിരി കത്താതിരുന്നാൽ നിഷ്പ്രയോജനമായിരിക്കുന്നതുപോലെ വെളിച്ചവും ചൂടും നൽകാത്ത സഭ ചത്തതാണ്. വെളിച്ചം സാക്ഷ്യവും ചൂട് ആരാധനയുമാണ്. വെളിച്ചവും ചൂടും നൽകുവാൻ പ്രകാശിക്കുമ്പോൾ മെഴുകുതിരിക്ക് അതിനു ചുറ്റുമുള്ള അമ്ലജനകം ആവശ്യമാണ്. ഇതുപോലെ സഭ ലോകത്തോടും ലോകം സഭയോടും കടപ്പെട്ടിരിക്കുന്നു. വെള്ളത്തിനു മീതെ മാത്രമെ വള്ളത്തിനു ചലിക്കാൻ സാധിക്കൂ. എന്നാൽ വെള്ളം വള്ളത്തിൽ കയറി മുങ്ങിയാൽ വള്ളത്തിന്റെ ചലനവും ദൗത്യവും അവസാനിക്കും. 'നിങ്ങൾ ലോകത്തിലാണെങ്കിലും ലോകക്കാർ അല്ല' (യോഹന്നാൻ 15:19). ലോകത്തെ വികസിപ്പിക്കാതെ സ്വയം വികസിക്കുന്ന സഭ ലോകമായി രൂപാന്തരപ്പെട്ടാൽ സത്യസഭയല്ല.

5. സഭയുടെ ദൗത്യം ലോകവികസനത്തിന്

മോഷ്ടിപ്പാനും അറുപ്പാനും, മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടുണ്ടാകുവാനും അത്രെ ഞാൻ വന്നിരിക്കുന്നത് (യോഹന്നാൻ 10:10). നമ്മുടെ കർത്താവിന്റെ അന്ത്യശാസനം ലോകവികസനത്തോടും വിമോചനത്തോടും വിശുദ്ധീകരണത്തോടും ചേർത്തു പഠിക്കുന്നതാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊള്ളുവീൻ (മത്തായി 28:18-20). ഇവിടെ പ്രധാന കൽപന 'ശിഷ്യരാക്കിക്കൊൾവീൻ' എന്നതാണ്. ത്രിത്വനാമത്തിലുള്ള സ്നാനം അതിനു മാർഗമായി പറഞ്ഞിരിക്കുന്നതു ഒരു കർമ്മമായോ, കൂദാശയായോ ഗ്രഹിച്ചാൽ മുഴു അർത്ഥവും ലഭിക്കയില്ല. ത്രിത്വത്തിലെ പങ്കിടീൽ ശിഷ്യത്വത്തിന്റെ ലക്ഷണമാകയാൽ സമത്വവും സമസാരാംശവും സമനിത്യതയുമുള്ള വി. ത്രിത്വത്തിന്റെ മോഡലിൽ ജാതികളെ രൂപാന്തരപ്പെടുത്തുവാനാണ് അന്ത്യശാസനം. ഇങ്ങനെ ജാതി ജാതിയായി, രാഷ്ട്രം രാഷ്ട്രമായി എല്ലാ നന്മയും വർദ്ധിപ്പിക്കുകയും പങ്കിടുകയും ചെയ്യുവാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് കർത്താവ് ശിഷ്യന്മാരെ ഭരമേൽപിച്ചത്. ഇതിൽ മിഷ്യോളജി എന്താണെന്ന് ഒരു നൂതന പഠനം നടത്തണം.

6. ക്രൂശിന്റെ മാർഗമില്ലാതെ വികസനമില്ല (ഫിലി. 2:5-11)

കൈ നനയ്ക്കാതെ മീൻ പിടിക്കുവാനുള്ള എല്ലാ ശ്രമവും വിഫലമാകും. ക്രിസ്തു പോലും ഏഴു പടിയാണ് ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായപ്പോഴാണ് ഏഴു പടി ഉയർന്ന് എല്ലാ നാമത്തിലും മേലായ നാമം ഉള്ളവനായി അംഗീകരിക്കപ്പെട്ടത്. 'നിന്റെ ക്രൂശ് എടുത്തു എന്റെ പിന്നാലെ വരിക' എന്ന കൽപന കേൾക്കുന്നവരും അനുസരിക്കുന്നവരുമാണ് വികസനോപാധികൾ ആയിത്തീർന്നിട്ടുള്ളതും തീർന്നുകൊണ്ടിരിക്കുന്നതും. ഫിലിപ്പിയൻ ലേഖനത്തിലെ മേൽഭാഗത്തിന്റെ പേരും സ്വയം വെറുമയാക്കൽ ക്രിസ്തുശാസ്ത്രത്തിന്റെ ഗാനം (Hymn of Kenotic Christology) എന്നാണ്. വി. പൗലോസ് ശ്ലീഹായുടെ കഷ്ടപ്പാടുകളുടെ പട്ടിക (2 കൊരി. 12:23-33) നമ്മെ വിനീതരും കുറ്റബോധമുള്ളവരും ആക്കേണ്ടതാണ്. തോമാശ്ലീഹായെ പിതാവായി അംഗീകരിക്കുന്ന മലങ്കരസഭയിലെ വിവിധ വിഭാഗക്കാരിൽ എത്ര രക്തസാക്ഷികൾ ഉണ്ടായിട്ടുണ്ട് എന്ന ചോദ്യത്തിന് ഓരോ സഭയും ഉത്തരം കണ്ടെത്തണം.

പ്രകൃതിയിലും നാം കാണുന്ന സത്യമാണ് വളം അഴുകി ഇല്ലാതാകുമ്പോൾ ചെടി വളരുന്നതും, ഭക്ഷണസാധനങ്ങൾ ദഹിക്കപ്പെടുമ്പോൾ ഭക്ഷിക്കുന്നവർ വളരുന്നതും, എണ്ണയോ വൈദ്യുതിയോ ഊർജമോ നൽകപ്പെടുമ്പോൾ വെളിച്ചം വളരുന്നതും. സഭയുടെ പ്രധാന പ്രമാണം കർത്താവു തന്നെ കൽപിച്ചു തന്നത് 'ഗോതമ്പുമണി നിലത്തുവീണു ചത്തെങ്കിൽ മാത്രമേ ഫലം കായിക്കൽ സാധിക്കൂ' എന്നതാണല്ലോ (യോഹ. 12:24). ഇതിനു സഭ തയ്യാറാകുന്ന കാലത്ത് ലോകവികസനം നടക്കും.

വികസനം എന്ന വാക്ക് കുറവുള്ളതാണെന്നും വിമോചനം എന്ന വാക്കാണ് ഉപയോഗിക്കപ്പെടേണ്ടതെന്നും ഗുട്ടീയാറസ് വാദിച്ചിട്ടുണ്ട്. ഇന്നു വികസനം എന്ന വാക്കിന് പുതിയ അർത്ഥം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ വികസനം ദൈവീകരണം, ക്രിസ്തീകരണം, ത്രിത്വീകരണം, സമൃദ്ധിയായ ജീവനിലേക്കു ലോകം ഉയരാനുള്ള സ്വയം താഴ്ത്തപ്പെടൽ, പങ്കിടീൽ, കഠിനാദ്ധ്വാനത്തിന്റെയും നീതിയുടെയും തത്വസംഹിത, ഉയിർപ്പിനുള്ള ക്രൂശീകരണം മുതലായ പല വാക്കുകൾ ഉൾക്കൊള്ളുന്ന നീതിക്കുവേണ്ടിയുള്ള യത്നമാണ്. ദയയും വിശ്വസ്തതയും തമ്മിൽ ഏതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു (സങ്കീ. 85:10). ഇതാണ് യഥാർത്ഥ വികസനം.

### പാഠം 2

## വികസനവും ക്രിസ്തീയ കാര്യവിചാരകത്വവും

ക്രിസ്തീയ കാര്യവിചാരകത്വം അനുദിനം വർദ്ധിതമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ നാം എത്തിക്കഴിഞ്ഞിരിക്കുകയാണ്. പള്ളിക്കു പണം വർദ്ധിപ്പിക്കുവാനുള്ള ഒരു മാർഗമായി ഇത് തെറ്റിദ്ധരിക്കപ്പെടരുത്. “സ്റ്റുവേഡ്ഷിപ്പ് കാമ്പയിൻ” ഇടവകകളുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ ക്രിസ്തീയ കാര്യവിചാരകത്വം ഇതിനെല്ലാം ഉപരിയായ ഒരു ജീവിത തത്വസംഹിതയാണ്. പണം, സമയം, താലന്തുകൾ ഇവ മാത്രമല്ല, ഒരു വ്യക്തിയുടെ മനസ്സു തന്നെ ക്രിസ്തുവിനാൽ ഭരിക്കപ്പെടുക എന്നുള്ളതാണ് ക്രിസ്തീയ കാര്യവിചാരകത്വം. ഇത് ഏറ്റവും പ്രയാസമുള്ളതും അതേസമയം ഏറ്റം ആനന്ദദായകവുമായ ഒരു ജീവിതരീതിയാണ്. മനുഷ്യന് ജന്മവാസനയായി ലഭിച്ചിരിക്കുന്ന സ്വാർത്ഥത അത്രവേഗം ഹനിക്കപ്പെടാവുന്ന ഒന്നല്ല. അതിനാലാണ് “ദൈവമേ ഞാൻ മരിക്കുന്നതിന് അര മണിക്കൂർ മുമ്പെങ്കിലും എന്റെ സ്വാർത്ഥത മരിക്കുവാൻ തുണയ്ക്കണമെ” എന്ന് ഒരു പരിശുദ്ധൻ പ്രാർത്ഥിച്ചത്. നൂറു ശതമാനം സ്വാർത്ഥത മരിക്കുകയും നൂറു ശതമാനം ക്രിസ്തു ജീവിക്കുകയും ചെയ്യുന്നതുവരെ ക്രിസ്തീയ കാര്യവിചാരകത്വം പൂർണതയിൽ എത്തുകയില്ല.

സാമ്പത്തിക സാമൂഹ്യ അനീതികളും ഉച്ചനീചത്വങ്ങളും കുറയ്ക്കുവാനും ഇല്ലാത്തവനും ഉള്ളവനും തമ്മിലുള്ള വിടവ് കുറയ്ക്കുവാനും ക്രിസ്തീയ കാര്യവിചാരകത്വം മാത്രമാണ് ശാശ്വതമായ മാർഗം. സാമൂഹ്യനീതി കൈവരുത്തുന്നതിൽ കമ്മ്യൂണിസം ഒരളവുവരെ വിജയിക്കു

ന്നുണ്ടെങ്കിലും അതു വ്യക്തിസ്വാതന്ത്ര്യത്തെ പൂർണ്ണമായും ഹനിക്കുന്നു. മുതലാളിത്തം വ്യക്തിസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അത് സാമൂഹ്യനീതി നടത്തുന്നില്ല. വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യനീതിയും ഉത്തരവാദിത്വമുള്ള സാമൂഹ്യസൃഷ്ടി വിജയിക്കണമെങ്കിൽ കാര്യവിചാരകത്വബോധം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ആഴമാകണം. അതായത് തനിക്കുള്ള എല്ലാ കഴിവുകളും സമയവും ധനവും ലോകത്തിന് മുഴുവനായി ഉപയോഗിക്കുവാൻ തയ്യാറാകണം.

കർത്താവിന്റെ കാര്യപരിപാടി നടപ്പിലാക്കുന്നതിന് നിയമിതരായിരിക്കുന്നവരാണ് നാം. ദൈവഹിതം നിറവേറ്റുന്നതിന് കഠിനാദ്ധ്വാനം ചെയ്യുവാൻ ഓരോ വ്യക്തിയും സമൂഹവും വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളിയുടെ മുഴക്കം നമ്മുടെ ചുറ്റുപാടും എപ്പോഴും നാം കേട്ടുകൊണ്ടാണിരിക്കുന്നത്. എന്നാൽ ബോധപൂർവ്വം ചെവി പൊത്തിക്കൊണ്ട് ഈ വിളി കേട്ടില്ല എന്നു ഭാവിച്ച് സമാധാനമായി കഴിയുവാൻ ആർക്കും സാധ്യമല്ല. മനുഷ്യസമൂഹത്തെ ഒന്നായി കാണുവാൻ ഓരോ വ്യക്തിക്കും ഉത്തരവാദിത്വമുണ്ട്.

ജനസംഖ്യ 50 വർഷത്തിനകം ഇരട്ടിക്കുവാൻ പോകുന്ന ലോകത്തിൽ നാം വന്നെത്തിയിരിക്കുന്നു. തൊഴിലില്ലായ്മ, പട്ടിണി, താമസ സൗകര്യക്കുറവ്, വിദ്യാഭ്യാസ സൗകര്യക്കുറവ് മുതലായവ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പരിമിതമായ ഭൂമിയിൽ വസിക്കുവാനുള്ളവർ അപരിമിതമാകുമ്പോൾ പരസ്പരമുള്ള ഉത്തരവാദിത്തം വർദ്ധിക്കാതെ തരമില്ല. നമ്മുടെ പൂർവ്വപിതാക്കന്മാർക്ക് സ്വന്തമായി വളരെ ഭൂമി വേർതിരിച്ചു മതിൽകെട്ടുവാൻ സാധിച്ചെങ്കിലും നാം ഇന്നതുതന്നെ ചെയ്താൽ സ്വയരക്ഷയ്ക്കുവേണ്ടി ആ മതിൽ പൊളിക്കുവാൻ ചുറ്റുപാടുമുള്ളവർ നിർബന്ധിതരാകും. അനേകർ യാതൊരു താമസസൗകര്യവുമില്ലാതെ കഷ്ടപ്പെടുമ്പോൾ ചിലർ അവരുടെ കുടുംബങ്ങൾക്കുവേണ്ടി വലിയ സൗധങ്ങൾ പണിയുന്നത് നീതീകരിക്കപ്പെടുമെന്നാണോ വിചാരിക്കുന്നത്? ഇത് കർത്താവിന്റെ സമാധാനത്തിനായുള്ള വിളിയെ ഉപേക്ഷിച്ച് രക്തപ്പുഴയൊഴുക്കുന്ന വിപ്ലവത്തെ മാടിവിളിക്കുകയായിരിക്കും ചെയ്യുന്നത്. കർത്തൃഹിതം നാം തന്റെ കാര്യവിചാരകന്മാരെപ്പോലെ പെരുമാറണമെന്നുള്ളതാണ്. നാം അങ്ങനെ ചെയ്യണം. അവനെ അനുസരിക്കാത്തവൻ മാമോൻ ദേവന്റെ അടിമയായി ഭൗതികവാദത്തിന്റെ ഇരുമ്പുനുകത്തിൻകീഴിൽ ഞെരുങ്ങേണ്ടി വരും എന്ന് ചരിത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ആകയാൽ ബുദ്ധിമാന്മാർ ഇനിയുമെങ്കിലും ദൈവവിളിയുടെ ശബ്ദം കേട്ട് ബുദ്ധിപൂർവ്വം പെരുമാറണം. ഏറ്റവും ബുദ്ധിപൂർവ്വമായ പെരുമാറ്റം ക്രിസ്തീയ കാര്യവിചാരകത്വം പ്രായോഗികമാക്കുക

എന്നുള്ളതാണ്. സകലവും ദൈവദത്തമാണെന്നും വിശ്വസ്തതയോടു കൂടി കാര്യവിചാരകത്വം നടത്തണമെന്നും കണക്കു ചോദിക്കുമ്പോൾ നിഷ്കാസിതനാകാനിട വരരുതെന്നുമുള്ള തത്വങ്ങൾ കാര്യവിചാരകത്വത്തിന്റെ അടിസ്ഥാനമാണ്.

യഹോവയായ ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും അവിടെ ആക്കി (ഉൽപ. 2:15). ഒരു വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്ന വിലക്ക് അവിടെവച്ച് ലംഘിച്ചതു വെറും കൽപനലംഘനം മാത്രമല്ലായിരുന്നു. കാര്യവിചാരകൻ ഉടമസ്ഥനെപോലെ പെരുമാറി, അവിടെ വീഴ്ച ഭവിച്ചു. യഹോവയായ ദൈവം തന്റെ മഹത്വം മറ്റാർക്കും കൊടുക്കുന്നവനല്ല. ദൈവകൽപനകളിൽ പ്രഥമവും പ്രധാനവുമായത് "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" എന്നുള്ളതത്രെ. ദൈവത്തിന്റെ തോട്ടം സ്വന്തമെന്നു പറയുന്നവൻ സ്വയം ദൈവമാക്കുന്നതിനാൽ ബഹിഷ്കൃതനാകും.

ആധുനിക കാലത്തെ ആരാധനകളിൽ പാട്ട്, പ്രാർത്ഥന, പ്രസംഗം, ആശീർവാദം, കാണിക്ക എന്നിവ കാണുന്നുണ്ടെങ്കിലും പഴയനിയമത്തിലെ പല ആരാധനകളും കാണിക്കയർപ്പണത്തിൽ അഥവാ വഴിപാടിൽ ഒതുങ്ങി നിന്നിരുന്നു. കായിന്റെ യാഗം സ്വീകരിക്കാതിരുന്നത് കൃഷിയുടെ ആദ്യഫലം കൊണ്ടുവരായ്കയാലാണ്. ഹാബേലാകട്ടെ കടിഞ്ഞൂലുകളിൽ നിന്ന് അവയുടെ മേദസുകളിൽ നിന്നുതന്നെ വഴിപാട് കൊണ്ടുവന്നു. തന്മൂലം യഹോവ ഹാബേലിലും അവന്റെ വഴിപാടുകളിലും പ്രസാദിച്ചു. പ്രത്യേക പൗരോഹിത്യസ്ഥാനിയായ അഹറോനിൽ നിന്നു മാത്രമല്ല പൊതുപൗരോഹിത്യം കാണിക്കുന്ന ഹാബേലിൽ നിന്നുപോലും ദൈവം വഴിപാടു പ്രതീക്ഷിക്കുന്നു. അത് "ആദ്യഫലവും മേദസ്സും" തന്നെ ആയിരിക്കണം. അതുകൊണ്ട് ആദിയിൽ ദൈവം എന്ന തത്വം ദാനത്തിലും നാം അംഗീകരിക്കണം.

നോഹയുടെ വിടുതലിന്റെ നന്ദിക്കായി അവൻ ആദ്യം ചെയ്തത് ഒരു യാഗപീഠം പണിത് ശുദ്ധിയുള്ള മൃഗങ്ങളേയും പറവകളേയും ഹോമയാഗം അർപ്പിക്കുകയായിരുന്നു. ക്രിസ്തീയദാനത്തിന്റെ പ്രചോദനം ക്രിസ്തുവിലും സഭയിലുംകൂടി നമുക്കു ലഭിക്കുന്ന വീണ്ടെടുപ്പിന്റെ നന്ദിയായിരിക്കണം. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം (2 കൊരി. 9:15). കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫെ. 2:8). ഈ വീണ്ടെടുപ്പിന്റെ നാന്ദിയായിരിക്കണം ദാനം.

അബ്രഹാമിന്റെ വിജയത്തെത്തുടർന്ന് മൽക്കീസദേക്കിനു ദശാംശം കൊടുക്കുന്നത് ദശാംശത്തെക്കുറിച്ച് പഴയനിയമത്തിൽ കാണുന്ന ആദ്യ

ഭാഗമത്രെ (ഉൽപ. 14:20). വിശ്വാസികളുടെ പിതാവ് അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനു ദശാംശം കൊടുത്തത് അവൻ യുദ്ധത്തിൽ പിടിച്ചെടുത്തതെല്ലാം ദൈവദത്തമാണെന്നുള്ള ഉത്തമ ബോദ്ധ്യത്തിലാ യിരുന്നു. അതിനാലാണ് അബ്രഹാം പോയ എല്ലാ സ്ഥലങ്ങളിലും ദൈവ ത്തിനു യാഗപീഠം പണിതു ബലിയർപ്പിച്ചത്.

യിസഹാക്കിന്റെ വിജയം അവൻ എവിടെയെല്ലാം കിണർ കുഴിച്ചാലും അവിടെയെല്ലാം വെള്ളം കണ്ടിരുന്നു എന്നുള്ളതായിരുന്നു. യഹോവ യുടെ കൃപയാലുള്ള ഈ നൽവരത്തിന്റെ ഫലം മറ്റുള്ളവർക്കു വിട്ടു കൊടുക്കുന്നതിന് അവന് മടി തോന്നിയിരുന്നില്ല. (ഉൽപ. 26:12–23). ബേർ ശേബായിൽ അവർ ഒരു യാഗപീഠം പണിതു. അവന്റെ ദാസന്മാർ അവി ടെയും ഒരു കിണർ കുഴിച്ച് വെള്ളം കണ്ടു. യിസഹാക്ക് എത്രയധികം മറ്റുള്ളവർക്കായി കൊടുത്തുവോ അത്രയധികം യഹോവ അവനു കൊടു ത്തുകൊണ്ടിരുന്നു. ദൈവം ആർക്കും കടക്കാരനല്ലല്ലോ.

യാക്കോബ് ഒരു നേർച്ച നേർന്നു (ഉൽപ. 28:20–22). ദൈവം അവനെ പദ്ദൻ ആരാമിൽനിന്നും തിരികെ കൊണ്ടുവന്നശേഷം അവൻ ബഥേ ലിൽ ഒരു യാഗപീഠം പണിയുകയും ദശാംശം കൊടുക്കുകയും ചെയ്തു. ലാബാൻ പത്തു പ്രാവശ്യം യാക്കോബിനോടു വാക്കു വ്യത്യാസം കാണി ക്കുകയും പ്രതിഫലം മാറ്റുകയും ചെയ്തിട്ടും (ഉൽപ. 31:41) യാക്കോബ് ദൈവത്തോടു ചെയ്ത ഉഭയസമ്മതം നിറവേറ്റി. തന്റെ സകല സമ്പത്തും ദൈവം ദാനം നൽകിയതാണെന്നുള്ള ബോധം യാക്കോബിനെ വലിയ വനാക്കി.

മോശ സമാഗമനകൂടാരം പണിയുവാനായി ഇങ്ങനെ ജനത്തെ വെല്ലു വിളിച്ചു. “നല്ല മനസ്സുള്ളവരെല്ലാം യഹോവയ്ക്ക് വഴിപാടു കൊണ്ടു വരേണം” (പുറ. 35:4). പൊന്ന്, വെള്ളി എന്നുവേണ്ട സകലവും സമൃ ദ്ധിയായി ലഭിച്ചു. ഇങ്ങനെ കൊടുക്കുവാൻ അവർക്കു കഴിഞ്ഞത് ഹൃദ യത്തിൽ ഉത്സാഹവും താൽപര്യവും തോന്നിയതിനാലാണ്. പൊതു ആവശ്യം സ്വന്തം ആവശ്യത്തേക്കാൾ പ്രാധാന്യം അർഹിക്കുന്നു എന്ന ബോധം ജനങ്ങളിൽ ഉളവാക്കുവാൻ മോശയ്ക്കു കഴിഞ്ഞു എന്നുള്ള താണ് അതിലെ വിജയരഹസ്യം.

പഴയനിയമകാലത്ത് മൂന്നു പെരുന്നാളുകൾ ആചരിച്ചു വന്നിരുന്നു. ഈ മൂന്നു പെരുന്നാളുകളും ദൈവസന്നിധിയിൽ നേർച്ച കാഴ്ചകളു മായി ചെല്ലുന്നതിനുവേണ്ടി പ്രത്യേകം വേർതിരിക്കപ്പെട്ടിരുന്നതാണ്. പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും മിസ്രയീമിൽ നിന്നുള്ള മോചനത്തിന്റെ ഓർമ്മയ്ക്കായിരുന്നതിനാൽ ആ നന്ദിയോടു കൂടി ഇസ്രയേൽ മക്കൾ അനുസരിച്ചുവന്ന ഒരു കൽപനയുണ്ട്, “വെറും

കൈയോടുകൂടി നിങ്ങൾ എന്റെ മുമ്പിൽ വരരുത്.”

ആദ്യഫലം എടുത്തുകഴിഞ്ഞാൽ സന്തോഷത്തോടെ ആദ്യഫലവുമേന്തി അവർ ദേവാലയത്തിലേക്കു പോയി ദൈവം നൽകിയ കൃപകളെ നന്ദിയോടെ സ്മരിക്കും. വെറുംകൈയോടെ ദൈവാലയത്തിൽ പോകുവാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല.

കൊയ്ത്തു കഴിഞ്ഞാൽ കായ്കനിപ്പെരുന്നാളും കൂടാരപ്പെരുന്നാളും അവർ ആചരിച്ചുവന്നു. ഏഴാം മാസത്തിൽ ഏഴുദിവസം അവർ കൂടാരങ്ങളിൽ പാർത്ത് അവരുടെ പിതാക്കന്മാരുടെ മരുഭൂമിയിലൂടെയുള്ള പ്രയാണാനുഭവങ്ങളെ ആനുകാലികമാക്കും. കൊയ്ത്തു കഴിഞ്ഞാൽ സാധുക്കൾക്കും അഗതികൾക്കും പരദേശികൾക്കും കാലാപെറുക്കത്തക്കവണ്ണം നിലങ്ങളുടെ അതിരും മൂലയും കൊയ്യാതിട്ടേക്കുകയും ചെയ്യുമായിരുന്നു (പുറ. 35:3-35; 36:1-3). എല്ലാ പെരുന്നാളുകളും അവർ ദാനത്തിനുള്ള കാലമായി ആചരിച്ചുവന്നു.

ദാവീദു രാജാവിന്റെ ആലയം പണിയെക്കുറിച്ചു പ്രതിപാദിക്കുന്ന 1 ദിനവൃത്താന്തം 29-ാം അദ്ധ്യായം നാം ഓരോരുത്തരുടേയും സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ദേവാലയപണിക്കുള്ളതെല്ലാം ശേഖരിച്ചശേഷം ദാവീദ് ഇപ്രകാരം പ്രാർത്ഥിച്ചതായി കാണുന്നു. ‘യഹോവേ മഹത്വവും തേജസ്സും ശക്തിയും എല്ലാം നിനക്കുള്ളത്. ധനവും ബഹുമാനവും എല്ലാം നിങ്കൽ നിന്നു വരുന്നു. സകലവും നിങ്കൽ നിന്നല്ലോ വരുന്നത്. നിന്റെ കൈയിൽനിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു.’ ദൈവത്തിന്റെ ഉടമസ്ഥാവകാശം ഇതിൽ ശക്തിയായി സമ്മതിക്കുവാൻ ആർക്കാണു കഴിയുന്നത്. ആഗോളവ്യാപകമായി ഏവരും ഇതു സമ്മതിച്ചാൽ ക്രിസ്തീയ കാര്യവിചാരകത്വത്തിന്റെ അടിസ്ഥാനം രൂപംകൊള്ളുകയായി.

യശയ്യാ പ്രവാചകന്റെ സമർപ്പണം സമയമോ താലന്തോ പണമോ മാത്രമായിരുന്നില്ല. പിന്നെയോ തന്നെത്തന്നെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുകയായിരുന്നു. ‘ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും’ എന്ന ദൈവവിളിക്ക് മറുപടിയായി ‘ഇതാ അടിയൻ, അടിയനെ അയയ്ക്കണമെ’ (യെശ. 6:8) എന്ന് മഹത്വമുള്ള യെശയ്യാ പ്രവാചകൻ മറുപടി പറഞ്ഞു. ഇതു കാര്യവിചാരകത്വം എന്ന ഉന്നത ആശയം ആയിരുന്നു. ഹിസ്കീയാവിന്റെ ആലയശുദ്ധീകരണവും നെഹമ്യാവിന്റെ ഉപവാസവും പ്രാർത്ഥനയും ജനങ്ങളെ കാര്യവിചാരകത്വബോധമുള്ളവരാക്കിത്തീർത്തു. ആദ്ധ്യാത്മിക ചൈതന്യം ഉള്ളിടത്ത് ദാനവും, ദാനം ഉള്ളിടത്ത് ആദ്ധ്യാത്മിക ചൈതന്യവും വർദ്ധിക്കുന്നു എന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു.

കാര്യവിചാരകത്വമുള്ള ചില നേതാക്കന്മാരെ എക്കാലവും കാണുവാൻ സാധിക്കും. അവരാണ് പുരോഗതിയുടെ ചവിട്ടുപടികൾ. 'ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾ തട്ടുള്ള വീടുകളിൽ പാർപ്പാൻ കാലമായോ' എന്നുള്ള ഹഗ്ഗായിയുടെ ആഹ്വാനം കേട്ടില്ലെന്നു നടിക്കുവാൻ നമുക്ക് എത്രകാലം കഴിയും എന്നു ചിന്തിക്കണം. നിങ്ങൾ വളരെ വിതച്ചിട്ടും അൽപമേ കൊയ്യുന്നുള്ളു. കൂലിക്കാരൻ ഓട്ടസഞ്ചിയിൽ ഇടുവാൻ കൂലി വാങ്ങുന്നു. നമ്മുടെ ഇടയിലെ തൊഴിലാളിയും മുതലാളിയും കർഷകനും ചിന്തിക്കേണ്ട ഒരു വിഷയമാണിത്. ആത്മാക്കളാകുന്ന ദൈവാലയം പണിയുന്നതിൽ നിങ്ങൾ ഉത്സുകരാണോ? അതിനാൽ 'നിങ്ങൾ അതു വീട്ടിൽ കൊണ്ടുവന്നു, ഞാനോ അതു തൂകിക്കളഞ്ഞു' എന്നു നമ്മെക്കുറിച്ചു പറയുന്ന കാലം അടുത്തുവരുന്നതു നാം മനസ്സിലാക്കണം. ദൈവത്തോടു മത്സരിക്കുന്നവരായിട്ടാണ് ദശാംശം കൊടുക്കാത്തവരെ മലാഖി മൂന്നാം അദ്ധ്യായത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. ഇങ്ങനെ പഴയനിയമത്തിലുടനീളം ദൈവത്തിന്റെ ഉടമസ്ഥാവകാശവും ദശാംശവും തെളിഞ്ഞു കാണുന്നു. എങ്കിലും നമ്മുടെ സമ്പത്തിലും സമയത്തിലും താലന്തിലും ഉള്ള കാര്യവിചാരകത്വം ശരിയായി കാണാത്തതിനാൽ ഇനി പുതിയനിയമവും കൂടി പരിശോധിക്കാം.

കാര്യവിചാരകൻ എന്ന വാക്ക് വളരെ അർത്ഥഗാംഭീര്യമുള്ള ഒന്നാണ്. അബ്രഹാമിനും ശമുവേലിനും ദാവീദിനും എല്ലാം കാര്യവിചാരകന്മാരുണ്ടായിരുന്നു. യൗസേപ്പ് പൊത്തിപ്പേറിന്റെ ഭവനത്തിലെ ഗൃഹവിചാരകനായി ഉയർന്നത് അവന്റെ കഴിവും വിശ്വസ്തതയും കൊണ്ടായിരുന്നു. ഈ പഴയനിയമ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം പുതിയനിയമത്തിൽ കാര്യവിചാരകന്മാരെക്കുറിച്ചുള്ള ഉപമകളും, മറ്റു പഠിപ്പിക്കലുകളും മനസ്സിലാക്കുവാൻ.

"നിന്റെ കാര്യവിചാരകത്വത്തിന്റെ കണക്ക് ഏൽപിച്ചു തരിക. നീ ഇനി കാര്യവിചാരകനായിരിപ്പാൻ പാടില്ല" (ലൂക്കോ. 16:1-13). ഇത് ഒരു അന്ത്യശാസനമായിരുന്നല്ലോ. ആ കാര്യവിചാരകൻ തനിക്കു സ്നേഹിതന്മാരെ ഉണ്ടാക്കി എന്നതിൽ ബുദ്ധിയും യജമാനന്റെ സ്വത്തുകൊണ്ട് അതു ചെയ്തതിൽ അനീതിയും കാണുന്നു. ദൈവീക ദാനമാകുന്ന താലന്തുകൾ കൈകാര്യം ചെയ്യുന്ന നാം ഓരോരുത്തരോടും ഇതുപോലൊരു ചോദ്യം ഉണ്ടാകും എന്ന കാര്യം ചിന്തിക്കണം. വിവിധ അളവിലുള്ള താലന്തുകൾ ആയാലും ഒരുപോലെയുള്ള താലന്തുകൾ ആയാലും അവ വർദ്ധിപ്പിക്കണമെന്നുള്ളതാണ് ദാതാവിന്റെ ഉദ്ദേശ്യം (മത്താ. 25:14-30, ലൂക്കോ. 19:12-26). താലന്തുകൾ കുഴിച്ചിടുന്ന കാര്യവിചാരകനു ക്ഷമ ലഭിക്കുകയില്ല. കൈകാര്യം ചെയ്യപ്പെടാത്ത ഏതും ക്ഷയിച്ചുകൊണ്ടിരിക്കും എന്നുള്ളത് ഒരു പൊതു സത്യമാണ്. പണം പ്രയോജനപ്പെടത്ത

ക്കവിധം കൃഷിയിലോ വ്യവസായത്തിലോ മുടക്കാതെ നോട്ടുകെട്ടുകളോ സ്വർണ്ണപണ്ടങ്ങളോ ആയി സൂക്ഷിച്ചുവച്ചിരിക്കുന്ന കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പുകാരും താലന്തുകൾ കുഴിച്ചിടുന്നവരിൽ ഉൾപ്പെടും എന്ന കാര്യം വിസ്മരിക്കരുത്.

മൂഢനായ ധനവാനു കാര്യവിചാരകത്വബോധം ഉണ്ടായിരുന്നില്ല (ലൂക്കോ. 16:12–21). അവന്റെ ധാന്യം മുഴുവൻ അവനുവേണ്ടി മാത്രം എന്നു നിരൂപിച്ചിരുന്നതിനാൽ അവൻ മൂഢൻ എന്ന പേരിന് അർഹനായി. ഈ ധനവാൻ താലന്തുകളെ വർദ്ധിപ്പിച്ചില്ലെന്നു മാത്രമല്ല അവയെ നശിപ്പിക്കുക കൂടി ചെയ്തു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു വേണ്ടിത്തന്നെ നിക്ഷേപിക്കുന്നവൻ പൊതു നന്മയ്ക്കായി ചെലവഴിച്ച് ദൈവികമായി സമ്പന്നനാകേണ്ടതത്രെ.

ധനവാനായ ചെറുപ്പക്കാരനോട് 'നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക' (മർക്കോ. 10:17–22) എന്നു നമ്മുടെ കർത്താവ് കൽപിച്ചത് പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു കാര്യമാണ്. ദരിദ്രന്മാർ അരക്ഷിതരായി അലയുമ്പോൾ പണം സുരക്ഷിതമായിരിക്കുവാൻ കർത്താവിന്റെ മനസ്സ് അനുവദിക്കുകയില്ല. പണത്തേക്കാൾ പ്രധാനം വ്യക്തി എന്ന പ്രമാണമാണ് കർത്താവു പഠിപ്പിക്കുന്നത്. ധനവാന്റെയും ലാസറിന്റെയും ഉപമയിലും ഇതു തന്നെയാണ് കാണുന്നത്. ധനവാന്റെ പാപം അവൻ ധനവാനായിരിക്കെ ലാസർ ദരിദ്രനായി മരിക്കുവാൻ ഇടയാക്കി എന്നുള്ളതായിരുന്നു. മാനവരാശി ഒരു കുടുംബമാകയാൽ കരയുന്നവരോടുകൂടി കരയുന്നതിനും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുന്നതിനും കർത്താവ് നമ്മെ ഉപദേശിക്കുന്നു. വിധവയുടെ രണ്ടു ചില്ലിക്കാശിന്റെ വിനിമയവും കർത്താവിനാൽ പുകഴ്ത്തപ്പെടുവാൻ ഇടയായത് അവൾ തനിക്കുള്ള സമ്പത്തു മുഴുവനും ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ചതാണ്. എന്തു കൊടുത്തു എന്നു മനുഷ്യർ നോക്കുമ്പോൾ എന്തു കൊടുക്കാതെ വച്ചിരിക്കുന്നു എന്നു ദൈവപുത്രൻ നോക്കുന്നു. അസമർപ്പിതമായ യാതൊന്നും ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കരുത്.

11–ാം മണി നേരത്തെ വേലക്കാരനു, പകൽ മുഴുവനും അദ്ധ്വാനിച്ചവനു തുല്യമായ വേതനം കൊടുത്തതുപോലെ (മത്താ. 20:16) കരുണയും നീതിയും ഒരുമിച്ചു കൊണ്ടുപോകുന്നവനാണ് ക്രിസ്തീയ കാര്യവിചാരകൻ. തൊഴിലാളിയെ തന്റെ സഹോദരനായി കാണുവാൻ മുതലാളിക്കു കഴിയണം. ഒരു മണിക്കൂർ ജോലി ചെയ്തവന്റെ ഭവനത്തിലും പട്ടിണി ഉണ്ടാകരുത്. അവനും ജോലിക്കു കാത്തുനിന്നവനാണ്. ഈ ഉപമയെ ആധാരമാക്കി എഴുതിയ ഒരു ഗ്രന്ഥമാണ് സർവ്വോദയ സൃഷ്ടിക്ക് മഹാത്മാഗാന്ധിക്കു പ്രേരണ നൽകിയത്. 'ഈ ഒടുവിൽ വന്നവനും' എന്ന

കർത്തൃവചനത്തിന്റെ ആശയമാണ് സർവ്വോദയം എന്ന വാക്കിൽ അന്തർ ഭവിച്ചിരിക്കുന്നത്. ആദ്യം വന്നവനു നീതി ലഭിച്ചതിനാൽ ജീവിതക്ലേശം തീർന്നപ്പോൾ ഒടുവിൽ വന്നവനു കരുണ ലഭിക്കാതെ തരമില്ലല്ലോ.

തക്കസമയത്ത് ആഹാരവീതം കൊടുക്കേണ്ടതിന് യജമാനൻ തന്റെ വേലക്കാരുടെമേൽ ആക്കിവച്ച വിശ്വസ്തനും ബുദ്ധിമാനുമായ ഗൃഹവി ചാരകൻ ആർ? (ലൂക്കോ. 12:41-48). യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. യജമാനൻ അവനെ തനിക്കുള്ള സകലത്തിനും കാര്യവിചാരകനാക്കും. എല്ലാം ദൈവകൃപയാണെന്നും നല്ല ഗൃഹവിചാരകന്മാരായിരിക്കണമെന്നും അന്യോന്യം ശുശ്രൂഷിപ്പാനാണ് കൃപകൾ നൽകപ്പെട്ടിരിക്കുന്നതെന്നും വി. പത്രോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുകയോ തനിക്കായിത്തന്നെ മരിക്കുകയോ ചെയ്യുന്നില്ല എന്നു വി. പൗലോസ് ശ്ലീഹായും പറയുന്നു. ദൈവഹിതത്തിനായി ജീവിക്കുന്നവർ ശുശ്രൂഷാ നിരതരായിരിക്കുമെന്നു നമ്മുടെ കർത്താവിന്റെ മാതൃകയും പഠിപ്പിക്കലും തെളിയിക്കുന്നു.

ദൈവം ഓരോ വിനാഴികയും നമുക്കു സൃഷ്ടിച്ചു തന്നുകൊണ്ടിരിക്കുന്നു. സമയവും കാലങ്ങളും ദൈവദൃഷ്ടിയിൽപെടുന്നു (ഉൽപ. 1:14). അതിന് അവസാനവും ഉണ്ട്. അതിനാൽ ബുദ്ധിയുള്ള കാര്യവിചാരകൻ സമയം തക്കത്തിനു സൂക്ഷ്മതയോടെ ഉപയോഗിക്കുന്നു. അവൻ ഓരോന്നിനുംവേണ്ടി സമയം വേർതിരിച്ചു വച്ചിരിക്കുന്നു. കർത്താവിന്റെ മനസ്സോടുകൂടി സമയം പ്രയോജനപ്പെടുത്തുന്നതാണ് സമയത്തിന്റെ ശരിയായ ക്രിസ്തീയ കാര്യവിചാരകത്വം.

മനുഷ്യനു ലഭിച്ചിരിക്കുന്ന ഓരോ കഴിവും അവനു ദൈവം ദാനം ചെയ്തിരിക്കുന്ന താലന്തുകളാണ്. ഈ താലന്തുകളെ ഉത്തരവാദിത്വത്തോടുകൂടി നിസ്വാർത്ഥമായി വിനിയോഗിക്കുന്നതാണു കഴിവുകളുടെ കാര്യവിചാരകത്വം. കഴിവുകളുടെ ഈ താലന്തുകൾ കുഴിച്ചിടുന്നത് അക്ഷന്തവ്യമായ അപരാധമാണ്. നിഷ്കാമകർമ്മം എന്നു ഭഗവത്ഗീതയിൽ പറയുന്ന ആശയത്തേക്കാൾ ശ്രേഷ്ഠമാണ് ദൈവമഹത്വം ആഗ്രഹിച്ചുകൊണ്ടു ചെയ്യുന്ന സത്കാമകർമ്മം. അതിനാൽ നമുക്കു കഴിവുകൾ തന്ന ദൈവത്തിനായി നമ്മുടെ കഴിവുകൾ ഉപയോഗിക്കപ്പെടണം.

പണത്തെക്കുറിച്ചും നമ്മുടെ കർത്താവ് വളരെ ഏറെ പറഞ്ഞിട്ടുണ്ട്. യാതൊരു പദാർത്ഥവും തിന്മയാണെന്നു സൃഷ്ടിയുടെ അദ്ധ്യായങ്ങളിൽ കാണുന്നില്ല. 'താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നു കണ്ടു' (ഉൽപ. 1:31). സകലവും അവൻ മുഖാന്തരവും അവനായും സൃഷ്ടിക്കപ്പെട്ടതാകയാൽ ക്രിസ്തുവിന്റെ കർത്തൃ

ത്വത്തിനു വിധേയമായി ദൃശ്യവും അദൃശ്യവുമായ സകലവും ഉപയോഗിക്കപ്പെടണം. 'ഭൂമിയും അതിന്റെ പൂർണതയും കർത്താവിനുള്ളത്.' ദൈവത്തേയും മാമോനേയും സേവിക്കുന്നവനു ദൈവം ദൈവമായിരിക്കുകയില്ല. മാമ്മോനുവേണ്ടി ദൈവത്തെ സേവിക്കുന്നവന്റെ ദൈവം മാമ്മോനാണ്. എന്നാൽ യഥാർത്ഥ ദൈവസേവകനാകട്ടെ മാമ്മോനെ ദൈവഹിതപ്രകാരം വിനിയോഗിക്കുവാൻ വെമ്പൽകൊള്ളുന്നു. സ്വർണനാവുകാരനായ ഈവാനിയോസ് ആദിയായി പല സഭാപിതാക്കന്മാരുടേയും എഴുത്തുകളിലും ധനം ദൈവഹിതപ്രകാരം വിനിയോഗിക്കേണ്ട ഒരു ട്രസ്റ്റാണെന്നു കാണുന്നു. ധൂർത്തടിച്ചുള്ള ജീവിത സമ്പ്രദായങ്ങൾ, മദ്യപാനം, അമിതാഡംബര വസ്ത്രധാരണം തുടങ്ങി സ്വന്തം സഹോദരനെ കണ്ടില്ലെന്നു നടിച്ചുകൊണ്ടുള്ള ധനവിനിയോഗം ഒരു ക്രിസ്തീയ കാര്യവിചാരകനും സാദ്ധ്യമല്ല. എന്നാൽ മനുഷ്യരെ പുതിയ സൃഷ്ടികളാക്കുന്ന ക്രിസ്തു ഹൃദയങ്ങളെ ഭരിക്കുന്നതുവരെ പണത്തിന്റെ കാര്യവിചാരകത്വം അപ്രായോഗികമായിരിക്കും.

കമ്യൂണിസ്റ്റ് തത്വസംഹിതകളുടെ ജനയിതാവായ കാറൽ മാക്സ് ആംഗ്ലേയ സഭയെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: “ഇംഗ്ലണ്ടിലെ സഭയുടെ 39 മതസംഗതികളിൽ ഒരു മതസംഗതി നഷ്ടപ്പെട്ടാൽ ആ സഭ അതു സഹിക്കും. എന്നാൽ അതിന്റെ ധനത്തിന്റെ 39-ൽ ഒരംശം നഷ്ടപ്പെട്ടാൽ സഭ അതു സഹിക്കുകയില്ല.” ഇത് നാം ഓരോരുത്തരെയും നമ്മുടെ സഭയേയും സംബന്ധിച്ചും എത്രയോ ശരിയാണ്. ക്രിസ്തീയ വിശ്വാസവും സ്നേഹവും അനുസരിച്ച് പണം വിനിയോഗിക്കുവാൻ നാം പഠിക്കണം. ഇന്നത്തെ ലോകത്തിൽ സമ്പന്നരാജ്യങ്ങളും നിർദ്ധനരാജ്യങ്ങളും തമ്മിലുള്ള വിടവ് ആരേയും ഞെട്ടിപ്പിക്കുന്നതാണ്. ആഗോള അവസരസമത്വമാണ് ദൈവഹിതം എന്നതിനു രണ്ടുപക്ഷമില്ല. അതിനായി സ്വത്തിന്റെ കാര്യവിചാരകത്വബോധം പ്രചരിപ്പിക്കുക എന്നത് നാം ഓരോരുത്തരുടേയും കർത്തവ്യമാണ്. “പാപിയുടെ സമ്പത്തോ നീതിമാനു വേണ്ടി സംഗ്രഹിക്കപ്പെടുന്നു” (സദൃ. 13:22). “ന്യായമല്ലാതെ പണം സമ്പാദിക്കുന്നവൻ താൻ ഇടാത്ത മുട്ടയുടെമേൽ അടയിരിക്കുന്ന തിത്തിരി പക്ഷിയെപ്പോലെയാകുന്നു. അവന്റെ സമൃദ്ധിയിൽ അത് അവനെ വിട്ടു പോകും. ഒടുവിൽ അവൻ ഭോഷനായിത്തീരും.” കരിഞ്ചന്ത, പൂഴ്ത്തി വയ്പ്, കൊള്ളലാഭം, കൈക്കൂലി തുടങ്ങിയവ അന്യായമായി ധനം സമ്പാദിക്കുന്ന മാർഗങ്ങളാണ്. ക്രിസ്ത്യാനികൾ പണക്കാര്യത്തിൽ അധാർമ്മികമായി പെരുമാറുന്നതുകൊണ്ട് സഭയുടെ സാക്ഷ്യംതന്നെ ഇന്ന് വിരോധാഭാസമായിത്തീർന്നിരിക്കുകയാണ്.

ദൈവം തന്റെ ഏകജാതനായ പുത്രനെ മനുഷ്യവർഗത്തിനുവേണ്ടി ദാനമായി നൽകി. അതിനാൽ നമുക്ക് ഏറ്റവും പ്രിയപ്പെട്ടതും വില കൂടി

യതും ഉപേക്ഷിക്കാൻ മനസ്സില്ലാത്തതും സന്തോഷത്തോടുകൂടി കൊടുക്കണം. ക്രിസ്തുവിന്റെ സ്വയംപരിത്യാഗത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ക്രിസ്തീയ കാര്യവിചാരകത്വം സുഗ്രാഹ്യമല്ല. ദൈവം തന്റെ സ്വന്തപുത്രനെ തനിക്കായിത്തന്നെ സുരക്ഷിതാവസ്ഥയിൽ വെച്ചുകൊള്ളാതെ നമുക്കുവേണ്ടി ഏൽപിച്ചുതന്നു (റോമർ 28:32). ഇതാണ് സുവിശേഷം. കാൽവരിയിൽ മറ്റുള്ളവരുടെ രക്ഷയ്ക്കായി മരിച്ചതിൽ ദുഃഖത്തേക്കാളേറെ സംതൃപ്തി ഉണ്ടായിരുന്നതിനാലായിരിക്കണമല്ലോ അവസാനത്തെ വചനങ്ങൾ വിജയഭേരിയുടെ "നിവൃത്തിയായ്" എന്നതും "പിതാവേ എന്റെ ആത്മാവിനെ തൃക്കൈയിൽ ഭരമേൽപ്പിക്കുന്നു" എന്നതും ആയിരുന്നത്. സുവിശേഷം എന്നത് ദുഃഖത്തിലെ സന്തോഷവും, മരണത്തിലെ ജീവനും, സ്വയത്യാഗത്തിലെ സ്വയം കണ്ടെത്തലും, ശത്രുവിനെ പ്രാർത്ഥിച്ച് മിത്രമാക്കുന്നതും, ചരിത്രത്തിലെ നിത്യതയും, സേവനത്തിലെ രാജത്വവും, നരകത്തിനുള്ളിൽ മറ്റുള്ളവരെ രക്ഷിക്കുവാൻ പ്രവേശിക്കുമ്പോൾ അനുഭവിക്കുന്ന സ്വർഗവുമാകുന്നു. ആ രക്ഷണ്യ സുവിശേഷം ലോകം മുഴുവനും എത്തിക്കുവാനുള്ള കാര്യവിചാരകത്വമാണ് നമ്മുടെ കർത്താവിന്റെ അന്ത്യശാസന നമ്മോട് ആവശ്യപ്പെടുന്നത്. സുവിശേഷം മാനവരാശിയെ എല്ലാ അന്ധതയിൽനിന്നും ബന്ധനങ്ങളിൽനിന്നും ചൂഷണങ്ങളിൽനിന്നും മോചിപ്പിക്കുന്നു എന്ന സത്യം ഓരോരുത്തരും അറിഞ്ഞിരിക്കണം.

സുവിശേഷസത്യങ്ങൾ പ്രാവർത്തികമാക്കുന്നത് ക്രിസ്തീയ കാര്യവിചാരകത്വത്തിലൂടെയാണ്. അതിന് നമ്മുടെ ഇടവകകൾക്ക് ധാരാളം അവസരങ്ങൾ ഉണ്ട്. സണ്ടേസ്കൂളുകൾ വഴി ക്രിസ്തീയ കാര്യവിചാരകത്വം നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാവുന്നതാണ്. കഴിവുള്ള കുട്ടികൾ കഴിവില്ലാത്തവരെ സഹായിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. വെറുംകൈയോടെ ദൈവസന്നിധിയിൽ വരരുതെന്നുള്ള പ്രമാണം പ്രായോഗികമാക്കണം. ജീവിതം സമ്പൂർണമാണെന്നും ഞായറാഴ്ചത്തെ പ്രത്യേക വിശുദ്ധി തിങ്കൾ മുതൽ ശനി വരെ വിശുദ്ധമാക്കാനാണെന്നും പഠിപ്പിക്കണം. യുവജനസംഘടനകളും ഈ വിഷയം പ്രത്യേക ചർച്ചയ്ക്ക് വിധേയമാക്കണം. ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സഹോദരത്വവും യേശുക്രിസ്തു വെളിപ്പെടുത്തിയത് സഭ എങ്ങനെ പ്രായോഗികമാക്കാമെന്നു ചിന്തിക്കണം. "മറ്റുള്ളവർ അദ്ധ്വാനിച്ചു. അവരുടെ അദ്ധ്വാനഫലത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുന്നു" (യോഹ. 4:38) എന്ന കർത്തൃവചനപ്രകാരമല്ലേ മനുഷ്യർ മുഴുവനും ജീവിക്കുന്നത്. ഇതിൽ നിന്നും നമ്മുടെ അദ്ധ്വാനഫലത്തിന്മേൽ മറ്റുള്ളവർക്കുള്ള അവകാശം സ്ഥിരീകരിക്കപ്പെടുകയാണല്ലോ ചെയ്യുന്നത്.

"നിന്റെ കാര്യവിചാരകത്വത്തിന്റെ കണക്കു ഏൽപിച്ചുതരിക. നീ ഇനി

കാര്യവിചാരകനായിരിപ്പാൻ പാടില്ല" എന്ന് സകലത്തിന്റെയും ഉടമസ്ഥ നായ ദൈവം തമ്പുരാൻ തന്റെ കാര്യവിചാരകനായ നമ്മോട് എപ്പോൾ പറയുമെന്ന് ആർക്കും ഒരറിവുമില്ല. അനീതിയും അവിശ്വസ്തതയും സ്നേഹമില്ലായ്മയും കാര്യവിചാരകന്മാരിൽ കണ്ടാൽ ഉടമസ്ഥൻ നമ്മോട് കണക്കു ചോദിക്കും. അവൻ നമ്മെ ഉന്നതസ്ഥാനത്തു നിന്നും പുറംതള്ളും. വിശ്വസ്ത കാര്യവിചാരകന് തന്റെ സേവനത്തിൽ നിന്നു ലഭിക്കുന്ന ആനന്ദം മതിയായ പ്രതിഫലമാണ്. കൂടാതെ പ്രതിഫല പൂർണത കാലസമ്പൂർണതയിൽ "നല്ലവനും വിശ്വസ്തനുമായ ദാസന്" ലഭിക്കാതെയിരിക്കുകയില്ല. "നാം അവനോടുകൂടി കഷ്ടം അനുഭവിച്ചാൽ അവനോടു കൂടി തേജസ്കരിക്കപ്പെടുകയും ചെയ്യും" (റോമ. 8:17). നമ്മുടെ കർത്താവിന്റെ സ്വന്ത വാചകത്തിൽ പറഞ്ഞാൽ "ഞാൻ ഇരി ക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്ക് ശുശ്രൂഷ ചെയ്യു ന്നവനെ എന്റെ പിതാവ് മാനിക്കും" (യോഹ. 12:26).

### പാഠം 3

## വികസനം - പങ്കിടുക വഴി

കഴിവുകളെ പരസ്പരം പങ്കിടുന്ന വ്യവസ്ഥിതി (Resource Sharing System). W.C.C യുടെ R.S.S. ഇതാണ്. ലോകത്തിന്റെ സ്രഷ്ടാവും, ഉടമ സ്ഥനും, പരിപാലകനും ദൈവമാണ്. അദ്ദേഹം സൂക്ഷിച്ചിരിക്കുന്നവ യാണ് വായുവും, വെള്ളവും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും, കൽക്ക രിയും മറ്റ് എല്ലാ ലോഹങ്ങളും, പെട്രോളും, സകല സ്വത്തും. അവ യെല്ലാം ഈശ്വരസൃഷ്ടിയുടെ മകുടമായ മാനവരാശിക്ക് ഒരുപോലെ അവകാശമുള്ള പിതൃസ്വത്താണ്. ആ പിതൃസ്വത്ത് മക്കൾ പരസ്പരം പങ്കിടണം. കൃഷിക്കാരന്റെ ഉൽപന്നങ്ങൾ വ്യവസായിക്കും വ്യവസായി യുടെ സംസ്കൃത സാധനങ്ങൾ കൃഷിക്കാരനും പങ്കിടണം. പെട്രോൾ ഉള്ള രാജ്യങ്ങൾ അത് ഇല്ലാത്ത രാജ്യങ്ങൾക്ക് പങ്കിടുകയും പകരം അവ ർക്ക് ഇല്ലാത്ത ഭക്ഷ്യസാധനങ്ങളും വാഹനങ്ങളും മറ്റും അവർക്ക് ലഭി ക്കുകയും വേണം. ലോകകുടുംബത്തിൽ ഓരോരുത്തരും സ്വാർത്ഥത വെടിയണമെന്നാണ് കുടുംബനാഥനായ ഈശ്വരന്റെ ഹിതം.

വിശുദ്ധ ത്രിത്വവിശ്വാസികൾക്ക് പങ്കിടീൽ ദൈവത്തെപ്പോലെയാകു വാനും ആവശ്യമാണ്. "നിങ്ങളുടെ സ്വർഗീയ പിതാവ് സൽഗുണസമ്പൂർ ണനായിരിക്കുന്നതുപോലെ നിങ്ങളും ആയിരിപ്പിൻ" (മത്താ. 5:46) എന്ന ഉദാത്തമായ കൽപനയുടെ അർത്ഥം പിതാവ് നിത്യമായിത്തന്നെ

പുത്രനെ ജനിപ്പിക്കുകയും ആത്മാവിനെ പുറപ്പെടുവിക്കുകയും, സമ സാരാംശത്തിലും സമത്വത്തിലും സമനിതൃതയിലും വിശുദ്ധിയും സ്നേഹവും നന്മയും പങ്കിട്ടുകൊണ്ടിരിക്കുന്നതുപോലെ നാമും പങ്കിട ണമെന്നാണ്. സമുദ്രം അതിന്റെ ജലം നീരാവിയായി ആകാശത്തിന് പങ്കി ടുന്നു. ആകാശം അത് മഴയാക്കി ഭൂമിക്ക് പങ്കിടുന്നു. ഭൂമി അത് നദി യാക്കി സമുദ്രത്തിന് പങ്കിടുന്നു. സമുദ്രം വീണ്ടും പങ്കിടീൽ നടത്തിക്കൊ ണ്ടിരിക്കുന്നു. ഇതുപോലെ മാനവരാശി ദൈവികതയിൽ അതിന്റെ സകല കഴിവുകളും പങ്കിടണം. ഒരു കുടുംബത്തിൽ പിതാവ് ബീജം മാതാവിന് പങ്കിടുന്നു. മാതാവ് ശിശുവിന് സ്വന്തരക്തം പങ്കിടുന്നു. ശിശു ജനിച്ചു കഴിഞ്ഞാൽ മാതാപിതാക്കൾ സകല കഴിവുകളും പങ്കിട്ട് കുഞ്ഞിനെ വളർത്തുന്നു. പൈതൽ വളർന്നുകൊണ്ടിരിക്കുമ്പോൾ മാതാപിതാക്ക ന്മാരെ സന്തോഷിപ്പിക്കുവാൻ അവരുടെ സമയവും താലന്തുകളും കഴിവു കളും അവർക്കായി പങ്കിടുന്നു. ഈ പരസ്പരതയുടെ പ്രമാണം പ്രകൃ തിയിലും കാണാം. ഭൂമിയിൽ നിന്ന് വളം എടുക്കുന്ന വൃക്ഷലതാദികൾ ഫലങ്ങളെ ഭൂമിക്ക് തിരിച്ചുകൊടുക്കുന്നു. സൂര്യരശ്മി ഉപയോഗിച്ച് ചെടി കൾ കാർബൺഡൈഓക്സൈഡ് ശ്വസിച്ച് അതിനെ ഓക്സിജൻ ആക്കി പ്രകൃതിയിലേക്ക് തിരികെ കൊടുക്കുന്നു. പ്രപഞ്ചത്തിന്റെ നിലനിൽപ്പു തന്നെ ഈ പങ്കിടീലിനെ ആശ്രയിച്ചാണ്. സമുദ്രജലം നീരാവിയാകു വാൻ തയ്യാറല്ലാതെ വന്നാൽ ഭൂമിയിൽ മഴ പെയ്യുകയില്ല. സൂര്യരശ്മി സമുദ്രത്തിന് നൽകാതിരുന്നാൽ സമുദ്രം നീരാവി നൽകുകയില്ല. ഒരു കേരവൃക്ഷം അതിന്റെ നാളികേരവും ഓലയും തടിയും നമുക്ക് തരുന്ന തല്ലാതെ സ്വയം വളർച്ചയ്ക്കായി മാത്രം നിൽക്കുന്നില്ല. ത്രിത്വത്തിലെ പങ്കിടീൽ പൂർണമാണ്. പ്രകൃതിയുടെ പങ്കിടീൽ അപൂർണമാണെങ്കിലും സ്വാർത്ഥരഹിതമാണ്. മനുഷ്യൻ മാത്രമെ പങ്കിടാൻ മടിച്ച് സ്വാർത്ഥമായി സ്വത്ത് ആർജിച്ച് സുഖിപ്പാൻ ആഗ്രഹിക്കുന്നുള്ളു.

മാതാപിതാക്കന്മാർക്ക് അവരുടെ കുട്ടികൾക്ക് എത്ര സ്വത്തും, വസ്ത്രവും, ആഭരണവും, സ്ത്രീധനവും കൊടുത്താലും കൊടുത്തതു പോരാ എന്ന ചിന്തയാണ്. പിതൃസ്വത്തവകാശം ഭരണഘടനയിൽനിന്ന് മാറ്റുന്നതിന് അവർ എതിരാണ്. സ്നേഹം കുടുംബത്തിൽ മാത്രം ഒതു ങ്ങിനിൽക്കുന്നതുകൊണ്ടാണ് ഈ മൃഗീയ ചിന്താഗതി. ചൈനയിൽ നിന്ന് വിദേശത്തു പോകുന്നവർക്കു കിട്ടുന്ന ശമ്പളത്തിൽ അവരവരുടെ നിശ്ചിത അലവൻസിൽ അധികമുള്ളത് ചീന സർക്കാർ എടുത്ത് രാഷ്ട്ര നിർമ്മാണത്തിനുപയോഗിക്കുന്നു. അതിനാൽ ഒരു വിശാലമായ പങ്കി ടീൽ അവർ കാണിച്ചുതരുന്നു. പശു അതിന്റെ കിടാവിനെ മാത്രം നക്കു കയും ആ കിടാവിനെ കാണുവാനും പാലു കൊടുക്കുവാനും ഓടിപ്പോ കയും ചെയ്യുന്നത് നാം കാണാറുണ്ടല്ലോ. സ്വന്ത കുട്ടികൾക്ക് കൊടു

ക്കുന്നതിലുള്ള സന്തോഷം ദൈവദത്തമാണ്. എന്നാൽ മൃഗങ്ങൾക്കില്ലാത്ത ഒരു കഴിവ് മനുഷ്യർക്കുണ്ട്. ആഫ്രിക്കയിൽ പട്ടിണി കിടക്കുന്നവർക്കായി സ്വമനസ്സാ ഉള്ള സംഭാവന മാത്രം ചോദിച്ചതിന്റെ ഫലമായി ലഭിച്ചത് 10 ടൺ അരി. ചോദിച്ചിടത്ത് അതിലും എത്രയോ ഇരട്ടിയായിരുന്നു. മൃഗങ്ങൾക്കില്ലാത്ത ഈ സന്തോഷദാനമാണ് പങ്കിടീലിന്റെ നിസ്വാർത്ഥവശം. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് സന്തോഷം എന്നു കർത്താവരുളിയത് സുവിശേഷം എഴുതിയവർ രേഖപ്പെടുത്തിയില്ലെങ്കിലും അപ്പോസ്തോല പ്രവൃത്തികൾ 20:35-ൽ കാണാം.

സ്വയം സേവാസംഘമല്ല, മറ്റുള്ളവരെ സേവിക്കുന്ന സംഘമാണ് ഒരു ക്രിസ്തീയ ഇടവക. ഓരോ ക്രിസ്ത്യാനിയും ഹൈന്ദവർക്ക് പങ്കിടുക മാത്രമല്ല അവരുടെ ആഴമായ തത്വസംഹിത ഇങ്ങോട്ട് സ്വീകരിപ്പാനും തയ്യാറാകണം. ഇതിനാണ് Mission in dialogue എന്ന് ഇപ്പോൾ നിർവ്വചിക്കുന്നത്. വി. കുർബാന, പട്ടക്കാരന് സ്വീകരിക്കുവാനല്ല, പങ്കിടാനാണ് അർപ്പിക്കുന്നത്. സുവിശേഷം സ്വയരക്ഷയ്ക്കു മാത്രമല്ല ലോകരക്ഷയ്ക്കാണ്. ദശാംശം പോലും പങ്കിടാത്ത ഇടവകാംഗങ്ങൾ നമുക്കുണ്ട്. ദശാംശം മാത്രം സ്വയ ആവശ്യത്തിനെടുത്തിട്ട് പത്തിൽ ഒമ്പത് പങ്കിടുന്നവരും ഇല്ലാതില്ല. ചില മാതാക്കൾ വയറുമുറുക്കിക്കുത്തി പട്ടിണി കിടന്ന് ആഹാരം ഭർത്താവിനും കുഞ്ഞുങ്ങൾക്കും പങ്കിടാറുണ്ടല്ലോ. എന്റെ മാതാവ് എന്റെ ചെറുപ്പത്തിൽ അങ്ങനെ ചെയ്തിട്ടുള്ളതായി എനിക്കറിയാം. എന്നാൽ അയൽവീടുകളിൽ ആഹാരം കൊണ്ടുകൊടുക്കുന്നതിലും ആ മാതാവിന് ഒരു പരമാനന്ദമുണ്ടായിരുന്നു. ഈ രണ്ടാം വശം ചില മാതാക്കൾ മാത്രമേ സാനന്ദം അനുഭവിക്കുന്നുള്ളു അഥവാ ചെയ്യുന്നുള്ളു. ഇടവക വികാരിമാർ പങ്കിടുന്നവരുണ്ടെങ്കിൽ ജനങ്ങളും പങ്കിടുമെന്ന് ചില ഇടവകകളുടെ വികാരിമാരെ കണ്ടിട്ട് എനിക്കും തോന്നിയിട്ടുണ്ട്.

പണം മാത്രമല്ല വിശ്വാസവും സാക്ഷ്യവും, ആരാധനയും വി. കുർബ്ബാനയും പങ്കിടുവാനാണ് എക്യുമെനിസം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാം വത്തിക്കാനു ശേഷം പ്രൊട്ടസ്റ്റന്റ് ചിന്തകൾ റോമൻ കത്തോലിക്കാ സഭയും, ചില കത്തോലിക്കാ ആശയങ്ങൾ പ്രൊട്ടസ്റ്റന്റ് സഭയും പങ്കിട്ടുകൊണ്ടിരിക്കയാണ്. ഓർത്തഡോക്സ് സഭകൾ മറ്റു സഭകളുടെ വിശുദ്ധ കുർബാന ഇപ്പോൾ പങ്കിടാത്തത് വിശ്വാസവും പട്ടത്വവും പങ്കിട്ടുകഴിഞ്ഞാണ് വി. കുർബ്ബാനയുടെ പങ്കിടീൽ നടക്കേണ്ടത് എന്ന അടിസ്ഥാനത്തിലാണ്. എന്നാൽ Commission of World Mission and Evangelism (CWME) എന്ന W.C.C. യുടെ യൂണിറ്റിൽ ഇപ്പോൾ ഓർത്തഡോക്സ് സഭകൾ കൂടുതലായി സംബന്ധിക്കുന്നു. മുമ്പ് വിശ്വാസവും പട്ടത്വവും (faith and order) എന്ന യൂണിറ്റിൽ മാത്രമാണ് ഉത്സാഹമായി സംബന്ധി

ച്ചുകൊണ്ടിരുന്നത്. Commission on Inter Church Aid, Refugees and World Service (CICARWS) എന്ന യൂണിറ്റിന്റെ പ്രധാന പരിപാടി സഭകളെ കൊണ്ട് പരസ്പരം സഹായിപ്പിക്കുകയും അഭയാർത്ഥികൾക്കും ക്ഷാമ പീഡിതർക്കും സഹായം എത്തിക്കുകയും ആണ്.

ദൈവം തന്റെ ഏകജാതനെ നമുക്കായിത്തന്നതിനാലാണ് നാം നമ്മുടെ ഏകജാതന്മാരെപ്പോലും ലോകത്തിന്റെ ഭാരം ചുമക്കുവാൻ മിഷൻ വേലയ്ക്ക് അയയ്ക്കേണ്ടത്. ഇന്ത്യയിൽ ഹൈന്ദവസംഘടനയായ R.S.S. ന്റെ അർത്ഥംപോലും മാറ്റി Resource Sharing Sysyem ആക്കുവാൻ യഥാർത്ഥ ഹിന്ദുമതം ആവശ്യപ്പെടും. അദ്വൈത ചിന്തയിൽ എല്ലാം ഒന്നാകയാൽ ഒരു മതം മാത്രം മതി ഇന്ത്യക്കെന്ന് ഹൈന്ദവ തത്വസംഹിത ശഠിക്കുകയില്ല. നമുക്ക് സന്തോഷിക്കുന്നവനോടുകൂടി സന്തോഷിക്കുകയും കരയുന്നവനോടുകൂടി കരയുകയും ചെയ്യാം. അതാണ് R.S.S.

## ബോധവൽക്കരണം - പ്രഥമ പരിപാടി

സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ പ്രഥമപടി ബോധവൽക്കരണമാണ്. ഇതു ക്രിസ്ത്യാനികൾ ഉൾപ്പെടെ നീതി നിഷേധിക്കപ്പെട്ടിരിക്കുന്ന സകലരുടെയും ഇടയിൽ നടക്കണം. ക്രിസ്തു തന്റെ ഇഹലോകവാസത്തിൽകൂടി കാണിച്ചുതന്ന സ്വയം വെറുമയാക്കലിന്റെ ഉത്തമമായ മാതൃക നാം ഓരോരുത്തരും ജീവിതത്തിൽ പകർത്തുകയാണെങ്കിൽ സമസൃഷ്ടികൾക്കുവേണ്ടി വളരെയധികം നന്മ ചെയ്യാൻ നമുക്ക് കഴിയും. ഇതിനായി സ്വയം വെറുമയാക്കൽ അടിസ്ഥാന പ്രമാണമായി സ്വീകരിച്ച അനേകം ചെറിയ സമൂഹങ്ങൾ രൂപംകൊള്ളണം. ഇങ്ങനെയുള്ള സമൂഹങ്ങൾ രാജ്യത്തിന്റെ വിവിധ ഗ്രാമങ്ങളിൽ താമസിച്ചു ഗ്രാമീണരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുമ്പോൾ, അതുകൊണ്ട് സേവനം ലഭിക്കുന്ന ജനങ്ങൾ സ്വാഭാവികമായി ഇവിടെ പ്രവർത്തിക്കുന്നവരെ ഇതിനായി പ്രേരിപ്പിക്കുന്ന ഘടകമെന്തെന്നു അന്വേഷിക്കും. ഈ അവസരത്തിൽ ക്രിസ്തുവിന്റെ അളവറ്റ സ്നേഹമാണ് ഈ നിസ്വാർത്ഥ സേവനത്തിനു തങ്ങൾക്കു പ്രചോദനം നൽകുന്നതെന്നു സാക്ഷിക്കാൻ കഴിയും. അതുകൊണ്ട് ഇന്നു ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് ക്രിസ്തുവിന്റെ ത്യാഗവും കരുണയും സാക്ഷിക്കുന്ന 'ജീവിത സമൂഹങ്ങളാണ്.' ആശ്രമങ്ങളും മറ്റും ഈ വിധത്തിൽ ആയിത്തീർന്ന് സകല മനുഷ്യജാതിയേയും ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുന്ന ഉത്തമ മാതൃക കാട്ടേണ്ടിയിരിക്കുന്നു.

നീതി നിഷേധിക്കപ്പെട്ടവരുടെ ഇടയിലും വ്യാപകമായ തോതിൽ ബോധവൽക്കരണം നടത്തണം. സമൂഹത്തിൽ മറ്റ് ഏതൊരാളിനേയും പോലെ അവർക്കും വ്യക്തിപരമായ സ്വാതന്ത്ര്യവും അവകാശങ്ങളും

ഉണ്ട്. എന്നാൽ അനീതി മൂലം അവർക്ക് ന്യായമായ ജീവിതസാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ് എന്ന അവബോധം അവരിൽ സൃഷ്ടിക്കണം. ദുർബലരും അസംഘടിതരും, നീതി നിഷേധിക്കപ്പെട്ടവരുമായ ജനതതിക്കു, തങ്ങളുടെ പരിപൂർണ്ണ പങ്കാളിത്തത്തോടെയുള്ള പോരാട്ടങ്ങളിലൂടെ മാത്രമേ നീതി ലഭിക്കുകയുള്ളു. ഇതിനായി ഏറ്റവും കുറഞ്ഞപക്ഷം എഴുതാനും വായിക്കാനും ഇവർ പരിശീലിപ്പിക്കപ്പെടണം. ഓരോരുത്തരും ഓരോരുത്തരെ പഠിപ്പിക്ക എന്ന പ്രമാണം ഭാരതത്തിൽ ഇന്നു വളരെ പ്രസക്തമാണ്. വിദ്യാഭ്യാസമുള്ളവർ നിരക്ഷരരെ നിർബന്ധമായും പഠിപ്പിച്ചിരിക്കണം. എന്നാൽ മാത്രമെ ബിരുദങ്ങൾ നൽകുകയുള്ളു എന്ന നിബന്ധന ഗവണ്മെന്റു പുതുതായി ആവിഷ്ക്കരിക്കുന്ന വിദ്യാഭ്യാസ നയത്തിൽ ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ട്. എഴുതാനും വായിക്കാനുമെങ്കിലും ജനങ്ങൾ പഠിച്ചുകഴിയുമ്പോൾ തങ്ങൾക്കു ചുറ്റുപാടും നടക്കുന്നതെന്തെന്ന് ഗ്രഹിച്ചറിയാനും അവയോടു പ്രതികരിക്കാനും കഴിയും. മറ്റാരുടെയും സഹായം കൂടാതെ തന്നെ തങ്ങൾ ആക്കപ്പെട്ടിരിക്കുന്ന ചൂഷിതഘടനയെക്കുറിച്ച് അറിവുണ്ടാകുകയും ഇതിൽ നിന്നു സ്വാതന്ത്ര്യം നേടാനുള്ള ആഗ്രഹം ഉടലെടുക്കുകയും ചെയ്യും. ഇങ്ങനെ രാജ്യത്തിന്റെ പല ഭാഗങ്ങളിലുള്ള ജനങ്ങൾ സാക്ഷരരാവുമ്പോൾ (ബോധവാന്മാരാവുമ്പോൾ) അവർ അന്യോന്യം ബന്ധപ്പെടുകയും തങ്ങളുടെ ന്യായമായ ജീവിതസാഹചര്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ പരസ്പരം കൈകോർത്ത് പരിശ്രമിക്കുകയും ചെയ്യും.

ഈ ബോധവൽക്കരണ പ്രക്രിയയിൽ ക്രിസ്ത്യാനികളുടെ പങ്ക് വലുതാണ്. ഓരോരോ ജനവിഭാഗങ്ങളുടെ ജീവിതത്തിൽ അവിഭാജ്യഘടകങ്ങളായി നിലകൊള്ളുന്ന കലാരൂപങ്ങളിലൂടെ മനുഷ്യൻ തന്റെ സർഗാത്മകത വർദ്ധിപ്പിക്കയും അതോടൊപ്പം തന്നെ നൂതന ആശയങ്ങൾ സ്വീകരിക്കയും ചെയ്യുന്നു. ഗ്രാമീണ ജനതയുടെ ജീവിതത്തിന്റെ തന്നെ ഭാഗമായി കഴിഞ്ഞിട്ടുള്ള പരമ്പരാഗതമായ കലാരൂപങ്ങളിലൂടെ അവന്റെ അവബോധത്തെ ഉണർത്തുവാനും അവന്റെ ഇന്നത്തെ നിസ്സഹായാവസ്ഥയിൽ നിന്നു അവനു പ്രതികരണശേഷി വളർത്തിയെടുക്കാനും സാധിക്കും. അനേകം പ്രാചീന കലാരൂപങ്ങൾ ഇന്നു മൺമറഞ്ഞുപോയിരിക്കുന്നു. ഒരു കാലത്ത് ഇവയെല്ലാം തന്നെ ഗ്രാമീണ ജനതയുടെ സന്തുഷ്ടജീവിതത്തിന്റെ സമ്പുഷ്ട വശങ്ങളായിരുന്നു. ഇന്ന് അവ ജീർണിക്കാൻ തുടങ്ങി. നാടോടിപ്പാട്ടുകൾ, നൃത്തങ്ങൾ, കാക്കരശ്ശി നാടകം മുതലായ പ്രാചീന കലാരൂപങ്ങൾ, പാവകളി ഇവയെല്ലാം ഇന്നു വിസ്മൃതിയിൽ ആണ്ടുപോയിരിക്കുന്നു. ഇവയെല്ലാം വീണ്ടെടുത്തു വേണ്ട ചില്ലറ ഭേദഗതികൾ വരുത്തി രൂപാന്തരപ്പെടുത്തിയെടുത്താൽ സാമൂഹ്യനീതിക്കുവേണ്ടിയുള്ള തീവ്രമായ ആശയങ്ങൾ ഇതിലൂടെ പകർന്നു കൊടു

ക്കാൻ കഴിയും. ഈ കലാരൂപങ്ങൾ ജനങ്ങളുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായതിനാൽ, ഇന്നത്തെ സിനിമ, ടി.വി. തുടങ്ങിയ മാധ്യമങ്ങളുടെ അധീശത്വ സംസ്കാരം ഇവയിലൂടെ കൈമാറപ്പെടില്ല. വിവിധ കലാരൂപങ്ങളുടെ ബോധവൽക്കരണ പ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്ന അനേകം ഗ്രൂപ്പുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ, പോസ്റ്റർ, തെരുവു നാടകങ്ങൾ, പാവകളി ഇവയെക്കുറിച്ചു അൽപമായി പറയാം.

### ചിത്രങ്ങൾ, പോസ്റ്ററുകൾ

ഓരോ ഗ്രാമീണ സമൂഹത്തിനും അവരുടെ അറിവിന്റെ പശ്ചാത്തലത്തിൽ ഇതു കാട്ടിക്കൊടുക്കാം. ഏതാനും ചില വരകൾകൊണ്ടു തീവ്രമായ ആശയങ്ങൾ കൈമാറാൻ കഴിയും. അൽപസ്വൽപം ചായക്കൂട്ടും വേണം.

### തെരുവു നാടകങ്ങൾ

ഇന്ന് അജ്ഞരും മർദ്ദിതരുമായ ഗ്രാമീണ ജനതയെ ശക്തമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒരു കലാരൂപമാണ് തെരുവു നാടകങ്ങൾ. യാതൊരു രംഗസജ്ജീകരണവുമില്ല. നടീനടന്മാർക്കു വേഷവിധാനങ്ങൾ ഒന്നും തന്നെയില്ല. രംഗം ഏതെങ്കിലുമൊരു കവല. ചെണ്ടകൊട്ടി ജനങ്ങളെ ഉണർത്തുന്നു. ചൂഷണത്തിലും മർദ്ദനത്തിലും ആണ്ടു കഴിയുന്ന ഒരു സമൂഹത്തിന്റെ കഥ ഇവിടെ അരങ്ങേറുകയായി. കഥാപാത്രങ്ങൾ കാണികളുടെ ഇടയിൽനിന്നു തന്നെ രംഗത്തെത്തുന്നു. സമൂഹത്തിലെ അധർമ്മവും അനീതിയും തൊലിയുരിച്ചു കാട്ടപ്പെടുന്നു. ഭൂവുടമ അഥവാ മുതലാളി തന്റെ സംഹാരതാണ്ഡവം നടത്തുന്നതു കാണികളെ ചിന്തിപ്പിക്കുന്നു.

എന്നാൽ കുറച്ചു കഴിഞ്ഞു നീതിബോധമുള്ള ധീരരായ ഏതാനും ചെറുപ്പക്കാർ ഗ്രാമത്തിലേക്കു കടന്നുവരുന്നു. സത്യത്തിനും ദൈവനീതിക്കും വേണ്ടി പോരാടുന്ന ഇവർ ജനങ്ങളെ സത്യത്തെയും നീതിയെയും കുറിച്ചു ബോധവാന്മാരാക്കുന്നു. ഗ്രാമീണരിലെ അവബോധം ഉണരുന്നു. തങ്ങളുടെ അടിമനുകത്തിൽ നിന്നു മോചനം നേടാൻ തങ്ങൾ തന്നെ ശ്രമിക്കേണ്ടിയിരിക്കുന്നു. അവർ അതിനു തയ്യാറാവുന്നു. അടിമച്ചങ്ങലകൾ ഓരോന്നായി പൊട്ടി വീഴുന്നു. മർദകന്റെ അനീതി ഓരോന്നായി പുറത്തുവരുന്നു. കാണികൾക്ക് ഇത് തങ്ങളുടെ തന്നെ ജീവിതമാണെന്നു ബോദ്ധ്യമാകുന്നു. നീതിക്കുവേണ്ടിയുള്ള തങ്ങളുടെ ദാഹത്തിനു സാക്ഷാൽക്കാരം ലഭിക്കാൻ പോകുന്നു. കാണികളും രംഗത്തേക്കു കടന്നുവരുന്നു. ഈ തീവ്രമായ നിമിഷത്തിൽ മർദകൻ, മർദിതരുടെ

കൈയിൽ ഏൽപിക്കപ്പെട്ടാൽ എന്താണ് സംഭവിക്കാഴ്ക! അതുകൊണ്ട് ഗ്രാമത്തിലെ പട്ടക്കാരൻ തന്റെ ജനങ്ങളെ നേരായവിധത്തിൽ ഉപദേശിക്കുന്നു. ഇതിലെ ആശയം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നു. മർദകൻ മരണത്തിൽനിന്നും രക്ഷപ്പെടുന്നു. ജനങ്ങളെ അക്ഷരാർത്ഥത്തിൽ പ്രവൃത്തിപഥത്തിലേക്കു നയിക്കുന്നതാണ് ഇത്തരം നാടകങ്ങൾ.

## പാവകളി

വെറും നാലഞ്ചു രൂപാ ഉണ്ടെങ്കിൽ ഒരു പാവയെ നിർമ്മിക്കാം. മൂന്നു നാലു പാവകളും ഒരു സ്ക്രീനും ഉണ്ടെങ്കിൽ കഥ അവതരിപ്പിക്കാം. പാവകളുടെ വേഷവും മട്ടും മറ്റും കാണുമ്പോൾ തന്നെ ചിരിക്കാത്തവരും ചിരിക്കും. സ്ക്രീനിന്റെ മുകൾഭാഗത്തു പാവയെ നിർത്തി വേണ്ട വിധത്തിൽ ചലിപ്പിച്ചുകൊണ്ട് പിന്നണിയിൽ പ്രചാരകൻ സംസാരിക്കും. ചിരിയുടെ മാലപ്പടക്കത്തിനിടയിലൂടെ തീവ്രമായ ആശയങ്ങൾ ജനങ്ങൾക്കു കൈമാറുന്നു.

മനുഷ്യൻ തന്നിൽ ഉറങ്ങുന്നു കിടക്കുന്ന ശക്തി കാട്ടികൊടുത്തെങ്കിൽ മാത്രമെ അവൻ മുന്നോട്ടു പുരോഗമിക്കുകയുള്ളു. ഭാരതത്തിലെ ഭൂരിഭാഗം ജനത നൂറ്റാണ്ടുകളായി സാമൂഹ്യസാമ്പത്തിക അടിമത്തം അനുഭവിച്ച്, ഇതെല്ലാം തങ്ങളുടെ വിധിയെന്ന് ഓർത്ത് സംതൃപ്തിയടഞ്ഞു കഴിയുന്നു. എന്നാൽ ഇങ്ങനെ കഴിഞ്ഞാൽ പോരാ, നിങ്ങൾക്കും ദൈവത്തിന്റെ ആത്മികവും ഭൗതികവുമായ സമ്പത്തിൽ തുല്യപങ്കാളിത്തമുണ്ട്. മറ്റുള്ളവരെപ്പോലെ തന്നെ നിങ്ങളും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. അതുകൊണ്ട് 'സമൃദ്ധമായ ജീവൻ' നിങ്ങൾക്കും അവകാശപ്പെട്ടതാണ് – എന്നീ അടിസ്ഥാന സത്യങ്ങൾ ക്രിസ്തീയ പ്രവർത്തകർ ഇവരെ പറഞ്ഞു മനസ്സിലാക്കണം. സാമൂഹ്യനീതി കൈവരുത്തുന്നതിനുള്ള ആദ്യപടി ശരിയായ ബോധവൽക്കരണമാണ്.

ഈ 'ബോധവൽക്കരണ പ്രക്രിയ' ഇന്നു ഗ്രാമപ്രദേശങ്ങളിലും കടലോരപ്രദേശങ്ങളിലും അസംഘടിതരായ തൊഴിലാളികളുടെ ഇടയിലും ചെറിയ തോതിലെങ്കിലും നടന്നുകൊണ്ടിരിക്കയാണ്. ത്യാഗസന്നദ്ധരായ ക്രിസ്തീയ പ്രവർത്തകർ ദൈവനീതിയും സത്യവും അടിസ്ഥാനമാക്കി ഈ ബോധവൽക്കരണ പ്രക്രിയയെ ത്വരിതപ്പെടുത്തണം. ലഭ്യമായ എല്ലാ ബഹുജന സമ്പർക്ക മാധ്യമങ്ങളും ഈ പ്രധാന ദൗത്യത്തിനായി കാലോചിതമായ ഭേദഗതികൾ വരുത്തി പ്രയോജനപ്പെടുത്തണം. ഒരളവിൽ 'ബോധവൽക്കരണം' നടന്നു കഴിഞ്ഞാൽ പിന്നെ ചൂഷിതജനത സ്വയം പ്രതികരിച്ചുകൊള്ളും. ഈ ഘട്ടത്തിൽ ജനങ്ങൾക്ക് അവശ്യംവേണ്ട മാർഗനിർദ്ദേശങ്ങൾ മാത്രം കൊടുത്താൽ മതിയാവും. വേണ്ട ഉപദേശങ്ങൾ ഈ അവസരത്തിൽ നൽകിയില്ലെങ്കിൽ, ഇത്രയും നാളത്തെ അടിച്ചമർത്ത

ലിന്റെ കാഠിന്യം മൂലം ഇവർ അക്രമാസക്തരായി മാറിയേക്കാം. ഇങ്ങനെ മർദിത ജനതയുടെ എല്ലാ തലങ്ങളിലുമുള്ള 'പരിപൂർണ' പങ്കാളിത്ത ത്തോടെ മാത്രമേ അവർ സ്വയം വിമോചിതരാവുകയുള്ളു.

ഈ വിമോചന പ്രക്രിയയിൽ ഇന്നത്തെ വ്യവസ്ഥാപിത സഭകൾ എന്തു നിലപാടായിരിക്കും സ്വീകരിക്കുക? പൊതുവായി പറഞ്ഞാൽ സഭാ അധികാരികൾ അതതു കാലത്തെ ഭരണകൂടവുമായി ചേർന്നുപോകാൻ താൽപര്യപ്പെടുന്നു. ഇന്നത്തെ ഭരണവർഗത്തിന്റെ സ്വഭാവം ന്യൂനപക്ഷ മായ മുതലാളിത്ത വർഗത്തിന്റേതു തന്നെയാണ്. അപ്പോൾ ന്യായമായും ഇന്നത്തെ നിലയിൽ സഭകളുടെ ഉന്നതാധികാര സമിതികളിൽ നിന്നും സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ എന്തെങ്കിലും പ്രോത്സാ ഹനം ലഭിക്കുമെന്നു കരുതുന്നതു മൗഢ്യമാണ്. സാമൂഹ്യ ഉന്നമനത്തി നായി പ്രവർത്തിക്കുന്ന ഫാദർ വടക്കൻ രാഷ്ട്രീയ പാർട്ടികളോടായി ഒരാഹ്വാനം ചെയ്യുകയുണ്ടായി. അടുത്ത തെരഞ്ഞെടുപ്പിനു മുമ്പ് എല്ലാ രാഷ്ട്രീയ പാർട്ടികളെക്കൊണ്ടും തന്റെ രണ്ടു പ്രധാന നിർദ്ദേശങ്ങൾ അംഗീകരിപ്പിക്ക എന്നതാണു അദ്ദേഹത്തിന്റെ പുതിയ ദൗത്യം.

(1) സമ്പൂർണ മദ്യനിരോധനം (മദ്യവർജനം വഴി?) ഏർപ്പെടുത്തുക. (2) അനധികൃതമായി കൈയടക്കി വച്ചിരിക്കുന്ന സ്വത്തെല്ലാം കണ്ടെ ടുത്തു കേരളത്തിലെ 70 ലക്ഷം തൊഴിൽരഹിതർക്കു തൊഴിൽ ഉണ്ടാ ക്കിക്കൊടുക്കുക. സഭ വകയായുള്ള ഭീമമായ സമ്പാദ്യങ്ങളും തൊഴിലി ല്ലാത്തവർക്കു തൊഴിൽ നൽകാനായി വിനിയോഗിക്കണം എന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. നീതിക്കുവേണ്ടിയുള്ള ഇത്തരം ധീരമായ ശ്രമങ്ങളിൽ നീതിക്കുവേണ്ടി ദാഹിക്കുന്ന ജനവിഭാഗങ്ങൾ ഒന്നിച്ചുചേർന്ന് സഭാനേതൃ ത്വത്തിന്റെ മനോഭാവത്തെ മാറ്റിയെടുക്കുകയാണ് ചെയ്യേണ്ടത്.

സാമൂഹ്യനീതിക്കുവേണ്ടി ശക്തമായി നിലകൊള്ളുന്നതു കമ്യൂണി സ്റ്റുകൾ ആണല്ലോ. കമ്യൂണിസ്റ്റ് ആശയങ്ങളും പ്രവർത്തനപരിപാടി കളും ഭാരതത്തിൽ സാമൂഹ്യനീതി കൈവരുത്തുന്നതിന് എത്രത്തോളം ഉപയോഗിക്കാമെന്നുള്ളതു പരീക്ഷിച്ചു നോക്കേണ്ടതാണ്. അടിസ്ഥാന പരമായി മാനവജാതിയുടെ സാഹോദര്യത്തിനും ഐക്യത്തിനും പ്രധാ നമായ അടിസ്ഥാനം - മനുഷ്യൻ വെറും ഒരു സാമൂഹ്യമൃഗം മാത്രമല്ല, അവൻ ഒരു ആത്മീയജീവിയാണ്. അവന്റെ ആത്മാവ് എപ്പോഴും തന്റെ സ്രഷ്ടാവിൽ ചെന്നുചേരാൻ അതിയായി വാഞ്ഛിക്കുന്നു. ആത്മാവിന്റെ ഈ പ്രമാണത്തിന്റെ ഒരു ഘട്ടം മാത്രമെ ഇഹലോകജീവിതത്തിൽ കൂടി നിവർത്തിക്കപ്പെടുന്നുള്ളു. അതുകൊണ്ട് മനുഷ്യന്റെ ആത്മീയ ആവ ശ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു ജീവിതചര്യയ്ക്കു മാത്രമേ അവന് യഥാർത്ഥ ആനന്ദവും സംതൃപ്തിയും നൽകാൻ

സാധിക്കൂ – എന്നത് ഇന്നത്തെ ക്രൈസ്തവ മതങ്ങളുടെ പ്രവർത്തന പരിപാടികൾ വച്ചുകൊണ്ട് കമ്യൂണിസ്റ്റുകൾക്കു മനസിലാക്കാൻ പ്രയാസമുണ്ട്. എന്നാൽ കമ്യൂണിസം അതേപടി പകർത്തിയാൽ അത് മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളെ മാത്രം കരുതുന്നതായിരിക്കും എന്നു കണ്ടു കഴിഞ്ഞുവല്ലോ. അനീതി നിറഞ്ഞ സാമൂഹ്യഘടനകളെ ഉടച്ചുവാർക്കാൻ കമ്യൂണിസം ഒരു പരിധിവരെ സഹായിക്കും. എന്നാൽ അത് അതിൽത്തന്നെ ഒരു ലക്ഷ്യമാകാൻ അനുവദിച്ചാൽ ക്രിസ്തീയ മാർഗ്ഗത്തിൽനിന്നു വളരെ വ്യതിചലിച്ചു പോകും.

ഏതായാലും ഒരു കാര്യം വ്യക്തമാണ്. സ്വകാര്യസ്വത്ത് മൗലിക അവകാശമായി തുടരുന്നിടത്തോളം കാലം ഒരു ന്യൂനപക്ഷം ഏതു വിധേനയും സമ്പത്തു വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും അതുമൂലം മറുവശത്തു നീതി നിഷേധിക്കപ്പെടുന്നവരുടെ ജീവിതം അത്യന്തം ദുരിതപൂർണമാവുകയും ചെയ്യും. അതുകൊണ്ട് സ്വകാര്യ സ്വത്ത് എന്നത് നമ്മുടെ ഭരണഘടനയുടെ മൗലിക തത്വങ്ങളിൽനിന്നു എടുത്തുകളഞ്ഞേ തീരൂ. സാമൂഹ്യനീതി നിലവിൽ വരുന്ന ഒരു സമൂഹത്തിൽ ഓരോ വ്യക്തിക്കും ഏറെക്കുറെയെങ്കിലും അവന്റെ നൈസർഗികമായ കഴിവുകൾ അനുസരിച്ചുള്ള ജോലികളാണ് ലഭിക്കുക. ഓരോ വ്യക്തിയും ജോലിയിൽ ഏർപ്പെടുന്നത് തന്റെ ഉപജീവനത്തിനുവേണ്ടി മാത്രമല്ല, സമൂഹത്തിന്റെ ആകമാന വളർച്ചയ്ക്കും കൂടിയാണ്. ഇങ്ങനെയാകുമ്പോൾ ഓരോ വ്യക്തിക്കും അവന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനുള്ള ജീവിത സാഹചര്യങ്ങൾ മാത്രം കൊടുക്കയാണ് വേണ്ടത്. ഒരുവൻ ധനിക കുടുംബത്തിൽ പിറന്നു എന്നതുകൊണ്ടു മാത്രം ഈ വ്യക്തിക്ക് കാര്യമായ സംഭാവനകളൊന്നും സമൂഹത്തിന് കൊടുക്കാൻ കഴിയുന്നില്ല. തന്റെ പിതാമഹന്മാർ അന്യായമാർഗങ്ങളിലൂടെ സമൂഹത്തെ ദ്രോഹിച്ചു ധനം സമ്പാദിച്ചതായിരിക്കാം. അവന് പ്രഭുതുല്യമായ ജീവിതം നയിക്കാൻ യാതൊരവകാശവുമില്ല. അത് മറ്റനേകർക്ക് അർഹമായ ജീവിത സാഹചര്യങ്ങൾ നിഷേധിക്കുക കൂടിയാണ്. അതുകൊണ്ട് ക്രൈസ്തവ സഭയിൽ ഉൾപ്പെടുന്ന നീതിബോധമുള്ള ഗ്രൂപ്പുകൾ ദാരിദ്ര്യം വ്രതമായി സ്വീകരിച്ചു ജീവിക്കുകയും സ്വകാര്യ സ്വത്ത് മുതലായി സാമൂഹ്യനീതിക്കു വിലങ്ങുതടിയായി നിൽക്കുന്ന വ്യവസ്ഥിതികളെ നീക്കം ചെയ്യാൻ സമാന ചിന്താഗതിക്കാരായ ജനവിഭാഗങ്ങളോടൊത്തു പോരാടുകയും ചെയ്യണം. വേദപുസ്തകത്തിൽ ഉടനീളം നോക്കിയാൽ ദരിദ്രനും, പീഡിതനും, വിധവയ്ക്കും, അഗതിക്കും, പരദേശിക്കും, ആലംബഹീനനും നീതിപാലിച്ചു കൊടുക്ക എന്ന ആഹ്വാനമാണ് നാം കാണുന്നത്.

ഇങ്ങനെ ക്രിസ്തുവിന്റെ സന്ദേശം യഥാർത്ഥമായി നാം ഉൾക്കൊ

ണ്ടാൽ ജീവകാരുണ്യ പ്രവർത്തനത്തിന്റെ പേരും പറഞ്ഞു പബ്ലിക് സ്കൂളുകൾ, വൻകിട ആശുപത്രികൾ, സാങ്കേതിക വിദ്യാലയങ്ങൾ എന്നത് നഗരങ്ങളിൽ തുടങ്ങാൻ നാം വെമ്പൽ കാട്ടുന്നതിനു പകരം യാതൊരു വികസനവും എത്തി ചെന്നിട്ടില്ലാത്ത ഭാരതത്തിന്റെ ശരാശരി ഗ്രാമങ്ങളിൽ കടന്നുചെന്ന് ജനങ്ങളെ അക്ഷരാഭ്യാസം ചെയ്യിക്കുക, ശുചിത്വം പഠിപ്പിക്കുക, പ്രാഥമിക വൈദ്യശുശ്രൂഷകൾ കൊടുക്കുക എന്നിവയിൽ ജാഗരൂകരാകും എന്നതിനു രണ്ടു പക്ഷമില്ല. അങ്ങനെ നിത്യനായ ദൈവത്തിന്റെ അളവറ്റ സ്നേഹം എല്ലാ സൃഷ്ടികളിലേക്കും ലോപമെന്യേ ഒഴുകാൻ സംഗതിയാകും.

## ക്രൈസ്തവരായ നാം നടപ്പിൽ വരുത്തേണ്ട ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ

1. സഭാജീവിതത്തിനു തങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ പ്രഥമ സ്ഥാനം കൊടുക്കുക.

2. നാം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്നതുപോലെ സൃഷ്ടി മുഴുവനും ദൈവത്തിന്റേതാണ് എന്ന ഉത്തമബോദ്ധ്യം ഉണ്ടാകുക.

3. സഭാശുശ്രൂഷകർ ഏറ്റം ആവശ്യമായി ക്രിസ്തു ഇഹലോക ജീവിതത്തിൽകൂടി കാട്ടിത്തന്ന മഹത്തായ മാതൃക – 'ദാരിദ്ര്യം' – ജീവിത പ്രമാണമായി സ്വീകരിക്കുക.

4. സ്ഥാപനങ്ങൾ വഴിയായുള്ള മിഷൻ പ്രവർത്തനങ്ങൾ ഏറ്റവും ദുർബല ജനവിഭാഗങ്ങൾക്കു ലഭിക്കത്തക്ക രീതിയിൽ നടത്തുക.

5. ഗ്രാമങ്ങളുടേയും ചേരിപ്രദേശങ്ങളുടേയും വിമോചനത്തിനായി സർവവും ത്യജിച്ചു നാഥന്റെ പിന്നാലെ വരുന്ന ഒരു പറ്റം യുവാക്കൾ സഭയിൽ ഉണ്ടാകണം.

6. ദൈവസ്നേഹത്തിന്റെ സന്ദേശവുമായി കേരളത്തിലുള്ള സന്യാസപ്രസ്ഥാനങ്ങൾ രാജ്യത്തിന്റെ ഇതരഭാഗങ്ങളിലേക്കു കടന്നുചെന്ന് ദുർബല ജനവിഭാഗങ്ങൾക്കു ചെറിയ തോതിലെങ്കിലും സഹായം എത്തിക്കുക.

7. സത്യത്തിനും നീതിക്കും വേണ്ടിയുള്ള ശക്തമായ ദാഹം ജനങ്ങളുടെ ഹൃദയങ്ങളിൽ ജനിപ്പിക്കണം. ലഭ്യമായ എല്ലാ മാധ്യമങ്ങളും ഉപയോഗിച്ച് അനീതികൊണ്ടു ജീർണിച്ച സാമൂഹ്യഘടനകളുടെ പൊള്ളത്തരം സാധാരണജനങ്ങൾക്കു തുറന്നു കാട്ടണം.

8. സാമൂഹ്യനീതിക്കുവേണ്ടി പോരാടുന്ന മറ്റു പ്രത്യയശാസ്ത്രങ്ങളുമായി ഏതെല്ലാംവിധത്തിൽ സഹകരിക്കാമെന്നു പരിശോധിക്കയും വ്യാപ

കമായതോതിൽ യോജിച്ചു സമരമുറകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്യുക.

9. ഓരോ ക്രിസ്തീയ കുടുംബവും ക്രിസ്തീയ കാര്യവിചാരകത്വത്തിന്റെ മർമ്മം ഉൾക്കൊള്ളുക.

10. എല്ലാറ്റിലുംകൂടി ദൈവനീതിയും സ്നേഹവും ലോകം മുഴുവൻ അനുഭവിച്ചറിയുവാൻ സംഗതിയാക്കുക.

11. സർവ്വോദയം തുടങ്ങിയ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുക.

12. പുതിയ സഹസ്രാബ്ദം നീതിയും, സമാധാനവും, സ്വാതന്ത്ര്യവും ഉള്ളതായിരിപ്പാൻ പ്രാർത്ഥനയോടെ ചെയ്യാവുന്നതെല്ലാം ചെയ്യുക.

**പാഠം 4**

## വിമോചന ദൈവശാസ്ത്രം

ലാറ്റിൻ അമേരിക്കയിലെ അടിസ്ഥാനസമൂഹങ്ങൾ അതിശക്തമാണിന്ന്. ബ്രസീലിൽ അറുപതുകളിലാണ് ഇത് ഉടലെടുത്തത്. സ്പാനിഷ് ഭാഷയിൽ ആ സമൂഹങ്ങളുടെ പേര് കമ്യൂണിഡാഡെസ് എക്ലിസിയായിസ് ഡി ബേസ് (Communidades eclesiais de base) എന്നാണ്. ഇന്ന് ലാറ്റിൻ അമേരിക്കയിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലും അവ പടർന്നുപിടിച്ചു കഴിഞ്ഞു. ക്രിസ്ത്യാനികളും അല്ലാത്തവരും ഭൂരിപക്ഷം വരുന്ന റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും വിശിഷ്യ പെന്തക്കോസ്തുകാരും എല്ലാം ചേർന്ന പ്രാദേശിക ദരിദ്ര സമൂഹങ്ങളാണ് അവ. അവർക്ക് നേതൃത്വം കൊടുക്കുവാനും വി. കുർബാന അർപ്പിച്ചു നൽകുവാനും പുരോഗമനവാദികളായ പുരോഹിതന്മാരും ബിഷപ്പുമാരും ഉണ്ട്. ഇന്ന് ലക്ഷക്കണക്കിന് പ്രാദേശിക സമൂഹങ്ങൾ തെക്കേ അമേരിക്കയുടെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുകയാണ്.

**ഈ സമൂഹങ്ങളുടെ പ്രത്യേകതകൾ:** നൂതന ആവേശത്തോടുകൂടി ജനങ്ങൾ സ്വയമായി വി. വേദപുസ്തകം പഠിക്കുന്നു. വിമോചന ദൈവശാസ്ത്രം ഈ പഠനത്തിന്റെ ഒരു ഫലം ആണ്. ഈ സമൂഹങ്ങൾ വേദപുസ്തകപഠനത്തിന്റെ ഫലവും തരുന്നു. മുകളിൽ നിന്ന് കീഴേക്കു പഠിപ്പിക്കുന്ന പഴയ സമ്പ്രദായത്തിനു പകരം ജനങ്ങൾ സ്വയം ചർച്ചയിലൂടെ തിരുവചനം പഠിക്കുന്നു.

ഒരു വേദഭാഗം വായിച്ചാൽ നാലു ചോദ്യങ്ങൾ ചോദിച്ചു അവർ തന്നെ ഉത്തരങ്ങൾ പങ്കിടുന്നു. ഈ വേദഭാഗത്തിന്റെ പശ്ചാത്തലം എന്ത്? ഈ ഭാഗം ഉദിപ്പിക്കുന്ന സംശയങ്ങൾ ഏവ? ഇതിന്റെ അർത്ഥം ഓരോരുത്തരും പറയുക. ആധുനിക കാലത്ത് ഇതിന്റെ പ്രസക്തി എന്ത്?

ഒരു വൈദികനോ ബിഷപ്പോ ആ പഠനക്ലാസ്സിൽ ഉണ്ടെങ്കിൽ പോലും അദ്ദേഹം പഠിപ്പിക്കുന്നതിന് പകരം ചർച്ചയിൽ പങ്കെടുക്കുക മാത്രം ചെയ്യുന്നു. ഒരു കാലത്ത് ലാറ്റിൻ അമേരിക്കയിലെ റോമൻ കത്തോലിക്കരുടെ ഇടയിൽ അടയ്ക്കപ്പെട്ടിരുന്ന വേദപുസ്തകം തുറന്നതിനാലാണ് ബേസിക് കമ്മ്യൂണിറ്റികൾ നിലനിൽക്കുകയും വളരുകയും ധൈര്യമാർജ്ജിക്കുകയും മിലിറ്ററി ഭരണക്കാർക്കുപോലും ഭീഷണിയാകുകയും ചെയ്തിരിക്കുന്നത്.

സഭയെ വളർത്തുന്ന ചുമതല വൈദികരുടെ കുത്തകയല്ലെന്നും വിശ്വാസികൾ സഭയുടെ സജീവ ഘടകമാണെന്നും അവർ തെളിയിച്ചു കഴിഞ്ഞു. വി. കുർബാന അർപ്പിക്കുന്നത് വൈദികരെങ്കിലും അത് പങ്കിടുന്നതിൽ വിശ്വാസികൾക്കും പങ്കാളിത്തം ലഭിച്ചിരിക്കുന്നതിനാൽ അവർക്ക് അഭിമാനബോധമുണ്ടായി. പ്രാദേശികരായ ഏവരേയും സജീവ പ്രവർത്തകരാക്കുന്നതിനാൽ നേതാക്കന്മാരായി ഏവരും തീർന്നിരിക്കുകയാണെന്നു തന്നെ പറയാം. ഭരണകർത്താക്കളും ഭരണീയരും എന്ന രണ്ടു തട്ടിനെ ഒന്നാക്കുവാൻ ഈ സമൂഹങ്ങൾക്ക് കഴിയുന്നു. പൗരോഹിത്യ മേധാവിത്വത്തിന് ഇതൊരു വെല്ലുവിളിയാണെങ്കിലും കൂടുതൽ വൈദികരും ബിഷപ്പുമാരും ഈ പ്രവർത്തനത്തിൽ പങ്കാളികളായിക്കൊണ്ടിരിക്കുകയാണ്. സഭ ജനങ്ങളെ സഹായിക്കുന്നതിനാണെന്ന ചിന്ത മാറ്റി സഭ ജനങ്ങൾ ഉൾപ്പെടുന്ന സജീവ ശരീരമാണെന്നും അവർ തെളിയിച്ചു. സഹായം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതിനു പകരം, ഉള്ള വിഭവങ്ങൾ ഏവരുടെയും ആണെന്ന ചിന്തയോടുകൂടി അദ്ധ്വാനവും വിഭവങ്ങളും പങ്കിടുവാൻ അത്മായർക്കു സാധിക്കുന്നു. ഈ സമൂഹങ്ങൾ ഔദ്യോഗിക ഇടവകകളല്ല. പാരാ ചർച്ച് എന്നു പറയത്തക്ക സ്വതന്ത്ര സമൂഹങ്ങളാണ്.

ഇന്ത്യയെപ്പോലെ ധനവാന്മാരും ദരിദ്രന്മാരും തമ്മിൽ വലിയ അന്തരം ബ്രസീലിലും, ചിലിയിലും, അർജന്റീനായിലും, പെറുവിലും, ഉറുഗ്വേയിലും മിക്കവാറും എല്ലാ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ഉണ്ട്. ഇത് മാറ്റുവാൻ ഈ സമൂഹങ്ങൾക്ക് പൂർണ്ണമായിക്കഴിയുമെന്ന് അവർ പോലും അവകാശപ്പെടുന്നില്ലെങ്കിലും അതിനാവശ്യമായ ആദ്യ പ്രവർത്തനങ്ങളും ബോധവൽക്കരണവും അവർ നടത്തുന്നു. മെക്സിക്കോയിൽ ആർച്ചുബിഷപ്പായിരുന്ന വൊൽഡർ ക്യാമറാ പോലും തന്റെ ജസ്യൂട്ട്

കോളജ് ധനികർക്കായിരുന്നതിനാൽ അത് നിർത്തൽ ചെയ്തു ദരിദ്ര രുടെ ഇടയിലേക്ക് പ്രവർത്തനം മാറ്റി. അദ്ദേഹത്തിനെതിരായി പോപ്പിന് കമ്പിസന്ദേശങ്ങളും കത്തുകളും അനവധി പോയെങ്കിലും അദ്ദേഹം പരി ശുദ്ധാത്മ പ്രേരിതനായി ദരിദ്രരുടെ പങ്ക് പിടിച്ച് ഉറച്ചു നിന്നു. അടിസ്ഥാന സമൂഹത്തിൽ ധനവാനും ദരിദ്രനും സഹോദരരെപ്പോലെ പെരുമാറുന്നു. ഭൂരിപക്ഷം വരുന്ന ദരിദ്രവിഭാഗത്തിന് സഹായമല്ല മനുഷ്യാവകാശമാണ് വേണ്ടത്. അവരുടെ അവകാശങ്ങൾ പിടിച്ചെടുത്തിരിക്കുന്ന സമ്പന്ന വിഭാഗം മുതലാളിത്ത വ്യവസ്ഥിതിയുടെ തിമിരത്താൽ അവർ കൊള്ള ക്കാരല്ല എന്ന് വിചാരിക്കുന്നത് ചില സമ്പന്നരെങ്കിലും തിരുത്തി മനസ്സി ലാക്കിയതിനാൽ താഴേക്ക് ഇറങ്ങി വന്നു കഴിഞ്ഞു. രാഷ്ട്രീയ ബോധ വൽക്കരണവും ഈ സമൂഹങ്ങളിൽ നടക്കുന്നതിനാൽ വടക്കേ അമേരി ക്കയിലെ ഭരണകൂടങ്ങൾക്ക് ഇവർ ഒരു ഭീഷണിയാണ്. യു.എസ്.എ. ലാറ്റിൻ അമേരിക്കയിൽ ചെലവഴിച്ച ഓരോ ഡോളറിനും നാലു മടങ്ങിൽ കൂടുതൽ തിരിച്ചെടുത്തു കഴിഞ്ഞിട്ടും അവർ സമ്പന്നരെ താങ്ങി അവിടെ ഭരണം നിലനിർത്തുന്നതിന്റെ തിന്മയും മൾട്ടിനാഷണൽ കോർപ്പറേ ഷന്റെ ചൂഷണവും ബേസിക് കമ്മ്യൂണിറ്റിയിൽപെട്ടവർക്കറിയാം.

വിമോചന ദൈവശാസ്ത്രപ്രകാരം ദൈവം ഫറവോനെതിരും മോശ യ്ക്കും യിസ്രായേൽ ജനത്തിനും അനുകൂലവുമാകുന്നു. വിമോചനസമ യത്ത് യിസ്രായേൽ ജനം മിസ്രയീമ്യരോടു വാങ്ങിയ ആഭരണങ്ങൾ വാങ്ങിയവരുടെ അദ്ധ്വാനഫലമായിരുന്നതിനാൽ അത് തിരികെ കൊടു ക്കേണ്ടതില്ല. സ്ഥിതിസമത്വ ദൈവശാസ്ത്രപ്രകാരം പിതാവും, പുത്രനും, പരിശുദ്ധാത്മാവും സ്നേഹമാകയാൽ നീതിയുടെ നിത്യസ്ഥിതി സമത്വ മാകുന്നു. അടിസ്ഥാന എക്ലീസിയൽ സമൂഹത്തിൽ വളരെയധികം പര സ്പര പങ്കിടീൽ പ്രായോഗികമാക്കിയിരിക്കുന്നു. തൊഴിൽരഹിതന് തൊഴി ലവസരം ഉണ്ടാക്കി കൊടുക്കുന്ന തൊഴിലാളിയും മുതലാളിയും എന്ന ഏറ്റക്കുറച്ചിൽ കൂടാതെ ഏവരും അദ്ധ്വാനിക്കുകയും അദ്ധ്വാനഫലം പൊതുവായി അനുഭവിക്കുകയും ചെയ്യുന്നു. ചില സമൂഹങ്ങളിൽ ഒരു മിച്ച് ഭക്ഷിക്കുന്നതിന് പൊതുവായ അടുക്കളയും ഊണുശാലയുമുണ്ട്. വിഭവങ്ങൾ പങ്കിടുന്ന വ്യവസ്ഥിതി പെന്തക്കോസ്തു നാളുകളിൽ അന ന്യാസ് സഫീറമാർ പരാജയപ്പെടുത്തിയതുപോലെ ലാറ്റിൻ അമേരിക്ക യിലും പരാജയപ്പെടുവാനും മറ്റു വിധത്തിൽ കൂടുതൽ വിജയിപ്പാനും സാദ്ധ്യതയുണ്ട്.

പരിശുദ്ധാത്മാവ് അന്നത്തെപ്പോലെ ഇന്നും പങ്കിടുന്ന സമൂഹങ്ങളെ പലവിധത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ചൈനയിൽ അത് വന്ന ശേഷം സ്വാർത്ഥത വീണ്ടും തലപൊക്കുന്നതിൽ പരിശുദ്ധാത്മ പ്രവർ ത്തനം ഇല്ല എന്നു പറഞ്ഞു കൂടാ. സ്വാതന്ത്ര്യവും നീതിയും ഒരുമിച്ചു

പോകയില്ലായെങ്കിൽ ക്ലോക്കിന്റെ നാക്കുപോലെ ഇടത്തോട്ടും വല ത്തോട്ടും മാറിക്കൊണ്ടിരിക്കും. രണ്ടും ഒരുമിച്ചു കൊണ്ടുപോകാമോ എന്ന ഒരു പരീക്ഷണമാണ് ബേസിക് കമ്മ്യൂണിറ്റികൾ.

95 ശതമാനം റോമൻ കത്തോലിക്കർ മാത്രമായിരുന്ന തെക്കേ അമേ രിക്കയിൽ ബേസിക് കമ്മ്യൂണിറ്റികൾ എക്യുമെനിസവും വളർത്തു ന്നുണ്ട്. പ്രൊട്ടസ്റ്റന്റുകാരിൽ ഏറ്റം അധികം വളരുന്നത് പെന്തക്കോസ്തു വിഭാഗങ്ങളാണെങ്കിലും ഈ നാട്ടിലെപ്പോലെ അവർ റോമൻ കത്തോ ലിക്കരോടെതിരല്ല എന്നു മാത്രമല്ല ബേസിക് കമ്മ്യൂണിറ്റികൾ വഴിയായും മറ്റും പരസ്പരം സഹകരിക്കുകയും ചെയ്യുന്നു. ഈ നാട്ടിലെ പെന്ത ക്കോസ്തു വിഭാഗക്കാർ പലരും പൊതുവെ സാമൂഹ്യനീതിയെക്കുറിച്ച് വാദിക്കാതെ അമേരിക്കൻ മുതലാളിത്തത്തിന്റെ വക്താക്കളും കർത്താ വിന്റെ പുനരാഗമനത്തിൽ മാത്രം കേന്ദ്രം കണ്ടുകൊണ്ട് മണവാട്ടികൾ തങ്ങൾ മാത്രമാണെന്ന് വാദിക്കുക വരെ ചെയ്യുമ്പോൾ, ലാറ്റിൻ അമേരി ക്കയിലെ പെന്തക്കോസ്തുകാർ വിമോചന ദൈവശാസ്ത്രത്തിന്റെ വക്താ ക്കളും റോമൻ കത്തോലിക്കരുമായി ഡയലോഗ് ഔദ്യോഗികമായി നട ത്തുന്നവരും എക്യുമെനിക്കൽ താൽപര്യമുള്ളവരും അഖിലലോക സഭാ കൗൺസിലിൽ അംഗത്വമുള്ളവരുമാണ്. പിശാചിന്റെ അധീശത്വത്തി ലാണ് ലോകമെന്നും കർത്താവിന്റെ പുനരാഗമനത്തിൽ യേശു ലോകത്തെ വിമോചിപ്പിക്കുമെന്നും അവർ വിശ്വസിക്കുന്നതിനാൽ വിമോ ചനം ഇപ്പോഴെ തുടങ്ങുന്നതിന് എതിർ നിൽക്കുന്നില്ല, അനുകൂലിക്കുന്നു.

വസ്തുവിന്റെ ഉടമസ്ഥാവകാശം, പോലീസിന്റെ മർദ്ദനം, ദരിദ്രരുടെ ശമ്പളക്കുറവും തൊഴിലില്ലായ്മയും, അമേരിക്കൻ ചൂഷണം, വിദേശ രാജ്യങ്ങൾ ചൂഷണം തുടരുവാൻ തരുന്ന കടങ്ങൾ, മദ്യപാനം, സുഖ ലോലുപത്വം മുതലായ തിന്മകളെക്കുറിച്ചുള്ള പഠനവും ചർച്ചയും ബേസിക് കമ്മ്യൂണിറ്റികൾ നടത്തുന്നു. ആത്മരക്ഷയെ മാത്രം ഊന്നി വ്യക്തിയുടെ രക്ഷ വഴി വിമോചനം നടത്താമെന്ന പെന്തക്കോസ്തുകാ രുടെ ചിന്തയെ സാമൂഹ്യവശത്തിലേക്ക് തിരിച്ചുവിടുവാനും ചർച്ചകൾ സഹായിക്കുന്നു. വിദേശ രാജ്യങ്ങളുടെ കടത്തിന്റെ പലിശ കൊടുക്കു വാൻ കയറ്റുമതിക്ക് ലഭിക്കുന്ന തുച്ഛമായ വിലയുടെ ഭൂരിഭാഗവും ചെല വഴിക്കേണ്ടി വരുന്ന രാജ്യങ്ങളുടെ മുൻപന്തിയിലാണ് ബ്രസീൽ. അതി നാൽ അവിടെ ഈ പ്രസ്ഥാനം ആരംഭിച്ചത് മനസ്സിലാക്കാം. ബ്രസീ ലിന്റെ കടവും പലിശയും തിരികെ കൊടുക്കുവാൻ ബ്രസീലിന് ഒരി ക്കലും കഴിയാത്ത നിലയിലാണ് അതിന്റെ സാമ്പത്തിക നില. കടം ഇളച്ചു കൊടുത്തില്ലെങ്കിൽ കടവും പലിശയും മടക്കി കൊടുക്കേണ്ടയാവശ്യ മില്ല എന്നാണ് ഫിഡൽ കാസ്ട്രോയുടേയും ബിഷോപ്പ് ഹെൽഡർ ക്യാമ റായുടെയും നിലപാട്. വരുവാൻ പോകുന്ന മൂന്നാം സഭ (Third Church)

എന്നു ചിലർ അടിസ്ഥാന സമൂഹങ്ങളെ വിളിക്കുന്നു. അവ കരിസ്മാറ്റിക് നീതിക്കുവേണ്ടി കഷ്ടപ്പെടുന്നവരും സമ്പന്നർക്കു പേടിസ്വപ്നവും കമ്മ്യൂണിസ്റ്റുകാർക്ക് സഭയോട് അനുഭാവമുണ്ടാക്കുന്നവരും ദൈവജനവുമാണ്.

ലാറ്റിൻ അമേരിക്കയിൽ 16-ാം നൂറ്റാണ്ടിൽ സ്പെയിൻകാരും പോർട്ടുഗൽകാരും അക്രമങ്ങൾ നടത്തുകയും അനേകംപേരെ നിർബന്ധിച്ച് സഭയിൽ ചേർക്കുകയും ചെയ്തു. ഇൻക്വിസിഷൻ (Inquisition) കാലം ആയിരുന്നല്ലോ 16-ാം നൂറ്റാണ്ട്. തോക്ക് ഉപയോഗിച്ച് അമേരിക്കൻ ഇന്ത്യാക്കാരെ മതം മാറ്റിയതിനുശേഷം രണ്ടു ജാതി ക്രിസ്ത്യാനികൾ ലാറ്റിൻ അമേരിക്കയിൽ നിലനിന്നു. ആക്രമണം നടത്തിയ വിദേശ പീഡകരുടെയും തദ്ദേശീയരായ പീഡിതരുടെയും. ആദ്യത്തേത് സമ്പന്ന സഭയും രണ്ടാമത്തേത് ദരിദ്രസഭയും ആയിരുന്നു.

ഈ വ്യത്യാസം 21-ാം നൂറ്റാണ്ടിലെങ്കിലും മാറ്റിയെടുക്കാൻ ലാറ്റിൻ അമേരിക്കയിൽ ശ്രമം നടക്കുകയാണ്. ഇപ്പോൾ ഇതിന്റെ നേതൃത്വം എടുത്തിരിക്കുന്നത് ദരിദ്രസഭ തന്നെയാണ്. ദരിദ്രസഭയ്ക്കുവേണ്ടി നിലനിന്ന ഈശോ (Jesuits) സഭക്കാരെ കുറെക്കാലത്തേക്ക് ലാറ്റിൻ അമേരിക്കയിൽ നിന്നു നിഷ്കാസനം ചെയ്യുവാൻ അന്നത്തെ പാപ്പാമാർക്കും സമ്പന്ന സഭയ്ക്കും സാധിച്ചു. പ്രവാചകശബ്ദത്തോടുകൂടി ദരിദ്രരോടു ചേർന്നു നിന്ന ജസ്യൂട്ട് പാതിരിമാർ ആദ്യകാലം മുതൽ അവിടെ ഉണ്ടായിരുന്നു.

ബ്രസീലിൽ നിന്ന് 1869-ലാണ് ജസ്യൂട്ട്സിനെ നിഷ്കാസനം ചെയ്തത്. സ്പാനിഷ് അമേരിക്കയിൽ നിന്ന് 1863-നും 1867-നും ഇടയ്ക്കവർ തുരത്തപ്പെട്ടു. പോപ്പ് ജോൺ പോൾ രണ്ടാമൻ ലാറ്റിൻ അമേരിക്ക സന്ദർശിച്ചപ്പോൾ സാന്റോ ഡോമിൻഗോയിൽ ഇറങ്ങിയശേഷം ആദ്യം ചെയ്ത പ്രസംഗത്തിൽ, ആദ്യ മിഷനറിമാരിൽ അമേരിക്കനിന്ത്യക്കാരുടെ വിമോചനത്തിനുവേണ്ടി നിലകൊണ്ട ബർത്തൊലോമ്യോ ഡീലോസ് കോൾസാസിന്റെ പേര് പ്രത്യേകം എടുത്തു പറയുകയുണ്ടായി.

ലാറ്റിൻ അമേരിക്കയിൽ കഴിഞ്ഞകാലത്തുണ്ടായ സാമ്പത്തിക വികസനത്തിന്റെ പ്രയോജനം പത്തോ ഇരുപതോ ശതമാനത്തിനു മാത്രമേ ലഭിച്ചിട്ടുള്ളു. 80 ശതമാനത്തിലധികം ക്രിസ്ത്യാനികൾക്കും വികസനത്തിന്റെ പ്രയോജനം ലഭിച്ചില്ല. സഭയിലെ സമ്പന്നവിഭാഗം 20 ശതമാനവും ദരിദ്രവിഭാഗം 80 ശതമാനവും ആണ്. വടക്കേ അമേരിക്ക, തെക്കേ അമേരിക്കയെ ഉയർത്തുവാനുള്ള വാഗ്ദാനവുമായി വന്ന് ഒരു ചെറിയ വിഭാഗത്തിനു മാത്രം സാമ്പത്തിക ഉയർച്ച വരുത്തിയിട്ട് അവർ അവിടെ

ചെലവഴിച്ചതിന്റെ നാലു മടങ്ങു സ്വത്തു തിരികെ കൊണ്ടുപോയി. ഇപ്പോഴും ഏത്തയ്ക്കാ തുടങ്ങിയ കൃഷിവിഭവങ്ങൾ ചെറിയ വിലയ്ക്ക് അമേരിക്ക വാങ്ങിയിട്ട് വലിയ വിലയ്ക്കാണ് കാറുകളും ടെക്നോളജിയും യുദ്ധസാമഗ്രികളും ലാറ്റിൻ അമേരിക്കയ്ക്ക് വിറ്റുകൊണ്ടിരിക്കുന്നത്.

ചൂഷണം നടത്തുന്നവരും ചൂഷിതരും ക്രിസ്ത്യാനികൾ ആണെന്ന താണ് ലാറ്റിൻ അമേരിക്കയുടെ പ്രത്യേകത. ആ നാട്ടുകാരനായ ഒരു ദരിദ്രൻ ഇപ്രകാരം പാടി: 'ദൈവം ദരിദ്രർക്കുവേണ്ടിയും ദരിദ്രരോടു കൂടെയും ആണെന്ന് അവർ പ്രസംഗിക്കുന്നു. എന്നാൽ എസ്റ്റേറ്റ് ഉടമ യോടുകൂടിയാണ് അദ്ദേഹം ഡിന്നർ പാർട്ടിയിൽ ഭക്ഷിച്ച് ആനന്ദിക്കു ന്നത്.'

വേദപുസ്തകത്തിലെ ദൈവം അല്ല ഒരു പറ്റം ക്രിസ്ത്യാനികളുടെ ദൈവം. വേദപുസ്തകത്തിലെ ദൈവം മിസ്രയീമിലെ അടിമകളുടെ കഷ്ടത കണ്ടവനും നിലവിളി കേട്ടവനുമാണ്. അവരെ വിമോചിപ്പാൻ അവൻ മോശയെ അയച്ചു. എന്നാൽ സമ്പന്ന ക്രിസ്ത്യാനികളുടെ ദൈവം അവർക്കു സ്വത്തു വർദ്ധിപ്പിച്ചുകൊടുക്കുന്ന, കൊട്ടാരം പണിതുകൊടു ക്കുന്ന, അവരുടെ കള്ളക്കടത്തിന് കൂട്ടുനിൽക്കുന്ന, അവരുടെ നേർച്ച കാഴ്ചയെ അംഗീകരിച്ച് അവരുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടു ക്കുന്ന വേലക്കാരനാണ്.

അവർ ദൈവത്തെ സ്നേഹിക്കുന്നതു ദൈവത്തിനു വേണ്ടിയല്ല; ദൈവ ത്തിന്റെ ദാനം കിട്ടുവാനാണ്. നിർഭാഗ്യവശാൽ 25 വർഷം മുമ്പുവരെ ലാറ്റിൻ അമേരിക്കയിലെ സഭയുടെ ദൈവവും ഈ രണ്ടാമതു പറഞ്ഞ ദൈവം ആയിരുന്നു. ബിഷപ്പുമാരും വൈദികരും കന്യാസ്ത്രീകളും സമ്പ ന്നരുടെയും മദ്ധ്യവർത്തികളുടെയും കൂടെയല്ലാതെ ദരിദ്രരുടെ കൂടെയ ല്ലായിരുന്നു. ഈ സ്ഥിതിഗതിയിൽ മാറ്റം വരുത്തുവാൻ ഭഗീരഥയത്നം നടത്തുന്ന നേതാക്കന്മാരും അവരിലൂടെ ബോധവൽക്കരണം നേടിയ ദരിദ്രരും ചേർന്ന് പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുവെന്നു ള്ളത് ഒരു സത്യം ആണ്.

ഒരു കാലത്ത് ദരിദ്രർക്കുവേണ്ടി മുതലക്കണ്ണീർ വീഴ്ത്തുകയും ദാരി ദ്ര്യത്തിനെതിരായി പ്രസംഗിക്കുകയും ചെയ്ത സഭാനേതൃത്വം പോലും ഇന്ന് ബേസിക് കമ്മ്യൂണിറ്റികൾ എന്നറിയപ്പെടുന്ന പതിനായിരക്കണ ക്കിനുള്ള കമ്മ്യൂണിറ്റികളിലെ ദരിദ്രക്രിസ്ത്യാനികളോട് ചേർന്നു പ്രവർ ത്തിക്കുന്നു. ദരിദ്രർ ചരിത്രത്തിന്റെ സൃഷ്ടികളായിരുന്നു മുമ്പ്, എന്നാൽ ഇന്ന് അവർ പുതിയ ചരിത്രത്തിന്റെ വിധാതാക്കളായി മാറിയിരിക്കുക യാണ്. ജോസ് കോംബ്ലിൻ പറയുന്നത് ശ്രദ്ധിക്കുക: 'ബേസിക് കമ്മ്യൂ ണിറ്റിയുടെ ആരംഭം, ദരിദ്രർ ചരിത്രത്തിന്റെ വിധാതാക്കളായിത്തീരുന്ന

ഒരു പുതിയയിനം ക്രിസ്തീയ കമ്മ്യൂണിറ്റിയുടെ സൃഷ്ടിയാണ്. സ്വന്തം പ്രതിബദ്ധതകളെ അടിസ്ഥാനമാക്കിയുള്ള ദരിദ്രരുടെ കമ്മ്യൂണിറ്റികളാണ് ഏറ്റവും സ്വീകാര്യമായ കമ്മ്യൂണിറ്റികൾ.'

നിശബ്ദരായി എല്ലാ വേദനയും വിഴുങ്ങിക്കൊണ്ടിരുന്ന ദരിദ്രർ ഇന്നും വിമോചിതരല്ലെങ്കിലും 21-ാം നൂറ്റാണ്ടിലെങ്കിലും വിമോചനം ലഭിക്കത്തെക്കവണ്ണം സംഘടിച്ചു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. തൊഴിൽരഹിതരായ 50 ശതമാനം ആളുകൾ ഉൾപ്പെടെ അടിച്ചമർത്തപ്പെട്ട 80 ശതമാനം ആളുകൾ അവരെ അടിച്ചമർത്തിക്കൊണ്ടിരിക്കുന്ന ക്രിസ്ത്യാനികൾക്കെതിരായി ക്രിസ്തുവിന്റെ ശക്തി ആർജിച്ചുകൊണ്ടു വിമോചന പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. അവരുടെ വിമോചനത്തിനെതിരു നിൽക്കുന്ന സമ്പന്ന വിഭാഗം ക്രിസ്തീയ കോളജുകളിൽ പഠിപ്പിച്ചവരും പഠിപ്പിക്കുന്നവരും ക്രിസ്തീയ പൗരോഹിത്യവേഷം അണിഞ്ഞവരും ആണെന്നുള്ളതാണ് വിസ്മയനീയമായ ഒരു പ്രതിഭാസം. ജീവങ്കലേക്കുള്ള വഴി ഇടുക്കവും ഞെരുക്കവും ആണെന്നറിഞ്ഞുകൊണ്ടു തന്നെയാണ് വിമോചനകാഹളം പലരും ലാറ്റിൻ അമേരിക്കയിൽ മുഴക്കിക്കൊണ്ടിരിക്കുന്നത്. തൽഫലമായി നാടുകടത്തപ്പെട്ടവരുടെ കൂട്ടത്തിലാണ് 'Pedogogy of the oppressed' എന്ന പുസ്തകത്തിന്റെ കർത്താവായ പൗലേ ഫ്രയർ, സഭകളുടെ അഖിലലോക കൗൺസിലിന്റെ ജനറൽ സെക്രട്ടറി എമിലിയോ കാസ്ട്രോ, വേൾഡ് മിഷൻ ആൻഡ് ഇവാൻജലിസം കമ്മീഷന്റെ മുൻ ഡയറക്ടർ ജൂലിയോ ഡി സാന്റാ അനായ്യ തുടങ്ങിയ നേതാക്കന്മാർ.

ലാറ്റിൻ അമേരിക്കയുടെ സഭാജീവിതത്തിലെ മറ്റൊരു പ്രത്യേകത വിദേശപണത്തിലുള്ള ആശ്രയമാണ്. സഭാനേതാക്കന്മാർ സ്ഥാപനങ്ങൾ കെട്ടിപ്പണിയുവാനും മറ്റുമായി Almighty Doller ആകുന്ന അമേരിക്കൻ പണത്തിലേക്കും St. Mark എന്നു കളിയാക്കി വിളിക്കുന്ന ജർമ്മൻ മാർക്കിലേക്കും പരദേശമോക്ഷയാത്ര നടത്തുന്ന പ്രവണത ഇന്നും തെക്കെ അമേരിക്കയിൽ നിലനിന്നു പോരുന്നു. ഇതിന്റെ ഫലമായി സഭയിലെ ഒരു വിഭാഗം സമ്പന്നരാകുന്നതും മറ്റൊരു വിഭാഗം ദരിദ്രരാകുന്നതുമായ പ്രവണത വർദ്ധിക്കുകയാണ്. മാത്രമല്ല, നിരുത്തരവാദിത്വപരമായവിധത്തിൽ പണം ചെലവാക്കി മനസ്സാക്ഷിയെ മരവിപ്പിക്കുകയും ചെയ്യുന്നു.

ദരിദ്രലോകത്തിൽ സമ്പന്ന സ്ഥാപനങ്ങൾ ഉണ്ടാക്കുക പാപമാണെന്നു വിമോചന ദൈവശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുമ്പോൾ സഭാനേതൃത്വം അവരെ കമ്മ്യൂണിസ്റ്റ് എന്നു വിളിക്കുന്ന രീതി മറ്റു രാജ്യങ്ങളിലെപ്പോലെ ലാറ്റിൻ അമേരിക്കയിലും ഉണ്ട്.

ഗസ്റ്റാവ് ഗുട്ടിയാറസ് വിമോചന ദൈവശാസ്ത്രം എന്ന ഗ്രന്ഥം രചി

ക്കുന്നതിനു മുമ്പുതന്നെ ലാറ്റിൻ അമേരിക്കയിലെ ക്രിസ്തീയ സഭയിൽ (ഭൂരിപക്ഷവും റോമൻ കത്തോലിക്കർ) ദരിദ്രരോടുള്ള സഭയുടെ മനോഭാവത്തിന് വ്യതിയാനം ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. 1960-കളുടെ ആദ്യം നടന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിനു പ്രേരണ നൽകു ന്നതായിരുന്നു. കഴിഞ്ഞ 20 വർഷങ്ങളായി ലാറ്റിൻ അമേരിക്കൻ സഭാ ജീവിതശൈലിയിൽ വന്നുകൊണ്ടിരിക്കുന്ന വ്യത്യാസങ്ങൾ വിമോചന ദൈവശാസ്ത്രത്തിന് രൂപംനൽകുന്ന പ്രായോഗിക ദൈവശാസ്ത്രം ആയിരുന്നു.

മെഡലിൻ എന്ന സ്ഥലത്തും (1968) പ്യൂബ്ലോ എന്ന സ്ഥലത്തും (1979) ലാറ്റിൻ അമേരിക്കൻ ബിഷപ്പുമാർ സമ്മേളിച്ച് പുരോഗമനാത്മകമായ തീരുമാനങ്ങൾ എടുത്തത് സഭാജീവിതത്തിൽ വ്യതിയാനത്തിന് ആക്കം കൂട്ടി. ഈ രണ്ടു സമ്മേളനങ്ങൾ സഭയുടെ ശ്രദ്ധ ധനവാന്മാരിൽ നിന്നു ദരിദ്രരിലേക്കും വ്യക്തിപരമായ ജീവിതചിന്താഗതിയിൽനിന്ന് സാമൂഹി കതയിലേക്കും തിരിച്ചുവിട്ടു. സഭ ധനവാന്മാരുടെ സഹായത്തിനുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിൽനിന്ന് ദരിദ്രരുടെ ജീവിതപ്രശ്നങ്ങളിൽ ഏകീഭാവം പ്രാപിക്കുന്നതിലേക്ക് തിരിച്ചുവിട്ടതാണ് വിമോചന ദൈവ ശാസ്ത്രത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചത്.

മെഡലിൻ സമ്മേളനം ദാരിദ്ര്യത്തെ മൂന്നു വിധത്തിൽ ചിത്രീകരിച്ചു. ഒന്ന്, ജീവിത സന്ധാരണത്തിന് അത്യന്താപേക്ഷിതമായ സാമ്പത്തിക സൗകര്യങ്ങൾ നിഷേധിക്കുന്ന നിഷേധാത്മകമായ ദാരിദ്ര്യം.

രണ്ട്, ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്ന നിലയിൽ ദൈവ ത്തിലേക്കുള്ള മനംതിരിവിന് വഴി തെളിക്കുന്ന ദാരിദ്ര്യം.

മൂന്ന്, ക്രിസ്തുവിന്റെ മാതൃകയെ പിൻപറ്റി, സ്വമനസ്സാ ദരിദ്രരോട് ഏകീഭവിച്ച് അവരെ ഉയർത്തുന്ന സംതൃപ്തിസംദായകമായ ദാരിദ്ര്യം (Evangelical poverty).

മെഡലിനിൽ സമ്മേളിച്ച ബിഷപ്പുമാർ, ഈ മൂന്നാമതു പറഞ്ഞ ദാരിദ്ര്യം സഭാംഗങ്ങൾ എല്ലാം സ്വീകരിക്കണം എന്ന് നിർദ്ദേശിക്കുകയു ണ്ടായി. മാത്രമല്ല ബിഷപ്പുമാരും പുരോഹിതന്മാരും സന്യാസ സമൂഹാം ഗങ്ങളും തിരിഞ്ഞുനോക്കാത്ത ദരിദ്രരുടെ അടുത്തേക്ക് അവർ താമസം മാറ്റുകയും അവരുടെ വിമോചനത്തിനായി പ്രവർത്തിക്കാനാരംഭിക്കു കയും ചെയ്തു. മെക്സിക്കോ സിറ്റിയിൽ ഏറ്റവും ഉന്നത നിലവാരം പുലർത്തിയിരുന്ന ജസ്യൂട്ട് കോളജ് അടച്ചതോടുകൂടി സമ്പന്നരും മദ്ധ്യ വർത്തികളും അവർക്കെതിരായിത്തീർന്നു. അവരെ കമ്മ്യൂണിസ്റ്റുകളും അട്ടിമറിക്കാരുമായി മുദ്ര കുത്തി ആയിരക്കണക്കിനെഴുത്തുകൾ റോമി ലേക്ക് പറന്നു. റോമിലേക്ക് അവർക്കനുകൂലമായി എഴുത്തയപ്പാൻ അറി

ഞ്ഞുകൂടാത്ത ദരിദ്രവിഭാഗം അവരുടെ ഉദ്ധാരണാർത്ഥം ചേരിപ്രദേശത്തേക്കു കടന്നുവന്ന പുരോഹിതരെയും സന്യാസിമാരെയും ഓർത്തു ദൈവത്തെ സ്തുതിക്ക മാത്രം ചെയ്തു.

ആയുസിൽ ഒരു സന്യാസിനിയെ കണ്ടിട്ടില്ലാത്ത ദരിദ്രവിഭാഗത്തിൽപ്പെട്ടവർ അവരെ നിത്യം കാണുവാൻ തുടങ്ങിയതോടുകൂടി സഭയിൽത്തന്നെ ഒരു നൂതനാധ്യായം ആരംഭിച്ചു. സമ്പന്നരുടെ പ്രയോജനത്തിനുവേണ്ടി മാത്രം പണിതുയർത്തിയിരുന്ന പല വിദ്യാഭ്യാസ സ്ഥാപനങ്ങളും അടയ്ക്കപ്പെട്ടതോടുകൂടി അവരുടെ എതിർപ്പ് ശതഗുണീഭവിച്ചു. തെക്കെ ആഫ്രിക്കയിലെ വെള്ളത്തൊലിക്കാരെപ്പോലെ യാതൊരുത്തരവാദിത്വവും ഇല്ലാത്തവരാണു തങ്ങളെന്നു ധനവാന്മാർ ചിന്തിച്ചു. ഉത്തരവാദിത്വമെല്ലാം ദരിദ്രർക്കു മാത്രമാണെന്നായിരുന്നു അവരുടെ വിചാരം. പത്രങ്ങളുടെയും റേഡിയോയുടെയും ടെലിവിഷന്റെയും എതിർപ്പുകൾ ഏറിക്കൊണ്ടിരുന്നിട്ടുപോലും സഭാനേതൃത്വത്തിൽ ദരിദ്രരോടുള്ള ഏകീഭാവം വർദ്ധിച്ചുകൊണ്ടു തന്നെയിരുന്നു. ലോകപ്രസിദ്ധ ബിഷപ്പായ ഹെൽഡർ കാമറാ തന്റെ കൊട്ടാരസമാനമായ അരമന ഉപേക്ഷിച്ച് ഒരു സാധാരണ വീട്ടിലേക്കു താമസം മാറ്റി. അദ്ദേഹത്തിന്റെ സന്ദർശകരിൽ 99 ശതമാനവും ഭിക്ഷക്കാർ ആയിരുന്നു. ആരെങ്കിലും വാതിലിൽ മുട്ടിയാൽ തന്നെത്താൻ ചെന്ന് വാതിൽ തുറക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമാണ്. പലപ്പോഴും അയ്യഞ്ചു മിനിട്ട് ഇടവിട്ട് ആളുകൾ മുട്ടുന്ന രീതി ഉണ്ടായിരുന്നു.

ലാറ്റിൻ അമേരിക്കയിൽ ബിഷപ്പുമാരുടെയും വൈദികരുടെയും മനോഭാവത്തിലും പ്രവർത്തനഗതിയിലും മൗലികമായ പരിവർത്തനമുണ്ടായി. സാമ്പത്തിക കാര്യങ്ങളിൽ മാത്രമല്ല സാമൂഹ്യ സാംസ്കാരിക കാര്യങ്ങളിലും ദരിദ്രരോട് ഏകീഭവിക്കേണ്ടതാവശ്യമാണെന്നുള്ള ബോധ്യം അവർക്കാണ്. മുൻകാലങ്ങളിൽ മന്ത്രിമാരുടെയും ജഡ്ജിമാരുടെയും മറ്റും അതിഥികളും ആതിഥേയരും ആയിരുന്നു ബിഷപ്പുമാരും വൈദികരും. അവർ ആ ജീവിത നിലവാരം പാടേ വേണ്ടാ എന്നു വച്ചു. വളരെ പ്രയാസവും കുറ്റാരോപണങ്ങളും കമ്മ്യൂണിസ്റ്റ് എന്നുള്ള വിളിയുമാണ് ഇതിന്റെ എല്ലാം ഫലമായി അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്നത്.

രാഷ്ട്രീയ നേതാക്കന്മാരും ഭരണകർത്താക്കളും തിരിച്ചടിച്ചു. ബിഷപ്പുമാരെയും മറ്റും അവർ ക്ഷണിക്കാതായി. മിലിട്ടറി ഭരണകൂടം തന്നെ അവർക്കെതിരായിത്തീർന്നു. 1970-കളുടെ ഒടുവിലായപ്പോഴേക്കും ഇക്വഡോറിൽത്തന്നെ 17 ബിഷപ്പുമാർ ജയിലിൽ അടയ്ക്കപ്പെട്ടു. അമേരിക്കൻ സി.ഐ.എ. യുടെ സഹായവും മിലിട്ടറി ഭരണകൂടങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ ലാറ്റിൻ അമേരിക്കയിൽ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായി വെടിയേറ്റു മരിച്ചവരുടെ കൂട്ടത്തിൽ ബിഷപ്പുമാർ,

പുരോഹിതർ, കന്യാസ്ത്രീകൾ മുതലായവർ ഉൾപ്പെടുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ മേരിനോൾ സിസ്റ്റേഴ്സും രക്തസാക്ഷികളായി മരിക്കേണ്ടി വന്നു.

വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടിരുന്നപ്പോൾ വെടിയേറ്റു മരിച്ച ആർച്ചുബിഷപ്പ് റൊമേറോയെ കബറടക്കിയ സമയത്ത് ലക്ഷക്കണക്കിനാളുകൾ തടിച്ചുകൂടി. അവരിൽ എത്രയോ പേരാണ് ചവിട്ടേറ്റും മറ്റും മരിച്ചത്!

യാതൊരവകാശവും പദവിയും സ്ഥാനമാനങ്ങളും ഇല്ലാത്തവരുടെ വിമോചനത്തിനുവേണ്ടി ആരിറങ്ങിത്തിരിച്ചാലും കർത്താവിനു ലഭിച്ച കുരിശു മാത്രം ആയിരിക്കും അവർക്കും ലഭിക്കുന്നത്. പീലാത്തോസുമാരും, കയ്യാഫാമാരും, ഹന്നാമാരും, വലതുപക്ഷത്തിന്റെ വക്താക്കളായി പാരമ്പര്യം പരിരക്ഷിപ്പാൻ അക്രമം അഴിച്ചുവിട്ടുകൊണ്ടിരിക്കും. വിമോചകനായ ക്രിസ്തു തന്റെ ക്രൂശുമരണത്തിൽനിന്നു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കയും ദൈവരാജ്യത്തിന്റെ പ്രവർത്തനം തന്റെ ശിഷ്യന്മാരെ ഭരമേൽപിക്കുകയും ചെയ്തുവെന്നതാണ് വിമോചിതവേലയിൽ രക്തസാക്ഷികളാകുന്നവരുടെ എന്നുമുള്ള പ്രത്യാശ.

ലാറ്റിൻ അമേരിക്കൻ ദൈവശാസ്ത്രം ഊനമറ്റതാണെന്നു വാദിക്കുവാൻ സാധ്യമല്ല! മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ ഒരു കാലത്തു മയക്കുമരുന്നായിരുന്നുവെന്ന വാദം അംഗീകരിച്ചു, പ്രത്യാശ മുഴുവനും ചരിത്രത്തിൽ മാത്രം കേന്ദ്രീകരിക്കുന്ന സ്വഭാവം ലാറ്റിൻ അമേരിക്കൻ ദൈവശാസ്ത്രത്തിനുണ്ട്.

കേരളത്തിലെ ചില വിമോചന ദൈവശാസ്ത്രജ്ഞന്മാർ നിത്യതയുടെ സകല മേന്മയും ചരിത്രത്തിൽ ഒതുക്കുവാൻ ശ്രമിക്കുന്നുവെന്ന് തോന്നിയിട്ടുണ്ട്. മാനവീകരണമാണ് വിമോചനം എന്ന ചിന്താഗതി മാറ്റി ദൈവീകരണമാണ് വിമോചനം എന്ന ചിന്താഗതിയാണുണ്ടാകേണ്ടത്.

കമ്യൂണിസവും ക്രിസ്തുമതവും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതാണ്. ദൈവരാജ്യത്തിന്റെ ആഗമനത്തിനുവേണ്ടി “നിന്റെ രാജ്യം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ” എന്ന് നാം പ്രാർത്ഥിക്കുന്നതിനാൽ ഭൂമിയിൽ ദൈവരാജ്യം വരുവാൻ പ്രവർത്തിക്കേണ്ട കടമ നമുക്കുണ്ട്. എന്നാൽ ഭൂമിയിൽ ദൈവരാജ്യം പൂർണമായി നിവർത്തിയാവുക സാധ്യമല്ല! ചരിത്രത്തിന്റെ അതിരുകളിൽ നിന്ന് ദൈവരാജ്യപൂർണതയിലേക്ക് വിമോചന ദൈവശാസ്ത്രത്തെ വിമോചിപ്പിക്കേണ്ടത് ആവശ്യമാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യർ മാനവീകരണംകൊണ്ട് സംതൃപ്തി പ്രാപിക്കയില്ല. ദൈവീകരണംകൊണ്ടു മാത്രമെ സമ്പൂർണത പ്രാപിക്കയുള്ളൂ. പ്രാകൃതികവും പ്രകൃത്യാതീ

തവും എന്ന ദ്വിത്വ ചിന്താരീതി തെറ്റാണെങ്കിലും മനുഷ്യൻ ദൈവീകനാകണം എന്നുള്ള ചിന്താഗതി എന്നും പ്രസക്തമാണ്.

ക്രിസ്തീയ വിശ്വാസപ്രകാരം ഈ ദൈവീകരണം വെറും ഏകത്വത്തിലേക്കുള്ള വ്യതിയാനമോ, ബഹുത്വത്തിലേക്കുള്ള സാമൂഹികരണമോ മാത്രമല്ല: പിന്നെയോ ത്രിയേക ദൈവത്തിലേക്കുള്ള വൈരുദ്ധ്യാധിഷ്ഠിതമായ ഏകീകരണത്തിലും ബഹുത്വീകരണത്തിലും സാമൂഹീകരണത്തിലുമുള്ള ഒരു ജൈത്രയാത്രയാണ്. അതിനാൽ വിമോചന ദൈവശാസ്ത്രത്തെ ത്രിത്വാധിഷ്ഠിത ദൈവശാസ്ത്രത്തിലേക്കും, ചരിത്രത്തിൽ ആരംഭിക്കുന്നെങ്കിലും നിത്യതയിൽമാത്രം പൂർത്തീകരിക്കുന്ന ദൈവീകരണത്തിലേക്കും വിമോചിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മുതലാളിത്തത്തിൽ നിന്നുള്ള വിമോചനത്തിൽ വൈയക്തികമായ ഊന്നലിൽ നിന്നു മാത്രമുള്ള വിമോചനവും കമ്യൂണിസത്തിൽ നിന്നുള്ള വിമോചനത്തിൽ വെറും സാമൂഹീകരണത്തിൽ നിന്നുള്ള വിമോചനവും ലഭിക്കുന്നില്ലെങ്കിലും, വ്യക്തിത്വവും സമത്വവും ഒന്നിച്ചു കൊണ്ടുപോകുന്ന സാമൂഹിക നീതിയിലേക്കാണ് വിമോചനം ഉണ്ടാകേണ്ടത്. സഭയേയും ലോകത്തേയും അപ്രകാരം സമ്പൂർണ വിമോചനത്തിലേക്കു കൊണ്ടുവരാൻ ത്രിത്വാധിഷ്ഠിതമായ സാമൂഹിക നീതിയെക്കുറിച്ച് പഠിക്കേണ്ടത് അത്യന്താപേക്ഷിതമത്രെ.

**പാഠം 5**

## വികസനം, പരിസ്ഥിതി, ദൈവശാസ്ത്രം

ഇന്നു ലോകം മുഴുവനും ചിന്തിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ് പരിസ്ഥിതിപ്രശ്നം. The Club of Rome 1972-ൽ തന്നെ ഈ പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുകയും വികസനം സീറോ പോയിന്റിൽ ആകണമെന്ന് നിർദ്ദേശിച്ചതുമാണ്. ഈ പ്രശ്നം ഇന്നു രൂക്ഷമാണെന്ന് മാത്രമല്ല ഇത് പരിഹരിച്ചില്ലെങ്കിൽ ലോകത്തിന്റെ നിലനിൽപു തന്നെ തകരാറിലാകും.

24-ാം സങ്കീർത്തനം ഒന്നാം വാക്യത്തിൽ പറയുന്നു: “ഭൂലോകവും അതിന്റെ പൂർണതയും, ഭൂതലവും അതിലെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു.” ഈ ഭൂതലത്തെ നശിപ്പിക്കരുതെന്നാണ് പരിസ്ഥിതിവാദികൾ അപേക്ഷിക്കുന്നത്. എങ്ങനെയെല്ലാമാണ് ഇന്ന് പരിസ്ഥിതി പ്രശ്നങ്ങൾ മുമ്പോട്ട് വന്നിരിക്കുന്നതെന്ന് നോക്കാം.

നാം ഉപയോഗിക്കുന്ന വെള്ളം മാലിന്യം ഇല്ലാത്തതാണെന്ന് നമുക്ക് ഉറപ്പുണ്ടോ? നാം ഭക്ഷിക്കുന്ന ആഹാരപദാർത്ഥങ്ങളിൽ വിഷാംശം ഇല്ലെന്നു തീർത്തു പറയാമോ? നാം ശ്വസിക്കുന്ന വായുവും വളരെയധികം മലിനമാണെന്ന സത്യം മനസ്സിലാക്കുന്നുണ്ടോ? അന്തരീക്ഷത്തിലെ ഓസോൺ പാളികൾ എന്നറിയപ്പെടുന്ന ഭാഗം വളരെ കട്ടി കുറഞ്ഞു പോകുവാനുള്ള കാരണം ഓസോൺ ഗ്യാസ് കൊണ്ടുള്ള സുരക്ഷ കിട്ടാത്തതുകൊണ്ടാണ്. അങ്ങനെ സംഭവിക്കുന്നതിന്റെ ദോഷവശമാണ് നാം മനസ്സിലാക്കേണ്ടത്. ഓസോൺ ഗ്യാസിനെ ശക്തിരഹിതമാക്കുന്നത് ഈ ഭൂമിയിൽ നിന്നുയർന്നു പോകുന്ന രാസവസ്തുക്കളും മറ്റും ആണ്. അത് അന്തരീക്ഷത്തിൽ മുകളിലേക്കുയർന്ന് ഓസോൺ പാളികളിൽ ചെന്നെത്തി അതിൽ ദ്വാരമുണ്ടാക്കുകയും ആ ദ്വാരത്തിൽ കൂടി ഭൂമിയിലേക്ക് റേഡിയേഷൻ വരികയും ചെയ്യുന്നു.

വികസന വിരാമ പഠനക്കാർ (Limit growth study) പറയുന്നത് ലോകത്തിലെ വിഭവങ്ങൾ പെട്ടെന്ന് തീർന്നു പോകുന്നുവെന്നാണ്. പുതിയ കണക്കനുസരിച്ച് ഇന്നത്തെപ്പോലെ ലോഹങ്ങൾ ഉപയോഗിച്ചു കഴിഞ്ഞാൽ ഇരുമ്പ് 93 വർഷത്തേയ്ക്കും നിക്കൽ 53 വർഷത്തേയ്ക്കും അലുമിനിയം 31 വർഷത്തേയ്ക്കും ചെമ്പ് 21 വർഷത്തേയ്ക്കും എണ്ണ 20 വർഷത്തേയ്ക്കും സിങ്ക് 18 വർഷത്തേയ്ക്കും തകരം 15 വർഷത്തേയ്ക്കും മാത്രമേ അവശേഷിക്കൂ എന്നാണ് കണ്ടുപിടിച്ചിരിക്കുന്നത്. വിഭവങ്ങൾ നശിപ്പിച്ചു കഴിഞ്ഞാൽ അടുത്ത തലമുറ നമ്മെ ശപിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവും ഇല്ല.

വിഭവം നശിപ്പിക്കുന്നു; അന്തരീക്ഷം മലിനീകരിക്കുന്നു; അടുത്ത തലമുറയ്ക്ക് ജീവിക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ഇതിനെല്ലാം കാരണമാണ് നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നത്. 1970-ൽ അമേരിക്ക നശിപ്പിച്ച കാറുകളുടെ എണ്ണം 7 മില്യനും ടയറുകൾ നൂറു മില്യനും കടലാസ് 20 മില്യൻ ടണ്ണും കുപ്പികൾ 2800 മില്യനും തകരപ്പാത്രങ്ങൾ 4800 മില്യനും ആണ്. ഇതിന് Abandon affluance എന്നാണ് പേരിട്ടിരിക്കുന്നത്. ഇങ്ങനെ എല്ലാം നശിപ്പിച്ച് ഒടുവിൽ ഉപയോഗിക്കുവാൻ ആവശ്യമായ വിഭവമൂല്യങ്ങൾ (Resources) ഇല്ലാതെ പോകുന്നു.

അന്തരീക്ഷത്തിലെ അമ്ളജം (ഓക്സിജൻ) 21% എങ്കിലും വേണമെന്നാണ് കണക്ക്. അത് കൽക്കട്ടയിൽ 17% മേ അവശേഷിക്കുന്നുള്ളു. കാരണം കാർബൺഡൈഓക്സൈഡ് കൂടിക്കൂടി അന്തരീക്ഷത്തിലെ വായു അശുദ്ധമായി മാറിയിരിക്കുന്നു. ഇതിലൊക്കെയും ഭീകരമായ മറ്റൊരു വാർത്ത ശാസ്ത്രജ്ഞന്മാർ പറയുന്നു. ഇന്ന് ലോകത്തിലുള്ള വെള്ളത്തിൽ 97.3% സമുദ്രജലമാണ്. ശുദ്ധജലം 2.7% മാത്രമെ ഉള്ളു.

എന്നാൽ ശുദ്ധജലം ഉള്ളതിൽ തന്നെ 77.2% മഞ്ഞുകട്ടയായി ഉത്തര ധ്രുവത്തിലും മറ്റും കിടക്കുകയാണ്. ഓസോൺപാളിയിലെ ദ്വാരത്തിന്റെ ഫലമായി ചൂട് കൂടിക്കൂടി ഉത്തരധ്രുവത്തിലെയും മറ്റും മഞ്ഞ് അലിഞ്ഞ് സമുദ്രനിരപ്പ് വർദ്ധിക്കും. അങ്ങനെ ജലനിരപ്പ് ഉയർന്നു കഴിഞ്ഞാൽ ബോംബെ, കൽക്കട്ട തുടങ്ങി സമുദ്രതീരത്തുള്ള പട്ടണങ്ങൾ സമുദ്ര ത്തിന്റെ അടിയിലേക്കു മാറും. അങ്ങനെ സമുദ്രനിരപ്പ് ഉയർന്നു കഴി ഞ്ഞാലുള്ള ആപത്ത് കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾക്കും വരു മെന്ന കാര്യത്തിൽ സംശയമില്ല. കേരളം സമുദ്രത്തിന്റെ അടിയിലേക്ക് മുങ്ങുവാനുള്ള സാധ്യത ഏറെയുണ്ടെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. ആപത്ത് എത്ര ഭീകരമാണെന്ന് ഓർക്കുക.

അന്തരീക്ഷത്തിലെ ചൂട് കൂടുവാനുള്ള മറ്റൊരു കാരണമാണ് Green House Effect എന്നു പറയുന്നത്. അതായത് Infrared Emission ഭൂമിയിൽ നിന്ന് ഉള്ളത് Green House പോലുള്ള വലയത്തിന്റെ ഉള്ളിൽ ഒതുങ്ങുന്ന തിന്റെ ഫലമായി ഭൂമിയുടെ ചൂട് വർദ്ധിക്കും. അങ്ങനെ വർദ്ധിച്ചു കഴി യുമ്പോൾ പല പ്രശ്നങ്ങളും ഉണ്ടാകും. ഇതും മഞ്ഞ് ഉരുകുവാൻ സഹാ യിക്കും. എല്ലാ വിധത്തിലും ഭീകരമായ ഭാവിയിലേക്കാണ് ലോകം നീങ്ങു ന്നതെന്ന് ഇക്കോളജി പഠനക്കാർ പറയുന്നു.

അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാന കാരണം ഇന്നത്തെ വിക സനത്തിന്റെ വഴിപിഴച്ച പോക്കാണ്. ആവശ്യത്തിലധികം വസ്തുക്കൾ ഉപയോഗിച്ച് കുറേപ്പേർ വികസിക്കുന്നു. ഉത്തരരാജ്യങ്ങളിലുള്ളവരാണ് ഏറ്റവും അധികം കുറ്റവാളികൾ. ഈ വസ്തുത ഇപ്പോൾ അവർക്കു തന്നെ കുറെയൊക്കെ ബോദ്ധ്യമായിട്ടുണ്ട്. എന്നാൽ ഈ വികസന ത്തിന്റെ പോക്ക് മാറണമെന്നു പറഞ്ഞാൽ ഭൂരിപക്ഷവും അതിനു തയ്യാ റായി കാണുന്നില്ല.

മൂന്നു കാര്യങ്ങൾ ഈ അവസരത്തിൽ ചിന്തിക്കേണ്ടതുണ്ട്: 1. കുറേ പ്പേർ വികസിക്കുകയും കുറേപ്പേർ അവികസിതരായും കിടക്കുന്നത് തെറ്റാണ്. അതുകൊണ്ട് വികസനം എല്ലാവർക്കും ആയിരിക്കണം.

2. ദൈവം സൃഷ്ടിച്ച ഭൂമി ദൈവത്തിന്റെ മാത്രം ഉടമസ്ഥതയിലുള്ള താണെന്ന ബോധം നമുക്ക് ഉണ്ടാകണം. നമുക്ക് വെറും കാര്യവിചാര കത്വം മാത്രമെയുള്ളു. അങ്ങനെയായാൽ നാം അനാവശ്യമായി സൃഷ്ടിയെ നശിപ്പിക്കുകയില്ല.

3. വരുംതലമുറയോടുള്ള കടപ്പാട് നാം വിസ്മരിക്കരുത്.

ഏദൻതോട്ടം കാക്കാനും വേല ചെയ്യാനും മനുഷ്യനെ അവിടെ ആക്കി. എന്നാൽ ഏദൻതോട്ടം നശിപ്പിക്കുവാൻ ആധുനിക കാലത്തും

മുൻകാലത്തേക്കാൾ കൂടുതലായി മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ നാശങ്ങൾ മാറണമെങ്കിൽ ഇന്നത്തെ രീതിയിലുള്ള വികസനത്തിന്റെ വേഗത കുറയുകയും എല്ലാവർക്കും വികസനം ഉണ്ടാകുവാൻ മാർഗം കണ്ടുപിടിക്കുകയും വേണം.

ഗ്രാമങ്ങളും മറ്റും വികസിക്കാതെ പട്ടണങ്ങൾ മാത്രം വികസിക്കുന്നതും പ്രശ്നകാരണമാണ്. പരിസ്ഥിതി പ്രശ്നം ചെറിയ പ്രശ്നമല്ല, വലിയ പ്രശ്നമാണ്. പക്ഷെ ഇതിനു പരിഹാരം രാഷ്ട്രീയമായും മതപരമായും സാംസ്ക്കാരികമായും എല്ലാവരും കണ്ടുപിടിക്കേണ്ടതാണ്. എല്ലാവർക്കും ദോഷം വരാൻ പോകുന്ന കാര്യമാകയാൽ എല്ലാവരും ഇതിനെപ്പറ്റി ചിന്തിക്കേണ്ട കാര്യമാണ്. കേരളീയർക്കും ചെയ്യാവുന്ന ഒരു പരിഹാരമാർഗം വനംവെട്ടി നശിപ്പിക്കാതിരിക്കുക എന്നതാണ്. അതുപോലെ വലിയ വീടുകൾ വച്ച് വിഭവങ്ങൾ ഇല്ലാതാക്കാതിരിക്കുകയും വേണം.

കൂടാതെ അന്തരീക്ഷത്തെ മലിനീകരിക്കുന്ന ഫാക്ടറികളും മറ്റും കുറയ്ക്കുകയും കുറെക്കൂടി ലളിതമായ വികസനത്തിനുവേണ്ടി പരിശ്രമിക്കുകയും വേണം. കേരളം സന്ദർശിക്കുന്നവർ പറയുന്നത് ഒട്ടുവളരെ വിഭവങ്ങൾ ഇവിടെ അനാവശ്യമായി ചെലവഴിക്കുന്നുവെന്നും പൊതുനന്മയ്ക്കുവേണ്ടി അതുപോലെ ചെലവഴിക്കുന്നില്ല എന്നുമാണ്. നിശ്ചയമായും പൊതുസ്ഥാപനങ്ങൾ വലുതാകാതെ പ്രയോജനമില്ലാത്ത വലിയ വീടുകൾ വയ്ക്കുന്നത് ഈ വിഭവ നശീകരണത്തെ സഹായിക്കുകയേ ഉള്ളു.

ഇന്ത്യയിലെ വലിയ ഡാമുകൾ പരിസ്ഥിതി നാശത്തിന് കാരണമാകുന്നുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. യു.പി. യിലെ തെഹ്രി ഡാം ഒട്ടുവളരെ ആദിവാസികളെ വനങ്ങളിൽ നിന്ന് മാറ്റുന്നു. നർമ്മദാ വാലിയിലെ 17 ഗ്രാമങ്ങളിലെ ജനങ്ങളെ അവിടെനിന്ന് മാറ്റുവാനുള്ള ശ്രമത്തിൽ അവർ മാറാതെ അവിടെത്തന്നെ കിടന്നു മരിക്കുവാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ മരിച്ചുകൊണ്ടിരിക്കുന്നത് അധികവും ആദിവാസികളും വനവാസികളും പാവപ്പെട്ടവരുമാണ്. ഉയർന്നുകൊണ്ടിരിക്കുന്നത് ചുരുക്കം ചില കോൺട്രാക്ടർമാരും പണക്കാരും. ഈ രീതിയിലുള്ള പോക്ക് ഭാരതത്തിനെന്നല്ല വികസിത രാജ്യങ്ങൾക്കെല്ലാംതന്നെ ദോഷമായിത്തീരുകയേയുള്ളു. സാവധാനത്തിലുള്ള വികസനമാണ് ദരിദ്രരാജ്യങ്ങൾക്ക് ഏറ്റവും നല്ലത്.

അതുകൊണ്ടാണ് 1992 മാർച്ചിൽ ഗോവയിൽ കൂടിയ Peninsular Ecological Convension മൂന്നു മാസത്തിനുശേഷം കൂടുവാനിരുന്ന Earth Summit-ന് എതിരെ ശബ്ദമുയർത്തുകയും അതിലെ ചില കാര്യങ്ങളെ ശക്തിയുക്തം എതിർക്കുകയും ചെയ്തത്.

ബ്രസീലിലെ റയോഡിജനീറോയിൽ 1992-ൽ കൂടിയ ഭൗമ ഉച്ചകോടി യിൽ ദക്ഷിണഭാഗത്തുള്ളവർ ഒറ്റക്കെട്ടായും മറുഭാഗത്തു സമ്പന്നരാഷ്ട്ര ങ്ങളും നിന്നിട്ട് ആശയപരമായ ഒരു യുദ്ധമാണ് ഉണ്ടായത്. അതിലെ പല നിർദ്ദേശങ്ങളും അമേരിക്കയെപ്പോലുള്ള സമ്പന്നരാജ്യങ്ങൾ സ്വീക രിച്ചിട്ടുമില്ല. കാരണം ലോകം മുഴുവൻ നശിപ്പിക്കുന്നതിൽ ഒരു നല്ല പങ്ക് വഹിക്കുന്നത് ആ സമ്പന്നരാഷ്ട്രങ്ങളിലെ ട്രാൻസ്നാഷണൽ കോർപ്പ റേഷനുകളും മറ്റുമാണ്. ബ്രസീൽ ഉച്ചകോടിയിൽ ട്രാൻസ്നാഷണൽ കോർപ്പറേഷനെ നിയന്ത്രിക്കുന്നതിന് ദക്ഷിണഭാഗത്തുള്ള ആളുകൾ - വിശിഷ്യ എൻ.ജി.ഒ. കൾ - സമ്മർദ്ദം ചെലുത്തിയെങ്കിലും അത് വിജയ കരമായില്ല. കാരണം സമ്പന്ന രാജ്യങ്ങളുടെ വരുമാനത്തിൽ പ്രധാന കാരണക്കാർ ട്രാൻസ്നാഷണൽ കോർപ്പറേഷൻ ആണ്. അവർ വരു ത്തുന്ന അപകടങ്ങളെക്കുറിച്ച് അൽപമെങ്കിലും പറയാം.

അന്തരീക്ഷ മലിനീകരണം തുടങ്ങിയുള്ള പ്രശ്നങ്ങൾ 50 ശതമാനം ട്രാൻസ്നാഷണൽ കോർപ്പറേഷൻ ഉണ്ടാക്കുന്നതാണ്. CHLORO FLURO CARBON (CFC) ഏറ്റവും അധികമുണ്ടാക്കി അന്തരീക്ഷത്തെ വിഷലിപ്ത മാക്കുന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അതുപോലെ വൈദ്യുതി പോലുള്ള ഊർജനിർമ്മാണങ്ങളിൽ കൽക്കരിയും മറ്റും ഉപയോഗിച്ച് അന്തരീക്ഷം മലിനമാക്കുന്നു. തീപ്പെട്ടി വ്യവസായംപോലുള്ള മേഖലക ളിൽ കുട്ടികളെക്കൊണ്ടു തീപ്പെട്ടി നിർമ്മിക്കുവാൻ സാഹചര്യം ഉണ്ടാ ക്കിയിട്ട് അപകടകരമായ മരണം കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കുന്നു. വന ങ്ങൾ വെട്ടിത്തെളിച്ച് തടികൾ കുന്നു കൂട്ടി മരുഭൂമികൾ സൃഷ്ടിക്കുന്ന തിലും അവരുടെ പങ്ക് ഒട്ടും കുറവല്ല.

ഏറ്റവും അധികം ചൂഷണങ്ങൾ നടക്കുന്നത് ജനത്തിന് വളരെ അത്യാ വശ്യമായ മേഖലകളിൽ ആണെന്നുള്ളത് നിർഭാഗ്യകരമാണ്. പ്രധാന മായും മരുന്നുകമ്പനികൾ. Genetic എൻജിനീയറിംഗ് വന്നതോടുകൂടി പുതിയ ചില മരുന്നുകൾ ജീവസന്ധാരണത്തിന് അത്യാവശ്യമായ, രോഗ ശമനത്തിന് ഒറ്റമൂലിയായി കണ്ടുപിടിക്കുകയും അവയ്ക്ക് യാതൊരു നീതീകരണവുമില്ലാത്ത രീതിയിൽ വില വർദ്ധിപ്പിക്കുകയും ചെയ്തിരി ക്കുന്നു. എന്നാൽ ഇവയ്ക്ക് ഒരു Code of Conduct ഉണ്ടാക്കുവാൻ 1974-ൽ United Nation ശ്രമിച്ചെങ്കിലും അത് ഇപ്പോൾ അപ്രസക്തമായി കഴിഞ്ഞി രിക്കുന്നു. ബ്രസീൽ ഉച്ചകോടിയിൽ 21-ാം അജണ്ടാ ഈ ട്രാൻസ്നാഷ ണൽ കോർപറേഷനെ നിയന്ത്രിക്കുവാൻ 5 കാര്യങ്ങൾ ഉൾപ്പെടുത്തിയി രുന്നു. അപകടകരമായ ആപത്ത് വരാത്തവണ്ണം കാര്യങ്ങൾ നിയന്ത്രി ക്കുവാനും ഇപ്പോഴത്തെ കൺസ്യൂമർ സൊസൈറ്റിയെ നിയന്ത്രിക്കു വാനും അജണ്ട നിർദ്ദേശിച്ചുവെങ്കിലും അത് അമേരിക്ക, ജപ്പാൻ തുടങ്ങി സമ്പന്ന രാജ്യങ്ങളുടെയും മറ്റും എതിർപ്പാൽ വിതരണം ചെയ്യാൻ സാധി

ക്കാതെ പോയി. ഇങ്ങനെ ഓരോ കാര്യങ്ങൾ പരിശോധിക്കുമ്പോൾ സമ്പന്നർ ശക്തരും അധികാരമുള്ളവരും ആയിത്തീരുന്നു. ദരിദ്രർ നിലവിളിക്കുന്നത് കേൾക്കാൻ അവർക്കു കാതുകളില്ല. ഈ പ്രശ്നം തെക്കും വടക്കും ഉള്ള ഭൂഖണ്ഡങ്ങളിൽ മാത്രമല്ല, ഓരോ രാജ്യത്തുമുള്ള പ്രശ്നമാണ്. ഇപ്പോൾ ട്രാൻസ്നാഷണൽ കോർപറേഷനോടു ചേർന്നു പ്രവർത്തിക്കുന്ന സമ്പന്നർ ദരിദ്രരാജ്യങ്ങളിലെല്ലാമുണ്ട്. അവർക്കാണ് ആദ്യം മനഃപരിവർത്തനം ഉണ്ടാകേണ്ടത്.

നമ്മുടെ രാജ്യത്തെ പുതിയ വിപണനനയം താൽക്കാലികമായി ഗുണം ചെയ്യുമെങ്കിലും ആത്യന്തികമായി നല്ല ഫലം നൽകുമോ എന്നു ചോദിക്കുന്നവർ ധാരാളം ഉണ്ട്. മഹാത്മാഗാന്ധി മരിച്ചതോടുകൂടി അദ്ദേഹത്തിന്റെ ആശയങ്ങൾ കുഴിച്ചുമൂടപ്പെടുകയും അദ്ദേഹം എതിർത്ത ആശയങ്ങൾക്കു സ്വാഗതം ലഭിക്കുകയും ചെയ്തു. അതിന്റെ ഫലമായി ചില താൽക്കാലിക ഉയർച്ചകൾ ഉണ്ടായി. ഭാരതത്തിൽ ദരിദ്രരെ സംബന്ധിച്ചിടത്തോളം കാര്യമായ ഉയർച്ച ഇന്നുവരെ ഉണ്ടായിട്ടില്ല. 8.20 കോടി കുട്ടികൾ ഇന്ത്യയിൽ പഠിക്കാത്തതിന് കാരണം എന്താണ്? ഇന്ത്യയിലെ ജനങ്ങളിൽ പകുതിയോളം ദാരിദ്ര്യരേഖയ്ക്കു താഴെ കിടക്കുന്നതിന്റെ കാരണം എന്താണ്?

വേൾഡു ബാങ്കും ഇന്റർനാഷണൽ മോണിറ്ററി ഫണ്ടും ഇന്ത്യയ്ക്കു കൂടുതലായി പണം കടം തന്നുകൊണ്ടിരിക്കുന്നതും നമ്മുടെ ദരിദ്രരെ രക്ഷിക്കാനാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. കൊക്കൊകോളയും പെപ്സികോളയും ഇല്ലെങ്കിലും ഇന്ത്യാക്കാർക്ക് ജീവിക്കാം. ട്രാൻസ്നാഷണൽ കോർപറേഷൻ അവരുടെ സമ്മർദ്ദതന്ത്രം ഉപയോഗിച്ച് അതെല്ലാം ഇവിടെ കൊണ്ടുവന്നു. ഇതെല്ലാം ലളിതജീവിതം പഠിച്ച ആർഷഭാരതത്തിന് ആവശ്യമില്ല; അല്ലെങ്കിൽ ആവശ്യമായിട്ടല്ല. ആർഷഭാരതസംസ്കാരത്തിന് കടകവിരുദ്ധമായ ചൂഷണ സംസ്കാരം (Western Exploitatory and Consumeristic Culture) ഇന്ത്യയിൽ വളർത്തുകയാണ് അവർ ചെയ്യുന്നതും ചെയ്തുകൊണ്ടിരിക്കുന്നതും. ഇന്നത്തെ രീതിയിൽ ഈ പോക്കുപോയാൽ കടത്തിന്റെ എലിപ്പത്തായത്തിൽ കയറിയ തെക്കെ അമേരിക്കൻ രാജ്യങ്ങളായ ബ്രസീലിനെയും മെക്സിക്കോയെയും പോലെ ഇന്ത്യയും ആയിത്തീരുമെന്നാണ് കരുതേണ്ടത്. പണപെരുപ്പവും അതുമൂലം ഉണ്ടാകുന്ന എല്ലാവിധ വൈഷമ്യങ്ങളും ആ രാജ്യത്തുണ്ട്. അതിൽ പ്രധാനമായത് അനിയന്ത്രിതമായ വിലക്കയറ്റം ആണ്. വിദേശകടക്കെണിയിൽപ്പെട്ടു നട്ടം തിരിയുന്ന ആ രാജ്യങ്ങൾ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഇത് നമുക്കുള്ള മുന്നറിയിപ്പു കൂടിയാണ്. അത്യാവശ്യ സാധനങ്ങളുടെയെല്ലാം വില കേന്ദ്രസർക്കാർ ഇടയ്ക്കിടെ കൂട്ടുന്നു. പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ

വില കൂടിയത് എല്ലാ അർത്ഥത്തിലും നമ്മെ പ്രതികൂലമായി ബാധിക്കും. ഇതിൽനിന്നും രക്ഷപെടണമെങ്കിൽ ഇന്ത്യയുടെ കയറ്റുമതി, ഇറക്കുമതിയേക്കാൾ കൂടണം. എങ്കിൽ മാത്രമേ കടവും അതിന്റെ പലിശയും കൊടുത്തുതീർക്കാൻ സാധിക്കുകയുള്ളു.

പ്രശ്നം പ്രധാനമായും സാമ്പത്തികമാണെങ്കിലും മനുഷ്യന്റെ ഹൃദയവിശാലതയുടെ കുറവ് ഒരു പ്രധാന കാരണമാണ്. പ്രതിരോധച്ചിലവിനു കൂടുതൽ പണം ചെലവാക്കുന്ന സമ്പന്ന രാജ്യങ്ങൾ അവരുടെ പട്ടാളചെലവ് കുറയ്ക്കുകയാണെങ്കിൽ ദരിദ്രരാജ്യങ്ങളുടെ കടങ്ങൾ എഴുതിത്തള്ളാം. ഇത് 10% കണ്ട് കുറച്ചാൽ ആ പണംകൊണ്ട് മാത്രം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കോടിക്കണക്കിന് ആളുകളെ ഉയർത്താൻ സാധിക്കും. ലളിതജീവിതം മതിയെന്ന് സമ്പന്നർ വിചാരിക്കാത്തതാണ് ഏറ്റവും വലിയ പ്രശ്നം. അവർ ലോകത്തെ ഒരു കുടുംബമായി കണ്ട് പൊതുവായ ജീവിതശൈലി ഉണ്ടാക്കേണ്ടിയിരിക്കുന്നു. സീറോ പോയിന്റ് വികസനം മാത്രമല്ല, എല്ലാവർക്കും നീതിപരമായ വികസനം എന്ന ലക്ഷ്യത്തിലേക്ക് ലോകം മാറേണ്ടിയിരിക്കുന്നു. അങ്ങനെ മാറി ലോകത്തെ ഒരുമിച്ച് ഉയർത്താതെ ചിലർ മാത്രം ഉയർന്നാൽ ലോകം ഉയരുകയില്ല. എങ്ങനെയാണ് ചുഴലിക്കാറ്റ് (Cyclone) ഉണ്ടാകുന്നത്? ചുറ്റുപാടുമുള്ള വായുവിന്റെ സമ്മർദ്ദം ശൂന്യതയിലേക്ക് വരുമ്പോൾ ചുഴലിക്കാറ്റ് ഉണ്ടാകുന്നു. അതിനാൽ ദരിദ്രർ ഒരു ഭാഗത്തും സമ്പന്നർ മറ്റൊരു ഭാഗത്തും കൂടിക്കൊണ്ടിരുന്നാലും ലോകത്തിന്റെ താളം തകരും. ചുഴലിക്കാറ്റു നശിപ്പിക്കുന്നതുപോലെ ലോകം തന്നെ നശിപ്പിക്കപ്പെടും. ഈ ഭീകരമായ വ്യവസ്ഥിതിക്ക് എത്രയും വേഗം മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. അതിനാൽ അന്തരീക്ഷ മലിനീകരണത്തെ വ്യതിരിക്തമായി ചിന്തിക്കാതെ മറ്റ് പ്രശ്നങ്ങളോടു കൂട്ടി ചിന്തിച്ച് പരിഹാരം കണ്ടെത്തണം.

യഥാർത്ഥത്തിൽ ദൈവശാസ്ത്രത്തിന് ഇവിടെ വലിയൊരു പങ്കുണ്ട്. ത്രിത്വാധിഷ്ഠിത ദൈവശാസ്ത്രമാണ് എല്ലാ മനുഷ്യരെയും ത്രിത്വത്തിൽ ഏകീകരിക്കാൻ കഴിവുള്ള ദൈവശാസ്ത്രം. ആ അടിസ്ഥാനത്തിൽ എല്ലാവരുടെയും ദൈവം ത്രിയേക ദൈവമാണ്. ആ ദൈവത്തിന്റെ മക്കളാണ് സകല മനുഷ്യരും. പലവിധത്തിൽ ദൈവത്തെ പലരും പറഞ്ഞാലും അതെല്ലാം ഉൾക്കൊള്ളുന്ന ഏകസത്യദൈവമായ ത്രിയേകദൈവമാണ് പങ്കിടീലിന്റെ മഹത്വം കാണിക്കുന്നത്. ത്രിത്വത്തിലെ ഉണ്മയായ സ്നേഹത്തിന്റെ പങ്കിടീൽ പോലെ ലോകത്തിൽ നീതിയായ പങ്കിടൽ വരുമ്പോൾ മാത്രമേ മുൻപറഞ്ഞ പ്രശ്നങ്ങളൊക്കെയും പരിഹരിക്കപ്പെടുകയുള്ളു. നീതിയും സമാധാനവും ഒന്നിച്ചു പോകുന്നുവെങ്കിൽ അതു രണ്ടും സ്നേഹത്താൽ വരുത്താവുന്ന കാര്യങ്ങളാണ്. ദൈവം സ്നേഹമാണെ

ന്നുള്ള തത്വസംഹിത വെറും തത്വത്തിൽ കിടക്കാതെ പ്രായോഗികമാക്കാൻ ദൈവശാസ്ത്രം തന്നെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ദൈവത്തെ ആരാധിച്ചതുകൊണ്ടു മാത്രമായില്ല, പിൻപറ്റുക കൂടി വേണം. ത്രിത്വത്തിലെ പങ്കിടൽ പോലെ വിഭവങ്ങൾ പങ്കിടണം. എല്ലാവരും വിഭവങ്ങൾ പങ്കിടുകയും ദൈവത്തിന്റെ മക്കൾ അവരുടെ വിഭവങ്ങൾ ആവശ്യത്തിനുമാത്രം ഉപയോഗിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുകയും വേണം. അങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കുകയും എല്ലാവർക്കും ജോലി കൊടുക്കുകയും ചെയ്ത് മാത്രമെ പ്രശ്നങ്ങൾ പൊതുവായി പരിഹരിക്കാൻ സാധിക്കൂ.

പരിസ്ഥിതി പ്രശ്നങ്ങൾ പ്രാദേശികമായി പൂർണമായും പരിഹരിക്കാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിനു ആഗോള പരിഹാരം ആവശ്യമാണ്. അത് പ്രാദേശികമായി തുടങ്ങുകയും വേണം. ഒരുപക്ഷെ ലോക ഗവണ്മെന്റു തന്നെ ഉണ്ടാകേണ്ടത് 21-ാം നൂറ്റാണ്ടിന്റെ ആവശ്യമായി വന്നേക്കും. ആ ഫെഡറൽ ഗവണ്മെന്റ് ലോകത്തിൽ ഉണ്ടാകുമ്പോൾ ഇന്നത്തെ പ്രശ്നത്തിനു കുറെയെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ അധികാരം തന്നെ പങ്കിടുന്ന വ്യവസ്ഥിതി ഉണ്ടാകാം. ഭക്ഷണം മാത്രം പങ്കിട്ടാൽ പോരാ, എല്ലാ അത്യാവശ്യകാര്യങ്ങളും പങ്കിടുകയും എല്ലാവർക്കും നീതിപൂർവ്വം പങ്കിടാൻ വിഭവങ്ങളെ നശിപ്പിക്കാതെ സൂക്ഷിക്കുകയും വേണം. അങ്ങനെ കൂദാശാപരമായ ചിന്ത പ്രകൃതിയെക്കുറിച്ചുണ്ടാകണം. തൊട്ടിലിൽ കിടത്തുവാൻ തൊട്ടിലില്ലെങ്കിൽ കുഞ്ഞ് താഴെ വീഴും. ഈ ലോകമാകുന്ന തൊട്ടിൽ നശിപ്പിച്ചു കഴിഞ്ഞാൽ മനുഷ്യരാശിയാകുന്ന കുഞ്ഞ് മരിച്ചുപോകും. ലോകത്തെ നിലനിർത്തേണ്ടതും മാനവരാശി നിലനിൽക്കേണ്ടതും ദൈവത്തിന്റെ സൃഷ്ടിയെ മുഴുവൻ നിലനിർത്തേണ്ടതും എല്ലാവരുടേയും കടമയാണ്. അതിന് ചെറിയവനും വലിയവനും സമ്പന്നനും ദരിദ്രനും ഒരുപോലെ ശ്രദ്ധിക്കണം. ദരിദ്രർ സ്വയം ഉയരാതെ സമ്പന്നർ ഉയർത്തുമെന്ന് അവർ ധരിക്കരുത്. ദരിദ്രർ ജീവിക്കാനുള്ള മാർഗം അവർ തന്നെ കണ്ടുപിടിക്കണം. അങ്ങനെ വരുമ്പോൾ മാത്രമെ ഒരുപക്ഷെ സമ്പന്നന്മാർക്ക് നീതിയെക്കുറിച്ചുള്ള ബോധം വരികയുള്ളു. സംസ്കൃത വസ്തുക്കൾ വലിയ വില കൊടുത്ത് വാങ്ങുന്ന രാജ്യങ്ങളെല്ലാം പുനർവിചിന്തനം നടത്തണം. അങ്ങനെ നോർത്ത്-സൗത്ത് ബന്ധവും സൗത്ത്-സൗത്ത് ബന്ധവും നോർത്ത്-നോർത്ത് ബന്ധവും എല്ലാം തന്നെ സ്നേഹത്തിന്റെയും നീതിയുടെയും വ്യവസ്ഥിതിയിൽ ആകണം. അങ്ങനെയായാൽ അന്തരീക്ഷ മലിനീകരണം കുറയും; നീതിയവിടെ ദർശിക്കും; അതിന്റെ ഫലമായി സമാധാനം ഉണ്ടാകും. അങ്ങനെ നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുമെന്നു തീർച്ചയാണ്.

## പാഠം 6

# സഭയും ദരിദ്രരും

'സഭയും ദരിദ്രരും' എന്ന വിഷയം ആധുനിക ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിലെ ഒരു സുപ്രധാന ചർച്ചാവിഷയമായി ത്തീർന്നിരിക്കുകയാണ്. ലാറ്റിൻ അമേരിക്കയിലെ വിമോചനത്തിന്റെ ദൈവശാസ്ത്രം, ജയിംസ് കോൺ തുടങ്ങിയ നീഗ്രോ ദൈവശാസ്ത്ര ജ്ഞന്മാരുടെ 'കറുത്ത ദൈവശാസ്ത്രം', അഖിലലോക സഭാകൗൺസി ലിന്റെ പല പ്രസിദ്ധീകരണങ്ങൾ എല്ലാം ഇതിലേയ്ക്കാണ് വിരൽ ചൂണ്ടു ന്നത്.

ദരിദ്രരുടെ സഭ എന്നാൽ എന്ത്? ഇതിന്റെ അർത്ഥം ഭിക്ഷക്കാരെയും ദരിദ്രരെയും ചേർത്ത് ഒരു സഭ ഉണ്ടാക്കുക എന്നതല്ല. ദരിദ്രരുടെ ഇട യിൽ സേവനമനുഷ്ഠിക്കുന്ന സമ്പന്നസഭ എന്നുമല്ല ഇതിന്റെ അർത്ഥം. അസ്സീസ്സിയിലെ ഫ്രാൻസീസ് 13-ാം നൂറ്റാണ്ടിൽ Order of the Friars Manor ഉണ്ടാക്കിയതുപോലെ ഒരു നൂതന സന്യാസസമൂഹവും ക്ലരാമഠങ്ങളും മൂന്നാം ഓർഡർ എന്ന് അന്നും ഫ്രാൻസിസ്കൻ അസോസിയേഷൻ എന്ന് ഇന്നും വിളിക്കപ്പെടുന്ന സഹകാരികളെയും സൃഷ്ടിക്കുകയുമല്ല. ചൈനയിൽ വിപ്ലവത്താൽ ധനവാന്റേതു ദേശീകരിച്ച് ധനവാനും ദരിദ്ര രുമില്ലാത്ത ഒരു സമൂഹമുണ്ടാക്കിയതും ദരിദ്രസഭയല്ല. മുതലാളിത്ത ത്തിന്റെ ചൂഷണം ഉണ്ടാക്കുന്ന ദരിദ്രരെ അതേനിലയിൽ നിലനിർത്താ നുള്ള ഒരു ആഹ്വാനവുമല്ല ഇത്.

ദരിദ്രസഭ എന്നു പറഞ്ഞാൽ യേശുക്രിസ്തുവിന്റെ മാതൃക പിമ്പറ്റു ന്നതും, പരിശുദ്ധാത്മ ചൈതന്യം നിറഞ്ഞതും ആദിമനൂറ്റാണ്ടിൽ പെന്ത ക്കോസ്തിന്റെ ചൈതന്യം കുറയുന്നതുവരെ നിലനിന്നതും, പിന്നീട് സഭാ ചരിത്രത്തിൽ ഭൗതികവാദം ഉയർന്നപ്പോഴൊക്കെയും ശക്തിപ്രാപിച്ച ചെറു സമൂഹങ്ങൾ നിലനിർത്തിയതും, മുട്ടുള്ളവർ ആരും ഇല്ലാത്തതും, ആരും ഒന്നും സ്വന്തമെന്നു പറയാത്തതും, എല്ലാം പൊതുവക എന്നെണ്ണി എല്ലാ വർക്കുംവേണ്ടി ഓരോരുത്തരും, ഓരോരുത്തർക്കുവേണ്ടി എല്ലാവരും ജീവിച്ച ദൈവരാജ്യത്തിന്റെ മാതൃകയിൽ പ്രാർത്ഥിക്കുകയും വി. കുർബാ നയപ്പം പോലെ എല്ലാം പങ്കിടുകയും ചെയ്യുന്ന വി. ത്രിത്വത്തിന്റെ സ്നേഹവായ്പ് ദൃശ്യമാക്കുന്ന യഥാർത്ഥ സഭയാണ്. പിതാവായ ദൈവ ത്തിന്റെ ആത്മികവും ഭൗതികവും മാനസികവുമായ മുഴുസ്വത്തും തന്റെ എല്ലാ മക്കൾക്കും ന്യായമായി ലഭിക്കുന്നതാണെന്ന ആഴമായ വിശ്വാസ ത്താൽ പ്രേരിതരായി വ്യവസ്ഥാപിത ദാരിദ്ര്യത്തിന്റെ (Structural Poverty) വേദന ഇല്ലാതാക്കുവാൻ സുവിശേഷ ദാരിദ്ര്യത്തിന്റെ (Evangelical Poverty) സന്തോഷം അനുഭവിക്കുന്നവരുടെ ദൈവിക കൂട്ടായ്മയും

(Koinonia) വി. കുർബാനാനന്തരമുള്ള കുർബാന (Eucharist after the eucharist) യാകുന്ന ജീവിതവുമാണ് ദരിദ്രരുടെ സഭ. സുഖലോലുപത്വവും, സ്വാർത്ഥ ഉദ്ദേശ്യമുള്ള ധനാർജനവും പാപമാണെന്ന ബോധത്തോടെ സഭ ദരിദ്രരാകുന്നതിൽ ആനന്ദം കാണുന്ന സമ്പന്നർ ദരിദ്രരോട് ഏകീ ഭവിക്കുന്ന കാഴ്ചയാണ് ഈ കൂട്ടായ്മ. ഫ്യൂഡൽ വ്യവസ്ഥിതിയിൽ അമർന്നുപോയ മദ്ധ്യനൂറ്റാണ്ടുകളിലെ സഭയാകുന്ന വത്തിക്കാന്റെ വീഴ്ച കണ്ടുകൊണ്ട് അതിനെ അസ്സീസ്സിയിലെ ദരിദ്ര ഫ്രാൻസിസ് താങ്ങിനിറു ത്തുന്നതായി ദർശനം കണ്ട ഇന്നസെന്റ് മൂന്നാമൻ പാപ്പാ ഫ്രാൻസി സ്കൻ സന്യാസ സഭയ്ക്ക് അനുമതി കൊടുത്തതിനാൽ അന്നത്തെ സഭ താങ്ങി നിർത്തപ്പെട്ടതുപോലെ ദരിദ്രരുടെ സഭ 20-ാം നൂറ്റാണ്ടിൽ ഉടലെടുത്ത് 21-ാം നൂറ്റാണ്ടിലെ ആഗോളസഭയായി വികസിക്കുമെന്ന പ്രത്യാശയാണു ദരിദ്രസഭയ്ക്കുള്ളത്.

പഴയനിയമകാലത്തിന്റെ ഒടുവിൽ കൊമ്രാൻ കമ്മ്യൂണിറ്റി ഉടലെടു ത്തെങ്കിലും അത് പഴയനിയമത്തിന്റെ സൃഷ്ടിയായിരുന്നില്ല. അതിനോ ടുള്ള ഒരു വെല്ലുവിളിയായിരുന്നു എന്നു പറയാം. ഹന്നായുടെ പാട്ടിൽ 'യഹോവ ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നു' (1 ശമു. 2:7) എന്നു നാം കാണുന്നു. മറിയാമിന്റെ പാട്ടിലാകട്ടെ "പ്രഭുക്കന്മാരെ സിംഹാസ നങ്ങളിൽ നിന്നിറക്കി താണവരെ ഉയർത്തിയിരിക്കുന്നു; വിശന്നിരിക്കു ന്നവരെ നന്മകളാൽ നിറച്ചു സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരി ക്കുന്നു" (ലൂക്കോ. 1:52) എന്നാണ് പാടിയിരിക്കുന്നത്. "ധനവും മാനവും നിങ്കൽനിന്നു വരുന്നു" (1 ദിന. 29:12) എന്ന് ദാവീദ് പ്രാർത്ഥിച്ചത് നല്ല ഉദ്ദേശ്യത്തോടെയാണെങ്കിലും ഇന്ന് പലരും ചൂഷണ ഉപാധികളാൽ പണം ഉണ്ടാക്കി സ്വാർത്ഥമായി കൂട്ടിവയ്ക്കുന്നതിനും ആ വാക്യം ഉദ്ധ രിക്കുന്നു. അബ്രഹാം ധനവാനാണെന്നും, പറുദീസായിലാണെന്നും പറഞ്ഞ് അബ്രഹാമിന്റെ ത്യാഗമില്ലാതെ (ഉൽപത്തി 13:9; 14:22) ധനവാ ന്മാർ സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്നു വാദിക്കുന്നവരെ കണ്ടിട്ടുണ്ട്. പഴയനിയമ ചിന്താഗതിയെ തകിടംമറിക്കുന്ന പഠിപ്പിക്കൽ നമ്മുടെ കർ ത്താവ് തരിക മാത്രമല്ല, തന്റെ ജീവിതം തന്നെ സമ്പത്ത് ത്യജിച്ചുള്ള ദാരിദ്ര്യമായിരുന്നു (2 കൊരി. 8:9; ഫിലിപ്പി. 2:5-11). പഴയനിയമത്തിൽ പോലും "ആ മനുഷ്യൻ നീ തന്നെ" (2 ശമു. 12:17) എന്ന് ദാവീദിനോട് സധൈര്യം പറഞ്ഞ നാഥാനെയും, സമ്പന്നന്മാർക്കെതിരായി ഗർജിച്ച ആമോസിനെയും (2:6-13; 4:1-5, 21) യെശയ്യാവിനെയും (1:12-17; 58:3-7) കാണാമെങ്കിലും ദരിദ്രരുടെ സഭയുടെ ദൈവശാസ്ത്രവും മാതൃകയും വ്യക്തമായി കാട്ടിയിരിക്കുന്നത് പുതിയനിയമമാണ്. നമ്മുടെ കർത്താ വിന്റെ നസറേത്തു മാനിഫെസ്റ്റോ (ലൂക്കോ. 4:18-) പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണി (യെശ. 61:1-) യായിരുന്നെങ്കിലും താൻ ദരിദ്രനായി

ജനിച്ചു, ജീവിച്ചു, മരിച്ചതും, ദരിദ്രന്മാരെ ശിഷ്യരാക്കിയതും സമ്പന്ന ന്മാർക്കെതിരായി നിശിത വിമർശനങ്ങൾ നടത്തിയതും (ലൂക്കോ. 6:24–26; 12:13–21; 14:12; 18:23; മർക്കോ. 12:41) നിസ്സാരമായി തള്ളാവുന്ന കാര്യമല്ല. നമ്മുടെ കർത്താവ് ധനവാനായ ശീമോന്റെ മേടയിൽ അത്താഴവിരുന്നിനു പോയി എന്നു പറയുന്നവർ ആ ശീമോൻ കുഷ്ഠരോഗിയായിരുന്നു എന്നും, അവനെ കർത്താവ് ശാസിച്ചു എന്നും ഓർക്കണം (മത്താ. 26:6–13; മർക്കോ. 14:3–9; ലൂക്കോ. 7:36–50; യോഹ. 12:1–8). "ദരിദ്രർ എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ടല്ലോ" എന്ന കർതൃവാചകവും തെറ്റി ദ്ധരിക്കപ്പെടുന്നുണ്ട് (ആവർത്ത. 15:4, 11 നോക്കുക). "നിങ്ങൾ എന്റെ കൽപനയനുസരിച്ചാൽ ദരിദ്രർ ഉണ്ടായിരിക്കയില്ല." കൂടാതെ യൂദാസ്ക റിയോത്തായുടെ തടസ്സവാദം ദരിദ്രന്മാരെക്കുറിച്ച് വിചാരം ഉണ്ടായിട്ടല്ലാ യിരുന്നു എന്നും വിശുദ്ധ യോഹന്നാൻ വ്യക്തമാക്കിയിരിക്കുന്നു (12:6). നമ്മുടെ കർത്താവിന്റെ അങ്കി വില കൂടിയതായിരുന്നു എന്ന ന്യായേന കർത്താവ് സമ്പന്നനായിരുന്നു എന്നു വ്യാഖ്യാനിക്കുന്നവരുടെ പുതിയ നിയമ പരിജ്ഞാനം പരിമിതമായി തോന്നുന്നു. മേൽതൊട്ട് അടിവരെ തുന്നലില്ലാത്തതായിരുന്നു എന്നല്ലാതെ വിലയേറിയതായിരുന്നു എന്ന് രേഖയില്ല. വിലയേറിയ തൈലം പൂശിയത് ഭക്തിയുടെ പ്രദർശനമായി താൻ അംഗീകരിച്ചത് വേറൊരു പ്രമാണം കാണിക്കുന്നു. "എന്റെ ഭക്ഷണം ഭൗതികം. എന്റെ അയൽക്കാരന്റെ ഭക്ഷണം എനിക്ക് ആത്മികം." കർത്താവ് സ്വാർത്ഥതയ്ക്കായി ഒന്നും ചെലവാക്കിയതായി നാം വായിക്കുന്നില്ല. യൂദായുടെ പണസഞ്ചിയിലെ പണത്തിന്റെ ഉപയോ ഗമായി കാണുന്ന രണ്ടു കാര്യം "പെരുന്നാളിനു വേണ്ടത് മേടിപ്പാനോ, ദരിദ്രർക്കു വല്ലതും കൊടുപ്പാനോ" (യോഹ. 13:29) എന്നതായിരുന്നു. നമ്മുടെ കർത്താവിന്റെ പഠിപ്പിക്കലും ജീവിതവും ദരിദ്രന്മാർക്കുവേണ്ടി മാത്രമല്ല, ദരിദ്രന്മാരോടും ഏകീഭവിച്ചും ആയിരുന്നു. വി. മത്തായിയുടെ സുവിശേഷത്തിലെ ഗിരിപ്രഭാഷണത്തിലെ "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ" വി. ലൂക്കോസിൽ "ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ" (6:20) എന്നാണെന്നുള്ള സത്യം വിസ്മരിക്കരുത്. സുവിശേഷദാരിദ്ര്യം ഒരു ഭാഗ്യമാണ്, ഭാരമല്ല; സന്തോഷമാണ്, ദുഃഖമല്ല.

ഫിലിപ്പിയർ 2:5–11 വരെയും 2 കൊരിന്ത്യർ 8:4–ലും 6:10–ലും മറ്റും കാണുന്ന ദൈവശാസ്ത്രത്തിനാണ് കെനോട്ടിക് അഥവാ സ്വയം വെറു മയാക്കലിന്റെ ദൈവശാസ്ത്രം എന്നു പറയുന്നത്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് വി. പൗലോസിന്റെ ഉദാത്തമായ ഉൾക്കാഴ്ച അതിന്റെ ആഗോള പ്രസക്തിയും (കൊലോസ്യർ 1:15–20–ലെ കോസ്മിക് ക്രിസ്തുശാസ്ത്രം) ഫിലിപ്പ്യാ ലേഖനത്തിലെ സ്വയം വെറുമയാക്കൽ ക്രിസ്തുശാസ്ത്രവുമാണ്. ദരിദ്രരുടെ സഭയും ആഗോളമാകണമെങ്കിൽ

കെനോട്ടിക് ആകണം. സഖായി മാനസാന്തരപ്പെട്ടപ്പോൾ ദരിദ്രനായി എന്നു ന്യായമായി വിചാരിക്കാം. വസ്തുക്കളിൽ പകുതി ദരിദ്രർക്കു കൊടുക്കുകയും അന്യായമായിയെടുത്തത് നാലു മടങ്ങുമാക്കി കൊടുക്കുകയും ചെയ്യുന്ന ഏതു ചുങ്കക്കാരനും ദരിദ്രനായിത്തീരുകയാണ്. “നമ്മുടെ കർത്താവ് സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്തിൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ.” ക്രിസ്തീയ വെളിപ്പാടിന്റെ ഏറ്റം ഉന്നതമായ ഒരു വശം ദൈവസ്നേഹത്തിന്റെ ഈ സ്വഭാവമാണ്. പെലിക്കൻ പക്ഷിക്ക് സ്വന്ത ശരീരത്തിലെ മാംസം കൊത്തിയെടുത്തു വിശക്കുന്ന പക്ഷിക്കുഞ്ഞുങ്ങൾക്ക് കൊടുക്കാതിരിക്കാൻ സാധിക്കാത്ത ഒരു സ്നേഹമുണ്ടെങ്കിൽ, ദൈവത്തിന് സ്വന്തരൂപത്തിൽ സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങൾ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ സ്വർഗത്തിൽ സുഖിക്കാൻ പ്രയാസമാണെന്നാണ് മനുഷ്യാവതാരത്തിലെ സ്വയം വെറുമയാക്കൽ പഠിപ്പിക്കുന്നത്. ദരിദ്രരുടെ സഭയുടെ തല ദരിദ്രനായിത്തീർന്ന ദൈവത്തിന്റെ നിത്യപുത്രൻ തന്നെ. ആ തലച്ചോറിനാൽ അഥവാ മസ്തിഷ്കത്താൽ നിയന്ത്രിക്കപ്പെടുന്ന ശരീരവും അവന്റെ ഹിതം മാത്രം നിർവ്വഹിക്കും. ഈ ദർശനം സഭയിൽ പ്രവർത്തനപദ്ധതിയിൽ വരാതിരുന്നാൽ വചനമായി എല്ലായിടത്തും പ്രവർത്തിക്കുന്ന ദൈവപുത്രന്റെ മാതൃക മറ്റുവിധത്തിൽ ലോകത്തിൽ നടപ്പിലാക്കുന്ന പ്രക്രിയയാണ് പല സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ഇന്ന് കാണുന്നത്.

കെനോട്ടിക് ക്രിസ്തുശാസ്ത്രം ത്രിത്വസ്നേഹാധിഷ്ഠിതമാണ്. ദൈവത്തിലെ ത്രിയേകതയിൽ വലുപ്പചെറുപ്പമില്ലാത്ത ഏകത്വവും സമത്വവും ഉള്ളതുപോലെ ലോകത്തിലും വരുമ്പോൾ ധനവാന്മാർ സമത്വസൃഷ്ടിക്കു വേണ്ടി സ്വയം താഴാൻ തയ്യാറാകും. ദാരിദ്ര്യം ചരിത്രത്തിലെ ഒരു യാഥാർത്ഥ്യമാകയാൽ സഭ ചരിത്രത്തിലായിരിക്കുന്നിടത്തോളം കാലം സമ്പന്നമായിരിക്കാൻ സാദ്ധ്യമല്ല. സ്വയം കൊടുക്കാത്ത സ്നേഹം ദൈവികമല്ല, മൃഗീയമാണ്. സ്വയം വെറുമയാക്കൽ ചേതമില്ലാത്ത ഉപകാരം ചെയ്ക എന്നതല്ല. വേദനിക്കുന്നവരുടെ വേദനയോട് ഏകീഭവിക്കലാണ്. റ്റൈഫോയിഡായി ഏകജാതൻ ആശുപത്രിയിൽ ആയിരിക്കുമ്പോൾ റ്റൈഫോയിഡിനെ ഭയന്ന് വീട്ടിൽ ഇരിക്കാൻ ഒരു നല്ല മാതാവിന് സാദ്ധ്യമല്ലെങ്കിൽ, ദൈവികസ്നേഹമുള്ളവർക്ക് ദുഃഖിതരുടെയും പീഡിതരുടെയും ദരിദ്രരുടെയും ആവശ്യക്കാരുടെയും വേദനകൾ പങ്കിടാതിരിക്കാൻ സാദ്ധ്യമല്ല.

നാം ഇവിടെ അന്യരും പരദേശികളും ആണെന്നും, നമുക്ക് ഇവിടെ നിലനിൽക്കുന്ന നഗരമില്ലെന്നും, നമ്മുടെ നിക്ഷേപവും ഭവനവും സ്വർഗത്തിലാണെന്നും, ഈ പരദേശത്തു നിക്ഷേപം സ്വരൂപിക്കരുതെന്നും,

ഉറുമ്പും തുരുമ്പും കടക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യാത്ത സ്വർഗത്തിലാണ് നിക്ഷേപം സ്വരൂപിക്കേണ്ടതെന്നുമുള്ള ആഴ മായ വിശ്വാസമാണ് സഭയെ ദാരിദ്ര്യവ്രതത്തിലേക്ക് പ്രേരിപ്പിക്കുന്നത്.

"ഭാരങ്ങൾ കൂടുന്നതിന് ഒന്നും വേണ്ടാ യാത്രയിൽ
അൽപ അപ്പം വിശപ്പിന്നും, സ്വൽപ വെള്ളം ദാഹിക്കിൽ" എന്ന പാട്ട് ദരിദ്രസഭ ആത്മാർത്ഥമായി പാടും. ക്രിസ്തീയ പ്രത്യാശ നശിച്ച ലോക ക്കാർക്ക്, ഇത് ഗ്രഹിപ്പാൻ പ്രയാസം എന്നു മാത്രമല്ല, ദരിദ്രസഭയുടെ ആശയം തന്നെ കിറുക്കായിത്തോന്നും. "തിന്നുക, കുടിക്കുക, ആനന്ദി ക്കുക, എന്തെന്നാൽ നാളെ നാം ചാകും" എന്ന എപ്പിക്കൂറിയൻ ചിന്ത പിൽഗ്രിം സഭയുടേതല്ല. നമ്മുടെ കർത്താവ് 12 ശ്ലീഹന്മാരെ അയച്ചപ്പോഴും (മത്തായി 10) 70 അറിയിപ്പുകാരെ അയച്ചപ്പോഴും (ലൂക്കോസ് 10) കൽപി ച്ചത് ദരിദ്രരായി യാത്ര ചെയ്യാനാണ്. "മടിശ്ശീലയിൽ പൊന്നും, വെള്ളിയും, ചെമ്പും (അന്ന് കറൻസിയില്ല) എടുക്കരുത്. വഴിക്ക് പൊക്കണവും രണ്ട് ഉടുപ്പും ചെരിപ്പും വടിയും കരുതരുത്. വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനല്ലോ." ഇതിന്റെ അർത്ഥം മടിപിടിക്കരുത് എന്നാണ്. ഭിക്ഷാ ടനം തന്നെ രോഗികളെ സൗഖ്യമാക്കികൊണ്ടും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചുംകൊണ്ടത്രെ. യിസ്രയേൽ ജാതിയുടെ മരുഭൂമി പ്രയാണകാലത്ത് അന്നന്നേയ്ക്കുള്ള മന്നാ മാത്രം പെറുക്കിയെടുക്കുവാൻ (പുറപ്പാട് 16) അനുവദിച്ചതുപോലെ ദാരിദ്ര്യവ്രതം വിശ്വാസപ്രമാണമായ സഭയും അന്നന്നേയ്ക്കുള്ള അപ്പത്തിനുവേണ്ടി മാത്രം പ്രാർത്ഥിക്കുവാൻ മാത്രമേ കർത്തൃപ്രാർത്ഥന (മത്തായി 6, ലൂക്കോസ് 11) അനുവദിക്കു ന്നുള്ളു. ഈ ലോക കപ്പലിൽ യാത്ര ചെയ്യുന്ന 458 കോടി ജനങ്ങൾക്ക് അനുദിനം അത്യാവശ്യത്തിന് ഭക്ഷിക്കാനുള്ള ധാന്യം ഇന്ന് ലോകത്തി ലില്ല. അതിനാലാണ് സഹയാത്രക്കാരെ പട്ടിണിയിട്ടു ഭക്ഷിക്കുന്നത് പാപ മാകുന്നത്.

കാക്കകളെയും സകല പറവകളെയും പോറ്റുന്ന ദൈവം നമ്മെയും പോറ്റുമെന്ന വിശ്വാസം തീർത്ഥാടന സഭയ്ക്കുണ്ടാകണമെന്നാണ് കർ ത്താവ് പഠിപ്പിച്ചത് (മത്തായി 6:26-34). ക്രിസ്തീയസഭ സമ്പന്നമായതിനു ശേഷം സഭയുടെ വിശ്വാസവും, സ്നേഹവും, പ്രത്യാശയും കുറഞ്ഞു എന്നു തീർത്തു പറയാം. അതിനാലാണല്ലോ തോമസ് അക്വിനാസ് തന്റെ പാപ്പാ കാണിച്ച സ്വർണ്ണക്കാസാകളും പീലാസാകളും കുരിശുകളും കണ്ടപ്പോൾ "നസ്രായനായ യേശുവിന്റെ നാമത്തിൽ നടക്ക" എന്നു പറ യാനുള്ള ശക്തി നഷ്ടപ്പെടുത്തിയ ആ സ്വർണ്ണം കണ്ടു ദുഃഖിച്ചത്. ഇന്നും ഏറ്റം സമ്പന്ന ഇടവകകളേക്കാൾ ആത്മികചൈതന്യം കാണുന്നത് ദരിദ്ര ഇടവകകൾക്കാണ്. ഭിക്ഷക്കാർ പരസ്പരം സഹായിക്കുന്നതുപോലെ ധനവാന്മാർ സഹായിക്കുന്നില്ല. മനസ്സലിവും കൂടുതൽ കാണുന്നത് സമ്പ ന്നർക്കല്ല, ദരിദ്രർക്കാണ്.

ഫ്രാൻസിസ്കൻ മനോദാരിദ്ര്യവ്രതം ഇതാണ്: "ഞാൻ ഒന്നുമല്ല, എനിക്ക് ഒന്നും വേണ്ടാ, സ്വത്തോ സുഖമോ, കീർത്തിയോ, അംഗീകാരമോ, അനുമോദനമോ, സ്വീകരണമോ, സ്തുതിയോ, പ്രോത്സാഹനമോ ഒന്നും വേണ്ട. ഈശോയെ വേണം, ഈശോയുടെ അനുഭൂതി വേണം, ഈശോയ്ക്കുവേണ്ടി ജീവിക്കണം. ഈശോയുടെ കൽപനപ്രകാരം സ്വർഗരാജ്യം മനുഷ്യർ പ്രാപിപ്പാനുള്ള മാർഗങ്ങളെപ്പറ്റി പ്രസംഗിച്ചു ഈശോയെ സഹായിക്കണം. ഇതു മതി, വേറെ ഒന്നും വേണ്ടാ" (മതവും ചിന്തയും, മാർച്ച് 1983, പേജ് 147). ഈ ഉദാത്തമായ ലക്ഷ്യത്തിൽ നിന്ന് അസീസിയിലെ വി. ഫ്രാൻസിസിന്റെ പിൻഗാമികൾ പിന്മാറിയിരുന്നില്ലായെങ്കിൽ ഫ്രാൻസിസ്കൻ സഭയ്ക്ക് സ്വത്തുണ്ടാക്കുമായിരുന്നുവോ എന്ന് ചോദിക്കുന്നവരുണ്ട്. ഇത് എല്ലാ സന്യാസ പ്രസ്ഥാനത്തെക്കുറിച്ചും ചോദിക്കാവുന്നതാണ്. അതിനാലത്രെ സാമൂഹ്യനീതിയിലേക്ക് ദരിദ്രസഭ വഴികാട്ടണമെന്ന് വാദിക്കുന്നത്. ദരിദ്രർ ജീവിക്കുന്ന ലോകത്ത് സന്യാസ സഭകളോ, സഭ പൊതുവായോ സ്വത്താർജിക്കാൻ പാടില്ല. വസ്തു വാങ്ങി വലിയ കെട്ടിടങ്ങൾ വയ്ക്കാൻ ചിലരെ അനുവദിക്കുന്ന മുതലാളിത്ത വ്യവസ്ഥിതി സാമൂഹ്യനീതിക്ക് തടസ്സമാണ്. അതിനാൽ സ്വത്തിന്റെ ഉടമസ്ഥാവകാശം വ്യക്തിക്കല്ല, സമൂഹത്തിനാണ് എന്ന നിയമം വരുവാൻ ദരിദ്രസഭ മാതൃകയാലും പ്രസംഗത്താലും കാണിക്കണം. അഞ്ചു വിരലും ഒരുപോലെ മുറിക്കണമെന്ന് സാമൂഹ്യനീതി ആവശ്യപ്പെടുന്നില്ല. എന്നാൽ അവയിലൂടെയുള്ള രക്തയോട്ടം അന്യായമായ ഏറ്റക്കുറച്ചിലാക്കി വിരലുകളുടെ പരസ്പര സാമ്യവും വ്യത്യാസവും നശിപ്പിക്കരുത് എന്നേ വാദിക്കുന്നുള്ളു. ഇന്നത്തെ സമൂഹത്തിൽ ചില വിരലിന് ജീവസന്ധാരണത്തിനുള്ള രക്തം കിട്ടാതിരിക്കുമ്പോൾ മറ്റു ചില വിരലുകൾ അധികം വണ്ണവും നീളവും വച്ചിട്ടു കൈയുടെ ഏകത്വം നഷ്ടപ്പെടുത്തിയിരിക്കുന്നു. അതിനാലാണ് സന്യാസ സമൂഹങ്ങളിലെപ്പോലെ രാഷ്ട്രത്തിലും വ്യക്തിക്ക് ഉടമസ്ഥാവകാശം കൊടുക്കരുത് എന്നു വാദിക്കുന്നത്.

ആധുനിക ലോകത്തിൽ സ്വാതന്ത്ര്യമില്ലാത്ത സാമൂഹ്യനീതിയും സാമൂഹ്യനീതിയില്ലാത്ത സ്വാതന്ത്ര്യവുമല്ലാതെ രണ്ടുംകൂടി ഒരിടത്തും കാണുന്നില്ല എന്നു പറയാം. ദരിദ്രസഭ സ്വയം ദരിദ്രമാകുന്നതിനാൽ സ്വാതന്ത്ര്യവും സാമൂഹ്യനീതിയുമുള്ളതാകയാൽ, കമ്മ്യൂണിസത്തിന്റെ സ്വാതന്ത്ര്യരാഹിത്യവും, ക്യാപ്പിറ്റലിസത്തിന്റെ സമത്വരാഹിത്യവും ഇല്ലാതെ സ്വയം തീരുമാനിച്ചു സമത്വം പാലിക്കുന്നു. അതിനാൽ സാമൂഹ്യനീതിയിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുവാൻ ദരിദ്രസഭയ്ക്കുള്ളത്രയും സാദ്ധ്യത മറ്റൊരിടത്തും ഇല്ല. രക്തരൂക്ഷിത വിപ്ലവത്താലുണ്ടാകുന്ന സാമൂഹ്യനീതി ഒരു ബൂർഷ്വാ ന്യൂനപക്ഷത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതല്ലാതെ വർഗരഹിത സമൂഹം ഉണ്ടാകുന്നില്ല. ജനാധി

പത്യരീതിയിൽ ഭരണഘടന മാറ്റിക്കുവാൻ ദരിദ്രസഭയ്ക്കാണ് സാധിക്കുന്നത്. ആ ഭരണഘടനാ മാറ്റം ജനങ്ങൾ സസന്തോഷം സ്വീകരിക്കുവാനും ദരിദ്രസഭ പ്രേരണയും പ്രചോദനവും നൽകും. സ്വകാര്യസ്വത്തിനുവേണ്ടി വാദിക്കുന്ന സഭ സ്വാർത്ഥതയുടെ പ്രതീകമാകയാൽ ക്രിസ്തുവിന്റെ സഭയല്ല, മുതലാളിത്ത വ്യവസ്ഥിതിയുടെ സൃഷ്ടിയാണ്.

നമ്മുടെ കർത്താവ് വന്നത് നമുക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായ ജീവനുണ്ടാകുവാനും ആകയാൽ ദരിദ്രസഭയാവശ്യമില്ല എന്നു വാദിക്കുന്നവരുണ്ട്. അവർ ചിന്തിക്കേണ്ടത് നമ്മുടെ കർത്താവിനു സമൃദ്ധിയായ ജീവൻ ഉണ്ടായിരുന്നല്ലോ എന്നതാണ്. "ഈ വെള്ളം കുടിക്കുന്നവന് പിന്നെയും ദാഹിക്കും" എന്ന കർത്തൃവചനത്തിന്റെ അർത്ഥം സമ്പത്തു തരുന്ന ജീവനല്ല സംതൃപ്തി തരുന്നത് എന്നാണ്. "നിങ്ങൾ അറിയാത്ത ആഹാരം എനിക്കുണ്ട്" എന്നു വിശന്നിരുന്ന കർത്താവ് പറഞ്ഞത് തന്റെ ദാരിദ്ര്യത്തിലെ സമൃദ്ധിയായ ജീവന്റെ ലക്ഷണമാണ്. ഒരു വ്യക്തിയെ വിശന്നിരുന്നപ്പോൾ രക്ഷിച്ചതിനാൽ വിശപ്പു താൻ മറന്നുപോയി. ഫാദർ ഡാമിയനു കുഷ്ഠം വന്നപ്പോഴും, പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ദരിദ്രജീവിതം നയിച്ചപ്പോഴും ആദിമസഭ എല്ലാം പൊതുവക എന്നെണ്ണിയപ്പോഴും, പ്രദർശിപ്പിച്ചത് സമൃദ്ധിയായ ജീവൻ തന്നെയായിരുന്നു. മൂഢനായ ധനവാന് വളരെ ധാന്യമുണ്ടായിരുന്നിട്ടും സമൃദ്ധിയായ ജീവൻ ഇല്ലായിരുന്നു (ലൂക്കോസ് 12:16). "ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകും." ഒരുവന്നു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല, അവന്റെ ജീവന് ആധാരമായിരിക്കുന്നത്.

ദരിദ്രസഭയുടെ സമൃദ്ധമായ ജീവന്റെ ലക്ഷണം അതിലെ അംഗങ്ങളുടെ ധൈര്യവും, മരണത്തെ വെല്ലുവിളിക്കാനുള്ള ചങ്കൂറ്റവുമാണ്.

"ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്
ജീവനും മരണവും ഒരുപോലെ, കാൽവറി തന്നൊരു വൻ ധൈര്യം"
എന്ന് അവർ പാടും. ഭഗവത്ഗീതയും, ഇമ്മാനുവേൽ കാന്റും പഠിപ്പിച്ച നിഷ്കാമ കർമ്മം അവരുടെ സന്തോഷത്തിന്റെ സ്രോതസ്സാണ്. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു സന്തോഷം" എന്നവർ അനുഭവത്തിൽ അറിയുന്നു. സമ്പത്തുള്ളവർക്കു സമൃദ്ധിയായ ജീവൻ ഉണ്ടായിരുന്നുവെങ്കിൽ അവർ നക്സലുകളെയോ, മോഷ്ടാക്കളെയോ ഭയപ്പെടുകയില്ലായിരുന്നു. "സ്നേഹം ഭയത്തെ പുറത്താക്കുന്നു."

നമ്മുടെ കർത്താവ് പഠിപ്പിച്ചത് സേവനജീവിതത്തിന്റെ രാജത്വവും, താഴ്മയുടെ വലിപ്പവും, സ്നേഹത്തിന്റെ ആനന്ദവും, മരണത്തിന്റെ ഉയിർപ്പും ആകയാൽ ദരിദ്രസഭ സമൃദ്ധിയായ ജീവന്റെ ഉടമയാണ്. സമ്പന്ന

സഭ ആത്മിക ദാരിദ്ര്യത്തിന്റെ ഉടമയായി ഇന്ന് പാശ്ചാത്യരാജ്യങ്ങളിൽ കൂടുതലായി കാണപ്പെടുന്നു. നശ്വരമായ സ്വത്തിന്റെയും പ്രതാപത്തിന്റെയും പിറകെ പരക്കംപാഞ്ഞതിനാൽ സമൃദ്ധമായ ആത്മികജീവിതം നഷ്ടപ്പെടുത്തിയവരെ ഇന്ന് എവിടെയും കാണാം. എന്നാൽ പൗലോസ് ശ്ലീഹാ വരച്ചിരിക്കുന്ന ദരിദ്രസഭയുടെ ചിത്രം നോക്കുക. "ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രെ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത്. ഞങ്ങൾ സകലവിധത്തിലും കഷ്ടം അനുഭവിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ... അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ള മനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു...." (2 കൊരി. 4:7–5:9).

അതിനാൽ യഥാർത്ഥത്തിലുള്ള സമൃദ്ധിയായ ജീവൻ ആത്മികവും ദൈവദത്തവും, അനന്തവും, ഈ ലോകസമ്പത്തിനെ ആശ്രയിക്കാത്തതും, "ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി" എന്നു വയ്ക്കുന്നതും, രണ്ടു ചില്ലിക്കാശു മാത്രമെ ഉള്ളുവെങ്കിലും അത് സസന്തോഷം നൽകുന്നതും, നാളെയെക്കുറിച്ച് ആകുലമില്ലാത്തതും, ഏവരുടെയും രക്ഷയ്ക്കായി സ്വയം ബലിയർപ്പിക്കുന്നതും, പടകും വലയുംവിട്ട് നസ്രായനെ പിൻപറ്റുമ്പോൾ ലഭിക്കുന്നതും, ലോകത്തിനു തരുവാനോ എടുക്കുവാനോ കഴിയാത്തതും ആകുന്നു. "തൃപ്തനായിരിക്കാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും, ബുദ്ധിമുട്ട് അനുഭവിപ്പാനും" (ഫിലി. 4:11–18) ശക്തി തരുന്ന ക്രിസ്തുവിന്റെ ജീവനാണു ദരിദ്രസഭയുടെ സമൃദ്ധിയായ ജീവന്റെ ഉറവ. ദാരിദ്ര്യം അഥവാ സുഖത്തിന്റെയും ദുഃഖത്തിന്റെയും പങ്കിടീൽ എവിടെ വിദഗ്ദ്ധമായി പ്രായോഗികമാക്കുന്നുവോ അവിടെയാണു സമൃദ്ധിയായ ജീവൻ എന്നു സഭാചരിത്രവും ലോകചരിത്രവും പഠിപ്പിക്കുന്നു.

ദരിദ്രസഭയുടെ ഒരു ആധുനിക പതിപ്പു കാണണമെങ്കിൽ ബ്രസീൽ, അർജന്റീനാ, പെറു മുതലായ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ബേസിക് കമ്മ്യൂണിറ്റികൾ സന്ദർശിക്കണം. 1982 ജനുവരിയിൽ ലിമായിലെ ഇത്തരം ചില കമ്മ്യൂണിറ്റികൾ സന്ദർശിപ്പാൻ എനിക്ക് ഒരവസരം കിട്ടി. ദരിദ്രരോട് ഏകീഭവിച്ച് ജീവിക്കുവാൻ അരമനയും പാർസണേജും പരിത്യജിച്ച് ബറിലാഡാ എന്നു പറയുന്ന ഏതാണ്ട് ചേരിപ്രദേശതുല്യമായ കമ്യൂണിറ്റികളിലേക്ക് താമസം മാറ്റിയ ബിഷപ്പുമാരും വൈദികരും ലാറ്റിൻ അമേരിക്കയിലുണ്ട്. അവിടെ പൊതു അടുക്കളയിലെ സൗജന്യനിരക്കിലുള്ള ഭക്ഷണവും ഏവരും ഒരുമിച്ച് അനുഭവിക്കുന്നു. അവരുടെ പാട്ടും, പ്രാർത്ഥനയും, വി. കുർബാനാനുഭവംപോലും ദാരിദ്ര്യത്തെ ആന

ന്ദകരമാക്കുവാൻ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. സഭ ദരിദ്രർക്കുവേണ്ടി എന്ന തിൽ ഉപരിയായി സഭ ദരിദ്രരുടേത് എന്ന ചിന്തയാണ് വിമോചന ദൈവ ശാസ്ത്രം അവരെ പഠിപ്പിച്ചിരിക്കുന്നത്. മിസ്രയീമിലെ ഫറവോനെതി രായി പ്രവർത്തിച്ച ദൈവം ഇന്നും പീഡിപ്പിക്കുന്ന ശക്തികൾക്കെതിരായി പീഡിതരുടെ കൂടെ പ്രവർത്തിക്കുന്നുവെന്നും ദരിദ്രസഭയാണു വിമോ ചനം അനുഭവിക്കുന്നതെന്നും രാഷ്ട്രീയ വിമോചനത്തിനും അവർ പ്രവർ ത്തിക്കണമെന്നും ബേസിക് കമ്യൂണിറ്റികൾ വിശ്വസിക്കുന്നു. ബോധവൽ ക്കരണ പ്രക്രിയ നടത്തി ദരിദ്രരെ അവരുടെ അവകാശങ്ങളും, മഹ ത്വവും, കഴിവും മനസിലാക്കുവാൻ ഈ ബേസിക് കമ്യൂണിറ്റികൾ യത്നി ക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയോടു കൂട്ടുചേർന്ന സഭ അതിന്റെ കെടുതികൾ മനസിലാക്കി സോഷ്യലിസ്റ്റ് ചിന്താഗതിയിലേക്കു വരുവാൻ ലാറ്റിൻ അമേരിക്ക നടത്തുന്ന ശ്രമം അത്രത്തോളം ഉഗ്രമായി ഭാരത ത്തിൽ നടക്കുന്നില്ല. മാമോൻസേവ വിട്ട് ദൈവത്തെയും സഹോദരരെയും സേവിക്കുവാൻ ബേസിക് കമ്യൂണിറ്റികൾ ശ്രമിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. സഭയുടെ പിരമിഡിക്കൽ ഘടന തന്നെ അവർ മാറ്റിയിട്ടു സാഹോദര്യ ഘടന ഉണ്ടാക്കുന്നു. സഭ "ജന്മി-പൗരോഹിത്യ-മുതലാളി കൂട്ടുകെട്ട്" എന്ന അപവാദം നിർത്തുവാൻ അവർക്കു സാധിക്കുന്നു. "Preferential option for the poor, Solidarity with the poor" മുതലായ മുദ്രാ വാക്യമാണവർക്കുള്ളത്.

എക്യുമെനിസത്തിന്റെ പ്രാദേശികവിജയം (grassroot ecumenism) ഈ കമ്യൂണിറ്റികളിൽ കാണാം. ഉത്തര അമേരിക്കയുടെ (U.S.A.) ചൂഷണം എതിർക്കുവാൻ റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും യോജിച്ചി രിക്കുന്നത് ഈ ബേസിക് കമ്യൂണിറ്റികളിലാണ്. ഒരുകാലത്ത് പ്രൊട്ട സ്റ്റന്റുകാരെ പീഡിപ്പിച്ചിരുന്ന കത്തോലിക്കർ അവരോടു കൈകോർത്തു പിടിച്ചു വിമോചനയുദ്ധം നടത്തുകയാണ്.

കേരളത്തിലെ മിക്ക സഭകൾക്കും ദരിദ്രസഭയുടെ ദൈവശാസ്ത്രം രുചിക്കുകയില്ല എന്ന അവസ്ഥയാണ് ഇന്ന്. യേശുക്രിസ്തുവിന്റെ ജീവി തമോ ഉപദേശമോ ഇന്നു പ്രായോഗികമല്ല എന്ന് ഡൊസ്റ്റേവസ്കിയുടെ Brothers Karamasovഎന്ന നോവലിലെ Grand Inquisitor യേശുക്രിസ്തു വിനോടു പറയുന്നതുപോലെയാണ് കേരളസഭാ നേതാക്കന്മാർ പഠിപ്പി ക്കുന്നത് എന്നു തോന്നാവുന്ന സന്ദർഭങ്ങളുണ്ട്. സഭ സമ്പന്നമായിരി ക്കണം, സ്ഥാപനങ്ങൾ വലുതായിരിക്കണം, ബിഷപ്പന്മാർ സുഖമായി ജീവിക്കണം, ഇടവകകൾക്ക് ആസ്തി വർദ്ധിപ്പിക്കണം, ജനങ്ങളുടെ മാസ വരി കൂടാതെ പട്ടക്കാർക്കു ശമ്പളം കൊടുക്കാൻ വരുമാനമാർഗ്ഗങ്ങൾ ഓരോ ഇടവകയ്ക്കും ഉണ്ടാക്കണം. സ്വർണ്ണക്കുരിശുകളും വെള്ളിക്കു രിശുകളും അഭിമാനത്തിന്റെ അടയാളങ്ങളാണ്. ഉദ്യോഗങ്ങൾ കാശു

തരാൻ കഴിവുള്ളവർക്കു കൊടുക്കണം, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നടത്തി പണമുണ്ടാക്കണം, നേർച്ചകാഴ്ചകൾ വരുന്നത് കല്ലും സിമന്റു മാക്കി മാറ്റണം, ഭൗതികസ്വത്ത് സഭയുടെ വളർച്ചയാണ് കാണിക്കുന്നത് എന്നിങ്ങനെ ചിന്തിക്കുന്ന കേരളസഭകൾക്ക് ഒരു shock treatment വഴിയ ല്ലാതെ ദരിദ്രസഭയുടെ ആശയം രുചിക്കുമെന്നു തോന്നുന്നില്ല. ചൈന യിലെ സഭ മാവോയ്ക്കു മുമ്പ് എവിടെയായിരുന്നുവോ അവിടെയാണ് ഇന്ന് നമ്മുടെ മിക്ക സഭകളും ഇടവകകളും നേതൃത്വവും.

ഇതിനു പരിഹാരം സഭാനേതൃത്വത്തിൽനിന്നു വരുവാൻ പ്രയാസമാ കയാൽ ഇളയതലമുറയെ പഠിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യണം. യേശുക്രിസ്തുവിന്റെ മാതൃകയും മാർഗവും പഠിപ്പിക്കലും എക്കാലത്തും പ്രസക്തമാക്കുന്ന പരിശുദ്ധാത്മാവിന്റെ ഒരു നൂതന ചൈതന്യത്തിനായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഗൾഫ് പണത്തിൽ കുറെ പള്ളിക്കും ദരിദ്രർക്കും കൊടുത്താൽ വലിയ വീടു വയ്ക്കുന്ന തിന്റെ പാപം തീരുമോ? ദരിദ്രലോകത്തിൽ സമ്പന്നരായി ജീവിക്കുന്ന തിൽ പാപം ഇല്ല എന്ന് പറയാമോ? ദരിദ്രരോട് ഏകീഭവിക്കുന്ന സമ്പ ന്നർ 13-ാം നൂറ്റാണ്ടിലെപ്പോലെ ആയിരക്കണക്കിന് 21-ാം നൂറ്റാണ്ടിനു മുമ്പുതന്നെ കേരളത്തിൽ ഉണ്ടാകാൻ സാദ്ധ്യതയില്ലേ? ഏതായാലും വസ്തുവും വീടും ബാങ്കു ബാലൻസും ദേശീകരിച്ച് ഏവർക്കും ജോലിയും ഉപജീവനമാർഗവും കൊടുക്കുവാൻ ഇടതുപക്ഷ ഗവണ്മെന്റു വരുമെന്ന ഭയം ഉണ്ടാക്കി ദരിദ്രസഭയെ സൃഷ്ടിക്കാൻ സാദ്ധ്യമല്ല. “അന്നു കണ്ടുകൊള്ളാം. അതുവരെ കൊടുക്കുകയില്ല” എന്നു പറയു ന്നവരായിരിക്കും ബഹുഭൂരിപക്ഷവും.

അതിനാൽ ചില മാതൃകാ ദരിദ്ര കമ്യൂണിറ്റികൾ ഭാരതത്തിൽ ഉണ്ടാ ക്കുവാൻ ദാരിദ്ര്യത്തിന്റെ ദൈവശാസ്ത്രം കുഞ്ഞുങ്ങളെയും ചെറുപ്രായ ക്കാരെയും പഠിപ്പിക്കണം. സമ്പന്നരേക്കാൾ ആനന്ദമനുഭവിക്കുന്ന ദരി ദ്രകൂട്ടായ്മകളെ കാണുമ്പോൾ മാത്രമേ മറ്റുള്ളവർ ഇതിലേക്ക് ആകർഷി ക്കപ്പെടൂ. പരിശുദ്ധാത്മ പ്രേരണയിൽ തുടങ്ങിയാൽ മാത്രമേ ഈ മാതൃ കാസംഘങ്ങൾ യഥാർത്ഥ കൂട്ടായ്മയായി (കൊയ്നോണിയോ) പങ്കിടു ന്നതിലെ സന്തോഷം അനുഭവിക്കൂ.

ഹൈന്ദവമതം സമ്പന്ന സ്വാമിമാരെ പുച്ഛത്തോടെയാണ് നോക്കുന്നത്. മഹേഷ് യോഗിമാർ ഭാരതത്തിൽ വിജയിക്കാതെ മുതലാളിത്ത രാജ്യ ങ്ങളിൽ വിഹരിക്കുകയാണ്. രജനീഷ് യോഗിമാരും ഭാരതത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുകയാണ്. അച്ചടക്കവും ദാരിദ്ര്യവും അവർക്ക് മന സ്സിലാകുന്ന ഭാഷയല്ല. വിദേശ മിഷണറിമാർ കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ ഭാരതത്തിൽ വിജയിച്ചോ ഇല്ലയോ എന്നു വിധി എഴുതുന്നില്ല. എന്നാൽ സി. എഫ്. ആൻഡ്രൂസും, ഡോക്ടർ ഫോറസ്റ്റർ പേറ്റന്നും, ബിഷപ്പ്

പെക്കൻഹാം വാൽഷും മറ്റുമാണ് ഇന്ത്യയുടെ ഹൃദയം കവർന്നെടുത്തത്. അതിനു കാരണം അവരുടെയെല്ലാം സ്വഭാവമായിരുന്നു എന്നു തീർത്തു പറയാം. കൗപീനം മാത്രം ധരിച്ചുകൊണ്ട് കാശിയിലും കാശ്മീരിലും വിരാജിക്കുന്ന ഹൈന്ദവ സന്യാസിമാരെ പാശ്ചാത്യർക്കു മനസിലാകുകയില്ലെങ്കിലും ഭാരതത്തിനു ബഹുമാനിക്കാം.

ഇന്ത്യയിൽ ആശ്രമപ്രസ്ഥാനം വേണ്ടത്ര വിജയിക്കുന്നില്ല എന്ന തടസവാദം ഉന്നയിക്കുന്നവരുണ്ട്. എന്നാൽ ആശ്രമങ്ങൾ ദരിദ്രസഭയുടെ മുഖച്ഛായ വരച്ചുകാണിക്കുന്നിടത്തെല്ലാം വിജയിക്കുക തന്നെ ചെയ്യുന്നുണ്ട്. ക്രിസ്തീയ സ്വയപരിത്യാഗം കൂടുന്നിടത്തോളം മിഷനും വർദ്ധിക്കുമെന്നതിനു രണ്ടുപക്ഷമില്ല. 1940-ൽ മാങ്ങാനം ക്രൈസ്തവാശ്രമം ഒരു ഭരണഘടനയുണ്ടാക്കിയപ്പോൾ അതിന്റെ ആമുഖത്തിൽ ഇങ്ങനെ ചേർത്തു: "സെന്റ് തോമസ് സൊസൈറ്റി ഒരു ഗണ്യമായ തോതിൽ പ്രചോദനം സ്വീകരിച്ചിട്ടുള്ളത് ഫ്രാൻസിസ്കൻ സമൂഹങ്ങളിൽ നിന്നാണ്. അത്യാഗ്രഹത്തിലും മത്സരങ്ങളിലും വേരുറച്ച ലോകം മറിഞ്ഞു വീഴുകയാണ്. മനുഷ്യർ ഏർപ്പെടുത്തിയ എല്ലാ സുരക്ഷിതത്വങ്ങളും കാറ്റിൽ പറത്തപ്പെടുന്നു. നീ ലോകത്തിൽ നിധികൾ സംഭരിക്കരുത്. അപ്പോസ്തോലിക കാലങ്ങളിൽ വിശ്വാസികളെല്ലാം ഒരു ഹൃദയവും ഒരു ആത്മാവും ഉള്ളവരായിരുന്നു. ഒരുത്തനും ഒന്നും തന്റേതെന്ന് ഉടമസ്ഥത അവകാശപ്പെട്ടില്ല. എല്ലാം എല്ലാവർക്കും പൊതുസ്വത്തായിരുന്നു. ഈ നിലപാട് ഇന്ന് ബോൾഷവിക്ക് കമ്യൂണിസത്തിനും മറ്റു സമൂലാധികാരപ്രസക്തമായ എല്ലാ വ്യവസ്ഥിതികൾക്കുമുള്ള സഭയുടെ മറുപടിയാണ്. ആദിമകാല സഭയുടെ സാമ്പത്തിക ക്രമങ്ങളിൽ വീഴ്ചകൾ ഉണ്ടായിരുന്നുവെങ്കിൽ ഈ തലമുറയിലെ സഭാസന്താനങ്ങളുടെ ചുമതലയാണ് അവയെ തിരുത്തുന്നതും, യഥാർത്ഥമായ സുവിശേഷചൈതന്യത്തിലേക്ക് "സഭാമക്കളെ ഉയർത്തിക്കൊണ്ടു വരുന്നതും."

"ദരിദ്രസഭ" ഇന്ന് ഭാരതത്തിലുണ്ട് എന്നു പറയുന്നവർ സ്വയം ദാരിദ്ര്യത്തിലേക്ക് താണവരെ ചൂണ്ടിക്കാണിച്ചുകൊണ്ടല്ല, പിന്നെയോ ഉത്തരേന്ത്യയിലും മറ്റും സഭയിൽ ചേർന്ന ഹരിജനങ്ങളുടെ ദാരിദ്ര്യം കണ്ടുകൊണ്ടാണ്. ഇവിടെ വിവക്ഷിക്കുന്നത് സഭയിലുള്ള ജന്മനാ ദരിദ്രരായവരെയല്ല, പിന്നെയോ, സമ്പന്നരായി ജനിച്ചവർ സ്വയം ദാരിദ്ര്യം തേടിക്കണ്ടെത്തുന്നതും, അതിൽ ആനന്ദിക്കുന്നതുമായ ഒരു ആത്മിക അനുഭൂതിയെക്കുറിച്ചാണ്. നമ്മെ സമ്പന്നരാക്കുവാൻ മിശിഹാ ദരിദ്രനായതുപോലെ ഭാരതത്തിൽ പട്ടിണിവരയുടെ കീഴിൽ കഴിയുന്ന 48% സഹോദരങ്ങളെ സമ്പന്നരാക്കുവാൻ നാം അവരോട് ഏകീഭവിച്ച് ഒരു പുതിയ ജീവിതശൈലി കെട്ടിപ്പടുക്കണം. 21-ാം നൂറ്റാണ്ടിനു മുമ്പുതന്നെ ഈ ദരിദ്രസഭ ഉണ്ടാകേണ്ടതാണ്.

ദരിദ്രസഭയുടെ ലാക്ക് “ഞാനോ കുറയണം, അവനോ വളരേണം” എന്ന യോഹന്നാൻ സ്നാപകന്റെ ജീവിതോദ്ദേശ്യമാണ്. അതിനാൽ വർഗീയതയ്ക്കും, സ്വജനപക്ഷപാതത്തിനും ദരിദ്രസഭ എതിരായിരിക്കണം. ജാതി, മത, വർണ്ണ, വർഗ, ലിംഗ വ്യത്യാസം നോക്കാതെ ഏവരേയും ഉയർത്തുവാൻ സ്വയം താണ് ദരിദ്രരോട് ചേർന്നു ഭക്ഷിക്കുകയും, ജീവിക്കുകയും, പഠിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന സഭയാണ് ദരിദ്രസഭ. നിരീശ്വരരായി അറിയപ്പെടുന്ന കമ്യൂണിസ്റ്റുകാരും നിർമ്മനുഷ്യരായി വിരാജിക്കുന്ന മുതലാളിവർഗവും നമ്മുടെ സഹോദരന്മാരാണെങ്കിലും ദൈവം മാത്രമാണ് നമ്മുടെ സർവാധികാരി. രാഷ്ട്രീയ പാർട്ടിക്കാർ സ്വന്ത പാർട്ടിയെ വളർത്തുവാൻ പണിപ്പെടുംപോലെ സഭയിൽ ആളുകളെ ചേർക്കുവാൻ കരയും കടലും ചുറ്റിനടക്കുകയല്ല ദരിദ്രസഭ ചെയ്യുന്നത്. വി. ത്രിത്വത്തിൽ നിത്യമായി വിളങ്ങുന്ന സമത്വസുന്ദരവും സ്വയം വെറുമയാക്കുന്നതുമായ സ്നേഹത്തിന്റെ ഒഴുക്കിൽപ്പെട്ട് സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയ്ക്കായി ആരാധനയും, പഠനവും, നീതിയും നടത്തുന്നതിനാണ് ദരിദ്രസഭ.

ഇതെല്ലാം അപ്രായോഗികമാണെന്ന് ഉള്ളിൽ ചിന്തിക്കുന്നവർ ഉയിർപ്പിന്റെ ശക്തിയിലും പരിശുദ്ധാത്മ വ്യാപാരത്തിലും വിശ്വസിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വർഗത്തിലെ ദൈവമാണ് ഇതിന്റെ സൂത്രധാരൻ. ദരിദ്രരും ധനവാന്മാരും എന്നു രണ്ടു കൂട്ടർ എന്നും വേണമെന്നു പിതാവായ ദൈവം ആഗ്രഹിക്കുന്നില്ല. തൊഴിലാളിക്ക് കൂലിയും മുതലാളിക്കു ലാഭവും എന്നു രണ്ടു ചേരി ദൈവത്തിന്റെ ഹിതമല്ല. “നിന്റെ രാജ്യം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണം” എന്ന് പ്രാർത്ഥിക്കുന്നവർ അതിനായി കൊടുക്കുന്ന വിലയാണ് സ്വയം ദരിദ്രസഭയുടെ അംഗത്വം എടുക്കുന്നത്.